# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 2, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1232/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി,പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 72

**II അനുമോദനം**

കുമാരി പി. വി. സിന്ധുവിന് അനുമോദനം

— മി. സ്പീക്കർ .. 382

**III അടിയന്തരപ്രമേയം**

റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ

— ശ്രീ. ഷാഫി പറമ്പിൽ
(അവതരണാനുമതി നിഷേധിച്ചു) .. 382

**IV ശ്രദ്ധ ക്ഷണിക്കൽ**

ലേബർ കോഡുകളുടെ ഭേദഗതി

— ശ്രീ. പി. നന്ദകുമാർ

(ഡോ. എം. കെ. മുനീർ സീറ്റിലില്ലാതിരുന്നതിനാൽ
രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.) .. 398

**V സബ്മിഷൻ**

1. ആശ്വാസ കിരണം പദ്ധതിയിൽ അംഗമായുള്ളവർക്കുള്ള ധനസഹായം

— പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) .. 402

2. വഴിയോര മത്സ്യക്കച്ചവടം

— ശ്രീ. സി. ആർ. മഹേഷ് .. 405

3. ബൈപ്പാസ് റോഡ്

— ശ്രീ. കെ. പ്രേംകുമാർ .. 406

4. എക്സൈസ് സർക്കിൾ ഓഫീസ്

— ശ്രീ. മുഹമ്മദ് മുഹസിൻ .. 408

പേജ്

5. റവന്യൂ കോംപ്ലസ് നിർമ്മാണം
 – ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) .. 411
6. പുനരധിവാസ-പുനഃസ്ഥാപന ധനസഹായം
 – ശ്രീമതി കാനത്തിൽ ജമീല .. 412
7. അഴീക്കൽ പോർട്ട്
 – ശ്രീ. കെ. വി. സുമേഷ് .. 414
8. പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ
 – ശ്രീമതി ദെലീമ .. 416
9. ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കൽ
 – ശ്രീ. പി. ജെ. ജോസഫ് .. 419
10. തസ്തിക സൃഷ്ടിക്കൽ
 – ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 420

**VI ക്രമപ്രശ്നം**

1. കിഫ്ബി ധനവിനിയോഗം സംബന്ധിച്ച്
 – ശ്രീ. എ. പി. അനിൽ കുമാർ .. 422
2. ഓർഡിനൻസ് തുടർച്ചയായി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്
 – ശ്രീ. അനൂപ് ജേക്കബ് .. 424
3. ഔദ്യോഗിക സ്ഥാനപ്പേരിൽ വന്ന വ്യത്യാസം
 – ശ്രീ. മഞ്ഞളാംകുഴി അലി .. 427

**റൂളിംഗ്** .. 428

**VII ധനകാര്യം**

1. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് .. 431
2. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 431
 ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് .. 433
 ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ .. 436
 ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം .. 440

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 2, തിങ്കൾ*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2021 ആഗസ്റ്റ് മാസം 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ (*211)

### നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

1 (*211) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര ഇടപാടുകൾ നടക്കുന്ന നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും വ്യാപാര മേഖലയിലെ അവയുടെ സാധ്യത വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മലബാറിലെ വ്യാവസായിക മേഖലയ്ക്ക് കുതിപ്പേകാൻ സാധ്യതയുള്ള അഴീക്കൽ തുറമുഖത്തെ ആധുനിക തുറമുഖമായി വികസിപ്പിക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിന് പി.പി.പി. മോഡലിൽ നടന്നുവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നോൺ മേജർ തുറമുഖങ്ങളായ ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നിവിടങ്ങളിൽ ചാനൽ ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ടഗ്ഗുകൾ, വേയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചിയിൽനിന്നും അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്ക് ചരക്കുകപ്പലുകൾ കണ്ടെയ്നർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതിനായി ബേപ്പൂരും അഴീക്കലിലും ബന്ധപ്പെട്ട വ്യാപാര സമൂഹങ്ങളുമായി മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നു. ഈ സർവ്വീസ് കൊല്ലത്തേയ്ക്ക് നീട്ടുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നുവരുന്നു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്നതിനായി ധനകാര്യ-പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് T.E.F.R. (Techno Economic Feasibility Report), DPR (Detailed Project Report) എന്നിവ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ I.P.R.C.L. (Indian Port Rail & Ropeway Corporation Ltd.)-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിട്ടേൺ കാർഗോ ലഭിക്കാത്ത സാഹചര്യത്തിൽ ഷിപ്പിംഗ് ലൈനുകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാനായി ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുറംകടലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിന് ഏതാണ്ട് 3000 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.പി.പി. ആയി ഈ പ്രോജക്ട് നടപ്പാക്കാനാണുദ്ദേശിക്കുന്നത്. പൊന്നാനി തുറമുഖ വികസനത്തിന് ഒരു സ്വകാര്യ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടെങ്കിലും തുടർനടപടി ഉണ്ടായിട്ടില്ല. ഇവരുമായി ചർച്ചകൾ നടത്തിവരികയാണ്. വിഴിഞ്ഞത്ത് ക്രൂ

ചേഞ്ചിംഗ് ആരംഭിച്ചിട്ട് ഒരു വർഷം പിന്നിട്ടു. സംസ്ഥാനത്തുനിന്ന് ഷിപ്പിംഗ് മേഖലയിൽ ജോലിയെടുക്കുന്ന ഒട്ടേറെ തൊഴിലാളികൾക്ക് ഈ സൗകര്യം ഉപകാരപ്രദമായിട്ടുണ്ട്. ഏതാണ്ട് നാനൂറോളം കപ്പലുകൾ ഇതുവരെ ക്രൂ ചേഞ്ചിംഗ് നടത്തിക്കഴിഞ്ഞു. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിഴിഞ്ഞത്ത് ഏർപ്പെടുത്തി വരുന്നു. ക്രൂ ചേഞ്ചിംഗിന് ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് സിസ്റ്റം തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ തുറമുഖങ്ങളിലുമാവശ്യമായ ഡ്രഡ്ജിംഗും മെയിന്റനൻസും നടത്താൻ മാരിടൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മലബാർ മേഖലയുടെ ഒരു ട്രേഡിംഗ് ഹബ്ബായി അഴീക്കൽ തുറമുഖത്തെ മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. അഴിമുഖത്തുനിന്ന് മാറി ഇതിനായി പുറംകടലിൽ മൂന്ന് ഘട്ടങ്ങളായുള്ള തുറമുഖ വികസനമാണ് ഉദ്ദേശിക്കുന്നത്. ഏതാണ്ട് മൂവായിരം കോടിരൂപ ചെലവ് വരുന്ന ആദ്യ ഘട്ടത്തിന്റെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് അംഗീകരിച്ചു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി M/s.Howe Engineering Projects India Pvt. Ltd. എന്ന കമ്പനി നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനങ്ങളും ഉൾനാടൻ ബിസിനസ്സ് വികസനത്തിന് (Hinterland Business Development) വേണ്ടിയുള്ള നടപടികളുമായി തുറമുഖ കമ്പനി മുന്നോട്ടുപോകുകയാണ്. ഈ വർഷം അവസാനത്തോടെ ഡി.പി.ആർ. തയ്യാറാക്കി ആവശ്യമായ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖത്തോടനുബന്ധിച്ചുള്ള വ്യവസായ വികസനത്തിനായി ഒരു SEZ (Special Economic Zone) ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പി.പി.പി. മോഡലിൽ പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ 29-9-2011-ൽ കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഫിനാൻഷ്യൽ ക്ലോഷറിനായി ഈ കമ്പനിക്ക് പരമാവധി 4 വർഷമാണ് അനുവദിച്ചിരുന്നത്. എന്നാൽ ഇതുവരെ കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ അനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാൻ കൺസഷണയർക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് അവർക്ക് ക്ലോഷർ നോട്ടീസ് നൽകിയിട്ടുണ്ട്. എൻകമ്പ്രൻസ് ഫ്രീ ആയി എല്ലാ ഭൂമിയും കൈമാറിയിട്ടില്ലെന്നാണ് ഇപ്പോൾ അവർ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. ഈ വിഷയത്തിൽ അവരുമായി ആദ്യഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി എന്ന നിലയിൽ വിവിധ സമുദ്ര, ഭൗമ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുക യെന്നതാണല്ലോ ഈ പദ്ധതിയുടെ ലക്ഷ്യം. ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും മുനമ്പം ഹാർബറിൽ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കാര്യത്തിന് തുക ചെലവഴിച്ചിട്ടുണ്ടെന്നും ഭാവി പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ എന്നും വിശദീകരിക്കാൻ കഴിയുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, അക്കാര്യം പരിശോധിച്ച് അറിയിക്കുന്നതാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് 2017 സെപ്റ്റംബർ 16-ന് കേരള മാരിടൈം ബോർഡ് ആക്ട് നിയമസഭ പാസ്സാക്കുകയും മാരിടൈം ബോർഡ് 2-2-2018-ലെ ഗസറ്റ് വിജ്ഞാപനം വഴി നിലവിൽ വരികയും ചെയ്തു. കേരള മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ ലയിച്ചിട്ടാണല്ലോ മാരിടൈം ബോർഡ് നിലവിൽ വന്നത്. മാരിടൈം ബോർഡിന് ബഡ്ജറ്റിൽ നീക്കിവച്ച തുക എന്തുകൊണ്ടാണ് ബോർഡിന് അനുവദിക്കാതെ ലയിച്ച് ഇല്ലാതായ തുറമുഖ ഡയറക്ടറേറ്റിന് തന്നെ അനുവദിക്കാൻ ഇടയായതെന്നും മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളെ സ്തംഭനത്തിലേയ്ക്ക് നയിക്കുന്നതിന് ഇടയാക്കുന്ന കാര്യങ്ങൾ സംബന്ധിച്ചും ഒരു അന്വേഷണം നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, തീർച്ചയായും. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എം. മുകേഷ്: സർ, രാജ്യാന്തര കപ്പൽ പാതയ്ക്ക് വളരെ അടുത്ത് സ്ഥിതിചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകളുടെ അറ്റകുറ്റപ്പണിക്കായി Floating Dry Dock Centre ആരംഭിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ബേപ്പൂർ-അഴീക്കൽ-കൊല്ലം തുറമുഖങ്ങളുടെ ചാനൽ ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ടഗ്ഗുകൾ എന്നിവ ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൊല്ലത്തേയ്ക്ക് ഈ സർവ്വീസ് നീട്ടുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നുവരികയാണ്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊല്ലം

ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കൊല്ലത്ത് ഇമിഗ്രേഷൻ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം നടന്നുവരികയാണ്. റിട്ടേൺ കാർഗോ ലഭിക്കാത്ത സാഹചര്യത്തിൽ ഷിപ്പിംഗ് ലൈനുകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാനായി ഇൻസെന്റീവ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. അഴീക്കലിൽ ആധുനിക സൗകര്യത്തോടു കൂടിയ ഒരു ഇന്റർനാഷണൽ ഗ്രീൻ ഫീൽഡ് പോർട്ട് സ്ഥാപിക്കാൻ മുൻഗവൺമെന്റ് തീരുമാനമെടുത്തിരുന്നതാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. അതിന് കുറച്ചുകൂടി വേഗത വർദ്ധിപ്പിക്കുന്നതിന് നേരത്തെ ഒരു തീരുമാനം എടുത്തിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ലാൻഡ് അക്വിസിഷനും സർവ്വേ നടപടികളും വേഗത്തിൽ പൂർത്തിയാക്കിയാൽ മാത്രമേ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അവിടെ ഒരു ഓഫീസ് സംവിധാനം ആരംഭിച്ച് അത് പ്രവർത്തനസജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കണ്ണൂർ അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിനുള്ള പഠനങ്ങൾ പൂർത്തിയാക്കി ഈ വർഷം ആവശ്യമായ അനുമതി നേടാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാ പഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുറംകടലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിന് ഏതാണ്ട് 3000 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.പി.പി. ആയി ഈ പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ബേപ്പൂരിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഓഫീസ് പ്രവർത്തനം നടത്തിവരുന്നത്. ഒരു പ്രത്യേക ഓഫീസ് സംവിധാനം ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിച്ചുവരികയാണ്.

ശ്രീ. പി. നന്ദകുമാർ: സർ, വല്ലാർപാടം-വിഴിഞ്ഞം ടെർമിനലുകൾക്കു ശേഷമുള്ള ഒരു പ്രധാനപ്പെട്ട പി.പി.പി. തുറമുഖ വികസന പദ്ധതിയാണ് പൊന്നാന്നി പദ്ധതി എന്നാണ് ഈ സഭയിൽ മുമ്പ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. തുറമുഖപദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ആ തടസ്സം നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, പൊന്നാനി തുറമുഖ വികസനത്തിന് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടെങ്കിലും തുടർനടപടിയുണ്ടായിട്ടില്ല. അവരുമായി ചർച്ചകൾ നടത്തിവരികയാണ്. വളരെ ദ്രുതഗതിയിൽത്തന്നെ വർക്ക് മുന്നോട്ട് കൊണ്ടുപോകണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അല്ലാത്തപക്ഷം കമ്പനിയുമായുള്ള എഗ്രിമെന്റ് അവസാനിപ്പിച്ചു കൊണ്ട് പുതിയ ടെൻഡർ വിളിക്കേണ്ടിവരുമെന്നും അറിയിച്ചിട്ടുണ്ട്. 20 ഏക്കർ സ്ഥലം മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും 9 ഏക്കർ സ്ഥലം കൂടി തരാമെന്ന് ഗവൺമെന്റ് എഗ്രിമെന്റ് ഉണ്ടെന്നുമാണ് അവർ പറയുന്നത്. അതുകൂടി പെട്ടെന്ന് ചെയ്യണമെന്ന് അവർ ആവശ്യപ്പെടുകയും സ്ഥലം എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അതുസംബന്ധിച്ച പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ചർച്ചകൾ നടത്തിവരികയുമാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച പാക്കേജിന്റെ ആനുകൂല്യങ്ങൾ ഇന്നും നിരവധി ആളുകൾക്ക് ലഭ്യമാകാതിരിക്കുകയാണ്. വിഴിഞ്ഞം, അടിമലത്തുറ ഹാർബർ, കോട്ടപ്പുറം പോലെയുള്ള പ്രദേശങ്ങളിലുള്ളവർ അർഹരാണെന്ന് കണ്ടെത്തിയിട്ടു പോലും നിസ്സാര കാരണങ്ങൾ പറഞ്ഞ് അവർക്കാനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടിയാണ് അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ക്രൂ ചേഞ്ചിംഗിന്റെ ഭാഗമായി വെസ്സൽസ് വരുന്നതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ യാനങ്ങളും വലകളും കീറി പോകുന്നതും ഒരു തുടർസംഭവമായി മാറിയിരിക്കുന്നു. യാനങ്ങളും വലകളും നശിച്ചുപോകുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകാനും അർഹതയുള്ള ആളുകൾക്ക് പുനരധിവാസ പാക്കേജ് അടിയന്തരമായി ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വിഴിഞ്ഞം പദ്ധതിക്ക് അംഗീകാരം നൽകിയപ്പോൾ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് പുനരധിവസിപ്പിക്കേണ്ട മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും അർഹമായ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും തിരുവനന്തപുരം ആർ.ഡി.ഒ. ചെയർമാനായ Livelihood Impact Assessment Committee-യും അപ്പീലുകൾ പരിഗണിച്ച് ശിപാർശ ചെയ്യുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ഒരു അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികൾ സമർപ്പിച്ച എല്ലാ ശിപാർശകളും അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഏകദേശം 100 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഏതാണ്ട് 20,000 അപ്പീൽ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അവ ഓരോന്നും സ്ഥലപരിശോധന അടക്കമുള്ള വെരിഫിക്കേഷൻ നടത്തുന്നതിന് ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി

ഇതുവരെ സമർപ്പിച്ച എല്ലാ ശിപാർശകളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ബോട്ടു കളടുക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ വലകൾ നശിക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുണ്ടായ എല്ലാ പ്രശ്നങ്ങളും മദ്ധ്യ സ്ഥരീതിയിൽ പരിഹരിക്കാൻ ചില ശ്രമങ്ങൾ നടത്തുകയും അത് വിജയകരമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. സ്ഥിരമായി അത്തരം പ്രശ്നങ്ങൾ ഇല്ലാതിരി ക്കാൻവേണ്ട സംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്തുവരികയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി കടൽപ്പാലം ബ്രിട്ടീഷുകാരുടെ ഭരണകാലത്തെ ഒരു പൈതൃകമാണ്. അത് ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കടൽപ്പാലത്തെ സംരക്ഷിക്കാൻ മാരിടൈം ബോർഡിന്റെ ഭാഗത്തുനിന്ന് ശ്രമം നടക്കുന്നുണ്ടെങ്കിലും ഇതുവരെ അത് ഫലപ്രാപ്തിയിലെത്തിയിട്ടില്ല. തലശ്ശേരിയിലെ കടൽപ്പാലം സംരക്ഷിക്കുന്നതിന് ഇൻഡ്യൻ മാരിടൈം ബോർഡുമായി ഇടപെട്ടുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള പദ്ധതി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആവിഷ്കരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, തലശ്ശേരിയിലെ കടൽപ്പാലം സംരക്ഷിക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. അതുമായി ബന്ധപ്പെട്ട് നേരത്തെ ഒരു പഠനം നടത്തിയിരുന്നു. വലിയ രീതിയിൽ പണച്ചെലവ് വരുന്ന പദ്ധതിയായതുകൊണ്ട് നല്ലൊരു കൺസൾട്ടൻസിയെ കണ്ടെത്തി വ്യക്തമായ ഒരു തീരുമാനത്തിലേയ്ക്ക് എത്താമെന്നാണ് ആലോചിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ബന്ധപ്പെട്ട് ആവശ്യമായ കാര്യങ്ങൾ ത്വരിതഗതിയിൽ ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ ഏറ്റവും പുതിയ എക്സ്പീരിയൻസാണ് ഡ്രൈ പോർട്ട്. എന്റെ നിയോജകമണ്ഡലത്തിൽ കോട്ടയം ജില്ലയിലെ നാട്ടകത്ത് ഒരു ഡ്രൈ പോർട്ടുണ്ട്. എന്നാൽ അവിടെ ബാർജുകൾ എത്തുന്നതിന് കുറേയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. അതായത്, തോടിന് ആഴം കൂട്ടണം, സിൽറ്റ് മാറ്റണം തുടങ്ങി ബാക്കിയുള്ള നടപടികളൊക്കെ സ്വീകരിക്കണം. ഉൾനാട്ടിലേയ്ക്ക് ഇതിന്റെ പ്രയോജനം എത്തിക്കാൻ കഴിയുന്ന സുപ്രധാന പദ്ധതിയെന്ന നിലയിൽ അങ്ങും ഞാനും ഒരുമിച്ച് ആ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് അതിനെക്കുറിച്ച് നന്നായി അറിയുകയും ചെയ്യാം. അത് പരിശോധിച്ച് പര്യാപ്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ആ സ്ഥലം ഞാൻ എം.എൽ.എ.-യോടൊപ്പം സന്ദർശിച്ചതാണ്. വളരെ നല്ലരീതിയിൽ കാര്യങ്ങൾ ചെയ്യേണ്ട പ്രദേശമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ചുള്ള കാര്യങ്ങൾ ഉദ്യോഗ സ്ഥരുമായി ചർച്ച ചെയ്തുവരികയാണ്. ദ്രുതഗതിയിൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സി. എച്ച് കുഞ്ഞമ്പു</u>: സർ, തുറമുഖ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ് ഗവൺമെന്റ് അതിനെ തൃശ്ശൂർ ജില്ലയിലേയ്ക്ക് അതേപോലെ മാറ്റി സ്ഥാപിച്ചു. കാസർഗോഡ് അനുവദിച്ച് ഉദ്ഘാടനം ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ച സ്ഥാപനത്തെയാണ് മാറ്റിയത്. കാസർഗോഡ് ജില്ലയിൽ ധാരാളം ആളുകൾ കപ്പൽ ജോലിക്ക് പോകുന്നുണ്ട്. അവർ ആ കോഴ്സ് പഠിക്കാൻ മുംബൈയിലും മറ്റ് പല സ്ഥലങ്ങളിലും പോകുകയാണ്. അതുകൊണ്ട് മാരിടൈം അക്കാഡമി കാസർഗോഡ് ജില്ലയിൽ അനുവദിക്കുമോയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> സർ, വികസനരംഗത്ത് പലപ്പോഴും പിന്നോക്കം നിന്നിട്ടുള്ള ഒരു ജില്ലയാണ് കാസർഗോഡ് എന്ന ബോദ്ധ്യത്തോടു കൂടിത്തന്നെ അവിടെ തുറമുഖരംഗത്ത് എന്തൊക്കെ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നതിനെക്കുറിച്ച് വളരെ വിശദമായി പഠിച്ചുവരികയാണ്. മുമ്പ് അവിടെയുണ്ടായിരുന്ന സംവിധാനം മാറ്റപ്പെടുകയാണ് ചെയ്തത്. അത് വീണ്ടും തുടങ്ങാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ കാസർഗോഡ് ജില്ലയിൽ ഞാൻ രണ്ടുപ്രാവശ്യം പര്യടനം നടത്തിയിട്ടുണ്ട്. ഓഫീസ് സൗകര്യങ്ങളൊക്കെ അവിടെയുള്ള സ്ഥിതിക്ക് അതിന് സാധിക്കുമോയെന്നുള്ള കാര്യം വിശദമായി പഠിച്ച് വളരെ പെട്ടെന്നുതന്നെ ചെയ്യാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, വിഴിഞ്ഞം പോർട്ട് 1000 ദിവസം കൊണ്ട് പൂർത്തിയാക്കാനായിരുന്നു ധാരണ. എന്നാൽ വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണപ്രവർത്തനം ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. കൊല്ലം പോർട്ടിൽ അനവധി വിദേശകപ്പലുകൾ മുൻകാലങ്ങളിൽ വന്നിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ചുകാലമായി കാര്യമായി വന്നിട്ടില്ല. കൊടുങ്ങല്ലൂർ പോർട്ട് പുനഃസ്ഥാപിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ഡ്രഡ്ജിംഗ് ആരംഭിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അത് മുന്നോട്ടുപോകുന്നില്ലെന്ന് തോന്നുന്നു. പൊന്നാനി പോർട്ട് സ്വകാര്യ പങ്കാളിത്തത്തോടുകൂടി നിർമ്മാണം ആരംഭിച്ചെങ്കിലും ഇപ്പോൾ അനിശ്ചിതത്വത്തിലാണ്. ബേപ്പൂർ പോർട്ടിന്റെ ആഴം കൂട്ടാനും അതിന്റെ വികസനത്തിനുമാവശ്യമായ സ്ഥലം SILK (Steel Industrials Kerala Limited)-ൽ നിന്ന് തിരിച്ചെടുക്കാനുമുള്ള നടപടി മുന്നോട്ടുപോയിട്ടില്ല. കേരളത്തിൽ വിഴിഞ്ഞം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സാധ്യതയുള്ളത് അഴീക്കൽ പോർട്ടിനാണ്. 5 വർഷമായിട്ടും അഴീക്കൽ പോർട്ടിന്റെ പ്രോജക്ട് റിപ്പോർട്ടുപോലും തയ്യാറായിട്ടില്ല. തീരദേശ കപ്പൽ ഗതാഗത പദ്ധതി അനിശ്ചിതത്വത്തിലാണ്. ഇക്കാര്യങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> സർ, ചരക്ക് ഗതാഗതം കൂട്ടുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന cargo pass hour പരിഗണിച്ച് ഇൻസെന്റീവ് നൽകിവരികയാണ്. അദാനി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ള വിഴിഞ്ഞം രാജ്യാന്തര തുറമുഖനിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പാറ ലഭിക്കാത്തതാണ് പുലിമുട്ടിന്റെ നിർമ്മാണം തടസ്സപ്പെടാൻ കാരണം. കോവിഡ് മഹാമാരിയും നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നുണ്ട്. നിർമ്മാണ കമ്പനിയുമായി പലവട്ടം ചർച്ചകൾ നടത്തുകയും നേരിട്ട് പദ്ധതിപ്രദേശം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി കമ്പനി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാറയുടെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ട്. 19 ക്വാറികൾക്ക് നിർമ്മാണ കമ്പനികൾ അനുമതി തേടിയെങ്കിലും മൂന്ന് ക്വാറികൾക്കുമാത്രമാണ് അനുമതി നൽകാൻ കഴിഞ്ഞിട്ടുള്ളത്. എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാത്തതാണ് പ്രധാനമായും ക്വാറികളുടെ പ്രവർത്തനം ആരംഭിക്കാൻ തടസ്സമാകുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പബ്ലിക് ഹിയറിംഗ് നടത്തുന്നതിനും തടസ്സങ്ങളുണ്ട്. എന്നിരുന്നാലും എത്രയും വേഗത്തിൽ പ്രോജക്ട് പൂർത്തീകരിക്കാനാണ് സർക്കാരിന്റെ ശ്രമം. ഇതിനിടയിൽ നിർമ്മാണ കമ്പനി ചില ആവശ്യങ്ങളുന്നയിച്ച് ആർബിട്രേഷൻ കൗൺസിലിനെ സമീപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു പ്രത്യേക കൗൺസിലിനെ നിയോഗിച്ച് തുടർനടപടി സ്വീകരിച്ചുവരികയാണ്. ആർബിട്രേഷൻ നടപടി നിർമ്മാണപ്രവൃത്തികളെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽനിന്നും പാറക്കല്ലുകൾ കൊണ്ടുവരുന്നതിന് ചില തടസ്സങ്ങൾ കഴിഞ്ഞ ഒരാഴ്ചയായി രൂപപ്പെട്ട് വന്നിട്ടുണ്ട്. ചില ജില്ലാ കളക്ടർമാർ തമിഴ്നാട്ടിലും കർണ്ണാടകയിലും ലോറികൾ കടത്തിവിടാൻ പാടില്ലെന്നുള്ള രീതിയിൽ കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യം സംബന്ധിച്ച് ഒരു വിശദീകരണത്തിനുവേണ്ടി തമിഴ്നാട് സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. ബേപ്പൂരിലും അഴീക്കലിലും വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ് നടക്കുന്നത്. അഴീക്കലിൽ ഏതാണ്ട് 4.2 മീറ്റർ ആഴത്തിൽവരെ ഡ്രഡ്ജിംഗ് നടത്താൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ പഠനത്തിലൂടെ ഉപദേശം ലഭിച്ചത്. അതുസംബന്ധിച്ച കാര്യങ്ങളുമായി മുന്നോട്ടുനീങ്ങാൻ ഒരു ഏജൻസിയെ ഏർപ്പാട് ചെയ്തിട്ടുണ്ട്. കോഴിക്കോട് ബേപ്പൂരിലും ആഴം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച മറ്റ് കാര്യങ്ങളൊക്കെ നമുക്ക് ഒന്നിച്ചിരുന്ന് ചർച്ചചെയ്ത് മുന്നോട്ട് കൊണ്ടുപോകാമെന്ന് ഉറപ്പുനൽകുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വളരെ പുരാതനമായ ഒരു തുറമുഖമാണ് ആലപ്പുഴ, കൊച്ചി തുറമുഖം നിലവിൽ വന്നതിനുശേഷം ആലപ്പുഴയുടെ പ്രാമുഖ്യം നഷ്ടപ്പെടുകയും കഴിഞ്ഞ കുറേ വർഷക്കാലമായി പ്രവർത്തനരഹിതമായി നിൽക്കുകയുമാണ്. ആ തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ട ഏതെങ്കിലും പദ്ധതിക്ക് രൂപം കൊടുക്കുവാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ; അതിന്റെ നിലവിലെ സ്ഥിതിയെന്താണ്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഞാൻ ആലപ്പുഴ ജില്ലയിൽ സന്ദർശനം നടത്തിയ വേളയിൽ അവിടത്തെ വ്യവസായികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. വളരെ നല്ലരീതിയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. അതുപോലെ ഹൗസ് ബോട്ടുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. അതുസംബന്ധമായ ചില തീരുമാനങ്ങൾക്കുവേണ്ടി അടുത്ത ആഴ്ച വീണ്ടും അവിടെ സന്ദർശിക്കുന്നുണ്ട്. എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *212. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, .......(ബഹളം)......

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സുപ്രീം കോടതി വിധിയുണ്ടായിട്ടും ....(ബഹളം)...... മന്ത്രി രാജിവയ്ക്കുന്നില്ല എന്നതുകൊണ്ട് ചോദ്യം ചോദിക്കുന്നില്ല. ...(ബഹളം)......

(ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് ചോദ്യകർത്താക്കൾ (*212)-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരിക്കുകയും പ്രതിപക്ഷം ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

## വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

2(*213) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ രണ്ട് പ്രളയവും കോവിഡ് വ്യാപനവുംമൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡ്മൂലം പ്രവർത്തനങ്ങൾ നിലച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ വരവ് മുന്നിൽക്കണ്ട് അടിസ്ഥാനസൗകര്യ വികസനം നടത്തുന്നതിന് ശ്രദ്ധ നൽകുമോയെന്ന് അറിയിക്കാമോ;

(സി) അടുത്ത രണ്ട് വർഷത്തേയ്ക്കെങ്കിലും കോവിഡുമായി ജീവിച്ച് പോകേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ആയതുകൂടി പരിഗണിച്ചുകൊണ്ട് ടൂറിസത്തെ ഏതൊക്കെ രീതിയിൽ പ്രോത്സാഹിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിമിതമായ രീതിയിൽ തീർത്ഥാടക ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദപരവുമായ വികസനത്തിനുവേണ്ടിയുള്ള മാസ്റ്റർപ്ലാനുകളുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) തുടർച്ചയായ രണ്ട് പ്രളയവും കോവിഡ് വ്യാപനവുംമൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി വിവിധ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിയുടെ രണ്ടാം വരവുണ്ടായ സാഹചര്യത്തിൽ വിനോദസഞ്ചാര മേഖല ഒന്നാകെ നിശ്ചലമായിരുന്നു. കഴിഞ്ഞ സർക്കാർ വിനോദസഞ്ചാര മേഖലയുടെ

സ്തംഭനാവസ്ഥയ്ക്ക് പരിഹാരമായി കൊണ്ടുവന്ന വിവിധ പദ്ധതികൾ തുടരാൻ തന്നെയാണ് തീരുമാനം. ഇതിന്റെ ഭാഗമായി ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി നടപ്പാക്കിവരുന്ന ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട്സ് സപ്പോർട്ട് സ്കീം എന്നിവ ഈ വർഷംകൂടി തുടരുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ഇതിനുപുറമെ ടൂറിസം മേഖലയുടെ ഉത്തേജനത്തിനായി നടപ്പാക്കിവന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ പുതിയ രൂപത്തിൽ അവതരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ, സോഷ്യൽ മീഡിയ, പ്രിന്റ്, ടി.വി, റേഡിയോ, ഒ.ടി.ടി. മാധ്യമങ്ങൾ വഴി കേരളാ ടൂറിസം പുനരുജ്ജീവനത്തിന്റെ പാതയിൽ സുരക്ഷിതമാണെന്നുള്ള സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനാകുമെന്ന് കരുതുന്നു. ഇതിനുപുറമെ വിനോദസഞ്ചാര വകുപ്പ് അംഗീകാരം/അക്രെഡിറ്റേഷൻ നൽകിവരുന്ന ആയുർവേദ സെന്ററുകൾ, റസ്റ്റോറന്റുകൾ, ഹോംസ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം, ഗ്രീൻഫാം, ടൂർ ഓപ്പറേറ്റർ അക്രെഡിറ്റേഷൻ എന്നിവ യാതൊരു ഉപാധിയുമില്ലാതെ 2021 ഡിസംബർ 31 വരെ പുതുക്കി നൽകാനും തീരുമാനമായിട്ടുണ്ട്. 2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ കാലാവധിയുള്ള ഇത്തരം എല്ലാ സംരംഭങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇതുകൂടാതെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് റിവോൾവിംഗ് ഫണ്ട് നൽകാനുള്ള പദ്ധതിയും പരിഗണനയിലാണ്.

(ബി) ശ്രദ്ധ നൽകുന്നതാണ്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയിൽ അനുഭവപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു. കോവിഡിന്റെ ഒന്നാം തരംഗം അവസാനിച്ച മുറയ്ക്ക് സംസ്ഥാനത്തെ കടൽ, കായൽ, ഹിൽസ്റ്റേഷനുകൾ എന്നിവ സഞ്ചാരികൾക്കായി തുറന്നുനൽകിയിരുന്നു. എന്നാൽ ഏപ്രിൽ അവസാനത്തോടെ ആരംഭിച്ച കോവിഡ് രണ്ടാം തരംഗംമൂലം വീണ്ടും എല്ലാ കേന്ദ്രങ്ങളും അടച്ചുപൂട്ടേണ്ടിവന്നു. രണ്ടാം തരംഗം കുറയുന്ന മുറയ്ക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് പരിമിതമായ അളവിലെങ്കിലും സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കാനാകുമെന്ന് കരുതുന്നു. ടൂറിസം വകുപ്പ് ഇനി നടത്താൻ പോകുന്ന പ്രചരണ പരിപാടികളിലും മുൻതൂക്കം നൽകുക ആഭ്യന്തര വിനോദസഞ്ചാര പ്രോത്സാഹനമാകും. 'സുരക്ഷിതമാണ് കേരളം' എന്ന പ്രചരണം നടത്തിയാകും ഇതിന് ആരംഭം കുറിക്കുക. നിക്ഷേപകർക്കും തൊഴിലാളികൾക്കും സഹായകരമാകുന്ന പദ്ധതികൾകൂടി നടപ്പിലാകുമ്പോൾ വിനോദസഞ്ചാര മേഖലയ്ക്ക് കുറച്ച് ആശ്വാസമാകുമെന്നും കരുതുന്നു.

(ഡി) കോവിഡിന്റെ മൂന്നാം തരംഗം മുന്നിൽക്കണ്ട് ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡം അനുസരിച്ച് മാത്രമേ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങൾ തുറന്നുകൊടുക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. കോവിഡ് മാനദണ്ഡപ്രകാരം ഇത്തരത്തിലുള്ള ടൂറിസം കേന്ദ്രങ്ങൾ തുറന്നുപ്രവർത്തിക്കാൻ അനുവാദം ലഭിക്കുന്നതിനനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) വിനോദസഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായാണ് മാസ്റ്റർപ്ലാനുകൾ ടൂറിസം വകുപ്പ് തയ്യാറാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

ഡെവലപ്മെന്റ് പ്ലാൻ ഫോർ കോവളം - പൂവാർ ടൂറിസം കോറിഡോർ, ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം ഗോൾഡൻ വാലി (പൊൻമുടി), നിലമ്പൂർ മാസ്റ്റർപ്ലാൻ, അഷ്ടമുടി മാസ്റ്റർപ്ലാൻ, ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി, ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ, കക്കയം - പെരുവണ്ണാമൂഴി മാസ്റ്റർ പ്ലാൻ, കാലടി - മലയാറ്റൂർ - അതിരപ്പിള്ളി മാസ്റ്റർപ്ലാൻ, നിളാ മാസ്റ്റർപ്ലാൻ, മൂന്നാർ സ്പെഷ്യൽ ടൂറിസം സോൺ, നോർത്ത് മലബാർ റീജിയൺ, തലശ്ശേരി മാസ്റ്റർപ്ലാൻ.

ഇതിൽ ഫോർട്ട് കൊച്ചി, തലശ്ശേരി, നോർത്ത് മലബാർ റീജിയൺ എന്നീ മാസ്റ്റർപ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. .......(ബഹളം)......

<u>മി. സ്പീക്കർ</u>: സഭയിൽ ബാനർ പ്രദർശിപ്പിക്കുന്നത് സഭാ ചട്ടങ്ങൾക്കെതിരാണ്. ബാനർ നീക്കം ചെയ്യേണ്ടതാണ്. (.....ബഹളം....) ചട്ടവിരുദ്ധമായ കാര്യം ചൂണ്ടിക്കാണിക്കേണ്ടത് ചെയറിന്റെ ഉത്തരവാദിത്വമാണ്. അത് നീക്കം ചെയ്യേണ്ടതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം സംബന്ധിച്ചും കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായും ഈ സർക്കാർ മുന്നോട്ടുപോകുന്നുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പ്രതിസന്ധിയിലാകുകയും ഇനിയും കുറെ സമയംകൂടി ഈ പ്രതിസന്ധി തുടരുമെന്ന സാഹചര്യം നിലനിൽക്കുകയും ചെയ്യുന്ന പ്രത്യേകഘട്ടത്തിൽ, റിവോൾവിംഗ് ഫണ്ടുൾപ്പെടെ ഉപയോഗപ്പെടുത്തി വിനോദ സഞ്ചാരമേഖലയെ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയുമെന്നത് സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് പ്രധാനപ്പെട്ടൊരു വിഷയമാണ്. കോവിഡ് ഏറ്റവും കൂടുതൽ ബാധിച്ചത് ടൂറിസം മേഖലയിലാണെന്ന് എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നൊരു കാര്യമാണ്. ഈ സർക്കാരിനെ സംബന്ധിച്ച്

ടൂറിസം മേഖലയുടെ വികാസം അഥവാ പുരോഗതിയെന്നത്, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരുടേയും ദൈനംദിന ജീവിതത്തിലെ പ്രയാസങ്ങളെ പരിഹരിച്ച് മുന്നോട്ടുപോകുകയെന്ന കാഴ്ചപ്പാടിന്റെ ഭാഗം തന്നെയാണ്. അതുകൊണ്ട് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് നിലകൊള്ളുന്ന 15 ലക്ഷത്തോളം വരുന്ന ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരംകണ്ട് മുന്നോട്ടു പോകുകയെന്നുള്ളൊരു കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. പ്രസ്തുത വിഷയത്തെക്കുറിച്ച് കേരളത്തിന്റെ ബഹുമാന്യരായ മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും വിശദമായ ചർച്ച നടത്തിയതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി ഇടപെട്ട് റിവോൾവിംഗ് ഫണ്ട് കൊണ്ടുവരണമെന്ന് ഉദ്ദേശിച്ചത്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പലിശരഹിത വായ്പ നൽകി അവരുടെ പ്രയാസത്തിനൊരു കൈത്താങ്ങായി മാറാൻ റിവോൾവിംഗ് ഫണ്ടിന് കഴിയും. ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ടാക്സി ഡ്രൈവർമാർ, ടൂറിസ്റ്റ് ബസ് ഡ്രൈവർമാർ, ശിക്കാര വള്ളങ്ങളിലെ ജീവനക്കാർ, ഹൗസ്ബോട്ട് ജീവനക്കാർ, ഹോട്ടൽ-റിസോർട്ട് ജീവനക്കാർ, റസ്റ്റോറന്റുകൾ, ആയുർവേദ സെന്ററുകൾ, ഗൃഹസ്ഥലി, സർവ്വീസ്ഡ് വില്ല, അമ്യൂസ്മെന്റ് പാർക്ക്, ഗ്രീൻ ഫാം, കേരള സാഹസിക ടൂറിസം സംരംഭങ്ങൾ എന്നിവയിലെ ജീവനക്കാർ, ഉത്തരവാദിത്ത ടൂറിസം മിഷനുകീഴിൽ പ്രവർത്തിച്ചുവരുന്ന വ്യക്തികൾ, അംഗീകാരമുള്ള സൂക്ഷ്മ സംരംഭങ്ങൾ, കലാകാരൻമാർ, കരകൗശലവിദഗ്ദ്ധർ, ആയോധനകല അഭ്യസിക്കുന്നവർ എന്നിവരുൾപ്പെടെ ഈ റിവോൾവിംഗ് ഫണ്ടിന്റെ ഭാഗമായി മാറും. നമ്മുടെ രാജ്യത്ത് ആദ്യമായിട്ടാണ് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഇത്തരത്തിലൊരു റിവോൾവിംഗ് ഫണ്ട് കൈത്താങ്ങായി മാറുന്ന വിധത്തിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഉടൻതന്നെ അതിന്റെ മറ്റ് വിശദവിവരങ്ങൾ പുറത്തുവിടുന്നതാണ്. ....(ബഹളം).......

മി. സ്പീക്കർ: നിരോധിത വസ്തുക്കൾ സഭയിൽ കൊണ്ടുവരുന്നതും പ്രദർശിപ്പിക്കുന്നതും നിരോധിച്ചുകൊണ്ട് 2005 ജൂലൈ 8-ലെ സ്പീക്കറുടെ റൂളിംഗുണ്ട്. ആ റൂളിംഗ് അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബാനർ സഭാ ചട്ടപ്രകാരം പ്രദർശിപ്പിക്കാൻ പാടില്ലാത്തതാണ്. ചട്ടത്തിനും റൂളിംഗിനുമെതിരായിട്ടാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അത് നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിലെ വളരെ പ്രശസ്തമായൊരു ടൂറിസം ഡെസ്റ്റിനേഷനാണ് ബേക്കൽ. നിലവിലെ അവിടത്തെ സാഹചര്യവും വികസന സാധ്യതകളും അങ്ങേയ്ക്ക് ബോദ്ധ്യമുള്ളതാണ്. ബേക്കലിന്റെ വികസനത്തിനുവേണ്ടി അതിന്റെ സാധ്യത പരമാവധി ഉപയോഗിക്കത്തക്കവിധത്തിൽ, കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക രീതിയിൽ, വളർത്തിക്കൊണ്ടുവരുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബേക്കൽ ഒരു പ്രധാനപ്പെട്ട ഡെസ്റ്റിനേഷനാണ്. മലബാർ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഇടപെടുക യെന്നുള്ളതുതന്നെയാണ് പൊതുവേ ഈ സർക്കാർ ചെയ്യുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ളതിൽ കേരളത്തിന്റെ വടക്കേയറ്റത്തെ എക്സ്റ്റന്റഡ് ഡെസ്റ്റിനേഷനാണ് ബേക്കൽ. അത് കേരളത്തിലെ മാത്രമല്ല നമ്മുടെ രാജ്യത്തിന്റെ തന്നെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനാണ്. ആ നിലയിലാണ് ബേക്കൽ ഡെസ്റ്റിനേ ഷനെയും ബേക്കൽ ടൂറിസവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെയും കാണുന്നത്. മംഗലാപുരം, കണ്ണൂർ എന്നീ രണ്ട് എയർപോർട്ടുകളുമായി അധികം ദൂരമില്ലാത്ത പ്രദേശമാണ് ഈ ഡെസ്റ്റിനേഷൻ. അതായത് യാത്രയ്ക്ക് ഒന്നര-രണ്ട് മണിക്കൂർ മതിയാകും. ഈ നിലയിൽ ബേക്കലിന്റെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്താൻ കഴിയും. അതോടൊപ്പം എയർസ്ട്രിപ്പ് സംവിധാനത്തിന്റെ പ്രത്യേകത ഇവിടെ നേരത്തേ ചർച്ച ചെയ്തതാണ്. വടക്കേമലബാർ ടൂറിസം വികസനത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രമായിട്ടാണ് ബേക്കൽ ഡെസ്റ്റിനേഷനെ ഈ സർക്കാർ കാണുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല എന്നിവയ്ക്ക് ടൂറിസം വകുപ്പ് നൽകുന്ന ലൈസൻസിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുമതി വേണമെന്നിരിക്കെ, അവ നൽകുന്നതിന് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തടസ്സവാദങ്ങൾ ഉന്നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന വിഷയം തന്നെയാണ്. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഹോം സ്റ്റേകളുടെ സാധ്യതകൾ, അവ എങ്ങനെ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും സാധിക്കുമെന്നതുമായി ബന്ധപ്പെട്ട് രണ്ട് ചർച്ചകൾ ഇതിനോടകം ടൂറിസം വകുപ്പ് നടത്തിക്കഴിഞ്ഞു. ഹോം സ്റ്റേയുമായി ബന്ധപ്പെട്ട് സംഘടനകളും വ്യക്തികളും മറ്റ് ഗ്രൂപ്പുകളുമായും ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്താൻ തീരുമാനിച്ച വിവരവും അറിയിക്കുകയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കോവിഡ് ബാധയ്ക്കുശേഷം തീരെ അടഞ്ഞുപോയ ഒരു മേഖലയാണ് തീർത്ഥാടന ടൂറിസം. കേരളത്തിൽ നിരവധി തീർത്ഥാടന കേന്ദ്രങ്ങളുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി വാഗ്ദാനം ചെയ്ത സഹായധനത്തിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങൾ ഉൾപ്പെട്ടുകാണുന്നില്ല. സമഗ്രമായി ചർച്ച ചെയ്ത് തീർത്ഥാടനകേന്ദ്രങ്ങൾകൂടി ഇതിലുൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർത്ഥാടന കേന്ദ്രങ്ങളെ പ്രധാനപ്പെട്ട രീതിയിൽ തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ടൂറിസം ഡെസ്റ്റിനേഷനിൽ വർഷത്തിൽ ഒരു തവണ വരുന്നവർ അടുത്ത വർഷവും വരണമെന്നില്ല. പിന്നീട് മറ്റ്

ടൂറിസം ഡെസ്റ്റിനേഷനുകളാണ് അവർ തെരഞ്ഞെടുക്കുന്നത്. എന്നാൽ തീർത്ഥാടന കേന്ദ്രങ്ങളായ ഡെസ്റ്റിനേഷനുകളുടെ പ്രത്യേകതകൾമൂലം ഒരുവർഷം വരുന്നവർ അടുത്ത സീസണിൽ മാത്രമല്ല എല്ലാവർഷവും വരും, വരുന്നവരുടെ എണ്ണവും ക്രമാതീതമായി വർദ്ധിക്കും. ആ നിലയിൽ തന്നെയാണ് സർക്കാർ ഇതുസംബന്ധിച്ച് കാണുന്നത്. റിവോൾവിംഗ് ഫണ്ടിന്റെ വിശദമായ ചർച്ചകളിൽ ഇത്തരം കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കും പ്രഖ്യാപിക്കുന്നത്. തീർത്ഥാടന കേന്ദ്രങ്ങളെ അതേ അർത്ഥത്തിൽ, അതിനുവേണ്ട എല്ലാ കണക്ടിവിറ്റികളും ഉറപ്പുവരുത്തി വികസിപ്പി ച്ചെടുക്കുകയെന്ന കാഴ്ചപ്പാടാണ് ടൂറിസം വകുപ്പിനും സർക്കാരിനുമുള്ളത്.

ശ്രീ. സി. സി. മുകുന്ദൻ: സർ, അടുത്ത രണ്ടുവർഷവും കോവിഡുമായി ജീവിച്ചുപോകേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ആയതുകൂടി പരിഗണിച്ച് ടൂറിസത്തെ ഏതൊക്കെ രീതിയിൽ പ്രോത്സാഹിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന പ്രശ്നമാണ്. കോവിഡ് കാലത്ത്, അത് കേരളത്തിൽ മാത്രമല്ല, ലോകത്താകെ ഏറ്റവുമധികം പ്രയാസമനുഭവിച്ച മേഖലയാണ് ടൂറിസം മേഖല. അതിൽനിന്നും ലോകത്തെ വീണ്ടെടുക്കുന്നതിന് ചില നിലപാടുകൾ പലയിടങ്ങളിലും സ്വീകരിച്ചിട്ടുണ്ട്. നമ്മളും അക്കാര്യം ആലോചിച്ചുവരുന്നു. അത് പിന്നീട് വിശദീകരിക്കാം. ഇപ്പോഴുള്ള പ്രശ്നം നമ്മുടെ രാജ്യത്തേയ്ക്ക് വരുന്ന വിദേശ സഞ്ചാരികളുടെ എണ്ണം വല്ലാതെ കുറഞ്ഞിട്ടുണ്ട് എന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിദേശ സഞ്ചാരികളുടെ എണ്ണം ഒറ്റയടിക്ക് വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്ന് പറയാൻ ആർക്കും സാധിക്കില്ല. പിന്നീടുള്ള സാധ്യത ആഭ്യന്തര സഞ്ചാരികളാണ്. ആഭ്യന്തര സഞ്ചാരികളെ കൊണ്ടുവരികയെന്നുള്ള ലക്ഷ്യത്തിന്റെ ഭാഗമായി മൂന്ന് രീതിയിൽ കേരളത്തിലെ പഞ്ചായത്ത് ഡെസ്റ്റിനേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കും. ഒന്ന്, ഒരു ജില്ലയിലുള്ളവർ ആ ജില്ലയിലെതന്നെ പുതിയ ഡെസ്റ്റിനേഷനുകളെ കാണുക. രണ്ട്, മറ്റ് ജില്ലയിലുള്ളവർ ആ ജില്ലയിലേയ്ക്ക് വരിക. മൂന്ന്, കേരളത്തിനുപുറത്തുള്ള സംസ്ഥാനങ്ങളിലുള്ളവർ കേരളത്തിലേയ്ക്ക് വരിക എന്നിങ്ങനെയാണ്. കേരളത്തിന്റെ പഞ്ചായത്തുകളിലും ഗ്രാമങ്ങളിലും ഇതുവരെ കണ്ടെത്താനാകാത്ത, ഒരുപക്ഷെ എല്ലാ സാധ്യതകളുമുള്ള, നിർഭാഗ്യവശാൽ കണ്ടെത്താൻ കഴിയാത്ത ഡെസ്റ്റിനേഷനുകളെ ഉയർത്തിക്കൊണ്ടുവരാൻ ടൂറിസം മേഖലയിൽ ഒരു App-ന്റെ പ്രവർത്തനം അധികം വൈകാതെ ആരംഭിക്കുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹി ക്കുകയാണ്. ആ ആപ്പിലൂടെ unexplored ഡെസ്റ്റിനേഷനുകളെ ലോകത്താകെ അവതരിപ്പിക്കാൻ സാധിക്കുമെന്നതുകൂടി അറിയിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, കഴിഞ്ഞ പ്രളയക്കെടുതിയിലും നിലവിലെ കോവിഡ് സാഹചര്യങ്ങളിലും കേരളത്തിലെ നിരവധി സ്വകാര്യ സംരംഭങ്ങൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ടൂറിസം മേഖല മൊത്തത്തിൽ പ്രതിസന്ധിയി

ലായതിനെക്കുറിച്ചും ഗവൺമെന്റ് സെക്ടറിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സ്വകാര്യമേഖലയിൽ തുടങ്ങിവച്ച നിരവധി സംരംഭങ്ങളെ സംരക്ഷിക്കാൻ കഴിയുന്ന നിലപാടുകൾ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുമോ; പ്രവാസിയായ പ്രൊഫ. എം. കെ. കുര്യൻ നൂറ് കോടിരൂപ മുതൽമുടക്കി Mango Meadows എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ Agricultural Theme Park ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി മേഖലയിൽ തുടങ്ങിവച്ചു. കഠിനാദ്ധ്വാനത്തിലൂടെ ലോകത്തിലെ വിവിധ സ്പീഷീസുകളെല്ലാം അവിടെ നട്ടുവളർത്തി ഈ സംരംഭത്തെ ബൃഹത്തായ ഒരു പദ്ധതിയായി മാറ്റിയിട്ടുണ്ട്. ആഭ്യന്തര ടൂറിസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സ്കൂൾ കുട്ടികളടക്കം വന്ന് പഠനവിധേയമാക്കാൻ കഴിയുന്ന വലിയ സംരംഭമാണിത്. ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയാത്ത ഒരു പദ്ധതി നടപ്പാക്കിയിരിക്കുകയാണ്. രുദ്രാക്ഷം, യേശുക്രിസ്തുവിനെ കുരിശിൽ തറച്ചപ്പോൾ ധരിപ്പിച്ചെന്നു പറയുന്ന മുൾമുടി തുടങ്ങിയ സസ്യങ്ങൾവരെ വച്ചുപിടിപ്പിച്ചിരിക്കുകയാണ്. സ്വകാര്യ സംരംഭങ്ങളാണെന്നുപറഞ്ഞ് ഇവയെ സംരക്ഷിക്കാതിരിക്കുകയാണ്. മുൻ ഗവൺമെന്റിന്റെ സമയത്തും നിയമസഭയിൽ ഞാൻ ഈ വിഷയം ഉന്നയിച്ചതാണ്. KFC (Kerala Financial Corporation)-യോ, KSFE (The Kerala State Financial Enterprises Limited)-യോ പോലും സഹായിക്കാൻ തയ്യാറായിട്ടില്ല. ഇന്ന് ജപ്തി നടപടികളിലൂടെ വിറ്റുപോകാൻ പോകുകയാണ്. റിവോൾവിംഗ് ഫണ്ട് വിനിയോഗിച്ച് ഇത്തരം സംരംഭങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഇവരെക്കൂടി ചർച്ചയ്ക്ക് വിളിക്കണം.

മി. സ്പീക്കർ: ദയവായി അങ്ങ് ചോദ്യം ഉന്നയിക്കു. ......

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഇതുസംബന്ധിച്ച് നിവേദനം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് കേരളത്തിലൊട്ടാകെയുള്ള ഇത്തരം സംരംഭങ്ങളെ സംരക്ഷിക്കാനും സഹായിക്കാനും കഴിയുന്ന നിലപാടെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. ആ വിഷയത്തെ അതേ അർത്ഥത്തിൽ തന്നെ കാണുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ടൂറിസം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട ചർച്ചകളും പിന്തുണകളും നിർദ്ദേശങ്ങളും വിമർശനങ്ങളും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സ്വീകരിക്കേണ്ടത് സ്വീകരിക്കുകയും തള്ളേണ്ടത് തള്ളുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ ആരുടെ ഭാഗത്തുനിന്നുവന്നാലും അവ സ്വീകരിക്കുമെന്ന കാഴ്ചപ്പാടോടുകൂടി തന്നെയാണ് മുന്നോട്ട് പോകുന്നത്. കൂടുതൽ പരിശോധിച്ച് ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം പരാമർശിച്ച വ്യക്തി ഒരു നിവേദനവുമായി എന്റെയടുത്ത് വന്നിരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെ പ്രത്യേകതയുള്ള മേഖലയായാണ് അതിനെ വളർത്തിയിട്ടുള്ളത്. നമ്മുടെ നാടിനുതന്നെ മുതൽക്കൂട്ടാകുംവിധം വിവിധ സസ്യങ്ങൾ അദ്ദേഹത്തിനവിടെ നട്ടുവളർത്താൻ കഴിഞ്ഞിട്ടുണ്ടെന്നാണ് പറഞ്ഞത്. അദ്ദേഹം ഇപ്പോൾ വലിയ കടക്കെണിയിൽപ്പെട്ടിരിക്കുന്നുവെന്നാണ് ആ നിവേദനത്തിലൂടെ വ്യക്തമായത്. അക്കാര്യത്തിൽ കെ.എഫ്.സി.-ക്ക് സഹായിക്കാൻ സാധിക്കുമോ യെന്നതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അതുസംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി കെ.എഫ്.സി.-ക്ക് നൽകിയിട്ടുണ്ട്. ആവശ്യമായ സഹായം എങ്ങനെ ചെയ്യാൻ കഴിയുമെന്നത് സ്വാഭാവികമായും പരിശോധിച്ച് കണ്ടെത്താൻ ശ്രമിക്കും.

ശ്രീ. കെ. ബാബു (നെന്മാറ) : സർ, ഈ മഹാമാരിയുടെ കാലത്ത് ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടച്ചു പൂട്ടിയതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക നഷ്ടമാണുണ്ടായിട്ടുള്ളത്. ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്ന ഓട്ടോറിക്ഷാ തൊഴിലാ ളികൾക്കും മറ്റ് ടൂറിസ്റ്റ് സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും റിവോൾവിംഗ് ഫണ്ടിലൂടെ സമാശ്വാസ നടപടി സ്വീകരിക്കാൻ തയ്യാറെടുക്കുന്ന എൽ.ഡി.എഫ് സർക്കാരിനെയും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ പറമ്പിക്കുളത്ത് ആദിവാസി സമൂഹത്തിൽപ്പെട്ടവർ അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന വരുമാനംകൊണ്ട് മാത്രമാണ് ജീവിച്ചിരുന്നത്. അടച്ചുപൂട്ടലിന്റെ ഭാഗമായി അവരുടെ വരുമാനത്തിൽ ഇപ്പോൾ വലിയ ഇടിവാണുണ്ടായിട്ടുള്ളത്. അവരെക്കൂടി ഇതിലുൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം പാലക്കാടിന്റെ കിഴക്കൻ മേഖല പ്രത്യേകിച്ച് പശ്ചിമഘട്ട മലനിരകളോടുചേർന്ന് കിടക്കുന്ന ആ പ്രദേശങ്ങളുടെ പച്ചപ്പ് കാണാനെത്തുന്നവർക്ക് ഒരു കാർഷിക ടൂറിസം പാക്കേജ് പ്രഖ്യാപിക്കാനും തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന വിഷയമാണ്. ആദിവാസികൾ കൂടുതലുള്ള പാലക്കാടും വയനാടുമുൾപ്പെടെയുള്ള ജില്ലകളിൽ ടൂറിസത്തിന് വലിയ സാധ്യതകളുണ്ട്. ആദിവാസി സമൂഹത്തെ മാറ്റി നിർത്തിക്കൊണ്ടോ അല്ലെങ്കിൽ അവർക്കെന്തെങ്കിലും പ്രയാസമുണ്ടാകുന്ന തരത്തിലുള്ളതോ ആയ ടൂറിസം പുരോഗതിയല്ല സർക്കാർ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ ടൂറിസ്റ്റ് ഗൈഡ് വയനാട്ടിലെ കരിന്തണ്ടനാണെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ആ നിലയിൽ ആദിവാസിസമൂഹത്തെ കേരളത്തിന്റെ ടൂറിസം

ബ്രാൻഡ് അംബാസിഡറായി മാറ്റുന്ന നയവും നിലപാടുമായാണ് സർക്കാർ പോകുന്നതെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മറ്റ് കാര്യങ്ങൾ തീർച്ചയായും പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ടൂറിസത്തിന്റെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കോവിഡുമൂലമുള്ള സാമ്പത്തിക പ്രതിസന്ധി കാരണം വിനോദസഞ്ചാര മേഖലയിലെ പല സംരംഭങ്ങളും അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പുനരുജ്ജീവന പാക്കേജ് നടപ്പാക്കുന്നതാണെന്നും പാക്കേജിന്റെ വിശദാംശങ്ങൾ ടൂറിസം വകുപ്പ് തയ്യാറാക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണവേളയിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി വളരെ സമയമെടുത്ത് ഈ വിഷയം ചർച്ച ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുവെ പോസിറ്റീവായ നിലപാടാണ് ഈ വിഷയത്തിലെടുത്തത്. നേരത്തെ ബഹുമാനപ്പെട്ട ഒരംഗം ചർച്ചയിൽ പങ്കെടുക്കാതെ ചൂണ്ടിക്കാട്ടിയതുൾപ്പെടെ ടൂറിസവുമായി ബന്ധപ്പെട്ട വ്യത്യസ്ത മേഖലയിലുള്ളവരുമായും അവരുടെ സംഘടനകളുമായും വ്യക്തിപരമായും സംസാരിക്കാനുള്ള സംവിധാനമൊരുക്കുകയും അതിന്റെ ഭാഗമായി മൂന്ന് യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്തു. വ്യത്യസ്ത മേഖലകളിലുള്ളവർ അനുഭവിക്കുന്ന പ്രയാസങ്ങളെന്തെന്ന് പൂർണ്ണമായി മനസ്സിലാക്കാൻവേണ്ടി മാത്രം വിളിച്ചതാണ് ആ യോഗം. ഓരോ ഓൺലൈൻ യോഗങ്ങളും രണ്ടര മണിക്കൂറോളം നീണ്ടുനിന്നു. അങ്ങ് ഇവിടെ സൂചിപ്പിച്ച വിഷയങ്ങളുൾപ്പെടെ അവരുടെ പ്രയാസങ്ങളും പറഞ്ഞുകേട്ട അനുഭവവും വച്ചുകൊണ്ടുതന്നെയായിരിക്കും സർക്കാർ നിലപാടുകൾ കൈക്കൊള്ളുക. അവരെ ഒഴിവാക്കിക്കൊണ്ടല്ല അവർ നയിക്കുന്ന ടൂറിസമാണ് കേരളത്തിന്റെ ടൂറിസമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, നമ്മുടെ ഗ്രാമീണമേഖല കുന്നുകളാലും വയലുകളാലും ആറുകളാലും അരുവികളാലും തീർത്ഥാടന കേന്ദ്രങ്ങളാലും സമ്പന്നമാണ്. എന്റെ നിയോജകമണ്ഡലമായ കൂത്തുപറമ്പ് ഈ മേഖലകളുൾപ്പെടുന്ന പ്രദേശമാണ്. അവിടെ കണ്ണവം, മയ്യഴിപ്പുഴ, വാകമല, കനകമല എന്നീ സ്ഥലങ്ങളെ ഒരു ഗ്രാമീണ ടൂറിസം കേന്ദ്രമാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അത് പരിശോധിക്കാവുന്നതാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഈ മാസം സന്ദർശനം നടത്തുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്തി പരിശോധിക്കാം.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറ്റവും കൂടുതൽ വിഷമം അനുഭവിക്കുന്ന ഒരു മേഖലയാണ് ടൂറിസം രംഗത്ത് പ്രവർത്തിച്ചു വരുന്ന സഹകരണസംഘങ്ങൾ. ഞാൻ പ്രസിഡന്റായിട്ടുള്ള സഹകരണസംഘം ഏതാണ്ട് 10 ലക്ഷത്തിലധികം രൂപ വിദേശത്തേയ്ക്ക് പോകുന്നതിന് ഫ്ലൈറ്റ് ടിക്കറ്റ് എടുക്കാൻ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ രണ്ട് വർഷമായിട്ടും അത് തിരിച്ചുകിട്ടാത്ത നിലയിൽ സംഘം പൂട്ടിപ്പോകേണ്ടിവരുന്ന സ്ഥിതിയിലേയ്ക്കാണ് എത്തുന്നത്. ഈ സഹകരണ സംഘങ്ങൾക്ക് ഏതെങ്കിലും നിലയ്ക്ക് പ്രവർത്തിച്ചു പോകുന്നതിന് സഹായകമാകുന്ന നിലയിൽ ആഭ്യന്തര ടൂറിസത്തിന്റെ സാധ്യതകൾ പ്രവൃത്തിപഥത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കുന്നതിന് സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും സഹകരണ മേഖല വലിയ രീതിയിലുള്ള പിന്തുണയാണ് കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് നൽകിവരുന്നത്. നിരവധി സഹകരണ സ്ഥാപനങ്ങൾ വളരെ മാതൃകാപരമായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത് നമ്മുടെ രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളിൽ കാണുന്നതിൽനിന്നും വ്യത്യസ്തമായ ഒരു ചിത്രമാണ്. കോവിഡ് കാരണം 33,000 കോടി രൂപയുടെ നഷ്ടമാണ് ടൂറിസം മേഖലയിൽ വന്നിട്ടുള്ളത്. കൂടാതെ ഫോറിൻ എക്സ്ചേഞ്ചിൽ 7,000 കോടി രൂപയുടെ നഷ്ടവുമുണ്ട്. തീർച്ചയായും ടൂറിസവുമായി ബന്ധപ്പെട്ട് ഈയൊരു പ്രയാസവും പ്രതിസന്ധിയും സഹകരണ മേഖലയിലും വന്നിട്ടുണ്ട്. നിലവിൽ ഈ പരിമിതികൾക്കിടയിലും കേരളത്തിൽ 2016 മുതൽ 2021 വരെയുള്ള എൽ.ഡി.എഫ്. സർക്കാരും ഇപ്പോൾ വന്നിട്ടുള്ള സർക്കാരും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സർക്കാർ നയമെന്നുള്ള നിലയിൽ തീർച്ചയായും ഇടപെട്ടിട്ടുണ്ട്. കെ.എഫ്.സി. ഉൾപ്പെടെയുള്ള ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട് ചില വായ്പയുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ ചില പ്രശ്നങ്ങളുള്ളത് ചർച്ചയ്ക്ക് പരിഗണിച്ചിട്ടുണ്ട്. എന്തായാലും സഹകരണ മേഖലയിലെ പ്രശ്നമുൾപ്പെടെ പരിശോധിച്ച് മുന്നോട്ട് പോകാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീമതി കെ. കെ. രമ: സർ, വടകരയിലെ ഒരു പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ് സാൻഡ്ബാങ്ക്സ്. അതിനും കിലോമീറ്ററുകൾക്ക് അപ്പുറത്താണ് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായ വെള്ളിയാങ്കല്ല് പ്രദേശം. വെള്ളിയാങ്കല്ലിലേയ്ക്ക് ബോട്ടുസർവ്വീസ് ആരംഭിച്ച് കന്യാകുമാരി മോഡലിലൊരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് തീർച്ചയായും പരിശോധി ക്കപ്പെടേണ്ട വിഷയം തന്നെയാണ്. വടകര സാൻഡ്ബാങ്ക്സും വെള്ളിയാങ്കല്ലും അതിന്റെ പരിസര പ്രദേശങ്ങളും ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തി ഉചിതമായ നിലപാട് കൈക്കൊണ്ടു പോകാവുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ടൂറിസം മേഖലയിലെ സ്ഥാപനങ്ങൾക്ക് പലിശരഹിത വായ്പ നൽകുമെന്നാണ് മുമ്പൊരു ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത്. തീർച്ചയായും പ്രശംസനീയമായ കാര്യമാണ്. പക്ഷേ അത് പുതുതായി തുടങ്ങുന്ന പദ്ധതികൾക്കാണ്. ഇതിനുമുമ്പ് കേരളത്തിൽ നിക്ഷേപിച്ചവരും വയനാട്, മൂന്നാർ എന്നീ മേഖലകളിലെ റിസോർട്ടുകൾ അടക്കം സ്ഥാപിക്കാൻ കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., സഹകരണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നൊക്കെയെടുത്ത ലോണുകളുണ്ട്. കോവിഡ് കാലത്ത് ഈ ലോണുകളുടെ പലിശ ഒഴിവാക്കി കൊടുക്കാൻ ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും വകുപ്പുമന്ത്രിയും കൂടി ചർച്ച ചെയ്ത് തീരുമാനമെടുത്താൽ ഉപകാരമായിരുന്നു. പലിശയും കൂട്ടുപലിശയും കൊടുത്ത് ഈ സ്ഥാപനങ്ങൾ നശിക്കുകയാണ്. പുതിയതായി ഈ മേഖലയിലേയ്ക്ക് വരുന്ന ആളുകൾക്ക് ഇപ്പോൾ പ്രഖ്യാപിച്ച ആനുകൂല്യം കിട്ടുന്നതിനേക്കാൾ നിലവിലുള്ള നിക്ഷേപകരെ നിലനിർത്തുന്നതായിരിക്കും ഉചിതം. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന വിഷയമാണ്. പക്ഷെ കോവിഡിന്റെ നിലവിലുള്ള സാഹചര്യംകൂടി മനസ്സിലാക്കണം. ഈ വിഷയം പരിശോധിച്ച് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് ആലോചിക്കാം.

## അദ്ധ്യാപക പരിശീലന പരിപാടികൾ

3 (*214) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. മുരളി പെരുനെല്ലി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന പ്രഖ്യാപിത നിലപാട് യാഥാർത്ഥ്യമാക്കാൻ അദ്ധ്യാപന ഗുണനിലവാരം ഉയർത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) അദ്ധ്യാപകർക്കായുള്ള പരിശീലന പരിപാടികളും നവീകരണ പരിശീലനവും കാലികമായി നവീകരിക്കാനും കാര്യക്ഷമമാക്കാനും പരിപാടിയുണ്ടോ;

(സി) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, .............(ബഹളം).......

(എ) കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക ശാക്തീകരണത്തിന് നിരവധി പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. സമഗ്ര അദ്ധ്യാപക ശാക്തീകരണത്തിനായി 6 മാസം ദൈർഘ്യമുള്ള അദ്ധ്യാപക പരിവർത്തന പരിപാടി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ ഡയറ്റുകൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കാണ് പ്രസ്തുത കോഴ്സിൽ പങ്കെടുക്കാൻ അവസരം ലഭ്യമാകുന്നത്. അദ്ധ്യാപക സർവ്വീസിൽ ആദ്യമായി പ്രവേശിക്കുന്നവർക്കായി ഇൻഡക്ഷൻ പരിശീലനം നടത്തിവരുന്നു. ഏപ്രിൽ, മേയ് മാസങ്ങളിൽ അവധിക്കാല അദ്ധ്യാപക പരിശീലനം നടത്തിവരുന്നു. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന മൊഡ്യൂളിന്റെ അടിസ്ഥാനത്തിലാണ് പരിശീലനം നടത്തുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ലാസ്റൂം വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഐ.ടി. അധിഷ്ഠിത പരിശീലനവും നൽകിവരുന്നുണ്ട്. പ്രീ പ്രൈമറി അദ്ധ്യാപകർക്ക് "പ്രശിക്ഷാ" എന്ന പേരിൽ ഓൺലൈൻ പരിശീലനം നൽകുന്നുണ്ട്. സവിശേഷ വിദ്യാലയത്തിലെ അദ്ധ്യാപകർക്കായി മുദ്രികാപാഠം (ശ്രവ്യ പരിമിതി വിഭാഗം), ശ്രുതിപാഠം (കാഴ്ച

പരിമിതി വിഭാഗം) എന്നിങ്ങനെയുള്ള പരിശീലന പദ്ധതികളും നടപ്പിലാക്കി വരുന്നു. ആധുനിക കാലത്ത് വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഡിജിറ്റൽ ഉള്ളടക്കങ്ങൾ അനിവാര്യമായതിനാൽ ആയവ തയ്യാറാക്കുന്നതിനുള്ള പരിശീലനം S.I.E.T. (State Institute of Educational Technology) മുഖേന നൽകിവരുന്നു. സർക്കാർ, എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് വീഡിയോ ചിത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. ഡിജിറ്റൽ ക്ലാസ്സുകളുടെ സ്ക്രിപ്റ്റുകൾ തയ്യാറാക്കാൻ ഡയറ്റിന്റെ പിന്തുണയോടെ പരിശീലന പരിപാടി സംഘടിപ്പിച്ചു വരുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് അക്കാഡമിക്/ ഭരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് എൽ.പി./ യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാദ്ധ്യാപകർക്കും, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ കരിയർ മാസ്റ്റർമാർക്കും ഡയറ്റ് ഫാക്കൽറ്റികൾക്കും സീമാറ്റ്-കേരള മുഖേനയും പരിശീലനം നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ഹയർ സെക്കൻഡറി അദ്ധ്യാപക 'പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റെസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകിവരുന്നു. 1 മുതൽ 12 വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി. 'സമഗ്ര ' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പാഠഭാഗങ്ങൾക്ക് അനുസൃതമായി അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഇവ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് മുഖേന പരിശീലനം നൽകിയിട്ടുണ്ട്. പുതിയതായി അദ്ധ്യാപകരാകുന്നവർക്ക് 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സ് ഓൺലൈനായി 'KOOL' എന്ന പേരിൽ കൈറ്റ് (KITE) മുഖേന നൽകുന്നു.

(ബി) സ്കൂളുകൾ ഹൈടെക് ആയി മാറിയ സാഹചര്യത്തിൽ ഐ.സി.ടി. സാധ്യത, പാഠ്യപദ്ധതി വിനിമയത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് അദ്ധ്യാപകർക്കാവശ്യമായ പരിശീലനം നൽകുന്നതിനും കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ അദ്ധ്യാപകനും കുട്ടികളും തമ്മിലുള്ള ആശയ വിനിമയം സാധ്യമാക്കുന്നതിനും ഓൺലൈൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനും അദ്ധ്യാപകർക്ക് പിൻതുണയും പരിശീലനവും നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുള്ള സാങ്കേതികപരിശീലനം 'ഗണിനിപ്രഭ' എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടക്കുന്നു. കാഴ്ച, കേൾവി, ബുദ്ധിപരിമിതി

നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ മൂവായിരത്തിൽപ്പരം അദ്ധ്യാപകർക്കും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കുമാണ് പ്രസ്തുത പരിശീലനം നൽകുന്നത്.

(സി) നിയമാനുസൃത ഒഴിവുകൾ കൃത്യമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച് അങ്ങ് ഇവിടെ വിശദമായി പറയുകയുണ്ടായി. 'പ്രശിക്ഷാ' എന്ന പേരിൽ പ്രീ-സ്കൂൾ അദ്ധ്യാപകർക്കായി നൽകുന്ന പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ,...........(ബഹളം)... 'പ്രശിക്ഷാ 2021' പ്രീ-സ്കൂൾ അദ്ധ്യാപക പരിവർത്തന പരിപാടിയുടെ ആശയ രൂപീകരണ ശിൽപ്പശാല 2021 ജൂലൈ മാസം 8, 9 തീയതികളിൽ നടത്തുകയുണ്ടായി. S.C.E.R.T. തയ്യാറാക്കിയ 'കളിത്തോണി' പ്രീ-സ്കൂൾ പ്രവർത്തന പുസ്തകം കുട്ടികളുടെ കയ്യിൽ എത്തിയ സാഹചര്യത്തിൽ ഗൃഹാന്തരീക്ഷത്തിൽ 'കളിത്തോണി'യിലെ വർക്ക്ഷീറ്റുകൾ ചെയ്യുന്നതിന് കുട്ടികളെ സഹായിക്കുന്ന രക്ഷിതാക്കൾക്ക് പിന്തുണ നൽകുന്നതിന് അദ്ധ്യാപകരെ സജ്ജമാക്കുന്ന പരിശീലന പരിപാടി ഒന്നാംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി. ഗൃഹാന്തരീക്ഷത്തിൽ കഴിയുന്ന കുട്ടിയെ പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് കുടുംബ സദസ്സിനെ സക്രിയമാക്കുന്ന പരിപാടി രണ്ടാംഘട്ടം ചെയ്യുന്നതിനുള്ള മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, ഈ മഹാമാരി എത്രകാലം നീണ്ടുനിൽക്കുമെന്ന് നമുക്കിപ്പോൾ പറയാൻ സാധിക്കില്ല. അതിന്റെ വിവിധ ഘട്ടങ്ങൾ ഇനിയും വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ ക്ലാസ്സുകളുടെ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നിരവധി പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇതിനാവശ്യമായ രീതിയിൽ അദ്ധ്യാപകർക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യം വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ, കോവിഡ് പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന രീതിയിൽ നിന്നും മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. പാഠപുസ്തകം പഠിപ്പിക്കുന്നതിലും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന രീതിയിലുമൊക്കെ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അത്യന്താധുനിക ശാസ്ത്ര

സാങ്കേതികവിദ്യ ജീവിതത്തിന്റെ നാനാതുറകളിൽ പരീക്ഷിക്കുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്തിന് അതിൽനിന്നും മാറി നിൽക്കാൻ കഴിയില്ല. അദ്ധ്യാപകർ വിവിധ നവമാധ്യമങ്ങൾ (ഗൂഗിൾമീറ്റ്, വാട്സ്അപ്പ്, ഗൂഗിൾ ക്ലാസ്റൂം) ഉപയോഗിച്ചാണ് സ്കൂൾതല ഓൺലൈൻ ക്ലാസ്സുകൾ ഇപ്പോൾ നടത്തിവരുന്നത്. ഇതിനാവശ്യമായ പൊതു പ്ലാറ്റ്ഫോം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. സ്കൂൾതല ഓൺലൈൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കഴിഞ്ഞ വർഷം നടന്ന ഡിജിറ്റൽ ക്ലാസ്സുകൾ ഏകമുഖ കേന്ദ്രീകൃത ക്ലാസ്സുകളായിരുന്നു. പ്രക്ഷേപണം ചെയ്യുന്നതിന്റെ തുടർച്ചമാത്രം അദ്ധ്യാപകർ ശ്രദ്ധിച്ചാൽ മതിയാകുമായിരുന്ന ഒരു സ്ഥിതിവിശേഷമാണ് അന്നുണ്ടായിരുന്നത്. എന്നാൽ ഇന്ന് ഓൺലൈൻ പഠനത്തിൽ കൂടുതൽ സാങ്കേതികജ്ഞാനം നേടണമെന്നുള്ളത് ശരിയാണ്. അതിനാവശ്യമായ നടപടി ചെയ്യുന്നുണ്ടെന്ന് അറിയുന്നത് സ്വാഗതാർഹമാണ്. പുതിയ ഉദ്യോഗാർത്ഥികൾ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത നേടി പലപ്പോഴും നീണ്ട വർഷങ്ങൾക്കു ശേഷമാണ് അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുന്നത്. ഇത്തരത്തിൽ ആദ്യമായി അദ്ധ്യാപക ജോലിയിൽ പ്രവേശിക്കുന്നവർക്ക് അവരുടെ അദ്ധ്യാപനശേഷി നവീകരിക്കാനും ശാക്തീകരിക്കാനും ആവശ്യമായ എന്തെങ്കിലും പ്രത്യേക പരിപാടികൾ നടത്തുന്നുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ രംഗത്ത് അക്കാദമിക് ഭരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ പ്രഥമ അദ്ധ്യാപകർക്കും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കരിയർ മാസ്റ്റർമാർക്കും DIET Faculty-കൾക്കും SeMT Kerala മുഖേന പരിശീലനം നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് 'ഹയർ സെക്കൻഡറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകിവരികയാണ്. ഒന്നുമുതൽ 12 വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും KITE സജ്ജമാക്കിയ 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പാഠഭാഗങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കുന്നതോടൊപ്പം ഇവ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ്,

എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലയിലും അദ്ധ്യാപകർക്ക് KITE മുഖേന പരിശീലനം നൽകിയിട്ടുണ്ട്. ഈ നിലയിൽ പുതുതായി നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ക്ലാസ്സുകൾ കൈകാര്യം ചെയ്യാവുന്ന വിധത്തിലുള്ള സമഗ്രമായ പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഈ വർഷം പത്താം ക്ലാസ്സ് പരീക്ഷയിൽ മികച്ച വിജയം നേടിയ കുട്ടികളിൽ ഏറെ പേർക്ക് എ പ്ലസ് ലഭിക്കുകയുണ്ടായി. ഇതിനാനുപാതികമായി പ്ലസ് വൺ, പ്ലസ് ടു സീറ്റുകൾ വർദ്ധിപ്പിക്കാൻ സാധ്യതയുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിൽ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പാക്കുന്നതിനുവേണ്ട നടപടിയുമായാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളിൽ കുറച്ചുപേർ ഐ.ടി.ഐ., പോളിടെക്നിക്, നഴ്സിംഗ് തുടങ്ങിയ വിദ്യാഭ്യാസ മേഖലകളിൽ പോകാനാണ് സാധ്യത. അവശേഷിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സീറ്റുകൾ ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. മലബാർ മേഖലയിൽ നിലവിലുള്ള സീറ്റിനേക്കാൾ 20 ശതമാനവും മറ്റ് മേഖലയിൽ 10 ശതമാനവും വർദ്ധിപ്പിക്കാൻ ഇപ്പോൾ തീരുമാനി ച്ചിട്ടുണ്ട്. ഈ വർദ്ധനവുകൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി അദ്ധ്യാപന ഗുണനിലവാരം ഉയർത്തേണ്ടത് അത്യന്താ പേക്ഷിതമാണ്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ അദ്ധ്യാപകർക്കായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സ്വാഗതാർഹമാണ്. NSQF (The National Skills Qualifications Framework) കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. പൊതുവിൽ ഇന്ന് വർത്തമാന കാലഘട്ടത്തിൽ മാറിവരുന്ന വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് അദ്ധ്യാപകർക്ക് പുനർ വിദ്യാഭ്യാസം കൊടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. സംസ്ഥാന ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ള ചില പരിപാടികളെ സംബന്ധിച്ച് ഞാനിവിടെ നേരത്തെ സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റും ചില പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അങ്ങ് സൂചിപ്പിച്ച NSQF-മായി ബന്ധപ്പെട്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുള്ള പരിശീലനങ്ങൾ നടന്നു വരികയാണ്. വ്യവസായശാലകൾ നടത്തുന്ന ട്രെയിനീസ് അപ്സ്കില്ലിംഗ് പരിശീലനങ്ങളും അതുപോലെ സെക്ടറൽ സ്കീമിൽ കൗൺസിൽ നൽകുന്ന

ട്രെയിനിംഗ് ഓൺ ട്രെയിനീസ് പരിശീലനങ്ങളും ഉൾപ്പെടുന്നു. കോവിഡിന്റെ സാഹചര്യത്തിൽ ഇതിനാവശ്യമായ പരിശീലനങ്ങൾ ഓൺലൈനായിട്ടാണ് നൽകുന്നത്. ഇത് അദ്ധ്യാപകർക്ക് പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, 2020-21 അദ്ധ്യയനവർഷം 9, 10 ക്ലാസ്സുകളിൽ സ്പെഷ്യൽ ഫീസും ട്യൂഷൻ ഫീസും വേണ്ടെന്ന് വച്ചിരുന്നു. ക്ലാസ്സുകൾ നടക്കാത്ത സാഹചര്യത്തിൽ സമാനമായ രൂപത്തിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കും ഈ ഫീസുകൾ ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. ഇപ്പോൾ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഡിജിറ്റൽ ഉപകരണങ്ങളെ സംബന്ധിച്ച് ഒരു പ്രധാനപ്പെട്ട ചോദ്യം ഇവിടെ വന്നതാണ്. നമ്മുടെ നാട്ടിലെ എല്ലാ വിദ്യാർത്ഥികളും ഏറ്റവും കൂടുതൽ ഈ സഭയിൽ വരുമെന്ന് പ്രതീക്ഷിച്ച വിഷയം ചർച്ച ചെയ്യാൻ താൽപ്പര്യമില്ലാതെ അവ മാറ്റിവച്ച പ്രതിപക്ഷത്തിന്റെ നടപടി അപലപനീയമാണ്. പാവപ്പെട്ട കുട്ടികളോടുള്ള ഏറ്റവും ക്രൂരമായ നടപടിയാണ്. ഒരുകാര്യംകൂടി പറയുന്നു, സഭയുടെ ഒരു ചെയർ മറിച്ചിട്ടതിനാണ് ഈ പ്രശ്നങ്ങൾ നടത്തുന്നത്. ........... (ബഹളം).........സ്വാഭാവികമായും അതിനെക്കുറിച്ച് നിങ്ങൾക്ക് പ്രതിഷേധിക്കാം. പക്ഷേ മണിപ്പൂരിലും മധ്യപ്രദേശിലും കർണ്ണാടകയിലുമൊക്കെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിച്ചുകൊണ്ട് കസേര മറിച്ചിട്ട കോൺഗ്രസ്സിന്റെ സംസ്കാരമുള്ളവർ തന്നെയാണ് ഇവിടെ പ്രതിഷേധിക്കുന്നത്. പാവപ്പെട്ട കുട്ടികളോട് കാണിക്കുന്ന, അവരുടെ ഡിജിറ്റൽ ഉപകരണങ്ങളുടെ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നതു പോലും ഈ സഭയിൽ വരാതിരിക്കാൻ നിങ്ങൾ കാണിക്കുന്ന ഈ പ്രവർത്തനം കേരളത്തിലെ വിദ്യാർത്ഥികളോടുള്ള കൊഞ്ഞനംകുത്താണ് എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മികച്ച അദ്ധ്യാപക പരിശീലനത്തിന് ലോകത്തിന്റെ വിവിധ രാജ്യങ്ങളിലുള്ള മാതൃകകൾ നമ്മുടെ അദ്ധ്യാപക പരിശീലനത്തിന് ഉതകുന്ന രീതിയിലുള്ള ഒരു എക്സ്പോഷർ, ട്രെയിനിംഗ് അത്തരത്തിൽ വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. ശിവൻകുട്ടി: സർ, നമ്മുടെ വിദ്യാഭ്യാസരീതിക്കും സമ്പ്രദായത്തിനുമൊക്കെ ഒരുപാട് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. കോവിഡ് കാലഘട്ടത്തിൽ ഡിജിറ്റൽ വിദ്യാഭ്യാസവുമായി മുന്നോട്ടുപോയ ഏക സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ കേരളം മാത്രമാണ് ധൈര്യത്തോടുകൂടി ബോർഡ് പരീക്ഷ

നടത്താൻ തയ്യാറായത്. എസ്.എസ്.എൽ.സി. പരീക്ഷ നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പ്രഖ്യാപിച്ചപ്പോൾ അത് നടത്താൻ പാടില്ലെന്ന് വെല്ലുവിളിച്ച വരാണ് കേരളത്തിലെ പ്രതിപക്ഷം എന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. എന്നാൽ, ഇന്ത്യയ്ക്കാകെ മാതൃകയായി, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഇന്ന് ഒരുപക്ഷേ ലോകത്തുതന്നെ ആദ്യമായി ഇത്രയധികം വിദ്യാർത്ഥികൾ പരീക്ഷയെഴുതിയ ഒരു സംസ്ഥാനം കേരളമാണെന്ന് സൂചിപ്പിക്കുകയാണ്. അതിനുശേഷം പ്ലസ് ടു പരീക്ഷയും ലാബ് പരീക്ഷയും നടന്ന അവസരത്തിൽ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. അതും വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ഡിജിറ്റൽ കാലഘട്ടമാണ്. ഇനിയിപ്പോൾ ആലോചിക്കുന്നത് ഡിജിറ്റൽ ഓൺലൈൻ വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ്. അതിന് ബൃഹത്തായ പ്രോഗ്രാമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിച്ചിട്ടുള്ളത്. അതിനായി സ്കൂൾ തലത്തിലുള്ള കമ്മിറ്റികൾ, തദ്ദേശഭരണ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിലുള്ള കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ ഇതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഡിജിറ്റൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് നേരിട്ട് ഇടപെട്ട് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുമ്പോൾ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ കിട്ടുമെന്ന് ഉറപ്പാക്കുന്ന സമീപനവുമായിട്ടാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നുള്ള കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ നടപടി

4(*212) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെയും പി.റ്റി.എ.-യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22-ഓടെ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മലയോര മേഖലകളിലും, ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ, കേബിൾ കണക്ഷൻ ദൗർലഭ്യം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത പഠനോപകരണങ്ങൾ ലഭ്യമാക്കാൻ സ്പോൺസർമാരെ കണ്ടെത്തുന്നതായ റിപ്പോർട്ടിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ/ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലുള്ളവരുമായുള്ള യോഗം ചേരുകയും അതിന്റെ തുടർച്ചയായി ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അധ്യക്ഷനായ സെക്രട്ടറിതല സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ നിധി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പരീക്ഷാ സമ്പ്രദായത്തിൽ ഉചിതമായ മാറ്റം

5(*215) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ കരുത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ലോകോത്തരമാക്കുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആധുനിക ഡിജിറ്റൽ പശ്ചാത്തല സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി സമഗ്ര പോർട്ടൽ സജ്ജീകരിച്ച് നിരന്തരമായി പരിഷ്കരിച്ചുവരുന്നുണ്ട്. അദ്ധ്യാപകരെ ആധുനികമായ ബോധനതന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിനായി അദ്ധ്യാപക ശാക്തീകരണ പരിപാടി പരിഷ്കരിച്ചുവരുന്നു. പഠനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ അക്കാദമിക പിന്തുണാ സംവിധാനം നടപ്പിലാക്കിവരുന്നു.

(ബി) ഓരോ പഠിതാവിന്റെയും ശേഷിയും പ്രതിഭയും കണ്ടെത്തി വികസിപ്പിക്കുന്ന തരത്തിൽ വിദ്യാഭ്യാസരീതിയെ പരിവർത്തനം നടത്താനായിട്ടുണ്ടോ?

ഓരോ കുട്ടിയുടെയും കഴിവും അഭിരുചിയും കണ്ടെത്തി അതിനെ പൂർണ്ണതയിലെത്തിക്കുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിനായി ശക്തമായ 'മെന്ററിംഗ്' സംവിധാനം ആവശ്യമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ കുട്ടിയേയും സവിശേഷമായി തന്നെ പരിഗണിച്ച് പഠന പിന്തുണ ഉറപ്പുവരുത്തുന്നതിന് 'സഹിതം' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെയും സർവ്വ വിവരങ്ങളും അനുയോജ്യമായ മാർഗ്ഗത്തിലൂടെ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 'സ്റ്റുഡന്റ് പ്രൊഫൈലിംഗ് 'എന്ന സങ്കേതമാണ് ഉപയോഗിക്കുന്നത്. അത്തരം വിവരങ്ങൾ വിശകലനം ചെയ്ത് ഓരോ പഠിതാവിന്റെയും ശേഷിയും പ്രതിഭയും കണ്ടെത്തുകയും അത് വികസിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നു.

(സി) ഗ്രേഡ് നിർണ്ണയത്തിൽ പാഠപുസ്തകങ്ങളിലെ അറിവ് സ്വായത്തമാക്കിയത് പകർത്തുന്നതാണ് പ്രധാനമെന്നതിനാൽ പരീക്ഷാസമ്പ്രദായത്തിൽ ഉചിതമായ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മൂല്യനിർണ്ണയം സമഗ്രവും നിരന്തരവുമായി നടക്കേണ്ടതാണ് എന്നതാണ് കാഴ്ചപ്പാട്. ഈ കാഴ്ചപ്പാട് സാർത്ഥകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. 'എന്തറിയില്ല' എന്ന് പരിശോധിക്കുന്ന പഴയ പരീക്ഷാസമ്പ്രദായത്തിനുപകരം കുട്ടികൾക്ക് 'എന്തറിയാം' എന്ന് വിലയിരുത്താൻ കഴിയുന്ന തരത്തിലേയ്ക്ക് മൂല്യ നിർണ്ണയത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. അറിവിന്റെ വികാസം അനുനിമിഷം നടക്കുന്ന ഈ ലോകക്രമത്തിൽ പാഠപുസ്തകത്തിന് പുറത്തുള്ള സമൂഹ ചലനങ്ങളേയും പ്രകൃതിയിൽ നടക്കുന്ന മാറ്റങ്ങളെയും കുട്ടികൾ ഉൾക്കൊള്ളേണ്ടതുണ്ട്. അറിവ് സ്വായത്തമാക്കുക എന്നതാണ് പ്രാധാന്യം. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് മൂല്യ നിർണ്ണയ രീതിയിൽ പരിവർത്തനത്തിന് സഹായകമായ പഠനം, പാഠ്യപദ്ധതി സംബന്ധിച്ച ആലോചനകളുടെ ഭാഗമായി നടക്കുന്നുണ്ട്. കേരള കരിക്കുലം ചട്ടക്കൂട് 2007 തയ്യാറാക്കുന്ന ഘട്ടത്തിലും പഠനങ്ങൾ നടന്നിട്ടുണ്ട്. തുടർന്നും വിവിധ ഘട്ടങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ട്.

## ടൂറിസം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

6(*216) ശ്രീ. എ. രാജ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഹോട്ടലുകളും റിസോർട്ടുകളും നിബന്ധനകൾക്ക് വിധേയമായി തുറക്കാൻ അനുമതി നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള മുൻകരുതലായി ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ചുള്ള വാക്സിനേഷൻ പദ്ധതി നടന്നുവരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻനിരയിൽ പ്രവർത്തിക്കുന്ന 18-നും 45 വയസ്സിനും ഇടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകിക്കഴിഞ്ഞു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ് ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസിനുമുകളിൽ പ്രായമുള്ള ജീവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ വയനാട് ജില്ലയിലെ വൈത്തിരി, മേപ്പാടി എന്നിവിടങ്ങളാണ് തെരഞ്ഞെടുത്തിരുന്നത്. അതിൽ വൈത്തിരിയിൽ വാക്സിനേഷൻ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. മേപ്പാടിയിൽ വാക്സിനേഷൻ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത ഘട്ടമായി കുമരകം, ഫോർട്ട് കൊച്ചി, ആലപ്പുഴ, വർക്കല, കോവളം എന്നിവിടങ്ങളിലാണ് സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുക.

(സി) ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നത് സംബന്ധിച്ച തീരുമാനം എന്തെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് എടുത്തിട്ടുള്ളതെന്നും പ്രസ്തുത തീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി തുറക്കുന്ന കാര്യം ആലോചനയിലാണ്. ഇക്കാര്യത്തിൽ കോവിഡ് വ്യാപനത്തോത് കണക്കിലെടുത്ത് സർക്കാർ എടുക്കുന്ന പൊതു തീരുമാനങ്ങൾക്കനുസൃതമായിട്ടുള്ള നടപടികളാണുണ്ടാവുക.

## സ്കൂൾ പാഠ്യപദ്ധതി രൂപീകരണം

7(*217) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി രൂപീകരിക്കുന്നതിന് ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് അറിയിക്കാമോ; പാഠ്യ പദ്ധതി രൂപീകരണത്തിന്റെ പ്രക്രിയ വിശദമാക്കാമോ?

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി). പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനായി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കണം. പാഠ്യപദ്ധതി രൂപീകരണത്തിനായുള്ള പൊതു ആശയ രൂപീകരണത്തിന്റെ ഭാഗമായി വിദഗ്ദ്ധരുടെയും ജനങ്ങളുടെയും അഭിപ്രായം തേടണം. അതോടൊപ്പം വിവിധ വിഷയമേഖലയിൽ ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കണം.

ഫോക്കസ് ഗ്രൂപ്പുകളുടെ വിപുലമായ ചർച്ചകൾക്കുശേഷം ഒരോ മേഖലയെക്കുറിച്ചും രേഖകൾ തയ്യാറാക്കണം. തുടർന്ന് ഇവയെല്ലാം ഉൾച്ചേർത്ത് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് തയ്യാറാക്കും. പ്രസ്തുത കരട് സംസ്ഥാനതലത്തിൽ വിദഗ്ധരുമായി ചർച്ച ചെയ്ത് അന്തിമരൂപം നൽകും. ഇതാണ് സാധാരണഗതിയിൽ സംസ്ഥാനത്ത് അനുവർത്തിച്ചുവരുന്ന രീതി.

(ബി) പാഠ്യ പദ്ധതി രൂപീകരണം സർക്കാരിന്റെ സ്വതന്ത്രമായ ചുമതലയിൽ നടത്തുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസം എന്നത് സമവർത്തി പട്ടികയിലാണ്. ദേശീയതലത്തിൽ ഭരണഘടനയെ മുൻനിർത്തി മുന്നോട്ടുവയ്ക്കുന്ന പൊതുധാരണ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്ടിൽ വ്യക്തമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിലെ സവിശേഷതകൾകൂടി ഉൾച്ചേർത്തുകൊണ്ട് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടും തുടർന്ന് പാഠപുസ്തകങ്ങൾവരെ ഉണ്ടാക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടരുന്നത്. എന്നാൽ ദേശീയ വിദ്യാഭ്യാസ നയം 2020-ന്റെ തുടർച്ചയായി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യം വികസിപ്പിക്കുന്നതിന് പകരം സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് ആദ്യം വികസിപ്പിക്കാൻ നിർദ്ദേശിക്കുകയും അത് എൻ.സി.ഇ.ആർ.ടി.-ക്ക് അയച്ചു കൊടുക്കണമെന്നും പ്രസ്തുത സ്ഥാപനം ഇതെല്ലാം പരിഗണിച്ച് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുമെന്നും അതനുസരിച്ചുവേണം സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിന് അന്തിമരൂപം നൽകേണ്ടതെന്നുമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന നിർദ്ദേശം. ഇപ്രകാരം പറയുന്നത് ഇതുവരെ പിന്തുടരുന്ന രീതിക്ക് വിരുദ്ധമാണ്. അതുകൊണ്ടുതന്നെ പാഠ്യപദ്ധതി രൂപീകരണം സംസ്ഥാന സർക്കാരിന്റെ സ്വതന്ത്ര ചുമതലയിൽ നടത്തുന്നതിന് ഭാവിയിൽ തടസ്സങ്ങളുണ്ടാകാം.

(സി) പാഠ്യപദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ അത് സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ ഉള്ളടക്കത്തെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യം തയ്യാറാക്കുകയും തുടർന്ന് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുകയും ചെയ്യുകയെന്നതാണ് ഇതുവരെ കൈക്കൊണ്ടിരുന്ന രീതി. ഇതിൽനിന്നും ഭിന്നമായി സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യം തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കണമെന്നും ദേശീയതലത്തിൽ തുടർന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് അന്തിമമാകണമെന്നുമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന നിർദ്ദേശം. ഇത് ജനാധിപത്യപരമല്ല എന്നുമാത്രമല്ല കേന്ദ്രീകരണത്തിനുള്ള ശ്രമവുമായി മാറാം. ഇത്തരം കേന്ദ്രീകരണ ശ്രമങ്ങൾ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ ഉള്ളടക്കത്തെ ദോഷകരമായി ബാധിച്ചേക്കാം.

## പട്ടയ വിതരണം കാര്യക്ഷമമാക്കാൻ നടപടി

8(*218) ശ്രീ. ആന്റണി ജോൺ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനും അർഹരായവരുടെ കൈവശ ഭൂമിക്ക് രേഖ നൽകുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3778/18/റവ. പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ പൊതു അവധി ദിനങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. അർഹരായവരുടെ കൈവശ ഭൂമിക്ക് കൈവശരേഖ നൽകുന്നതിന് 7-7-1997-ലെ ജി.ഒ (എം.എസ്) 511/97/റവ. 9-11-1999-ലെ ജി.ഒ (എം.എസ്) 440/99/റവ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടയ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ട ഇടപെടൽ ഉണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സമയബന്ധിതമായ നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനുകീഴിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കുന്നത്. സർക്കാർ ഭൂമി പതിച്ചുനൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പട്ടയ അപേക്ഷകളിൽ കാലതാമസമില്ലാതെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ലാൻഡ് ട്രിബ്യൂണൽ ചെയർമാൻമാർക്ക് നൽകിയിട്ടുള്ളതാണ്. പട്ടയ അപേക്ഷകളിൽ നിയമാനുസൃതമായിട്ടുള്ളവയിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടി പൂർത്തീകരിച്ച് അർഹരായവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 1-4-1964-നുമുമ്പ് മുതൽ ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രിബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രിബ്യൂണലുകൾ, 16 ദേവസ്വം ട്രിബ്യൂണലുകൾ, 16 സ്പെഷ്യൽ ഓഫീസ് ട്രിബ്യൂണലുകൾ എന്നിവയാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസ്സുകൾ നാമമാത്രമാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസീൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കോവിഡ്-19 നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ വിചാരണ നടപടി സ്വീകരിക്കാൻ കഴിയാത്തതിനാൽ ലാൻഡ് ട്രിബ്യൂണലുകളിലെ കേസ് തീർപ്പാക്കൽ പുരോഗതിയിൽ കുറവ് വന്നിട്ടുണ്ട്. കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കി അർഹരായവരെ മുഴുവൻ ഭൂമിയുടെ പൂർണ്ണ അവകാശികളാക്കി മാറ്റാൻവേണ്ടി വിളിച്ചുചേർക്കുകയും ഓരോ ട്രിബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ കേസ്സുകളുടെ പുരോഗതി അവലോകനം നടത്തിവരുന്നു.

### റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ

9(*219) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ. :
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി മോശമാകാനുള്ള പ്രധാന കാരണങ്ങൾ കാലാവസ്ഥയും ജലനിർഗ്ഗമനചാലുകളുടെ അപര്യാപ്തതയും ആയതിനാൽ ഉചിതമായ നിർമ്മാണസാമഗ്രികളും നിർമ്മാണ സാങ്കേതികവിദ്യയും പ്രയോഗിക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന അതിവർഷംമൂലം നിരത്തുവിഭാഗത്തിൻകീഴിലെ റോഡുകൾക്ക് സാരമായ തകരാറുണ്ടാകുന്നുണ്ട്. റോഡുകളിലൂടെയുള്ള ശക്തമായ വെള്ളപ്പാച്ചിലും, വെള്ളക്കെട്ടുംമൂലം റോഡുകൾക്ക് തകരാറുകൾ സംഭവിക്കുന്നു. ആയത് ഒഴിവാക്കുന്നതിനായി ഫണ്ട് ലഭ്യത കണക്കിലെടുത്തും സ്ഥല ലഭ്യതയനുസരിച്ചും ആവശ്യംവേണ്ട ഓടകളും കലുങ്കുകളു മുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും നടപടി സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലുൾപ്പെടുത്തി ഓടകൾ, കലുങ്ക് എന്നിവയിലൂടെ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളിലെ കുഴിയടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന തിനായുള്ള മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗര പാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്നവയാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ്സ് IRC SP:76-2015 പ്രകാരം വൈറ്റ് ടോപ്പിംഗ് നിർമ്മാണ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി നിരത്തു വിഭാഗത്തിനുകീഴിലെ എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽവരുന്ന റോഡുകളിൽ പ്രകൃതിക്ഷോഭ സംബന്ധമായ പ്രശ്നങ്ങൾ തടയുന്നതിനായി Retaining wall, Culvert, Drain, BM&BC എന്നിവയുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവെ മന്ത്രാലയത്തിന്റെയും IRC-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കാറുണ്ട്. ആധുനിക സാങ്കേതികവിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിലും, ബലപ്പെടുത്തൽ പ്രവൃത്തികളിലും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്. നൂതന യന്ത്ര സാമഗ്രികൾ എല്ലാം തന്നെ കരാറിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിലെ ഒരു പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ നിർമ്മാണം Natural Rubber Modified Bitumen ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. സി.ആർ.എഫ്. പദ്ധതികളിൽ ബിറ്റുമിനസ് കോൺക്രീറ്റിൽ പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

(ബി) നൂതന നിർമ്മാണരീതികളെക്കുറിച്ചും നിർമ്മാണസാമഗ്രികളെക്കുറിച്ചും മനസ്സിലാക്കുന്നതിന് കരാറുകാർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചും നൂതന നിർമ്മാണ സാമഗ്രികളെക്കുറിച്ചും പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർക്ക് അവബോധം സൃഷ്ടിക്കുവാനായി ശില്പശാലകളും പരിശീലന പരിപാടികളും ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള എച്ച്.ആർ.ഡി സെൽ, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മുഖേന നിശ്ചിത ഇടവേളകളിൽ നടപ്പിലാക്കിവരുന്നു. കരാറുകാർക്കും നൂതന നിർമ്മാണ രീതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി പരിശീലന പരിപാടികൾ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

കേരള പൊതുമരാമത്ത് വകുപ്പിന്റെ ഏക ഗവേഷണ സ്ഥാപനമാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI). ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിനുകീഴിലാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. ലോക ബാങ്കിന്റെ പിന്തുണയോടെ കേരള സർക്കാർ 2020-21-ൽ റോഡ് മേഖലയിലെ മികവിന്റെ കേന്ദ്രമായി KHRI-യെ ഉയർത്തി. KHRI-യിൽ പ്രവർത്തിക്കുന്ന ടെസ്റ്റിംഗ് ലബോറട്ടറികൾ NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ളതാണ്. KHRI കേരളത്തിലെ സർക്കാർ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ആദ്യത്തെ NABL അംഗീകൃത സിവിൽ എഞ്ചിനീയറിംഗ് ലബോറട്ടറിയുമാണ്. KHRI-യുടെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്ന അഞ്ച് വിഭാഗങ്ങളിലാണ്.

(1) മെറ്റീരിയൽസ് ടെസ്റ്റിംഗ് - KHRI-യുടെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികൾ കെട്ടിടം, റോഡ്, മണ്ണ് എന്നിവയുടെ പരിശോധന, കോൺക്രീറ്റ് ഘടനകളുടെ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എന്നിവയും നടത്തുന്നു.

(2) പരിശീലനം - വകുപ്പിലെ എഞ്ചിനീയർമാർക്കായി വിവിധ IIT-കൾ, CRRI, മറ്റ് ദേശീയതല വിദഗ്ദ്ധർ എന്നിവരെ ഏകോപിപ്പിച്ച് വിപുലമായ പരിശീലന പരിപാടികളും വകുപ്പിലെ സ്റ്റാഫുകൾക്ക് നൽകുന്ന വിവിധ ഇൻഡക്ഷൻ പരിശീലനങ്ങളും KHRI സംഘടിപ്പിക്കുന്നു.

(3) ഗവേഷണ & പൈലറ്റ് പദ്ധതികൾ - വിവിധ ഗവേഷണ വിഷയങ്ങളിൽ IIT മദ്രാസ്, IIT പാലക്കാട് തുടങ്ങിയ സ്ഥാപനങ്ങളുമായി KHRI സഹകരിക്കുകയും പ്രസ്തുത പ്രീമിയർ സ്ഥാപനങ്ങളുടെ പിന്തുണയോടെ KHRI വിവിധ നൂതന നിർമ്മാണ വസ്തുക്കളുടെയും ഡിസൈനുകളെയും കുറിച്ച് പൈലറ്റ് പഠനങ്ങൾ നടത്തുകയും ചെയ്യുന്നു. കുഴികൾ നന്നാക്കുന്നതിനുള്ള "കാന്തൽ മിക്സ്", സമുദ്രജലത്തിന്റെ ആഘാതത്തിന് വിധേയമായ കോൺക്രീറ്റ് ഘടനകളെ സംരക്ഷിക്കുന്നതിനുള്ള " കാത്തോഡിക് പരിരക്ഷ" തുടങ്ങിയവ പൈലറ്റ് പഠനങ്ങളിൽ ചിലതാണ്.

(4) പ്രശ്ന പരിഹാര ക്ലസ്റ്റർ - KHRI-ൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസിന്റെ (CoE) ഭാഗമാണിത്. വിവിധ IIT-കളുടെയും ദേശീയ സ്ഥാപനങ്ങളുടെയും പിന്തുണയോടെ KHRI ഈ ക്ലസ്റ്ററിലൂടെ ഫീൽഡിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു. ഈ ക്ലസ്റ്ററിന്റെ ഭാഗമായി, ജിയോ ടെക്നിക്കൽ പ്രശ്നങ്ങൾ, പാലങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ നിന്ന് കൈമാറിയ പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

(5) ഇന്നൊവേറ്റീവ് ഡിസൈൻ വകുപ്പിലെ രൂപകൽപ്പനയിലും സാമഗ്രികളിലും പുതുമ കൊണ്ടുവരികയെന്നതാണ് KHRI-യിലെ ഈ യൂണിറ്റിന്റെ പങ്ക്. പ്രീകാസ്റ്റ് & പ്രീഫാബ് നിർമ്മാണം, ആൾട്രാ ഹൈ-പെർഫോമൻസ് കോൺക്രീറ്റ് പോലുള്ള നൂതന സാമഗ്രികൾ തുടങ്ങിയ നൂതന രൂപകൽപ്പനകൾ ഈ യൂണിറ്റുവഴി വകുപ്പിൽ നടപ്പിലാകും.

**കൂടുതൽ ഐ. ടി. ഐ.- കൾ ആരംഭിക്കുന്നതിന് നടപടി**

10(*220) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി.-ക്കുശേഷം പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഏറെയും ആശ്രയിക്കുന്നത് ഐ.ടി.ഐ.-കളെ ആണെന്ന കാര്യം കണക്കിലെടുത്ത് കൂടുതൽ ഐ.ടി.ഐ.- കൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ടോ?

ഇല്ല. നിലവിൽ സംസ്ഥാനത്ത് 85 നിയമസഭാമണ്ഡലങ്ങളിൽ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒന്ന് എന്ന തരത്തിൽ ഐ.ടി.ഐ.- കൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ?

സംസ്ഥാനത്ത് 69 ബ്ലോക്ക് പഞ്ചായത്തുകളിൽ വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ സർക്കാർ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒന്ന് എന്ന തരത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## നദികളിലെ മണൽ നീക്കംചെയ്യൽ

11(*221) ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിൽ നിന്നുള്ള മണൽ വാരൽ നിരോധിച്ചിട്ടുണ്ടോ?

പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ മണൽ വാരൽ നിർത്തി വച്ചിരിക്കുകയാണ്. നിയമാനുസൃതം ഖനനം ചെയ്യേണ്ട മണൽ ലഭ്യതയില്ലായെന്ന് സാൻഡ് ആഡിറ്റ് മുഖേന 2015-16 കാലയളവിൽ കണ്ടെത്തിയ കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, നെയ്യാർ, കബനി, വാമനപുരം, കരുവന്നൂർ, അഞ്ചരക്കണ്ടി, മീനച്ചിൽ, കരമന, ഗായത്രിപ്പുഴ, ചാലക്കുടി, ഇത്തിക്കര എന്നീ നദികളിൽ മണൽവാരൽ നിരോധനം ഏർപ്പെടുത്തിയിരുന്നു.

(ബി) 2018-ലെ അതിതീവ്ര പ്രളയത്തിൽ നദികളിൽ വൻ തോതിൽ അടിഞ്ഞ മണ്ണും മണലും നീക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇത് നദികളുടെയും ജലാശയങ്ങളുടെയും ജല വാഹക ശേഷി കുറയ്ക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ അത്തരം സാഹചര്യം ഇല്ല. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നവിധം പ്രളയം കാരണം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ

ശേഷി കൂട്ടുന്നതിനുവേണ്ട ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24-12-2019-ലെ സ.ഉ.(ആർ.റ്റി) നമ്പർ 3880/2019/ ആർ.ഡി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണ് മാറ്റുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, MOEF & CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽനിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം മാത്രമേ നദികളിൽ നിന്നുള്ള മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. അതിനുശേഷം മാത്രമേ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം നിലവിലുള്ള കടവു കമ്മിറ്റികൾ മുഖാന്തരം മണൽ ഖനനം നടത്താനും നിർമ്മിതി കേന്ദ്രത്തിന്റെ കലവറ മുഖേനയോ മറ്റ് സർക്കാർ നിയോഗിക്കുന്ന ഏജൻസികൾ മുഖാന്തരമോ മണൽ വിതരണം നടത്താനും സാധിക്കുകയുള്ളൂ.

(സി) ഏതെല്ലാം നദികളുടെ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിത രീതിയിൽ മണൽ മാറ്റാൻ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ 44 നദികളിൽ 30 പ്രധാന നദികളും 5 പോഷക നദികളുമാണ് മണൽ വാരൽ മാനദണ്ഡങ്ങൾ അനുസരിച്ച് ഇതുവരെ സാൻഡ് ആഡിറ്റിംഗ് നടത്തിയിട്ടുള്ളത്. 26 പ്രധാന നദികളും 3 പോഷക നദികളും ചേർത്ത് ആകെ 29 നദികളുടെ സാൻഡ് ആഡിറ്റിംഗ് റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. പമ്പ, പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ, പെരുമ്പ, ഭാരതപ്പുഴ, ഉപ്പള, ഷിറിയ & എൽക്കാന, മാഹി, വളപട്ടണം, അച്ചൻകോവിൽ, കടലുണ്ടി, ശ്രീകണ്ഠാപുരം, ചന്ദ്രഗിരി (പാർട്ട്-2), മൊഗ്രാൽ, മണിമല, കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, നെയ്യാർ, കബനി, വാമനപുരം, കരുവന്നൂർ, അഞ്ചരക്കണ്ടി, മീനച്ചിൽ, കരമന, ഗായത്രിപ്പുഴ, ചാലക്കുടി, ഇത്തിക്കര എന്നീ 29 നദികളുടെ സാൻഡ് ആഡിറ്റിംഗ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത

ട്രിബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, MOEF & CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽ നിന്നും പാരിസ്ഥിതികാനുമതി ലഭ്യമായതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവു കമ്മിറ്റികൾ മുഖാന്തരം മണൽ മാറ്റുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) നദീതീര സംരക്ഷണത്തിനായി റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

നദീതീരങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമുള്ള പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, ജിയോ ഫെൻസിംഗ്, ജിയോ ടെക്സ്റ്റൈലിംഗ്, നദീ തീരങ്ങളിൽ റിപ്പേറിയൻ പ്രദേശങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ, സ്കൂൾ, കോളേജിലെ എൻ.എസ്.എസ് യൂണിറ്റുകളെ ഉപയോഗിച്ചുകൊണ്ടുള്ള നദീതീര സംരക്ഷണ ബോധവത്കരണ പരിപാടികളുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നുവരുന്നത്.

**റോഡ് നിർമ്മാണ പദ്ധതികൾ**

12(*222) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-പാരിപ്പള്ളി റിംഗ് റോഡ് പോലുള്ള വൻകിട പദ്ധതികൾ വിഭാവന ചെയ്ത് മുന്നോട്ടുപോകുകയും തീരദേശ-മലയോര ഹൈവേകൾ പോലുള്ള ബൃഹത് പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലായിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നവീകരണ, വിപുലീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ക്രിയാത്മകമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് വൻകിട റോഡ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ്

വെഹിക്കിൾ (എസ്.പി.വി) ആയി കെ.ആർ.എഫ്.ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ചിരുന്നു. നിലവിൽ കിഫ്ബിയിൽ ഉൾപ്പെടുന്ന നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിനായി കെ.ആർ.എഫ്.ബി.-യുടെ പി.എം.യു. വിഭാഗം ഫീൽഡ് തലത്തിലും രൂപീകരിച്ചിട്ടുണ്ട്. വൻകിട റോഡ് പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി നേരിട്ട പ്രധാന തടസ്സങ്ങൾ സ്ഥല ലഭ്യത, നിലവിലെ റോഡുകളിൽ നിന്ന് കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യു.എ അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുക തുടങ്ങിയവയാണ്. നിലവിൽ റോഡ് കുഴിക്കുന്നതിനുള്ള അനുമതികൾ എല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) പോർട്ടൽ മുഖേനയാണ് നൽകിവരുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശാദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.

(ബി) റോഡ് ഡിസൈനിംഗ് വിംഗ് ആധുനീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

ഡിസൈൻ വിംഗ് നവീകരിക്കുന്നതിന്റെ ഭാഗമായി 10-4-2017-ലെ ജി.ഒ. (എം.എസ്.) 24/2017/പി.ഡബ്ല്യു.ഡി പ്രകാരം 2018-ൽ ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റ് എന്നീ വിംഗുകൾ ചീഫ് ഡിസൈൻ ഓഫീസിലും എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ഡിസൈൻ ഓഫീസുകളും രൂപീകരിച്ചിട്ടുണ്ട്. ഡിസൈൻ വിംഗിന്റെ കീഴിൽ വരുന്ന പ്രോജക്ടുകൾ സമയബന്ധിതമായും കൃത്യമായും ചെയ്തുകൊടുക്കുന്നതിനുവേണ്ടി civil 3D, Open roads, IIT Pave എന്നീ നൂതന സോഫ്റ്റ്വെയറുകളിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ഓഫീസുകളിലെ എഞ്ചിനീയർമാർക്ക് നൽകുകയുണ്ടായി. ഇതിലൂടെ ശാസ്ത്രീയമായി റോഡിന്റെ രൂപകല്പന ചെയ്യുവാനും എസ്റ്റിമേറ്റ് എടുക്കുവാനും മിനിമം സോഷ്യൽ ഇംപാക്റ്റ് വരുന്ന രീതിയിലും റോഡ് ഡിസൈനുകൾ ചെയ്യുവാനും സാധിക്കുന്നു.

(സി) നിരത്തുനിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്ന നവീന സാങ്കേതിക വിദ്യകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിരത്തുനിർമ്മാണത്തിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ ഉൾക്കൊണ്ടുകൊണ്ട് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, ഭൂഗർഭ ജലനിരപ്പ്, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ബി.എം. & ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആയതിനാൽ

തന്നെ ഈ റോഡുകൾ 10 മുതൽ 15 വർഷങ്ങൾ വരെ ദീർഘകാലം ഈടു നിൽക്കുന്നവയാണ്. റോഡ് നിർമ്മാണ വേളയിൽ തന്നെ പ്രധാന പ്രവൃത്തികളിൽ സ്ഥലലഭ്യതയനുസരിച്ച് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., ടെലി കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി ഡക്റ്റുകൾ, നിർമ്മിക്കുന്നതിനാൽ നിർമ്മാണശേഷം റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നു. കൂടാതെ റോഡുകളിൽ മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിന് ആവശ്യമായ ഓടകൾ, കലുങ്കുകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്ട് പാത്തുകൾ, മറ്റ് റോഡ് സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണ രീതി നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനഃനിർമ്മിക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടി സ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിനും സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. സാങ്കേതിക രംഗത്തെ നവീന ആശയങ്ങളെക്കുറിച്ച് ബോധ വൽക്കരണം നൽകുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

## ശാസ്ത്രാദ്ധ്യയനം പ്രോത്സാഹിപ്പിക്കുവാൻ നടപടി

13(*223) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u> :
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതു വിദ്യാഭ്യാസരംഗത്ത് ശാസ്ത്രാദ്ധ്യയനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ രംഗത്ത് ശാസ്ത്രാദ്ധ്യയനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പഠന സൗകര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. ശാസ്ത്ര പദ്ധതി വിനിമയത്തിൽ പ്രവർത്തനാധിഷ്ഠിത പഠന രീതിക്ക് ഊന്നൽ നൽകിയിരിക്കുന്നു.

2. ഇതിന് അദ്ധ്യാപകരെ സജ്ജമാക്കുന്ന പ്രവർത്തനാധിഷ്ഠിത സെഷനുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

3. പാഠപുസ്തകങ്ങളുടെ ഉള്ളടക്കം കാലാനുസൃതമായി മാറ്റങ്ങളുൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു.

4. ശാസ്ത്ര വിഷയങ്ങളുടെ അദ്ധ്യയനത്തിൽ ഗവേഷണാത്മകത പ്രോത്സാഹിപ്പിക്കുന്നതിനായി അദ്ധ്യാപകരിൽനിന്നും അപേക്ഷ ക്ഷണിച്ച്, തെരഞ്ഞെടുക്കപ്പെടുന്നവ അക്കാദമികവും സാമ്പത്തികവുമായ പിന്തുണ നൽകുന്ന പ്രവർത്തനം നടപ്പാക്കിവരുന്നുണ്ട്.

5. സ്കൂൾ തലത്തിൽ നടത്തുന്ന മികച്ച ശാസ്ത്ര ക്ലാസ്സുകളുടെ മാതൃകകൾ ഡോക്യുമെന്റ് ചെയ്ത് മറ്റ് സ്കൂളുകൾക്കും സ്വീകരിക്കാവുന്ന വിധത്തിൽ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

6. അമൂർത്തമായ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട വീഡിയോ, അനിമേഷൻ, പരീക്ഷണങ്ങൾ എന്നിവ തയ്യാറാക്കി സമഗ്ര പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

7. ശാസ്ത്രാദ്ധ്യയനം പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്രരംഗം/ശാസ്ത്രായനം എന്നൊരു പുതിയ പദ്ധതിയും ശാസ്ത്രരംഗം എന്ന പേരിൽ ഒരു ത്രൈമാസികയും ആരംഭിച്ചിട്ടുണ്ട്.

8. വിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ ശാസ്ത്രബോധം വളർത്തുന്നതിനുവേണ്ടി ശാസ്ത്രപഥം, ശാസ്ത്രപാർക്ക്, ശാസ്ത്ര കൗതുകം തുടങ്ങിയ പരിപാടികൾ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽവച്ച് നടത്തുന്നു.

9. ഗണിത വിഷയങ്ങളിലെ അഭിരുചി വളർത്താൻ ഗണിതോത്സവം, ഗണിത വിജയം, ഉല്ലാസ ഗണിതം എന്നീ പരിപാടികൾ നടത്തി വരുന്നു.

(സി) ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

1. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് ന്യൂമാറ്റ്സ്, സ്റ്റെപ്പ്സ് എന്നിവയുടെ മാതൃകയിൽ സ്റ്റേറ്റ് തലത്തിലുള്ള കുട്ടികളെ ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ആസൂത്രണം നടന്നുവരുന്നു.

2. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കായി ശാസ്ത്ര പ്രോജക്ട് മത്സരം പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലുമായി ചേർന്ന് നടപ്പാക്കുന്നുണ്ട്.

3. സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രമേളയും സയൻസ് ടാലന്റ് സെർച്ച് പരീക്ഷയും നടപ്പാക്കിവരുന്നു. ശാസ്ത്രാശയങ്ങളെ ജനകീയമാക്കുക എന്നതും ശാസ്ത്രമേളകളുടെ ലക്ഷ്യമാണ്.

4. ശാസ്ത്രാഭിരുചിയുള്ള വിദ്യാർത്ഥികളെ ശാസ്ത്രരംഗം പദ്ധതിയിലുൾപ്പെടുത്തി അവർക്കാവശ്യമായ പഠനക്യാമ്പുകളും വിദഗ്ധരുമായുള്ള സംവാദത്തിനുള്ള അവസരങ്ങളും നൽകിവരുന്നു. കൂടാതെ ശാസ്ത്രസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരവും ഒരുക്കാറുണ്ട്.

(ഡി) ശാസ്ത്രമേഖലയിലെ പുതിയ കണ്ടെത്തലുകൾ അവയുടെ ആധികാരികത ഉറപ്പിച്ച് വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ തലത്തിലുള്ളത്; വിശദമാക്കുമോ?

1. ശാസ്ത്രപഥം പോലുള്ള പരിപാടികളുടെ ഭാഗമായി നടക്കുന്ന സെമിനാറുകളിൽ കുട്ടികൾക്ക് നേരിട്ട് പ്രമുഖ ശാസ്ത്രജ്ഞരുമായും വിഷയ വിദഗ്ധരുമായും ഓൺലൈനായി സംവദിക്കാൻ അവസരം ഒരുക്കുന്നുണ്ട്.

2. ശാസ്ത്രമേഖലയിലെ പുതിയ കണ്ടെത്തലുകളെയും ചലനങ്ങളെയും കുറിച്ചുള്ള പഠനലേഖനങ്ങൾ തയ്യാറാക്കി ശാസ്ത്രരംഗം ത്രൈമാസികയിൽ പ്രസിദ്ധീകരിക്കുകയും അത് സ്കൂളുകൾ വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു.

3. പുതിയ കണ്ടെത്തലുകൾ ചർച്ച ചെയ്യുന്നതിനുള്ള അവസരങ്ങൾ, വിഷയാധിഷ്ഠിതമായി അദ്ധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്താറുണ്ട്.

4. ശാസ്ത്രമേഖലയിലെ പുതിയ കണ്ടെത്തലുകൾ അവയുടെ ആധികാരികത ഉറപ്പിച്ച് ഓരോ പാഠ്യപദ്ധതി പരിഷ്കരണത്തിലും ചർച്ച ചെയ്ത് അതത് തലങ്ങളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താറുണ്ട്.

5. ഗവേഷണ സ്ഥാപനങ്ങളുടേയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ശാസ്ത്ര വിഷയങ്ങളിൽ ആഭിമുഖ്യം ഉണ്ടാക്കാനും ഗവേഷണ താൽപ്പര്യം വർദ്ധിപ്പിക്കാനും ശാസ്ത്ര ക്യാമ്പുകളും വർക്ക്ഷോപ്പുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**റീ-സർവ്വേ നടപടികൾ**

14(*224) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2017-ൽ ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, സർവ്വേ അഡീഷണൽ ഡയറക്ടർ, ലാൻഡ് റവന്യൂ IT സെൽ നോഡൽ ഓഫീസർ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM) പ്രോജക്ട് മാനേജർ തുടങ്ങിയവർ ഗുജറാത്ത് സംസ്ഥാനം സന്ദർശിച്ച് അവിടെ നടപ്പിലാക്കിയിട്ടുള്ള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ സംബന്ധിച്ച നടപടി മനസ്സിലാക്കിയിട്ടുള്ളതും, 2020 ഫെബ്രുവരി 12, 13 തീയതികളിൽ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു നാഷണൽ സെമിനാർ സംസ്ഥാനത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19-7-2021 തീയതി മുതൽ 23-07-2021 വരെ

സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ ആന്ധ്രാപ്രദേശ് സന്ദർശിച്ച് ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷനുമായി ബന്ധപ്പെട്ട് അവിടെ സ്വീകരിച്ചിട്ടുള്ള നൂതന സാങ്കേതികവിദ്യകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ റീ-സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയുമാണ്.

(സി) റീ-സർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായെങ്കിലും, 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1579 വില്ലേജുകളും (റീ-സർവ്വേ ജോലികൾ പുരോഗതിയിലുള്ള വില്ലേജ് ഉൾപ്പെടെ) നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

### സ്കൂളുകളിലെ നിയമനങ്ങൾ

15(*225) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 മഹാമാരിക്കാലത്ത് സ്കൂളുകളിൽ നിയമനങ്ങൾ നടത്തുന്നതിന് നിയമപരമായ തടസ്സം നിലവിലുണ്ടോ; എങ്കിൽ തടസ്സം എന്താണെന്ന് വിശദമാക്കാമോ?

നിലവിൽ തടസ്സം ഇല്ല.

(ബി) പ്രസ്തുത തടസ്സം നീക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; ഇതുവഴി എത്ര അദ്ധ്യാപകർക്ക് പുതിയതായി നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിക്കാലത്ത് സ്കൂളുകളിൽ 2020-21 അദ്ധ്യയന വർഷം പി.എസ്.സി മുഖാന്തരം നിയമന ശിപാർശ നൽകുകയും നിയമന ഉത്തരവുകൾ നൽകിയതുമായ അദ്ധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 6-7-2021-ലെ സ.ഉ.(സാധാ)നമ്പർ 3287/2021/പൊ.വി.വ ഉത്തരവ്

പ്രകാരം ടി കാലയളവിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് 15-7-2021 മുതൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം പൊതുവിദ്യാലയങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ ഹയർ സെക്കൻഡറിയിൽ 549 ജൂനിയർ അദ്ധ്യാപകർക്കും 19 സീനിയർ അദ്ധ്യാപകർക്കും നിയമനം ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഗ്രേഡിംഗ് സൂചികകളിൽ കേരളത്തിന്റെ സ്ഥാനം എന്താണെന്ന് അറിയിക്കാമോ; ഇതിനടിസ്ഥാനമായ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

2019-20-ൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (P G I) പ്രകാരം കേരളം 'എ' എന്ന ഗ്രേഡിലാണ്. കേരളം ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളാണ് ഒന്നാമത്തെ ശ്രേണിയിൽ വന്നിട്ടുള്ളത്. പത്ത് ശ്രേണികളിലായിട്ടാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കേരളത്തിന്റെ സ്കോർ നില 5% മെച്ചപ്പെട്ടിട്ടുണ്ട്. പ്രാപ്യത, പഠന നേട്ടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തുല്യത എന്നിവയാണ് മാനദണ്ഡങ്ങൾ.

## വിദ്യാർത്ഥികളിലെ മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ നടപടി

16(*226) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി. എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാരണം വിദ്യാഭ്യാസം വീടുകളിലേക്ക് ചുരുങ്ങിയതിനാൽ വിദ്യാർത്ഥികളിൽ മാനസിക പ്രശ്നങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുട്ടികളുടെ മാനസിക നിലവാരം മനസിലാക്കുന്നതിനുവേണ്ടി എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം വിമൻസ് കോളേജുമായി ചേർന്ന് സംയുക്തമായി ഒരു പഠനം നടത്തിയിരുന്നു. ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിക്കുകയും ആ പാനലിന്റെ നിർദ്ദേശപ്രകാരം കുട്ടികളുടെ മാനസിക ഉല്ലാസത്തിനായുള്ള ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി നൽകുകയും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിരുന്നു. അതോടൊപ്പം തന്നെ കലാ കായിക വിദ്യാഭ്യാസം, യോഗ എന്നിവയുമായി ബന്ധപ്പെട്ട ഡിജിറ്റൽ ക്ലാസ്സുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻതന്നെ ആയത് കുട്ടികൾക്ക് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതായിരിക്കും. ഇത്തരത്തിൽ കുട്ടികളുടെ മാനസികവൈകാരിക സംഘർഷം ലഘൂകരിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലെ കൗമാരക്കാരായ വിദ്യാർത്ഥികൾക്കിടയിൽ ഇത്തരം മാനസിക സംഘർഷങ്ങൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ വിദ്യാലയത്തിലെ പരിശീലനം ലഭിച്ച സൗഹൃദകോർഡിനേറ്റർമാർ മേൽ വിദ്യാർത്ഥികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കടുത്ത മാനസിക സമ്മർദ്ദങ്ങൾ നേരിടുന്ന വിദ്യാർത്ഥികളെ ഗവൺമെന്റ് റഫറൽ സംവിധാനങ്ങളിലേയ്ക്ക് റഫർ ചെയ്യാറുമുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്കൂൾ തലങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

&

(സി) കുട്ടികളിൽ മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ പാഠ്യപദ്ധതിക്കൊപ്പം മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാംവിധം കൈറ്റിന്റെ നേതൃത്വത്തിൽ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽ വഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഇപ്പോൾത്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children(ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. ഹയർ

സെക്കണ്ടറി വിഭാഗത്തിൽ ഓൺലൈൻ ക്ലാസ്സുകളോടൊപ്പംതന്നെ കുട്ടികൾക്ക് മാനസികാരോഗ്യ ക്ലാസ്സുകൾകൂടി നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE-Assembly എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഹയർ സെക്കണ്ടറി വിഭാഗം സി.ജി. & എ.സി. (Career Guidance and Adolescent Counselling Cell) ജില്ലാ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ഓൺലൈൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കുന്നതിനും ദുരീകരിക്കുന്നതിനുമായി മാനസികാരോഗ്യ വിദഗ്ധരുടേയും വിദ്യാഭ്യാസ വിദഗ്ദ്ധരുടേയും ക്ലാസ്സുകൾ എല്ലാ വിദ്യാർത്ഥികൾക്കുമായി ZOOM-Platform, Youtube live എന്നിവ മുഖാന്തരം നൽകിവരുന്നു.

**വില്ലേജ് ഓഫീസുകളുടെ നവീകരണം**

17(*227) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി പ്ലാൻ സ്കീം പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, സ്ഥലപരിമിതികളുള്ള വില്ലേജ് ഓഫീസുകളിൽ അധികമുറി നിർമ്മാണം, കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി

ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇ-ഡിസ്ട്രിക്ട്-വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ഓൺലൈനായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

2. ആർ.ആർ. ഓൺലൈൻ - റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ. ഓൺലൈൻ.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation) - ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് ഇത്.

4. ഇ-പെയ്മെന്റ് - സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ് - ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടി തന്നെ സർക്കാർ ഖജനാവിലേയ്ക്ക് എത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(ബി) കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. പ്ലാൻ സ്കീം പ്രകാരം നാളിതുവരെ 260 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ 255 വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുള്ളതാണ്. നിർമ്മാണം പൂർത്തീകരിച്ച 125 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പട്ടിക അനുബന്ധം -1* ആയും നിർമ്മാണപ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന 350 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പട്ടിക അനുബന്ധം -2* ആയും ആദ്യ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 23 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം നടത്തുന്നതിന് തയ്യാറായി വരുന്ന വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധം-3* ആയും ചേർക്കുന്നു.

## ഉപരിപഠനത്തിന് അവസരം

18(*228) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പത്താം ക്ലാസ്സ് പൊതുപരീക്ഷയിൽ ഉന്നതവിജയം കൈവരിക്കാനായതിന്റെ തുടർച്ച ഉറപ്പാക്കുന്നതിന് ഹയർ സെക്കണ്ടറി മേഖലയിൽ ഉപരിപഠനത്തിന് എല്ലാവർക്കും അവസരം ഒരുക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർജിനൽ സീറ്റ് വർദ്ധനവ് ഏർപ്പെടുത്താതെതന്നെ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനം സാധ്യമാകുന്നതിനായി 2015 മുതൽ 2020 വരെയുള്ള ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനം നേടിയവരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയുണ്ടായി. ഈ വിശകല നത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് വൺ സീറ്റുകളെ സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.* 2021-22 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് സംസ്ഥാനത്തെ ജില്ലകളിൽ ലഭ്യമായ സീറ്റ് വിവരവും പ്രസ്തുത ജില്ലയിൽ ഉപരിപഠനത്തിന് അർഹരായ (എസ്.എസ്.എൽ.സി. വിജയിച്ച) വിദ്യാർത്ഥികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.* പ്രവേശന നടപടി അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

(ബി) അദ്ധ്യാപക-വിദ്യാർത്ഥി ആശയവിനിമയം വേണ്ടത്ര ഇല്ലാതെയാണ് പത്താം ക്ലാസിൽ പഠനം നടത്തിയതെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇതുകൊണ്ടുണ്ടാകാനിടയുള്ള പോരായ്മ പരിഹരിക്കാൻ പരിപാടി ആവിഷ്കരിക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നിരുന്നാലും പൊതുപരീക്ഷകൾ നടത്തേണ്ടതിനാൽ 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠനത്തിനും റിവിഷനും സംശയനിവാരണത്തിനുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ 2021 ജനുവരി 1 മുതൽ സ്കൂളിൽ എത്തുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ സ്കൂളിൽ എത്തുകയും പഠനപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും അദ്ധ്യാപക-വിദ്യാർത്ഥി ആശയ വിനിമയം സാദ്ധ്യമാകുകയും ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാനിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടു ത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഓരോ സ്കൂളിലും എൻറോൾ ചെയ്തിട്ടുള്ള മുഴുവൻ കുട്ടികളുടെയും സമഗ്ര വികാസ ത്തിനുള്ള പ്രവർത്തന നിർദ്ദേശങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിലുള്ളത്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അത് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കുട്ടികളുടെ അഭിരുചി, താൽപ്പര്യം ഇവ കണ്ടെത്തി പ്രസ്തുത മേഖലയിൽ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് വളരാനും വികസിക്കാനും സഹായകമായ പ്രവർത്തനങ്ങൾ, കലാകായിക അഭിരുചികൾ കണ്ടെത്തി അവയെ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയെല്ലാം അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാണ്. പഠനകാര്യത്തിൽ അവസര തുല്യതയും മികവും ഓരോ കുട്ടിക്കും ഉറപ്പാക്കുന്നതിനായി ഓരോ സ്ഥാപനവും വികസിപ്പിക്കുന്നതിനുള്ള അക്കാദമിക ആസൂത്രണ രേഖയാണ് സ്കൂൾ മാസ്റ്റർപ്ലാൻ.

## റവന്യൂ വകുപ്പിന്റെ സേവനങ്ങൾ

19 (*229) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും, റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഐ.എൽ.ഡി.എം. ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവരെയും ഉൾപ്പെടുത്തി റവന്യൂ സെക്രട്ടേറിയേറ്റ് രൂപീകരിച്ചിട്ടുള്ളതും റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ബുധനാഴ്ചയും റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുന്നതുമാണ്. അതത് ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ച് നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ച് അനുപ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) റവന്യൂ വകുപ്പ് നൽകുന്ന സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

റവന്യൂ വകുപ്പ് നൽകുന്ന സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവന്ന് ഇ-ഗവേണൻസ് സംവിധാനം മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സുതാര്യത ഉറപ്പാക്കിക്കൊണ്ട് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് റവന്യൂ വകുപ്പിൽ നടപ്പിലാക്കിവരുന്നത്.

1. ഇ-ഡിസ്ട്രിക്ട്

2. ആർ.ആർ.ഓൺലൈൻ

3. Relis (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം)

4. റവന്യൂ ഇ-പേയ്മെന്റ്

5. ഇ-ഓഫീസ്

6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)

7. റവന്യൂ മിത്രം

8. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന ഈ ആധുനികവത്കരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ഭൂരേഖാ പരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്ന ആവശ്യത്തിലേയ്ക്കായി NIC മുഖേന e-Maps എന്ന സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളതും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുള്ള 87 വില്ലേജുകളിൽ 80 വില്ലേജുകളുടെ മാപ്പുകൾ e-Maps സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്തിട്ടുള്ളതുമാണ്.

(സി) റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ ബുള്ളറ്റിൻ, റവന്യൂ കോൾസെന്റർ എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) പൊതുജനങ്ങൾക്ക് സേവനങ്ങൾ ലളിതമായ മാർഗ്ഗത്തിലൂടെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക് ആപ്ലിക്കേഷൻ, പോക്കുവരവിനുള്ള ReLIS ആപ്ലിക്കേഷൻ, ഭൂനികുതി ഒടുക്കുവാനുള്ള ഇ-പെയ്മെന്റ് ആപ്ലിക്കേഷൻ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഉൾപ്പെടുത്തുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റവന്യൂ പോർട്ടൽ

2. റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള വിവരാവകാശം ഓൺലൈൻ മൊഡ്യൂൾ തയ്യാറാക്കൽ

3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മൊഡ്യൂൾ

4. റവന്യു ഇ-പേയ്മെന്റ് മൊബൈൽ ആപ്ലിക്കേഷൻ

5. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ ആപ്ലിക്കേഷൻ

6. ലൊക്കേഷൻ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷൻ

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും എഫ്.എം.ബി. പകർപ്പ് ഓൺലൈനായി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കാൻ കഴിയുന്ന ആപ്ലിക്കേഷൻ മൊഡ്യൂളിന്റെ നിർമ്മാണം, CDIT, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) മുഖാന്തരം പുരോഗമിക്കുന്നു.

**പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

20(*230) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ പരിധിയിൽവരുന്ന വിവിധ ക്ഷേമ ബോർഡുകൾ വഴി ടി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്കായി അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ എന്നീ ആനുകൂല്യങ്ങളും കൂടാതെ വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നിവയ്ക്കുള്ള വായ്പാ ധനസഹായവും നൽകിവരുന്നുണ്ട്. കൂടാതെ ബോർഡുകൾ വഴി സർക്കാർ സഹായത്തോടെയും തനത് ഫണ്ട് വഴിയും ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കായി എല്ലാ മാസവും പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പല ബോർഡുകളും തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിച്ചും പുതിയ ആനുകൂല്യങ്ങൾ കൂട്ടിച്ചേർത്തും നടപ്പിലാക്കിവരുന്നുണ്ട്. മറ്റ് പല ബോർഡുകളും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ബോർഡ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേമ പദ്ധതികൾ വിപുലീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സഹായ പദ്ധതികളൊന്നും നിലവിലില്ല.

(ഡി) കോവിഡ് കാലത്ത് പ്രതിസന്ധിയിലായ പ്രസ്തുത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

കോവിഡ് 19-ന്റെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കായി സർക്കാരും ബോർഡുകളും പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്തിരുന്നു. ധനകമ്മിയുള്ള ബോർഡുകൾ സർക്കാർ സഹായത്തോടെ 1000 രൂപ മുതൽ 3000 രൂപ വരെയും സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ട് മുഖേന 1000 രൂപ മുതൽ 5000 രൂപ വരെയും കോവിഡ് 19-ന്റെ ഒന്നാം ഘട്ടത്തിൽ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കായി വിതരണം ചെയ്തിരുന്നു. നിലവിൽ കോവിഡ് 19-ന്റെ രണ്ടാം തരംഗം സംജാതമായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 1,000 രൂപ ധനസഹായം ബോർഡുകൾ മുഖേന നൽകി വരുന്നതിനുള്ള നടപടി നടന്നുവരികയാണ്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ**

21(*231) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഒരുക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

&

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളതും 2-2-2006-ലെ സ.ഉ.(അച്ചടി)നമ്പർ 24/2016/തൊഴിൽ ഉത്തരവ് പ്രകാരം നിലവിൽവന്നതുമായ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നിവയ്ക്കുള്ള വായ്പാ ധനസഹായം എന്നിവ നല്കുന്നതാണ്.

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താൻ കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സഹായ പദ്ധതികളൊന്നും നിലവിലില്ല.

(ഡി) കോവിഡ് കാലത്ത് ഈ മേഖലയിലെ തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ് 19-ന്റെ ഒന്നാം ഘട്ട വ്യാപന സമയത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും ആയിരം രൂപ നിരക്കിൽ ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനായി സർക്കാർ 27,50,00,000 (ഇരുപത്തിയേഴ് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ചിരുന്നു. ആയതിൽ 2,06,939 തൊഴിലാളികൾക്കായി 20,69,39,000 (ഇരുപത് കോടി അറുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തൊൻ പതിനായിരം) രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് 19-ന്റെ രണ്ടാം

തരംഗംമൂലം സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യംക്കൂടി കണക്കിലെടുത്ത് ഓരോ പദ്ധതി അംഗങ്ങൾക്കും 1000 രൂപ നിരക്കിൽ രണ്ടാം ഘട്ടമായി ആശ്വാസ ധനസഹായം നൽകുന്നതിന് സർക്കാർ 22,50,00,000 (ഇരുപത്തിരണ്ട് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**മിനിമം വേതനം ഉറപ്പാക്കാൻ നടപടി**

22(*232) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾക്ക് പകരം തൊഴിൽ കോഡ് നടപ്പിലാക്കുകയും അതിൽ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തത് തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിൽ സുരക്ഷിതത്വത്തിനും പ്രതികൂലമായതിനാൽ സംസ്ഥാനത്ത് തൊഴിലാളിക്ഷേമവും തൊഴിലവകാശങ്ങളും ഉറപ്പുവരുത്താൻ നടത്തുന്ന പ്രവർത്തന ങ്ങളെക്കുറിച്ച് അറിയിക്കാമോ?

വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് 4 നിയമങ്ങളായി ക്രോഡീകരിച്ചിട്ടുണ്ട്.

1. ദി കോഡ് ഓൺ വേജസ് -2019
2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് -2020
3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി -2020
4. ദി ഒക്കുപേഷണൽ സേഫ്റ്റി ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻ കോഡ് -2020

മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും സർക്കാർ ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 4 കോഡുകളും കേന്ദ്ര

സർക്കാർ പാസ്സാക്കിയെങ്കിലും നടപ്പിൽവരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 8 മണിക്കൂറായും സ്പ്രെഡ് ഓവർ 12 മണിക്കൂറായും പ്രത്യേക സാഹചര്യത്തിൽ (Emergency Condition) സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും കോഡിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയമായും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10 1/2 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടത്തിന്റെ കരട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ ജീവിതനിലവാരം കൂടി കണക്കിലെടുത്ത് തൊഴിലാളികൾക്ക് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിലുള്ള മിനിമം വേതനം ലഭ്യമാക്കാനായിട്ടുണ്ടോ; തൊഴിലുടമകൾ ഇത് കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ലേബർ കോഡുകൾ ഇനിയും നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കേരളത്തിൽ 1948– ലെ മിനിമം വേതന നിയമമാണ് നടപ്പിലാക്കിവരുന്നത്. ഇതനുസരിച്ച് ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് മേഖലകൾക്കെല്ലാം മിനിമം വേതനം വിജ്ഞാപനം ചെയ്ത് ആയത് നടപ്പിലാക്കിവരുന്നു. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. മിനിമം വേതനം മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ ജില്ലാ തല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.

## ഗൂഗിൾ ജി സ്യൂട്ട് പ്ലാറ്റ്ഫോമിലെ വിവര സുരക്ഷ

23(*233) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിന് ഗൂഗിൾ ജി സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്

(ബി) എങ്കിൽ ഇതിനായി ഗൂഗിൾ ജി സ്യൂട്ട് സേവനങ്ങൾ സൗജന്യമായാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

സേവനങ്ങൾ സൗജന്യമാണ്.

(സി) ഗൂഗിൾ ജി സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുമ്പോൾ കുട്ടികളുടെയും അദ്ധ്യാപകരുടെയും എന്തൊക്കെ വിവരങ്ങളാണ് ഗൂഗിളുമായി പങ്കുവയ്ക്കേണ്ടി വരുന്നതെന്ന് വിശദമാക്കാമോ?

കുട്ടികളുടെയും അദ്ധ്യാപകരുടെയും സെൻസിറ്റീവായ വ്യക്തിഗത വിവരങ്ങൾ (യു.ഐ.ഡി, മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ) ഒന്നും ജി സ്യൂട്ടിൽ നൽകുന്നില്ല. മാത്രമല്ല അവ ശേഖരിക്കുന്നുമില്ല. സ്കൂൾ കോഡും അഡ്മിഷൻ നമ്പരും ചേർത്തുള്ള ലോഗിൻ ഐ.ഡി-യാണ് കുട്ടികൾക്ക് നൽകിയിട്ടുള്ളത്.

(ഡി) റെക്കോർഡ് ചെയ്യപ്പെടുന്ന ക്ലാസ്സുകളും വ്യക്തിഗത വിവരങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ സൂക്ഷിക്കുന്ന സെർവ്വറുകൾ ഇന്ത്യയിൽ തന്നെ ഉള്ളവയാണോ എന്ന് അറിയിക്കാമോ?

ജി സ്യൂട്ട് വഴി ക്ലാസ്സുകൾ നൽകുന്നതിന് പ്രയോജനപ്പെടുത്തുന്ന ഗൂഗിൾ ക്ലൗഡ് സംവിധാനം ഇന്ത്യൻ സൈബർ നിയമം (ഐ.ടി. ആക്ട് 2000) നിഷ്കർഷിക്കുന്ന എല്ലാ സ്വകാര്യ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചും എൻക്രിപ്റ്റ് ചെയ്തുകൊണ്ടുമാണ് ഇന്ത്യ ഉൾപ്പെടെയുള്ള ഹോസ്റ്റിംഗ് സെർവർ ശൃംഖലകളിൽ ലഭ്യമാക്കിയിട്ടുള്ളത്.

(ഇ) ഈ പ്ലാറ്റ്ഫോമിലേയ്ക്ക് കൈമാറുന്ന വിവരങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

ഗൂഗിൾ നൽകുന്ന സേവനത്തിന്റെ വിശദാംശങ്ങളിൻമേൽ നിയമ പരിശോധന നടത്തിയശേഷം സേവനം സൗജന്യമായിരിക്കണം, വ്യക്തിഗത വിവരങ്ങൾ ഒന്നും ശേഖരിക്കരുത്, അപ്‌ലോഡ് ചെയ്യുന്ന ഡാറ്റയിൽ സർക്കാരിന് മാസ്റ്റർ കൺട്രോൾ

ഉണ്ടായിരിക്കണം, പരസ്യങ്ങൾ പാടില്ല തുടങ്ങിയ വ്യവസ്ഥകളോടെയാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതിയും കൈറ്റ് ഡയറക്ടർ ബോർഡും ജി സ്യൂട്ട് ഫോർ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിന് അനുമതി നൽകിയതും തുടർന്ന് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളതും. മാത്രമല്ല, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള എൻ.സി.ഇ.ആർ.ടി. ഗൂഗിൾ ഇന്ത്യയുമായി ഒപ്പുവച്ച ധാരണാ പത്രത്തിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ജി സ്യൂട്ടിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്.

## തോട്ട ഭൂമിയിൽ കൃഷിയും ടൂറിസവും

24(*234) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ട ഭൂമിയിൽ മറ്റ് വിളകൾ കൃഷി ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അതിനനുസൃതമായി ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

&

(സി) തോട്ടങ്ങൾ ലാഭകരമാക്കി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തോട്ട ഭൂമിയുടെ അഞ്ച് ശതമാനം മറ്റ് വിളകൾ കൃഷിചെയ്യാനും ടൂറിസത്തിനും ഉപയോഗിക്കുന്നതിന് അനുമതി നൽകുമോയെന്ന് അറിയിക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിൽ അധികം ഭൂമി കൈവശം വച്ചവർക്കെതിരെ മിച്ചഭൂമി കേസ് എടുക്കുമ്പോൾ 81(1)(ഇ) വകുപ്പ് പ്രകാരം തോട്ടങ്ങൾക്ക് ഒഴിവ് നൽകാറുണ്ട്. ഇത്തരത്തിൽ ഒഴിവ് നൽകിയ തോട്ടഭൂമിയുടെ 5% മറ്റ് വിളകൾ കൃഷി ചെയ്യാനോ ടൂറിസത്തിന് ഉപയോഗിക്കാനോ കഴിയുന്നതാണെന്ന് 81(4)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1963-ലെ നിയമത്തിലെ 81-ാം വകുപ്പിൽ 4-ാം ഉപവകുപ്പ് കൂട്ടി ചേർത്തുകൊണ്ട് 2012-ൽ വരുത്തിയ ഭേദഗതി പ്രകാരം തോട്ടഭൂമിയുടെ 5% വരെ ഭൂമിയിൽ മറ്റ് വിളകൾ കൃഷി ചെയ്യാവുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഇനിയും നിയമ ഭേദഗതി ആവശ്യമില്ല. ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 7-3-2013-ലെ സ.ഉ.(സാധാ.) 1254/2013/റവന്യൂ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വില്ലേജ് ഓഫീസുകൾ ജന സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

25 (*235) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എ. രാജ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ജന സൗഹൃദമാക്കുന്നതിനായി നൂറ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് 20 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനും 50 വില്ലേജ് ഓഫീസുകൾ പൂർണ്ണമായി സ്മാർട്ട് ആക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനകം മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉദ്ഘാടനം പ്രതീക്ഷിക്കുന്ന 23 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധം-1* ആയും സേവനങ്ങൾ പൂർണ്ണമായും സ്മാർട്ട് ആക്കുന്ന 50 വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധം-2* ആയും ഉള്ളടക്കം ചെയ്യുന്നു.

(ബി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വർദ്ധനവിന് പദ്ധതിയുണ്ടോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി പ്ലാൻ സ്കീം പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, സ്ഥലപരിമിതികളുള്ള വില്ലേജ് ഓഫീസുകളിൽ അധികമുറി നിർമ്മാണം, കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

(സി) വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ കുറവുമൂലം അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ തന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധന വിഭാഗം പ്രവർത്തിച്ചുവരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവർ അടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചുവരുന്നതുമാണ്. ഇത്തരത്തിൽ വളരെ കാര്യക്ഷമവും സമഗ്രവുമായ രീതിയിൽ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മന്ത്രിയെ നേരിട്ടറിയിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാതരം പരാതികളും അഭിപ്രായങ്ങളും ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് നൽകുന്നതിന് റവന്യൂ മിത്രം എന്ന പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു : റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പുമന്ത്രിക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്. പൊതുജനത്തിന് ലോകത്തിന്റെ ഏത് കോണിലിരുന്നുവേണമെങ്കിലും അയാളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ മറ്റൊരാൾക്ക് വേണ്ടിയോ പരാതികൾ mitram.revenue.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി നൽകുന്നതിനും അതിന്റെ മറുപടി ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനും പരാതിയുടെ നിലവിലെ സ്ഥിതി, ഓരോ ഓഫീസുകളിലും സ്വീകരിച്ച നടപടി, പ്രസ്തുത നടപടി സ്വീകരിക്കാൻ എടുത്ത സമയം തുടങ്ങിയ എല്ലാ വിവരങ്ങളും സുതാര്യമായി പരാതി അയച്ച ആളിനും, റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിലും, റവന്യൂ വകുപ്പിന്റെ മറ്റേത് ഓഫീസിലും കൃത്യമായി അറിയാൻ കഴിയുന്നതാണ്.

## ഓൺലൈൻ പഠനം

26(*236) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ അടക്കം ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തത് കാരണം ഓൺലൈൻ പഠനം സാധ്യമല്ലാത്ത സാഹചര്യമുണ്ടെന്ന ബാലാവകാശ കമ്മീഷന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാങ്കേതിക സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ കണ്ടെത്താൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ അവലംബിക്കുന്നത്; വിശദമാക്കാമോ; സർക്കാർ തലത്തിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭ്യമാണോ?

എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾതലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം സംബന്ധിച്ച് കണക്കെടുപ്പ് ജൂലൈ 22-നകം പൂർത്തിയായിട്ടുണ്ട്. ഇപ്രകാരം ലഭ്യമായ കണക്ക് ജില്ലാ കളക്ടർമാർ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ സംസ്ഥാനതലത്തിലുള്ള കണക്കുകൾ രൂപപ്പെടുത്തുവാൻ കഴിയുന്നതാണ്.

(സി) ഓൺലൈൻ ക്ലാസ്സുകളിൽ പഠനം നല്ല രീതിയിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; മാതാപിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്താൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് സംപ്രേഷണം ചെയ്തുവരുന്നത്. ഡിജിറ്റൽ ക്ലാസ്സുകളിലൂടെ അദ്ധ്യാപകർ നൽകുന്ന പഠന പ്രവർത്തനങ്ങൾ അതത് സ്കൂളുകളിലെ അദ്ധ്യാപകർ വിലയിരുത്തുകയും കുട്ടികൾക്ക് വേണ്ട കൈത്താങ്ങ് നൽകുകയും ചെയ്തുവരുന്നു. കൂടാതെ കുട്ടികളെ വിലയിരുത്തുന്നതിനായി വർക്ക്ഷീറ്റുകൾ എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ

തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. അദ്ധ്യാപകർക്ക് ഓൺലൈനായി കുട്ടികളെ മോണിറ്റർ ചെയ്യുന്നതിനും പഠന തുടർച്ച ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'ജി സ്യൂട്ട്' എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലാണ് 'ജി സ്യൂട്ട്' ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 34 വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അദ്ധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അദ്ധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇതുസംബന്ധിച്ച പരിശീലനം നൽകുന്നതാണ്. ഘട്ടംഘട്ടമായി ഹയർ സെക്കണ്ടറിയിലേയ്ക്കും പത്താം ക്ലാസ്സിലേയ്ക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേയ്ക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ മാതാപിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെയുള്ള പദ്ധതികൾ ആലോചിച്ചുവരുന്നു. കൂടാതെ ഓൺലൈൻ ക്ലാസ്സുകൾക്കുശേഷം തുടർപ്രവർത്തനം നടത്തുന്നതിനാവശ്യമായ നിർദ്ദേശം അദ്ധ്യാപകർക്ക് നൽകിയിട്ടുള്ളതും ഇത് അദ്ധ്യാപകർ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള തുടർ പ്രവർത്തനത്തിന്റെ ഭാഗമായാണ് പഠനമികവ് രേഖ 2020-21 അക്കാദമിക വർഷം നടപ്പിലാക്കിയത്. കോവിഡ്കാല പഠനവുമായി ബന്ധപ്പെട്ട കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 'വീട് ഒരു വിദ്യാലയം' എന്ന പരിപാടി സമഗ്രശിക്ഷാ കേരളം മുഖേനയും നടപ്പിലാക്കിവരുന്നു.

**വിഷൻ ആൻഡ് മിഷൻ പദ്ധതി**

27 (*237) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ സമഗ്ര നവീകരണത്തിനും പ്രവർത്തന മികവിനുമായി വിഷൻ ആൻഡ് മിഷൻ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2021-2026 വർഷ കാലയളവിൽ റവന്യൂ, സർവ്വേ, ഭവനനിർമ്മാണ വകുപ്പുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖയെന്ന നിലയിലാണ് വിഷൻ ആൻഡ് മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലെയും എം.എൽ.എ.-മാരുമായി റവന്യൂ വകുപ്പുമന്ത്രി വകുപ്പുതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകം യോഗം ചേർന്ന് അതത് നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കേണ്ട പദ്ധതികൾ/ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. കൂടാതെ വകുപ്പുതലവന്മാരുടെയും ജില്ലാ കളക്ടർമാരുടെയും സബ് കളക്ടർമാരുടെയും ഡെപ്യൂട്ടി കളക്ടർമാരുടെയും തഹസിൽദാർമാരുടെയും ലാൻഡ് ബോർഡ് ചെയർമാൻമാരുടെയും ലാൻഡ് ട്രിബ്യൂണൽ ഉദ്യോഗസ്ഥരുടെയും വില്ലേജ് ഓഫീസർമാരുടെയും യോഗങ്ങൾ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം ചേരുകയും വിശദാംശങ്ങൾ ശേഖരിക്കുകയുമുണ്ടായി. അതോടൊപ്പം പദ്ധതി നടത്തിപ്പിന് വേഗം വർദ്ധിപ്പിക്കുകയും മറ്റും ലക്ഷ്യമിട്ട് റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനവും രൂപീകരിച്ചിട്ടുണ്ട്. വിഷൻ ആൻഡ് മിഷൻ 2021-26-ന്റെ ആശയ രൂപീകരണത്തിനും പ്രാവർത്തികമാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനായി ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സെല്ലും രൂപീകരിച്ചിട്ടുണ്ട്. അപ്രകാരമെല്ലാം ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് റവന്യൂ, സർവ്വേ, ഭവനനിർമ്മാണ വകുപ്പുകളുടെ അടുത്ത അഞ്ച് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് മുൻകൂർ തീരുമാനിച്ച് അതനുസരിച്ച് മുന്നോട്ട് പോകുകയെന്നത് ലക്ഷ്യമിട്ടാണ് വിഷൻ ആൻഡ് മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

## റീ-സർവ്വേ നടപടികളുടെ പുരോഗതി

28(*238) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന റീ-സർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതുവരെ എത്ര ശതമാനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് 1966-ൽ റീ-സർവ്വേ ആരംഭിച്ചിട്ടുള്ളതും നാളിതുവരെ 55% ജോലി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ റീ-സർവ്വേ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ?

ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ്‌വർക്ക് സ്ഥാപിച്ചതിനുശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരെക്കൂടി റീ-സർവ്വേ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കോവിഡും പ്രകൃതി ദുരന്തങ്ങളും സർവ്വേ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ?

എല്ലാ മേഖലകളെയും പോലെ സർവ്വേ പ്രവർത്തനങ്ങളെയും കോവിഡും പ്രകൃതി ദുരന്തങ്ങളും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ഡി) റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടി വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ്‌വർക്ക് സ്ഥാപിച്ചതിനുശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരെക്കൂടി റീ-സർവ്വേ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത സംവിധാനം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റീ-സർവ്വേ നടപടി കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നതാണ്.

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

29(*239) ശ്രീ. കെ. ആൻസലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതലായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽനിന്നും ഒരു സംസ്ഥാനതല റിസോഴ്സ് പേഴ്സൺ പാനൽ രൂപീകരിച്ച്, അവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷനോടൊപ്പം പ്രവർത്തിക്കുവാൻ സജ്ജമാക്കുക എന്നതാണ് പ്രാഥമിക പ്രവർത്തനം. ഇതിനായി ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ച്, സ്ക്രൂട്ടിണി പൂർത്തിയാക്കിയിട്ടുണ്ട്. പരിശീലനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കും. തുടർന്ന് എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഉത്തരവാദിത്ത ടൂറിസം അവബോധക്ലാസ്സുകളും തങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഉത്തരവാദിത്ത ടൂറിസം എങ്ങനെ വിജയകരമായി നടപ്പിലാക്കാം എന്നുള്ള പരിശീലനവും നൽകും.

(സി) പദ്ധതിയുടെ ഭാഗമായിരുന്ന അനേകം പേർക്ക് അടച്ചുപൂട്ടലിൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇവർക്ക് പ്രസ്തുത മേഖലയിൽ സംരംഭം പുനരാരംഭിക്കുന്നതിന് സാമ്പത്തിക സഹായമോ വായ്പയോ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും, ചെറുകിട സംരംഭകരേയും, ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളേയും/സംരംഭങ്ങളേയും സഹായിക്കുന്നതിനായി "റിവോൾവിംഗ് ഫണ്ട് പദ്ധതി" ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ടൂറിസം സഹകരണ സംഘങ്ങൾ**

30(*240) ശ്രീമതി യു. പ്രതിഭ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ വീണ്ടെടുക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് 19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി 2020-ൽ നടപ്പിലാക്കിയ ആശ്വാസ പദ്ധതികളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിങ്ങനെയുള്ള പദ്ധതികൾ. ഇതുമൂലം വിനോദസഞ്ചാര മേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഇത്തരം സമാശ്വാസ പദ്ധതികളാണ് വിനോദസഞ്ചാര മേഖലയെ നിലനിർത്തുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്നത്. ഇവ മുൻ വർഷത്തെപ്പോലെ ഈ വർഷവും തുടരുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവർക്കായി വകുപ്പ് വിവിധങ്ങളായ അംഗീകൃത ഹോംസ്റ്റേ/സർവ്വീസ്ഡ് വില്ല/ ഹൗസ് ബോട്ട്/ആയുർവേദ സെന്ററുകൾ/ റസ്റ്റോറന്റുകൾ/അമ്യൂസ്മെന്റ് പാർക്ക്/ അഡ്വഞ്ചർ ടൂറിസം യൂണിറ്റുകളുടെ അംഗീകാരം/ക്ലാസിഫിക്കേഷൻ/അക്രഡിറ്റേഷൻ കാലാവധി 2021 ഡിസംബർ 31 വരെ പുതുക്കിനൽകിയിട്ടുണ്ട്. ഇതുകൂടാതെ വിവിധങ്ങളായ പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ വർഷം സംഘടിപ്പിച്ച പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിന്റെ ചുവട് പിടിച്ച് കേരളം സുരക്ഷിതമാണെന്ന സന്ദേശം നൽകി വിവിധ ക്യാമ്പയിനുകൾ കോവിഡിന്റെ രണ്ടാം തരംഗം അവസാനിക്കുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്.

വിനോദസഞ്ചാര മേഖലയിൽ മുതൽമുടക്കിയ നിക്ഷേപകർക്കും ഈ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്കുംവേണ്ടി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കോവിഡിനുശേഷമുള്ള ടൂറിസം മേഖലയുടെ വളർച്ച മുന്നിൽ കണ്ട് മാർക്കറ്റിംഗിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആഭ്യന്തര വിനോദ സഞ്ചാരികളെയെങ്കിലും കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായുള്ള ക്യാമ്പയിനുകളാണ് ഇപ്പോൾ പരിഗണന നൽകി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിനോദസഞ്ചാര മേഖലയിലുള്ള എല്ലാ വിഭാഗത്തിനും മുൻഗണനാക്രമം നൽകി വാക്സിൻ നൽകുന്ന നടപടികളും പുരോഗമിക്കുന്നുണ്ട്. സർക്കാർ വിനോദസഞ്ചാര മേഖലയ്ക്ക് നൽകുന്ന മുന്തിയ പരിഗണന വഴി കോവിഡാനന്തരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പൂർവ്വാധികം ശക്തിയോടെ ഉയർത്തെഴുന്നേൽക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളെ വകുപ്പിന്റെ പ്രവർത്തനവുമായി കൂട്ടിയിണക്കാൻ ശ്രദ്ധപതിപ്പിക്കുമോ;

&

(സി) നിലവിലുള്ള നിയമത്തിന്റെയും അംഗീകൃത നിയമാവലിയുടെയും പിൻബലത്തിൽ ഓഡിറ്റിംഗിനും പരിശോധനകൾക്കും വിധേയമായി പ്രവർത്തിക്കുന്ന പ്രസ്തുത സംഘങ്ങൾ വഴിയുള്ള ടൂറിസം വികസനം കൂട്ടുത്തരവാദിത്വത്തോടെയും ജനപങ്കാളിത്തത്തോടെയും കുറ്റമറ്റ നിലയിൽ നടത്താൻ കഴിയുമെന്നത് പരിഗണിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളെ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുവാൻ നിലവിൽ പദ്ധതികളൊന്നും ഇല്ല. ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ടൂറിസം മാർക്കറ്റിംഗ്, സംസ്ഥാന സർക്കാരിന്റെ ഹോസ്പിറ്റാലിറ്റി പ്രവർത്തനങ്ങൾ മുതലായവയാണ് ടൂറിസം വകുപ്പ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ടൂറിസം സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും മികച്ച ടൂറിസം സംരംഭവുമായി മുന്നോട്ടുവരുന്ന സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) പുതിയ ഡെസ്റ്റിനേഷൻ കണ്ടെത്തി പ്രവർത്തനമാരംഭിക്കുന്നതിനും കെ.ടി.ഡി.സി., ഡി.ടി.പി.സി. തുടങ്ങിയവയുടെ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും ഇത്തരം സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.ടി.ഡി.സി.യും ഡി.ടി.പി.സി.യും സ്വന്തം നിലയിൽ ടൂറിസം പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകൾ കെ.ടി.ഡി.സി സ്വന്തം നിലയിലാണ് നടത്തിവരുന്നത്. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങൾക്ക് കെ.ടി.ഡി.സി-യുടെ യൂണിറ്റുകൾ ഏറ്റെടുത്ത് നടത്തുവാൻ നിലവിൽ കഴിയുകയില്ല. ഡി.ടി.പി.സി.-കൾ പാർക്കുകളും മറ്റ് വിനോദോപാധികളും നടത്തുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളെ നിയോഗിക്കുമ്പോൾ സഹകരണ സ്ഥാപനങ്ങൾക്കും ചട്ടപ്രകാരം പങ്കെടുക്കാവുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൊല്ലം ബീച്ചിലെ ടോയ്‌ലറ്റ് കോംപ്ലക്സ്

1(2357) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ബീച്ചിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ബീച്ചിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസിയായ കിറ്റ്കോ കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്ന സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിനോടും കൊല്ലം നഗരസഭയോടും ആവശ്യപ്പെട്ടിരിക്കുകയാണ്. ടി വകുപ്പുകളുടെ ക്ലിയറൻസ് ലഭിച്ചാലുടൻ പദ്ധതി നിർമ്മാണം ആരംഭിക്കുന്നതാണ്.

### പന്ന്യന്നൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

2(2358) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് (ഐ.ടി.ഐ.ബി.എൽ./2020/7055) പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) വിഭാഗത്തിന് സമർപ്പിച്ചിരുന്നുവോ; ആയതിന് അംഗീകാരം ലഭ്യമായോ എന്ന് അറിയിക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം)-ക്ക് സമർപ്പിക്കുകയും ആയതിന് 2,54,000 (രണ്ട് ലക്ഷത്തി അൻപത്തി നാലായിരം) രൂപയ്ക്ക് 22-1-2021-ൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഐ.ടി.ഐ. വകുപ്പിന്റെ റിക്വയർമെന്റ്സ് ആർക്കിടെക്ചർ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർക്കിടെക്ചർ വിഭാഗത്തിൽനിന്ന് രൂപരേഖ ലഭ്യമാക്കി സാധ്യതാപഠനം നടത്തേണ്ടതുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ച്വറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊല്ലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3(2359) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലപരിധിയിൽ പൊതുമരാമത്ത് വകുപ്പിലെ നിരത്തുവിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ചാത്തന്നൂർ മണ്ഡലത്തിലെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ

4(2360) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ചുമതലയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും ചുമതലപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ശ്രീരാമ പോളിടെക്നിക് ലബോറട്ടറി നിർമ്മാണം**

5(2361) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-6-2018-ന് ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ നിശ്ചയിക്കുകയും ചെയ്ത നാട്ടിക മണ്ഡലത്തിലെ തൃപ്രയാറിൽ പ്രവർത്തിച്ചുവരുന്ന ശ്രീരാമ പോളിടെക്നിക് കോളേജിൽ ലബോറട്ടറിയും ലൈബ്രറിയും നിർമ്മിക്കുന്ന പ്രവൃത്തിക്ക് മൂന്ന് വർഷം കഴിഞ്ഞിട്ടും പൊതുമരാമത്ത് വകുപ്പ് സങ്കേതികാനുമതി നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

&

(ബി) സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതിനും ഇത്തരത്തിൽ സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം വരാതെ ശ്രദ്ധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തൃപ്രയാർ ശ്രീരാമ പോളിടെക്നിക് കോളേജിലെ ലബോറട്ടറി & ലൈബ്രറി കെട്ടിടം സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി 4-3-2020-ന് ലഭിച്ച ആർക്കിടെക്ച്വറൽ ഡ്രോയിംഗ് പ്രകാരം സ്ട്രക്ച്ചറൽ മോഡലിംഗ് ആരംഭിച്ചു. എന്നാൽ 21-8-2020-ലും 14-10-2020-ലും ആർക്കിടെക്ച്വറൽ ഡ്രോയിംഗിൽ മാറ്റം വരുത്തുകയുണ്ടായി. മാറ്റം വരുത്തിയ "ആർക്കിടെക്ച്വറൽ ഡ്രോയിംഗ്" പ്രകാരം സ്ട്രക്ച്ചറൽ മോഡലിംഗ് 10-11-2020-ൽ പൂർത്തിയാക്കി, ഇതിന്റെ ഫൗണ്ടേഷൻ ഡിസൈൻ ചെയ്തിരുന്നു. ഈ കെട്ടിടത്തിൽ എല്ലായിടത്തും '11.0m column free spans' ഉള്ളതിനാൽ ഇതിന്റെ കോളം ലോഡുകൾ (150 മുതൽ 200 ടൺ വരെ) വളരെ കൂടുതലായിരുന്നു. മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം ഈ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലത്ത് മണ്ണിന്റെ സേഫ് ബെയറിംഗ് കപ്പാസിറ്റി വളരെ കുറവായിരുന്നു. (12 tonne/m2) ആയതിനാൽ ഈ കെട്ടിടത്തിന് വളരെ വലുതും ഭീമവുമായ 'Rat Foundation' ആണ് പറ്റുന്നതെന്നും ഇതിനു വലിയ പണച്ചെലവ് വേണ്ടി വരുന്നതായും കാണപ്പെട്ടു. ഇതുകൂടാതെ 45m നീളമുള്ള ' Pile Foundation'-നുള്ള 'Recommendation' ആണ് നൽകിയിരുന്നത്. ഇതൊക്കെ കെട്ടിടത്തിന് അപ്രായോഗികവും കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് കുറയ്ക്കുന്നതിന് 'മണ്ണിന്റെ സേഫ് ബെയറിംഗ് കപ്പാസിറ്റി' കൂട്ടാനുള്ള മാർഗ്ഗങ്ങൾക്കായി വിദഗ്ധ അഭിപ്രായം തേടിയിട്ടുണ്ട്. ആദ്യം ലഭിച്ച മണ്ണ് പരിശോധനാഫലം വൻ സാമ്പത്തിക ബാധ്യത വരുത്തുന്നതിനാൽ നിലവിൽ എക്സിക്യൂഷൻ വിഭാഗത്തിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് 'സ്ട്രക്ച്ചറൽ' ഡിസൈൻ തയ്യാറാക്കുന്നതാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ 'സ്ട്രക്ച്ചറൽ' ഡിസൈൻ പൂർത്തീകരിക്കുന്നതിൽ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല.

## കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം

6(2362) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലഭ്യമാക്കിയിട്ടില്ല, കെട്ടിട നിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ആയതിന്റെ റിപ്പോർട്ടും ഡ്രോയിംഗും കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിലേയ്ക്കായി ഡിസൈൻ വിംഗ് (കോഴിക്കോട്)-ന് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(ബി) ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പരിശോധിച്ചിട്ടുണ്ട്, ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ആയതിന്റെ റിപ്പോർട്ടും ഡ്രോയിംഗും കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിന് ഡിസൈൻ വിംഗ് (കോഴിക്കോട്)-ന് ലഭ്യമാക്കിയിട്ടുണ്ട്.

## ടെണ്ടർ നടപടികളിലെ കാലതാമസം

7(2363) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിലവിലെ നിരക്ക് മാറ്റി നൽകാത്തതുകാരണം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

Delhi schedule of Rates-നെ അടിസ്ഥാനമാക്കി Cost Index അനുസരിച്ചാണ് വിവിധ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. Delhi schedule of Rates (DSR) 2018/ Kerala Schedule of Rates നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. എല്ലാ വർഷവും മൂന്നുമാസം കൂടുമ്പോൾ സാധന സാമഗ്രികളുടെ Local Market Rate പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി അവലോകനം ചെയ്ത് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പാറശ്ശാല മണ്ഡലത്തിലെ പ്രവൃത്തികൾ

8(2364) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയെത്ര; എഗ്രിമെന്റ് വച്ച തീയതിയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവയും പൂർത്തീകരിക്കാനുള്ളവയും ഏതൊക്കെയാണെന്നും അവയുടെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

&

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനു കീഴിൽ 2018-19 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഉദിയൻകുളങ്ങര-ധനുവച്ചപുരം-പാങ്കോട്ടുകോണം-മലയിൽകട-വടകര-മാരായമുട്ടം-അരുവിപ്പുറം-അയിരൂർ റോഡിന്റെ (11 കി.മീ.) പുനരുദ്ധാരണ പ്രവൃത്തിക്ക് 11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രവൃത്തിയുടെ കരാറുകാരൻ കോവിഡുമൂലം മരണപ്പെടുകയും തൻമൂലം കരാർ അവസാനിപ്പിക്കുകയും ബാക്കി പ്രവൃത്തികൾക്ക് പുതിയ കരാർ ഉടമ്പടി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 22-8-2021 വരെയാണ്. പാലം വിഭാഗത്തിനുകീഴിൽ 23-2-2012 എഗ്രിമെന്റ് തീയതിയായ മൂന്നാറ്റുമുക്ക് പാലം (1100 ലക്ഷം രൂപ), 23-5-2015 എഗ്രിമെന്റ് തീയതിയായ കള്ളിക്കാട് പാലം (975 ലക്ഷംരൂപ), 5-8-2015 എഗ്രിമെന്റ് തീയതിയായ കിഴാവൂർ കടവ് പാലം (1275 ലക്ഷം രൂപ) എന്നിവ പൂർത്തിയായിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച രണ്ട് പാലങ്ങളുടെ പ്രവൃത്തിയാണുള്ളത്. അതിൽ പ്ലാമ്പഴിഞ്ഞി പാലത്തിന്റെ പണി പുരോഗമിക്കുകയാണ്. ഡിസംബറോടുകൂടി പൂർത്തിയാകുന്നതാണ്. മറ്റൊന്നായ വേങ്കോട് മുള്ളലിവിള പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. നിരത്തു വിഭാഗത്തിനു കീഴിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ആരംഭിക്കാനുള്ള ഒരു പ്രവൃത്തിയുണ്ട്. പരശുവയ്ക്കൽ - ആലംപാറ-കുണ്ടുവിള -ചിറക്കോണം- പവതിയാൻവിള റോഡ് BM & BC പ്രവൃത്തി ടെണ്ടർ നടപടിയിലാണ്. കുതാളി - പന്നിമല, മൈലച്ചൽ കോരണംക്കോട് എന്നീ പ്രവൃത്തികൾ കരാറുകാരുടെ അനാസ്ഥ കാരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. നിരത്തു, കെട്ടിട, വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയ ശേഷം നടപ്പാക്കാനാകാത്ത പദ്ധതികളുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

നിരത്തു വിഭാഗത്തിനുകീഴിൽ പാറശ്ശാല പനച്ചമൂട് റോഡ് നവീകരണത്തിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നെങ്കിലും മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ട്.

(ഇ) മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച അമരവിള-ശൂരവക്കാണി റോഡ്, പശുവണ്ണറ-അരുവിക്കര റിംഗ് റോഡ്, കുട്ടവീട്ടുകടവ്, കുമ്പിച്ചൽകടവ് പാലങ്ങൾ, മലയോര ഹൈവേ കടപ്പനമൂട്-വാഴിച്ചൽ റീച്ച് എന്നിവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കിഫ്ബി വിഭാഗത്തിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. *

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൂത്തുപറമ്പ് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

9(2365) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ;

&

(സി) മുൻ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിലെ പ്രവൃത്തികളിൽ പണി പൂർത്തിയാകാത്തവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

നിരത്തുവിഭാഗത്തിനുകീഴിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കണ്ണൂർ - കൂത്തുപറമ്പ് റോഡിൽ പ്രവൃത്തി (Providing BC overlay to SH 38 (PUKC) from Km. 84/235 to 91/230) പുരോഗമിക്കുകയാണ്. 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലം വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചതിൽ പ്രവൃത്തി ആരംഭിക്കാത്തത് കല്ലിക്കണ്ടി പാലമാണ്. പ്രസ്തുത പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പൂത്തൂർ പാലം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പാലത്തിന്റെ 98% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റോഡ് മാർക്കിംഗ് പ്രവൃത്തിയും സ്റ്റഡ് പതിപ്പിക്കലും മാത്രമാണ് ബാക്കിയുള്ളത്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ സി.ആർ.എഫ്. 2016-17 സാമ്പത്തിക വർഷത്തിലുൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കൊട്ടിയോടി - ചെറുവാഞ്ചേരി - കണ്ണവം റോഡ് അഭിവൃദ്ധിപ്പെടുത്തലെന്ന പ്രവൃത്തി (അടങ്കൽ തുക 15 കോടി രൂപ) അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാക്കാനുള്ളത് തലശ്ശേരി - കളറോഡ് (28.80 കി.മീ. നീളം) പുനരുദ്ധാരണ പ്രവൃത്തിയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 156.33 കോടി രൂപയാണ്. നിലവിൽ 90 ശതമാനത്തോളം പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തിയിൽ ഇനി എരഞ്ഞോളി പാലത്തിന്റെ പ്രവൃത്തിയാണ് ബാക്കിയുള്ളത്. കെട്ടിടം, നിരത്ത്, കിഫ്ബി വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുറ്റ്യാടി, കക്കട്ടിൽ ടൗണുകളുടെ നവീകരണ പ്രവൃത്തി

10(2366) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, കക്കട്ടിൽ ടൗണുകളുടെ നവീകരണ പ്രവൃത്തികൾക്ക് കരാർ വച്ചെങ്കിലും ഇതുവരെ നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മതിയായ കാരണമില്ലാതെ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി നടപ്പിലാക്കാതെ വരുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് എത്രയും വേഗം പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളുണ്ട് എന്നറിയിക്കാമോ?

മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരിക്കുകയാണെങ്കിൽ പിഴയോടുകൂടി കാലാവധി നീട്ടി അനുവദിക്കാറുണ്ട്. എന്നാൽ ഈ കാലയളവിൽ തുടർന്നും മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടിയാണ് സ്വീകരിക്കാറുള്ളത്.

(സി) കരാറിന് വിരുദ്ധമായി പ്രവൃത്തി വൈകിക്കുന്ന കോൺട്രാക്ടർമാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും ഇത്തരം കരാറുകാരുടെ ലൈസൻസ് പുതുക്കുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തുന്നതെന്നും അറിയിക്കാമോ?

കരാറിന് വിരുദ്ധമായി പ്രവൃത്തി വൈകിപ്പിക്കുമ്പോൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്ത് പുനഃക്രമീകരിക്കുന്ന നടപടിയാണ് സ്വീകരിക്കാറുള്ളത്. ആവശ്യമെങ്കിൽ ലൈസൻസ് പുതുക്കാതിരിക്കുക, എസ്.ബി.ഡി. പൊതുമരാമത്ത് മാനുവൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കാറുണ്ട്.

(ഡി) കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന പക്ഷം റിസ്ക് ആൻഡ് കോസ്റ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി വീണ്ടും പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിസ്ക് ആൻഡ് കോസ്റ്റ് നടപടിക്രമങ്ങളുടെ കാലതാമസം കുറയ്ക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്നറിയിക്കാമോ?

കരാറുകാരൻ നടപടിക്കെതിരെ കോടതിയെ സമീപിച്ചാൽ മാത്രമേ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്ക് കാലതാമസം നേരിടുകയുള്ളൂ.

(ഇ) പ്രസ്തുത ടൗൺ നവീകരണപ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

കുറ്റ്യാടി നവീകരണ പ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്യുന്ന കാര്യം പരിശോധനയിലാണ്. നടപടി ക്രമങ്ങൾ പൂർത്തിയായാലുടൻതന്നെ പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് പണി പുനരാരംഭി ക്കാവുന്നതാണ്. കക്കട്ടിൽ ടൗൺ നവീകരണം അനിശ്ചിതമായി നീണ്ടതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിച്ചിരുന്നു. എന്നാൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് സമയം ആവശ്യ മായതിനാൽ കരാറുകാരന് ഒരവസരംകൂടി നൽകാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ 24-7-2021-ന് പ്രവൃത്തി പുനരാരംഭിക്കുക യുണ്ടായി.

### മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

11(2367) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2018-19 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് എഫ്.ഡി.ആർ. ഫണ്ട് വകയിരുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ആയതിൽ ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക, ഭരണാനുമതി നൽകിയ തീയതി, സാങ്കേതികാനുമതി നൽകിയ തീയതി എന്നീ വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിനകം സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

### കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

12(2368) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അറ്റകുറ്റപ്പണി, റീ-ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ, അഴുക്കുചാൽ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് നിലവിൽ ഏതെല്ലാം പ്രൊപ്പോസലുകളാണുള്ളതെന്നും പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുണ്ടായിരുന്ന ദേശീയപാത 966-ൽ 12-5-2020-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം S.O.1507(E) പ്രകാരം ഭാരതമാല പര്യോജനയിൽ ഉൾപ്പെടുത്തി 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊണ്ടോട്ടി ടൗൺ വരുന്ന ഭാഗത്തെ അറ്റകുറ്റപ്പണികൾക്കായി 13.66 ലക്ഷം രൂപയുടെ ഭരണാനുമതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. നിരത്തു വിഭാഗത്തിനു കീഴിൽ ഫണ്ട് ലഭ്യത അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

## മാതിരപ്പിള്ളി-കോഴിപ്പിള്ളി ന്യൂ ബൈപ്പാസിന്റെ നിലവിലെ സ്ഥിതി

13(2369) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മൂന്നാർ ദേശീയ പാത എൻ.എച്ച്. 85-ൽ മാതിരപ്പിള്ളി മുതൽ കോഴിപ്പിള്ളി വരെയുള്ള 3.5 കി.മി. ദൂരം വരുന്ന മാതിരപ്പിള്ളി-കോഴിപ്പിള്ളി ന്യൂ ബൈപ്പാസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയെ ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) മൂന്നാർ മുതൽ കൊച്ചിവരെ 120 കി.മീ. ദൂരത്തിലുള്ള റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. ആയതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്, സ്റ്റാൻഡ് എലോൺ പ്രോജക്റ്റായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് എൻ.എച്ച്. വിംഗ് റിക്വസ്റ്റ് ലെറ്റർ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(ഇ) മേൽ സാഹചര്യത്തിൽ പ്രസ്തുത മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്, സ്റ്റാൻഡ് എലോൺ പ്രോജക്റ്റായി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മാതിരപിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്സ് ഉൾപ്പെടുത്തി എൻ.എച്ച്. 85-ൽ മറ്റകുഴി മുതൽ മൂന്നാർ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-9-2017-ലെ കത്ത് പ്രകാരം ഡി.പി.ആർ. പഠനം നിർത്തിവയ്ക്കാനും ഭാരത് മാല പര്യോജനയിൽ ഉൾപ്പെട്ട എൻ.എച്ച്. 85 നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറാനുള്ള നിർദ്ദേശം ലഭിച്ചതിൻ പ്രകാരം ബന്ധപ്പെട്ട രേഖകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ SO 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറാൻ നിർദ്ദേശം ലഭിച്ച ദേശീയപാതകളുടെ പട്ടികയിൽ എൻ.എച്ച്. 85-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികാരികൾ അറിയിച്ചിട്ടുണ്ട്. പദ്ധതി സ്റ്റാൻഡ് എലോൺ പ്രോജക്റ്റായി നടപ്പിലാക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ല.

## നെറ്റ്‌വർക്ക് കവറേജ് സൗകര്യമൊരുക്കുന്നതിന് അനുമതി

14(2370) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ സേവന ദാതാക്കൾക്ക് റോഡിന്റെ വശങ്ങളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഇടുന്നതിനും പോളുകൾ സ്ഥാപിക്കുന്നതിനും മൺസൂൺ കാലത്ത് അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ ഡിവൈഡ് ഒരു വലിയ വെല്ലുവിളിയായി നിലനിൽക്കുമ്പോൾ ദ്രുതഗതിയിലുള്ള നെറ്റ്‌വർക്ക് കവറേജ് സൗകര്യമൊരുക്കുന്നതിന് ഈ മൺസൂൺ കാലത്ത് ഇളവുകൾ അനുവദിക്കാമോ;

&

(സി) ആയതിന് മൊബൈൽ സേവന ദാതാക്കൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള അനുമതിപത്രങ്ങൾ സത്വരം നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ?

നിരത്തുവിഭാഗത്തിനുകീഴിലുള്ള റോഡുകൾ മഴക്കാലത്ത് കുഴിക്കുന്നതുമൂലം റോഡുകൾക്കുണ്ടാകുന്ന തകർച്ചയും തുടർന്നുള്ള അപകടസാധ്യതകളും കണക്കിലെടുത്ത് മൺസൂൺ കാലത്ത് മൊബൈൽ സേവന ദാതാക്കൾക്ക് റോഡിന്റെ വശങ്ങളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിളുകളിടുന്നതിനും പോളുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകുന്നില്ല. എന്നാൽ റോഡുകുഴിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ

സ്വീകരിച്ച് ഡിമാൻഡ് നോട്ടീസ് നൽകി പണം സ്വീകരിക്കുന്നതുൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഈ കാലയളവിലും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഫീൽഡ് തലത്തിൽ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായാൽ മൺസൂൺ കാലം കഴിയുന്ന മുറയ്ക്കുതന്നെ മൊബൈൽ സേവനദാതാക്കൾക്ക് അവരുടെ പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

## തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം

15(2371) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തിരുവെങ്കിടം റെയിൽവേ അടിപ്പാതയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം റെയിൽവേ നേരിട്ട് നടത്തുന്ന പ്രവൃത്തിയാണ്.

(ബി) ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

പദ്ധതിയുടെ നിർമ്മാണത്തിനായി 4-1-2021-ന് എഗ്രിമെന്റ് വച്ചിട്ടുണ്ട്. Design Build Transfer Mode-ൽ നടപ്പാക്കുന്ന ടി പദ്ധതിക്ക് മൂന്ന് മാസം ഡിസൈനുള്ള സമയമുൾപ്പെടെ 12 മാസമാണ് കാലാവധി. കരാറുകാരൻ സർവ്വേയും മണ്ണ് പരിശോധനയും പൂർത്തിയാക്കി Plan and Profile Drawing & General Arrangement Drawing ഐ.ഐ.ടി.-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർ.ഒ.ബി.-കളുടെ ടെസ്റ്റ് Pile പൂർത്തിയാക്കി ടെസ്റ്റിംഗ് ജോലികൾ നടന്നുവരുന്നു. ഫൗണ്ടേഷൻ വരെയുള്ള ഡിസൈനുകളും കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധനകൾ പൂർത്തിയാക്കി ആഗസ്റ്റ് ആദ്യവാരത്തോടെ പൈലിംഗ് ജോലികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ സ്ഥലങ്ങളിലെ K.S.E.B.L, Water Authority, BSNL എന്നിവയുടെ കേബിളുകളും പൈപ്പുകളും മാറ്റുന്നതിനുള്ള നടപടികളും നടന്നുവരുന്നുണ്ട്. Utility shifting Estimate കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യൂ.ഡി. ഓഫീസുകൾ

16(2372) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യൂ.ഡി. ഓഫീസുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കാമോ;

(ബി) ഇതുസംബന്ധിച്ച് നിയമസഭാ സാമാജികർ ഉൾപ്പെടെയുള്ളവരുടെ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(സി) പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓഫീസുകളും തസ്തികകളും ഏതെല്ലാമാണ്; പ്രൊപ്പോസലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യൂ.ഡി. ഓഫീസുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ സാമജികരുൾപ്പെടെയുള്ളവർ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ പുതിയ കാര്യാലയങ്ങൾ വിവിധ വിഭാഗങ്ങളിലായി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് വിശദമായ ശിപാർശ സർക്കാരിൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി എത്രയും വേഗം പുതിയ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ചീഫ് എഞ്ചിനീയറിൽനിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഇരുമ്പിളിയം ആയുർവേദ ആശുപത്രി**

17(2373) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പിളിയം ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഇരുമ്പിളിയം ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 10/2020-ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധിയായ ഒക്ടോബർ 2021-നുള്ളിൽ തീർക്കാൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

18 (2374) ശ്രീ. എം. എം. മണി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉന്നത ഉദ്യോഗ സ്ഥതലത്തിൽ നിരീക്ഷണം കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കുമോ; ഭരണതലത്തിൽ ഉചിതമായ ഇടവേളകളിൽ പ്രധാന പ്രവൃത്തികളുടെ അവലോകനം നടത്താൻ സാധിക്കുമോ?

നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തുന്നുണ്ട്. വകുപ്പ് സെക്രട്ടറി, ചീഫ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിലും പദ്ധതി അവലോകനം ഓരോ മാസവും നടത്തി വരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മറ്റ് എഞ്ചിനീയർമാർ എന്നിവർ നിർമ്മാണ പ്രവൃത്തികളിലുണ്ടാകുന്ന തടസ്സങ്ങൾ യഥാസമയം പരിഹരി ക്കുന്നതിൽ പ്രത്യേക ശ്രദ്ധചെലുത്തുകയും അതുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹാര ത്തിനായി ഉന്നത ഉദ്യോഗസ്ഥർ അടിയന്തര യോഗങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. പദ്ധതികളുടെ പ്രതിമാസ അവലോകനം ഭരണതലത്തിലും നടത്താറുണ്ട്. പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിന് PWD 4U ആപ്പും പ്രവർത്തനക്ഷമമാണ്.

(ബി) പാറ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കുന്നതിനാൽ ബദൽ രീതികളുടെ പ്രയോഗ സാധ്യത പരിശോധനാവിധേയമാക്കുന്നുണ്ടോ?

പരമ്പരാഗത നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കുന്നതിനാൽ നവീന ബദൽ രീതികൾ പൊതുമരാമത്ത് വകുപ്പിൽ നടപ്പി ലാക്കിവരുന്നുണ്ട്. ദീർഘകാലം ഈടുനിൽക്കുന്ന ബി.എം & ബി.സി. റോഡുകൾ നിർമ്മിക്കുന്നതിലൂടെ ഒരു പരിധിവരെ ഇത് പരിഹരിക്കപ്പെടുന്നുണ്ട്. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനർനിർമ്മാണത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിനും സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡുനിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. പാറ ഉൾപ്പെടെയുള്ള നിർമ്മാണ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഗണിച്ച് ഉരുക്കുപോലുള്ള നിർമ്മാണ വസ്തുക്കളുപയോഗിച്ച് പാലം നിർമ്മാണം പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നുണ്ട്. നിർമ്മാണച്ചെലവ്, സ്റ്റീൽ ഗർഡറുകളുടെ ലഭ്യത, നിർമ്മാണ പരിചയം, പ്രായോഗികത എന്നിങ്ങനെയുള്ള കാര്യങ്ങൾ പലതും പരിഗണിച്ച് കൊണ്ടുമാത്രമേ ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കാനാവുകയുള്ളൂ.

(സി) റോഡുകൾ ധാരണയില്ലാതെ വെട്ടിപ്പൊളിക്കുന്നതിന്റെ ഫലമായി വൻനഷ്ടം വരുമെന്ന് കണക്കാക്കുന്നതിനാൽ ഇതൊഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

നിലവിൽ കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യൂ.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികളെല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകിവരുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾകെട്ടിടങ്ങളുടെ നിർമ്മാണം

19(2375) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര സർക്കാർ എൽ.പി.എസ്., തൃക്കുന്നപ്പുഴ സർക്കാർ യു.പി.എസ്., പാനൂർക്കര സർക്കാർ യു.പി.എസ്. എന്നീ സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും ആയത് വൈകുന്നത് എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

1. നങ്ങ്യാർകുളങ്ങര സർക്കാർ എൽ.പി.എസ്. :

മണ്ണ് പരിശോധന പൂർത്തിയായി. സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടിയിലാണ്. ആർക്കിടെക്ചറൽ ഡ്രോയിംഗ് പുതുക്കുകയും വേണം.

2. തൃക്കുന്നപ്പുഴ സർക്കാർ യു.പി.എസ്. :

പ്രൊപ്പോസൽ ഭരണാനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

3. പാനൂർക്കര സർക്കാർ യു.പി.എസ്. :

ഗ്രൗണ്ട് ഫ്ലോർ റൂഫ് വർക്ക് കഴിഞ്ഞു. ഫസ്റ്റ് ഫ്ലോറിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

## ആലപ്പുഴയിലെ വിവിധ പദ്ധതികൾ

20(2376) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പുവഴി വിവിധ പദ്ധതികൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

നിരത്ത്, കെട്ടിടം, പാലം, ദേശീയപാത, കെ.എസ്.ടി.പി. വിഭാഗങ്ങൾക്കു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ പൊതുമരാമത്ത് വകുപ്പുവഴി എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

നിരത്ത്, കെട്ടിടം, പാലം, ദേശീയപാത, കെ.എസ്.ടി.പി, കിഫ്ബി വിഭാഗങ്ങൾക്ക് കീഴിൽ ആലപ്പുഴ ജില്ലയിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

## തലശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

21(2377) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് റോഡ്സ്, ബിൽഡിംഗ്സ് വിഭാഗം ഭരണാനുമതി ലഭ്യമാക്കിയ ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

**പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കൽ**

22(2378) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തിയായ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും 'റൈറ്റ് ഓഫ് വേ' (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കാനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ വലിയൊരു അളവുവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തുണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി റോഡുകൾ വെട്ടി പൊളിക്കുമ്പോൾ ഇവ നികത്തുന്നതിനാവശ്യമായ റീസ്റ്റോറേഷൻ ചാർജ് അംഗീകരിച്ച നിരക്കുകൾ പ്രകാരം ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് ഈടാക്കി റെസ്റ്റോറേഷൻ പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നതിനാൽ ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് നഷ്ടമൊന്നും സംഭവിക്കുന്നില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി പദ്ധതികളിലൂടെ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചു കൊണ്ടിരിക്കുന്ന റോഡുകളടക്കമുള്ള പൊതുമരാമത്ത് പ്രവൃത്തികൾ 2021-22 സാമ്പത്തിക വർഷം മുതൽ പൊതുമരാമത്ത് വകുപ്പിൽനിന്നും മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ ആയതിന്റെ കാരണമെന്താണെന്നാണ് പൊതുമരാമത്ത് വകുപ്പ് കരുതുന്നത്; വ്യക്തമാക്കുമോ?

കിഫ്ബിയിലുൾപ്പെടുന്ന വൻകിട റോഡുനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽത്തന്നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കെ.ആർ.എഫ്.ബി. (പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാ തലത്തിൽ കെ.എർ.എഫ്.ബി.-യുടെ നിർവ്വഹണ കാര്യാലയങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനുവേണ്ടിയാണ് ഇത്തരത്തിലൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

**ചേർത്തല-കഴക്കൂട്ടം റോഡ് വികസനം**

23(2379) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനത്തിന്റെ ഭാഗമായി ചേർത്തല-കഴക്കൂട്ടം റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ എന്നാണാരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ കൺസൾട്ടന്റുമായി 3-8-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ബി) റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടത്തേണ്ടതുണ്ടോയെന്നറിയിക്കാമോ;

(സി) ആകെ എത്ര വില്ലേജുകളിലായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇതിനോടകം എത്ര ഭൂമി ഏറ്റെടുത്തുവെന്നും ഇനിയും എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) ഏതൊക്കെ വില്ലേജുകളിലെ എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് വിശദമാക്കാമോ;

&

(എഫ്) സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

റോഡ് നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിലെ 33 വില്ലേജുകളിൽ നിന്നായി 105.00 Ha ഭൂമിയും, കൊല്ലം ജില്ലയിലെ 17 വില്ലേജുകളിൽ നിന്നായി 57.60 Ha ഭൂമിയും തിരുവനന്തപുരം ജില്ലയിൽ 13 വില്ലേജുകളിൽ നിന്നായി 69.45 Ha ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ 3G നോട്ടിഫിക്കേഷൻ പ്രകാരം "Vesting of Land" നടപടി പുരോഗമിക്കുന്നു. ഓരോ വില്ലേജുകളിലെയും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം-I* ആയി ചേർക്കുന്നു.

(ജി) സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രീ-കൺസ്ട്രക്ഷൻ/കൺസ്ട്രക്ഷൻ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്.

**എടപ്പറമ്പ-കോളിച്ചൽ ഹിൽ ഹൈവേ**

24(2380) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എടപ്പറമ്പ-കോളിച്ചൽ ഹിൽ ഹൈവേ റീച്ചിൽ എത്ര കിലോ മീറ്റർ പൂർത്തിയായിട്ടുണ്ട്?

കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ-കോളിച്ചൽ ഹിൽ ഹൈവേയുടെ ആകെ നീളം 24.010 കി.മീറ്ററാണ്. 16 കി.മീ. ഡിബിഎം പ്രവൃത്തികളും 8 കി.മീ. ബിസി പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര കിലോമീറ്റർ വനത്തിൽ കൂടി പോകുന്നു; ഇതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ആകെ 3.61 കി.മീ. നീളം വനഭൂമിയിലൂടെ കടന്നുപോകുന്നു. വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന് സമർപ്പിച്ച അപേക്ഷ പ്രകാരം 4.322 ഹെക്ടർ ഭൂമിയാണ് വനം വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ടത്.

(സി) വനം വകുപ്പിന്റെ ഓൺലൈൻ അപേക്ഷയിൽ വനം വകുപ്പിന് നഷ്ടപ്പെടുന്ന ഭൂമിക്ക് പകരം ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. ഓഫീസർക്ക് സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിൽനിന്ന് ലഭ്യമാക്കേണ്ട 4.322 ഹെക്ടർ ഭൂമിക്ക് പകരമായി തത്തുല്യ ഭൂമി വനം വകുപ്പിന് കൈമാറുവാനുള്ള നിർദ്ദേശം ഓൺലൈൻ പോർട്ടലിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഇപ്രകാരം കൈമാറുവാൻ ഭൂമിയില്ലാത്തതിനാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട ആദൂർ ഗ്രാമ പഞ്ചായത്ത് അധികാരികൾക്കും നൽകിയിട്ടുണ്ട്.

(ഡി) വകുപ്പുതലത്തിൽ ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണുന്നതിനും വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വിവിധ പദ്ധതികളുടെ കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കണ്ടെത്തിയതായി റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെടുന്ന 4.322 ഹെക്ടർ മേൽപ്പറഞ്ഞ 22 ഹെക്ടറിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം

25(2381) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഉൾപ്പെടുന്ന മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച അലൈൻമെന്റ് എന്നാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്; ആയതിന് അംഗീകാരം നേടിയെടുക്കുന്നതിന് എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്;

&

(സി) ദീർഘകാലമായി പുരോഗതി കൈവരിക്കാത്ത ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരുമായി ഇടപെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ദേശീയപാത 966-ൽ ഉൾപ്പെട്ട മക്കരപ്പറമ്പ് ബൈപ്പാസ് പ്രവൃത്തി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ M/s KITCO Ltd കൊച്ചിയെ കൺസൽട്ടന്റായി MoRTH (Ministry of Road Transport and Highways of India) നിയമിച്ചു. ആയതിൻ പ്രകാരം 9-12-2019-ൽ ബൈപ്പാസിന് വേണ്ടി KITCO സമർപ്പിച്ച അലൈൻമെന്റ് ഓപ്ഷൻ

അംഗീകാരത്തിനായി MoRTH-ൽ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. 12-5-2020-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം SO 1507 (E)പ്രകാരം ദേശീയപാത 966 ഭാരത് മാല പര്യോജനയിൽ ഉൾപ്പെടുത്തി 4/6 പാതയായി വികസിപ്പിക്കുന്നതിന് NHAI-യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നാൽ ദേശീയപാത 966-ന്റെ അലൈൻമെന്റ് കടന്നുപോകുന്നത് കോഴിക്കോട് - മലപ്പുറം - പാലക്കാട് ഇന്റർഫീഡർ കോറിഡോർ (ICR-34) പുതിയ ഗ്രീൻഫീൽഡ് പാതയിലൂടെയാണ്. ഇതിൽ മക്കരപ്പറമ്പ് ബൈപ്പാസ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത ബൈപ്പാസിന് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകാൻ സാധ്യതയില്ല.

## കുറ്റ്യാടി പള്ളി-ഊരത്ത് റോഡ്

26(2382) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിൽ കൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയെയും കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡിനെയും ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട റോഡായ കുറ്റ്യാടി പള്ളി-ഊരത്ത് റോഡിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കുറ്റ്യാടി പള്ളി-ഊരത്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കായി മൊത്തം 50 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) നൂറുകണക്കിന് ആളുകൾ ആശ്രയിക്കുന്ന മൂന്ന് കിലോമീറ്ററിൽ അധികം ദൈർഘ്യം വരുന്നതും ജനവാസമേഖലകളിലൂടെ കടന്നുപോകുന്നതുമായ പ്രസ്തുത റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കാമോ?

നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബി.എം.ബി.സി.-യിൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത റോഡിന്റെ നിർമ്മാണം വിഭാവന ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി MSS (Mixed Sealed Surfacing) ഉപയോഗിച്ചുകൊണ്ടാണ് ഉപരിതലം പുതുക്കുന്നത്.

(ഡി) പ്രസ്തുത റോഡിന്റെ മുഴുവൻ ദൂരവും യാത്രായോഗ്യമാക്കുന്നതിനുള്ള പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

നിലവിൽ ഈ റോഡിന്റെ മുഴുവൻ ദൂരവും ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആറ്റിങ്ങൽ മണ്ഡലത്തിലെ പ്രവൃത്തികൾ**

27(2383) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയ കടുവയിൽ പള്ളി-തോട്ടക്കാട്-ശ്രീകൃഷ്ണപുരം-വട്ടക്കൈത, തട്ടത്തുമല-ചാറയം എന്നീ പ്രവൃത്തികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് തടസ്സമുണ്ടോ എന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാവൂർ-കുളിമാട് റോഡ് വികസനം**

28(2384) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ-കുളിമാട് റോഡ് വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കുളിമാട് കടവ്, എളമരം കടവ് ഭാഗങ്ങളിൽ പാലങ്ങളുടെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നതിനാൽ റോഡ് വികസനത്തിന് മുൻഗണന നൽകുമോ;

&

(സി) സൗജന്യമായി സ്ഥലം ലഭ്യമല്ലാത്ത ഇടങ്ങളിൽ അക്വിസിഷൻ നടപടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മാവൂർ മുതൽ കുളിമാട് വരെയുള്ള റോഡ് 8 കി.മീറ്ററാണ്. ഇതിൽ എളമരം കടവ് മുതൽ കുളിമാട് വരെയുള്ള 6.9 കി.മീ ദൂരം ബി.എം.&ബി.സി. നിലവാരത്തിൽ ഉപരിതലം പുതുക്കുന്നതിനായി 'Renewal BT to Mavoor -

Koolimadu-Pannikkode- Chullikkaparambu-Eranhimavu road between ch. 1/100 to 8/000' എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെക്നിക്കൽ സാംഗ്ഷനവേണ്ടിയുള്ള എസ്റ്റിമേറ്റ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനാഘട്ടത്തിലാണ്. സാങ്കേതികാനുമതിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ബി.എം.&ബി.സി. നിലവാരത്തിൽ ഉപരിതലം പുതുക്കുന്നതിന് നിലവിൽ അധിക സ്ഥലം ഏറ്റെടുക്കേണ്ടതില്ല. കൂടാതെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന RKI പദ്ധതികളുടെ സേവിംഗ്സ് തുക വിനിയോഗിച്ച് എരഞ്ഞിമാവ് - മാവൂർ - മെഡിക്കൽ കോളേജ് റോഡ് പ്രവൃത്തി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ തീരദേശ പാത നിർമ്മാണം

29(2385) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിലവിൽ പൂവാർ വരെ ഡി.പി.ആർ പൂർത്തീകരിച്ചിട്ടുള്ള പൊഴിയൂർ തീരദേശത്തേയ്ക്കുള്ള സംസ്ഥാന തീരദേശപാത, പൂവാർ മുതൽ തമിഴ്നാട് അതിർത്തി പ്രദേശമായ പൊഴിയൂർ കൊല്ലങ്കോട് വരെ നീട്ടുന്നതിനെന്തു നടപടിയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ തീരദേശപാത പൂവാർ മുതൽ തമിഴ്നാട് അതിർത്തി പ്രദേശമായ കൊല്ലങ്കോട് വരെ നീട്ടുന്നതിന് ഡി.പി.ആർ. പൂർത്തീകരിച്ചോ; എത്ര കോടി രൂപയാണ് ചെലവ് വരുന്നത് എന്ന് വ്യക്തമാക്കാമോ;

&

(സി) ഡി.പി.ആർ. പൂർത്തീകരിച്ചില്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കും; ആരെയാണ് ഡി.പി.ആർ. പൂർത്തീകരിക്കാൻ ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിലവിൽ പൂവാർ വരെയാണ് സംസ്ഥാന തീരദേശ പാതയ്ക്ക് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/17/ പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളത്. പൂവാർ മുതൽ തമിഴ്നാട് അതിർത്തി പ്രദേശമായ പൊഴിയൂർ കൊല്ലങ്കോട് വരെ തീരദേശപാത നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പാലാ ചെർപ്പുങ്കൽ- ഭരണങ്ങാനം പാരലൽ റോഡ്

30(2386) ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മണ്ഡലത്തിലെ ചെർപ്പുങ്കൽ-ഭരണങ്ങാനം പാരലൽ റോഡിനുവേണ്ടി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പാലാ നിയോജകമണ്ഡലത്തിലെ ചെർപ്പുങ്കൽ- ഭരണങ്ങാനം പാരലൽ റോഡിനായി മുത്തോളി ഭരണങ്ങാനം റോഡ് എന്ന പേരിൽ 1-11-2016-ലെ സ.ഉ (സാധാ)നമ്പർ 1502/2016/പൊ.മ.വ ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവ് 12-2-2021-ലെ സ.ഉ. (സാധാ) നമ്പർ 188/2021/പൊ.മ.വ പ്രകാരം പുതുക്കിയിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതാണ്.

## തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നവീകരണം

31(2387) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ തൃശ്ശൂർ ജില്ലയിൽപ്പെട്ട 33 കിലോമീറ്റർ ദൂരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 218.45 കോടി രൂപ അനുവദിച്ച് നവീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത റോഡിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള പ്രദേശത്തെ അനധികൃത കയ്യേറ്റം ഒഴിവാക്കി നിലവിലുള്ള റോഡിന്റെ വീതി കൂട്ടി നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി KfW ജർമ്മൻ ബാങ്കിന്റെ ധനസഹായത്തോടെയാണ് തൃശ്ശൂർ -കുറ്റിപ്പുറം പാതയുടെ നവീകരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭൂമി ഏറ്റെടുത്ത് പ്രവൃത്തി നടത്തുന്നതിന് സാധിക്കുകയില്ല. മുണ്ടൂർ-പുറ്റേക്കര റോഡ് പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്ന ജോലികൾക്കുവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർ സർവേയർമാരെ നിയോഗിച്ചിരുന്നു. ആയതുപ്രകാരം തൃശ്ശൂർ താലൂക്ക്, അഞ്ഞൂർ വില്ലേജിലെ മുണ്ടൂർ മുതൽ പുറ്റേക്കര സിഗ്നൽ വരെയുള്ള 2 കി.മീ. റോഡ് സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. കോടതി വ്യവഹാരം നിലനിൽക്കുന്നത് ഒഴികെയുള്ള പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. ടി ഭാഗത്തെ റോഡ് നാലുവരിയാക്കുന്ന

തിനായി ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് 50 ലക്ഷം രൂപ contingencies ഇനത്തിൽ ലാൻഡ് അക്വിസിഷൻ കാര്യാലയത്തിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്.

(ബി) 1961-ലെ ലാൻഡ് അക്വിസിഷൻ നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത മുണ്ടൂർ സെന്റർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന്റെ പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും അതുവഴി റോഡ് വീതി കൂട്ടി നാലുവരിപ്പാത യാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

1961-ലെ ലാൻഡ് അക്വിസിഷൻ നിയമപ്രകാരം അക്വിസിഷൻ നടന്നിട്ടുള്ള തൃശ്ശൂർ താലൂക്ക്, അഞ്ഞൂർ വില്ലേജിലെ 446, 447, 448, 450, 535 & 678 എന്നീ പഴയ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ (OS 469/13 നമ്പർ കേസ്) വ്യവഹാരം നിലനിൽക്കു ന്നതിനാൽ പ്രസ്തുത സ്ഥലത്ത് സർവ്വേ നടപടി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത നിയമപ്രകാരം അളന്ന് തിട്ടപ്പെടുത്തി മുണ്ടൂർ-പുറ്റേക്കര പ്രദേശത്തെ കയ്യേറ്റഭൂമികൾ കണ്ടെത്തണമെന്നുകാണിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ സർക്കാരിന് ഇ 5-2191/2019 നമ്പറായി 23-9-2019-ൽ അയച്ച കത്തിന്മേൽ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കത്ത് പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല.

**റോഡുകളുടെ അറ്റകുറ്റപ്പണികൾ**

32(2388) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് പണം അനുവദിക്കു ന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ?

റോഡുകളുടെ ശോചനീയാവസ്ഥ, പ്രാധാന്യം, ആവശ്യകത എന്നിവ കണക്കി ലെടുത്ത് അതത് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് അനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചുമാണ് പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക അനുവദിക്കുന്നത്. റിക്ക്, കെ.ആർ.എഫ്.ബി, ആർ.ബി.ഡി.സി.കെ. എന്നീ വിഭാഗങ്ങൾ നിർമ്മിച്ചുവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ എഗ്രിമെന്റ് പ്രകാരം കരാറുകാരൻ ചെയ്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് എത്ര പണം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) മഴക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളാണവയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

&

(ഡി) ഇത്തരത്തിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് എത്ര ചെലവുണ്ടെന്നും പ്രസ്തുത തുക സർക്കാർ അനുവദിക്കുമോ എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മഴക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ട്. ടൗട്ടെ, യാസ് ചുഴലിക്കാറ്റുകൾമൂലവും അതിശക്തമായ മഴയിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലത്തിനും ഓടകൾക്കും സംരക്ഷണ ഭിത്തികൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചതിനുപുറമേ കടൽക്ഷോഭത്തെ തുടർന്ന് കടൽഭിത്തിയും തകർന്നിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഭാഗത്തെ നാശനഷ്ടം സംഭവിച്ച തീരദേശ റോഡിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 3 കോടി രൂപ ആവശ്യമായി വരും. കൂടാതെ 18 മീറ്റർ വീതിയിലും 75 മീറ്റർ നീളത്തിലും കടലെടുത്ത ശംഖുമുഖം ഭാഗത്തെ റോഡ് പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തിയിൽ അധികമായി 2 കോടി രൂപ ആവശ്യമാണ്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് തകർന്നിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ ഗതാഗത യോഗ്യമല്ലാതായി തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 5223.44 ലക്ഷം രൂപ വേണ്ടിവരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II *ആയി ചേർക്കുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

33(2389) ശ്രീ. രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് - ഇരട്ടകുളങ്ങര - കുരീക്കാട് ജംഗ്ഷൻ റോഡ്, മണ്ണാറശ്ശാല ബ്ലോക്ക് ജംഗ്ഷൻ - ഗണപതിയാകുളങ്ങര റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പള്ളിപ്പാട് - ഇരട്ടകുളങ്ങര - കുരീക്കാട് ജംഗ്ഷൻ റോഡ് ഹോട്ടൽ ബേബി ജംഗ്ഷൻ - എൻ.എച്ച്- ഇരട്ടക്കുളങ്ങര- പള്ളിപ്പാട് ചന്ത- കുരീക്കാട് ജംഗ്ഷൻ - പുല്ലമ്പട-റോഡ് നവീകരണ പ്രവൃത്തികൾ NABARD RIDF XXIV പദ്ധതിയിലുൾപ്പെടുത്തി 2019 ഡിസംബറിൽ ടെണ്ടർ ചെയ്യുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ് വെയറിൽ ഇ-എം.ബുക്ക് ജനറേറ്റ് ചെയ്യുവാൻ സാങ്കേതിക തടസ്സമുണ്ടായതിനെ തുടർന്ന് കരാർ റദ്ദ് ചെയ്യുകയും തുടർന്ന് 2021-ൽ പുനർദർഘാസ് നടത്തിയ പുതിയ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ഭാഗമായ ഹോട്ടൽ ബേബി ജംഗ്ഷൻ മുതൽ ആർ.കെ ജംഗ്ഷൻ വരെയും, എൻ.എച്ച്. ആർ.കെ ജംഗ്ഷൻ മുതൽ ഇരട്ടക്കുളങ്ങര വരെയുമുള്ള ഓട നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മേടയിൽ കടവ് കലുങ്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹോട്ടൽ ബേബി ജംഗ്ഷൻ മുതൽ ആർ.കെ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ജി.എസ്.ബി വിരിക്കുന്നത് പൂർത്തിയാക്കിയിട്ടുണ്ട്. ആർ.കെ ജംഗ്ഷൻ മുതൽ ഇരട്ടക്കുളങ്ങര വരെയുള്ള ഭാഗത്ത് ജി.എസ്.ബി വിരിക്കുന്നതിനായി ലെവൽസ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഓട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് റോഡ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മണ്ണാറശ്ശാല ബ്ലോക്ക് ജംഗ്ഷൻ- ഗണപതിയാകുളങ്ങര റോഡ് കി.മീ.0/000 മുതൽ 3/750 വരെയുള്ള പുനരുദ്ധാരണത്തിന് 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇത്രയും നീളത്തിൽ ബി.എം. ആൻഡ് ബി.സി നിലവാരത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച തുക അപര്യാപ്തമായതിനാൽ 0/000 മുതൽ 2/000 വരെ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടുള്ളു. തുടർന്ന് പ്രവൃത്തിയുടെ നോമൺക്ലേച്ചർ മാറ്റുന്നതിന് വേണ്ടി ചീഫ് ടെക്നിക്കൽ എക്സാമിനർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തി 2019 അവസാനമാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. ഇതിനെ തുടർന്ന് 2021 ഫെബ്രുവരി മാസം പ്രവൃത്തി പുനർ ദർഘാസ് നടത്തുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡിന്റെ പ്രാഥമിക ലെവൽസ് എടുക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിർവ്വഹണ തടസ്സമെന്തെന്നും ആയത് ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ?

ടി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മറ്റുതടസ്സങ്ങൾ ഒന്നുമില്ല.

## കളൻതോട്-കുഴിമാട് റോഡ് പ്രവൃത്തി

34(2390) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതും കരാറുകാരൻ ഉപേക്ഷിച്ചു പോയതുമായ കോഴിക്കോട് ജില്ലയിലെ കളൻതോട് -കുഴിമാട് റോഡ് പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

കളൻതോട്-കുഴിമാട് റോഡ് പ്രവൃത്തി പുനരാരംഭിക്കാൻ പുതുക്കിയ എസ്റ്റിമേറ്റിൽ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം ചില നിർദ്ദേശങ്ങൾ നൽകിയതനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നൽകിയ ഡി.പി.ആർ കിഫ്ബിയിൽ പരിശോധനയിലാണ്.

(ബി) മുൻ കരാറുകാരൻ റോഡ് പൊളിച്ചിട്ട സാഹചര്യത്തിൽ നിർമ്മാണം പുനരാരംഭിക്കാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാണ്ടിക്കാട് - ഒലിപ്പുഴ റോഡ്

35(2391) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നിയോജകമണ്ഡലത്തിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള റോഡിൽ പാണ്ടിക്കാട് മുതൽ കിഴക്കേ പാണ്ടിക്കാട് വരെയുള്ള (കി.മീ. 13/300 മുതൽ 16/200 വരെ) ഭാഗത്തേയ്ക്ക് സ്ലിപ്പിഡ് ബി.ടി-യും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഡ്രെയിനേജ് അനുബന്ധ പ്രവൃത്തികൾക്കുമായി 50 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമാണ്. ഈ ഭാഗത്ത് ബി.എം & ബി.സി ചെയ്യുന്നതിനായി 230 ലക്ഷം രൂപയുടെ വർക്ക് പ്രൊപ്പോസൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതേ റോഡിന്റെ തുടർച്ചയായ പെരിമ്പിലാവ് - നിലമ്പൂർ SH-ൽ ഉൾപ്പെട്ട ഒലിപ്പുഴ പാലം മുതൽ കിഴക്കേ പാണ്ടിക്കാട് ഉൾപ്പെടുന്ന 1300 മീറ്റർ ഭാഗം ഉൾപ്പെടുത്തി ബി.എം & ബി.സി റിന്യൂവൽ പ്രവൃത്തിക്കുവേണ്ടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പെരിമ്പിലാവ് നിലമ്പൂർ റോഡിൽ കി.മീ.62/320 മുതൽ 68/500 വരെ -320 ലക്ഷം രൂപ). പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് കരുതുന്നു.

## പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ

36(2392) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

&

(ബി) മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന മലയോര ഹൈവേയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മലയോര ഹൈവേ - കൊല്ലങ്കോട് വടക്കാഞ്ചേരി റോഡ്.

2. മലയോര ഹൈവേ കൂട്ടുപാത – കൊല്ലങ്കോട് റോഡ്.

പ്രസ്തുത പ്രോജക്ടുകൾക്കായി 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 10-7-2017-ലെ ജി.ഒ. (ആർ.ടി.)നമ്പർ 942/2017/ പി.ഡബ്ല്യൂ.ഡി പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് 12.02.2021-ലെ ജി.ഒ.(ആർ.ടി.)നമ്പർ 188/2021/പി.ഡബ്ല്യൂ.ഡി പ്രകാരം പുതുക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. അനുമതിക്കായി 11-4-2018-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി ഭൂമി വിട്ടുകിട്ടുമെന്നുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കണമെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി വിട്ടുകിട്ടുമെന്ന രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള റോഡ് നിർമ്മാണം

37(2393) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കൂടുതൽ കാലം ഈട് നിൽക്കുന്ന ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, ഭൂഗർഭ ജലനിരപ്പ്, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ദീർഘകാലം ഈടുനിൽക്കുന്ന ബി.എം.&ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ദീർഘകാലം ഈട് നിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗരപാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനർനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീ-സൈക്ലിംഗ് നിർമ്മാണ രീതി, എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തുവരുന്നു. സാങ്കേതിക രംഗത്തെ നവീന ആശയങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ കാലാവസ്ഥാ വ്യതിയാന സംബന്ധമായ പ്രശ്നങ്ങൾ തടയുന്നതിനായി Retaining wall, Culvert, Drain, B.M.&B.C. എന്നിവയുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും IRC-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കാറുണ്ട്. ആധുനിക സാങ്കേതിക വിദ്യയായ കോൾഡ് ഇൻ പ്ലേസ് റീ-സൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിലും ബലപ്പെടുത്തൽ പ്രവൃത്തികളിലും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ നിർമ്മാണം Natural Rubber Modified Bitumen ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ സി.ആർ.എഫ് പദ്ധതികളിൽ ബിറ്റുമിനസ് കോൺക്രീറ്റിൽ 1 കി.മീ. നീളത്തിൽ പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ച നിലവാരത്തിലേയ്ക്ക് സംസ്ഥാന പാതകൾ ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനപാതകൾ എല്ലാംതന്നെ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്കർഷിച്ച പ്രകാരമുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 80% ത്തോളം സംസ്ഥാനപാതകൾ ബി.എം.&ബി.സി. നിലവാരത്തിലുള്ളവയാണ്. ശേഷിക്കുന്ന റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും വാഹനസാന്ദ്രത കണക്കിലെടുത്ത് സ്ഥല ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാന പാതകൾ വീതികൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**താവുകുണ്ട് പോത്തുംകുന്നു നടുവിൽ റോഡ് വീതി കൂട്ടൽ**

38(2394) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ബൈപ്പാസ്സായി ഉൾപ്പെടുത്തിയിരുന്ന താവുകുണ്ട് പോത്തുംകുന്നു നടുവിൽ റോഡ് വീതികൂട്ടി മെക്കാഡം ടാറിംഗ് നടത്തുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

നബാർഡ് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മലയോര ഹൈവേ പദ്ധതിയിൽ ഇതുകൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണിക്കുമോ?

വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ടി നിർദ്ദേശം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**റോഡ് ടാറിംഗിനുള്ള മെറ്റൽ സ്റ്റാക്കിംഗ്**

39(2395) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടാറിംഗിനും കോൺക്രീറ്റിംഗിനും ആവശ്യമായ മെറ്റൽ സ്റ്റാക്ക് ചെയ്ത് റിപ്പോർട്ട് ചെയ്യുന്ന നിലവിലെ നടപടിക്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടാറിംഗിനും, കോൺക്രീറ്റിനും ആവശ്യമായ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നത് 31-12-2020-ലെ ജി.ഒ (പി)നമ്പർ 167/2020/ഫിൻ, 30-4-2021-ലെ 40/2021/ഫിൻ നമ്പർ സർക്കുലർ എന്നിവയിലെ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ്.

(ബി) വിവിധ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ ഇത്തരത്തിൽ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിനുള്ള സ്ഥല സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ ജനസാന്ദ്രത ഇത്തരത്തിൽ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിന് പ്രയാസം സൃഷ്ടിക്കുന്നുണ്ടോ?

മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിനുള്ള സ്ഥല സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോൺക്രീറ്റ് ക്യൂബുകൾ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നത് വഴിയും റോഡിലെ വിവിധ ഘട്ടങ്ങളിലെ ലെവെൽസ് റിപ്പോർട്ട് ചെയ്യുന്നത് വഴിയും സ്ഥലപരിശോധന സമയത്ത് കോർകട്ടിംഗ് വഴിയും പ്രവൃത്തിയുടെ ഗുണനിലവാരം വിലയിരുത്താൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സ്റ്റാക്ക് ചെയ്യേണ്ട മെറ്റലിന്റെ അളവ് കുറയ്ക്കാൻ സാധിക്കുമോ?

കോൺക്രീറ്റ് ക്യൂബുകൾ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നത് വഴിയും റോഡിലെ വിവിധ ഘട്ടങ്ങളിലെ ലെവൽസ് റിപ്പോർട്ട് ചെയ്യുന്നത് വഴിയും സ്ഥല പരിശോധന സമയത്ത് കോർകട്ടിംഗ് വഴിയും പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്താൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരിശോധന കൊണ്ട് സ്റ്റാക്ക് ചെയ്യേണ്ട മെറ്റലിന്റെ അളവ് കുറയ്ക്കുവാൻ സാധിക്കുകയില്ല.

(ഡി) ഒരു റോഡ് പ്രവൃത്തിയിലെ ജി.എസ്.ബി.-യുടെയും വെറ്റ് മിക്സ് മെക്കാഡത്തിന്റെയും അളവ് ഒന്നിച്ച് 100 ക്യൂബിക് മീറ്ററിൽ കൂടുതലുള്ളപ്പോൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ എന്നത് വ്യക്തമാക്കാമോ?

31-12-2020-ലെ ജി.ഒ(പി) നമ്പർ 167/2020/ഫിൻ പ്രകാരം റോഡ് പ്രവൃത്തിയിലെ ജി.എസ്.ബി.-യുടെയും വെറ്റ് മിക്സ് മെക്കാഡം എന്നീ ഓരോ ഇനങ്ങളുടെയും കരാർ അളവ് 100 ക്യൂബിക്ക് മീറ്ററിൽ അധികം ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. എന്നാൽ 30-4-2021-ലെ 40/2021/ഫിൻ നമ്പർ സർക്കുലർ പ്രകാരം ഏതെങ്കിലും ഒരു ഐറ്റം 100 ക്യൂബിക്ക് മീറ്ററിൽ അധികമായാൽ എല്ലാ ഐറ്റങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതുമുണ്ട്.

## കോവളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളെ പി.ഡബ്ല്യൂ.ഡി. റോഡുകളായി പ്രഖ്യാപിക്കുന്നതിന് നടപടി

40(2396) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ കോവളം കെ.എസ്. റോഡ് -പടിഞ്ഞാറേ പൂങ്കുളം റോഡ്, കാക്കാമൂല-കാരിക്കുഴി - അമരവിള റോഡ്, പാലപ്പൂര് ബണ്ട്-കിരീടം പാലം- വെള്ളായണി ക്ഷേത്രം റോഡ്, ഊക്കോട്-വേവിള-ശാസ്താക്ഷേത്രം റോഡ്, പനയറക്കുന്ന്-ഇടുവ-പെരിങ്ങമ്മല- മംഗലത്ത്കോണം റോഡ്, ചൊവ്വര ക്ഷേത്രം റോഡ്, അവണാകുഴി-ആട്ടറമൂല- കട്ടച്ചൽകുഴി റോഡ്, പയറുംമൂട് -ശാന്തിപുരം-മുള്ളുമുക്ക്-നീലകേശി ക്ഷേത്രം-വെങ്ങാനൂർ റോഡ്, ചാണി-മുഴക്കോൽകുന്ന്-നെല്ലിക്കാക്കുഴി റോഡ്, കാഞ്ഞിരംകുളം-മൂന്നുമുക്ക്-നെല്ലിമൂട് റോഡ്, കല്ലമ്പലം-ആലുവിള-വില്ലിക്കുളം-കാറ്റാടിമുക്ക് റോഡ് എന്നീ ഗ്രാമീണ റോഡുകളെ പി.ഡബ്ല്യൂ.ഡി. റോഡുകളാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണം

41(2397) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ. നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളത്; ആയത് അടിയന്തരമായി പൂർത്തിയാക്കുമോ;

&

(സി) പ്രവൃത്തിയുടെ പുരോഗതിക്കായി ആർ.ബി.ഡി.സി.കെ.-യ്ക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; ദീർഘകാലമായി പുരോഗതി കൈവരിക്കാത്ത പ്രവൃത്തി എന്ന നിലയ്ക്ക് പ്രസ്തുത പ്രവൃത്തി സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ ഒരോടം പാലം വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ കൺസൾട്ടൻസിയായി കിറ്റ്കോയെ നിയമിക്കുകയും പദ്ധതിയുടെ വിശദമായ സാങ്കേതിക പഠനങ്ങൾക്കും സർവ്വേകൾക്കും ശേഷം കിറ്റ്കോ സമർപ്പിച്ച അലൈൻമെന്റ് ആർ.ബി.ഡി.സി.കെ. പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഈ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുകയും കിഫ്ബിയിൽ നിന്ന് 12.62 കോടി രൂപയുടെ സാമ്പത്തികാനുമതി 22-5-2018-ൽ ലഭിക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-7-2018-ന് പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പദ്ധതി പ്രദേശത്തെ ഏതാനും ഭൂവുടമകൾ പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത സാഹചര്യത്തിൽ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഭൂവുടമകളുടെ തർക്കങ്ങൾ പരിഹരിച്ചാൽ 18 മാസംകൊണ്ട് ഭൂമി ഏറ്റെടുക്കലും 12 മാസംകൊണ്ട് നിർമ്മാണപ്രവൃത്തികളും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

42(2398) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഏതൊക്കെ യാണെന്ന് അറിയിക്കുമോ; റോഡുകളുടെ ദൈർഘ്യം ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളെ സംബന്ധിച്ച വിവരം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത കണ്ണൂർ വിഭാഗത്തിന് കീഴിൽ ദേശീയപാത 66-ൽ കി.മീ. 115/450 (പെരുമ്പ പാലം) മുതൽ 125/000 (പരിയാരം) വരെയും (9.55 കി.മീ.), കി.മീ 140/350 (കണ്ണപുരം-കെൽട്രോൺ നഗർ) മുതൽ 144/300 (കീച്ചേരി) വരെയും (3.95 കി.മീ.) ആണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ബാക്കിയുണ്ടെന്നറിയിക്കുമോ; പ്രസ്തുത റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ബാക്കിയുള്ള റോഡുകളുടെ വിവരം അനുബന്ധം II* ആയി ചേർത്തിരിക്കുന്നു. നിലവിൽ ദേശീയപാത 66 ബി.എം & ബി.സി നിലവാരത്തിലാണ്.

(സി) പ്രസ്തുത റോഡുകൾ കൂടി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഭരണാനുമതി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണം**

43(2399) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മാണം നടത്താനുള്ളതെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായിചേർക്കുന്നു.*

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ പ്രവൃത്തി ക്രമീകരിച്ചിട്ടില്ലാത്ത റോഡുകളുടെ ഭരണാനുമതി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ വട്ടോളി പുഴ അപ്രോച്ച് റോഡ്**

44(2400) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാങ്ങാട്ടിടം-മാലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വട്ടോളി പുഴ പാലം പണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ അപ്രോച്ച് റോഡ് പൂർത്തീകരിക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിലെ വട്ടോളി പാലത്തിന്റെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണി മാത്രമാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. തുടർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് എത്രയും വേഗം ലഭ്യമാക്കി, അംഗീകാരം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**പായത്താം വയൽ-കോയിപ്ര-ചെക്കിത്തോട് റോഡ്**

45(2401) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പായത്താം വയൽ-കോയിപ്ര-ചെക്കിത്തോട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) ഏത് വർഷമാണ് ഏറ്റെടുത്തതെന്നും ഏറ്റെടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയായോ എന്നും വ്യക്തമാക്കുമോ?

പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പായത്താം വയൽ-കോയിപ്ര-ചെക്കിത്തോട് റോഡ് 15-1-2013-ലെ സ.ഉ(കൈ)നമ്പർ 6/2013/ പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളതാണ്. നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ കൂട്ടിച്ചേർത്തോ എന്ന് അറിയിക്കാമോ?

പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ കൂട്ടിച്ചേർക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പാലാ റിവർവ്യൂ റോഡ്**

46(2402) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ റിവർവ്യൂ റോഡിന്റെ പണി പൂർത്തീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

1.97 കോടി രൂപ അടങ്കൽ തുകയുള്ള പാലാ റിവർവ്യൂ റോഡ് പദ്ധതിക്ക് 27-3-2018-ൽ 24 മാസത്തെ പൂർത്തീകരണ കാലാവധിക്ക് അടങ്കൽ നൽകിയിട്ടുണ്ട്. 1100 മീറ്റർ നീളമുള്ളതും Integral bridge ആയി രൂപകല്പന ചെയ്തിരിക്കുന്നതുമായ ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോവിഡ്-19 രോഗവ്യാപനംമൂലം നിലവിൽ തുടർന്നുവരുന്ന ലോക്ഡൗൺമൂലമുള്ള പരിമിതികൾ കാരണവും പ്രവൃത്തിക്ക് അനിവാര്യമായ സാങ്കേതിക വിദഗ്ദ്ധരുടെയും ജോലിക്കാരുടെയും ദൗർലഭ്യംമൂലവും 2018-2019 വർഷങ്ങളിൽ മൺസൂൺ കാലത്ത് പ്രളയം കാരണം നദിയിൽ ജലനിരപ്പ് ഉയർന്നുനിന്നതിനാലും ടി സൈറ്റിൽ നിന്നിരുന്ന ചില വൃക്ഷങ്ങൾ നിയമാനുസൃതം മുറിച്ചുമാറ്റുന്നതിന് പുനർലേലങ്ങൾ നടത്തേണ്ടി വന്നതിനാലും യഥാസമയം പൂർത്തികരിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തിയിൽ ആകെയുള്ള 147 പൈലുകളും 49 പൈൽ ക്യാപ്പുകളിൽ 45 എണ്ണവും 176 pre stressed girder-കളിൽ 50 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണം**

47(2403) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും ഖണ്ഡിക 156, 157 പ്രകാരമുള്ള 182 പദ്ധതികളിൽ 102-ാം പദ്ധതിയുമായ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി പദ്ധതി പ്രകാരം നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

20 കോടി രൂപ.

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെന്റിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ചെയിനേജ് 1/460-ൽ ഒരു പാലവും ചെയിനേജ് 4/820-ൽ ഒരു റെയിൽവേ മേൽപ്പാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ കിഫ്ബിയുടെ ടെക്നിക്കൽ റിസ്സോഴ്സ് വിംഗിന്റെ സഹായത്തോടുകൂടി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. ലഭ്യമാക്കി, കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മാവൂർ റോഡ് നവീകരണത്തിനായി വാങ്ങിയ സ്ഥലം**

48(2404) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണ് എടുക്കുന്നതിന് സർക്കാർ വിലകൊടുത്ത് വാങ്ങിയ എത്ര പ്ലോട്ടുകൾ സംരക്ഷിക്കപ്പെടാതെയും ഉപയോഗപ്പെടുത്താതെയും ഇട്ടിരിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. തൊണ്ടയാട്, വെള്ളിപറമ്പ് ആറാം മൈൽ, കല്ലേരി, കല്ലുംപാറ എന്നീ നാല് സ്ഥലങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ എത്ര സ്ഥലം കയ്യേറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

താലൂക്ക് സർവ്വേയർ മുഖേന സർവ്വേ നടത്തിയതിനുശേഷമേ സ്ഥലം കയ്യേറിയിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) റോഡ് വികസനത്തിന് ആവശ്യമില്ലാത്ത ഇത്തരം സ്ഥലങ്ങൾ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ?

പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചു നൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്തുവക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 30-9-2009-ൽ 20541/സി3/2009/പൊ.മ.വ നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ സ്വന്തമായി വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഇല്ലാത്ത പെരുവയൽ, കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസുകൾക്ക് സ്ഥലം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചുനൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 30-9-2009-ൽ 20541/സി3/ 2009/ പൊ.മ.വ നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**മണ്ണന്തല-തൈക്കാട് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

49(2405) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി മണ്ണന്തല മുതൽ തൈക്കാട് (വെഞ്ഞാറമൂട്) വരെയുള്ള റോഡ് ആധുനിക രീതിയിൽ വീതികൂട്ടി നിർമ്മിച്ചപ്പോൾ പിരപ്പൻകോട് ജംഗ്ഷനിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ എതിർവശത്തുള്ള മതിൽ കെട്ടിയ ഭൂമി സർക്കാർ ധനസഹായം നൽകി വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

&

(സി) അപ്രകാരം വാങ്ങിയ ഭൂമി മതിൽ പൊളിച്ച് റോഡ് വികസനത്തിന് ഉപയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ടി.പി. ഒന്നാംഘട്ട റോഡ് നിർമ്മാണത്തിന്റെ ഭാഗമായി തൈക്കാട് മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് മാത്രമാണ് ലാൻഡ് അക്വിസിഷൻ നടത്തിയിട്ടുള്ളത്.

**താമരശ്ശേരി-വരിട്ട്യാക്കിൽ-സി.ഡബ്ല്യൂ. ആർ.ഡി.എം. റോഡ് പ്രവൃത്തി**

50(2406) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന താമരശ്ശേരി-വരിട്ട്യാക്കിൽ-സി.ഡബ്ല്യൂ.ആർ. ഡി.എം. റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

ഉണ്ട്. 90% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇതിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികൾ തുടങ്ങുന്നതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. രണ്ടാംഘട്ട പ്രവൃത്തിയുടെ മുന്നോടിയായി റോഡിന്റെ RoW 10 മീറ്റർ ആക്കുന്നതിന്റെ ഭാഗമായി റോഡിന്റെ ഇരുവശത്തുമുള്ള സ്ഥലങ്ങൾ സൗജന്യമായി വിട്ടുതരുന്നവർക്കുവേണ്ടി മതിലുകൾ പുനർനിർമ്മിച്ച് നൽകുന്നതിനായി 6.236 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും പുതുക്കി ലഭിച്ചിട്ടുണ്ട്.

## വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണം

51(2407) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതെന്നാണ്; അനുവദിച്ച തുക എത്ര; കരാർ പ്രകാരം നിർമ്മാണ പ്രവൃത്തിയുടെ കാലയളവ് എത്രയെന്നും വ്യക്തമാക്കാമോ;

&

(സി) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ 4 വർക്കുകളായിട്ടാണ് വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ പ്രവൃത്തി ക്രമീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വെസ്റ്റ് കൈതപ്പൊയിൽ-വള്ള്യാട്-ചുരം 7-ാം വളവ് റോഡ്**

52(2408) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ചുരത്തിന് ബദലായി ഉപയോഗിക്കാവുന്ന വെസ്റ്റ് കൈതപ്പൊയിൽ-വള്ള്യാട്-ചുരം 7-ാം വളവ് റോഡ് സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

&

(ബി) പ്രസ്തുത ബദൽപാത യാഥാർഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാധ്യതാപഠനം നടത്തിയിട്ടില്ല.

**വളക്കൈ - കൊയ്യം റോഡ്**

53(2409) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡ് നവീകരണ പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും പ്രസ്തുത റോഡ് പദ്ധതിക്ക് ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വളക്കൈ-കൊയ്യം റോഡ് നവീകരണത്തിനായി 2020-21 ബഡ്ജറ്റിൽ 11 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം 11 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിക്കുകയും അത് പുതുക്കി സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ പരിശോധനാ ഘട്ടത്തിലാണ്.

(സി) പ്രസ്തുത റോഡ് നവീകരണത്തിനായുള്ള പൊതുജനങ്ങളുടെ പരാതികൾ, സമരങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) റോഡിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി ഇനി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ദേശീയപാത-744

54(2410) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത-744 കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ അലൈൻമെന്റ് നിർണ്ണയം പൂർത്തിയായിട്ടുണ്ടോ?

ദേശീയപാത 744-ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാല് വരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ളൈ ഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്ബിയിലുൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെയുള്ള 4 വരിപ്പാതയിൽ ഡ്രാഫ്റ്റ് അലൈൻമെന്റ് പൊതുമരാത്ത് വകുപ്പ് ഡിസൈൻ വിംഗ് തയ്യാറാക്കി നൽകിയിട്ടുണ്ട്. പള്ളിമുക്ക് ജംഗ്ഷനിലെ ഫ്ളൈ ഓവർ മേൽപ്പാല നിർമ്മാണം എന്നിവയുടെ അലൈൻമെന്റ് ഡ്രോയിംഗ്സ് തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തോടുകൂടി പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. കോയിക്കൽ മുതൽ കരിക്കോട് വരെയുള്ള 4 വരിപാതയുടെ മണ്ണ് പരിശോധന ട്രാഫിക് സ്റ്റഡി എന്നിവ നടത്തി, റിപ്പോർട്ട് പാലങ്ങൾ ഡിസൈൻ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ട്. പള്ളിമുക്ക് ജംഗ്ഷനിലെ ഫ്ളൈ ഓവർ റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള ടോപ്പോഗ്രാഫിക്കൽ സർവ്വേ നടന്നുവരുന്നു. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ RTFA Infra Pvt. Ltd. എന്ന ഏജൻസി കരാർ ഏറ്റെടുത്ത് നൽകിയ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് ലഭിച്ചിട്ടുണ്ട്.

## കട്ടുത്തുരുത്തി ബൈപ്പാസ് സർവ്വീസ് റോഡ് നിർമ്മാണം

55(2411) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

&

(ബി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പ്രൊപ്പോസൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്നറിയിക്കാമോ?

കൈമാറിയിട്ടില്ല.

## വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ

56(2412) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ കേരളത്തിൽ എവിടെയൊക്കെ ഉപയോഗിച്ചിട്ടുണ്ട്; പ്രസ്തുത സാങ്കേതികവിദ്യ വ്യാപകമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യയായ വൈറ്റ് ടോപ്പിംഗ് ആലപ്പുഴ നഗര റോഡുകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 12 ഇടനാഴികളിലായി 12.17 കി.മീ. നീളത്തിൽ വൈറ്റ് ടോപ്പിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 3.622 കി.മീ. വൈറ്റ് ടോപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും അവശേഷിക്കുന്ന പ്രവൃത്തികൾ പുരോഗതി യിലുമാണ്. ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് പ്രാഥമികമായ നിർമ്മാണ ചെലവ് കൂടുതലാണ്. നിർമ്മാണഘട്ടത്തിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ക്യൂറിംഗ് പിരീഡ് കണക്കാക്കേണ്ടതിനാൽ കൂടുതൽ ദിവസം വാഹന ഗതാഗതത്തിന് നിയന്ത്രണമേർപ്പെടുത്തേണ്ടതായി വരും. ആയതിനാൽ ഈ സാങ്കേതിക വിദ്യ വ്യാപകമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

## മഞ്ചേരി-മംഗലശ്ശേരി ബൈപ്പാസ് നിർമ്മാണം

57(2413) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ബൈപ്പാസിനെ മംഗലശ്ശേരി റോഡുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിക്ക് മൂന്ന് കോടി രൂപ അനുവദിച്ചിരുന്നോയെന്ന് അറിയിക്കുമോ;

&

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി 2019-20 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% തുക വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തി പുതിയ റോഡ് നിർമ്മാണ മായതിനാൽ ആയതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അലൈൻമെന്റ് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി മുഴുവൻ ഫ്രീ സറണ്ടറായി ലഭിക്കേണ്ടതിന് ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും ചില ഭൂവുടമകൾ റോഡ് റീലിൻക്വിഷ്മെന്റ് ഫോമുകൾ ഒപ്പിട്ട് നൽകാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത തടസ്സങ്ങൾ മാറി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

## നൃക്കട്ട് പാലം നിർമ്മാണം

58(2414) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച നൃക്കട്ട് പാലം നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങുന്നതിനും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

നൃക്കട്ട് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ ജലപാത അതോറിറ്റിയുടെ അനുമതിക്ക് സമർപ്പിച്ചപ്പോൾ രൂപകൽപ്പനയിൽ മാറ്റം നിർദ്ദേശിച്ചിരുന്നു. ദേശീയജലപാതയിൽ ഉൾപ്പെട്ട പാലമായതിനാൽ ദേശീയജലപാത അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. പുതുക്കിയ ഡിസൈൻ ആഗസ്റ്റ് ആദ്യവാരത്തോടെ തയ്യാറാക്കി അതോറിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പടനിലം പാലം പ്രവൃത്തി

59(2415) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം, മടവൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പടനിലം പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ലാൻഡ് അക്വിസിഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഏറ്റെടുക്കേണ്ട സ്ഥലത്തെ ചമയങ്ങളുടെ വില നിർണ്ണയം നടത്തി എൽ.എ. തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭരണാനുമതി പുതുക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും. സ്ഥലമേറ്റെടുപ്പ് കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളിയിൽ പത്മനാഭൻ ജെട്ടി പാലം

60(2416) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളിയിൽ പത്മനാഭൻ ജെട്ടി പാലം നിർമ്മിക്കാൻ ബഡ്ജറ്റിലോ മറ്റേതെങ്കിലും തരത്തിലോ പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; തുക അനുവദിച്ചില്ലെങ്കിൽ ഈ പാലം നിർമ്മിക്കുന്നതിന് പത്ത് കോടി രൂപ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

കരുനാഗപ്പള്ളി പത്മനാഭൻ ജെട്ടി - വെള്ളാന തുരുത്ത് പാലം നിർമ്മിക്കാൻ 2020-21 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉണ്ടായിരുന്നത്. 2021-22 ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

## എടവണ്ണ-ആര്യൻ തൊടിക പാലം നിർമ്മാണം

61(2417) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ-ആര്യൻ തൊടിക പാലത്തിന്റെ പ്രവൃത്തിക്ക് നിർമ്മാണാനുമതി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

&

(ഡി) പാലം നിർമ്മാണത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് പ്രവൃത്തി ഉടൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഈ പ്രവൃത്തിക്ക് 2016-ൽ ഭരണാനുമതി നൽകിയെങ്കിലും മതിയായ ബഡ്ജറ്റ് വിഹിതം നീക്കി വയ്ക്കാത്തതിനാലും ഡിസൈൻ റീവാലിഡേറ്റ് ചെയ്യേണ്ടി വന്നതിനാലും കാലതാമസം വരികയും ഭരണാനുമതി കാലഹരണപ്പെടുകയും ചെയ്തു. പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

## കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ഇൗക്കുപാലം

62(2418) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ഇൗക്കുപാലത്തിന്റെ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

&

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച് രണ്ടുവർഷമായിട്ടും പദ്ധതിയുടെ പ്രൊപ്പോസലോ രൂപരേഖയോ തയ്യാറാക്കാതെ വകുപ്പ് സ്വീകരിച്ച മറ്റുനടപടികൾ എന്തൊക്കെ എന്നറിയിക്കാമോ?

പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് ആരാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്; സംസ്ഥാനത്തെ മറ്റ് ഇക്കുപാലങ്ങൾക്ക് ആരാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ആണ്.

(ഡി) കേരളാ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലിമിറ്റഡ് തയ്യാറാക്കി നൽകിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പരിശോധനയിലാണ്.

## കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം

63(2419) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തോട് ചേർന്നുള്ള കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും തടസ്സങ്ങൾ നീക്കി നിർമ്മാണം എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പാലത്തിന്റെ ഒരു വശത്തുനിന്നും രണ്ടുകുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായി വന്നതിനാലാണ് പദ്ധതിയിൽ കാലതാമസം നേരിട്ടത്. ടി വിഷയത്തെ സംബന്ധിച്ച് നിരവധി തവണ ജില്ലാ കളക്ടറുമായി നടത്തിയ ചർച്ചകൾക്ക് ശേഷം ഇപ്പോൾ രണ്ട് കുടുംബങ്ങളെയും ടി സ്ഥലത്ത് നിന്ന് മാറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ കാലാവധി നിലവിൽ കഴിഞ്ഞിട്ടുള്ളതാണ്. പഴയ നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ഇപ്പോൾ തയ്യാറല്ലെന്നും നിലവിലെ നിരക്കിൽ പ്രവൃത്തി തുടരാൻ അനുവദിച്ചാൽ തുടർന്ന് ചെയ്യാൻ സന്നദ്ധനാണെന്നും കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി തുടരുന്നതിനുള്ള സാങ്കേതിക നിർദ്ദേശത്തിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള എഞ്ചിനീയർമാർ 21-7-2021-ൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചിട്ടുള്ളതാണ്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.

## കഞ്ഞിക്കുഴിയിലെ ഫ്ലൈ ഓവർ പദ്ധതി

64(2420) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം നഗരത്തിൽ കഞ്ഞിക്കുഴിയിലെ ഫ്ലൈ ഓവർ പദ്ധതി നടപ്പിലാക്കുന്നതിന് 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടും പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 4-12-2015-ലെ ജി.ഒ (ആർ.ടി)നമ്പർ 1804/2015/ പി.ഡബ്ല്യൂ.ഡി പ്രകാരം 3071 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കെ.ആർ.എഫ്.ബി.-യുടെ ഫണ്ടിന്റെ അപര്യാപ്തതയും ലാൻഡ് അക്വിസിഷൻ പ്രൊവിഷൻ ഇല്ലാത്തതിനാലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേന്ദ്ര റോഡ് ഗതാഗതഹൈവേ മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ 2021-22-ലെ അംഗീകാരം ലഭിച്ച പട്ടികയിൽ കഞ്ഞിക്കുഴി ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പിനായി 20 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ചുള്ളിമട പാലം

65(2421) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ സബ്സ്ട്രക്ചർ പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പുരോഗതിയിലാണ്. റിവർ പ്രൊട്ടക്ഷൻ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(ബി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാലാവസ്ഥ അനുയോജ്യം ആയാൽ പ്രവൃത്തി 28-1-2021 തീയതിക്കകം പൂർത്തീകരിക്കാൻ സാധിക്കും.

## ഹരിപ്പാട് മണ്ഡലത്തിലെ മണച്ചിറക്കൽ പാലം

66(2422) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ-ചെറുത റോഡിലെ മണച്ചിറക്കൽ പാലം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരുവാറ്റ-ചെറുത റോഡിലെ മണച്ചിറക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചത് ജലസേചനവകുപ്പ് അല്ല. ടി പാലം അപകടാവ സ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലം പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത പാലം സംബന്ധിച്ച് സ്ഥലപരിശോധന നടത്തി പാലം ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പുനരുദ്ധരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കാനും അങ്ങനെയെങ്കിൽ അടിയന്തരമായി അതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കാനും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുട്ടനാട്ടിലെ മുണ്ടക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി

67(2423) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മുണ്ടക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

അപ്രോച്ച് റോഡിന്റെ ടാറിംഗും ഫിനിഷിംഗ് വർക്കുകളും പൂർത്തീകരിക്കുന്ന തിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് ഉൾപ്പെടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

2021 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കുട്ടനാട്ടിലെ തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം

68(2424) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1496/2016/ പൊ.മ.വ. പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബി ടി പ്രവൃത്തിക്കായി 17-9-2017-ലെ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 4 കോടി രൂപയുടെയും പ്രവൃത്തിക്കായി 17-1-2018-ലെ ഉത്തരവ് പ്രകാരം 46.10 കോടി രൂപയുടെയും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനായി കണ്ടിജൻസി ചാർജ്ജായി 33,25,000 രൂപയും നൽകിയിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണത്തിൽ എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

**പടഹാരം പാലം നിർമ്മാണ പുരോഗതി**

69(2425) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പടഹാരം പാലം നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

&

(സി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഫൗണ്ടേഷൻ സബ് സ്ട്രക്ചർ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചു. ആകെ 18 സ്ലാബുകളിൽ 6 എണ്ണം പൂർത്തീകരിച്ചു. ആകെ പ്രവൃത്തി ഏകദേശം 50 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്തു ഇരുകരകളിലും പുഴയിലും പ്രവൃത്തി ഒരേപോലെ തുടങ്ങുകയും ആയതു ദ്രുതഗതിയിൽ നടത്തി വരികയും ചെയ്യുന്നു. അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, കോവിഡ് സാഹചര്യം എന്നിവയാണ് പ്രവൃത്തിയുടെ പൂർത്തീകരണത്തിന് തടസ്സമുണ്ടാക്കുന്നത്.

## മാക്കേക്കടവ് - നേരേക്കടവ് പാലം നിർമ്മാണം

70(2426) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ മാക്കേക്കടവ്-നേരേക്കടവ് പാലം നിർമ്മാണ ത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

നേരേക്കടവ്-മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണം ഏകദേശം 55 ശതമാനം പൂർത്തീകരിച്ചു. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാത്തതിനാൽ ഇപ്പോൾ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പാലത്തിനും അപ്രോച്ച് റോഡിനും വേണ്ടി ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാര തുക നൽകിയോ; വിശദമാക്കാമോ?

ഭൂമി വിട്ടുനല്കിയവർക്ക് നഷ്ടപരിഹാര തുക നൽകിയിട്ടില്ല. നഷ്ട പരിഹാരത്തിന് ആവശ്യമായ തുക പൊതുമരാമത്തുവകുപ്പിൽ നിന്നും 2021 മാർച്ച് മാസത്തിൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്കുള്ള റീ-ഹാബിലിറ്റേഷൻ പാക്കേജിന് റവന്യൂ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകാനാകുന്നതാണ്.

## നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം

71(2427) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, എറണാകുളം ജില്ലകളുടെ തീരദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ തറക്കല്ലിട്ട് 11 വർഷം കഴിഞ്ഞുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ അനന്തമായി നീളുകയാണെന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത പാലം യാഥാർത്ഥ്യമാക്കുന്നതിന് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

അഴിക്കോട് മുനമ്പം പാലം നിർമ്മാണത്തിന് കിഫ്ബി 2017-18 പദ്ധതി യിലുൾപ്പെടുത്തി തത്വത്തിലുള്ള ഭരണാനുമതിയും 154.626 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാങ്കേതി

കാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്.

(സി) പ്രവൃത്തി അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി നീണ്ടുപോകുന്നതിൽ ഉദ്യോഗസ്ഥരുടെ വീഴ്ച ശ്രദ്ധയിൽ പെട്ടിട്ടില്ല.

**എടത്തുരുത്തിക്കടവ് പാലം നിർമ്മാണം**

72(2428) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി എടത്തുരുത്തി ക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എടത്തുരുത്തി (പെരുംതുരുത്തി) കടവ് പാലം നിർമ്മാണത്തിന് 28-1-2020-ലെ G.O(Rt) No. 105/2020/PWD പ്രകാരം 1370 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ?

40 ലക്ഷം രൂപ

(സി) പ്രസ്തുത പണി പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ സമീപന റോഡുകൾക്ക് സ്ഥലം ലഭ്യമല്ല. സ്ഥലം ലഭ്യമല്ലാത്തതിനെ തുടർന്ന് തിരൂരങ്ങാടി, വള്ളിക്കുന്ന് എന്നീ സ്ഥലങ്ങളിലെ എം.എൽ.എ.മാരുടെ ആവശ്യപ്രകാരം പാലത്തിന്റെ വീതി കുറച്ച് റിവൈസ്ഡ് ഡിസൈൻ തയ്യാറാക്കിയിരുന്നു. എന്നാൽ തുടർന്നും സ്ഥലം വിട്ടുനൽകുന്നതിന് സ്ഥലം ഉടമകൾ തയ്യാറാകാത്തതിനെ തുടർന്ന് എം.എൽ.എ.യുടെ നേതൃത്വത്തിലും, മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിലും ചർച്ചകൾ നടന്നുവരുന്നു. സ്ഥലം ലഭ്യമായാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## അയനിക്കാട്-കൊയമ്പ്രത്ത് കണ്ടി പാലം നിർമ്മാണം

73(2429) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ, ഉള്ളിയേരി ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അയനിക്കാട്-കൊയമ്പ്രത്ത് കണ്ടി പാലം നിർമ്മാണത്തിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്?

2020-21-ലെ ബഡ്ജറ്റിൽ ടി പ്രവൃത്തിയുടെ അടങ്കൽ തുകയുടെ (400 ലക്ഷം രൂപ) 20% തുകയായ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ?

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന തയ്യാറാക്കി വരുന്നു.

(സി) പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാനാവുമെന്നാണ് സർക്കാർ കരുതുന്നതെന്ന് അറിയിക്കുമോ?

പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിംഗിന് കൈമാറിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനാകും.

## വാരണി പാലത്തിന്റെ പുനർനിർമ്മാണം

74(2430) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വാരണി പാലം പുനർനിർമ്മിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ബഡ്ജറ്റ് 2021-22-ൽ 100 രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊന്നാനി അഴിമുഖത്തെ കേബിൾ സ്റ്റേയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്

75(2431) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഇടനാഴിയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റേയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ് നിർമ്മാണ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

&

(ബി) ആയതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന തീരദേശ ഇടനാഴിയുടെ ഭാഗമായ പൊന്നാനി പടിഞ്ഞാറേക്കര പാലത്തിന്റെ (കേബിൾ സ്റ്റേയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്) നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സാധ്യതാപഠനം നടത്തി തയ്യാറാക്കിയ ഡി.പി.ആർ. സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 280.09 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തിയിൽ കല്ലുകൾ സ്ഥാപിക്കുകയും എൽ.എ. ആവശ്യങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭഫണ്ട് എൽ.എ. ഓഫീസർക്ക് കൈമാറുകയും ചെയ്തു. ഈ പദ്ധതിക്ക് ആവശ്യമായതിൽ 30% ഭൂമി മാത്രമേ ഭൂഉടമകളിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുള്ളൂ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് ടെണ്ടർ ക്ഷണിക്കാൻ അനുമതി നൽകിയെങ്കിലും ബാക്കിവരുന്ന 30% ഭൂമി ഏറ്റെടുക്കുകയോ അതല്ലെങ്കിൽ ഭൂഉടമകളിൽ നിന്ന് NOC ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനം കരാറുകാരനെ ചുമതലപ്പെടുത്താൻ സാധിക്കുകയുള്ളൂ. ടെണ്ടർ സമർപ്പിക്കേണ്ട നിർദ്ദിഷ്ട തീയതി നീട്ടി നൽകണമെന്ന കരാറുകാരുടെ ആവശ്യാനുസരണം നീട്ടി നൽകുകയും തുടർന്ന് ലഭിച്ച ടെണ്ടറുകളുടെ പരിശോധന നടന്നുവരികയുമാണ്.

## മഞ്ചേരി ജസീല ജംഗ്ഷനിലെ ഫ്ലൈ ഓവർ

76(2432) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയ മഞ്ചേരി ജസീല ജംഗ്ഷനിലെ ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഏറനാട് താലൂക്ക്-മഞ്ചേരി ജസീല ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് 1650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ഫ്ളൈഓവർ പ്രവൃത്തിക്കാവശ്യമായ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയറിയുന്നതിന് നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തിന്റെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട്, സ്ഥലത്തെ പൊതുമരാമത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ അതിരുകളിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

77(2433) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ ചുള്ളിമട പാലത്തിന്റെ സബ്സ്ട്രക്ചർ പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പുരോഗതിയിലാണ്. നദീസംരക്ഷണ പ്രവൃത്തി അവസാനഘട്ടത്തിലാണ്. പുന്നപ്പാടം (മമ്പാട്) കോസ് വേ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു. കുളിയാട്ട് കടവ് പാലത്തിന്റെ റിപ്പയർ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നിരത്ത്, കെട്ടിടവിഭാഗങ്ങളിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരം പൊതുമരാമത്ത് കെട്ടിടം, റോഡ്, പാലങ്ങൾ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ ചുള്ളിമടപാലത്തിന്റെ സബ്സ്ട്രക്ചർ പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പുരോഗതിയിലാണ്. നദീസംരക്ഷണ പ്രവൃത്തി അവസാനഘട്ടത്തിലാണ്. പുന്നപ്പാടം (മമ്പാട്) കോസ് വേ ടെണ്ടറിംഗ് നടപടി പുരോഗമിക്കുന്നു. കുളിയാട്ട് കടവ് പാലത്തിന്റെ റിപ്പയർ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. നിരത്ത്, കെട്ടിടവിഭാഗങ്ങളിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ വൈഡനിംഗ് പ്രവൃത്തി

78(2434) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ വൈഡനിംഗ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികൾ വിശദീകരിക്കുമോ;

&

(ബി) ഇതുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തിയാക്കാനുള്ള നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ വൈഡനിംഗ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വെന്നിയൂർ പറമ്പ്-താനൂർ റോഡ് കി.മീ. 0/000-നും 0/200-നും ഇടയിൽ വെന്നിയൂർ പറമ്പ് ജംഗ്ഷൻ പുനരുദ്ധാരണത്തിനായ് 26-2-2015-ലെ സ.ഉ(സാധാ)നമ്പർ 297/2015/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം 710 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സിവിൽ വർക്സിനുള്ള ഭരണാനുമതി ഉത്തരവിന്റെ കാലാവധി 3 വർഷമായി നിജപ്പെടുത്തിയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ഉത്തരവ് പരിഷ്കരിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി ഭൂമിയേറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യത ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## മലയോര ഹൈവേ

79 (2435) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ബാബു(നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടുകിടന്നിരുന്ന മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ മൂലമുണ്ടായിട്ടുള്ള പ്രവർത്തന പുരോഗതി സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

1251 കി.മീ വരുന്ന മലയോര ഹൈവേയുടെ 255 കി.മീ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കി.മീ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത കാലയളവിൽ കാസർഗോഡ് ജില്ലയിലെ നന്ദാരപടവ്-ചേവാർ, കൊല്ലം ജില്ലയിലെ പുനലൂർ KSRTC ജംഗ്ഷൻ - കൊല്ലായിൽ എന്നീ റീച്ചുകൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്.

(സി) മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുകിട്ടുന്നതിന് എവിടെയെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലയോര ഹൈവേയ്ക്ക് ഫ്രീ സറണ്ടർ ആയാണ് സ്ഥലം ഏറ്റെടുക്കുന്നത്. വനഭൂമി ഏറ്റെടുക്കേണ്ട ഇടങ്ങളിൽ വനം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പ്രവൃത്തി പുരോഗമിക്കുന്ന റീച്ചുകളിലെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകൾ 2022 അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## എടച്ചേരി പി.എച്ച്.സി. കെട്ടിടം

80 (2436) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി പി.എച്ച്.സി. കെട്ടിടത്തിന്റെ വയറിംഗ് അനുബന്ധ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

എടച്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടത്തിന്റെ വയറിംഗ് അനുബന്ധ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് വൈദ്യുത ഉപവിഭാഗത്തിന്റെ 5-8-2021-ന് തുറക്കുന്ന ടെണ്ടറിൽ ഉൾപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി 31-8-2021-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## കോട്ടയം താലൂക്ക് ഓഫീസ് പുതിയ ബ്ലോക്കിന്റെ നിർമ്മാണം

81(2437) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ആരംഭിച്ച കോട്ടയം താലൂക്ക് ഓഫീസ് പുതിയ ബ്ലോക്കിന്റെ നിർമ്മാണം നിലച്ചിരിക്കുകയാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) ഈ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## കൊല്ലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

82(2438) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

## റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം

83 (2439) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല :
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത് ഏറെനാൾ കഴിയും മുൻപ് റോഡുകൾക്ക് തകരാർ സംഭവിക്കുന്നതൊഴിവാക്കാൻ ഡിഫക്ട് ലയബിലിറ്റി കാലാവധി ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് റോഡ് പ്രവൃത്തി പൂർത്തീകരിച്ച് ഏറെ നാൾ കഴിയുന്നതിനു മുമ്പ് തകരാറുകൾ സംഭവിക്കുന്നത് ഒഴിവാക്കാൻ 25-11-2019-ലെ ജി.ഒ (പി) നമ്പർ 161/2019/ഫിൻ പ്രകാരം Defect Liability Period ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ standard bid document-ലും പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കുന്നത്. രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. ആദ്യ തലത്തിൽ കരാറുകാരുടെ ഉത്തരവാദിത്വത്തിൽ ഗുണമേന്മ പരിശോധനകൾ നടത്തുന്നു. രണ്ടാം തല പരിശോധനയ്ക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ വിഭാഗം ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച ലാബുകളിൽ വിവിധ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ദേശീയപാതാ വിഭാഗത്തിൽ അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനഃനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ റോഡുകളുടെ നിർമ്മാണം തത്സമയം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുമോ; വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ഉത്തരവാദിത്വം ഏൽക്കേണ്ടിവരുന്ന സ്ഥിതി സംജാത മാക്കുവാൻ കഴിയുമോ?

5-1-2018-ലെ ജി.ഒ.(എംഎസ്) നമ്പർ 1/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഈ സമിതികൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. നിലവിൽ പ്രൈസ് സോഫ്റ്റ്‍വെയർ മുഖേനയാണ് എസ്റ്റിമേറ്റ്, ഇ-മെഷർമെന്റ് ബുക്ക്, ബിൽ, റിവൈസ്ഡ് എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കി അംഗീകരിക്കുന്നത്. ഇതുവഴി പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് സുതാര്യത ഉറപ്പ് വരുത്തുന്നതിനും നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് പൂർത്തിയാക്കുവാനും സാധിക്കുന്നതാണ്. പ്രവൃത്തിയുടെ എല്ലാ ഘട്ടങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കുന്നത്.

## കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

84 (2440) ഡോ. എം. കെ. മുനീർ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. നജീബ് കാന്തപുരം: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പ് കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

&

(ബി) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

കിഫ്ബി അംഗീകാരം നൽകിയ പൊതുമരാമത്ത് വകുപ്പ് പദ്ധതികളായ റോഡ്/പാലം നിർമ്മാണങ്ങളാണ് കെ.ആർ.എഫ്.ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വഴി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പദ്ധതികളിൽ മരാമത്ത് വകുപ്പിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-കളിലൊന്നായ കെ.ആർ.എഫ്.ബി-യുടെ കീഴിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്.

**ദേശീയപാത ആറ് വരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ**

85 (2441) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ ആറ് വരിയാക്കുന്നതിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സ്ഥലമേറ്റെടുക്കൽ നടപടിയുടെ പുരോഗതി അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കലിന് ആവശ്യമായ തുകയുടെയും സംസ്ഥാന വിഹിതത്തിന്റെയും വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. *

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും നിലവിൽ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ദേശീയപാതാ വികസനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം അനുബന്ധം III ആയി ചേർക്കുന്നു.*

**പാണ്ടിക്കാട് റസ്റ്റ് ഹൗസ് നിർമ്മാണം**

86(2442) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാണ്ടിക്കാട് റസ്റ്റ് ഹൗസ് പുതുതായി നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ?

റസ്റ്റ് ഹൗസ് പുതുക്കി പണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലുവ-മൂന്നാർ റോഡ് വികസനം

87 (2443) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-പെരുമ്പാവൂർ, ആലുവ- മൂന്നാർ റോഡുകൾ കിഫ്ബി മുഖേന നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

കിഫ്ബിയിൽ നിന്ന് നിർദ്ദേശിച്ച പ്രകാരം ആലുവ-പെരുമ്പാവൂർ റോഡ് പ്രവൃത്തിയുടെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുന്നു. ആലുവ- മൂന്നാർ റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുവേണ്ടി കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ സർവ്വേ നടത്തുകയും ഡ്രാഫ്റ്റ് അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് നിശ്ചയിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ ടീമും കെ.ആർ.എഫ്.ബി. ടീമും സംയുക്ത സ്ഥല സന്ദർശനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളുടെ വികസനത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിലുൾപ്പെടുത്തി ആലുവ-പെരുമ്പാവൂർ റോഡിന് 15 കോടി രൂപയുടെയും, ആലുവ- മൂന്നാർ റോഡിന് 10 കോടി രൂപയുടെയും തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ റോഡുകൾ നാലുവരിപ്പാത ആക്കുന്നതിനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ആലുവ പെരുമ്പാവൂർ റോഡിന്റെ ഡി.പി.ആർ പുതുക്കി സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ആലുവ-മൂന്നാർ റോഡ് നാലുവരിപ്പാതയാക്കുന്നതിനായി അലൈൻമെന്റ് നിശ്ചയിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയതിന് ശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാൽ പദ്ധതി ആരംഭിക്കാവുന്നതാണ് .

(ഡി) ഈ വിഷയത്തിൽ കിഫ്ബിയിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല-കുടപ്പനമൂട് റീച്ചിന്റെ നിർമ്മാണം

88(2444) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ പാറശ്ശാല-കുടപ്പനമൂട് റീച്ചിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി പാതയോരത്തുള്ള എത്ര മരങ്ങളാണ് മുറിച്ച് മാറ്റുന്നതെന്ന് ഇനം തിരിച്ചുള്ള വിശദാംശം അറിയിക്കാമോ?

മലയോര ഹൈവേയുടെ പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള റീച്ചിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി പാതയോരത്തുള്ള 98 മരങ്ങളാണ് മുറിച്ചുമാറ്റുന്നത്. ഈ മരങ്ങളുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഇത്തരത്തിൽ മുറിച്ച് മാറ്റുന്ന മരങ്ങളുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്, ഫോറസ്റ്റ് കൺസർവേറ്റർ നെയ്യാറ്റിൻകര നടത്തിയ 98 മരങ്ങളുടെ മൂല്യനിർണ്ണയത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത മരങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്നതിന്റെ വിവരം അറിയിക്കാമോ?

ഫോറസ്റ്റ് വിഭാഗത്തിന്റെ വില നിർണ്ണയത്തെ അടിസ്ഥാനപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു ഫീൽഡ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ സർവ്വേ റിപ്പോർട്ടിന് 2-7-2021-ൽ പ്രോജക്ട് ഡയറക്ടർ അനുമതി നൽകുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി. - പി.എം.യു., തിരുവനന്തപുരം ഡിവിഷനെ ലേലം നടത്തി തുക സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. നിയമപ്രകാരം മതിയായ പരസ്യപ്പെടുത്തലിലൂടെ പ്രസ്തുത 98 മരങ്ങൾ 13-7-2021-ൽ ലേലം ചെയ്ത്, ലേലത്തിൽ കൂടിയ തുക ക്വാട്ട് ചെയ്ത വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തി നിയമപ്രകാരമുള്ള തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്.

## തീരദേശ ഹൈവേ

89(2445) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ പൂവാർ മുതൽ സ്ഥലം ഏറ്റെടുപ്പ് വേണ്ടാത്ത ഭാഗങ്ങളിൽ തീരദേശ ഹൈവേ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിലൂടെയുള്ള തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ വേണ്ടി നാറ്റ്പാക്കിനെ ഏൽപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

90(2446) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപക മാക്കുന്നതിനും, വിവിധ പദ്ധതികളിലൂടെ പ്രാദേശിക ജനസമൂഹത്തെ ടൂറിസം രംഗവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നിലവിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന 20019 യൂണിറ്റുകൾ ഉണ്ട്. ഒരു ലക്ഷത്തിലധികം സാധാരണക്കാരായ ജനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തന ങ്ങളിലൂടെ ടൂറിസത്തിന്റെ ഗുണഭോക്താക്കൾ ആയിട്ടുണ്ട്. മിഷന്റെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ നെറ്റ്‌വർക്ക് എന്നീ പദ്ധതികൾ ലോക ശ്രദ്ധയാകർഷിച്ച പങ്കാളിത്ത ടൂറിസം വികസന പ്രവർത്തനത്തിന്റെ ഉത്തമ മാതൃകകളാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിനും കൂടുതൽ ശാക്തീകരിക്കുന്നതിനുമായി മിഷനെ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**ടൂറിസം വിപണി വിപുലീകരണം**

91(2447) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. വിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾ പൊതുവേ എത്താത്ത മലബാർ മേഖലയിലേയ്ക്ക് അവരെ എത്തിക്കുന്നതിതിന് വേണ്ടി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന വിപണി വിപുലീകരണ പ്രവർത്തനങ്ങൾ അറിയിക്കാമോ?

വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെ ഉൾപ്പെടുത്തിയുള്ള പദ്ധതിയായ മലനാട് - മലബാർ റിവർ ക്രൂയിസ് പ്രോജക്ട്, തലശ്ശേരി പൈതൃക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മലബാർ മേഖലയുടെ ചരിത്രം, കല, സംസ്കാരം എന്നിവയെ കോർത്തിണക്കി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് എന്നിവ മലബാർ മേഖലയിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കാൻ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. ഉത്തര മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാനും ചെറുകിട ഇടത്തരം സംരംഭകരെ ആകർഷിക്കുന്നതിനും മലബാറിലേയ്ക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രധാന പങ്കുവഹിക്കുന്നു. മലബാറിലെ പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'മലബാർ' എന്ന Coffee Table Book വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ രാജ്യത്തെ വിവിധ പത്രസ്ഥാപനങ്ങളിലെ ജേർണലിസ്റ്റുകൾ, Travel writers, ദേശീയ - അന്തർദേശീയ ബ്ലോഗർമാർ എന്നിവരെ കേരളത്തിലേയ്ക്ക് കൊണ്ടുവന്ന് വിവിധ ഡെസ്റ്റിനേഷനുകൾ പരിചയപ്പെടുത്തിക്കൊണ്ടുള്ള FAM Tour -കൾ സംഘടിപ്പിക്കാറുണ്ട്.

(ബി) മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 17 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കായി കേരള ടൂറിസം വകുപ്പിൽ നിന്നും ആകെ 53.27 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു, പദ്ധതി നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി പുരോഗതി താഴെ പറയുംപ്രകാരമാണ്.

<u>കണ്ണൂർ ജില്ല</u>

1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.
2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.
3. ധർമ്മടം ബോട്ട് ടെർമിനൽ - 78% പ്രവൃത്തി പൂർത്തീകരിച്ചു
4. ചേരിക്കൽ ബോട്ട് ടെർമിനൽ - 82% പ്രവൃത്തി പൂർത്തീകരിച്ചു
5. പാറപ്രം ബോട്ട് ടെർമിനൽ - 75% പ്രവൃത്തി പൂർത്തീകരിച്ചു
6. മമ്പറം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - 79% പ്രവൃത്തി പൂർത്തീകരിച്ചു

8. മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു

9. കരിയാട് ബോട്ട് ടെർമിനൽ - 60% പ്രവൃത്തി പൂർത്തീകരിച്ചു

10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു

11. പാത്തിക്കൽ ബോട്ട് ജെട്ടി - 75% പ്രവൃത്തി പൂർത്തീകരിച്ചു

12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 80% പ്രവൃത്തി പൂർത്തീകരിച്ചു

13. പുന്നക്കടവ് ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു

14. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ-85% പ്രവൃത്തി പൂർത്തീകരിച്ചു.

കാസർഗോഡ് ജില്ല

15. മാവിലാക്കടപ്പുറം ബോട്ട് ടെർമനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

16. മാടക്കൽ ബോട്ട് ടെർമിനൽ - 82% പ്രവൃത്തികൾ പൂർത്തീകരിച്ചു.

17. കോട്ടപ്പുറം ബോട്ട് ടെർമിനൽ - 50% പ്രവൃത്തി പൂർത്തീകരിച്ചു.

ഇതിനുപുറമേ 6 ബോട്ടുകൾ വാങ്ങുന്നതിനായി (6 സീറ്റ് 2 എണ്ണം, 10 സീറ്റ് 2 എണ്ണം, 25 സീറ്റ് 2 എണ്ണം) 4.67 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന ടൂറിസം വകുപ്പ് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. ഇതിനകം 6 സീറ്റുള്ള 2 ബോട്ടുകൾ നൽകി കഴിഞ്ഞു. ബാക്കി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ് ദർശൻ സ്കീമിൽ പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജല ഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയ ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്.

1. മൈനർ ബോട്ട് ടെർമിനൽ മടക്കര - 50% പ്രവൃത്തി പൂർത്തീകരിച്ചു.
2. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 52% പ്രവൃത്തി പൂർത്തീകരിച്ചു.
4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 52% പ്രവൃത്തി പൂർത്തീകരിച്ചു.
7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 52% പ്രവൃത്തി പൂർത്തീകരിച്ചു.
8. പട്ടുവം മേജർ ബോട്ട് ടെർമിനൽ - 72% പ്രവൃത്തി പൂർത്തീകരിച്ചു.
9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 71% പ്രവൃത്തി പൂർത്തീകരിച്ചു.
10. നാറാത്ത് ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 35% പ്രവൃത്തി പൂർത്തീകരിച്ചു.
12. മുതുകട ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
13. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
14. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 44% പ്രവൃത്തി പൂർത്തീകരിച്ചു.
15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു.
16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.
17. താവം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു.
18. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 10% പ്രവൃത്തി പൂർത്തീകരിച്ചു.
19. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 60% പ്രവൃത്തി പൂർത്തീകരിച്ചു.
20. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 60% പ്രവൃത്തി പൂർത്തീകരിച്ചു.
21. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 50% പ്രവൃത്തി പൂർത്തീകരിച്ചു.
22. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - പ്രാരംഭ പ്രവൃത്തി പുരോഗമിക്കുന്നു.

23 & 24. എ. കെ. ജി. ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

25 & 26. സി. എച്ച്. ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

27 & 28. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

29 & 30. ഭഗത്സിംഗ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

KEL-നെ ചുമതലപ്പെടുത്തിയ പദ്ധതി പ്രവൃത്തികളിൽ മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് വാക്ക് വേ, ഫുഡ് കോർട്ട്, ടോയ്‌ലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് പ്രവൃത്തികൾ CRZ അനുമതിക്ക് വിധേയമായി ചെയ്യേണ്ടുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പദ്ധതിക്കാവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA- യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളുടെ ആകർഷണീയതയും പ്രത്യേകതയും സഞ്ചാരികളിലേക്കെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ മാപ്പ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

നിലവിൽ ഒട്ടുമിക്ക ജില്ലയിലെയും പ്രധാനപ്പെട്ട ടൂറിസ്റ്റ്കേന്ദ്രങ്ങളുടെ brochure-ഉം കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളെക്കുറിച്ച് സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതും കേരളത്തിന്റെ ടൂറിസ്റ്റ് മാപ്പ് അടങ്ങിയതുമായ 'കേരള കംപാനിയൻ' എന്ന brochure -ഉം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

**ടൂറിസം രംഗത്ത് പുതിയ പദ്ധതികൾ**

92 (2448) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ടൂറിസം വകുപ്പ് ഈ വർഷം മലബാർ ലിറ്റററി സർക്യൂട്ട്, കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ പുതിയ രണ്ട് ടൂറിസം സർക്യൂട്ടുകൾ നടപ്പിലാക്കുന്നുണ്ട്. കോവിഡ്മൂലമുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ടൂറിസം മേഖലയിൽ ഒരു പുനരുജ്ജീവന പാക്കേജ് നടപ്പാക്കുന്നതാണ്. ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഏർപ്പെടുത്തുന്നതായിരിക്കും.

(ബി) പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(സി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നതിന് പ്രവാസി സഹകരണ സംഘങ്ങൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പരിശോധിക്കാവുന്നതാണ്.

**പ്ലാന്റേഷൻ ടൂറിസം സർക്യൂട്ട്**

93 (2449) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയനാട്, അതിരപ്പിള്ളി, മൂന്നാർ, തേക്കടി, വാഗമൺ, തെന്മല തുടങ്ങിയ പ്ലാന്റേഷൻ മേഖലകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതിക്ക് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ;

&

(ബി) ചരിത്ര പ്രാധാന്യമുള്ള കുട്ടിക്കാനം സമ്മർപാലസ് , പീർമുഹമ്മദ് സ്മാരകം, പള്ളിക്കുന്ന്, മേമല, അണ്ണൻ തമ്പിമല, ഏന്തയാർ, ഉറുമ്പിക്കര, ചക്കിമാലി, മദാമ്മക്കുളം , കോലാഹലമേട്, തങ്ങൾ പാറ, ചെല്ലാർകോവിൽ മെട്ട്, അരുവിക്കുഴി വെള്ളച്ചാട്ടം, തേക്കടി, ഗവി, സത്രം, പാണ്ഡവർമേട്, പരുന്തുംപാറ, പാഞ്ചാലിമേട് എന്നീ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഒരു ടൂറിസം സർക്യൂട്ടിന് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**പുള്ളിൽ വിനോദസഞ്ചാര പദ്ധതി**

94(2450) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ പുള്ള് ഗ്രാമത്തിൽ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

&

(ബി) എങ്കിൽ ആയതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. പദ്ധതി സംബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തൃശ്ശൂർ 4.94 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിക്കുകയുണ്ടായി. പദ്ധതി പ്രദേശം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ അധീനതയിൽ ആയതിനാൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് പദ്ധതിയുടെ രൂപരേഖയുടെ പകർപ്പ് സഹിതം തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, പി.ഡബ്ല്യു.ഡി-ക്ക് കത്ത് നൽകിയിരിക്കുകയാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തുക നീക്കിവച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബാധകമല്ല.

**കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക് പദ്ധതി**

95(2451) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക് എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും ഓരോ കേന്ദ്രത്തിനും അനുവദിച്ച തുകയും അറിയിക്കാമോ ;

&

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതലയുള്ള ഏജൻസി ഏതാണെന്നും ഓരോ ടൂറിസം കേന്ദ്രത്തിലെയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവന ചെയ്യുന്നത്. കിറ്റ്കോയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ബീച്ച് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൂക്കോട്, കൊല്ലം, ആലപ്പുഴ, വർക്കല, പയ്യാമ്പലം, കാരാപ്പുഴ, ശംഖുമുഖം, മൂന്നാർ എന്നീ വർക്കുകൾ കോൺട്രാക്ടർക്ക്

അവാർഡ് ചെയ്തു കഴിഞ്ഞു. ബേക്കൽ, കോഴിക്കോട് ഭട്ട് റോഡ്, ഫോർട്ട് കൊച്ചി എന്നീ മൂന്ന് വർക്കുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. മലമ്പുഴ പദ്ധതിക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കേണ്ടതുണ്ട്. ശംഖുമുഖം, കൊല്ലം, ആലപ്പുഴ, വർക്കല, ഫോർട്ട് കൊച്ചി, പയ്യാമ്പലം, ബേക്കൽ എന്നീ പദ്ധതികൾക്ക് CRZ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ**

96(2452) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ പള്ളിക്കര ബീച്ചിലും സമീപ പ്രദേശങ്ങളിലും നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങളിൽ എത്രയെണ്ണം പൂർത്തീകരിക്കുവാനുണ്ട്; നിർമ്മാണം ആരംഭിച്ച പ്രസ്തുത കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാത്തതെന്തെന്ന് വ്യക്തമാക്കാമോ?

ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ പാട്ടക്കരാർ വ്യവസ്ഥയിൽ പാട്ടത്തിന് നൽകപ്പെട്ട 5 റിസോർട്ട് സൈറ്റുകളിൽ താജ് ബേക്കൽ റിസോർട്ട് & സ്പാ, ലളിത് റിസോർട്ട് & സ്പാ എന്നീ 2 റിസോർട്ടുകൾ പ്രവർത്തനം ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. മറ്റുള്ള 3 റിസോർട്ട് സൈറ്റുകളിൽ റിസോർട്ട് സൈറ്റ് നമ്പർ 2-ൽ ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്, തിരുവനന്തപുരം, റിസോർട്ട് സൈറ്റ് നമ്പർ 7 -ൽ ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, എറണാകുളം എന്നിവ റിസോർട്ട് നിർമ്മാണം ആരംഭിച്ചുവെങ്കിലും പാട്ടക്കരാറുകാർക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതുമൂലം നിർമ്മാണപ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ നിലവിൽ മുടങ്ങിക്കിടക്കുകയാണ്. റിസോർട്ട് സൈറ്റ് നമ്പർ 4 -ൽ ആരംഭിച്ച ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയിൻമെന്റ് (പ്രൈവറ്റ്) ലിമിറ്റഡ്, ജാംഷഡ്പൂർ റിസോർട്ട് നിർമ്മാണം ആരംഭിച്ചുവെങ്കിലും മുടങ്ങിയിരുന്നു. ഇപ്പോൾ ഈ സ്ഥാപനം പാട്ടകുടിശ്ശിക കോർപ്പറേഷന് നൽകി നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിസോർട്ട് സൈറ്റ് നമ്പർ1 – മുമ്പ് ടെണ്ടർ ചെയ്ത് പാട്ടത്തിന് നൽകിയിരുന്നുവെങ്കിലും നിലവിലെ തീരദേശപരിപാലന നിയമ വ്യവസ്ഥകൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടത്തുവാനുള്ള സ്ഥലം പരിമിതമായതിനാൽ പാട്ടക്കരാറുകാരൻ ഭൂമി തിരികെ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊണ്ടോട്ടിയെ മലബാർ ലിറ്ററി സർക്യൂട്ടിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

97(2453) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനവുമായി ബന്ധപ്പെടുത്തി പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ടിൽ മഹാകവി മോയിൻകുട്ടി വൈദ്യരുടെ ജന്മനാടായ കൊണ്ടോട്ടിയെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാംസ്കാരിക വകുപ്പിന്റെ മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാഡമി, കൊണ്ടോട്ടി ചരിത്ര പ്രസിദ്ധമായ ഖുബ്ബ, നെടിയിരുപ്പ് സ്വരൂപം തുടങ്ങിയ സാംസ്കാരിക ടൂറിസം കേന്ദ്രങ്ങളെക്കൂടി ലിറ്ററി സർക്യൂട്ടിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതകൾ

98(2454) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി വരുമാനവും തൊഴിലും ഉറപ്പാക്കുന്നതിന് ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കുമോ ?

ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ ചെയ്തുവരുന്ന വിവിധ പദ്ധതികൾ ടൂറിസത്തിലൂടെ പ്രാദേശിക ജനസമൂഹത്തിന് അധിക വരുമാനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്. കോവിഡാനന്തര വിനോദസഞ്ചാരം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകിക്കൊണ്ടുള്ളതായിരിക്കും എന്നാണ് അന്താരാഷ്ട്ര വിനോദസഞ്ചാര രംഗത്തെ വിലയിരുത്തൽ. ഇനി ആളുകൾ തിരക്കുള്ള ടൂറിസം കേന്ദ്രങ്ങളെ അപേക്ഷിച്ച് തിരക്ക് കുറഞ്ഞതും എന്നാൽ വൃത്തിയും വെടിപ്പും ഉള്ളതുമായ ഗ്രാമീണ/റൂറൽ ടൂറിസം കേന്ദ്രങ്ങൾക്കായിരിക്കും പ്രാധാന്യം നൽകുക.

വെറുതെ കാഴ്ചകൾ കണ്ടുപോകുന്നതിനേക്കാൾ അനുഭവവേദ്യമായ ടൂറിസം പാക്കേജുകൾക്കായിരിക്കും കൂടുതൽ പ്രാധാന്യം. പ്രകൃതിക്ക് ദോഷമില്ലാത്ത വിധത്തിൽ, നിലവിലുള്ള ടൂറിസം സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും ടൂറിസത്തിലൂടെ പരിസ്ഥിതി സംരക്ഷണവും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തിക്കൊണ്ടുള്ളതും നമ്മുടെ കല, സംസ്കാരം, ഉപജീവന മാർഗ്ഗങ്ങൾ, പാരമ്പര്യ തൊഴിലുകൾ, കേരളത്തിന്റെ പ്രാദേശിക ഭക്ഷണം എന്നിങ്ങനെ ടൂറിസ്റ്റുകൾക്ക് വ്യത്യസ്ത അനുഭവം പകർന്നുനൽകുന്ന വിവിധ തലത്തിലുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുവാനും അതുവഴി പ്രാദേശിക തൊഴിലും വരുമാനവും ഉറപ്പു വരുത്തുവാനുമുള്ള വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ഘട്ടംഘട്ടമായി കേരളത്തെ, പൂർണ്ണമായും പ്രാദേശിക പങ്കാളിത്തത്തോടെയുള്ള ഒരു സമ്പൂർണ്ണ ഉത്തരവാദിത്ത ടൂറിസം സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കും നടപ്പിലാക്കുക.

(ബി) പഞ്ചായത്തുകൾ തോറും ഡെസ്റ്റിനേഷൻ എന്നതിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ടൂറിസം കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി പ്രാദേശിക ടൂറിസം വികസിപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളും ടൂറിസം വകുപ്പും സംയുക്തമായാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ പുതുതായി കണ്ടെത്തി അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഉണ്ട്.

(ഡി) പദ്ധതിയുടെ നടത്തിപ്പ് പ്രസ്തുത മേഖലയിൽ പരിചയമുള്ള സ്ഥാപനങ്ങൾ, ടൂറിസം സഹകരണസംഘങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയായിരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ടൂറിസം സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് പരിഗണിക്കാവുന്നതാണ്.

## ഹൗസ് ബോട്ട് ടൂറിസം

99(2455) ശ്രീ. എം. മുകേഷ്:

ശ്രീ. കെ. ജെ. മാക്സി:

ശ്രീമതി ദെലീമ:

ഡോ. സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും ആകർഷകമായ ഹൗസ് ബോട്ട് ടൂറിസം പദ്ധതി കോവിഡ് വ്യാപനത്തെ തുടർന്ന് നിലച്ചു പോകാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിലെ പ്രധാന ആകർഷണമായിരുന്ന ഹൗസ് ബോട്ടുകൾ 'കോവിഡ്- 19' മഹാമാരിയുടെ ആദ്യ തരംഗത്തോടെ തന്നെ നിശ്ചലാവസ്ഥയിലായിരുന്നു. കൊറോണ വൈറസ് വ്യാപനത്തിന്റെ രണ്ടാം തരംഗത്തോടെ ഈ മേഖല പൂർണ്ണമായും സ്തംഭനത്തിലായി.

(ബി) ആയതുമൂലമുണ്ടായിട്ടുള്ള വരുമാന-തൊഴിൽ നഷ്ടവും ബോട്ടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങളും നികത്താൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; അറിയിക്കുമോ?

'കോവിഡ്-19' മഹാമാരിമൂലം സ്തംഭനത്തിലായ മേഖലയ്ക്കുണ്ടായ വരുമാന-തൊഴിൽ നഷ്ടവും ഹൗസ് ബോട്ടുകൾക്ക് നേരിട്ട നാശനഷ്ടവും നികത്താൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കായി ഒറ്റത്തവണ ധനസഹായ പദ്ധതിയായ 'ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' നടപ്പാക്കിവരുന്നു. ഒന്നും രണ്ടും കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 80,000 രൂപയും മൂന്നും നാലും കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് ഒരു ലക്ഷം രൂപയും അഞ്ചിലേറെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 1.20 ലക്ഷം രൂപയുമാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതിയിൽ ഇതുവരെ 168 ഹൗസ് ബോട്ടുകൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ഹൗസ് ബോട്ടുകളിലെ ജീവനക്കാർക്കും ഈ മേഖലയിലെ നിക്ഷേപകർക്കുമായി വിവിധ ധനസഹായ/ വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൂടാതെ ഹൗസ് ബോട്ട് അടക്കം വിനോദസഞ്ചാര മേഖലയിലെ അംഗീകൃത/ ക്ലാസിഫൈഡ് യൂണിറ്റുകളുടെ അംഗീകാരം, കാലാവധി തീരുന്ന മുറയ്ക്ക് 2020 ജനുവരി ഒന്ന് മുതൽ 2021 ഡിസംബർ 31 വരെ, നിബന്ധനകളോ പരിശോധനയോ കൂടാതെ അംഗീകാരം/ ക്ലാസിഫിക്കേഷൻ നിരുപാധികം പുതുക്കി നൽകാനും ഉത്തരവായിട്ടുണ്ട്.

(സി) കോവിഡാനന്തരം കായൽ ടൂറിസം ശക്തമായി തിരികെ കൊണ്ടു വരുന്നതിന്റെ ഭാഗമായി ഹൗസ് ബോട്ട് മേഖല സജീവമായി നിലനിർത്താനാവശ്യമായ നടപടിയുണ്ടാകുമോ; വിശദമാക്കുമോ?

'കോവിഡ്-19' മഹാമാരി കനത്ത വെല്ലുവിളി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി ധനസഹായം അനുവദിച്ചും മറ്റും ഹൗസ് ബോട്ട് മേഖലയെ സംരക്ഷിച്ച് നിർത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കൊറോണ വൈറസ് വ്യാപനത്തിലെ രണ്ടാം തരംഗത്തിന്റെ തീവ്രത കുറയുന്ന മുറയ്ക്ക്, കോവിഡ് പ്രോട്ടോക്കോൾ വ്യവസ്ഥകൾ കർശനമായി പാലിച്ച് കായൽ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കാനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

**ശിരുവാണിയിലെ ടൂറിസം സാധ്യതകൾ**

100(2456) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ശിരുവാണിയിലെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

പരിശോധിക്കാവുന്നതാണ്.

(ബി) ശിരുവാണിയിൽ എത്തുന്ന സഞ്ചാരികൾക്ക് താമസിക്കുന്നതിനോ ഭക്ഷണം കഴിക്കുന്നതിനോ ഹോട്ടലുകളോ റിസോർട്ടുകളോ ഇല്ലാത്ത സാഹചര്യത്തിൽ കെ.ടി.ഡി.സി.-യുടെ ഹോട്ടൽ/റിസോർട്ട്/റസ്റ്റോറന്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**മലബാർ റിവർ ക്രൂയിസ് പദ്ധതി**

101(2457) ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പ് മലനാട് മലബാർ റിവർ ക്രൂയിസ് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉണ്ട്. സംസ്ഥാന സർക്കാർ മലനാട് മലബാർ റിവർ ക്രൂയിസ് എന്ന പദ്ധതിക്കുവേണ്ടി 57,75,48,482 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 34,93,54,429 രൂപ ചെലവഴിച്ചു. ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ 80.37 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ 5,93,22,805 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മലബാർ പ്രദേശത്തെ ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ?

കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ പ്രധാന നദീതീരങ്ങളിലാണ് പദ്ധതിയുമായി ബന്ധപ്പെട്ട ബോട്ട് ജെട്ടികൾ / ടെർമിനലുകൾ എന്നിവ നിർമ്മിച്ചിരിക്കുന്നത്. റിവർക്രൂയിസ് പദ്ധതിയായതിനാൽ നദികളിലൂടെയുള്ള സഞ്ചാരയോഗ്യത കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

(ഡി) പ്രകൃതി രമണീയവും ചരിത്ര പ്രാധാന്യവുമുള്ള മലബാറിലെ കൂടുതൽ പ്രദേശങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

കൂടുതൽ പ്രദേശങ്ങൾ ഇതിന്റെ ഭാഗമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

102(2458) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ വകുപ്പ് മുഖേന ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ ഭരണകാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ചുവടെ ചേർത്തിട്ടുള്ള നാല് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

1. റെനവേഷൻ ആൻഡ് അപ്ഗ്രഡേഷൻ ഓഫ് മനയ്ക്കച്ചിറ ടൂറിസം പ്രോജക്ട് അറ്റ് ചങ്ങനാശ്ശേരി, കോട്ടയം.
2. ബ്യൂട്ടിഫിക്കേഷൻ ഓഫ് ചങ്ങനാശ്ശേരി ബോട്ട് ടെർമിനൽ ഇൻ കോട്ടയം ഡിസ്ട്രിക്ട് അണ്ടർ ദ എൽ.എ.സി.- എ.ഡി.എസ്. ഓഫ് സി.എഫ്. തോമസ് എം.എൽ.എ.

3. Purchase of water sports itmes with എ.എം.സി. ഫോർ അഡ്വഞ്ചർ സ്പോർട്സ് ആക്ടിവിറ്റീസ് അറ്റ് ചങ്ങനാശ്ശേരി.

4. റെനവേഷൻ ആൻഡ് മെയിന്റനൻസ് ഓഫ് ടോയ്‌ലറ്റ് ബ്ലോക്സ് ഇൻ കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റേഷൻസ് അറ്റ് കോട്ടയം ആൻഡ് ചങ്ങനാശ്ശേരി.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കുമോ?

റെനവേഷൻ ആൻഡ് അപ്ഗ്രഡേഷൻ ഓഫ് മനയ്ക്കച്ചിറ ടൂറിസം പ്രോജക്ട് അറ്റ് ചങ്ങനാശ്ശേരി കോട്ടയം, ബ്യൂട്ടിഫിക്കേഷൻ ഓഫ് ചങ്ങനാശ്ശേരി ബോട്ട് ടെർമിനൽ ഇൻ കോട്ടയം ഡിസ്ട്രിക്ട് അണ്ടർ ദ എൽ.എ.സി.- എ.ഡി.എസ്. ഓഫ് സി.എഫ്. തോമസ് എം.എൽ.എ. എന്നീ രണ്ട് പദ്ധതികൾ പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. Purchase of water sports itmes with എ.എം.സി. ഫോർ അഡ്വഞ്ചർ സ്പോർട്സ് ആക്ടിവിറ്റീസ് അറ്റ് ചങ്ങനാശ്ശേരി എന്ന പദ്ധതി കോട്ടയം ഡി.റ്റി.പി.സി., കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ആകെയുള്ള പ്രവൃത്തികളുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി 12 കയാക്കുകൾ നിർവ്വഹണ ഏജൻസി ഡി.റ്റി.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്. ശിക്കാരബോട്ടിന്റെ നിർമ്മാണം പുരോഗതിയിലാണ്. റെനവേഷൻ ആൻഡ് മെയിന്റനൻസ് ഓഫ് ടോയ്‌ലറ്റ് ബ്ലോക്സ് ഇൻ കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റേഷൻസ് അറ്റ് കോട്ടയം ആൻഡ് ചങ്ങനാശ്ശേരി, എന്ന ടൂറിസം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സുലഭ് ഇന്റർനാഷണൽ സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ എന്ന ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.റ്റി.സി.-യിൽനിന്നും പദ്ധതി തുടങ്ങുന്നതിന് അനുമതി ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അനുമതി ലഭിക്കുന്നതിനായി കെ.എസ്.ആർ.റ്റി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതി

103(2459) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.
3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനും പ്രോത്സാഹനം നൽകുകയും ചെയ്യുക.

(ബി) ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗ്രാമീണ ടൂറിസം സാധ്യതകൾ കണ്ടെത്തി, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തിവരുന്നു. ഗ്രാമീണ മേഖലയിലെ പ്രാദേശിക ജനസമൂഹത്തെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവർക്ക് അധിക വരുമാനം ലഭ്യമാക്കുക, തനതു സംസ്കാരം, കല, പാരമ്പര്യ തൊഴിലുകൾ, ഉപജീവനമാർഗ്ഗങ്ങൾ, ഭക്ഷണ രീതികൾ എന്നിങ്ങനെ അന്യംനിന്ന് പോയിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിത

രീതികൾ ടൂറിസത്തിലൂടെ സംരക്ഷിക്കുക, അതോടൊപ്പം തന്നെ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ അവർക്ക് പരിശീലനം നൽകുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്നു. ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള താഴെപ്പറയുന്ന വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഡിസൈൻ ചെയ്ത് പ്രൊമോട്ട് ചെയ്യുന്നുണ്ട്. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഫാം വിസിറ്റ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ.

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ അത് യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശാസ്ത്രീയ പരിശീലനങ്ങൾ നൽകിവരുന്നു. പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ തദ്ദേശസ്വയം ഭരണ സ്ഥപനങ്ങളുമായി ചേർന്നുള്ള സംയോജിത പദ്ധതികളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നത്. തങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ ഉത്തരവാദിത്ത ടൂറിസം മിഷന് ഫണ്ട് നൽകിക്കൊണ്ട്, മിഷൻ വഴി പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം പഞ്ചായത്തിൽ പെപ്പർ പദ്ധതിക്കൊപ്പം കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ (SPMNRM) പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ പഞ്ചായത്ത് ആർ. ടി. മിഷന് കൈമാറിയിട്ടുണ്ട്. ഈ മാതൃക മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാവർത്തികമാക്കാവുന്നതാണ്.

## ടൂറിസം മേഖലയിലെ സ്തംഭനാവസ്ഥ

104(2460) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനം മൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും തൊഴിലെടുക്കുന്നവർക്കും വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നീ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നീ ധനസഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി ഒന്നാം കോവിഡ് തരംഗത്തിനുശേഷം നടത്തിയ പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ ഏറെ ശ്രദ്ധപിടിച്ചു പറ്റിയിരുന്നു. അതിന്റെ തുടർച്ചയെന്നോണം വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്. മാത്രമല്ല കേരളത്തിൽ പ്രവർത്തിച്ചു വരുന്ന ഹോംസ്റ്റേകൾ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവ ഉൾപ്പെടെ എല്ലാ ടൂറിസം വകുപ്പ് അംഗീകൃത/ക്ലാസിഫൈഡ് യൂണിറ്റുകൾക്കും അവയുടെ അംഗീകാരം തീരുന്ന മുറയ്ക്ക് 2020 ജനുവരി മുതൽ 2021 ഡിസംബർ 31 വരെ നിബന്ധനകളില്ലാതെ പുതുക്കി നൽകാനും തീരുമാനമായിട്ടുണ്ട്.

(ബി) കോവിഡ് ഇളവുകളിൽ ടൂറിസം മേഖലയെ ഉൾപ്പെടുത്തി ആഭ്യന്തര ടൂറിസം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചും കോവിഡ് ഇളവുകളിൽ ടൂറിസം മേഖലയെ ഉൾപ്പെടുത്തിയും ആഭ്യന്തര ടൂറിസം പുനരാരംഭിക്കാനുള്ള പരിശ്രമങ്ങളിലാണ്.

(സി) കോവിഡിന്റെ ഒന്നാം തരംഗത്തിൽ ക്വാറന്റൈൻ സൗകര്യമൊരുക്കന്നതിനായി സർക്കാർ ഏറ്റെടുത്ത ടൂറിസം റിസോർട്ടുകൾക്ക് അർഹമായ വാടക നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡിന്റെ ഒന്നാം തരംഗത്തിൽ ക്വാറന്റൈൻ സൗകര്യമൊരുക്കുന്നതിനായി വിവിധ ജില്ലകളിലെ ഹോട്ടലുകളും റിസോർട്ടുകളും ഉൾപ്പെടെയുള്ള താമസ സൗകര്യങ്ങൾ കണ്ടെത്തി നിരക്ക് നിശ്ചയിച്ച് നൽകുകയാണ് ടൂറിസം വകുപ്പ് ചെയ്തത്. ഓരോ ഹോട്ടലുകളിലും എത്ര മുറികളിൽ എത്ര ദിവസം ക്വാറന്റൈൻ സൗകര്യം ഒരുക്കി എന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലാ കളക്ടർമാർ വഴി തുക ഡിസാസ്റ്റർ മാനേജ്മെന്റ് റിലീഫ് ഫണ്ട് വഴി വിതരണം ചെയ്യാനാണ് തീരുമാനമെടുത്തിട്ടുള്ളത്.

## കോവളം മണ്ഡലത്തിൽ ടൂറിസം വില്ലേജ്

105(2461) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ പൂവാർ പൊഴിക്കരയിൽ വേളി മാതൃകയിൽ ടൂറിസം വില്ലേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം സാധ്യത പരിശോധിച്ച് ആവശ്യമായ സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് പരിശോധിക്കാവുന്നതാണ്.

## തുഷാരഗിരിയിലെ വികസന പ്രവർത്തനങ്ങൾ

106(2462) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഷാരഗിരിയിലെ വികസന പ്രവർത്തനങ്ങൾക്കായി സ്വകാര്യവ്യക്തി സൗജന്യമായി ഡി.റ്റി.പി.സി.-ക്ക് വിട്ടുനൽകിയ 35 സെന്റ് സ്ഥലം ഉപയോഗിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത സ്ഥലം അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഡി.റ്റി.പി.സി.-ക്ക് സ്വകാര്യ വ്യക്തി വിട്ടുനൽകിയ 35 സെന്റ് സ്ഥലത്തിലേയ്ക്ക് നിലവിൽ റോഡ് സൗകര്യമില്ലാത്തതും വളരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതുമാണ്. ആവശ്യമായ റോഡ് സൗകര്യവും വൈദ്യുതിയും എത്തിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കിയതിനുശേഷം തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

**കുണ്ടറ മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിലെ പ്രവൃത്തികൾ**

107(2463) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്?

കുണ്ടറ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നിലവിൽ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്തവ, ടെണ്ടർ ചെയ്തിട്ടുള്ളവ, എഗ്രിമെന്റ് ചെയ്തിട്ടുള്ളവ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

ബാധകമല്ല.

**വൈക്കം മുനിസിപ്പൽ ബീച്ചിൽ ടൂറിസം സെന്റർ**

108(2464) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ [2021-22] വൈക്കം മുനിസിപ്പൽ ബീച്ചിൽ സ്പോർട്സ്, കൾച്ചറൽ, ടൂറിസം സെന്റർ എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നോ?

പ്രഖ്യാപിച്ചിരുന്നു.

(ബി) എങ്കിൽ പദ്ധതിക്കായി അനുവദിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അടങ്കൽ തുക - ഒൻപത് കോടി

വകയിരുത്തിയിരിക്കുന്ന തുക - ഒരു കോടി എൺപത് ലക്ഷം രൂപ.

(സി) പദ്ധതി നിർവ്വഹണത്തിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

&

(ഡി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഇതുവരെ നടപടികൾ ആരംഭിച്ചിട്ടില്ല.

## വൈപ്പിൻ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

109(2465) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും താഴെപ്പറയുന്നു.

4.5 കോടി രൂപയുടെ ഭരണാനുമതി നൽകിയ ബീച്ച് കോറിഡോർ പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിവരുന്നു. വൈപ്പിൻ തീരത്തുള്ള 9 ബീച്ചുകളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പദ്ധതിയിൽ തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ് ആവശ്യമില്ലാതെ നിർവ്വഹിക്കാൻ പറ്റുന്ന ചുരുക്കം പ്രവൃത്തികളാണ് നിലവിൽ ചെയ്തിട്ടുള്ളത്. പദ്ധതിക്കായി അനുവദിക്കപ്പെട്ടിട്ടുള്ള ഭരണാനുമതി തുകയ്ക്കുള്ളിൽ നിർത്തിക്കൊണ്ട് തീരദേശ പരിപാലന ക്ലിയറൻസ് ആവശ്യമില്ലാതെ നടപ്പിലാക്കാൻ പറ്റുന്ന മറ്റ് അടിയന്തരഘടകങ്ങൾ പഞ്ചായത്ത് പ്രതിനിധികളുടെ കൂടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശം സന്ദർശിച്ച് നിർണ്ണയിക്കാമെന്ന് എം.എൽ.എ. അറിയിച്ചിട്ടുണ്ട്. 55.47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഗ്രീൻ കാർപ്പെറ്റ് പദ്ധതി ചെറായി ബീച്ചിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതി അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കടമക്കുടി ദ്വീപുകളെ കേന്ദ്രീകരിച്ച് ഗ്രാമീണ ടൂറിസം വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിൽനിന്ന് സ്ഥലലഭ്യത ഉറപ്പാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലപ്പുഴയിൽ കായൽ ടൂറിസം നേരിടുന്ന പ്രതിസന്ധി

110(2466) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളിൽ ആലപ്പുഴയിലെ ഹൗസ് ബോട്ട് സഞ്ചാരത്തിനും കായൽ ടൂറിസത്തിനും ആവശ്യമായ ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പ്രത്യേക ഇളവുകളൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഹൗസ് ബോട്ട് സഞ്ചാരം നിലയ്ക്കുന്നതുമൂലം പ്രസ്തുത മേഖലയിൽ ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഹൗസ് ബോട്ട് സഞ്ചാരം നിലയ്ക്കുന്നതുമൂലം പ്രസ്തുത മേഖലയിൽ ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ 'ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ നേരിട്ടും അല്ലാതെയും തൊഴിൽ ചെയ്ത് ജീവിതമാർഗ്ഗം തേടുന്നതിനാൽ ഈ മേഖലയിൽ ആവശ്യമായ ഇളവുകൾ നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

'കോവിഡ്-19' വിദഗ്ദ്ധ സമിതിയുടെയും ആരോഗ്യ വകുപ്പിന്റെയും ശിപാർശകൾ പ്രകാരമാവും വിനോദ സഞ്ചാര മേഖലയ്ക്കടക്കമുള്ള ഇളവുകൾ അനുവദിക്കുക. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുള്ള ഈ തീരുമാനങ്ങളിൽ ജില്ലാ ഭരണകൂടങ്ങളുടെ അഭിപ്രായവും പരിഗണിക്കാറുണ്ട്.

## മഹാകവി കുമാരനാശാൻ സ്മാരക പുനർജനി ഇക്കോ പാർക്ക്

111(2467) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ ആശ്രാമത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന മഹാകവി കുമാരനാശാൻ സ്മാരക പുനർജനി ഇക്കോ പാർക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായതായി പറയപ്പെടുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. മേജർ ഇറിഗേഷൻ വകുപ്പ് മുഖേന കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) നടപ്പാക്കുന്ന ഈ പദ്ധതി 31-12-2021-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ മഴയെ തുടർന്ന് പദ്ധതി പ്രദേശത്തുണ്ടായ വെള്ളക്കെട്ടും 'കോവിഡ്-19' മഹാമാരിമൂലമുള്ള നിയന്ത്രണങ്ങളും പദ്ധതി വൈകാൻ ഇടയാക്കിയിരുന്നു. നിലവിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാനാണ് ശ്രമം.

**തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതി**

112(2468) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തി ഉൾപ്പെടുത്തിയിരുന്ന തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, മാറനല്ലൂർ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന തുങ്ങാംപാറയെയും പെരുംകുളത്തെയും ബന്ധിപ്പിക്കുന്ന ഇക്കോടൂറിസം പദ്ധതിക്ക് 2019-20 ബഡ്ജറ്റിൽ ഒരുകോടി രൂപ വകയിരുത്തുകയും അക്കൊല്ലം 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ ഈ പദ്ധതിയുടെ വിനോദസഞ്ചാര സാദ്ധ്യത പരിശോധിച്ച് സമഗ്ര പദ്ധതി റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതി നടപ്പാക്കാനുള്ള ഭൂമി വിനോദസഞ്ചാര വകുപ്പിന് കൈമാറി കിട്ടാനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 15-9-2020-ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുമുണ്ട്.

(ബി) ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പ്രദേശത്തെ വിനോദസഞ്ചാര സാദ്ധ്യത പരിശോധിച്ച് തയ്യാറാക്കിയ സമഗ്ര ഇക്കോടൂറിസം പദ്ധതി റിപ്പോർട്ട് പ്രകാരം 82 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. പദ്ധതി നടത്തിപ്പിനുള്ള ഭൂമി വിനോദസഞ്ചാര വകുപ്പിന് കൈമാറി കിട്ടാനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 15-9-2020-ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിക്കുള്ള ഭൂമി ഇതുവരെയും വിനോദസഞ്ചാര വകുപ്പിന് കൈമാറിയിട്ടില്ല.

## വിനോദസഞ്ചാര മേഖലയിൽ നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ

113(2469) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം വിനോദസഞ്ചാര മേഖലയിൽ നഷ്ടപ്പെട്ട തൊഴിലവസരങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

തൊഴിൽ നഷ്ടം സംബന്ധിച്ച പഠനങ്ങൾ ഒന്നുംതന്നെ പ്രത്യേകമായി നടത്തിയിട്ടില്ല. എന്നിരുന്നാലും 2019-ലെ സ്ഥിതിവിവരക്കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവുണ്ടായിട്ടുണ്ട്. ആഭ്യന്തരവിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവുണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 7000-ൽപ്പരം കോടി രൂപയുടെയും ആകെ വരുമാനത്തിൽ (വിദേശനാണ്യം + ആഭ്യന്തര ടൂറിസം + പരോക്ഷ വരുമാനം) 33,000 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2020 കലണ്ടർ വർഷം ജനുവരിയിൽ വിദേശ / ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വളർച്ചയും 2020 ഫെബ്രുവരിയിൽ ആഭ്യന്തരവിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വളർച്ചയുമാണുണ്ടായത്. ആയതിനാൽ 2020 ആദ്യപാദവുമായി താരതമ്യം നടത്തിയാൽപ്പോലും യഥാർത്ഥ നഷ്ടക്കണക്കുകൾ ഇനിയും കൂടാനിടയുണ്ട്. പ്രസ്തുത സ്ഥിതിവിവരക്കണക്കുകളനുസരിച്ച് കോവിഡ് മഹാമാരി ടൂറിസം മേഖലയിലെ തൊഴിലവസരങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് അനുമാനിക്കാം.

## മലബാർ റിവർ ക്രൂയിസ് പദ്ധതി

114(2470) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തെ ടൂറിസം വികസനത്തിനായുള്ള മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ ഉൾപ്പെട്ട എത്ര പദ്ധതികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ പദ്ധതിയിൽ ഉൾപ്പെട്ട പഴയങ്ങാടി ബോട്ട് ടെർമിനൽ, പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, ന്യൂ മാഹി ബോട്ട് ടെർമിനൽ, മോന്താൽ ബോട്ട് ടെർമിനൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) ഇവയിൽ പൂർത്തിയാക്കുവാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

കണ്ണൂർ ജില്ലയിൽ സംസ്ഥാന പദ്ധതികൾക്ക് പുറമെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും സ്വദേശ് ദർശൻ സ്കീമിൽപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 30 ബോട്ട് ജെട്ടികൾ, ടോയ്‌ലറ്റ് ബ്ലോക്ക്, ഫുഡ് കോർട്ട്, ആർട്ടിസാൻസ് ആല, ആംഗ്ലിങ് യാർഡ്, നടപ്പാത, പാർക്കിങ് യാർഡ്, ബോട്ട് റേസ് ഗ്യാലറി എന്നീ ഘടകങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

**ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്ക് വായ്പ പദ്ധതി**

115(2471) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്ക് വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയിൽ ഉണ്ടായിരിക്കുന്ന വരുമാന നഷ്ടത്തിന് ആശ്വാസമേകുന്നതിനായി സംസ്ഥാനത്ത് ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വായ്പാ പദ്ധതികളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നിവ. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ/ റിസോർട്ടുകൾ/ ടൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ തുടങ്ങിയ വിവിധ യൂണിറ്റുകൾക്ക് 25 ലക്ഷം രൂപ വരെ വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി അനുവദിക്കുന്നതാണ് ഈ പദ്ധതി.

34 ബാങ്കുകൾ ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി വഴിയാണ് പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്. ലോൺ എടുക്കുന്ന യൂണിറ്റുകൾ 42 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക് നൽകേണ്ടത്. ഇതിൽ ആദ്യ ആറുമാസം റീപേയ്മെന്റ് ഹോളിഡേയാണ്. തുടർന്നുള്ള ഒരു വർഷം ആകെ പലിശയുടെ പകുതി (ഏറ്റവും കൂടുതൽ 4.5 ശതമാനം) 'interest subvention' ആയി ബാങ്ക് വഴി യൂണിറ്റുകൾക്ക് നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 100 യൂണിറ്റുകൾക്ക് നിലവിൽ ലോൺ അനുവദിച്ചിട്ടുണ്ട്. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിൽ" അപേക്ഷിക്കേണ്ടത് വ്യക്തികൾ ജോലി ചെയ്തുവരുന്ന യൂണിറ്റുകൾ വഴിയാണ്. യൂണിറ്റുകൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വിശദാംശത്തിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് വഴിയാണ് 30,000 രൂപ വരെയുള്ള ലോൺ അനുവദിക്കുന്നത്. സ്വർണ്ണം ഈടായി സ്വീകരിച്ചുകൊണ്ടാണ് കേരള ബാങ്ക് ലോൺ അനുവദിക്കുന്നത്. ലോൺ എടുക്കുന്ന ജീവനക്കാർ 18 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക് നൽകേണ്ടത്. ഇതിൽ ആദ്യ നാലുമാസം റീപേയ്മെന്റ് ഹോളിഡേ ആണ്. ആകെ പലിശയായ 9 ശതമാനത്തിൽ 6 ശതമാനം ടൂറിസം വകുപ്പ് കേരള ബാങ്കിന് നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 53 പേർക്ക് ലോൺ അനുവദിച്ചിട്ടുണ്ട്.

(ബി) ടൂറിസം ഗൈഡുമാർക്ക് കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി എന്തെങ്കിലും ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ടൂറിസം ഗൈഡുമാർക്കും കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാർ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ടൂറിസം ഗൈഡുമാർക്ക് 10,000 രൂപ ഒറ്റത്തവണ ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 268 അംഗീകൃത ഗൈഡുമാർക്ക് ധനസഹായം നൽകുന്നതിനുള്ള ഉത്തരവ് നൽകിയിരുന്നു.

(സി) ടൂറിസം മേഖലയിലെ ചെറുകിട നിക്ഷേപകർ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ടൂറിസം മേഖലയിലെ ചെറുകിട നിക്ഷേപകർ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ ഉൾപ്പെടെയുള്ള മുഴുവൻ ടൂറിസം നിക്ഷേപകരേയും മുന്നിൽക്കണ്ട് സർക്കാർ ആനുകൂല്യങ്ങൾ നൽകിവരുന്നു. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം

എന്നിവ നിക്ഷേപകർക്ക് വേണ്ടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൻപ്രകാരം വളരെ കുറഞ്ഞ പലിശയ്ക്ക് എല്ലാ നിക്ഷേപകർക്കും സാമ്പത്തികാശ്വാസം ലഭിക്കുമെന്ന് കരുതുന്നു.

(ഡി) സംരംഭകർക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എഫ്.സി. വായ്പ ടൂറിസം അനുബന്ധ മേഖലയിലെ സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംരംഭകർക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എഫ്.സി. വായ്പ ടൂറിസം അനുബന്ധ മേഖലയിലെ സംരംഭകർക്ക് നിലവിൽ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ നടന്നുവരുന്നു.

**ടൂറിസം മേഖലയിൽ ഉത്തേജന പാക്കേജ്**

116(2472) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെത്തുടർന്ന് വിനോദ സഞ്ചാരകേന്ദ്രങ്ങൾ ദീർഘ നാളായി അടച്ചിട്ടത് കാരണം ഈ മേഖലയിൽ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി വിലയിരുത്തിയിരുന്നോ;

&

(ബി) സംസ്ഥാനത്ത് അടച്ചിടൽ കാലയളവിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2020-ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ സാമ്പത്തിക ആഘാതമാണ് സൃഷ്ടിച്ചത്. വിശദമായ സ്ഥിതിവിവരക്കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു.

2019-ലെ സ്ഥിതി വിവരക്കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവുണ്ടായിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവുണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 7000-ത്തിൽപ്പരം കോടി രൂപയുടെയും, ആകെ വരുമാനത്തിൽ (വിദേശനാണ്യം + ആഭ്യന്തര ടൂറിസം + ഇൻഡയറക്ട് വരുമാനം) 33,000 കോടി

രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2020 കലണ്ടർ വർഷം ജനവരിയിൽ വിദേശ/ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വളർച്ചയും 2020 ഫെബ്രുവരിയിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വളർച്ചയുമാണുണ്ടായത്. ആയതിനാൽ 2020 ആദ്യപാദവുമായി താരതമ്യം നടത്തിയാൽ പോലും യഥാർത്ഥ നഷ്ടക്കണക്കുകൾ ഇനിയും കൂടാനിടയുണ്ട്.

(സി) കോവിഡ് പ്രതിസന്ധി മറികടക്കാൻ ടൂറിസം മേഖലയിൽ ഉത്തേജന പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്നറിയിക്കാമോ;

&

(ഡി) പ്രസ്തുത പാക്കേജ് നടപ്പാക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ?

കോവിഡ് പ്രതിസന്ധി മറികടക്കാൻ ടൂറിസം മേഖലയിൽ ഒരു ഉത്തേജക പാക്കേജ് നടപ്പാക്കുന്നു. ഇതിനായി ഇക്കഴിഞ്ഞ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ഇതിനായുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചുവരുന്നു.

**അടിവാരം-ലക്കിടി കേബിൾ കാർ പദ്ധതി**

117(2473) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായക സംരംഭക പ്രോത്സാഹന പദ്ധതിയായ അസൻഡിൽ ധാരണാപത്രം ഒപ്പുവെച്ച അടിവാരം-ലക്കിടി കേബിൾ കാർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

അടിവാരം-ലക്കിടി കേബിൾ കാർ പദ്ധതി വയനാട് ചേംബർ ഓഫ് കൊമേഴ്സാണ് പദ്ധതി പ്രവർത്തനങ്ങളുമായി നിലവിൽ മുന്നോട്ടുപോകുന്നത്. സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുന്നതിനായി വയനാട്, കോഴിക്കോട് ജില്ലാ കളക്ടർമാർ, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും ആയതിൽ തുടർനടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. വയനാട് ചേംബർ ഓഫ് കൊമേഴ്സ് അടിവാരത്തും ലക്കിടിയിലും ടെർമിനൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വിലയ്ക്കുവാങ്ങുകയും അടിവാരത്തുള്ള സ്ഥലത്തിന് പ്ലാന്റേഷൻ ലാൻഡ് കൺവേർഷനുവേണ്ടി അപേക്ഷ നൽകുകയും അതിനോടൊപ്പം വനം വകുപ്പിന്റെ ക്ലിയറൻസിന് അപേക്ഷ നൽകുകയും വനം വകുപ്പിന് കൊടുക്കുവാനുള്ള പകരം ഭൂമി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക

അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കി ആയതിനുള്ള പബ്ലിക് ഹിയറിംഗ് 2021 ആഗസ്റ്റിൽ നടത്താനും ചേംബർ ഓഫ് കോമേഴ്സ് തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കാവുന്നതാണ്.

## ഗ്രാമീണ ടൂറിസം പദ്ധതി

118(2474) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഗ്രാമീണ ടൂറിസം സാധ്യതകൾ കണ്ടെത്തി, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തിവരുന്നു. ഗ്രാമീണ മേഖലയിലെ പ്രാദേശിക ജനസമൂഹത്തെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവർക്ക് അധിക വരുമാനം ലഭ്യമാക്കുക, നമ്മുടെ തനതു സംസ്കാരം, കല, പാരമ്പര്യ തൊഴിലുകൾ, ഉപജീവനമാർഗ്ഗങ്ങൾ, ഭക്ഷണ രീതികൾ എന്നിങ്ങനെയുള്ള അന്യംനിന്ന് പോയി കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിതരീതികൾ ടൂറിസത്തിലൂടെ സംരക്ഷിക്കുക, അതോടൊപ്പം ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ അവർക്ക് പരിശീലനം നൽകുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്നു. ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള താഴെപ്പറയുന്ന വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഡിസൈൻ ചെയ്ത്, പ്രൊമോട്ട് ചെയ്യുന്നുണ്ട്.

വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഫാം വിസിറ്റ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ.

(ബി) വടക്കേ മലബാറിലെ വാഴമല, കനകമല, കണ്ണവം, മയ്യഴിപ്പുഴ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുതിയൊരു ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട്

119(2475) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതീരത്ത് തമ്മാനിമറ്റം ഭാഗത്ത് ചിൽഡ്രൻസ് പാർക്ക്, ആംഫി തീയേറ്റർ വിത്ത് വോളിബോൾ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനും നദീതീര സൗന്ദര്യവൽക്കരണത്തിനും വാട്ടർ സ്പോർട്സ് സൗകര്യങ്ങളൊരുക്കുന്നതിനും എറണാകുളം ജില്ലാ ടൂറിസം കൗൺസിൽ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിനായി അഞ്ച് ഏക്കർ സ്ഥലം കൈമാറാമെന്ന് പൂതൃക്ക പഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട് നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിഗണിക്കാവുന്നതാണ്.

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

120(2476) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന 3 പദ്ധതികൾക്ക് അംഗീകാരം നൽകുകയും പദ്ധതി പൂർത്തീകരിച്ച് പരിപാലനത്തിനായി ഡി.റ്റി.പി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി
2. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ചർ പാർക്ക്
3. കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലോ ആൻഡ് ലാങ്ഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ.

രണ്ടാം ഘട്ടത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 4 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

1. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ.

2. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ്.

3. ഗുണ്ടർട്ട് ബംഗ്ലോ മ്യൂസിയം കമ്പോണന്റ്സ്.

4. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് - (റിവൈസ്ഡ് ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി KIIFB സഹായത്തോടെ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഓടത്തിൽ മോസ്ക് ആൻഡ് പാരീസ് ഹോട്ടൽ സ്ട്രീറ്റ്, മുനിസിപ്പൽ സ്റ്റേഡിയം, തിരുവങ്ങാട് രാമസ്വാമി ടെമ്പിൾ, ജഗന്നാഥ ടെമ്പിൾ, ഇല്ലിക്കുന്നു ചർച്ച്, കതിരൂർ സൂര്യ നാരായണ ടെമ്പിൾ, ശ്രീ ചിറക്കകാവ് ഭഗവതി ടെമ്പിൾ എന്നിങ്ങനെ 7 പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. കിഫ്ബി പദ്ധതികളുടെ SPV ആയി KIIDC-നെയാണ് നിയോഗിച്ചിട്ടുള്ളത്. വിവിധ കാരണങ്ങളാൽ പദ്ധതികൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനി ഭരണാനുമതി ലഭ്യമാക്കാനുള്ളതെന്നും ആയതിനുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഗുണ്ടർട്ട് ബംഗ്ലാവ് മ്യൂസിയം പദ്ധതി പൂർത്തീകരിച്ചതിനുശേഷം തുടർ പ്രവർത്തനത്തിന് ചുറ്റുമതിൽ, മ്യൂസിയത്തിന്റെ വരാന്തയിലും കെട്ടിടത്തിന് ചുറ്റും പ്രകാശ ക്രമീകരണം. ഡസ്റ്റ് ബിൻ, നിരീക്ഷണ ക്യാമറ സംവിധാനം എന്നിവ ആവശ്യമായതിനാൽ ഇവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

## താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി

121(2477) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായ മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിലെ വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി M/s കിറ്റ്കോ ലിമിറ്റഡ് മുഖേന നടപ്പാക്കിയിട്ടുള്ളതാണ്. ടോയ്‌ലെറ്റ് ബ്ലോക്ക്, റെയിൻ ഷെൽട്ടർ, വാക് വേ & പേവ്ഡ് കോർട്ട്, ബോർഡ് വാക് & വ്യൂ പോയിന്റ്, ബോട്ട് ജെട്ടി, ലാൻഡ് സ്കേപ്പിങ്, യാർഡ് ലൈറ്റിംഗ് എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചത്. പദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഉടമസ്ഥ സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത പദ്ധതി, സമീപമുള്ള ഇരപ്പൻപാറ പദ്ധതിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിനും ജില്ലാടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടി സ്വീകരിക്കാവുന്നതാണ്.

## ആലപ്പുഴ ടൗണിലെ ടൂറിസം വികസനം

122(2478) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആലപ്പുഴ ടൗണിലുള്ള ഇടക്കായലുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആയതിന്റെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

(ബി) കായൽ യാത്രയ്ക്ക് ഭീഷണിയായി മാറുന്ന ആഫ്രിക്കൻ പായൽ ഉൾപ്പെടെയുള്ളവ നീക്കുന്നതിനും വിനോദസഞ്ചാര മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുമായി ഈ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിന്റെ പ്രധാന ടൂറിസം ആകർഷണങ്ങളിൽ ഒന്നായ കായൽ ടൂറിസത്തിനും കായലുകളുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കും വലിയ ഭീഷണിയായി മാറുന്ന ആഫ്രിക്കൻ പായലിൽനിന്നും വേർതിരിക്കുന്ന നാരുകൾ ഉപയോഗിച്ച് വിവിധ മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽകുകയും ഉല്പന്നങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി വിൽക്കുന്നതിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നിലവിലെ പ്രവർത്തനങ്ങളിലൂടെ ആഫ്രിക്കൻ പായൽ ഉൾപ്പെടെയുള്ളവ നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കുകയില്ല. ഇതിനായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

## പഞ്ചവടി ഇല്ലി പാർക്ക്

123(2479) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കക്കയം പഞ്ചവടി ഇല്ലി പാർക്കിൽ ആഭ്യന്തരടൂറിസം വികസന പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന നൂറിലധികം വനിതാ യൂണിറ്റുകൾ കക്കയം പഞ്ചവടി ഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അനുയോജ്യമായ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(ബി) ഇല്ലി പാർക്കിനോട് ചേർന്നുള്ള അമ്പലക്കുന്ന് ആദിവാസി കോളനിയിലെ ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി പഞ്ചവടി ഇല്ലി പാർക്ക് ടൂറിസം വികസനം സാധ്യമാക്കുവാൻ തയ്യാറാകുമോ?

പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പാർക്കിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പൊസഡിഗുംപെ ടൂറിസം പദ്ധതി**

124(2480) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡിഗുംപെ ടൂറിസം പദ്ധതി പരിഗണനയിൽ ഉണ്ടോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയത് സങ്കൽപ് ആർക്കിടെക്റ്റ്സ് ആണ്.

(ബി) പദ്ധതിയുടെ പ്രോജക്ട് അടങ്കൽ തുക എത്രയാണ്; ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഈ പദ്ധതിയുടെ അടങ്കൽ തുക 4,99,56,599 രൂപയാണ്. ഈ പദ്ധതിയിൽ താഴെപ്പറയുന്നവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ട്രക്കിംഗ് ബേസ് ക്യാമ്പ്
2. ഈസി ട്രക്കിംഗ് റൂട്ട്
3. വേ സ്റ്റേഷൻസ്
4. ഹാർഡ് ട്രക്കിംഗ് റൂട്ട്
5. ക്യാമ്പിംഗ് സൈറ്റ്
6. ജി.ടി.എസ്. മോണമെന്റ് കോമ്പൗണ്ട്
7. ഗെറ്റ് എവെയ്സ്
8. ടോയ്ലെറ്റ് ആൻഡ് വ്യൂ പ്ലാറ്റ്ഫോമ്സ്
9. ഹാർഡ് ട്രക്കിംഗ് ബേസ് ക്യാമ്പ്
10. സൈക്കിളിംഗ് റൂട്ട്

(സി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

&

(ഡി) ഉത്തര കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഉണർവ്വേകുന്നതും ടൂറിസം വികസനത്തിന് വൻ സാധ്യതയുള്ളതുമായ പൊസഡിഗുംപെ ടൂറിസം പ്രോജക്ട് എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പൊസഡിഗുംപെ ടൂറിസം വികസനത്തിനായുള്ള പ്രൊപ്പോസൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനമാണ് ഭരണാനുമതിക്കായി സമർപ്പിച്ചത്. എന്നാൽ പദ്ധതിക്കാവശ്യമായ തുകയുടെ അപര്യാപ്തതമൂലം പ്രൊപ്പോസൽ മാറ്റിവയ്ക്കുകയുണ്ടായി. ടി പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ തീർത്ഥാടന ടൂറിസം പദ്ധതി

125(2481) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെങ്കൽ ശിവപാർവ്വതി ക്ഷേത്രം, വ്ളാത്താങ്കര പള്ളി എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

1. ഡെവലപ്മെന്റ് ഓഫ് ടൂറിസം അറ്റ് ദക്ഷിണ കൈലാസം മഹേശ്വരൻ ശിവ പാർവ്വതി ടെമ്പിൾ ഘടകങ്ങൾ-ബിൽഡിംഗ് & അമിനിറ്റി സെന്റർ, കൂത്തമ്പലം, സോളാർ ലൈറ്റിംഗ്, ലാന്റ് സ്കേപ്പിംഗ് ഇതിൽ ബിൽഡിംഗിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഗ്രൗണ്ട് ഫ്ലോറിന്റെ പ്രവൃത്തികൾ ആരംഭിച്ചു.

2. പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് സ്വർഗ്ഗാരോഹിത മാതാ ചർച്ച്, വ്ലാത്താങ്കര ഘടകങ്ങൾ- മൾട്ടി പർപ്പസ് ഹാൾ, എ.റ്റി.എം. കൗണ്ടർ, കടമുറികൾ ഇതിൽ ബിൽഡിംഗിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കോവിഡ് ലോക്ഡൗൺ കാരണമാണ് പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്നത്.

**നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പ്രവൃത്തികൾ**

126(2482) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് നിർമ്മാണപ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

&

(ബി) ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിലവിൽ ആരെയും ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിട്ടില്ല. നിലവിലുള്ള എംപാനൽ ഏജൻസികളിൽ നിന്നും അനുയോജ്യമായ ഏജൻസിയെ കണ്ടെത്തി DPR തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി**

127(2483) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗത്തിന് ശേഷം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ സഞ്ചാരികളെ വരവേൽക്കാൻ പൂർണ്ണസജ്ജമാണെന്ന പ്രചരണം ദേശീയ തലത്തിൽ തന്നെ നടത്തുകയുണ്ടായി. 'ചേഞ്ച് ഓഫ് എയർ' എന്ന് പേരിട്ട പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ 2020-ൽ തന്നെ നടത്താനായി. പ്രിന്റ്, ടെലിവിഷൻ, ഒ.ടി.ടി., റേഡിയോ, സോഷ്യൽ മീഡിയ, മറ്റ് ഓൺലൈൻ മാധ്യമങ്ങൾ എന്നിവ വഴി ഏറെ ശ്രദ്ധ പിടിച്ച് പറ്റിയ ക്യാമ്പയിനായിരുന്നു പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ 2020. കൂടാതെ, ടൂറിസം മേഖല തുറക്കുന്ന മുറയ്ക്ക് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്.

## പൈതൃക ഗ്രാമം

128(2484) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറം പഞ്ചായത്തിൽ പറയിപെറ്റ പന്തിരുകുലം പേറുന്ന വായില്യം കുന്നിലപ്പൻ ക്ഷേത്രം, പ്രകൃതി സൗന്ദര്യം പേറുന്ന പാട്ടിമല എന്നിവ ഉൾക്കൊള്ളുന്ന പ്രദേശം പൈതൃക ഗ്രാമമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറം പഞ്ചായത്തിൽ പറയിപെറ്റ പന്തിരുകുലം പേറുന്ന വായില്യം കുന്നിലപ്പൻ ക്ഷേത്രം, പ്രകൃതി സൗന്ദര്യം പേറുന്ന പാട്ടിമല എന്നിവ ഉൾക്കൊള്ളുന്ന പ്രദേശം പൈതൃക ഗ്രാമമാക്കുവാൻ കഴിയുമോ എന്ന കാര്യം പ്രദേശത്തിന്റെ ടൂറിസം സാധ്യത പരിശോധിച്ചതിനുശേഷം തീരുമാനിക്കാവുന്നതാണ്.

## വയനാട് ജില്ലയിലെ ടൂറിസം പദ്ധതികൾ

129(2485) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ടൂറിസം പദ്ധതിക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്;

&

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ടൂറിസം വകുപ്പിൽ സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ടൂറിസം പദ്ധതികൾക്കായി ജില്ലാ കളക്ടർക്ക് നിർദ്ദേശം സമർപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങളും സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) ഇത്തരം നിർദ്ദേശങ്ങളിന്മേൽ ടൂറിസം വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് അറിയിക്കാമോ?

ഇത്തരം നിർദ്ദേശങ്ങളുടെ ടൂറിസം സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കീരാനല്ലൂർ ടൂറിസം പദ്ധതി

130(2486) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കീരനല്ലൂർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഡെവലപ്മെന്റ് ഓഫ് കീരാനല്ലൂർ പാർക്ക് ആസ് എ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന ടൂറിസം പദ്ധതിക്ക് 1.12 കോടി രൂപയുടെ ഭരണാനുമതി 22-8-2012-ൽ നൽകി ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) എന്ന ഏജൻസിയെ ടൂറിസം വകുപ്പ് നിയോഗിക്കുകയും 25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ പദ്ധതി സ്ഥലം ജലസേചന വകുപ്പിന് കീഴിലായതിനാൽ ടി സ്ഥലത്തുള്ള ഉപയോഗാനുമതി 19-9-2015-ലെ ജി.ഒ (എം.എസ്)നമ്പർ 473/2015/റവ. സർക്കാർ ഉത്തരവ് പ്രകാരം 20.38 ആർ അഥവാ 52.8 സെന്റ് ഭൂമി ടൂറിസം വകുപ്പിന് ലഭിച്ചെങ്കിലും ആ സ്ഥലത്ത് നടപ്പാത മാത്രം നിർമ്മിക്കുവാനാണ് സാധിച്ചത്. ഇതനുസരിച്ച് FIT നടപ്പാത, ഹാന്റ് റെയിൽ, ലാൻഡ് സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെട്ട 91,77,680 (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുനൂറ്റി എൺപതു രൂപ) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചതനുസരിച്ച് ആ പ്രവൃത്തികൾ ആരംഭിക്കുവാൻ FIT-യോട് നിർദ്ദേശിച്ചെങ്കിലും FIT പ്രവൃത്തികൾ ആരംഭിച്ചില്ല. ഭരണാനുമതി നൽകി 8 വർഷത്തിലധികമായിട്ടും പദ്ധതി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കുവാനായി വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ നൽകിയ ശിപാർശ പരിശോധനയിലാണ്.

## കണ്ടശ്ശാംകടവ് ബോട്ട് ജെട്ടി

131(2487) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ ഉദ്ഘാടനം ചെയ്ത മണലൂർ പഞ്ചായത്തിലെ കണ്ടശ്ശാംകടവ് ബോട്ട് ജെട്ടിയിൽ വിനോദസഞ്ചാര വകുപ്പ് നിർമ്മിച്ച പവലിയൻ, ചിൽഡ്രൻസ് പാർക്ക് എന്നിവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പവലിയന്റെയും ചിൽഡ്രൻസ് പാർക്കിന്റെയും നിർമ്മാണച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

കൺവെൻഷൻ സെന്റർ ആൻഡ് വ്യൂവിംഗ് ഗാലറി അറ്റ് മണലൂർ എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ കളിസ്ഥലവും വള്ളംകളി പവലിയനും നാല് കടമുറികളുമാണ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതിയുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിനാണുള്ളത്. നിർമ്മാണം പൂർത്തിയായ ഘട്ടത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിനെ സമീപിച്ചിരുന്നെങ്കിലും നമ്പർ ഇതുവരെ ലഭ്യമായില്ല. 2018-ലുണ്ടായ പ്രളയത്തിൽ നിർമ്മാണത്തിന്റെ പല ഭാഗങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 4-12-2019-ൽ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള അധികൃതരുമായി നടത്തിയ ചർച്ചയിൽ ടി നിർമ്മിതികൾ വിട്ടു നൽകിയാൽ പഞ്ചായത്ത് ഈ പദ്ധതിയുടെ പ്രവർത്തനം സജ്ജമാക്കാമെന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ ചെലവ് 99,06,687 രൂപയാണ്.

(സി) ഇതിന്റെ ഭാഗമായി നിർമ്മിച്ച കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

## ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം

132(2488) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയിലെ പ്രതിസന്ധി അനുഭവിക്കുന്ന തൊഴിലാളികൾക്കു വേണ്ടി രൂപീകരിച്ച ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിന്റെ സഹായം എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലോൺ അനുവദിക്കുന്നതിനായുള്ള 'ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമി'ൽ കേരള ബാങ്ക് വഴിയാണ് 30,000 രൂപ വരെയുള്ള ലോൺ അനുവദിച്ചത്. ഈ പദ്ധതി പ്രകാരം ആകെ 53 പേർക്കാണ് ലോൺ അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

133(2489) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങൾക്ക് അഞ്ചുകോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രധാനമായും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികൾ പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെച്ചേർക്കുന്നു.

5 കോടി രൂപ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

3 കോടി രൂപ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ആലത്തൂർ ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

1 കോടി രൂപ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജി.എച്ച്.എസ്. മുടപ്പല്ലൂർ, ജി.എച്ച്.എസ്. കുനിശ്ശേരി, ജി.യു.പി.എസ്. പുതിയങ്കം, ജി.എച്ച്.എസ്.എസ്. തേൻകുറിശ്ശി എന്നിവയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിൽ ജി.എച്ച്.എസ്. മുടപ്പല്ലൂരിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ജി.എച്ച്.എസ്. കുനിശ്ശേരിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.യു.പി.എസ്. പുതിയങ്കത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പ്രവൃത്തി 17% പൂർത്തിയായിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. തേൻകുറിശ്ശിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനം ആരംഭിച്ച് പ്രവൃത്തി 15% പൂർത്തിയായിട്ടുണ്ട്.

## ഗൂഗിൾ മീറ്റ് പരിപാടി

134(2490) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുവാനുള്ള ഗൂഗിൾ മീറ്റ് പരിപാടി സംബന്ധിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

&

(ബി) ഇതുമായി ബന്ധപ്പെട്ട പ്ലാറ്റ് ഫോം ഉപയോഗിക്കുവാനായി എന്തെല്ലാം പരിശീലനപ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളതെന്നും എപ്പോൾ പ്രവർത്തനമാരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

ഓൺലൈൻ ക്ലാസ്സുകൾക്ക് തുടക്കത്തിൽ ജി-സ്യൂട്ട് ഉപയോഗിക്കാനും തുടർന്ന് സ്വന്തമായ ഡിജിറ്റൽ ലേണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് ഓൺലൈനായി കുട്ടികളെ മോണിറ്റർ ചെയ്യുന്നതിനും പഠന തുടർച്ച ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലാണ് ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 34 വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അദ്ധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അദ്ധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇത് സംബന്ധിച്ച പരിശീലനം നൽകുന്നതാണ്. ഘട്ടംഘട്ടമായി ഹയർസെക്കണ്ടറിയിലേയ്ക്കും പത്താം ക്ലാസ്സിലേയ്ക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേയ്ക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ മാതാപിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെയുള്ള പദ്ധതികൾ ആലോചിച്ചുവരുന്നു.

## ചാലക്കുടി മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ

135(2491) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിലവിൽ ചാലക്കുടി നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

അഞ്ചുകോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ചാലക്കുടി ഗവൺമെന്റ് വി.എച്ച്. എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ചായ്പ്പാൻകുഴി ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകരിക്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. കൊടകരയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

**വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

136(2492) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിനും അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

&

(സി) ഈ സ്കൂളുകളുടെ പ്രവൃത്തി ടെണ്ടർ ചെയ്തോ എന്നും ആരാണ് കരാർ ഏറ്റെടുത്തതെന്നും പ്രവൃത്തി എത്രമാത്രം പൂർത്തിയായെന്നും സ്കൂളും മണ്ഡലവും തിരിച്ച് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ അനുവദിച്ച സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

5 കോടി രൂപയുടെ കിഫ്ബി ഫണ്ട്-കാസർഗോഡ് ജില്ലയിൽ കിഫ്ബിയുടെ 5 കോടി രൂപയുടെ ഫണ്ടിൽ ഉൾപ്പെടുത്തി 5 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയത്. 5 സ്കൂളുകളുടേയും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂളുകളുടെ നിലവിലെ സ്ഥിതി അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

3 കോടി രൂപയുടെ കിഫ്ബി ഫണ്ട്-കാസർഗോഡ് ജില്ലയിൽ കിഫ്ബിയുടെ 3 കോടി രൂപയുടെ ഫണ്ടിൽ ഉൾപ്പെടുത്തി 27 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത സ്കൂളുകളിൽ 2 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകലിനേയും 6 സ്കൂളുകളുടെ എസ്.പി.വി.-യായി കൈറ്റിനെയും 3 സ്കൂളുകളുടെ എസ്.പി.വി.-യായി വാപ്കോസിനേയും 16 സ്കൂളുകളുടെ എസ്.പി.വി.-യായി കിലയേയുമാണ് ചുമതലപ്പെടുത്തിയത്. ഇതിൽ 6 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ശേഷിക്കുന്ന സ്കൂളുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

1 കോടി രൂപയുടെ കിഫ്ബി ഫണ്ട് -കാസർഗോഡ് ജില്ലയിൽ കിഫ്ബിയുടെ 1 കോടി രൂപയുടെ ഫണ്ടിൽ ഉൾപ്പെടുത്തി 53 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയത്. ഇതിൽ 5 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കാൻ വിവിധ കാരണങ്ങളാൽ സാധിച്ചിട്ടില്ല. ഇതിൽ 4 സ്കൂളുകൾ കിഫ്ബിയുടെ മറ്റ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. 1 സ്കൂളിന് NOC ലഭ്യമാകേണ്ടതുണ്ട്. ശേഷിക്കുന്ന 48 സ്കൂളുകളുടേയും DPR കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സ്കൂളുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അനുബന്ധം 3 ആയി ചേർക്കുന്നു.*

(ഡി) കിഫ്ബിയിൽ നിന്നല്ലാതെ കഴിഞ്ഞ അഞ്ചുവർഷം ജില്ലയിൽ മറ്റേതെങ്കിലും പദ്ധതിയിൽനിന്ന് സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫണ്ട് അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

പ്ലാൻ ഫണ്ടുപയോഗിച്ച് എല്ലാ വർഷവും പൊതുവിദ്യാഭ്യാസ വകുപ്പ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ

137(2493) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

&

(ബി) എല്ലാ വിദ്യാർത്ഥികളും ഏതെങ്കിലും തരത്തിലുള്ള തൊഴിൽ പരിചയം നേടിയിരിക്കണമെന്ന് എൻ.എസ്.ക്യൂ.എഫ്. നിഷ്കർഷിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഇല്ല.

(സി) ഏതെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളാണ് സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇപ്രകാരമുള്ള ഏതെല്ലാം കോഴ്സുകളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

43 സെക്ടർ സ്കിൽ കൗൺസിലുകളിലുമായി നാഷണൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ള 4034 ജോബ് റോളുകളാണ് നിലവിലുള്ളത്. ഇതിൽ നിന്നും താഴെപ്പറയുന്ന 48 കോഴ്സുകളാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്.

1. Agriculture Machinery Operator
2. Assistant Offset Printing Operator
3. Auto Service Technician
4. Distribution Lineman
5. Domestic Biometric Data Operator
6. Draughtsman
7. Electrician Domestic Solutions
8. Fabric Checker

9. Field Technician Air Conditioner
10. Field Technician Computing &Peripherals
11. Graphic Designer
12. Inline Checker
13. Junior Software Developer
14. Machine Operator Assistant- Plastics Processing
15. Optical Fiber Technician
16. Plumber General II
17. Solar & LED Technician (Electronics)
18. Assistant Fashion Designer
19. Vegetable Grower
20. Baby Caregiver
21. Beauty Therapist
22. Dairy Processing Equipment Operator
23. Agriculture Extension Service Provider
24. Dairy Farmer Entrepreneur
25. Diet Assistant
26. Fish and Seafood Processing Technician
27. Fishing Boat Mechanic
28. Fitness Trainer
29. Floriculturist Open Cultivation
30. Floriculturist Protected Cultivation
31. Frontline Health Worker
32. Gardener

33. General Duty Assistant
34. Medical Equipment Technician
35. Micro irrigation Technician
36. Organic Grower
37. Ornamental Fish Technician
38. Shrimp Farmer
39. Small Poultry Farmer
40. Interior Landscaper
41. Tour Guide
42. Business Correspondent & Business Faciliator
43. Accounts Executive
44. Craft Baker
45. Office Operations Executive
46. Sales Associate
47. Domestic Data Entry Operator (PWD)
48. Self Employed Tailor (PWD)

(ഡി) സംസ്ഥാനത്ത് എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതി നൽകിയിരുന്ന ശിപാർശകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ് ഗ്രാന്റ്**

138(2494) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് എം.എൽ.എ./എം.പി. ഫണ്ട് മുഖേന സ്കൂൾ വാഹനങ്ങൾ നൽകിയത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ; ഇക്കഴിഞ്ഞ 5 വർഷം ഇങ്ങനെ എത്ര സ്കൂളുകൾക്ക് സ്കൂൾ വാഹനങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് ഇക്കഴിഞ്ഞ 5 വർഷ കാലയളവിൽ എം.എൽ.എ. ഫണ്ടിൽനിന്നും 72,58,71,507 രൂപ വിനിയോഗിച്ച് 553 സ്കൂളുകൾക്കും എം.പി. ഫണ്ടിൽനിന്നും 13,80,43,550 രൂപ വിനിയോഗിച്ച് 105 സ്കൂളുകൾക്കും വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ലോക്ഡൗൺ കാരണം വാഹനങ്ങൾ പുറത്തിറക്കാൻ കഴിയാതിരുന്നതുമൂലം പല സ്കൂൾ വാഹനങ്ങൾക്കും ഭീമമായ തുകയുടെ അറ്റകുറ്റപ്പണി നടത്തേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്കൂൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പല സ്കൂൾ വാഹനങ്ങളും പുറത്തിറക്കാനാവാത്തതിനാൽ അറ്റകുറ്റ പ്രവൃത്തികൾ അനിവാര്യമായ സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്കൂൾ പി.ടി.എ.-കളുടെ നാമമാത്ര ഫണ്ടിൽനിന്നും ഇത്തരം സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി ഫണ്ട് കണ്ടെത്താൻ കഴിയാത്ത ഗ്രാമീണ മേഖലയിലെ സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും പ്രത്യേക മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

### വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ ലഭ്യമാക്കുവാൻ നടപടി

139(2495) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറോണ രോഗത്തിന്റെ തോത് കുറഞ്ഞുവരുന്ന മുറയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കാണ് വാക്സിൻ നൽകി വരുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ നൽകുന്ന സമയമാകുമ്പോൾ ആരോഗ്യ മേഖലയുമായി സഹകരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനത്തിന്റെ സവിശേഷതകൾ

140(2496) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുറത്തിറക്കിയ യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ് റിപ്പോർട്ടിൽ വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനത്തിന്റെ സവിശേഷതകൾ പ്രതിപാദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ് (UDISE+) (2019-20) റിപ്പോർട്ടിൽ രാജ്യത്തെ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും സ്കൂളുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം, അദ്ധ്യാപകരുടെ എണ്ണം, വിവിധ ബോർഡുകളുടെ അംഗീകാരമുള്ള സ്കൂളുകളുടെ എണ്ണം, വിദ്യാർത്ഥി-അദ്ധ്യാപക അനുപാതവും നിരക്കുകളും, സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് പ്രകാരം സ്കൂൾ പ്രവേശനാനുപാതം, സ്കൂൾ പ്രവേശനത്തിലെ ലിംഗസമത്വം, ക്ലാസ് കയറ്റം, പഠനത്തുടർച്ച, വൈദ്യുതീകരിക്കപ്പെട്ട സ്കൂളുകൾ, കുടിവെള്ള ലഭ്യതയുള്ള സ്കൂളുകൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ശുചിമുറിയുള്ള സ്കൂളുകൾ, കൈകഴുകൽ സൗകര്യമുള്ള സ്കൂളുകൾ , ഗവൺമെന്റ് എയ്ഡഡ് മേഖലയിൽ ലൈബ്രറി സൗകര്യമുള്ള സ്കൂളുകൾ, കമ്പ്യൂട്ടർ സൗകര്യമുള്ള സ്കൂളുകൾ, ഗവൺമെന്റ്-എയ്ഡഡ് മേഖലകളിൽ ഇന്റർനെറ്റ് സൗകര്യമുള്ള സ്കൂളുകൾ എന്നീ സൂചികകളിൽ സംസ്ഥാനം മികച്ച നിലവാരത്തിലാണെന്ന് സൂചിപ്പിക്കുന്നു.

(ബി) ഡിജിറ്റൽ പഠന സൗകര്യം, ലൈബ്രറി, കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ പ്രസ്തുത കേന്ദ്ര റിപ്പോർട്ട് അനുസരിച്ച് കേരളം ഇതര സംസ്ഥാനങ്ങളിൽനിന്നും ഏതൊക്കെ തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡിജിറ്റൽ പഠന സൗകര്യം, ലൈബ്രറി, കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിൽ കേരളം ഏറ്റവും മികച്ച സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ്. വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളുടെ ശതമാനക്കണക്ക് ചുവടെ പറയും പ്രകാരമാണ്. ലൈബ്രറി (ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ)- 98.69% കുടിവെള്ളം-99.06% ടോയ്‌ലറ്റ്- 99.6% വൈദ്യുതി-99.4% കമ്പ്യൂട്ടർ സൗകര്യം-(ഗവൺമെന്റ് എയ്ഡഡ്) 95.91% ഇന്റർനെറ്റ് (ഗവൺമെന്റ് എയ്ഡഡ്)- 89.17%.

## പാചക തൊഴിലാളികളുടെ വേതനം

141(2497) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്ക് നിലവിൽ നൽകി വന്നിരുന്ന ഓണറേറിയം, കോവിഡ് കാരണം സ്കൂളുകൾ അടച്ചിട്ടിരുന്ന കാലത്തും അതേ നിരക്കിൽ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ഓണറേറിയം മുടങ്ങാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(സി) കോവിഡ് കാലത്ത് സ്കൂളുകൾ അടച്ചിട്ടിരിക്കുന്നതിനാൽ പാചക തൊഴിലാളികളുടെ ദയനീയമായ സാമ്പത്തിക സാഹചര്യങ്ങളും നിലവിലെ ജീവിത നിലവാര സൂചികകളും കണക്കിലെടുത്ത് അനുവദനീയമായതിന്റെ പകുതി നിരക്കി ലെങ്കിലും ഇവർക്ക് ഓണറേറിയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സ്കൂൾ പാചക തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 1,600 രൂപ നൽകിവരുന്നുണ്ട്. ആയതിനാൽ ഓണറേറിയം അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) സർക്കാർ സർവ്വീസിലെ കാറ്റഗറി രണ്ട് വിഭാഗം പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദിക്കുന്ന മിനിമം വേതനമെങ്കിലും പൊതുവിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പൊതുവിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വിദ്യാഭ്യാസ ശാക്തീകരണ നിധി

142(2498) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മാതൃകയിൽ വിദ്യാഭ്യാസ ശാക്തീകരണത്തിന് നിധി സ്വരൂപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് ഏത് രീതിയിലാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) വിദ്യാഭ്യാസത്തിന്റെ ആധുനികവൽക്കരണത്തിനും നിർദ്ധനരായ വിദ്യാർത്ഥികൾക്കും പ്രസ്തുത ഫണ്ട് എപ്രകാരം പ്രയോജനപ്രദമാകുമെന്ന് വിശദീകരിക്കാമോ?

ഉണ്ട്, കോവിഡ്-19 മഹാമാരിയുടെ കാലത്ത് സ്കൂളുകൾ തുറക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ അദ്ധ്യയനവർഷം ഓൺലൈൻ പഠനം നടപ്പിലാക്കുന്നതിനായി സ്വന്തമായി ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അവ ലഭിക്കുന്നതിനായി സമൂഹത്തിന്റെ വിവിധ മേഖലയിൽ നിന്നുള്ളവരിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പ്രത്യേക നിധി (ചീഫ് മിനിസ്റ്റേഴ്സ് എഡ്യൂക്കേഷൻ എംപവർമെന്റ് ഫണ്ട്) രൂപീകരിക്കാൻ, ഡിജിറ്റൽ വിദ്യാഭ്യാസം സംബന്ധിച്ച പ്രവർത്തനരേഖ അംഗീകരിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിധി രൂപീകരിക്കുന്ന മുറയ്ക്ക് വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതാണ്.

## വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിന്റെ ശോചനീയാവസ്ഥ

143(2499) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

&

(ബി) മലപ്പുറം സിവിൽ സ്റ്റേഷനിൽ അനുയോജ്യമായ കെട്ടിടസൗകര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി മലപ്പുറം ജില്ലാ കളക്ടർക്കും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും വിദ്യാഭ്യാസ ഉപഡയറക്ടർ കത്തുകൾ നൽകിയിരുന്നു. കൂടാതെ പ്രസ്തുത ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനായി ജില്ലാ കളക്ടർക്ക് നൽകിയ കത്തിന് മറുപടിയായി, സിവിൽ സ്റ്റേഷനിൽ നിലവിൽ റൂമുകൾ ഒന്നുംതന്നെ ഒഴിവില്ലായെന്നും ആയതിനാൽ ടി ഓഫീസിനായി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലത്തിന്റെ അളവ് അറിയിക്കുവാനും ടി ഉപഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടം വിഭാഗവുമായി ആലോചിച്ച് ഏകദേശം 50 സെന്റിൽ കുറയാത്ത ഭൂമി ആവശ്യമുണ്ടെന്ന് ഉപഡയറക്ടർ ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. നിലവിൽ മലപ്പുറം കോട്ടപ്പടിയിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം നിലനിൽക്കുന്ന സ്ഥലത്തുതന്നെ എഡ്യൂക്കേഷൻ കോംപ്ലക്സ് പണിയുന്നത് മാത്രമാണ് ശാശ്വത പരിഹാരമെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 29-10-2019-ൽ ടി ഉപ വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ആയതിലേയ്ക്കായി 2020-21 ബഡ്ജറ്റ് പ്രൊപ്പോസലിൽ 6 കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കി വോളിയം 02-ൽ ടോക്കൺ ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടത്തിന്റെ സർവ്വേ സ്കെച്ച്, മണ്ണ് പരിശോധന, ടോട്ടൽ സ്റ്റേഷൻ സർവെയിങ്ങ് എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം പണിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ പി.ഡബ്ല്യു.ഡി.-യിൽ നിന്നും ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി നൽകുകയും അതുപ്രകാരം ആവശ്യപ്പെട്ട Detailed Requirement Statement നൽകുകയും ചെയ്തിട്ടുണ്ട്. ചീഫ് ആർക്കിടെക്ട്, റീജിയണൽ ഓഫീസ്, നോർത്ത് സർക്കിൾ കോഴിക്കോട് ഓഫീസിൽ വച്ച് 9-3-2021-ൽ നടന്ന യോഗത്തിൽ പ്രസ്തുത വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടം പ്ലാൻ ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകോപനം**

144(2500) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളെ ലയിപ്പിച്ച് ഒറ്റ വകുപ്പാക്കി മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

31-5-2019-ലെ സ.ഉ.(കൈ)നമ്പർ 53/2019/പൊ.വി.വ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ 3 ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പൊതുസംവിധാനം രൂപീകരിച്ചു. മേൽ ഉത്തരവുപ്രകാരം ഭരണ നിർവ്വഹണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### വിദ്യാലയത്തിൽ ഒരു നീന്തൽക്കുളം പദ്ധതി

145(2501) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നീന്തൽ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സ്കൂളുകളുടെ സെലക്ഷൻ നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളാണ് ഇതിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

### ഓൺലൈൻ പഠനം സൃഷ്ടിക്കുന്ന മാനസികസംഘർഷം

146(2502) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് കാരണം ഓൺലൈൻ പഠനം നടക്കുന്ന സമയത്ത് കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം പരിഹരിക്കുന്നതിന് സർക്കാർ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി കഴിഞ്ഞവർഷവും ഈ വർഷവും സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്കായി കൗൺസിലിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു. ഈ വർഷം വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ടെലികൗൺസിലിംഗ് പ്രോഗ്രാം 'അതിജീവനം' എന്ന പേരിൽ നടന്നുവരുന്നു. ഓൺലൈൻ ക്ലാസ്സുകളുടെ തുടർ പിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക് ഷീറ്റുകൾ/ പ്രവർത്തനകാർഡുകൾ എന്നിവ നൽകിയിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഇടയ്ക്കിടെ ഫോണിൽ ബന്ധപ്പെട്ട് വേണ്ട മാനസിക പിന്തുണയും അക്കാദമിക പിന്തുണയും തുടർച്ചയായി നൽകുന്നു.

(ബി) തുടർച്ചയായി മൊബൈൽ, ലാപ്ടോപ്പ് എന്നീ ഉപകരണങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ നിർദ്ദേശങ്ങൾ രക്ഷിതാക്കളെ അറിയിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രീ-പ്രൈമറി മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകൾക്ക് ദിവസം അരമണിക്കൂർ എട്ട്, ഒൻപത് ക്ലാസ്സുകൾക്ക് ദിവസം ഒരു മണിക്കൂർ, പത്ത്- പന്ത്രണ്ട് ക്ലാസ്സുകൾ ദിവസം ഒന്നര മണിക്കൂർ എന്ന രീതിയിലാണ് നിലവിൽ വിക്ടേഴ്സ് ചാനൽവഴി ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്. ആയതിനാൽ തന്നെ തുടർച്ചയായി മൊബൈൽ, ലാപ് ടോപ്പ് എന്നീ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്ന സാഹചര്യം നിലവിലില്ല. ഞായർ, പൊതുഅവധി ദിനങ്ങൾ എന്നിവ ഒഴിവാക്കി തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ മാത്രമാണ് ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്.

(സി) കുട്ടികളുടെ മെച്ചപ്പെട്ട ആരോഗ്യം നിലനിർത്താനായി സ്പോർട്സ് മേഖലയിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് കോവിഡ് മഹാമാരി കാരണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രൈമറി തലത്തിലെ കുട്ടികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായിക അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഈ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും ഓൺലൈനായി പരിശീലനങ്ങൾ യൂട്യൂബ് ചാനൽ വഴി സംഘടിപ്പിക്കുന്നു. 2020-21 വർഷം സർക്കാർ സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്സ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) പൊതുപരിപാടികൾക്ക് നിയന്ത്രണമുള്ള അവസ്ഥയിൽ കുട്ടികളുടെ കലാരംഗത്തെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്നറിയിക്കാമോ?

കുട്ടികളുടെ കലാരംഗത്തെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ കലാവിദ്യാഭ്യാസത്തിൽ ഡിജിറ്റൽ വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കി യൂട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്തുവരുന്നു. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ വിദഗ്ദ്ധരുടെകൂടെ സഹായത്തോടെ നടന്നുവരുന്നു. ഓൺലൈൻ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ബി.ആർ.സി. തലത്തിലും ജില്ലാ തലത്തിലും നടന്നുവരുന്നു. സംസ്ഥാനതലത്തിലും ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. കഴിഞ്ഞ വർഷവും ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ഓൺലൈനിലും പൊതുപഠന കേന്ദ്രങ്ങൾ വഴിയും സമഗ്രശിക്ഷാ കേരളം നടപ്പിലാക്കിയിരുന്നു.

**പേഴ്സണൽ അസിസ്റ്റന്റ് തസ്തികയുടെ പുനർനാമകരണം**

147(2503) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ടിനുശേഷം വരുന്ന പ്രൊമോഷൻ തസ്തികയുടെ പേര് പേഴ്സണൽ അസിസ്റ്റന്റ് എന്നത് മാറ്റി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ്-II എന്ന് പുനർനാമകരണം ചെയ്യാൻ 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നോ എന്നറിയിക്കാമോ?

നിർദ്ദേശിച്ചിരുന്നില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന്റെ നടപടി ക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ലഹരി വിരുദ്ധ സന്ദേശം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

148(2504) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും ലഹരി മാഫിയകളുടെ കടന്നുകയറ്റവും കാരണം യുവതലമുറയുടെ ഭാവി തകരുന്ന ഗുരുതരമായ സ്ഥിതി വിശേഷമുള്ള ഇക്കാലത്ത് പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ സന്ദേശം പകരത്തക്കവിധം പാഠ്യപദ്ധതിയിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പാഠപുസ്തകങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ ആവശ്യമായ കൂടുതൽ കൂട്ടിച്ചേർക്കലുകൾ വരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസത്തിനായി തയ്യാറാക്കിയ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള അദ്ധ്യാപക സഹായികളിലും വർക്കുബുക്കുകളിലും പദാർത്ഥ ദുരുപയോഗവുമായി (ലഹരി ഉപയോഗം) ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ജനസംഖ്യ വിദ്യാഭ്യാസ പദ്ധതി (NPEP)-യുടെ ഭാഗമായി പദാർത്ഥ ദുരുപയോഗമായി ബന്ധപ്പെട്ട് കുട്ടികളെ സജ്ജരാക്കുന്നതിനായി അദ്ധ്യാപകർക്ക് 'ജീവിതമാണ് ലഹരി' എന്ന കൈപുസ്തകം തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി തലത്തിൽ സൗഹൃദ ക്ലബ്ബിലെ അദ്ധ്യാപകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

## സ്കൂളുകളിലെ അഡ്മിഷൻ

149(2505) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ മേഖലയിൽ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്; തരം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ബാച്ചൊന്നിന് 50 സീറ്റുകളെന്ന ക്രമത്തിൽ ആകെ 3,06,150 സീറ്റുകൾ (സർക്കാർ സ്കൂളുകളിൽ 1,41,050-ഉം എയ്ഡഡ് സ്കൂളുകളിൽ 1,65,100 സീറ്റുകളും) ലഭ്യമാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ സർക്കാർ സ്കൂളുകളിൽ 21,180 സീറ്റുകളും, എയ്ഡഡ് സ്കൂളുകളിൽ 11,850 സീറ്റുകളും ലഭ്യമാണ്.

(ബി) ഫുൾ എ പ്ലസ് നേടിയ കുട്ടികൾക്ക് അവർ ആവശ്യപ്പെടുന്ന കോഴ്സിന് ആവശ്യപ്പെടുന്ന സ്കൂളുകളിൽ അഡ്മിഷൻ നൽകാനുള്ള സംവിധാനം ഒരുക്കുമോ?

ഏകജാലക സംവിധാനത്തിൽ പ്രവേശന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം നടത്തുന്നതാണ്.

**കെ.ജി.ടി.ഇ. പരീക്ഷകൾ**

150(2506) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020, 2021 വർഷങ്ങളിൽ പരീക്ഷാ ഭവൻ നടത്തുന്ന എത്ര കെ.ജി.റ്റി.ഇ. പരീക്ഷകളാണ് റദ്ദുചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമാണ്; ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

2020-21 കാലയളവിൽ രണ്ട് കെ.ജി.ടി.ഇ. പരീക്ഷകളാണ് നടത്തേണ്ടി യിരുന്നത്. ഡിസംബർ 2019-ലെ കെ.ജി.ടി.ഇ. പരീക്ഷാ വിജ്ഞാപനപ്രകാരം പരീക്ഷ നടന്നത് 2020 ഫെബ്രുവരിയിലാണ്. ഈ പരീക്ഷയുടെ ഭാഗമായുള്ള വേഡ് പ്രോസസ്സിംഗ് പരീക്ഷ ഫെബ്രുവരി 2021-ൽ നടത്തുകയും കെ.ജി.ടി.ഇ. പരീക്ഷാഫലം ഏപ്രിൽ 2021-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ പ്രസ്തുത വർഷം ഒരു പരീക്ഷ മാത്രമേ നടത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. രണ്ടാമതൊരു പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കാ ത്തതിനാൽ പരീക്ഷ റദ്ദ് ചെയ്യാനുള്ള സാഹചര്യം പ്രസ്തുത വർഷം ഉണ്ടായിട്ടില്ല.

(ബി) 2020, 2021 വർഷങ്ങളിൽ കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ്, ഷോർട്ട്ഹാൻഡ് പരീക്ഷകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നതു കാരണം വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എത്രയും വേഗം കെ.ജി.റ്റി.ഇ. പരീക്ഷകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സെപ്റ്റംബർ 2021 ലെ കെ.ജി.ടി.ഇ. (കോമേഴ്സ്) പരീക്ഷ 29-9-2021 മുതൽ നടത്താൻ നിശ്ചയിച്ചു. 2021 സെപ്റ്റംബറിലെ കെ.ജി.ടി.ഇ. പരീക്ഷാ വിജ്ഞാപനം 26-7-2021-ന് പരീക്ഷാ ഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പരീക്ഷാ ഭവൻ നടത്തുന്ന എല്ലാ കെ.ജി.റ്റി.ഇ. പരീക്ഷകളും സമയ ബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പരീക്ഷാ ഭവൻ നടത്തുന്ന എല്ലാ കെ.ജി.ടി.ഇ. പരീക്ഷകളും കോവിഡ് വ്യാപനത്തോതിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതായിരിക്കും.

## സർക്കാരിതര സ്കൂളുകളുടെ പേരിനൊപ്പം പബ്ലിക് എന്ന വാക്കിന്റെ ദുരുപയോഗം

151(2507) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിതര സ്കൂളുകൾ പേരിനൊപ്പം പബ്ലിക് എന്ന വാക്ക് ചേർക്കുന്നത് കേന്ദ്ര സർക്കാർ വിലക്കിയിട്ടുള്ളത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് 2019-ൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ സെക്ഷൻ 8.3.2-ൽ സ്വകാര്യ സ്കൂളുകൾ പബ്ലിക് എന്ന പദം പേരിനൊപ്പം പ്രയോഗിക്കാൻ പാടില്ല എന്ന് കൃത്യമായി പറഞ്ഞിരുന്നു. എന്നാൽ 2020-ൽ അന്തിമമായി പ്രസിദ്ധപ്പെടുത്തിയ നയത്തിൽ ഈ രീതിയിൽ പറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ വിലക്ക് ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടില്ല.

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങളും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും അറിയിക്കാമോ;

&

(സി) സർക്കാരിതര സ്കൂളുകൾ തെറ്റിദ്ധാരണയുളവാക്കത്തക്കവിധം പേരിനൊപ്പം പബ്ലിക് എന്ന വാക്ക് ചേർക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## ഇടുക്കി ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനങ്ങൾ

152(2508) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-7-2018-ൽ നിലവിൽ വന്ന ഇടുക്കി ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് നാച്വറൽ സയൻസ് റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്?

ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിച്ചിട്ടില്ല.

(ബി) നിലവിലുള്ള എച്ച്.എസ്.എ. നാച്വറൽ സയൻസ് ലിസ്റ്റിൽനിന്നും വിദ്യാർത്ഥി-അദ്ധ്യാപക അനുപാതമനുസരിച്ച് നിയമനം നടത്താമോ?

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമനുസരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒഴിവുകൾ ഇല്ല.

(സി) ഇടുക്കി ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി പ്രസ്തുത അനുപാതത്തിൽ മാറ്റം വരുത്താമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**വീട് ഒരു വിദ്യാലയം പരിപാടി**

153(2509) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കോവിഡ് കാലപഠനവുമായി ബന്ധപ്പെട്ട് 'വീട് ഒരു വിദ്യാലയം' എന്ന പരിപാടി സമഗ്രശിക്ഷാ കേരളം മുഖേന നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പരിപാടിയിലൂടെ കുട്ടികളുടെ വീടുകളിൽ സജ്ജമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) ഏതെല്ലാം ക്ലാസ്സുകളിലെ കുട്ടികൾക്കാണ് പ്രസ്തുത പരിപാടിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കോവിഡ് കാലപഠനവുമായി ബന്ധപ്പെട്ട് "വീട് ഒരു വിദ്യാലയം" എന്ന പരിപാടി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും എൽ.പി., യു.പി. ക്ലാസ്സുകളിലെ കുട്ടികൾക്കായാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു

1. കുട്ടികളുടെ ഗണിതശേഷി, ഭാഷാശേഷി തുടങ്ങിയവ ഉറപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നു.

2. കുട്ടികളെ വായനയിലേയ്ക്കും എഴുത്തിലേയ്ക്കും പ്രേരിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി പ്രൈമറി വിദ്യാലയത്തിലെ കുട്ടികളുടെ വീടുകളിൽ "ഹോം ലൈബ്രറി" സംവിധാനം ഉറപ്പാക്കുന്നു.

3. ലാബ് @ഹോം പ്രവർത്തനം - പരിസരത്തെ പരീക്ഷണശാലയാക്കി കുട്ടി സ്വയം രൂപപ്പെടുത്തി അവതരിപ്പിക്കുന്ന പ്രവർത്തനങ്ങൾ. കുട്ടികളുടെ വീടുകളിൽ ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര ലാബുകൾ ഒരുക്കുന്നു. ഈ പരിപാടി കുട്ടികളിൽ ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹ്യശാസ്ത്ര പഠനത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിന് സഹായകരമാകും.

4. സസ്യശ്യാമളം - ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുക. ഇലകളുടെ ക്രമീകരണം, വലിയ ഇലകൾ, ചെറിയ ഇലകൾ, കൂടതലായി ഇല പൊഴിക്കുന്നവ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്നതിന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. ഹെർബേറിയം നിർമ്മിക്കുന്നതിനും കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു.

5. ഒരു ദിവസം ഓരോ വീട്ടിലും എത്ര വൈദ്യുതി ഉപയോഗിക്കുന്നു. വീട്ടിൽ ഏതെല്ലാം വൈദ്യുതി ഉപകരണങ്ങളുണ്ട്; അവ ഒരുദിവസം ഏകദേശം എത്ര സമയം പ്രവർത്തിക്കുന്നു; ഏതെങ്കിലും ഉപകരണത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുമോ; ഒരുദിവസം രാവിലെ മുതൽ അടുത്തദിവസം രാവിലെ വരെ വൈദ്യുതമീറ്ററിൽ വന്ന വ്യത്യാസം തുടങ്ങിയ വിവരങ്ങൾ മുതിർന്നവരുടെ സഹായത്തോടെ ശേഖരിച്ച് രേഖപ്പെടുത്തുന്നു.

6. മഴമാപിനി (വർഷമാപിനി) തയ്യാറാക്കലും നിരീക്ഷണവും.

7. വീട്ടിൽ കൃഷിചെയ്യൽ - കൃഷിരീതി - കുറിപ്പ്-ചെടികളുടെ വളർച്ച-നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.

8. താല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ചെറുവീഡിയോകൾ തയ്യാറാക്കൽ.

## കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിന് നടപടി

154(2510) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളിലൂടെ കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കഴിഞ്ഞവർഷം കൈറ്റ് വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്ത ഡിജിറ്റൽ വീഡിയോ ക്ലാസ്സുകളുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ചുവടെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഒന്നാം ടേം പോർഷനെ അടിസ്ഥാനമാക്കി ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ മാധ്യമങ്ങളിൽ 'വഴികാട്ടി 'എന്ന പേരിൽ വർക്ക് ഷീറ്റ് തയ്യാറാക്കി സ്കൂളുകൾ വഴി കുട്ടികൾക്ക് നൽകുകയും അദ്ധ്യാപകർ വിലയിരുത്തുകയും ചെയ്യുന്നു.

2. ഡിജിറ്റൽ വീഡിയോ ക്ലാസ്സുകൾ പൂർത്തിയായശേഷം സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 'പഠനമികവുരേഖ' ഒന്നുമുതൽ ഒൻപതുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വർക്ക്ഷീറ്റുകൾ/ പ്രവർത്തന കാർഡുകൾ പൂർത്തിയാക്കുന്നതിന് സ്കൂൾ അദ്ധ്യാപകർ കുട്ടികളെ സഹായിക്കുകയും പൂർത്തിയാക്കിയവ കുട്ടികൾ സ്കൂളിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിലെത്തുന്ന വർക്ക് ഷീറ്റുകൾ/ പ്രവർത്തന കാർഡുകൾ അദ്ധ്യാപകർ വിലയിരുത്തൽ നടത്തുന്നുണ്ട്. ഈ വർഷം ഡിജിറ്റൽ വീഡിയോ ക്ലാസ്സുകളുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്കായി വർക്ക് ഷീറ്റ്/ പ്രവർത്തന കാർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

## എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തികയുടെ യോഗ്യത

155(2511) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.സി. മൈക്രോബയോളജി, ബി.എസ്.സി. ബയോടെക്നോളജി എന്നീ യോഗ്യത നേടിയവർക്ക് എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തികയിൽ നിയമനം നൽകാമെന്ന് സർക്കാർ മുൻകാലങ്ങളിൽ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

13-9-1988-ലെ ജി.ഒ (എം.എസ്) നമ്പർ 141/88/പൊ.വി.വ, 19-6-2014-ലെ ജി.ഒ (എം.എസ്) നമ്പർ 113/14/പൊ.വി.വ എന്നിവ പ്രകാരം യഥാക്രമം ബി.എസ്.സി. മൈക്രോബയോളജി, ബി.എസ്.സി. ബയോടെക്നോളജി എന്നീ യോഗ്യത നേടിയവരെ എച്ച്.എസ്.റ്റി. നാച്വറൽ സയൻസ് തസ്തികയിൽ നിയമനം നൽകാമെന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) അതേപ്രകാരം ബി.എസ്.സി. ബയോകെമിസ്ട്രി യോഗ്യതയുള്ളവർക്ക് എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തികയിൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ജോലി ലഭിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബി.എസ്.സി. ബയോകെമിസ്ട്രി യോഗ്യതയുള്ളവർക്ക് എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തികയിൽ ജോലിക്ക് അപേക്ഷ നൽകുന്നതിന് തടസ്സമില്ലെന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ അഭിപ്രായം നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് സർക്കാരിന്റെ പക്കലുള്ള ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് മറ്റ് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും റിപ്പോർട്ടിന്റെ പകർപ്പും നൽകാമോ?

ബി.എസ്.സി. ബയോകെമിസ്ട്രി യോഗ്യത എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തികയിലേയ്ക്ക് പരിഗണിക്കുന്ന വിഷയത്തിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധം 2* ആയി ചേർക്കുന്നു.

## ഉപരിപഠനത്തിന് അർഹരായ വിദ്യാർത്ഥികൾ

156(2512) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ സർക്കാർ സ്കൂളുകളിൽ 21180 സീറ്റുകളും എയ്ഡഡ് സ്കൂളുകളിൽ 11850 സീറ്റുകളുമാണ് നിലവിലുള്ളത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുട്ടികളുടെ പഠനനിലവാരം

157(2513) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിൽനിന്നുള്ള കുട്ടികളുടെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിൽനിന്നുള്ള കുട്ടികളുൾപ്പെടെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ എല്ലാ വിഭാഗം കുട്ടികളുടെയും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും പഠന നിലവാരവും ഉറപ്പുവരുത്താൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലേയ്ക്കായി വീഡിയോ ക്ലാസ്സുകൾ ക്രമമായി തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെയും യൂട്യൂബ് ചാനലിലൂടെയും കുട്ടികൾക്ക് ലഭ്യമാക്കിവരുന്നു. പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് ആവശ്യമായതും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയും പ്രത്യേകം ക്ലാസ്സുകൾ തയ്യാറാക്കി നൽകുന്നുണ്ട്. കുട്ടികളുടെ പഠനസമയത്തുള്ള പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനായി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. പഠനത്തിനാവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും സ്കൂൾതലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾക്ക് പുറമെ സ്വന്തം അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ തുടർപ്രവർത്തനങ്ങളും നൽകുന്നുണ്ട്.

## ലബ്ബ കമ്മിറ്റി റിപ്പോർട്ട്

158(2514) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലബ്ബ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ അവ നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ലബ്ബ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്.

## ഓൺലൈൻ ക്ലാസ്സുകൾ

159(2515) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-നെത്തുടർന്ന് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ, പ്ലസ് ടു ലെവൽ വരെയുള്ള വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ നടത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠഭാഗങ്ങൾ കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖേന ഡിജിറ്റൽ രൂപത്തിൽ സംപ്രേഷണം ചെയ്യുന്നുണ്ട്. കുട്ടികൾ കുറവുള്ള വിഷയങ്ങളുടെ ക്ലാസ്സുകൾ തയ്യാറാക്കി യൂട്യൂബ് വഴി അപ്‌ലോഡ് ചെയ്യുന്നുണ്ട്. ഓരോ ഡിജിറ്റൽ ക്ലാസ്സിനും ആവശ്യമായ ക്ലാസ്സുകൾ തയ്യാറാക്കുന്നതിനുമുൻപ് മികച്ച അദ്ധ്യാപകരെ കണ്ടെത്തി സ്ക്രിപ്റ്റ് തയ്യാറാക്കുകയും ഷൂട്ട് ചെയ്തതിനുശേഷം എസ്.സി.ഇ.ആർ.ടി. രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. അതിനുശേഷമാണ് വിക്ടേഴ്സ് വഴി സംപ്രേക്ഷണം ചെയ്യുന്നത്. വിക്ടേഴ്സ് ചാനലിലെ ഓരോ ക്ലാസ്സിനും ആവശ്യമായ തുടർപ്രവർത്തനവും പിന്തുണയും നൽകുന്നതിന് അദ്ധ്യാപകർ സ്കൂൾതലത്തിൽത്തന്നെ വിവിധ ഓൺലൈൻ മാധ്യമങ്ങൾ ഉപയോഗിച്ച് ക്ലാസ്സുകൾ നൽകിവരുന്നു. സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഗണനിപ്രഭ, ശ്രുതിപാഠം, മുദ്രികാ പാഠം പോലുള്ള സംവിധാനം ഏർപ്പെടുത്തി ആവശ്യമായ പിന്തുണ നൽകിവരുന്നു. ഇക്കാര്യത്തിൽ അദ്ധ്യാപകർക്കാവശ്യമായ ശാക്തീകരണവും നൽകുന്നുണ്ട്.

(ബി) ഡിജിറ്റൽ പഠനത്തിനു പുറമേ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്നുമുതൽ ഓൺലൈൻ പഠനക്ലാസ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ജി-സ്യൂട്ട് എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലാണ് ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 34 വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അദ്ധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അദ്ധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇതുസംബന്ധിച്ച പരിശീലനം നൽകുന്നതാണ്. ഘട്ടംഘട്ടമായി ഹയർ സെക്കണ്ടറിയിലേയ്ക്കും പത്താം ക്ലാസ്സിലേയ്ക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേയ്ക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഓൺലൈൻ പഠനസാമഗ്രികൾ ലഭ്യമല്ലാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കും മറ്റ് അർഹരായ വിദ്യാർത്ഥികൾക്കും പഠന സാമഗ്രികൾ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരുലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടേയും പി.റ്റി.എ.-യുടെയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22-ഓടേ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികളെടുക്കാനാകും.

**അർഹതപ്പെട്ട സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി**

160(2516) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ദീർഘനാളായി നല്ലനിലയിൽ പ്രവർത്തിക്കുന്ന അംഗീകാരം ലഭിക്കാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

1-3-2019-ലെ G.O.(Ms) No.22/2019/GEDN, 22-5-2019-ലെ G.O.(Ms) No.45/2019/GEDN പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിവരുന്നു.

(ബി) നിരവധി വർഷങ്ങൾ ആയിട്ടും അംഗീകാരം ലഭിക്കാത്ത സ്കൂളുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

(സി) കെ.ഇ.ആർ. പ്രകാരം സൗകര്യങ്ങളുള്ളതും ജനങ്ങൾക്ക് വളരെ ഗുണകരമായി പ്രവർത്തിക്കുന്നതുമായ അംഗീകാരം ലഭിക്കാത്ത മുഴുവൻ സ്കൂളുകൾക്കും അംഗീകാരം നൽകുന്നത് പരിഗണിക്കുമോ?

G.O.(Ms) No.45/2019/GEDN പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന എല്ലാ അൺഎയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിവരുന്നു.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കിച്ചൺ സ്റ്റോർ നിർമ്മാണം**

161(2517) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ സ്റ്റോർ നിർമ്മിക്കുന്നതിനായി സംസ്ഥാനത്തിന്റെ നാൽപ്പത് ശതമാനം വിഹിതവും കേന്ദ്രത്തിന്റെ അറുപത് ശതമാനം വിഹിതവും ചേർത്തുള്ള തുക 24-2-2021-ന് സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരുന്നോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിപ്രകാരം കിച്ചൺ സ്റ്റോർ നിർമ്മിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾപ്പെടെയുള്ള 13766.69 ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24-2-2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.03.2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമപ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായി മാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത തുക 2021 മാർച്ച് മുപ്പത്തിയൊന്നിന് തിരിച്ച് പിടിച്ചിരുന്നോ?

ആകെ അലോട്ട് ചെയ്ത 13766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12471.48 ലക്ഷം രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തുക പിന്നീട് തിരിച്ച് നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

&

(ഡി) മേൽപ്പറഞ്ഞ ഫണ്ട് ഏതു വർഷത്തിലാണ് കേന്ദ്രസർക്കാർ അനുവദിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത തുക എപ്പോൾ തിരികെ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്ത 12471.48 ലക്ഷം രൂപ തിരികെ നൽകിയിട്ടില്ല. ആയത് തിരികെ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. 2017-18 വർഷത്തിലാണ് കിച്ചൺ സ്റ്റോർ നിർമ്മാണത്തിനുള്ള ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

**സ്കൂൾ പാചക തൊഴിലാളികൾക്കുള്ള വേതനം**

162(2518) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് വേനലവധിക്കാലത്ത് നൽകിയിരുന്ന ആശ്വാസധനവും കോവിഡ് സമാശ്വാസവും കുടിശ്ശികയായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സ്കൂൾ പാചക തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ വേനൽ അവധി ഉൾപ്പെടെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 1,600 രൂപ സമാശ്വാസമായി സ്കൂൾ പാചക തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. ആയത് പ്രകാരം 2021 ആഗസ്റ്റ് 31 വരെ വിതരണം ചെയ്യേണ്ടുന്ന തുകയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും അതിൽ ജൂൺ വരെയുള്ള തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് സ്കൂൾ പാചക തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിഗണനയിലില്ല.

## ആദിവാസി മേഖലകളിലെ കമ്പ്യൂട്ടർ വിതരണം

163(2519) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനത്തിനായി രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികൾ ഡിജിറ്റൽ സൗകര്യമില്ലാതെ വലയുമ്പോൾ 1.20 ലക്ഷം കമ്പ്യൂട്ടറുകൾ വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) സർക്കാർ വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്നതിനുവേണ്ടി വാങ്ങിയ കമ്പ്യൂട്ടറുകളാണോ ഇപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ അടക്കം സൂക്ഷിച്ചിരിക്കുന്നതെന്നറിയിക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് കൈറ്റ് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളിലേയ്ക്കാണ് ഉപകരണങ്ങൾ ലഭ്യമാക്കിയത്. അവ സ്കൂളുകളിൽത്തന്നെ ഉപയോഗിക്കുന്നുണ്ട്.

(സി) എങ്കിൽ ആദിവാസി മേഖലകളിലെ ബാലവിഭവ കേന്ദ്രങ്ങൾക്കും മെന്റർ ടീച്ചർമാർക്കും പ്രസ്തുത കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ആദിവാസി മേഖലകളിലെ ഊരു വിദ്യാകേന്ദ്രങ്ങളിലും അയൽപ്പക്ക പഠന കേന്ദ്രങ്ങളിലും മതിയായ ഡിജിറ്റൽ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിൽ വിദ്യാർത്ഥികളുടെ ഉപരിപഠനം

164(2520) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലമ്പൂർ മണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട് എന്നറിയിക്കാമോ; ഇതിൽ എത്ര പേർക്കാണ് മുഴുവൻ വിഷയത്തിലും A+ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലമ്പൂർ മണ്ഡലത്തിൽ 4,784 കുട്ടികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ഇതിൽ 1,158 പേർക്ക് മുഴുവൻ വിഷയത്തിലും A+ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ എത്ര സീറ്റുകൾ വീതമാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

2021-22 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് നിലമ്പൂർ നിയോജകമണ്ഡലത്തിൽ ലഭ്യമായ സീറ്റ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഹയർ സെക്കണ്ടറി സർക്കാർ | - 1,300 |
| എയ്ഡഡ് | - 2,350 |
| അൺഎയ്ഡഡ് | - 439 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി സർക്കാർ | - 90 |
| എയ്ഡഡ് | - 60 |

(സി) ഉപരിപഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനാവസരം ഉറപ്പാക്കാൻ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള സ്ഥാപനങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് സീറ്റുകൾ വർദ്ധിപ്പി ക്കുന്നതിനോ മറ്റുജില്ലകളിലെ അധികമുള്ള ബാച്ചുകൾ പുനർവിന്യസിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

**ഓൺലൈൻ വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട ആപ്ലിക്കേഷനുകൾ**

165(2521) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ഓൺലൈൻ വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട് വിവിധ മൊബൈൽ ആപ്ലിക്കേഷനുകളും ഓൺലൈൻ ട്യൂഷനുകളും പ്രചരിപ്പിക്കുന്നതും വിൽക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ആപ്ലിക്കേഷനുകളിൽ ചിലത് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരുപോലെ ചൂഷണം ചെയ്യുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം ആപ്ലിക്കേഷനുകൾ നിയന്ത്രിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

&

(ഡി) ഇത്തരത്തിലുള്ള ആപ്ലിക്കേഷനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

166(2522) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ, എയ്ഡഡ് വിഭാഗത്തിലായി എത്ര പഠിതാക്കളുണ്ടെന്നും അവർക്ക് കാലാകാലങ്ങളിൽ പാഠപുസ്തകം നൽകിയതുപോലെ, ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

&

(ബി) ഇതിനായുള്ള ജനകീയ പ്രചരണം, ഉപകരണങ്ങൾ ആവശ്യമായ കുട്ടികളെ കണ്ടെത്തൽ, അവർക്ക് ഉപകരണം ഉറപ്പുവരുത്താനുള്ള ഫണ്ട് ശേഖരണം, ആദിവാസി മേഖലയ്ക്കും മറ്റ് പിന്നോക്കാവസ്ഥയുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകി ഉപകരണങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്കൂളുകളിൽ 1266839, എയ്ഡഡ് സ്കൂളുകളിൽ 2243328 എന്നിങ്ങനെ ആകെ 3510167 (പ്രൊവിഷണൽ) കുട്ടികളാണ് പഠിക്കുന്നത്. ആദിവാസി മേഖല, മറ്റ് പിന്നോക്കാവസ്ഥയുള്ള പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ,

സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹായത്തോടെ ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടേയും, പി.റ്റി.എ.-യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22-ഓടെ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടി കൈക്കൊള്ളാനാണ് തീരുമാനിച്ചിട്ടുള്ളത്.

## പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

167(2523) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രധാന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

നവീകരണം, അടിസ്ഥാനസൗകര്യ വികസനം, അക്കാദമിക മികവ്, വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ, സൗജന്യ യൂണിഫോം വിതരണപദ്ധതി, ഉച്ചഭക്ഷണ പദ്ധതി, ഡയറ്റ്, ബയോ ഡൈവേഴ്സിറ്റി ക്യാമ്പസ്, ഓട്ടിസം പാർക്ക് എന്നിവയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടത്തുന്ന പ്രധാനപദ്ധതികൾ.

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | നവീകരണം | 1,600 |
| 2. | അടിസ്ഥാന സൗകര്യ വികസനം | 12,000 |
| 3. | അക്കാദമിക മികവ് | 1,600 |
| 4. | വിദ്യാർത്ഥി കേന്ദ്രീകൃതം | 5,740 |

| | | |
|---|---|---|
| 5. | സൗജന്യ യൂണിഫോം | 10,500 |
| 6. | ഉച്ചഭക്ഷണം | 52,600 |
| 7. | ബയോ ഡൈവേഴ്സിറ്റി ക്യാമ്പസ് | 160 |
| 8. | ഓട്ടിസം പാർക്ക് | 41 |
| 9. | ഡയറ്റ് | 3,000 |

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലൂടെ സ്കൂളുകളുടെ നവീകരണത്തിനനു വദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

**പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെ വേതനം**

168(2524) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചത് വിദ്യാലയങ്ങളിൽ മികച്ച പ്രീപ്രൈമറി ക്ലാസുകൾ ഏർപ്പെടുത്തിയതുകൂടി കൊണ്ടാണെന്നതിൽ സർക്കാരിന്റെ വിലയിരുത്തൽ അറിയിക്കാമോ?

മികച്ച പ്രീപ്രൈമറി ക്ലാസ്സുകൾ ഏർപ്പെടുത്തിയതുമൂലം കൂടുതൽ കുട്ടികൾ പ്രീപ്രൈമറി ക്ലാസ്സുകളിൽ എത്തുകയും ഈ കുട്ടികൾ തുടർന്നും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന പ്രവണതയാണ് കാണുന്നത്.

(ബി) പൊതുവിദ്യാലയങ്ങളിലെ പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാലയത്തിലെ പ്രീപ്രൈമറി വിഭാഗം അദ്ധ്യാപികമാർക്കും ആയമാർക്കും ഒരുവർഷത്തിൽ 15 ആകസ്മിക അവധിയും ഓണറേറിയത്തോടുകൂടി ആറുമാസം പ്രസവാവധിയും കൂടാതെ കാൻസർ പോലുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയുള്ള അവധിയും അനുവദിച്ച് ഉത്തരവ് നിലവിലുണ്ട്. [7-9-2017-ലെ സർക്കാർ ഉത്തരവ് (കൈ) 110/2017/പൊ.വി.വ.] സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത

പ്രീപ്രൈമറി ജീവനക്കാർക്ക് സർക്കാർ ഓണറേറിയം നൽകിവരുന്നുണ്ട്. നിലവിൽ 3-2-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ1047/2021/പൊ.വി.വ പ്രകാരം താഴെപ്പറയുന്ന രീതിയിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചുവരുന്നു. 10 വർഷത്തിൽ താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000 രൂപ. 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500 രൂപ. 10 വർഷത്തിൽ താഴെ സേവനമുള്ള ആയമാർക്ക് 7,000 രൂപ. 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള ആയമാർക്ക് 7,500 രൂപ.

(സി) പൊതുവിദ്യാലയങ്ങളിൽ വർഷങ്ങളായി ശമ്പളമില്ലാതെ ജോലി നോക്കുന്ന പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെ വേതനം ഈ മഹാമാരി കാലഘട്ടത്തിലെ വറുതികൾ പരിഗണിച്ചെങ്കിലും അനുവദിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; ഉദ്ദേശിത നടപടികൾ വിശദമാക്കാമോ?

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ 1-8-2012-ൽ സേവനത്തിലുണ്ടായിരുന്ന എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകിവരുന്നുണ്ട്. ഇതിനുശേഷം പ്രീ-പ്രൈമറികൾ ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി പി.ടി.എ. ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് സർക്കാർ ഓണറേറിയം ലഭിക്കാത്തത്.

(ഡി) പൊതു വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി വിഭാഗം ക്ലാസ്സുകൾ അഭിലഷണീയമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ സഹകരണം ഉറപ്പുവരുത്താമോ; പ്രീ-പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് യഥാസമയം വേതനം നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി അധികാരപരിധിയിൽ വരുന്നതാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീപ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് നിലവിൽ സർക്കാർ ഓണറേറിയം നൽകിവരുന്നത്. ടി ജീവനക്കാർക്ക് സർക്കാർ ഘട്ടംഘട്ടമായി ഓണറേറിയം തുക വർദ്ധിപ്പിച്ച് നൽകിവരുന്നു.

## മലപ്പുറം ജില്ലയിൽ കൂടുതൽ പ്ലസ് വൺ സീറ്റുകൾ

169(2525) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ തുടർപഠനത്തിന് ഓരോവർഷവും വർദ്ധിച്ചുവരുന്ന സീറ്റ് ദൗർലഭ്യ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുവാൻ സർക്കാർ നയം പുനഃപരിശോധിക്കുമോ?

2020-21 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിൽനിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നതപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. (കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി. പാസ്സായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്). അതനുസരിച്ച് ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായവരിൽ പ്രവേശനം നേടാൻ സാധ്യതയുള്ളത് ഏകദേശം 53040 വിദ്യാർത്ഥികൾ മാത്രമാണ്. മുൻവർഷത്തെ പോലെ 20% മാർജിനൽ സീറ്റ് വർദ്ധനവ് ഏർപ്പെടുത്തുമ്പോൾ മലപ്പുറം ജില്ലയിൽ 61415 സീറ്റുകൾ ലഭ്യമാണെന്ന വിവരവും അറിയിക്കുന്നു.

(ബി) താൽക്കാലിക സീറ്റ് വർദ്ധനയ്ക്ക് പകരം ഒഴിവുള്ള ജില്ലകളിലെ സീറ്റുകൾ ക്രമീകരിച്ചും നിലവിലെ സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചും പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചും ഉപരിപഠന പ്രതിസന്ധികൾ പരിഹരിക്കുമോ?

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. നിലവിൽ സംസ്ഥാനത്ത് ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

(സി) ഇതിനായി ഈ അദ്ധ്യയന വർഷം സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അനുസരിച്ച് നിലവിൽ സംസ്ഥാനത്ത് ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തി

170(2526) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ ഫണ്ട് അനുവദിച്ചതും ഇപ്പോൾ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നതുമായ പല സ്കൂൾ കെട്ടിടങ്ങളുടെയും പ്രവൃത്തി പൂർത്തീകരിക്കാൻ നിലവിൽ അനുവദിച്ച ഫണ്ട് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ 3 കോടി രൂപ അനുവദിച്ച ഏതൊക്കെ സ്കൂളുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ കഴിയാതെ വന്നത്; പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കിഫ്ബിയിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

3 കോടി രൂപയുടെ കിഫ്ബി ഫണ്ട്. ജി.എച്ച്.എസ്.എസ്. അത്തോളി - 93% നിർമ്മാണം പൂർത്തിയായി.

ജി.എച്ച്.എസ്.എസ്. അവിടനല്ലൂർ - ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു.

ജി.എച്ച്.എസ്.എസ്. കൊക്കല്ലൂർ - 94% നിർമ്മാണം പൂർത്തിയായി.

ജി.ജി.എച്ച്.എസ്.എസ്. ബാലുശ്ശേരി-57% നിർമ്മാണം പൂർത്തിയായി.

ജി.എം.യു.പി.എസ്. പൂനൂർ - ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു.

ജി.എച്ച്.എസ്.എസ്. പൂനൂർ - 85% നിർമ്മാണം പൂർത്തിയായി.

## നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം

171(2527) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; ഡി.പി.ആർ. പൂർത്തീകരിക്കാൻ ഏതു ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

&

(ബി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്കൂളുകളാണ് മികവിന്റെ കേന്ദ്രമാക്കി മാറ്റിയത്. ആയത് പ്രകാരം നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ നെയ്യാറ്റിൻകരയാണ്. കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായത്തോടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തെരഞ്ഞെടുത്ത സ്കൂളാണ് നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. എസ്.പി.വി.-യായി കിലയെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികളിലാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനം**

172(2528) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗം ജി.എച്ച്.എസ്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. റിവൈസ് ചെയ്ത് കില കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ഡി.പി.ആർ.-ന്റെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗം ജി.എച്ച്.എസ്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. റിവൈസ് ചെയ്ത് കില കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. 28-1-2021-ലെ സ.ഉ(സാധാ)783/2021/പൊ.വി.വ ഉത്തരവ് പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചുവെങ്കിലും ഇക്കാര്യത്തിൽ കിഫ്ബിയുടെ അംഗീകാരം കിലയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ കില ആരംഭിച്ചിട്ടില്ല.

(ബി) മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. ഇതിനകം കില തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഡി.പി.ആർ. സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കി കില കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. G.O(Rt) No.2997/ 2020/GEDN ഉത്തരവ് പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചുവെങ്കിലും ഇക്കാര്യത്തിൽ കിഫ്ബിയുടെ അംഗീകാരം കിലയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ കില ആരംഭിച്ചിട്ടില്ല.

**പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി ചെലവഴിച്ച തുക**

173(2529) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018, 2019, 2020 എന്നീ വർഷങ്ങളിൽ വിദ്യാഭ്യാസ വകുപ്പിൽ പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി പ്ലാൻ/ബഡ്ജറ്റ് ഫണ്ട് വഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് തുക ലഭ്യമാക്കിയിട്ടുള്ളതെന്നുമുള്ള വിവരം ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ പശ്ചാത്തല സൗകര്യവികസനത്തിനായി പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2018-19 | 31,628.26 |
| 2019-20 | 27,776.78 |
| 2020-21 | 11,074.09 |

വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെ വ്യക്തമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ www.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പഴമള്ളൂർ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി**

174(2530) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പഴമള്ളൂർ ജി.എൽ.പി.സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന പ്രവൃത്തികൾ, റീട്ടെയ്നിംഗ് വാൾ, മുറ്റം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൻ പ്രകാരം ഭരണാനുമതി ലഭിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

&

(സി) പ്രസ്തുത സ്കൂളിന്റെ അവശേഷിക്കുന്ന എല്ലാ നിർമ്മാണപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഗവേഷണ പരിപാടി**

175(2531) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപകരിൽ ഗവേഷണതല്പരത വളർത്തുവാൻ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന പരിപാടിയുടെ ഭാഗമായി 2019-20 വർഷം പൊതു വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപകർ ഗവേഷണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് ഗവേഷണം നടത്തിയതെന്നും വ്യക്തമാക്കുമോ?

അദ്ധ്യാപക പരിശീലന മൊഡ്യൂളിൽ ഗവേഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേഷണം പൂർത്തീകരിച്ച അദ്ധ്യാപകരുടെ എണ്ണവും വിശദാംശങ്ങളും ശേഖരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ ചലഞ്ച് ഫണ്ട്**

176(2532) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ സെന്റ് മേരീസ് എൽ.പി. സ്കൂൾ, മംഗലഗിരി, പാലക്കാടിനാണ് ചലഞ്ച് ഫണ്ട് മുഖേന 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്.

(ബി) ഓരോ സ്കൂളുകളുടേയും നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

**ചലഞ്ച് ഫണ്ട് വിനിയോഗം**

177(2533) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് ചലഞ്ച് ഫണ്ട് വിനിയോഗിച്ചതെന്ന വിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് 64 സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) ചലഞ്ച് ഫണ്ടിന്റെ ഘടനയിലും മാനദണ്ഡങ്ങളിലും മാറ്റം വരുത്തി സ്കൂളുകൾക്ക് പ്രായോഗിക ഗുണപര ഫണ്ടാക്കി മാറ്റുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഘടനാമാറ്റം വിശദമാക്കാമോ?

ചലഞ്ച് ഫണ്ടിന്റെ നിലവിലെ ഘടനയും മാനദണ്ഡങ്ങളും സ്കൂളുകൾക്ക് പ്രായോഗികമായി ഗുണപരമാണ്. ആയതിനാൽ ആയത് മാറ്റുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ചലഞ്ച് ഫണ്ട്**

178(2534) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കോട്ടയം ജില്ലയിലെ ഏതെല്ലാം എയ്ഡഡ് സ്കൂളുകളാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽനിന്നും ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി അപേക്ഷ നൽകിയ 6 സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. സെന്റ് റോക്കീസ് യു.പി.സ്കൂൾ, കോട്ടയം
2. എൻ.എസ്.എം.സി.എം.എസ്.എൽ.പി.സ്കൂൾ, മൂലേടം
3. സെന്റ് തോമസ് യു.പി.എസ്., കുറുമള്ളൂർ
4. ശ്രീകൃഷ്ണ വി.എച്ച്.എസ്.എസ്., കുറിച്ചിത്താനം
5. സെന്റ് ലിറ്റിൽ തെരാസീസ് ഗേൾസ് എച്ച്.എസ്.എസ്., വൈക്കം
6. സെന്റ് ജോസഫ് എൽ.പി.എസ്., ഇരവിമംഗലം

(ബി) ഇവയിൽ ഏതെല്ലാം സ്കൂളുകളിലെ, പ്രസ്തുത ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പകർപ്പുകൾ ലഭ്യമാക്കാമോ?

6 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1,2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

15-11-2019-ലെ സ.ഉ (അച്ചടി) നമ്പർ 156/2019/ധന നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് ചലഞ്ച് ഫണ്ടിന് അപേക്ഷ തയ്യാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശിപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## ഫസ്റ്റ് ബെൽ പദ്ധതി

179(2535) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം നൽകാനായി രൂപീകരിച്ച ഫസ്റ്റ് ബെൽ പദ്ധതിയുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന എഴുപത്തിയേഴ് ശതമാനത്തോളം കുട്ടികൾക്കും പാഠഭാഗങ്ങൾ മനസിലാകുന്നില്ല എന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്ലാസ്സുകളുടെ വേഗക്കൂടുതൽ കാരണം കുട്ടികൾക്ക് നോട്ടുകൾ എഴുതിയെടുക്കാൻ സാധിക്കുന്നില്ല എന്ന കുട്ടികളുടെ പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് എന്തെങ്കിലും പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വിക്ടേഴ്സ് ചാനൽവഴി സംപ്രേക്ഷണം ചെയ്യുന്ന ഓരോ ഡിജിറ്റൽ ക്ലാസ്സിന്റെയും തുടർച്ചയായി സ്വന്തം അദ്ധ്യാപകരുടെ നേതൃത്വത്തിൽ ആവശ്യമായ പിന്തുണ കുട്ടികൾക്ക് നൽകുന്നുണ്ട്. കൂടാതെ ആവശ്യമായ വർക്ക് ഷീറ്റുകളും കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്. യൂട്യൂബ് ചാനൽ വഴി ക്ലാസ്സുകൾ ആവർത്തിച്ചുകാണുന്നതിനുള്ള സൗകര്യം കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ലാസുകൾക്ക് വേഗത കൂടുതലുള്ളതുൾപ്പെടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിച്ചാണ് തുടർ ക്ലാസുകൾ സംപ്രേഷണം നടത്തിവരുന്നത്. ഓൺലൈൻ ക്ലാസുകൾ ട്രയൽ അടിസ്ഥാനത്തിൽ നടത്തുന്നത് കൃത്യമായ അദ്ധ്യാപക പരിശീലനത്തിന് ശേഷമാണ്.

## പ്രീ പ്രൈമറി പഠനം

180(2536) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്?

സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് 'സിസ്റ്റമാറ്റൈസിംഗ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ.' എന്ന പ്രോജക്ട് നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിരുന്ന തുക സംസ്ഥാനത്തെ ജില്ലകളിലെ തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളുടെ സമഗ്രമായ വികസനത്തിനായി വിനിയോഗിച്ചുവരുന്നു. ടി തുകയുടെ ഫലപ്രദമായ വിനിയോഗം വഴി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 10 പ്രീ-പ്രൈമറി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ

ഭാഗമായി സംസ്ഥാനത്തെ പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനായി പ്രീ-പ്രൈമറി അദ്ധ്യാപകർക്കും കുട്ടികൾക്കായുള്ള പുസ്തകം-'കളിത്തോണി', അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം എന്നിവ അച്ചടിച്ച് നൽകിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലൂടെ കൂടുതൽ മേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ സാധിക്കുന്നുണ്ട്. കൂടാതെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനായി ശില്പശാല സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ പരിചരണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും പ്രീ-പ്രൈമറി മേഖലയെ ശാക്തീകരിക്കുന്നതിനും സാധിക്കുന്നുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ നടപ്പിൽ വരുന്നതിലേയ്ക്കായി "മോണിറ്ററിംഗ്, കപ്പാസിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ആൻഡ് ട്രെയിനിംഗ് ഓഫ് പ്രീ-പ്രൈമറി ടീച്ചേഴ്സ് ആൻഡ് ആയാസ്"-ന് വേണ്ടിയും തുക വിനിയോഗിച്ചുവരുന്നു.

(ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്ക് ഊന്നൽ നൽകുന്ന എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

മാതൃഭാഷയാണ് പ്രീ-സ്കൂളിലെ വിനിമയ മാധ്യമം. അതിന് സഹായകരമായ പ്രീ-സ്കൂൾ പാഠ്യപദ്ധതി, പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം- 'കളിത്തോണി', അദ്ധ്യാപക സഹായി എന്നിവ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കിവരുന്നു.

(സി) പ്രീ-പ്രൈമറി പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിൽ എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

പ്രീ-പ്രൈമറികൾക്കായി പ്രത്യേക പാഠപുസ്തങ്ങൾ എസ്.സി.ഇ.ആർ.ടി.-യാണ് തയ്യാറാക്കിവരുന്നത്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ പഠന വിനിമയ സാമഗ്രികൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നു.

(ഡി) പ്രീ-പ്രൈമറി പരീക്ഷകൾ സംബന്ധിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ?

പ്രീ-പ്രൈമറി കുട്ടികൾക്ക് എഴുത്ത് പരീക്ഷയോ, വാചിക പരീക്ഷയോ നിർദ്ദേശിക്കുന്നില്ല. കുട്ടികളിൽ നിശ്ചിതശേഷി വികസിപ്പിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നൽകുന്നു. അവ അദ്ധ്യാപകർ നിരീക്ഷിച്ച് വിലയിരുത്തുന്നു.

## പ്രധാന അദ്ധ്യാപകർ ഇല്ലാത്ത പ്രൈമറി സ്കൂളുകൾ

181(2537) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കഴിഞ്ഞ അദ്ധ്യയന വർഷം പ്രധാനാദ്ധ്യാപകർ ഇല്ലാതെ പ്രവർത്തിച്ച പ്രൈമറി സ്കൂളുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

1075 സ്കൂളുകൾ.

(ബി) ഇവിടങ്ങളിൽ പ്രധാനാദ്ധ്യാപക നിയമനങ്ങൾ നടത്താത്തതിന് കാരണങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്രഥമാദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒന്നിലധികം കേസുകളും നിലവിലുണ്ട്. കോടതി വ്യവഹാരം അവസാനിപ്പിച്ച് ടി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയുടെ യോഗ്യതകൾ എന്തെല്ലാമാണ്; ഈ യോഗ്യതകൾ ഉള്ളവരുടെ അഭാവത്തിലാണോ നിയമനങ്ങൾ മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രൈമറി അദ്ധ്യാപക തസ്തികയിൽ 12 വർഷത്തിൽ കുറയാത്ത സേവനം, KER, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവയാണ് യോഗ്യതകൾ. പ്രൈമറി ഹെഡ്മാസ്റ്റർ പ്രൊമോഷൻ സംബന്ധിച്ച് സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതു കൊണ്ടാണ് പ്രൊമോഷൻ മുടങ്ങിക്കിടക്കുന്നത്.

(ഡി) എങ്കിൽ അടിയന്തരമായി ഈ നിയമനങ്ങൾ നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

പ്രൈമറി അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ആയത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. ആയത് നീക്കുന്നതിനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച്, സ്വീകരിച്ചുവരുന്നു.

## പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം

182(2538) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപക തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എൽ.പി., യു.പി. വിഭാഗത്തിലെ എത്ര അദ്ധ്യാപകർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തരംതിരിച്ച് നൽകുമോ?

നിലവിലുണ്ട്.

1997-2002 ലിസ്റ്റിലെ പി.ഡി. ടീച്ചർമാരുടെ എണ്ണം - 256

2003-2005 ലിസ്റ്റിലെ പി.ഡി. ടീച്ചർമാരുടെ എണ്ണം - 358

(ബി) പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപക സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രഥമാദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകളും നിലവിലുണ്ട്. കോടതി വ്യവഹാരം അവസാനിപ്പിച്ച് ടി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2020-21 വർഷത്തിൽ നടന്നിട്ടുള്ള അന്തർ ജില്ലാസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് എൽ.പി.സ്കൂൾ അദ്ധ്യാപകർ എറണാകുളം ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേയ്ക്ക് പോയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇപ്രകാരം ഉണ്ടായിട്ടുള്ള എൽ.പി.എസ്.ടി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

3 അദ്ധ്യാപകർ അന്തർ ജില്ലാ സ്ഥലംമാറ്റം മുഖേന മറ്റ് ജില്ലകളിലേയ്ക്ക് പോയിട്ടുണ്ട്. ആയതിന് ആനുപാതികമായി കേഡർ നിലയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എൽ.പി./യു.പി. അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ

183(2539) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ജൂണിൽ പി.എസ്.സി. മുഖാന്തരം ജോലിയിൽ പ്രവേശിച്ച എൽ.പി, യു.പി. അദ്ധ്യാപകരുടെ പ്രൊബേഷൻ, റെഗുലറൈസേഷൻ നടപടികൾ എത്ര ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഒരു ജില്ലയിലും പ്രസ്തുത നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; റെഗുലറൈസേഷൻ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

പി.എസ്.സി. മുഖാന്തരം നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സേവന പുസ്തകത്തിന്റെ പ്രസക്തഭാഗങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം സ്കൂൾ പ്രധാനാദ്ധ്യാപകൻ നിയമനാധികാരിയായ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് അതാത് പി.എസ്.സി. ഓഫീസിലേയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. തുടർന്ന് പി.എസ്.സി. തീരുമാനിക്കുന്ന സമയക്രമം അനുസരിച്ച് നിയമിക്കപ്പെട്ട അദ്ധ്യാപകർ നേരിട്ട് ഹാജരായി പരിശോധനയ്ക്ക് വിധേയരാകും. തുടർന്ന് പി.എസ്.സി-യിൽനിന്നും ലഭിക്കുന്ന സാക്ഷ്യപത്രത്തിന്റെയും ജില്ലാ പോലീസ് മേധാവിയിൽനിന്നും ലഭിക്കുന്ന വെരിഫിക്കേഷൻ -2- റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് റഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കുന്നത്. ഇത് പല ജില്ലകളിലും വ്യത്യസ്തമായ സമയക്രമം അനുസരിച്ചായിരിക്കും നടക്കുന്നത്. മാത്രമല്ല, 2020 മാർച്ച് മാസം മുതൽ കോവിഡ്-19 മഹാമാരി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കടുത്തനിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലും ആയതിന്മേൽ പൂർണ്ണമായ ഇളവുകൾ ലഭിക്കാത്തതിനാലും കാര്യക്ഷമമായ രീതിയിൽ മേൽനടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. 2019 ജൂൺ മാസം സേവനത്തിൽ പ്രവേശിച്ച പ്രൈമറി അദ്ധ്യാപകർക്ക് 2021 ജൂൺ മാസം മുതൽ മാത്രമേ നിരീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവ് നൽകുവാൻ സാധിക്കുകയുള്ളൂ. റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കിയ അദ്ധ്യാപകരുടെ നിരീക്ഷണകാലം പൂർത്തിയാക്കാനുള്ള അപേക്ഷകൾ സ്ഥാപനമേധാവി മുഖേന നിയമനാധികാരിയായ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ മുൻപാകെ എത്തിച്ചേരുന്ന സമയത്ത് സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളില്ലെന്ന് ഉറപ്പാക്കി ആയത് അനുവദിച്ചുകൊടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(സി) ഓരോ ജില്ലയിലും ഏത് തീയതിവരെ നിയമന ഉത്തരവ് ലഭിച്ച അദ്ധ്യാപകരുടെ പ്രൊബേഷൻ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കാമോ?

തിരുവനന്തപുരം- 20-7-2021 വരെ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം- 31-3-2019 വരെയുള്ള നിയമനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളവ തീർപ്പാക്കിയിട്ടുണ്ട്.

പത്തനംതിട്ട- 2019 ജൂണിൽ സേവനത്തിൽ പ്രവേശിച്ചവരുടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കി ഉത്തരവ് നൽകുന്ന നടപടി പൂർത്തീകരിച്ചിട്ടില്ല.

ആലപ്പുഴ 8-11-2018 വരെ നിയമന ഉത്തരവ് നൽകിയവരുടെ തുടർനടപടികൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

കോട്ടയം- 28-10-2019 വരെ നിയമന ഉത്തരവ് നൽകിയവരുടെ തുടർനടപടികൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

ഇടുക്കി- 30-5-2019-ൽ നിയമന ഉത്തരവ് നൽകിയവരിൽ ക്രമ നമ്പർ 13 വരെയുള്ള യു.പി. സ്കൂൾ അദ്ധ്യാപകരുടെ തുടർനടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

എറണാകുളം- 4-12-2018 വരെയുള്ള തീയതികളിൽ നിയമനം നൽകിയ എൽ.പി. സ്കൂൾ ടീച്ചർമാരുടെയും 31-8-2018 വരെയുള്ള തീയതികളിൽ നിയമനം നൽകിയ യു.പി. സ്കൂൾ ടീച്ചർമാരുടെയും തുടർനടപടികൾ പൂർത്തീകരിച്ചുനൽകി യിട്ടുണ്ട്.

തൃശ്ശൂർ-പ്രസ്തുത നടപടികൾക്കായി അപേക്ഷ നൽകിയിട്ടുള്ള എല്ലാ അദ്ധ്യാപകരുടെയും തുടർനടപടികൾ പൂർത്തിയാക്കി നൽകിയിട്ടുണ്ട്.

പാലക്കാട്- 31-3-2019 വരെയുള്ളവരുടെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം- 2019 ജൂൺ മാസത്തിൽ നിയമിതരായ 4 പേരുടെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട്- 2018 വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

വയനാട്- 2019 ജൂൺ മാസം നിയമിതരായവരുടെ തുടർനടപടി സ്വീകരിച്ചു വരുന്നു.

കണ്ണൂർ-2018 വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ്- 2018 ജൂൺ വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ**

184(2540) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടത്തിനായി തുക അനുവദിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

അധിക തുക ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉദുമ മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം**

185(2541) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി, ജി.എച്ച്.എസ്.എസ്. ചെമ്മനാട്, ജി.എച്ച്.എസ്.എസ്. പള്ളിക്കര എന്നീ സർക്കാർ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച മൂന്ന് കോടി രൂപയുടെ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ എസ്.പി.വി. ആയ കിറ്റ്കോ ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇല്ലെങ്കിൽ ഇതുവരെയായി ടെണ്ടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഉദുമ മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി, ജി.എച്ച്.എസ്.എസ്. ചെമ്മനാട് എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജി.എച്ച്.എസ്.എസ്.പള്ളിക്കരയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ സ്കൂളുകളുടെ എസ്.പി.വി.-യായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പിന്നീട് എസ്.പി.വി-യായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർ നടപടികളിലാണ്.

**ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ**

186(2542) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ സർവ്വീസ് പ്രശ്നങ്ങൾക്കും അവരുടെ പ്രൊമോഷൻ സാധ്യതയില്ലായ്മയ്ക്കും ശാശ്വതമായ പരിഹാരം കണ്ടെത്തുമോ;

&

(ബി) അഞ്ച് വർഷം സീനിയർ ആയ ജൂനിയർ അദ്ധ്യാപകരെ സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഒരേ റാങ്ക് ലിസ്റ്റിൽനിന്നും സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർ പല തട്ടിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി-മാരിൽനിന്നും എച്ച്.എം.-മാരിൽനിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിലെ

സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി. സീനിയർ തസ്തിക. സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA-ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽനിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനം സാധ്യമല്ല. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റം, നിയമനം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ച് 2-3-2019-ലെ സ.ഉ (സാധാ)നമ്പർ 838/2019/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലമാറ്റത്തിന് ജൂനിയർ സർവ്വീസ് കാലയളവ് അല്ലെങ്കിൽ സീനിയർ സർവ്വീസ് കാലയളവ് മാത്രമായിട്ടാണ് പരിഗണിക്കുന്നത്. ജൂനിയർ സർവ്വീസ് കാലയളവും സീനിയർ സർവ്വീസ് കാലയളവും ഒന്നിച്ച് കണക്കാക്കി പരിഗണിക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കില്ല. ഹയർ സെക്കണ്ടറി തലത്തിൽ ജൂനിയർ, സീനിയർ അദ്ധ്യാപക നിയമനത്തിന് വെവ്വേറെ കാറ്റഗറിയിലാണ് പരീക്ഷ നടത്തുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതും. ആയതിനാൽ റാങ്ക് ലിസ്റ്റും വെവ്വേറെയാണ് തയ്യാറാക്കപ്പെടുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അദ്ധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനെക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300). എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ചുനൽകുന്നു.

(സി) സീനിയർ അദ്ധ്യാപകന് നിശ്ചയിച്ചിട്ടുള്ള 25 പീരിയഡുകൾക്ക് ശേഷമുള്ള പീരിയഡുകളെ ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകർ എടുക്കാവൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ?

ഇല്ല. സീനിയർ അദ്ധ്യാപകന് ആഴ്ചയിൽ 15 മുതൽ 25 വരെ പിരീഡുകളും ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകളുമാണ് കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഇത്തരത്തിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി ജോലിഭാരത്തിന് പുറമെ അധികമായി വരുന്ന 1 മുതൽ 6 വരെയുള്ള പിരീഡുകൾക്ക് ഗസ്റ്റ് അദ്ധ്യാപകരെയും നിയമിക്കുന്നു.

(ഡി) ട്രാൻസ്ഫറിന് ഔട്ട് സ്റ്റേഷൻ സർവ്വീസ് പരിഗണിക്കുമോ; ജൂനിയർ അദ്ധ്യാപകർക്ക് ഗ്രേഡ് പ്രൊമോഷൻ നഷ്ടം ഉണ്ടാകുന്നതായുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുമോ?

സർവ്വീസിൽ മൂന്ന് വർഷം പൂർത്തിയായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാൻ അർഹതയുള്ളതും സീനിയോരിട്ടി, ഔട്ട് സ്റ്റേഷൻ സർവ്വീസ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകുകയും ചെയ്തുവരുന്നു. നിശ്ചിത സമയത്തിനകം ഉയർന്ന തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത അദ്ധ്യാപകർക്ക് സമയബന്ധിതമായ ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. ഗ്രേഡ് പ്രൊമോഷൻ നഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നിലേശ്വരം ജി.എച്ച്.എസ്.എസ്.ൽ ഹയർ സെക്കണ്ടറി ഹ്യൂമാനിറ്റീസ് ബാച്ച്

187(2543) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം നീലേശ്വരം ജി. എച്ച്. എസ്. എസ്. -ൽ ഹയർ സെക്കണ്ടറി ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഈ അദ്ധ്യയന വർഷം തന്നെ പ്രസ്തുത സ്കൂളിൽ ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നത്. 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിലെ വിദ്യാഭ്യാസ ആവശ്യകത പരിശോധിക്കുന്നതിനായി രൂപീകരിച്ച കോഴിക്കോട് റീജിയണൽ ലെവൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം, നീലേശ്വരം ജി.എച്ച്.എസ്.എസ്.- നെപ്പറ്റി പരാമർശിച്ചിട്ടില്ല.

## നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം

188(2544) ശ്രീ കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ നിർമ്മിക്കുന്ന പുതിയ ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ ഒന്നാം നില നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വിശദമാക്കാമോ?

പുതിയ ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചത് എപ്പോൾ എന്ന് വിശദമാക്കാമോ?

27-10-2020-ന് ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്.

## എച്ച്.എസ്.എസ്.റ്റി. ജൂനിയർ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

189(2545) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിൽ അഞ്ച് വർഷം പൂർത്തിയാക്കുന്ന അദ്ധ്യാപകരെ എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്ന ലബ്ബാ കമ്മിറ്റി നിർദ്ദേശം നടപ്പിലാക്കാത്തതിനാൽ ജൂനിയർ അദ്ധ്യാപകർക്ക് അർഹമായ സ്ഥാനക്കയറ്റം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ നിശ്ചിത വർഷം സേവനം പൂർത്തിയാക്കിയ എച്ച്.എസ്.എസ്.റ്റി. ജൂനിയർ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഹയർ സെക്കണ്ടറി തലത്തിൽ ജൂനിയർ, സീനിയർ അദ്ധ്യാപക നിയമനത്തിന് വെവ്വേറെ കാറ്റഗറിയിലാണ് പരീക്ഷ നടത്തുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതും. ആയതിനാൽ റാങ്ക് ലിസ്റ്റും വെവ്വേറെയാണ് തയ്യാറാക്കപ്പെടുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ

അദ്ധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനേക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300). എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ച് നൽകുന്നു. നിലവിലുള്ള ചട്ടപ്രകാരം മാത്രമേ സ്ഥാനക്കയറ്റം നൽകാനാകൂ.

(സി) പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലെ സേവന കാലയളവുകൂടി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി.-മാരിൽ നിന്നും എച്ച്.എം.-മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാന ത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി. സീനിയർ തസ്തിക. സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽനിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനം സാധ്യമല്ല.

### വയനാട് ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ

190(2546) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽനിന്നും ഇത്തവണ ഉപരിപഠനത്തിന് അർഹത നേടിയ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽനിന്നും ഇത്തവണ 11,518 എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ ഉപരി പഠനത്തിന് അർഹത നേടിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ആകെ എത്ര പ്ലസ് വൺ സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

8,706

(സി) ഉപരിപഠനത്തിന് അർഹത നേടിയ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളിൽ പട്ടിക വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളുണ്ടെന്ന് അറിയിക്കാമോ?

ഉപരിപഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളിൽ 2,815 പേർ പട്ടിക വിഭാഗത്തിൽപ്പെട്ടവരാണ്.

(ഡി) പട്ടിക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കുന്നതിനായി സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

### ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ

191(2547) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011-2016 കാലയളവിൽ യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി മേഖലയിൽ (സർക്കാർ/എയ്ഡഡ്) അഞ്ച് വർഷം സേവനം പൂർത്തിയാക്കുന്ന ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ പ്രിൻസിപ്പാൾ പ്രൊമോഷൻ, പൊതുസ്ഥലം മാറ്റം എന്നിവയിലേയ്ക്ക് പരിഗണിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കുമോ?

നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അദ്ധ്യാപകർക്ക് നേരിട്ട് പ്രിൻസിപ്പാൾ പ്രൊമോഷൻ നൽകുന്നില്ല. HSST/HM തസ്തികയിലെ അദ്ധ്യാപകർക്ക് ഒഴിവുകളുടെയും യോഗ്യതകളുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിലാണ് പ്രിൻസിപ്പാൾ പ്രൊമോഷൻ നൽകുന്നത്. ജൂനിയർ അദ്ധ്യാപകർക്ക് സർവ്വീസിൽ 3 വർഷം തികയുന്ന മുറയ്ക്ക് ഹയർ സെക്കണ്ടറി പൊതുസ്ഥലമാറ്റ മാനദണ്ഡ പ്രകാരം പൊതുസ്ഥലമാറ്റത്തിന് അപേക്ഷിക്കാവുന്നതും അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നേടാവുന്നതുമാണ്.

## അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിന് നടപടി

192(2548) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഈ വർഷവും പ്ലസ് വൺ പ്രവേശനത്തിന് അനേകം വിദ്യാർത്ഥികൾക്ക് സീറ്റ് കിട്ടാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

&

(ബി) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2020-21 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിൽനിന്ന് 75,554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി. പാസ്സായ 77,370 കുട്ടികളിൽ 52,727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് 2,790 സീറ്റുകൾ ഉണ്ട്.

(സി) അധിക ബാച്ചുകളും സീറ്റ് വർദ്ധനവും നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഗൗരവമായ പരിഗണനയിലുണ്ട്.

## കാസർകോട് ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൗകര്യം

193(2549) ശ്രീ എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ 2021 വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് എത്ര വിദ്യാർത്ഥികളാണ് അർഹത നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

19,287

(ബി) ഇവർക്ക് തുടർ പഠനത്തിനായി ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ., ഐ.ടി.ഐ., പോളി ടെക്നിക് എന്നിവിടങ്ങളിലായി എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ജില്ലയിൽ തുടർ പഠനത്തിനായി നിലവിലുള്ള സീറ്റുകൾ തരം തിരിച്ച്;

ഹയർ സെക്കണ്ടറി മേഖല

സർക്കാർ - 8,550

എയ്ഡഡ് - 3,650

അൺ എയ്ഡഡ് - 2,078

വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖല

സർക്കാർ - 1,350

എയ്ഡഡ് - 240

പോളിടെക്നിക്കുകൾ

സർക്കാർ - 500

എയ്ഡഡ് - 180

അൺ എയ്ഡഡ് - 50

ഐ.ടി.ഐ.-കൾ

സർക്കാർ - 1,668

അൺ എയ്ഡഡ് - 348

(സി) കഴിഞ്ഞ കാലങ്ങളിൽ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ ആയിരത്തിലധികം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി.-ക്ക് ശേഷം ഉപരി പഠനത്തിനായി മംഗലാപുരം ഉൾപ്പെടെയുള്ള ദക്ഷിണ കന്നഡ ജില്ലകളിലെ സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) കോവിഡിനെ തുടർന്നുള്ള യാത്ര ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ഇത്തവണ ജില്ലയിലെ വിദ്യാലയങ്ങളിൽ തന്നെ തുടർപഠനം എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ ഇഷ്ട വിഷയങ്ങളിൽ പ്രവേശനം നേടുന്നതിനും ഉപരിപഠനം ഉറപ്പ് വരുത്തുന്നതിനും സർക്കാർ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) മഞ്ചേശ്വരം, കാസർകോട് താലൂക്കുകളിലെ സർക്കാർ വിദ്യാലയങ്ങളിലോ എയ്ഡഡ്, അൺ-എയ്ഡഡ് മേഖലകളിലോ പുതിയ ബാച്ച് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

&

(എഫ്) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തവിധം അൺ-എയ്ഡഡ് ഹയർ സെക്കണ്ടറികളിൽ അധിക ബാച്ചോ പുതിയ ബാച്ചോ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി പ്രവേശന തോത് 13,446 മാത്രമാണ്. കാസർകോട് ജില്ലയിൽ നിലവിൽ ഹയർ സെക്കണ്ടറി തലത്തിൽ മാത്രം ഉപരിപഠനം നടത്തുന്നതിന് 14,278 സീറ്റുകൾ ലഭ്യമാണ്.

(ജി) എസ്.എസ്.എൽ.സി.-യിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ ഹയർ സെക്കണ്ടറി സീറ്റുകളുള്ള ജില്ലകൾ ഏതൊക്കെയാണ്; എത്ര സീറ്റുകൾ വീതമാണ് ഈ ജില്ലകളിൽ അധികമായിട്ടുള്ളത്; അധികമുള്ള സീറ്റുകൾ, സീറ്റുകൾ കുറവുള്ള ജില്ലകൾക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ: ആയതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഹയർ സെക്കണ്ടറി മേഖലയിലെ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിൽ ലഭ്യമായ സീറ്റുകളേയും 2021 മാർച്ചിൽ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണത്തേയും അടിസ്ഥാനപ്പെടുത്തുമ്പോൾ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ എസ്.എസ്.എൽ.സി. വിജയിച്ച വിദ്യാർത്ഥികളേക്കാൾ കൂടുതൽ ഹയർ സെക്കണ്ടറി സീറ്റുകൾ ലഭ്യമാണ്. ഇത്തരത്തിൽ അധികം വരുന്ന സീറ്റുകൾ ഉൾപ്പെടുന്ന ബാച്ചുകൾ പൂർണ്ണമായി ഒഴിഞ്ഞു കിടക്കുന്നവ അല്ലാത്തതിനാൽ മറ്റു ജില്ലകളിലേയ്ക്ക് മാറ്റുവാൻ സാധിക്കുകയില്ല. സീറ്റുകൾ മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്ലസ് വൺ തലത്തിൽ പുതുതലമുറ കോഴ്സുകൾ

194(2550) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് വൺ തലത്തിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

2018 മുതൽ കേരളത്തിലെ വി.എച്ച്.എസ്.എസ്. സ്കൂളുകളിൽ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) അധിഷ്ഠിതമായ നൈപുണ്യ വികസന കോഴ്സുകളാണ് പരിശീലിപ്പിക്കുന്നത്. 2020-21 വർഷം മുതൽ എല്ലാ വി.എച്ച്.എസ്.എസ്. സ്കൂളുകളിലും ആരംഭിച്ച പുതിയ 46 ജോബ് റോൾ കോഴ്സുകളിൽ പലതും ആധുനിക നൈപുണ്യ ശ്രേണിയിലുള്ള പുതുതലമുറ കോഴ്സുകളാണ്. കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ പുതുതലമുറ കോഴ്സുകൾ തൊഴിൽ പഠനത്തിൽ ആവിഷ്കരിക്കാനാണ് NSQF അധിഷ്ഠിത കോഴ്സുകളിലൂടെ നടത്തി വരുന്നത്.

## ലബ്ബ കമ്മിറ്റി റിപ്പോർട്ട്

195(2551) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ലബ്ബ കമ്മിറ്റിയുടെ റിപ്പോർട്ടിൽ അഞ്ച് വർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകരെ സീനിയർ ആക്കണമെന്ന് ശിപാർശ ചെയ്തിരുന്നോ എന്നറിയിക്കാമോ?

5 വർഷം പൂർത്തിയാക്കിയ ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ സീനിയർ ആക്കണമെന്ന് ലബ്ബാ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

## സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം

196(2552) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-ൽ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം എത്രയായിരുന്നു; നിലവിലെ കണക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ കണക്ക് 2016-ൽ സർക്കാർ അധികാരത്തിൽ വന്നപ്പോഴും ഇപ്പോൾ നിലവിലുള്ളതും താഴെപ്പറയും പ്രകാരമാണ്.

| വർഷം | സർക്കാർ | എയ്ഡഡ് | ആകെ |
|---|---|---|---|
| 2016-17 | 1125682 | 2164129 | 3289811 |
| 2021-22 | 1266839 | 2243328 | 3510167 (പ്രൊവിഷണൽ) |

**പ്ലസ് വൺ പ്രവേശനം**

197(2553) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടികൾ താമസംവിനാ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാവർക്കും അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

(സി) മലപ്പുറം ജില്ലയിൽ നിലവിലെ പ്ലസ് വൺ സീറ്റുകളേക്കാൾ ഇരുപത്തി രണ്ടായിരത്തിൽ അധികം പേർ ഉപരിപഠന യോഗ്യത നേടിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

2020-21 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിൽ നിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.

പാസ്സായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് 2790 സീറ്റുകൾ നിലവിലുണ്ട്.

**വിദ്യാർത്ഥികൾക്കായി സൈബർ ബോധവൽക്കരണ പരിപാടി**

198(2554) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ:
ശ്രീ ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതും ഓൺലൈൻ വിദ്യാഭ്യാസത്തിനായുള്ള ഇന്റർനെറ്റ് ഉപയോഗം വർദ്ധിച്ചുവരുന്നതും കണക്കിലെടുത്ത് കൗമാരപ്രായത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക സൈബർ ബോധവൽക്കരണ പരിപാടി നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ഇന്റർനെറ്റ് ഫലപ്രദമായി ഉപയോഗിക്കുന്നത് സംബന്ധിച്ച ബോധവൽക്കരണത്തിന് അനുയോജ്യമായ പാഠഭാഗങ്ങൾ സ്കൂൾ പാഠപുസ്തകത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി സ്കൂൾതലത്തിൽ ' ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സൈബർ സെക്യൂരിറ്റി ഒരു വിഭാഗമായി ഉൾപ്പെടുത്തി പരിശീലനവും നൽകുന്നുണ്ട്. കൂടാതെ മീഡിയാ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി വാർത്തകളിലെ സത്യാവസ്ഥയും വ്യാജ വാർത്തകളും സംബന്ധിച്ച് 'സത്യമേവ ജയതേ' എന്ന പേരിൽ പി.ആർ.ഡി. തയ്യാറാക്കിയ പ്രത്യേക പരിപാടി കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. വ്യാജ വാർത്ത, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടിയും സജ്ജമാക്കുന്നുണ്ട്.

(ബി) കൗമാര പ്രായക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേക ബോധവൽ ക്കരണ പരിപാടി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

കൗമാരക്കാരായ വിദ്യാർത്ഥികൾ ഓൺലൈൻ ഗെയിമുകളിൽ അടിമപ്പെടുന്നതും സൈബർ ചതിക്കുഴികളിൽ വീഴുന്നതും തടയാൻ പൊതുവിദ്യാഭ്യാസ വകുപ്പ്, കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസലിഗ് സെല്ലിന്റെ നേതൃത്വത്തിൽ ആദ്യഘട്ടത്തിൽ ഒരു മാസത്തിലേറെ നീണ്ടുനിൽക്കുന്ന "സജ്ജം" എന്ന പ്രോഗ്രാം ZOOM വെർച്വൽ പ്ലാറ്റ്ഫോം വഴി സംസ്ഥാനത്തെ മുഴുവൻ

വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കുമായി 26-7-2021 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി, പ്രത്യേകിച്ച് സെക്കണ്ടറി-ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾക്കായി നിലവിൽ ഐ.ടി.-ഐ.സി.ടി. പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയും ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) സൈബർ ലോകത്തെ ചതിക്കുഴികളെപ്പറ്റിയും സൈബർ കാലത്തെ പാരന്റിംഗിനെപ്പറ്റിയും മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ കൈറ്റ് വിക്ടേഴ്സിലൂടെ ഇതുമായി ബന്ധപ്പെട്ട പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്തുവരുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിലെ മറ്റ് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഐ.ടി., സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനവും ക്രമീകരിക്കുന്നുണ്ട്. കൂടാതെ കൗമാര വിദ്യാഭ്യാസം സ്കൂളുകളിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ മാർഗ്ഗരേഖയിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും ഇതുസംബന്ധിച്ച ബോധവൽക്കരണം നൽകുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഓൺലൈൻ വിദ്യാഭ്യാസം

199(2555) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത എത്ര കുട്ടികളുണ്ട്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത കുട്ടികളുടെ കണക്കെടുപ്പ് ജൂലൈ-22-ഓടെ പൂർത്തിയായിട്ടുണ്ടെങ്കിലും ആയത് ക്രോഡീകരിച്ചതിനുശേഷം മാത്രമേ അന്തിമ കണക്ക് സംബന്ധിച്ച വിവരം ലഭ്യമാക്കാനാകൂ. ആയത് ശേഖരിച്ച് നൽകുന്നതാണ്.

## കാരോട് യു.പി. സ്കൂൾ മാനേജ്മെന്റ് മാറ്റത്തിനുള്ള അപേക്ഷ

200(2556) <u>ശ്രീ വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഉപജില്ലയിൽ ഉൾപ്പെട്ട കാരോട് യു.പി.എസ്.-ന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് മാറ്റത്തിന് 11-10-2011-ന് പാറശ്ശാല ഉപജില്ലാ ഓഫീസർ മുഖാന്തരം അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ മാനേജ്മെന്റ് മാറ്റം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാറശ്ശാല ഉപജില്ലയിൽ ഉൾപ്പെട്ട കാരോട് യു.പി.എസ്.- ന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് മാറ്റത്തിനായി 11-10-2011-ന് സമർപ്പിച്ച അപേക്ഷയിൽ അപാകതകൾ ഉണ്ടായതിനെ തുടർന്ന് (മുൻ മാനേജർക്കുണ്ടായ ബാദ്ധ്യതകൾ ഉൾപ്പെടെ) പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 4-7-2019-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് മാറ്റം അംഗീകരിച്ചിട്ടില്ല.

(ബി) 2011-ൽ പ്രസ്തുത സ്കൂളിന്റെ മാനേജരായിരുന്ന ശ്രീ. വിൽസണിന്റെ പേരിൽ നിന്നും ശ്രീ. മുരളീധരൻ നായരുടെ പേരിലേയ്ക്കുള്ള മാനേജ്മെന്റ് മാറ്റത്തിനുള്ള അപേക്ഷ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ ഓഫീസിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയില്ലെന്ന കാരണത്താൽ നിരസിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

കെ.ഇ.ആർ. ചട്ട പ്രകാരവും 24-9-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 2661/2020/പൊ.വി.വ. പ്രകാരവും മുൻകൂർ അനുമതി ഇല്ലാതെ മാനേജ്മെന്റ് മാറ്റം നടത്താൻ പാടില്ലാത്തതിനാൽ 31-3-2021-ലെ എഫ്1/71279/2011 ഉത്തരവ് പ്രകാരം അപേക്ഷ നിരസിച്ചിട്ടുണ്ട്.

(സി) 11-10-2011-ൽ ഉടമസ്ഥാവകാശത്തിന് ഉചിതമാർഗ്ഗേന അപേക്ഷ നൽകിയ മാനേജർക്ക് 20-9-2020-ലെ സ.ഉ(സാധാ) നമ്പർ 2661/2020/ പൊ.വി.വ ഉത്തരവ് അനുസരിച്ച് ഉടമസ്ഥാവകാശത്തിനുള്ള അപേക്ഷ നിരസിച്ചത് നീതി നിഷേധമല്ലേയെന്ന് അറിയിക്കുമോ?

കെ.ഇ.ആർ. അദ്ധ്യായം III ചട്ടം 5 (എ) പ്രകാരവും 24-9-2020- ലെ സ.ഉ. (സാധാ) 2661/2020/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരവും ഉടമസ്ഥാവകാശ ത്തോടെയുള്ള മാനേജ്മെന്റ് മാറ്റത്തിന് മുൻകൂർ അനുമതി നിഷ്കർഷിച്ചിട്ടുള്ളതിനാൽ ടി അപേക്ഷ നിരസിച്ചിട്ടുള്ളത് നിയമാനുസൃതമാണ്.

(ഡി) 24-9-2020-ന് മുൻപ് എയ്ഡഡ് സ്കൂളുകളുടെ മാനേജ്മെന്റ് മാറ്റത്തിന് മുൻകൂർ അനുമതി ഒഴിവാക്കി നൽകിയ സർക്കാർ ഉത്തരവ് നിലനിന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളിന്റെ മാനേജ്മെന്റ് മാറ്റത്തിന്റെ അപേക്ഷ നിരസിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

കെ.ഇ.ആർ. അദ്ധ്യായം III ചട്ടം 5 (എ) 24-9-2020-ന് മുമ്പ് തന്നെ നിലവിലുള്ള ചട്ടമാണ്. 24-9-2020-ലെ സർക്കാർ ഉത്തരവിൽ ആയത് സ്ഥിരീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഇ) സ്കൂളിന്റെ മാനേജ്മെന്റ് മാറ്റത്തിന് തടസ്സമായി നിന്ന മുഴുവൻ ബാദ്ധ്യതകളും 12-4-2019-ന് മുൻപ് പരിഹരിച്ചതിന് ശേഷവും 24-9-2020-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ച നടപടി പുനഃപരിശോധിക്കുമോ?

കെ.ഇ.ആർ. അദ്ധ്യായം III ചട്ടം 5 (എ) പ്രകാരം ഇളവ് ലഭിക്കാതെ അപേക്ഷ പുനഃപരിശോധിക്കാൻ കഴിയുകയില്ല.

(എഫ്) പ്രസ്തുത സ്കൂളിൽ മാനേജർ ഇല്ലായെന്ന കാരണത്താൽ നിയമനാംഗീകാരം ലഭിക്കാതെ 2016 മുതൽ ജോലി ചെയ്യുന്ന ഹെഡ്മാസ്റ്റർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുവാനുള്ള നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

മാനേജർ നിലവിൽ ഇല്ലാത്തതോ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതോ ആയ സ്കൂളുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് താത്കാലിക ചുമതല വിദ്യാഭ്യാസ അധികാരികൾക്ക് നൽകാറുണ്ട്. കാരോട് യു.പി. സ്കൂളിൽനിന്നും അപ്രകാരം ഒരു അപേക്ഷ ലഭിക്കുകയോ, വിദ്യാഭ്യാസ അധികാരിക്ക് ചുമതല നൽകുകയോ ചെയ്തിട്ടില്ല. എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്താനുള്ള പൂർണ്ണ ചുമതല അംഗീകൃത മാനേജർക്ക് മാത്രമാണ്.

## ആറ്റിങ്ങൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ തസ്തിക നിർണ്ണയം

201(2557) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ രണ്ട് പ്ലസ്ടു ബാച്ചുകളുടെ സബ്ജക്ട് കോമ്പിനേഷൻ മാറ്റിയതിനെ തുടർന്ന് തസ്തിക നിർണ്ണയം നടത്തണം എന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(ബി) തസ്തിക നിർണ്ണയം സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

## പൂവാറൻതോട് ഗവൺമെന്റ് എൽ.പി. സ്കൂൾ അപ്ഗ്രഡേഷൻ

202(2558) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുൾക്കൊള്ളുന്ന മുക്കം ഉപജില്ലയിലെ പൂവാറൻതോട് ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ അപ്പർ പ്രൈമറി സ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രത്യേക പരിഗണന നൽകി പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പുതിയ സ്കൂൾ തുടങ്ങുന്നതിനും, നിലവിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമായി വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലുൾപ്പെട്ട പ്രദേശങ്ങളെ മാത്രമേ കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരം സ്കൂൾ അപ്ഗ്രഡേഷന് വേണ്ടി പരിഗണിക്കേണ്ടതുള്ളൂ. എന്നാൽ പൂവാറൻതോട് ഗവണ്മെന്റ് ലോവർ പ്രൈമറി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് അപേക്ഷ പരിഗണിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

## നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

203(2559) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം സർക്കാർ യു.പി. സ്കൂൾ, വെള്ളിയോട് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണത്തിന് അനുവദിച്ച മൂന്ന് കോടി രൂപയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി ആരെന്ന് അറിയിക്കാമോ;

&

(സി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മൂന്ന് കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ നാദാപുരം ഗവൺമെന്റ് യു.പി.സ്കൂൾ, വെള്ളിയോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## അളനാട് ഗവൺമെന്റ് യു.പി. സ്കൂളിനായി സ്കൂൾ ബസ് വാങ്ങാൻ നടപടി

204(2560) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ അളനാട് ഗവൺമെന്റ് യു.പി. സ്കൂളിനായി ബസ് വാങ്ങുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതിൻമേൽ കോട്ടയം ജില്ലാകളക്ടർ ഗവൺമെന്റ് നിർദ്ദേശത്തിനായി ഫയൽ അയച്ച സാഹചര്യത്തിൽ സ്കൂൾ ബസ് സമയബന്ധിതമായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷം പാലാ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ വിനിയോഗിച്ച് അളനാട് ഗവൺമെന്റ് യു.പി. സ്കൂളിന് വാഹനം വാങ്ങുവാൻ 20-2-2021-ലെ കോട്ടയം ജില്ലാ കളക്ടറുടെ ഡി4/3679/2020/MLA-ADS/MCK നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഡി.ഡി.-യിൽനിന്നും പൂർത്തീകരിച്ച് വരികയാണ്. വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ബസ് സമയബന്ധിതമായി വിതരണം ചെയ്യാനാകും.

## വെള്ളൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

205(2561) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചത് 2018-19 വർഷത്തിലാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുതിയ സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം

206(2562) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം ഗവൺമെന്റ് ഡബ്ല്യൂ.എൽ.പി.എസ്, ഗവൺമെന്റ് എൽ.പി.എസ്. എന്നിവയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗവൺമെന്റ് എൽ.പി.എസ്. താമരക്കുളത്തിന്റെ വികസനത്തിനായി അൺഫിറ്റായ കെട്ടിടം പൊളിച്ചുനീക്കുന്നതിന് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ താമരക്കുളം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഡബ്ല്യൂ.എൽ.പി. സ്കൂളിന് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് നൽകിയിട്ടില്ല.

(ബി) ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചതെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരവും വിശദമാക്കാമോ?

6-2-2021-ൽ ഗവൺമെന്റ് എൽ.പി.എസ്. താമരക്കുളത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും 59 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കുന്നത്തങ്ങാടി സർക്കാർ യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം

207(2563) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരിമ്പൂർ പഞ്ചായത്തിലെ കുന്നത്തങ്ങാടിയിൽ പ്രവർത്തിക്കുന്ന സർക്കാർ യു.പി. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

അരിമ്പൂർ പഞ്ചായത്തിലെ കുന്നത്തങ്ങാടിയിൽ പ്രവർത്തിക്കുന്ന സർക്കാർ യു.പി. സ്കൂളിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സൈറ്റ് കൈമാറിയിട്ടുണ്ട്.

(ബി) പുതിയ കെട്ടിടത്തിൽ എത്ര ക്ലാസ്സ് മുറികൾ ഉണ്ടാകുമെന്ന് അറിയിക്കാമോ?

2 നില കെട്ടിടം - 6 ക്ലാസ്സ് മുറികൾ.

(സി) പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും എന്ന് പണി പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

1 കോടി രൂപ - 2022 ഡിസംബറിൽ

## കാസർഗോഡ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

208(2564) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിതമായത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിതമായത് 1920-ൽ ആണ്. ടി സ്കൂളിൽ ഹയർ സെക്കണ്ടറി ആരംഭിച്ചത് 2004-ൽ ആണ്.

(ബി) ഈ സ്ഥാപനം തുടങ്ങിയത് എത്ര ക്ലാസ്സുകളോടുകൂടിയാണെന്നും തുടക്കത്തിൽ എത്ര കുട്ടികളും സ്റ്റാഫും ഉണ്ടായിരുന്നു എന്നും അറിയിക്കാമോ?

രണ്ടു ബാച്ചുകളോടുകൂടി ആണ് ഹയർ സെക്കണ്ടറി ആരംഭിച്ചത്. തുടക്കത്തിൽ 85 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. സ്ഥിര അദ്ധ്യാപകർ ഉണ്ടായിരുന്നില്ല.

(സി) ഇപ്പോഴുള്ള ക്ലാസ്സുകളുടെയും സ്റ്റാഫിന്റെയും കുട്ടികളുടെയും എണ്ണം വ്യക്തമാക്കാമോ?

ഇപ്പോൾ 5 മുതൽ 12-ാം ക്ലാസ് വരെ 57 സ്റ്റാഫും 858 കുട്ടികളുമാണുള്ളത്.

(ഡി) സ്കൂൾ ആരംഭിക്കുന്ന കാലത്ത് എത്ര സ്ഥലമാണ് ഉണ്ടായിരുന്നതെന്നും അതെങ്ങനെ ലഭിച്ചതാണെന്നും ഇപ്പോൾ എത്ര സ്ഥലമാണുള്ളതെന്നും വ്യക്തമാക്കാമോ; ആരംഭകാലത്തുള്ളതിനേക്കാൾ കൂടുതൽ സ്ഥലം ഉണ്ടെങ്കിൽ അതെങ്ങനെ ലഭിച്ചതാണെന്ന് വ്യക്തമാക്കാമോ?

സ്കൂൾ ആരംഭിക്കുന്ന കാലത്ത് എത്ര സ്ഥലം ഉണ്ടായിരുന്നു എന്നതിനെ കുറിച്ചുള്ള രേഖകൾ ലഭ്യമല്ല. ഇപ്പോൾ 4 ഏക്കർ 34.93 സെന്റ് സ്ഥലം ഉണ്ട്. ആരംഭകാലത്ത് ഉള്ളതിലേക്കാൾ കൂടുതൽ സ്ഥലം ഉണ്ടോയെന്നത് വ്യക്തമല്ല.

(ഇ) സ്കൂളിന്റെ സ്ഥലവും കെട്ടിടങ്ങളും ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ?

സ്കൂളിന്റെ സ്ഥലവും കെട്ടിടങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലാണുള്ളത്.

(എഫ്) ജീർണ്ണാവസ്ഥയിൽ എത്ര കെട്ടിടങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ജീർണ്ണാവസ്ഥയുടെ വിശദാംശം നൽകാമോ?

ജീർണ്ണാവസ്ഥയിൽ 2 കെട്ടിടങ്ങളാണുള്ളത്. ഇതിൽ രണ്ട് കെട്ടിടങ്ങളും ഇപ്പോൾ ഉപയോഗിക്കുന്നില്ല.

(ജി) സ്കൂൾ കോമ്പൗണ്ടിനകത്ത് പ്രവർത്തിക്കുന്ന സ്കൂൾ ബുക്ക് ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലവും കെട്ടിടവും ആരുടെ ഉടമസ്ഥതയിലാണെന്നും പ്രസ്തുത കെട്ടിടം ഏതവസ്ഥയിലാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത കെട്ടിടത്തിന്റെയും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സ്കൂൾ കോമ്പൗണ്ടിനകത്ത് പ്രവർത്തിക്കുന്ന സ്കൂൾ ബുക്ക് ഡിപ്പോയുടെ കെട്ടിടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലും കെട്ടിടം സ്ഥിതി ചെയ്യുന്നത് സ്കൂൾ കോമ്പൗണ്ടിനകത്തുള്ള പുറമ്പോക്ക് സ്ഥലത്തുമാണ്. ഡിപ്പോ കെട്ടിടം സർക്കാർ ഫണ്ടുപയോഗിച്ച് നന്നാക്കുന്നതിനായി പി.ഡബ്ല്യു.ഡി. അധികൃതർ ഓട് ഇളക്കി മാറ്റിയതിനാൽ മഴവെള്ളം അകത്തുവീണ് ശോചനീയാവസ്ഥയിലാണ്. പാഠപുസ്തക ഡിപ്പോ സ്ഥിതി ചെയ്യുന്നത് കാസർഗോഡ് വില്ലേജിലെ 85/1 എ എന്ന പുറമ്പോക്ക് സ്ഥലത്താണ്. വില്ലേജ് ഓഫീസർ നൽകിയ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു*.

## കരണ്ടോട് ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

209(2565) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുന്നമ്മൽ ഉപജില്ലയിൽപ്പെടുന്ന കരണ്ടോട് ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഒരു കോടിയുടെ ഭരണാനുമതി ലഭിച്ചതിന്റെ സാങ്കേതിക അനുമതിയും ടെണ്ടറും എന്ന് ലഭ്യമാകുമെന്ന് അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷത്തിലാണ് പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയത്. തുടർ നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി

210(2566) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഒരു കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയ തിരുപുറം ഹൈസ്കൂൾ, പൊഴിയൂർ ലോവർ പ്രൈമറി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

&

(ബി) നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണമെന്തെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തിരുപുറം ഹൈസ്കൂളിനെ കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകി, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊഴിയൂർ ലോവർ പ്രൈമറി സ്കൂളിനെയല്ല, അപ്പർ പ്രൈമറി സ്കൂളിനെയാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരിക്കുന്നത്. ജി.യു.പി.എസ്. പൊഴിയൂരിന്റെ നിർമ്മാണ പ്രവർത്തനം പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ ബാച്ചുകൾ

211(2567) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പ്രദേശം എന്നത് പരിഗണിച്ച് വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വിഴിഞ്ഞം തുറമുഖപ്രദേശം എന്നത് പരിഗണിച്ച് പദ്ധതി പ്രദേശത്തെ സർക്കാർ സ്കൂളായ വാഴമുട്ടം ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ ഹയർ സെക്കണ്ടറി ബാച്ച് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.

## ഫാ. കെ. പി. ചെറിയാൻ സമർപ്പിച്ച അവധി അപേക്ഷ

212(2568) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി സബ് ജില്ലയിൽ എം. എം. യു. പി. എസ്. കിങ്ങിണിമറ്റം സ്കൂളിൽ എൽ.പി.എസ്.എ. ആയി ജോലി നോക്കിയിരുന്ന ഫാ. കെ. പി. ചെറിയാൻ സമർപ്പിച്ച അവധി അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പിൽ പരിഗണനയിലാണോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് സമർപ്പിച്ചതെന്നും ഈ ഫയലിൽ യഥാസമയം റിപ്പോർട്ട് ലഭ്യമാക്കി നടപടി സ്വീകരിക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) അദ്ദേഹം പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അവധി ക്രമപ്പെടുത്തുന്നതിന് നൽകിയ അപേക്ഷയിൽ നിലവിൽ നിയമപരമായി തടസങ്ങൾ ഉണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

&

(ഡി) അല്ലെങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷ തീർപ്പാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

കോലഞ്ചേരി സബ് ജില്ലയിൽ എം.എം.യു.പി.എസ്. കിങ്ങിണിമറ്റം സ്കൂളിൽ എൽ.പി.എസ്.എ. ആയി ജോലി നോക്കിയിരുന്ന ഫാ: കെ. പി. ചെറിയാൻ 31-3-2015 മുതൽ 16-6-2015 വരെ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്ത അപേക്ഷ 28-12-2019-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിരുന്നു. തുടർന്ന് 3-3-2020-ന് പ്രസ്തുത അപേക്ഷ സംബന്ധിച്ച വിശദീകരണം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടു. ആയതിന്മേലുള്ള വിശദീകരണം സഹിതമുള്ള നിർദ്ദിഷ്ട ഫോറത്തിൽ അല്ലാതെയുള്ള അപേക്ഷ ഉപവിദ്യാഭ്യാസ ഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വീണ്ടും ലഭ്യമാക്കി. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-11-2020-ലെ എഫ്5/13007/2019/ഡിജിഇ നമ്പർ കത്ത് പ്രകാരം വ്യക്തമായ റിപ്പോർട്ടില്ലാതെ സർക്കാരിൽ ലഭ്യമാക്കി. എന്നാൽ ടി വിഷയം അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാലയളവ് ക്രമീകരിക്കുന്ന വിഷയമായതിനാലും, നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്ത അപേക്ഷയായതിനാലും പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ട വിഷയമായതിനാലും വിശദമായ

റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിലേയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപേക്ഷയും അനുബന്ധ രേഖകളും സർക്കാരിന്റെ 2-1-2021-ലെ എ 1/423/2020/പൊവിവ. കത്ത് പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് തിരിച്ച് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അവധി അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള അപേക്ഷയും മറ്റുവിശദാംശങ്ങളും അടങ്ങുന്ന പൂർണ്ണമായ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നു ലഭിച്ചാൽ മാത്രമേ കൂടുതൽ പരിശോധനകൾ നടത്താൻ സാധ്യമാകുകയുള്ളൂ.

**സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അപേക്ഷ**

213(2569) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എഫ്.എം.സി.റ്റി. എച്ച്.എസ്.എസ്. കരുമാളൂർ സ്കൂളിലെ എച്ച്.എസ്.എസ്.(ജൂനിയർ) മലയാളം അദ്ധ്യാപികയായ ശ്രീമതി ഷെൽമ ജോസ് ആറ്റുപുറം (പെർമനന്റ് എംപ്ളോയി നമ്പർ: 735913) സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് നൽകിയ അപേക്ഷ നാളിതുവരെ പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലീവ് അപേക്ഷയിൽ തീരുമാനമെടുക്കാത്തതുമൂലം അദ്ധ്യാപികയ്ക്ക് പ്രൊബേഷൻ, ശമ്പള പരിഷ്കരണം, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(സി) 2019 ഒക്ടോബർ പത്തൊൻപതിന് പട്ടാമ്പിയിൽ വച്ച് നടന്ന ടീച്ചേഴ്സ് ട്രെയിനിംഗ് സമയത്ത് ഉണ്ടായ ആക്സിഡന്റുമൂലം രണ്ട് മാസത്തെ ലീവ് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകയുടെ ഫയലിന്മേൽ (ഫയൽ നമ്പർ RDD/A2 / 14437/RDD HSE / 2019, ഫയൽ നമ്പർ ACD/ A1/17130/2020) അടിയന്തരമായി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

ശ്രീമതി ഷെൽമ ജോസിന്റെ സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് നൽകിയ അപേക്ഷ ഇ 2/72/2021/പൊ.വി.വ ഫയലിൽ പരിശോധിച്ചിട്ടുണ്ട്. ടിയാളിന് ഡിസബിലിറ്റി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധിച്ച് ഫയലിൽ തുടർനടപടി സ്വീകരിച്ചു വരുന്നു.

## വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂൾ മാനേജരുടെ നിയമനം

214(2570) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ തളിപ്പറമ്പ് നോർത്ത് എ.ഇ.ഒ.-യ്ക്ക് കീഴിൽ വരുന്ന വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂളിന്റെ മാനേജരെ നിശ്ചയിച്ചിട്ടുണ്ടോ?

ഇല്ല. ഈ സ്കൂളിന്റെ മാനേജരായി ശ്രീ. എ. പി. അബ്ദുൾ സത്താറിനെ ഭരണ സമിതി യോഗം തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ആയത് തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല.

(ബി) ജനറൽബോഡി യോഗം മാനേജരായി തെരഞ്ഞെടുത്ത ശ്രീ. എ. പി. അബ്ദുൾസത്താർ മാനേജർ നിയമനത്തിന്റെ അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; അതിന്റെ തുടർ നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നിരസിച്ചിരുന്നു.

(സി) പ്രസ്തുത നിയമന അംഗീകാര അപേക്ഷ എ.ഇ.ഒ. നിരസിച്ചത് എന്ത് കാരണത്താലാണെന്നറിയിക്കാമോ?

സ്കൂളിന്റെ ഭരണസമിതി യോഗം നിയമിച്ചതാണെന്ന് അവകാശവാദം ഉന്നയിച്ച് രണ്ട് പേർ മാനേജർ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ അപേക്ഷ നിരസിച്ചു.

(ഡി) ആയതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകിയിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; വിശദമാക്കാമോ?

മാനേജർ നിയമനാംഗീകാരത്തിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് വിശദമായ റിപ്പോർട്ടിനായി തളിപ്പറമ്പ് നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അയച്ചിട്ടുണ്ട്.

## തസ്തിക നിർണ്ണയം നടക്കാത്ത എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

215(2571) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷം അദ്ധ്യാപക തസ്തിക നിർണ്ണയം നടക്കാത്തതിനാൽ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രായപരിധി കടന്നുപോയി എന്ന കാരണത്താൽ നിയമനം ലഭിക്കുന്നതിന് തടസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ്മൂലം തസ്തിക നിർണയം നടക്കാത്തതിനാൽ, നിയമനം ലഭിക്കാൻ സാധ്യത ഉണ്ടായിരുന്നിട്ടും പ്രായപരിധി കടന്ന് പോയതിനാൽ അവസരം നിഷേധിക്കപ്പെടുന്നവരുടെ വിഷയത്തിൽ എന്തൊക്കെ സഹായകരമായ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

വിഷയം പരിശോധിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരം

216(2572) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട അപ്പീൽ പെറ്റീഷനുകളിൽ എത്രയെണ്ണം തീർപ്പ് കൽപ്പിക്കാതെ വകുപ്പിൽ കെട്ടിക്കിടപ്പുണ്ടെന്ന് വിശദമാക്കാമോ?

എല്ലാ ജില്ലകളിൽ നിന്നും വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) ഈ അപ്പീൽ പെറ്റീഷനുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിയമനാംഗീകാര അപ്പീലുകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## മലമ്പുഴ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം

217(2573) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി പ്രകാരം നീന്തൽകുളം നിർമ്മിക്കുന്നതിന് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിനും അനുവദിക്കുന്ന തുക, പദ്ധതിയുടെ നിർമ്മാണചുമതല, നിർവ്വഹണ ഏജൻസി മുതലായവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

## വിദ്യാഭ്യാസ ലോൺ

218(2574) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോൺ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ/ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (IBA) 2015- ൽ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി രാജ്യത്തെ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നതിന് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പറയുന്ന വ്യവസ്ഥകളാണ് എല്ലാ ബാങ്കുകളും വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നതിനുള്ള മുഖ്യ മാർഗ്ഗനിർദ്ദേശമായി കൈക്കൊള്ളുന്നത്. ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (IBA) പുറപ്പെടുവിച്ച പ്രസ്തുത മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) വിവിധ ദേശസാൽകൃത ബാങ്കുകൾ വിദ്യാഭ്യാസ ലോൺ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വിദ്യാഭ്യാസ ലോൺ നിഷേധിക്കുന്നതിനെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട ഏതൊരു പരാതി പരിഹാരത്തിനായും വിദ്യാർത്ഥിക്ക് നേരിട്ട് ബാങ്കുമായോ അല്ലെങ്കിൽ ബാങ്കിന്റെ ഗ്രീവൻസ് റിഡ്രസ്സൽ ഫോറവുമായോ ബന്ധപ്പെടാവുന്നതാണ്. വിദ്യാലക്ഷ്മി പോർട്ടൽ വഴി വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് ബന്ധപ്പെട്ട പരാതികൾ ഇ-മെയിൽ മുഖേന അയയ്ക്കുവാനുള്ള സംവിധാനം പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭ്യമാകുന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുടേയും ബന്ധപ്പെട്ട ബാങ്കിന്റേയും ശ്രദ്ധയിൽ കൊണ്ടുവരികയും പരാതി പരിഹാരത്തിന് നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.

## ഓൺലൈൻ പാഠ്യപദ്ധതി

219(2575) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഓൺലൈൻ പാഠ്യപദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ/ഓൺലൈൻ സൗകര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തമിഴ്, കന്നഡ മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനായി പ്രാദേശിക ടെലിവിഷൻ കേബിൾ നെറ്റ്‌വർക്ക് അധികൃതരുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തമിഴ്, കന്നഡ വിഷയങ്ങൾക്ക് ഡിജിറ്റൽ ക്ലാസ്സുകൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൈറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വീഡിയോ ക്ലാസ്സുകൾ പ്രാദേശിക ടെലിവിഷൻ ചാനലുകളിലൂടെയും യൂട്യൂബിലൂടെയും കുട്ടികൾക്ക് നൽകിവരുന്നു. ഡിജിറ്റൽ ക്ലാസ്സുകൾക്കായി കൈറ്റ് പ്രത്യേകം പോർട്ടൽ (firstbell.kite.kerala.gov.in) സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ തമിഴ്, കന്നഡ മാധ്യമം ഉൾപ്പടെ എല്ലാ ക്ലാസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്.

## മുക്കട്ട ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ സ്ഥലം

220(2576) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയ്ക്ക് കീഴിലെ മുക്കട്ട ഗവൺമെന്റ് എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികൾ വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

നിലമ്പൂർ മുക്കട്ട ഗവൺമെന്റ് എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികൾ വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(1) 1944-ലെ ഭാഗപത്രം

(2) 1939 -ലെ ആധാരം

(3) 1940- ലെ ആധാരം

(ബി) സ്വകാര്യ വ്യക്തികളുടേതെന്ന് ചിലർ അവകാശപ്പെടുന്ന പ്രസ്തുത സ്ഥലം ഉടമസ്ഥാവകാശം തെളിയിക്കുന്ന നിയമപരമായ രേഖകളില്ലെങ്കിൽ അടിയന്തരമായി സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച പരിശോധനകൾക്കും തുടർ നടപടികൾക്കും പ്രത്യേകമായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ഡി) എൺപ്പത്തിയഞ്ച് വർഷം പഴക്കമുള്ള കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിൽ മുൻ വർഷങ്ങളിൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനും ടി സ്കൂളിന്റെ പഴക്കമുള്ള കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമില്ല.

**കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനുള്ള പരിപാടികൾ**

221(2577) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19-ന്റെ സാഹചര്യത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനുള്ള എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കുട്ടികളുടെ മാനസിക നിലവാരം മനസ്സിലാക്കുന്നതിനുവേണ്ടി എസ്.സി.ഇ. ആർ.ടി. തിരുവനന്തപുരം വിമൻസ് കോളേജുമായി ചേർന്ന് സംയുക്തമായി ഒരു പഠനം നടത്തിയിരുന്നു. ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിക്കുകയും ആ പാനലിന്റെ നിർദ്ദേശപ്രകാരം കുട്ടികളുടെ മാനസിക ഉല്ലാസത്തിനായുള്ള ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി നൽകുകയും ചെയ്തിരുന്നു. അതോടൊപ്പം തന്നെ കലാ-കായിക, വിദ്യാഭ്യാസം, യോഗ എന്നിവയുമായി ബന്ധപ്പെട്ട ഡിജിറ്റൽ ക്ലാസ്സുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻ തന്നെ ആയത് കുട്ടികൾക്ക് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതായിരിക്കും. ഇത്തരത്തിൽ കുട്ടികളുടെ മാനസിക വൈകാരിക സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാം വിധം കൈറ്റിന്റെ നേതൃത്വത്തിൽ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനഃശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും കൂടി വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ

പ്രവർത്തനങ്ങൾക്ക് ഇതിനോടകം തന്നെ സ്കൂളുകളിൽ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തവും കൂടി ഉറപ്പുവരുത്തുന്നുണ്ട്.

## മാതൃഭാഷ പഠനം

222(2578) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലംവരെ മാതൃഭാഷ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്ത് പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി വരെ മാതൃഭാഷയായ മലയാളപഠനം നിർബന്ധമാക്കിയിട്ടുണ്ട്. 1-9-2011-ലെ സർക്കാർ ഉത്തരവ് സ.ഉ (പി) നമ്പർ 183/2011/പൊ.വി.വ, 2017-ലെ മലയാളഭാഷപഠന ആക്ട് എന്നിവ പ്രകാരം എല്ലാ വിഭാഗം സ്കൂളുകളിലും മാതൃഭാഷാപഠനം ഉറപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. കേരളത്തിലെ തമിഴ്, കന്നഡ മീഡിയം സ്കൂളുകളിൽ മലയാളഭാഷാ പഠനത്തിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 'നമ്മുടെ മലയാളം' പാഠപുസ്തകം 4-ാം ക്ലാസ് വരെ നൽകിയിട്ടുണ്ട്. അഞ്ചാം ക്ലാസ്സിന്റെ പാഠപുസ്തകം ഈ വർഷം തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്രമേണ എല്ലാ ക്ലാസ്സുകളിലേയ്ക്കും വ്യാപിപ്പിക്കും. മാതൃഭാഷാപഠനം ശക്തമാക്കുന്നതിന് "മലയാളത്തിളക്കം" പോലുള്ള പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ എല്ലാ പാഠപുസ്തകങ്ങളുടെയും (74 ടെറ്റിലുകൾ) മലയാളം പരിഭാഷ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയത് കുട്ടികൾക്ക് ഏറെ സഹായകമാണ്. 24 വിഷയങ്ങൾക്ക് (15 മാനസികവും 9 ശാസ്ത്രവും) സാങ്കേതിക പദാവലികൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയതും മലയാളത്തിലുള്ള പഠനത്തിന് മുതൽക്കൂട്ടായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ പഠനത്തിന്റെ കാലത്ത് ഭൂരിപക്ഷം കുട്ടികൾക്കും പഠന രീതികൾ പിന്തുടരാൻ കഴിയാത്ത സാഹചര്യത്തിൽ മാതൃഭാഷയിൽ കൂടി അദ്ധ്യയനം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഓൺലൈൻ പഠനകാലത്തും മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിന് അനുസൃതമായ നടപടികളാണ് എടുത്തു വരുന്നത്. ഏത് ഭാഷയും ഏത് വിഷയവും പഠിപ്പിക്കുമ്പോൾ മാതൃഭാഷയിൽ കൂടി വിശദീകരിക്കണമെന്ന നിർദ്ദേശം ക്ലാസ്സെടുക്കുന്ന അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. വിശദീകരണങ്ങൾ മലയാളത്തിലായത് കുട്ടികൾക്ക് ഏറെ സഹായകമായിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷമാണ് ക്ലാസ്സുകൾ സംപ്രേഷണം ചെയ്തത്.

## പ്ലാൻ ഫണ്ട് ഉപയോഗം

223(2579) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച പ്ലാൻ ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം ഭരണാനുമതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 1-3-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

- ഗവൺമെന്റ് യു.പി. സ്കൂൾ, പുതുശ്ശേരിമല-നിർമ്മാണം അന്തിമഘട്ടത്തിലാണ്.
- ഗവൺമെന്റ് എൽ.പി.ജി സ്കൂൾ, റാന്നി-നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
- ഗവൺമെന്റ് എൽ.പി. സ്കൂൾ, അട്ടത്തോട്-നിർമ്മാണം ആരംഭിച്ചിട്ടില്ല.
- ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കിസുമം - നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് കിഫ്ബി വഴി നടപ്പിലാക്കിയ/ നടപ്പിലാക്കികൊണ്ടിരിക്കുന്ന/നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- ഗവൺമെന്റ് എച്ച്. എസ്.എസ്, വെച്ചൂച്ചിറ കോളനി 5 കോടി രൂപയുടെ ഹൈസ്കൂൾ ബ്ലോക്ക് പൂർത്തിയായി. ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.
- ഗവൺമെന്റ് എച്ച്. എസ്.എസ്, ഇടമുറി - 3 കോടി രൂപയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.
- ഗവൺമെന്റ് എച്ച്. എസ്.എസ്, ഏഴുമറ്റൂർ -3 കോടി രൂപയുടെ നിർമ്മാണം 50% പൂർത്തിയായി.

## കുണ്ടറ മണ്ഡലത്തിലെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾ

224(2580) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളുടെ എണ്ണം സ്കൂളുകൾ തിരിച്ച് നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളുടെ എണ്ണം കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

കാറ്റഗറി എ: സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിവുള്ളവർ

കാറ്റഗറി ബി: ലോൺ സൗകര്യം ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാൻ കഴിവുള്ളവർ

കാറ്റഗറി സി: സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിയാത്തവർ.

## ഹയർ സെക്കണ്ടറി അദ്ധ്യാപകനായി പ്രൊമോഷൻ ലഭിച്ചവർക്ക് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ

225(2581) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഹെഡ്മാസ്റ്റർ ആകാൻ യോഗ്യതയുള്ള അദ്ധ്യാപകൻ പ്രൊമോഷൻ സ്വീകരിച്ച് ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകനായി ജോലി ചെയ്തുവരുമ്പോൾ സീനിയോറിറ്റി പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ വരുന്ന ഒഴിവിൽ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് തിരിച്ചുവരാൻ കഴിയുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറിയിൽ ജൂനിയർ അദ്ധ്യാപകരായി പ്രൊമോഷൻ സ്വീകരിച്ച അദ്ധ്യാപകരെ കെ.ഇ.ആർ അദ്ധ്യായം XIV എ. ചട്ടം 34(a) പ്രകാരമുള്ള ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയില്ല. ആയതിനാൽ അവർക്ക് ഹൈസ്കൂൾ ഹെഡ്മാസ്റ്ററാകാൻ കഴിയില്ല.

(ബി) ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇത് മേൽ സൂചിപ്പിച്ച ചട്ടപ്രകാരമുള്ള സ്ഥിതിയാണ്.

**വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ**

226(2582) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എത്ര എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

ഹെഡ്ക്വാർട്ടേഴ്സ് - 3, മലപ്പുറം - 2, വയനാട് - 1, ആലപ്പുഴ - 1,

കണ്ണൂർ - 1, എറണാകുളം - 1.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉന്നത തസ്തികകളിൽ പ്രൊമോഷൻ നടക്കാത്തതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യപ്പെടാത്ത എത്ര പ്രതീക്ഷിത എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ടാകുമെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ 2 ഒഴിവുകൾ.

(ഡി) പ്രൊമോഷൻ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നൽകി കാലാവധി പൂർത്തിയാകുന്ന റാങ്ക് ലിസ്റ്റിൽനിന്നും എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## പേരാമ്പ്ര മണ്ഡലത്തിലെ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ

227(2583) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

17-2-2021-ലെ സ.ഉ. (എംഎസ്.) നമ്പർ 82/2021/പൊ.വി.വ. പ്രകാരം നടുവത്തൂർ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ തത്വത്തിൽ സർക്കാർ ഏറ്റെടുത്തു. ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി സ്കൂളുമായി ബന്ധപ്പെട്ട രേഖകൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസറോട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 2015-ൽ മാനേജരുടെ മരണത്തെത്തുടർന്ന് ഹയർ സെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ പ്രൊബേഷൻ, പ്രൊമോഷൻ എന്നിവ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത സ്കൂളിലെ എത്ര അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അപേക്ഷ ആർ.ഡി.ഡി. ഓഫീസിലും ഡയറക്ടറേറ്റിലും ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ തീരുമാനമെടുക്കേണ്ടത് ആരാണെന്ന് അറിയിക്കുമോ?

ഇത്തരത്തിലുള്ള അപേക്ഷകൾ ഹയർ സെക്കണ്ടറി മേഖലാ ഉപമേധാവിയുടെ ഓഫീസിലും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലും ഇല്ല.

(ഡി) മാനേജർ മരണപ്പെടുകയോ മാനേജ്മെന്റ് തർക്കം നിലനിൽക്കുകയോ ചെയ്യുന്ന സ്കൂളുകളിൽ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും പ്രൊബേഷൻ പോലുള്ള കാര്യങ്ങൾ തടസ്സപ്പെടാതെ നടത്തപ്പെടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇപ്രകാരമുള്ള സ്കൂളുകളിൽ മാനേജരുടെ താൽക്കാലിക ചുമതല വഹിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകാറുണ്ട്.

## എസ്.സി.ഇ.ആർ.ടി. സ്പെഷ്യൽ റൂൾസ്

228(2584) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്.സി.ഇ.ആർ.ടി.-യിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

എസ്.സി.ഇ.ആർ.ടി.-യിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ തയ്യാറാക്കിയിട്ടില്ല.

## വി.എച്ച്.എസ്.ഇ. വകുപ്പിലെ ക്വാട്ട സംവരണ നിയമനം

229(2585) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. വകുപ്പിൽ 1997 മുതൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പത്ത് ശതമാനം ക്വാട്ട സംവരണം ചെയ്ത് നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ നിയമിച്ചു; അറിയിക്കുമോ?

9 (a) (i) പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും 68 പേർക്ക് അദ്ധ്യാപകരായി നിയമനം നൽകിയിട്ടുണ്ട്.

(ബി) നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ പി.എസ്.സി. എലിജിബിലിറ്റി ടെസ്റ്റ് പാസ്സായി തുടർനിയമനം ലഭിച്ചവർക്ക് കെ. എസ്. ആർ. പാർട്ട് വൺ റൂൾ 37 ഗവൺമെന്റ് ഡിക്ലറേഷൻ ഒൻപത് പ്രകാരം ശമ്പളം നൽകിയിട്ടുണ്ടോ?

17 അദ്ധ്യാപകർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 7 അദ്ധ്യാപകർക്ക് ശമ്പളം പുനർ നിർണ്ണയിച്ചുനൽകിയിട്ടുണ്ട്. കൂടാതെ 8 അദ്ധ്യാപകരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ടെങ്കിൽ എത്രപേർക്കാണ് നൽകിയിട്ടുള്ളത്; ഇനി എത്ര പേർക്കാണ് നൽകാനുള്ളത്;

&

(ഡി) ശമ്പളം നൽകുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അത് നീക്കി അവർക്ക് ശമ്പളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ?

കോടതി വിധിയുടെ അടിസ്ഥാനത്തിൽ 7 അദ്ധ്യാപകർക്ക് ശമ്പളം പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 8 അദ്ധ്യാപകരുടെ ശമ്പളം പുനർനിർണ്ണയിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. 2 അദ്ധ്യാപകർക്ക് നൽകിയിട്ടില്ല. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി ഉത്തരവ് വരുന്നതിന് അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**ലാബ് അസിസ്റ്റന്റുമാരുടെ നിയമനം**

230(2586) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ലാബ് അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വിശദമാക്കുമോ; ഇതിൽ സർക്കാർ മേഖല, എയ്ഡഡ് മേഖല, അൺ-എയ്ഡഡ് മേഖല എന്നിവ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ സർക്കാർ മേഖലയിൽ 1478 തസ്തികകളും എയ്ഡഡ് മേഖലയിൽ 921 തസ്തികകളുമുണ്ട്. അൺ-എയ്ഡഡ് മേഖലയിലെ വിവരങ്ങൾ സർക്കാർതലത്തിൽ ക്രോഡീകരിച്ചുസൂക്ഷിച്ചിട്ടില്ല.

(ബി) സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മൊത്തം ലാബ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ?

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 2 |
| ആലപ്പുഴ | - | ഇല്ല |
| കോട്ടയം | - | ഇല്ല |
| ഇടുക്കി | - | ഇല്ല |
| എറണാകുളം | - | 7 |
| തൃശ്ശൂർ | - | 1 |
| പാലക്കാട് | - | 3 |
| മലപ്പുറം | - | 2 |

| | | |
|---|---|---|
| കോഴിക്കോട് | - | 1 |
| വയനാട് | - | ഇല്ല |
| കണ്ണൂർ | - | 3 |
| കാസർഗോഡ് | - | 2 |

(സി) ഒരു ഹയർസെക്കണ്ടറി വിദ്യാലയത്തിൽ കുറഞ്ഞത് എത്ര ബാച്ചുകൾ ഉണ്ടെങ്കിലാണ് ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ; രണ്ട് ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് കുറഞ്ഞത് എത്ര ബാച്ചുകൾ വേണമെന്ന് വിശദമാക്കുമോ; എല്ലാ സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും രണ്ടുവീതം ലാബ് അസിസ്റ്റന്റുമാരുണ്ടോ ; രണ്ട് ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലുള്ള സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയത്തിൽ ഒരു ലാബ് അസിസ്റ്റന്റിനെ മാത്രം നിയമിച്ച വിദ്യാലയങ്ങൾ ഉണ്ടോ?

സയൻസ് ബാച്ചുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലാണ് ലാബ് അസിസ്റ്റന്റുമാരെ അനുവദിക്കുന്നത്. ബയോസയൻസ് ബാച്ചുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ 2 ലാബ് അസിസ്റ്റന്റുമാരെ അനുവദിക്കാറുണ്ട്. എല്ലാ സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും രണ്ടുവീതം ലാബ് അസിസ്റ്റന്റുമാരില്ല. രണ്ട് ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലുള്ള സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയത്തിൽ ഒരു ലാബ് അസിസ്റ്റന്റിനെ മാത്രം നിയമിച്ച വിദ്യാലയങ്ങളുമുണ്ട്.

(ഡി) തസ്തിക ഉണ്ടായിട്ടും ലാബ് അസിസ്റ്റന്റുമാർ ഇല്ലാത്ത സർക്കാർ വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 2 |
| ആലപ്പുഴ | - | ഇല്ല |
| കോട്ടയം | - | ഇല്ല |
| ഇടുക്കി | - | ഇല്ല |
| എറണാകുളം | - | 7 |

| | | |
|---|---|---|
| തൃശ്ശൂർ | - | 1 |
| പാലക്കാട് | - | 3 |
| മലപ്പുറം | - | 2 |
| കോഴിക്കോട് | - | 1 |
| വയനാട് | - | ഇല്ല |
| കണ്ണൂർ | - | 3 |
| കാസർഗോഡ് | - | 2. |

(ഇ) ലാബ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പട്ടികയിൽ നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത റാങ്ക് പട്ടികയിൽ ഇനി എത്രപേർ നിയമനം ലഭിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിയമന ശിപാർശ നൽകിയത്

| | | |
|---|---|---|
| തിരുവനന്തപുരം | - | 32 |
| കൊല്ലം | - | 24 |
| പത്തനംതിട്ട | - | 6 |
| ആലപ്പുഴ | - | 14 |
| കോട്ടയം | - | 7 |
| ഇടുക്കി | - | 7 |
| എറണാകുളം | - | 22 |
| തൃശ്ശൂർ | - | 27 |
| പാലക്കാട് | - | 27 |
| മലപ്പുറം | - | 20 |
| കോഴിക്കോട് | - | 17 |
| വയനാട് | - | 9 |
| കണ്ണൂർ | - | 18 |
| കാസർഗോഡ് | - | 14 |

പതിനാല് ജില്ലയിലുമായി 3620 പേർ (മെയിൻ ലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റും ഉൾപ്പെടെ) റാങ്ക് പട്ടികയിൽ അവശേഷിക്കുന്നുണ്ട്.

(എഫ്) ലാബ് അസിസ്റ്റന്റുമാരുടെ പൊതുസ്ഥലംമാറ്റം നടക്കാറുണ്ടോ; എങ്കിൽ അവസാനമായി പൊതുസ്ഥലംമാറ്റം നടന്നത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കുമോ; പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള ഏറ്റവും ഒടുവിലത്തെ സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ലാബ് അസിസ്റ്റന്റുമാരിൽ സ്ഥലം മാറ്റത്തിനായി നിലവിൽ അപേക്ഷിച്ചവരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

ലാബ് അസിസ്റ്റന്റുമാരുടെ പൊതുസ്ഥലംമാറ്റം നടന്നിട്ടില്ല. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവാണ് ലാബ് അസിസ്റ്റന്റുമാർക്കും ബാധകമാകുന്നത്. ടിയാളുകളുടെ സ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ജി) തസ്തികമാറ്റം വഴി എച്ച്.എസ്.എസ്. അദ്ധ്യാപക നിയമനം തുടങ്ങിയിട്ടുണ്ടോ എന്നും ആയതുപ്രകാരം സംസ്ഥാനത്ത് എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ; തസ്തികമാറ്റം വഴി മിനിസ്റ്റീരിയൽ സ്റ്റാഫിനെയും ലാബ് അസിസ്റ്റന്റുമാരെയും എച്ച്.എസ്.എസ്. അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

തസ്തികമാറ്റം വഴി എച്ച്.എസ്.എസ്. അദ്ധ്യാപകനിയമനം തുടങ്ങിയിട്ടില്ല.

## നിയമന ഉത്തരവ് കിട്ടാത്ത ഉദ്യോഗാർത്ഥികൾ

231(2587) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിൽ നിയമന ശിപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് കിട്ടാത്ത എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| എച്ച്.എസ്.ടി | 14 |
| എൽ.പി.എസ്.എ | 15 |
| യു.പി.എസ്.എ | 2 |
| ആകെ | 31 (നിയമന ശിപാർശ ലഭിച്ചവർ) |

(ബി) ജില്ലയിൽ എൽ.പി., യു.പി., എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഇനിയും നികത്താത്ത എത്ര ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

| | |
|---|---|
| എച്ച്.എസ്.ടി | 183 |
| എൽ.പി.എസ്.എ | 188 |
| യു.പി.എസ്.എ | 154 |
| ആകെ | 525 |

എച്ച്.എസ്.എസ്.ടി.-യുടെ നികത്തപ്പെടാത്ത ഒഴിവുകൾ - 132. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.ടി., തുടങ്ങിയ ചില വിഭാഗങ്ങളിൽ റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നില്ല. എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) വിഭാഗത്തിൽ നിയമന ശിപാർശ തുടങ്ങിയിട്ടില്ല.

**ഡെപ്യൂട്ടേഷൻ വഴി ഉണ്ടായ ഒഴിവുകൾ**

232(2588) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടേയും എം.എൽ.എ.-മാരുടെയും സ്റ്റാഫിലേക്കുള്ള ഡെപ്യൂട്ടേഷൻ വഴി ഉണ്ടായ ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ?

ഡെപ്യൂട്ടേഷൻ വഴി ഉണ്ടായ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.

(ബി) ഇത്തരം നിയമനത്തിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

3-12-2016-ലെ സ.ഉ.(പി)നമ്പർ 199/2016/പൊ.വി.വ. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ നിയമനം

233(2589) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനത്തെ പ്രധാനാദ്ധ്യാപക നിയമനം സംബന്ധിച്ച് സുപ്രീംകോടതിയിലെ കേസ്സിൽ ഇടപെടൽ നടത്തി സംസ്ഥാനത്ത് നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന പ്രധാന അദ്ധ്യാപക നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## ടെക്സ്റ്റ് ബുക്ക് ഓഫീസർ മുതൽ ജൂനിയർ സൂപ്രണ്ട് വരെയുള്ള തസ്തികകളിലെ പ്രൊമോഷൻ

234(2590) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ടെക്സ്റ്റ് ബുക്ക് ഓഫീസർ മുതൽ ജൂനിയർ സൂപ്രണ്ട് വരെയുള്ള വിവിധ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

&

(സി) സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പ്രൊമോഷൻ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീഡർ തസ്തികയിൽ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം കാരണമാണ് ടെക്സ്റ്റ് ബുക്ക് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (എൻ.എം.), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ തസ്തികകളിലെ എല്ലാ ഒഴിവുകളും പ്രൊമോഷൻ വഴി നികത്തുവാൻ കഴിയാതെ വന്നിട്ടുള്ളത്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിന് സാങ്കേതിക തടസ്സമില്ല.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പ്രൊമോഷൻ**

235(2591) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷം സർവീസ് പൂർത്തിയാക്കിയിട്ടുള്ള ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ സീനിയറാക്കി പ്രൊമോട്ട് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

&

(ബി) ഹയർ സെക്കണ്ടറിയിൽ വർഷങ്ങളുടെ സർവ്വീസുള്ളവർ ക്ലാസ്സുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും ജൂനിയറായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പിരീഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ തസ്തികകൾ നിശ്ചയിക്കപ്പെടുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അദ്ധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനേക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300). എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ച് നൽകി വരുന്നുണ്ട്.

**വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ നിയമനം**

236(2592) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൂന്ന് ഒഴിവുകൾ. പ്രസ്തുത തസ്തികകളുടെ ഫീഡർ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിക്കുന്നതിനുള്ള നടപടികളിലാണ്. ടി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കണ്ണൂർ-കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന പയ്യന്നൂർ മേഖല ഓഫീസിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ് നിലവിൽ വന്നത് എപ്പോൾ മുതലാണെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ?

28-12-2019 മുതൽ പയ്യന്നൂർ മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി ചട്ടപ്രകാരമുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത ഒഴിവിലേയ്ക്ക് റെഗുലർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികകളുടെ ഫീഡർ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിക്കുന്നതിനുള്ള നടപടികളിലാണ്. ടി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ റഗുലർ വ്യവസ്ഥയിലുള്ള സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്ന കാര്യം നിലവിൽ പരിഗണന യിലില്ല.

**ശ്രീമതി ലിബ ബേബിയുടെ നിയമനാംഗീകാരം**

237(2593) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം എച്ച്.എസ്.എ. (ഇംഗ്ലീഷ് ) തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി ലിബ ബേബിയുടെ നിയമനം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ അംഗീകരിക്കാത്തതിന്റെ കാരണവും നിലവിൽ ഇത് സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ഫയൽ എത്ര കാലമായി ഈ ഓഫീസിൽ പരിശോധനയിലാണെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

ശ്രീമതി ലിബ ബേബിയുടെ നിയമനം സംബന്ധിച്ച പ്രൊപ്പോസൽ 16-3-2021-ന് മാനേജർ ' സമന്വയ' വഴി വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ കൂടി അപ്‌ലോഡ് ചെയ്യുവാൻ മാനേജർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി രേഖകൾ മാനേജർ ' സമന്വയ' യിൽ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രൊപ്പോസലിന്മേൽ തുടർനടപടി സാധിക്കുകയുള്ളൂ.

**ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ**

238(2594) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഡയറ്റിലെ അദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു ജില്ലയിൽ ഒന്നുവീതം 14 ഡയറ്റുകളാണ് നിലവിലുള്ളത്. ഓരോ ഡയറ്റിലും ഒരു പ്രിൻസിപ്പാൾ, 7 സീനിയർ ലക്ചറർ, 20 ലക്ചറർ എന്നിങ്ങനെയാണ് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിരിക്കുന്നത്. ഇതിനു പുറമെ കാസർഗോഡ് ഡയറ്റിൽ കന്നഡ ലക്ചറർ തസ്തികയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ഡയറ്റുകളിൽ തമിഴ് ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ലക്ചറർ തസ്തികയിലെ ഒഴിവുകളിൽ 50% ഗവൺമെന്റ് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരിൽ നിന്നും ടീച്ചർ എഡ്യൂക്കേറ്റർമാരിൽ നിന്നും ബൈടാൻസ്ഫർ മുഖേനയും 50% ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമന രീതിയുമാണ്. ടി.ടി.ഐ.-കളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ല.

(ബി) ഇവിടങ്ങളിലെ അദ്ധ്യാപക നിയമനത്തിനായി നിലവിലുള്ള യോഗ്യതകൾ വിശദമാക്കാമോ?

ഡയറ്റ് ലക്ചറർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, മൂന്ന് വർഷത്തെ തുടർച്ചയായ അദ്ധ്യാപന പരിചയം എന്നിവയാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത്. നേരിട്ടുള്ള നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, കൂടാതെ റ്റെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ ബന്ധപ്പെട്ട വിഷയത്തിലോ എഡ്യൂക്കേഷനിലോ ഉള്ള പി.എച്ച്.ഡി. ഇവയിലേതെങ്കിലും ഒരു യോഗ്യതയും വേണ്ടതാണ്. ടിടി.ഐ.-കളിലെ പ്രിൻസിപ്പാൾമാരായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരായി എച്ച്.എസ്.ടി.-മാരും ആണ് നിലവിൽ ജോലി നോക്കിവരുന്നത്. ആയതിനാൽ എച്ച്.എസ്.ടി.-മാരുടെ യോഗ്യതകൾ തന്നെയാണ് ടി.ടി.ഐ. അദ്ധ്യാപകർക്കും നിലവിൽ ബാധകമാക്കിയിരിക്കുന്നത്.

## ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിലെ നിയമനം

239(2595) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിൽ ലക്ചറർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പി.എസ്.സി.-ക്ക് കൈമാറി അടിയന്തര നിയമന നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-3-2021-ലെ OA No.702/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഡയറ്റിലെ 89 ലക്ചറർ തസ്തികയിലെ ഒഴിവുകൾ പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിൻമേൽ തുടർ നടപടി സ്വീകരിച്ച് വരികയാണ്.

## അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം

240(2596) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് സ്കൂളുകളിൽ നിയമനം ലഭിക്കാത്ത സാഹചര്യം ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻപ് അഡ്വൈസ് ലഭിച്ചിരുന്നവർക്കും ഇപ്പോൾ പുതുതായി അഡ്വൈസ് ലഭിച്ചവർക്കും നിയമനം നൽകാൻ അനുമതി നൽകി വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായോ;

&

(സി) പിന്നീട് പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റദ്ദാക്കിയ തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് സ്കൂളുകളിൽ നിയമനം നൽകാനാകാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-6-2021-ൽ ചേർന്ന വീഡിയോ കോൺഫറൻസിലെ തീരുമാന പ്രകാരം ഇവർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 5-7-2021-ലെ സ.ഉ. (സാധാ.) നമ്പർ 3264/2021/പൊ.വി.വ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തണമെന്ന് തുടർ പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് 5-7-2021-ലെ സ.ഉ. (സാധാ) നമ്പർ 3265/ 2021/ പൊ.വി.വ പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ 6-7-2021 -ൽ പുറപ്പെടുവിച്ച സ.ഉ. (സാധാ) നമ്പർ 3287/ 2021/പൊ.വി.വ ഉത്തരവ്, 7-7-2021-ലെ സ.ഉ.(സാധാ) നമ്പർ 3296/2021/പൊ.വി.വ പ്രകാരമുള്ള തിരുത്തലോടെ നിലനിൽക്കുന്നുണ്ട്. ടി ഉത്തരവ് പ്രകാരം പി.എസ്.സി. അഡ്വൈസിനെ തുടർന്ന് നിയമന ഉത്തരവ് ലഭിച്ചവർക്ക് 15-7-2021 മുതൽ സേവനത്തിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സംസ്ഥാന സാക്ഷരതാ മിഷന്റെ ആസ്ഥാനമന്ദിരം**

241(2597) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ ആസ്ഥാനമന്ദിരം നിർമ്മിച്ചത് പൊതു വിദ്യാഭ്യാസ വകുപ്പിന് വഞ്ചിയൂർ പേട്ടയിൽ ഉള്ള 43 സെന്റ് ഭൂമി കയ്യേറി ആണ് എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം ' എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) നഗരസഭയുടെ അംഗീകാരം നേടിയ ശേഷമാണോ ആസ്ഥാനമന്ദിരം നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സർക്കാർ അക്രഡിറ്റ് ഏജൻസിയെ കെട്ടിട നിർമ്മാണ ചുമതല ഏൽപ്പി ക്കുകയും കെട്ടിട നിർമ്മാണത്തിനുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടുമാണ് കെട്ടിടം നിർമ്മിച്ചത്. കെട്ടിടത്തിനാവശ്യമായ ബിൽഡിംഗ് പെർമിറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനുമതി തിരുവനന്തപുരം നഗരസഭയോട് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. Fire and Safety No Objection Certificate ലഭ്യമായാൽ നഗരസഭ കെട്ടിടത്തിന് നമ്പർ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

## സാക്ഷരതാ പ്രേരക്മാരുടെ വേതനം ഉറപ്പ് വരുത്താൻ നടപടി

242(2598) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ച് അവരുടെ വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കാനുള്ള നടപടി നടന്നു വരികയാണ്. പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 14-7-2021-ൽ വിളിച്ചുചേർത്ത യോഗത്തിൽ, പുനർവിന്യാസം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ പ്രേരക്മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രേരക്മാരുടെ 2021 ഏപ്രിൽ, മേയ് മാസങ്ങളിലെ ഓണറേറിയം വിതരണം ചെയ്തുകഴിഞ്ഞു.

(ബി) സാക്ഷരതാ പ്രേരക്മാർക്ക് മാസങ്ങളായി വേതനം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സാക്ഷരതാമിഷനിലെ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള ഓണറേറിയം, സാക്ഷരതാമിഷന് ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും നൽകുന്നതിന് അനുമതി നൽകി 26-2-2021-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച് വിവിധ വകുപ്പുകളുമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14-7-2021-ൽ ചേർന്ന യോഗതീരുമാനത്തിൽ, പുനർവിന്യാസം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ പ്രേരക്മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽനിന്നും വഹിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രേരക്മാരുടെ

2021 ഏപ്രിൽ, മേയ് മാസങ്ങളിലെ ഓണറേറിയം വിതരണം ചെയ്തുകഴിഞ്ഞു. പ്രേരക്മാരുടെ പ്രവൃത്തിദിനങ്ങൾ, അവധി തുടങ്ങിയ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യാൻ പ്രേരക്മാരുടെ ഭാഗത്തുനിന്ന് കാലതാമസം വന്നതിനാൽ 2021 ജൂൺ മാസത്തെ ഓണറേറിയം വിതരണം ചെയ്തിട്ടില്ല.

(സി) വേതനത്തിന് പുറമെ പ്രേരക്മാർക്ക് നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വേതനത്തിന് പുറമെ പ്രേരക്മാർക്ക് അതതു വർഷം സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവബത്തയും, സാക്ഷരതാമിഷന്റെ തനതു ഫണ്ടിൽ നിന്നും ഗുരുതര രോഗങ്ങൾക്കായി ഒറ്റത്തവണമാത്രം ചികിത്സാ ധനസഹായമായി 50,000 രൂപയും മരണാനന്തര ധനസഹായമായി പ്രേരക്മാരുടെ കുടുംബങ്ങൾക്ക് 75,000 രൂപയും അനുവദിച്ച് വരുന്നു. വനിതാ പ്രേരക്മാർക്ക് 6 മാസം വേതനത്തോടുകൂടിയുള്ള പ്രസവാവധിയും കോവിഡ്-19 ബാധിച്ച പ്രേരക്മാർക്കും ക്വാറന്റൈനിൽ കഴിയേണ്ടിവരുന്ന പ്രേരക്മാർക്കും വേതനത്തോടുകൂടിയുള്ള സ്പെഷ്യൽ കാഷ്വൽ അവധിയും അനുവദിച്ചുവരുന്നു. കൂടാതെ എല്ലാ പ്രേരക്മാർക്കും വർഷത്തിൽ 12 ദിവസത്തെ വേതനത്തോടുകൂടിയുള്ള കാഷ്വൽ അവധിയും അനുവദിച്ചുവരുന്നു.

(ഡി) കോവിഡ് ഡ്യൂട്ടി നിർവ്വഹിക്കുന്ന പ്രേരക്മാരെ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

കോവിഡ് ഡ്യൂട്ടി ചെയ്യുന്ന പ്രേരക്മാരെ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല. എങ്കിലും പ്രേരക്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വന്നിരുന്നു. സാക്ഷരതാമിഷന്റെ വിഹിതവും പ്രേരക്മാരുടെ വേതനത്തിൽ നിന്നും പിടിക്കുന്ന വിഹിതവും ചേർത്താണ് ഇൻഷ്വറൻസ് തുക അടച്ചിരുന്നത്. ഇവ വർഷംതോറും പുതുക്കി വന്നിരുന്നു. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പരിരക്ഷ 22-6-2021-ന് അവസാനിച്ചു. നിലവിൽ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നതിന് നടപടി നടന്നു വരുന്നതിനാൽ പ്രേരക്മാരുടെ ഇൻഷ്വറൻസ് പുതുക്കിയിട്ടില്ല.

## കാർഷികേതര മേഖലയിൽ തൊഴിലവസരങ്ങൾ

243(2599) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷികേതര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കാർഷികേതര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രത്യേകം പദ്ധതികളൊന്നും തൊഴിൽ വകുപ്പ് മുഖാന്തരം ആരംഭിച്ചിട്ടില്ല. എന്നാൽ തൊഴിൽ വകുപ്പിന് കീഴിലെ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിലെ വിവിധ തലത്തിലുള്ള തൊഴിൽരഹിതരെ സ്വയംതൊഴിലിലേയ്ക്ക് ആകർഷിച്ച് അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി സ്വയം പര്യാപ്തമാക്കുന്നതിന് നിലവിൽ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. കെസ്റു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21-50 പ്രായപരിധിയിലുള്ള തൊഴിൽ രഹിതർക്കുള്ള വ്യക്തിഗത സ്വയം തൊഴിൽ പദ്ധതിയായ കെസ്റു, വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. പരമാവധി വായ്പത്തുക ഒരു ലക്ഷം രൂപയും സബ്സിഡി വായ്പത്തുകയുടെ 20% രൂപയുമാണ്.

2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് / ജോബ് ക്ലബ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കുള്ള സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് പരമാവധി വായ്പ 10 ലക്ഷം രൂപയും സബ്സിഡിയായി വായ്പത്തുകയുടെ 25% (പരമാവധി 2 ലക്ഷം രൂപ ) രൂപയുമാണ്.

3. ശരണ്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾ, വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താവുള്ള വനിതകൾ എന്നിവർക്ക് മാത്രമായുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സാധാരണ ഗതിയിൽ പരമാവധി വായ്പ 50000 രൂപയും സബ്സിഡി 50% രൂപയുമാണ്.

4. കൈവല്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്ക് മാത്രമായിട്ടുള്ള സ്വയം തൊഴിൽ പദ്ധതി. വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സാധാരണ ഗതിയിൽ പരമാവധി വായ്പ 50000 രൂപയും സബ്സിഡി 50% രൂപയുമാണ്.

5. നവജീവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻമാർക്കുള്ള (50-65 പ്രായപരിധി) സ്വയം തൊഴിൽ പദ്ധതി. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് പരമാവധി വായ്പ 50000 രൂപയും സബ്സിഡി വായ്പത്തുകയുടെ 25% രൂപയുമാണ്.

**മൈക്രോ സംരംഭങ്ങൾ വഴി തൊഴിൽ**

244(2600) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സഹായത്തോടെ മൈക്രോ സംരംഭങ്ങൾ വഴി തൊഴിൽ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മൈക്രോ സംരംഭങ്ങൾ വഴി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ ഒന്നും തന്നെ തൊഴിൽ വകുപ്പിൽ നടപ്പിലാക്കുന്നില്ല. എന്നാൽ, കേന്ദ്ര സർക്കാരിന്റെ MSME മന്ത്രാലയം കേരള സർക്കാരിന്റെ വ്യവസായ ഡയറക്ടറേറ്റുമായി ചേർന്ന് ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കോമൺ ഫെസിലിറ്റി സെന്ററുകളും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ടുകളും കമ്മീഷൻ ചെയ്തുവരുന്നുണ്ട്. ഇത് മൈക്രോ, ചെറുകിട സംരംഭങ്ങൾക്ക് അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുകയും അതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായകരമാവുകയും ചെയ്യുന്നു.

**കയർ തൊഴിലാളി പെൻഷൻ വിതരണം**

245(2601) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് പെൻഷൻ വിതരണത്തിനായുള്ള തുക സർക്കാരിൽ നിന്ന് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ മാസവും 23-നും 25-നും ഇടയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുക ബോർഡിന് ലഭിക്കുന്നുണ്ട്.

(ബി) കയർ തൊഴിലാളികൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കയർ തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് മുഖാന്തരവും ഇലക്ട്രോണിക് മണി ഓർഡർ മുഖാന്തരവും എല്ലാ മാസവും 25-നും 31-നും ഇടയിൽ പെൻഷൻ നൽകി വരുന്നുണ്ട്.

## അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി ബോർഡ്

246(2602) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി ബോർഡിൽനിന്നും ഒരംഗം പിരിഞ്ഞ് പോകുമ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് ബോർഡിൽ നിന്നും നൽകുന്നത്?

കേരളാ അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി, 2003-ലെ കേരളാ അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി ആക്റ്റ് പ്രകാരം രൂപീകൃതമായ ഒരു കമ്മിറ്റിയാണ്. ആയത് ഒരു ക്ഷേമനിധി ബോർഡ് അല്ല. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ അംഗമായി പ്രവേശിച്ച് അഞ്ച് വർഷത്തിനുശേഷം അംഗത്വം പിൻവലിക്കുന്ന ഒരംഗത്തിന് അറുപത് വയസ്സ് പൂർത്തിയായിട്ടില്ലെങ്കിൽ ടിയാൾ ക്ഷേമനിധിയിൽ ഒടുക്കിയിട്ടുള്ള വാർഷിക വരിസംഖ്യ ആറ് ശതമാനം പലിശ സഹിതം ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്നതാണ്. എന്നാൽ അഞ്ച് വർഷത്തെ അംഗത്വവും അറുപത് വയസ്സും പൂർത്തിയായതിനുശേഷം വിരമിക്കുന്ന ക്ഷേമനിധി അംഗത്തിന് അയാൾ അഡ്വക്കേറ്റ് ക്ലാർക്കായി തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ പട്ടികയിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത തുക വിരമിക്കൽ ആനുകൂല്യമായി അനുവദിക്കുന്നതാണ്. ഈ ഇനത്തിൽ നിലവിൽ അനുവദിച്ച് വരുന്ന പരമാവധി തുക നാല് ലക്ഷം രൂപയാണ്. അറുപത് വയസ്സ് പൂർത്തിയായതിനുശേഷം ക്ഷേമനിധിയിൽ മൂന്ന് വർഷം പൂർത്തിയാകുന്നതിന് മുമ്പ് വിരമിക്കുന്ന ക്ഷേമനിധി അംഗങ്ങൾക്ക് അഞ്ഞൂറ് രൂപ നിരക്കിലും മൂന്ന് വർഷത്തെ അംഗത്വം പൂർത്തിയാക്കിയതിനുശേഷവും എന്നാൽ ആറ് വർഷത്തെ അംഗത്വം പൂർത്തിയാകുന്നതിന് മുമ്പും വിരമിക്കുന്നവർക്ക് എഴുന്നൂറ്റി അൻപത് രൂപ നിരക്കിലും ആറ് വർഷത്തെ അംഗത്വം പൂർത്തിയാക്കിയതിനുശേഷവും എന്നാൽ എട്ട് വർഷത്തെ അംഗത്വം പൂർത്തിയാകുന്നതിന് മുമ്പും വിരമിക്കുന്നവർക്ക് ആയിരം രൂപ നിരക്കിലും എന്നാൽ എട്ട് വർഷത്തെ അംഗത്വം പൂർത്തിയാക്കിയവർക്ക് ആയിരത്തി അറുന്നൂറ് രൂപ നിരക്കിലും തുടർന്നുള്ള ഓരോ വർഷത്തെ സേവനത്തിനും അൻപത് രൂപ എന്ന നിരക്കിൽ പരമാവധി രണ്ടായിരം രൂപ വരെ പ്രതിമാസ പെൻഷൻ നൽകുന്നതാണ്.

(ബി) ക്ഷേമനിധി ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ ഏതൊക്കെയാണ്; ബോർഡിന് സർക്കാർ ഗ്രാന്റുകളോ മറ്റ് ധനസഹായങ്ങളോ ലഭിക്കുന്നുണ്ടോ?

ക്ഷേമനിധി അംഗങ്ങൾ ആയിരത്തി ഇരുന്നൂറ് രൂപ നിരക്കിൽ ഒടുക്കിവരുന്ന വാർഷിക വരിസംഖ്യ, പന്ത്രണ്ട് രൂപ മൂല്യമുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പുകളുടെ വിതരണത്തിൽ നിന്നുള്ള വരുമാനവും കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന 27 ശതമാനം വിഹിതവുമാണ് ക്ഷേമനിധിയുടെ വരുമാന മാർഗ്ഗങ്ങൾ. കൂടാതെ സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശയും അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായി ഒടുക്കുന്ന നൂറ് രൂപയും അഡ്മിഷൻ ഫീസായി ഒടുക്കുന്ന ഇരുന്നൂറ്റി അൻപത് രൂപയും ക്ഷേമനിധിക്ക് വരുമാനമായി ലഭിക്കുന്നുണ്ട്. കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതമല്ലാതെ സർക്കാർ ഗ്രാന്റുകളോ മറ്റ് ധനസഹായങ്ങളോ ലഭിക്കുന്നില്ല.

(സി) കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും 2019, 2020, 2021 വർഷങ്ങളിൽ ബോർഡിലേയ്ക്ക് അടച്ച തുക എത്ര വീതമാണെന്ന വിവരം ലഭ്യമാക്കുമോ?

2018-2019 സാമ്പത്തികവർഷം 1,62,00,000(ഒരു കോടി അറുപത്തി രണ്ട് ലക്ഷം) രൂപയും 2019-2020 സാമ്പത്തികവർഷം 5,67,00,000 (അഞ്ച് കോടി അറുപത്തി ഏഴ് ലക്ഷം) രൂപയും 2020-2021 സാമ്പത്തികവർഷം 108,00,000 (ഒരു കോടി എട്ട് ലക്ഷം) രൂപയും കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) 1985-ൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ട് പാസ്സാക്കുമ്പോൾ ആക്ടിലെ 5(1) പ്രകാരം ഒരംഗത്തിന് തൊണ്ണൂറ് രൂപ വീതം എല്ലാ വർഷവും സർക്കാർ വക വിഹിതം കിട്ടുമായിരുന്നോ; എങ്കിൽ ഇത് എന്ന് മുതലാണ് നിർത്തലാക്കിയ തെന്നറിയിക്കുമോ?

1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്കീം സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടറുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയിരുന്നത്. പ്രസ്തുത സ്കീമിന്റെ നിയന്ത്രണവും മേൽനോട്ടവും ഇൻഷ്വറൻസ് ഡയറക്ടറിൽ നിന്നും മാറ്റി അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് കമ്മിറ്റിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് ആക്ട് നിലവിൽ വന്നു. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ 26-ാം വകുപ്പ് പ്രകാരം ടി സ്കീമിന്റെ ആസ്തി ബാദ്ധ്യതകൾ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് കൈമാറേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അതനുസരിച്ച് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 20-5-2014-ലെ കെ.എസ്.ഐ.ഡി./

എസ്.എൽ.ഐ./ എൽ7/എ.സി.ഡബ്ല്യൂ.എഫ്./ എൽ7 /93380/12 നമ്പർ ഉത്തരവ് പ്രകാരം "8011-106-99 അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട്" എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ബാലൻസുണ്ടായിരുന്ന 2,12,52,515 (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ) അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് (Spl.TSB 51) കൈമാറിയിട്ടുള്ളതാണ്. 2013-14 സാമ്പത്തിക വർഷത്തെ ഫണ്ട് ബാലൻസിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പലിശയടക്കമുള്ള തുകയായ 46,42,039 രൂപ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 2-8-2014-ലെ കെ.എസ്.ഐ.ഡി./എ.സി.ഡബ്ല്യൂ. എഫ്/എൽ7/93380/12 നമ്പർ ഉത്തരവ് പ്രകാരം ക്ഷേമനിധിയിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്.

(ഇ) മറ്റ് വെൽഫെയർ ബോർഡുകൾക്ക് സർക്കാർ നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മറ്റുബോർഡുകളുടെ വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(എഫ്) അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ബോർഡിന് സർക്കാർ ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

1959-ലെ കേരള കോടതി ഫീസും വ്യവഹാരസലയും ആക്റ്റിലെ (1960-ലെ 10) 76-ാം വകുപ്പ് (4)-ാം ഉപവകുപ്പ് അതിലെ 85-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 1991-ൽ കേരള നിയമസഹായനിധി ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ടുള്ളതും മേൽപ്പറഞ്ഞ ആക്റ്റിലെ 76-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിയമസഹായ നിധിയിലേയ്ക്ക് (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ളതും പിരിച്ചെടുക്കുന്നതുമായ ഒരു ശതമാനം അധിക കോടതി ഫീസ് തുകയും അതിലെ (ii) ഖണ്ഡപ്രകാരം ചുമത്തിയിട്ടുള്ളതും പിരിച്ചെടുക്കുന്നതുമായ കോടതി ഫീസിന്റെ 50 ശതമാനവും നിധിയിലേയ്ക്ക് കൂട്ടിച്ചേർക്കുന്നു എന്നത് നിയമപ്രകാരമുള്ള വ്യവസ്ഥയാണ്. അപ്രകാരം നിധിയിലേയ്ക്ക് വരവ് വയ്ക്കപ്പെടുന്ന തുക സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നിയമ (കെ.എൽ.ബി.എഫ്.) വകുപ്പിൽ ലഭ്യമാക്കുകയും അപ്രകാരം ലഭിക്കുന്ന തുകയുടെ 27% കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റിക്ക് നൽകി വരുകയും ചെയ്യുന്നു. മറ്റുസർക്കാർ ധനസഹായങ്ങൾ ഒന്നും കമ്മിറ്റിക്ക് ഇല്ല.

## കേരള സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമിയിലെ കോഴ്സുകൾ

247(2603) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമിയിൽ പുതിയ കോഴ്സുകൾ തുടങ്ങണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പുതുതായി കോഴ്സുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) ഡയറക്ടർ നൽകിയ പ്രൊപ്പോസൽ 21-12-2020-ന് കൂടിയ ബിസിനസ് അഡ്വൈസറി കമ്മിറ്റി സൂക്ഷ്മമായി പരിശോധിക്കുകയും പുതിയ കോഴ്സുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർക്കാർ മുമ്പാകെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ പരിഗണനയിലില്ല.

(ബി) പ്രസ്തുത അക്കാദമി നടത്തുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി 46 കോഴ്സുകളാണ് IIIC-യിൽ നടത്തിവരുന്നത്. കോഴ്സുകളുടെ വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) അക്കാദമിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷന്റെ (IIIC) നടത്തിപ്പിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിക്കുകയുണ്ടായി. ഇത്തരത്തിൽ ക്ഷണിച്ച RFP ഒരു വിദഗ്ദ്ധ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി തെരഞ്ഞെടുത്ത സ്വകാര്യ സ്ഥാപനത്തിനാണ് IIIC-യുടെ നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. ആയതിനാൽ IIIC-യുടെ മുഴുവൻ നടത്തിപ്പ് ചുമതലയും ടി സ്വകാര്യ പങ്കാളിയിൽ നിക്ഷിപ്തമാണ്. ഇക്കാരണത്താൽ IIIC-യിൽ തസ്തികകളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. കൂടാതെ സ്ഥാപനത്തിലെ നിയമനം പരിശീലന പങ്കാളിയുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെട്ടതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ പ്രത്യേക പാക്കേജ്

248(2604) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാരണം സിനിമ പ്രദർശനശാലകൾ, ഓഡിറ്റോറിയങ്ങൾ, ഹൗസ് ബോട്ടുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ഹോട്ടലിലെ പാചകക്കാർ, വിനോദ സഞ്ചാര കേന്ദ്രത്തിലെ തൊഴിലാളികൾ, കാറ്ററിംഗ്, പന്തൽ തൊഴിലാളികൾ, ലൈറ്റ് ആൻഡ് സൗണ്ട്, പ്രിന്റിംഗ്, നാടകം, ബ്യൂട്ടി പാർലർ, സ്റ്റേജ്ഷോ, കലാപരിപാടികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും കടുത്ത പ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവർക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം സർക്കാർ ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് :

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത എല്ലാ സജീവ അംഗങ്ങൾക്കും 2020 കാലയളവിൽ 1000 രൂപയും, ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5,000 രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്തിരുന്നു. 2021 കാലയളവിൽ കോവിഡ് ധനസഹായമായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1000 രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്: കോവിഡ്-19-ന്റെ വ്യാപനംമൂലം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,06,939 പേർക്ക് 1,000 രൂപ ആശ്വാസ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കോവിഡ്-19-ന്റെ രണ്ടാം തരംഗംമൂലം സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത്

ഓരോ പദ്ധതി അംഗങ്ങൾക്കും 1000 രൂപ നിരക്കിൽ 2,25,000 പേർക്ക് രണ്ടാം ഘട്ടമായി ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) ലോക്ഡൗൺ കാരണം കടുത്ത പ്രതിസന്ധി നേരിടുന്ന മേഖലകളിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ കണ്ടെത്താനും പുനരധിവസിപ്പിക്കാനും എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വരുമാനം നിലച്ച പ്രസ്തുത മേഖലകളിലെ തൊഴിലാളികളുടെ അതിജീവനത്തിനായി ക്ഷേമനിധി നടപ്പിലാക്കുമോ; വിശദമാക്കാമോ?

ഈ മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിൽ രജിസ്റ്റർ ചെയ്ത് അംഗമാകാവുന്നതും ബോർഡിന്റെ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്നതുമാണ്.

**കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽനഷ്ടം**

249(2605) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ നിരവധി പേർക്ക് തൊഴിൽനഷ്ടം സംഭവിച്ച എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഇതുസംബന്ധിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE) മുഖേന പഠനം നടത്തിവരുന്നു.

(ബി) കോവിഡ് ലോക്ഡൗൺമൂലം തൊഴിൽനഷ്ടം സംഭവിച്ചവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) കോവിഡ് ലോക്ഡൗൺമൂലം തൊഴിൽനഷ്ടം സംഭവിച്ചവരുടെ വായ്പാ തിരിച്ചടവ് സംബന്ധിച്ച് ബാങ്കുകളുമായി ചർച്ച നടത്തി സാവകാശം ലഭ്യമാക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെതന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിലും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെതന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. ദേശീയ വാണിജ്യ ബാങ്കുകളിലെ വായ്പകളുടെ പലിശ നിരക്കുകൾ തീരുമാനിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതത് ബാങ്കുകളുടെ ഭരണസമിതിയാണ്.

(ഡി) ലോക്ഡൗൺമൂലം പ്രയാസം അനുഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭക്ഷണത്തിനും താമസത്തിനും എന്തൊക്കെ ക്രമീകരണങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ലോക്ഡൗണിന്റെ ആരംഭത്തിൽതന്നെ അതിഥി തൊഴിലാളികൾക്ക് ഭക്ഷണം എത്തിക്കുക എന്ന സർക്കാർ നയം തൊഴിൽ വകുപ്പ് പ്രാവർത്തികമാക്കി. ലോക്ഡൗണിന്റെ ഒന്നാം ഘട്ടത്തിൽ ലേബർ ക്യാമ്പുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾക്കാണ് ഭക്ഷ്യ കിറ്റ് എത്തിച്ചത്. രണ്ടാം ഘട്ടമായി കോൺട്രാക്ടർമാർ, തൊഴിലുടമകൾ എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലെ താമസ സ്ഥലങ്ങളിലുള്ള അതിഥി തൊഴിലാളികൾക്കും ഭക്ഷ്യ കിറ്റ് എത്തിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ കോവിഡ് പോസിറ്റീവ് ആകുന്ന അതിഥി തൊഴിലാളികൾക്ക് ചികിത്സയും താമസവും ഒരുക്കുന്നതിനായി ഡൊമിസിലിയറി കെയർ സെന്ററുകളും CFLTC's-കളും ആരംഭിച്ചിട്ടുണ്ട്.

**കോവിഡ് കാലത്ത് തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികൾ**

250(2606) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികളെ നേരിടാൻ തൊഴിൽവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് ജോലി ലഭ്യത കുറയുകയോ ഇല്ലാതാകുകയോ ചെയ്ത അതിഥി തൊഴിലാളികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തണമെന്ന സർക്കാർ പോളിസി നടപ്പിലാക്കുന്നതിനാണ് തൊഴിൽ വകുപ്പ് ശ്രദ്ധ ചെലുത്തിയത്. ഇതിനായി സംസ്ഥാനത്ത് ജോലിക്കായി വന്നിരുന്ന അതിഥി തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും, ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ സിവിൽ സപ്ലൈസിൽ നിന്നും ഭക്ഷ്യകിറ്റ് ലഭ്യമാക്കി ലേബർ ക്യാമ്പുകളിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും തുടർന്ന് കോൺട്രാക്ടർമാർ, തൊഴിലുടമകൾ എന്നിവരുടെ നിയന്ത്രണത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികൾക്കും ലഭ്യമാക്കുകയും ചെയ്തു. കോവിഡ് മഹാമാരിയുടെ ഒന്നാംഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 1000 മുതൽ 3000 രൂപ വരെയും സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 1000 മുതൽ 5000 രൂപയും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും 1000 രൂപ വീതം ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് കോവിഡ് പ്രതിസന്ധി നേരിടാൻ തൊഴിൽവകുപ്പ് നൽകിയ ധനസഹായങ്ങൾ എത്ര തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കോവിഡ്-19-ന്റെ ഒന്നാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ 18,04,267 തൊഴിലാളികൾക്കും സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 8,90,771 തൊഴിലാളികൾക്കും ഉൾപ്പെടെ ആകെ 26,95,038 തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വലിയ തോട്ടങ്ങളിലെ 44,753 തൊഴിലാളികൾക്കും പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ 1,363 തൊഴിലാളികൾക്കും കോവിഡ്-19 ധനസഹായം അനുവദിച്ചിരുന്നു. കോവിഡ്-19-ന്റെ രണ്ടാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്കും പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും വലിയ തോട്ടങ്ങളിലെ തൊഴിലാളികൾക്കുമുൾപ്പെടെ ആകെ 21,03,298 തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 8,53,676 തൊഴിലാളികൾക്ക് നാളിതുവരെ രണ്ടാംഘട്ട ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഏതൊക്കെ തൊഴിൽ മേഖലകളിലാണ് വകുപ്പ് ധനസഹായങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കശുവണ്ടി തൊഴിലാളികൾ, 1960-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ, നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ബീഡി ചുരുട്ട് മേഖലയിൽ പണി യെടുക്കുന്ന തൊഴിലാളികൾ, ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾ, ആഭരണമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ (ഫാക്ടറികൾ അനുബന്ധ സ്ഥാപനങ്ങൾ), കർഷക തൊഴിലാളികൾ, അബ്കാരി തൊഴിലാളികൾ, കള്ള് ചെത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, കൈത്തറി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ, ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിലെ തൊഴിലാളികൾ, അസംഘടിതമേഖലയിലെ തൊഴിലാളികൾ എന്നീ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകൾ മുഖേന ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

251(2607) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം ആഘോഷങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ എന്നിവ നടത്താൻ സാധിക്കാത്തതുമൂലം ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ മേഖല, ഫോട്ടോഗ്രാഫർമാർ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളിലെ തൊഴിലാളികൾ അടക്കമുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന അഞ്ചോളം തൊഴിലാളികൾ ഇതിനോടകം ആത്മഹത്യ ചെയ്തു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുമോ?

ആത്മഹത്യ സംബന്ധിച്ച ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും സാധ്യമായ പരമാവധി സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വായ്പ സംബന്ധിച്ച് ഇളവുകൾ നൽകാൻ ബാങ്കുകൾക്ക് മേൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ?

കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ വിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021-വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെതന്നെ വായ്പ റീ-ഷെഡ്യൂളിംഗ് അനുവദിച്ചും രണ്ട് വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാർ, റിസർവ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

(ഡി) അസംഘടിത മേഖലയിൽ ലോക്ഡൗൺമൂലം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ ഒന്നാംഘട്ടത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,06,939 അംഗങ്ങൾക്ക് 1000 രൂപ നിരക്കിൽ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ്-19-ന്റെ രണ്ടാം തരംഗത്താൽ സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഏകദേശം 2,25,000 അംഗങ്ങൾക്ക് 1000 രൂപ നിരക്കിൽ സർക്കാർ അനുവദിച്ചിട്ടുള്ള ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

## കിളിമാനൂരിൽ ലേബർ ഓഫീസ്

252(2608) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂരിൽ ലേബർ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ലൈറ്റ്, സൗണ്ട് & പന്തൽ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

253(2609) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ്, സൗണ്ട്, പന്തൽ അനുബന്ധ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലൈറ്റ്, സൗണ്ട്, പന്തൽ അനുബന്ധ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി മേഖലയിലെ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ബോർഡുകൾവഴി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗമാണെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നത്; വ്യക്തമാക്കാമോ?

കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായവർക്ക് വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) കോവിഡുമൂലം പ്രതിസന്ധിയിലായ പ്രസ്തുത തൊഴിലാളികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് വ്യാപനത്തിന്റെ ഒന്നാം ഘട്ടത്തിൽ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ അടക്കമുള്ള മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ സജീവ അംഗങ്ങൾക്കും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1000 രൂപ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് ധനസഹായം അനുവദിച്ചിരുന്നു. ഇതു കൂടാതെ ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5000 രൂപയും, കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡിൽ നിന്ന് പ്രത്യേകമായി വിതരണം ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള 1000 രൂപ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി ബോർഡ് വഴി നിലവിൽ സ്വീകരിച്ചുവരികയാണ്.

**ടൂറിസ്റ്റ് ബസ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

254(2610) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് ബസ് തൊഴിലാളികൾക്ക് ക്ഷേമനിധിയിൽനിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡിനോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ക്ഡൗൺമൂലം ടൂറിസ്റ്റ് ബസ് തൊഴിലാളികൾ ഉൾപ്പെടെയുള്ള മോട്ടോർ തൊഴിലാളികൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. സമാശ്വാസം എന്ന നിലയിൽ ടേബിൾ 1 വിഭാഗത്തിൽപ്പെട്ട ടൂറിസ്റ്റ് ബസ് തൊഴിലാളികൾ ഉൾപ്പെടുന്ന കോൺട്രാക്ട് ക്യാരിയേജ് വാഹനങ്ങളിലെ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് 5000 രൂപവീതവും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000 രൂപവീതവും, മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

(ബി) ഇവർക്ക് ക്ഷേമനിധിയിൽ നിന്ന് താത്കാലിക ആശ്വാസമായി പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ തൊഴിലാളികൾക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

## ഐ.ടി.ഐ. ട്രെയിനികൾക്ക് അപ്രന്റീസ് പരിശീലനം

255(2611) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിൽ നിന്നും പഠിച്ചിറങ്ങുന്ന ട്രെയിനികൾക്ക് ആർ.ഐ. സെന്ററുകൾ വഴി വിവിധ തൊഴിൽ സെക്ടറുകളിലേക്ക് അപ്രന്റീസ് പരിശീലനം നൽകാറുണ്ടോ എന്നറിയിക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിൽനിന്നും പഠിച്ചിറങ്ങുന്ന ട്രെയിനികൾക്ക് വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല/ സ്വകാര്യ സ്ഥാപനങ്ങളിൽ അപ്രന്റീസ് പരിശീലനം നൽകാറുണ്ട്.

## നെന്മാറ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

256(2612) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

നെന്മാറ ഐ.ടി.ഐ.-യുടെ കെട്ടിടം നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി സോയിൽ ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് സഹിതം സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിലേയ്ക്കായി കോഴിക്കോട് പി. ഡബ്ല്യൂ .ഡി . ഡിസൈൻ വിംഗിലേയ്ക്ക് അയച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികളിലേക്ക് കടക്കുന്നതാണ്.

(ബി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

കെട്ടിടം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്ന മുറയ്ക്കും ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## സർക്കാർ വകുപ്പുകളിൽ അപ്രന്റീസ് പരിശീലനം

257(2613) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടി.ഐ.കളിൽ നിന്ന് പഠിച്ചിറങ്ങുന്ന ട്രെയിനികൾക്ക് ആർ.ഐ. സെന്ററുകൾവഴി വിവിധ തൊഴിൽ സെക്ടറുകളിലേയ്ക്ക് അപ്രന്റീസ് പരിശീലനം നടത്താറുണ്ടോ; എങ്കിൽ സർക്കാർ മേഖലയിൽ എത്ര ഡിപ്പാർട്ടുമെന്റുകളിൽ പ്രസ്തുത പരിശീലനം നൽകിവരുന്നുണ്ടെന്ന് വിശദമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടി.ഐ.കളിൽ നിന്ന് പഠിച്ചിറങ്ങുന്ന ട്രേഡ് അപ്രന്റീസുകൾക്ക് വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ അപ്രന്റീസ് പരിശീലനം നേടുന്നതിന് ആവശ്യമായ സഹായം ആർ.ഐ. സെന്ററുകൾ മുഖേന നൽകിവരുന്നു. സർക്കാർ മേഖലയിൽ 17 ഡിപ്പാർട്ട്മെന്റുകളിൽ അപ്രന്റീസ് പരിശീലനം നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പരിശീലനത്തിനായി കേരളത്തിൽ പതിനായിരക്കണക്കിന് ട്രെയിനികൾ വിവിധ ആർ.ഐ. സെന്ററുകളിൽ ഊഴം കാത്ത് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശീലനത്തിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി പരമാവധി സർക്കാർ ഡിപ്പാർട്ടുമെന്റുകളിൽ ട്രെയിനികൾക്ക് അപ്രന്റീസ് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

2016 മുതൽ കേന്ദ്ര സർക്കാരിന്റെ അപ്രന്റീസ് പോർട്ടലായ www.apprenticeship.gov.in പോർട്ടലിലും 2020 മുതൽ ഡി.ജി.റ്റിയുടെ നിർദ്ദേശ പ്രകാരം www.apprenticeshipindia.org എന്ന പോർട്ടലിലും പരിശീലനാർത്ഥികളും സ്ഥാപനങ്ങളും നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആർ.ഐ. സെന്ററുകളിൽ രജിസ്ട്രേഷൻ നടപടികൾ നിലവിലില്ല. ആയതിനാൽ നിലവിൽ പരിശീലനാർത്ഥികൾ ആർ.ഐ. സെന്ററുകളിൽ അവസരം കാത്തുനിൽക്കുന്ന സാഹചര്യമില്ല. അപ്രന്റീസ് പരിശീലനത്തിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസുകളെ പരിശീലനത്തിനായി നിയോഗിക്കണം എന്നറിയിച്ചുകൊണ്ടുള്ള കത്ത് എല്ലാ വകുപ്പ് മേധാവികൾക്കും വ്യാവസായിക പരിശീലന വകുപ്പ് നൽകുകയും, ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അപ്രന്റീസ് പരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം സ്ഥിരമായി നടത്തുകയും ചെയ്യുന്നുണ്ട്.

## ആർ.ഐ. സെന്ററുകളിൽ പരിശീലനത്തിനായി ട്രെയിനികൾ

258(2614) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പതിനായിരക്കണക്കിന് ട്രെയിനികളാണ് വർഷങ്ങളായി വിവിധ ആർ.ഐ. സെന്ററുകളിൽ പരിശീലനം കാത്തുനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2016 മുതൽ കേന്ദ്ര സർക്കാരിന്റെ അപ്രന്റീസ് പോർട്ടലായ www.apprenticeship.gov.in പോർട്ടലിലും 2020 മുതൽ ഡി.ജി.റ്റി.യുടെ നിർദ്ദേശ പ്രകാരം www.apprenticeshipindia.org എന്ന പോർട്ടലിലും പരിശീലനാർത്ഥികളും സ്ഥാപനങ്ങളും നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആർ.ഐ. സെന്ററുകളിൽ രജിസ്ട്രേഷൻ നടപടി നിലവിലില്ല. ആയതിനാൽ നിലവിൽ പരിശീലനാർത്ഥികൾ ആർ.ഐ. സെന്ററുകളിൽ അവസരം കാത്തുനിൽക്കുന്ന സാഹചര്യമില്ല.

(ബി) ഇത് പരിഹരിക്കുന്നതിനായി പരമാവധി സർക്കാർ വകുപ്പുകളിൽ ട്രെയിനികൾക്കായി അപ്രന്റീസ് പരിശീലനം നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമോ; വ്യക്തമാക്കുമോ?

അപ്രന്റീസ് പരിശീലനത്തിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസുകളെ പരിശീലനത്തിനായി നിയോഗിക്കണം എന്നറിയിച്ചുകൊണ്ടുള്ള കത്ത് എല്ലാ വകുപ്പ് മേധാവികൾക്കും വ്യാവസായിക പരിശീലന വകുപ്പ് നൽകുകയും ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അപ്രന്റീസ് പരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം സ്ഥിരമായി നടത്തുകയും ചെയ്യുന്നുണ്ട്.

## തൊടുപുഴ മണ്ഡലത്തിൽ പുതിയ ഐ.റ്റി.ഐ.

259(2615) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം പുതിയ ഐ.റ്റി.ഐ.-കൾ ആരംഭിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) തൊടുപുഴ നിയോജകമണ്ഡലത്തിൽ പുതിയ ഐ.റ്റി.ഐ. അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

**ചാലക്കുടി ഐ.ടി.ഐ.**

260(2616) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

&

(ബി) ഈ പ്രവൃത്തി നിലവിൽ ഏത്ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ചാലക്കുടി സർക്കാർ ഐ.ടി.ഐ.-യെ കിഫ്ബിയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആകെ 29.18 കോടിരൂപയാണ് അനുവദിച്ചിരിക്കുന്നത്. ടി തുകയിൽ ആദ്യ ഘട്ടത്തിൽ 8.92 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന മരങ്ങൾ മുറിച്ച് മാറ്റി ടി സ്ഥലം കെട്ടിട നിർമാണത്തിന് അനുയോജ്യമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**മലയിൻകീഴ് ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ**

261(2617) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ പുതിയ ട്രേഡുകളാണ് ആരംഭിക്കുന്നതെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ഈ അദ്ധ്യയന വർഷം പ്രസ്തുത ട്രേഡുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

മലയിൻകീഴ് ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA), പ്ലംബർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം**

262(2618) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-21 കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ തൊഴിൽ ലഭ്യമാക്കാൻ സാധിച്ചു; ജില്ല, വർഷം തിരിച്ച് വിശദാംശം നൽകുമോ?

സംസ്ഥാനത്ത് 2016-21 കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സർക്കാർ/അർദ്ധ സർക്കാർ, പൊതു മേഖലാസ്ഥാപനങ്ങളിലേയ്ക്ക് സ്ഥിരവും താൽക്കാലികവുമായ 53,997 (അൻപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ്) പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ 2016-2021 വർഷ കാലയളവിൽ 1,07,440 (ഒരു ലക്ഷത്തി ഏഴായിരത്തി നാനൂറ്റി നാല്പത്) പേർക്കും വിവിധ തസ്തികകളിൽ തൊഴിലവസരം നൽകിയിട്ടുണ്ട്. 2016 മുതൽ 2021 ജൂൺ 30 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടന്ന നിയമനങ്ങളുടെ വിവരം തസ്തിക, ജില്ല, വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജീവനക്കാരുടെ എണ്ണം തസ്തിക, ജില്ല തിരിച്ച് അറിയിക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജീവനക്കാരുടെ എണ്ണം, തസ്തിക, ജില്ല എന്നിവ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) മറ്റ് സർക്കാർ ഓഫീസുകളിൽ താൽക്കാലിക അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ട്.

(ഡി) എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളിൽനിന്ന് താൽക്കാലിക/ കരാർ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 9 (a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണ്. കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനയിലോ ഏതെങ്കിലും വ്യക്തികളോ സംഘടനകളോ സമർപ്പിക്കുന്ന രേഖാമൂലമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനയിലോ അനധികൃതമായി നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, അപ്രകാരം നിയമനം നേടിയവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ

263(2619) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയും മറ്റ് പ്രകൃതി ദുരന്തങ്ങളും പരിഗണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുവാൻ കഴിയാതെ വന്ന ഉദ്യോഗാർത്ഥികൾക്ക് അവസരം നീട്ടികൊടുക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് കാലയളവ് വരെയെന്നും വിശദമാക്കുമോ?

2020 ജനുവരി 1 മുതൽ 2021 മേയ് 31 വരെ രജിസ്ട്രേഷൻ പുതുക്കേണ്ട ഉദ്യോഗാർത്ഥികൾക്ക് 2021 ആഗസ്റ്റ് 31 വരെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനായി അവസരം നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഇപ്രകാരം അവസരം നൽകുന്നവരിൽ വിധവകൾ, ഭിന്നശേഷിക്കാർ, പ്രായപരിധി കഴിയാറായവർ എന്നിവർക്ക് എന്തെങ്കിലും മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണന ഇല്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

264(2620) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ബി.ബി.എസ്. ബിരുദധാരികൾ ഉൾപ്പെടെ പ്രൊഫഷണൽ ബിരുദധാരികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊഫഷണൽ ബിരുദധാരികളായ എത്ര പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്ക് കാത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രൊഫഷണൽ ബിരുദധാരികളായ 1,71,790 ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നത്.

## പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്

265(2621) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്?

കണ്ണൂർ ജില്ലയിലെ ചുവടെ പറയുന്ന താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി ലഭിച്ച അപേക്ഷകളുടെയും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | ലഭിച്ച അപേക്ഷകളുടെ എണ്ണം | നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തലശ്ശേരി | 1733 | 882 |
| 2 | കണ്ണൂർ | 3791 | 3146 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | തളിപ്പറമ്പ് | 1876 | 1179 |
| 4 | പയ്യന്നൂർ | 2083 | 663 |
| 5 | ഇരിട്ടി | 494 | 296 |
| | ആകെ | 9974 | 616 |

(ബി) താലൂക്കുകളിൽ നിന്നും സർക്കാർ പ്രസ്സിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ ഗസറ്റിൽ പരസ്യം ചെയ്യുന്നതിന് താമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടെന്നറിയിക്കുമോ;

താലൂക്കുകളിൽ നിന്നും സർക്കാർ പ്രസ്സിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ ഡി.റ്റി.പി. ഓപ്പറേറ്റർ, പ്രൂഫ് റീഡിംഗ് ജീവനക്കാരുടെ കുറവും, കോവിഡ്-19 രോഗ വ്യാപനത്തിന്റെ പശ്ചാത്തലവും കാരണം യഥാസമയം ഗസറ്റിൽ പരസ്യം ചെയ്യുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്.

(സി) സർക്കാർ പ്രസ്സിലേയ്ക്ക് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് പരസ്യം ചെയ്യാൻ അയയ്ക്കുന്ന അപേക്ഷകൾ ഓൺലൈനായി അയച്ചുകൊടുക്കുന്നതിനും എത്രാമത്തെ ഗസറ്റിലാണ് പരസ്യം ചെയ്യുന്നതെന്ന് അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് സന്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

സർക്കാർ പ്രസ്സിലേയ്ക്ക് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് പരസ്യം ചെയ്യാൻ അയയ്ക്കുന്ന അപേക്ഷകൾ ഓൺലൈനായി അയച്ചുകൊടുക്കുന്നതിനും, അപേക്ഷകന്റെ മൊബൈൽ ഫോണിൽ ഇത് സംബന്ധിച്ച് സന്ദേശം നൽകുന്നതിനുമുള്ള സംവിധാനം ഇപ്പോൾ അച്ചടി വകുപ്പിൽ നിലവിലില്ല. അച്ചടി വകുപ്പുമായി ബന്ധപ്പെട്ട് ഇതിനുള്ള സംവിധാനം നടപ്പിലാക്കാൻ കഴിയുമോ എന്ന് ആരായുന്നതാണ്.

**താലൂക്ക് വിഭജനം**

266(2622) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ താലൂക്ക് വിഭജനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കിയ ഭൂമി**

267(2623) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 25 സെന്റിൽ കുറവുള്ള പാടമോ, വയലോ സൗജന്യ ഫീസ് അടച്ച് പുരയിടമോ, പറമ്പോ ആക്കി മാറ്റുന്നതിന് സർക്കാർ ഇറക്കിയ ഉത്തരവിലെ അവ്യക്തതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഇതിലേയ്ക്കായി പുറപ്പെടുവിച്ച SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ 23-7-2021-ലെ REV-P1/117/2021-REV സർക്കുലർ മുഖേന നൽകിയിട്ടുള്ളതാണ്.

(ബി) ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം ഇറക്കിയ ഭൂമി പോലും തരം മാറ്റത്തിന് നൽകിയാൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന നിബന്ധന പരിശോധിക്കാമോ?

കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമില്ല. എന്നാൽ അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതലായാൽ അപേക്ഷകൻ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ നടപടികൾ എത്രമാത്രം പ്രയോജനപ്രദമാണെന്നത് സംബന്ധിച്ച് കൃഷി ഓഫീസറുടെ അഭിപ്രായം ആർ.ഡി.ഒ. വാങ്ങേണ്ടതാണ്.

(സി) ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം ഇറക്കിയ ഭൂമി പോലും അനാവശ്യകാരണങ്ങൾ പറഞ്ഞ് ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ കൃഷി ഫീൽഡ് ഓഫീസർമാർ മടക്കുന്നതിനാൽ പൊതു ജനങ്ങൾക്ക് സർക്കാർ നൽകിയ ആനുകൂല്യം ലഭിക്കാതെ പോകുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനത്തിനായുള്ള അപേക്ഷ സ്വീകരിച്ച് നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ ഡിവിഷണൽ ആഫീസർ ആണ്. കൃഷി ഫീൽഡ് ഓഫീസർമാർ അപേക്ഷ മടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്

268(2624) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഗസറ്റിൽ പരസ്യം വന്ന് ഒരു മാസം കഴിഞ്ഞാലും അച്ചടിച്ച ഗസറ്റ് ലഭ്യമാകാത്തതിനാൽ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാൻ കാത്തു നിൽക്കുന്ന അപേക്ഷകർക്ക് കേരള ഗസറ്റ് വെബ്സൈറ്റിൽ ലഭ്യമായത് പരിശോധിച്ച് പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി സർക്കാർ പ്രസ്സിലേയ്ക്ക് അയയ്ക്കുകയും പരസ്യം പ്രസിദ്ധപ്പെടുത്തുന്ന സർക്കാർ ഗസറ്റ് ഓരോ ലക്കത്തിന്റെയും അച്ചടിച്ച പകർപ്പ് ലഭിക്കുമ്പോൾ പരിശോധിച്ച് അതിലുൾപ്പെട്ടിട്ടുള്ള പരസ്യങ്ങൾക്ക്, സാക്ഷ്യപത്രം 30 ദിവസത്തിനുശേഷം അനുവദിക്കുന്ന രീതിയാണ് അനുവർത്തിച്ച് വന്നിരുന്നത്. പ്രിന്റിംഗ് ആൻഡ് സ്റ്റേഷണറി വകുപ്പ് ഗസറ്റ് വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന അതത് തീയതിയിൽ തന്നെ ഗസറ്റ് പരിശോധിച്ച് വന്നിട്ടുള്ള പരസ്യങ്ങൾ സംബന്ധിച്ച ഫയലുകൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തി, അവയിൽ കൃത്യം 30 ദിവസത്തിനകം സാക്ഷ്യപത്രം അനുവദിക്കുന്ന രീതി പല താലൂക്ക് ഓഫീസുകളിലും നിലവിൽ അനുവർത്തിച്ചുവരുന്നു. ഇത് സംസ്ഥാനത്തൊട്ടാകെ എല്ലാ താലൂക്ക് ഓഫീസുകളിലും ഏകീകൃത സ്വഭാവത്തോടെ നടപ്പിൽ വരുത്തുന്നതാണ്.

## സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെയുള്ള നടപടി

269(2625) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ . സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിക്കെതിരെ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിരുന്നോ?

ഇല്ല.

(ബി) പ്രസ്തുത വ്യക്തിയുടെ ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

15-7-2021-ലെ സ.ഉ. (സാധാ) 2421/2021/റവ. പ്രകാരം റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച കാരണം ഉത്തരവിൽ തന്നെപ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ വ്യക്തിക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ബാധകമല്ല.

**ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിയ നടപടി**

270(2626) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം, 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിക്കൊണ്ട് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 15-7-2021-ന് ഇറക്കിയ ഉത്തരവ് പുതുക്കി മറ്റൊരു ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 15-7-2021-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സാങ്കേതികമായ ചില പിഴവുകൾ വന്നിട്ടുണ്ടെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടതിനാലാണ് 19-7-2021-ൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിയ ഉത്തരവ് ഇറക്കുന്നതിനുമുൻപ് അന്വേഷണം നടത്തിയിരുന്നോ;

&

(സി) പ്രസ്തുത അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാഥമിക പരിശോധനയിലും ചില ഫയലുകൾ പരിശോധിച്ചതിലും പ്രസ്തുത ഉദ്യോഗസ്ഥ ഗുഡ് സർവ്വീസ് എൻട്രിക്ക് യോഗ്യയല്ല എന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ബോധ്യമായതിനാലാണ് ഗുഡ് സർവ്വീസ് എൻട്രി പിൻവലിച്ചത് എന്നാണ് സെക്രട്ടറിയുടെ ഉത്തരവിൽ കാണുന്നത്.

(ഡി) ഭരണഘടനയും നിയമങ്ങൾക്കും അനുസൃതമായി ജോലി ചെയ്ത ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിച്ച റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കെതിരെ എന്തെങ്കിലും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉദ്യോഗസ്ഥയ്ക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിയ നടപടി

271(2627) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശനിയമം, 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവ്വീസ് എൻട്രി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 15-7-2021-ന് പുറത്തിറക്കിയ ഉത്തരവിൽ റദ്ദാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന് നിയമസാധുതയുണ്ടോ; വ്യക്തമാക്കാമോ?

വിവരാവകാശ നിയമപ്രകാരം രേഖകൾ നൽകിയതിന് ഗുഡ് സർവ്വീസ് എൻട്രി റദ്ദ് ചെയ്തിട്ടില്ല. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ ഗുഡ് സർവ്വീസ് എൻട്രി അദ്ദേഹംതന്നെ റദ്ദ് ചെയ്യുകയാണ് ചെയ്തത്. ഇതുസംബന്ധിച്ച് മന്ത്രിക്ക് ലഭിച്ച പരാതി പരിശോധനയ്ക്കായി ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് ഇറക്കിയത് വകുപ്പുമന്ത്രിയുടെ അറിവോടെയാണോ എന്ന് വ്യക്തമാക്കാമോ?

അല്ല.

(സി) റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 15-7-2021- ന് ഇറക്കിയ ഉത്തരവിൽ I am of the view that she is not eligible for Good service Entry, Therefore I hereby cancel എന്ന വാചകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥന്റെ ഈ നടപടി നിയമവിരുദ്ധമാണോ എന്ന് പരിശോധിക്കുമോ; നിയമവിരുദ്ധമെങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരവിലെ വാചകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിതന്നെ ചില ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച റവന്യൂ മന്ത്രിക്ക് ലഭിച്ച പരാതി പരിശോധിച്ച് വിവരം നൽകുന്നതിനായി ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**പട്ടയ ഭൂമിയിലെ മരം മുറി**

272(2628) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ എ. കെ. എം. അഷ്റഫ്:

ശ്രീ . എൻ . ഷംസുദ്ദീൻ:

ശ്രീ . ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാമെന്ന സർക്കാർ ഉത്തരവ് റദ്ദാക്കിയതിനാൽ നിലവിൽ പട്ടയ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിക്കാൻ കർഷകർക്ക് കഴിയുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) കർഷകരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി കൂടുതൽ വ്യക്തതയോടെ ഉത്തരവ് പുറപ്പെടുവിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

**മരംമുറിയുമായി ബന്ധപ്പെട്ട് നടപടി**

273(2629) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മരംമുറി കേസുമായി ബന്ധപ്പെട്ട രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിരുന്നോ?

ഇല്ല.

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

&

(സി) ഇത് പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ബാധകമല്ല.

**സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം**

274(2630) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ ഡി. കെ. മുരളി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

&

(ബി) ഈ സംവിധാനം വഴി ഭൂമി കൈമാറ്റം നടക്കുമ്പോൾതന്നെ ഭൂമി സംബന്ധമായ വിവരങ്ങളും പ്രമാണ സംബന്ധമായ വിവരങ്ങളും ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് സാധിക്കുമോ?

സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പിന്റെ - ReLIS, സർവ്വേ വകുപ്പിന്റെ- Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ- PEARL എന്നിവ സംയോജിപ്പിച്ച് ഒരു single window portal' (ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ വിഷയങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷൻ ഓൺലൈൻ ആയി ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വികസിപ്പിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള സോഫ്റ്റ്വെയറാണ് PEARL. ഭൂമി രജിസ്ട്രേഷനുശേഷം അപേക്ഷകൾ ഓൺലൈൻ ആയി ബന്ധപ്പെട്ട വില്ലേജുകളിൽ ലഭ്യമാക്കുകയും പോക്കുവരവ് സമയബന്ധിതമായി

നടത്തുന്നതിനുള്ള സംവിധാനമാണ് ReLIS. GPS അധിഷ്ഠിത സർവ്വേ നടത്തിയിട്ടുള്ള വില്ലേജുകളുടെ സർവ്വേ മാപ്പുകൾ ഓൺലൈൻ ആയി നാളതീകരിക്കുന്നതിനും മറ്റ് വകുപ്പുകളുടെ textual വിവരങ്ങളുമായി സംയോജിപ്പിച്ച് ഭൂഭരണം സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് E-maps നടപ്പിലാക്കിയിട്ടുള്ളത്. ഈ മൂന്ന് വെബ് ആപ്ലിക്കേഷനുകളുടെയും വെബ് അധിഷ്ഠിത സംയോജനത്തിലൂടെ ഭൂസംബന്ധമായ എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ഏകജാലക സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ ഭൂമി സംബന്ധമായ വിവരങ്ങൾ ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന തരത്തിൽ ആണ് ടി സോഫ്റ്റ്‌വെയർ വിഭാവന ചെയ്തിട്ടുള്ളത്.

(സി) റവന്യൂ ഓഫീസുകളുടെ സേവനം സമഗ്രമാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കേരള ഭൂരേഖാ നവീകരണ മിഷൻ ഓഫീസ്, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റിലും 23 ആർ.ഡി.ഒ ഓഫീസുകളിലും 13 താലൂക്ക് ഓഫീസുകളിലും 129 വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 115 വില്ലേജ് ഓഫീസ്, 24 താലൂക്ക് ഓഫീസ്, 5 ആർ.ഡി.ഒ. ഓഫീസ് എന്നിവിടങ്ങളിൽക്കൂടി അടിയന്തിരമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മരംമുറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി**

275 (2631) <u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. ടി.സിദ്ദിഖ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരംമുറിയുമായി ബന്ധപ്പെട്ട ഫയലിൽ പ്രതികൂലമായി നോട്ടെഴുതിയ ഉദ്യോഗസ്ഥക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ പ്രസ്തുത ഉദ്യോഗസ്ഥയെ ഉന്നത വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് സ്ഥലം മാറ്റുകയോ ചെയ്തിരുന്നോ?

മരംമുറിയുമായി ബന്ധപ്പെട്ട ഫയലിൽ നോട്ടെഴുതിയ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. സെക്രട്ടേറിയേറ്റിലെ ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തിയ അവസരത്തിൽ പ്രസ്തുത ഉദ്യോഗസ്ഥയെ ഉന്നതവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) മരംമുറി സംബന്ധിച്ച ഉത്തരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരാവകാശ രേഖയിലൂടെ വെളിപ്പെട്ടതാണോ പ്രസ്തുത ഉദ്യോഗസ്ഥയ്ക്കെതിരെ ഇപ്രകാരം നടപടിയെടുക്കാൻ കാരണമെന്ന് അറിയിക്കാമോ?

അല്ല.

(സി) റവന്യ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ ഉദ്യോഗസ്ഥയെ റവന്യൂ വകുപ്പിൽനിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

പൊതുഭരണ വകുപ്പിൽ സാധാരണയായി നടത്തുന്ന സ്ഥലംമാറ്റത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവിലൂടെ പ്രസ്തുത ഉദ്യോഗസ്ഥയെ റവന്യൂ വകുപ്പിൽ നിന്നും മാറ്റി നിയമിച്ചിട്ടുണ്ട്.

**നെന്മാറ താലൂക്ക് രൂപീകരിക്കൽ**

276(2632) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയും പറമ്പിക്കുളവും ഉൾപ്പെടെ 10 പഞ്ചായത്തുകളും 14 വില്ലേജുകളും ഉൾപ്പെടുന്ന നെന്മാറ മണ്ഡലത്തിൽ നെന്മാറ കേന്ദ്രമായി താലൂക്ക് രൂപീകരിക്കേണ്ട ആവശ്യകത സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ, എന്നിവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നാക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യങ്ങൾ എന്നീ കാര്യങ്ങളും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തികസ്ഥിതിയും പരിഗണിച്ചാണ് താലൂക്കുകൾ രൂപീകരിക്കുന്നത്.

(സി) നെന്മാറ താലൂക്ക് രൂപീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

277(2633) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം ഗതാഗത യോഗ്യമല്ലാതായി തീർന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് ചെയ്യാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തര സ്വഭാവത്തിലുള്ള പുനരുദ്ധാരണ പ്രവൃത്തികൾ (Immediate repair/restoration) മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായിട്ടുള്ളത്. പ്രസ്തുത റോഡുകൾ അടിയന്തരമായി ഗതാഗതയോഗ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത്തരം പ്രവൃത്തികളുടെ ഭാഗമായി പുതിയ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ അനുവദിക്കാനാകില്ല. പ്രകൃതി ദുരന്തങ്ങളിൽ തകരുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും നിലവിലുള്ള അവസ്ഥ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

(ബി) പ്രവൃത്തികളുടെ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

10-10-2012-ലെ സ.ഉ. (കൈ) നം.384/2012/ഡി.എം.ഡി, 27-3-2018-ലെ സ.ഉ. (കൈ)നമ്പർ 3/2018/ഡി.എം.ഡി. എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹാരിസൺസ് മലയാളം ലിമിറ്റഡ് ഭൂമി

278(2634) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് മലയാളം ലിമിറ്റഡ് ഭൂമി ഓർഡിനൻസിലൂടെ തിരിച്ചെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസർ രാജമാണിക്യത്തിന്റെ റിപ്പോർട്ട് നിയമാനുസൃതം അല്ലെന്ന് സർക്കാരിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല. സംസ്ഥാനത്ത് ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി, 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർ & കളക്ടർ ശ്രീ. എം.ജി രാജമാണിക്യം ഐ.എ.എസ് സമർപ്പിച്ച റിപ്പോർട്ടിൽ ടി നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് എതിരെ നിരവധി സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിനും പ്രസ്തുത കേസ്സുകൾ തീർപ്പാകുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതിനും സാധ്യതയുള്ളതിനാൽ അത്തരം ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ പുതിയ നിയമ നിർമ്മാണം നടത്തുന്നതിനായി ശിപാർശ ചെയ്തിരുന്നു. ആയതിൻപ്രകാരം "കേരളാ ലാന്റ് ഗ്രാബിംഗ് (പ്രൊഹിബിഷൻ) ആക്ട് 2017" നുള്ള കരട് ബിൽ തയ്യാറാക്കി നിയമ വകുപ്പിന് സമർപ്പിച്ചപ്പോൾ പാട്ടക്കാലാവധി അവസാനിച്ച ഭൂമി കൈവശം വച്ചിരിക്കുന്നത് അനധികൃത കൈവശമായി കരുതാനാവില്ല എന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്റ്റ് എന്നീ പദ്ധതികൾ വ്യാപകമാക്കുന്നതിന് നടപടി

279(2635) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുന്നതിന് സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളെ അഴിമതി മുക്തമാക്കുന്നതിനും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരമുയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം)
4. റവന്യൂ ഇ-പേയ്മെന്റ്
5. ഇ-ഓഫീസ്
6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
7. റവന്യൂ മിത്രം
8. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ഈ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു.

(ബി) ഏതെല്ലാം ഓഫീസുകളിലാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്നും മുഴുവൻ വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നത് എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

ലാൻഡ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സംസ്ഥാനത്തെ എല്ലാ കളക്ടറേറ്റിലും 23 ആർ.ഡി.ഒ. ഓഫീസുകളിലും 13 താലൂക്ക് ഓഫീസുകളിലും 129 വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. 115 വില്ലേജ് ഓഫീസ്, 24 താലൂക്ക് ഓഫീസുകൾ, 5 ആർ.ഡി.ഒ. ഓഫീസുകൾ തുടങ്ങിയവയിൽക്കൂടി അടിയന്തരമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഹാർഡ്‌വെയർ വാങ്ങിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനായി ഐ.ടി. മിഷനുമായി ചർച്ചകൾ നടന്നുവരുന്നതിനാൽ ആയത് പരിഹരിക്കുന്ന മുറയ്ക്ക് അടിയന്തരമായി വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഓൺലൈനായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഇ-ഡിസ്ട്രിക്ട് പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിൽ റവന്യൂ വകുപ്പിൽനിന്നും ഇ-ഡിസ്ട്രിക്ട് മുഖാന്തരം 24 ഇനം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകിവരുന്നത്. സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരിൽനിന്നും ശേഖരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഐ.ടി. മിഷനും, സി-ഡിറ്റുമായി സഹകരിച്ച് ഇ-ഓഫീസ് പോർട്ടൽ നവീകരിക്കാനുള്ള പദ്ധതി നടന്നുവരുന്നു. സ്വഗൃഹത്തിൽ ഇരുന്നുകൊണ്ടുതന്നെ പരമാവധി സൗകര്യപ്രദമായി ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉതകുന്നതരത്തിൽ ഇ-ഓഫീസ് പോർട്ടൽ നവീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

## സൂര്യകാലടി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

280(2636) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് സൂര്യകാലടി മനയ്ക്ക് സമീപം നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

&

(ബി) പ്രസ്തുത നിർമ്മാണം നീണ്ടുപോകാനുള്ള കാരണങ്ങൾ വിശദീകരിക്കാമോ?

കോട്ടയം നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പണി നടന്നുകൊണ്ടിരിക്കുന്നത് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികളായ ആറുമാനൂർ, ചവിട്ടുവേലിക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ്. ടി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിലേയ്ക്ക് നോഡൽ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രം പത്തനംതിട്ടയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 19-11-2015-ലെ സർക്കാർ ഉത്തരവ് 6032/2015/ആർ.ഡി. പ്രകാരം കേരളത്തിൽ വിവിധ ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ ടി പാലങ്ങൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 3-12-2015-ലെ ഡി.എൻ.കെ/2015-16 പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും EPC കോൺട്രാക്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇ-ടെണ്ടർ വിളിച്ചതിൻപ്രകാരം SERMS infrastructure Pvt. Ltd തിരുവനന്തപുരം 4-2-2016-ൽ 28.58 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പദ്ധതിക്കുവേണ്ട ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി integral solutions, Kochi-യെയാണ് നിയമിച്ചത്. Pre Stressed segmental Slab പ്രത്യേക യാർഡുകളിൽ നിർമ്മിക്കുകയും സൈറ്റിൽ പൂർത്തീകരിച്ചിട്ടുള്ള തൂണുകളിൽ സ്ഥാപിക്കുന്ന രീതിയിലാണ് ടി നിർമ്മാണങ്ങളുടെ നിർമ്മാണം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

8-2-2016-ൽ കൂടിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ യോഗത്തിൽ 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള 5 പാലങ്ങളുടെ പണി പൂർത്തീകരിക്കണമെന്നും പണി ആരംഭിച്ചിട്ടില്ലാത്ത 4 പാലങ്ങളുടെ പ്രവൃത്തികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ആരംഭിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. ടി തീരുമാനത്തിനെതിരെ SERMS infrastructure Pvt. Ltd. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 3178/2018 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-1-2018-ലെ ഉത്തരവുപ്രകാരം 2 മാസത്തിനകം നിരക്ക് വർദ്ധനവ്, സപ്ലിമെന്ററി എഗ്രിമെന്റ്, റീഡിസൈൻ എന്നിവയിൽ ഉചിതമായ തീരുമാനം SERMS-ന് നൽകണമെന്ന് ഉത്തരവാകുകയുണ്ടായി. എന്നാൽ SERMS infrastructure Pvt.Ltd. 29-10-2018, 5-11-2018 തീയതികളിൽ ടെർമിനേഷൻ നോട്ടീസ് നൽകുകയും ആയതിന് മറുപടിയായി നിർമ്മാണം തുടങ്ങിയ 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് 7-11-2018-ൽ ജില്ലാ നിർമ്മിതി കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ടി കമ്പനി പ്രവൃത്തി പുനരാരംഭിക്കാതെ ആർബിട്രേഷൻ നടപടിയിലേയ്ക്ക് പോകുകയും ടി കേസിൽ 7-10-2020-ൽ 3,72,81,524 (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി എൺപത്തൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ മാത്രം) രൂപയും അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നതുവരെ ആയതിന് 9% പലിശയും SERMS infrastructure Pvt.Ltd-ന് നൽകുന്നതിന് വിധിക്കുകയും ആയതിനെതിരെ ബഹുമാനപ്പെട്ട പത്തനംതിട്ട സബ്കോടതി മുമ്പാകെ പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രം ഒന്നാം അപ്പലേറ്റായും ജില്ലാ കളക്ടർ രണ്ടാം അപ്പലേറ്റായും കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 22-10-2020-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ യോഗതീരുമാനപ്രകാരം ടി 5 പാലങ്ങളുടെ ഡിസൈൻ സ്ലാബ് ചെയ്തത് സംബന്ധിച്ച സാങ്കേതിക പഠനം നടത്തുന്നതിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രവും ഇന്റഗ്രൽ സൊല്യൂഷനും നൽകിയ ഡോക്യുമെന്റ്സ് പര്യാപ്തമല്ലെന്ന് കാണിച്ച് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം, അറിയിച്ചതിനെത്തുടർന്ന് ആയത് ലഭ്യമാക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം സാങ്കേതിക പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## സർക്കാർ ഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും തിരിച്ചുപിടിക്കുന്നതിന് നടപടി

281(2637) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ് സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചുപിടിക്കുന്നതിനായി വിവിധ സർക്കാരുകൾ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ് സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചുപിടിക്കുന്നതിനായി കയ്യേറ്റം തിട്ടപ്പെടുത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം സി.സി. ഫോറം നോട്ടീസ് നൽകിയിട്ടുള്ളതാണ്.

(ബി) കയ്യേറിയ ഭൂമിയിൽനിന്നും സ്വകാര്യ വ്യക്തികളെ ഒഴിപ്പിക്കാൻ കഴിഞ്ഞ സർക്കാരിന്റേതുൾപ്പെടെ എല്ലാ കാലങ്ങളിലും നടപടി സ്വീകരിച്ചിരുന്നെങ്കിലും പരിപൂർണ്ണമായി ഒഴിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ?

കയ്യേറ്റകക്ഷികളെ പുനരധിവസിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 26280/16 കേസിലെ 8-11-2016-ലെ വിധിപ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 0.0118 ഹെക്ടർ ഭൂമി 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 Sq.m ഭൂമി വീതം തുല്യമായി വീതിച്ച് നൽകി. 29-12-2020-ലെ സ.ഉ.(കൈ)നമ്പർ313/2020/റവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പാട്ടത്തിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും ഭൂമി കൈമാറുന്നതിനായി തുടർനടപടികൾ നടന്നുവരുന്നതുമാണ്. പുനരധിവാസം സംബന്ധിച്ച നടപടികൾ പരിഗണനയിൽ ആയതിനാൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടില്ല.

(സി) കയ്യേറ്റക്കാരിൽനിന്നും പരിപൂർണ്ണമായി ഒഴിപ്പിച്ച് പ്രസ്തുത ഭൂമി കെ.എസ്.ആർ.ടി.സി.-ക്ക് എന്നത്തേയ്ക്ക് തിരികെ നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

പുനരധിവാസം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കാൻ കഴിയൂ.

### തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം

282(2638) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് അവർ താമസിക്കുന്ന ഭൂമിയുടെ പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇത്തരത്തിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തീരദേശത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് താമസിക്കുന്നവർക്ക് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടപ്രകാരവുമുള്ള വ്യവസ്ഥകൾ പ്രകാരവും പട്ടയം അനുവദിക്കുന്നുണ്ട്. എന്നാൽ CRZ (കോസ്റ്റൽ സോൺ റഗുലേഷൻ) വ്യവസ്ഥകൾ പട്ടയം നൽകുമ്പോൾ പാലിക്കേണ്ടതായിട്ടുള്ളതിനാൽ തീരദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സർക്കാരിൽനിന്നും പ്രത്യേകം ഉത്തരവ് ആവശ്യമായി വരുന്നുണ്ട്. കൂടാതെ കോസ്റ്റൽ സോണിൽ പട്ടയം നൽകുമ്പോൾ സ്വീകരിക്കേണ്ടിവരുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസവും ഉണ്ടാകുന്നുണ്ട്.

### പട്ടയം, കൈവശരേഖ വിതരണം

283(2639) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന പട്ടിക ജില്ല തിരിച്ച് വിശദമാക്കാമോ?

| ക്രമ നമ്പർ | ജില്ല | പട്ടയം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 2759 |
| 2 | കൊല്ലം | 2337 |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 759 |
| 4 | ആലപ്പുഴ | 1276 |
| 5 | കോട്ടയം | 853 |
| 6 | ഇടുക്കി | 35095 |
| 7 | എറണാകുളം | 5388 |
| 8 | തൃശ്ശൂർ | 38534 |
| 9 | പാലക്കാട് | 16234 |
| 10 | മലപ്പുറം | 26388 |
| 11 | കോഴിക്കോട് | 10280 |
| 12 | വയനാട് | 3262 |
| 13 | കണ്ണൂർ | 10172 |
| 14 | കാസർകോട് | 9442 |

(ബി) 2011 -16 കാലയളവിൽ എത്ര പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന പട്ടിക ജില്ല തിരിച്ച് വിശദമാക്കാമോ?

| ക്രമ നമ്പർ | ജില്ല | പട്ടയം, കൈവശ രേഖകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 7852 |
| 2 | കൊല്ലം | 1603 |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 2155 |
| 4 | ആലപ്പുഴ | 1128 |
| 5 | കോട്ടയം | 3313 |
| 6 | ഇടുക്കി | 23142 |
| 7 | എറണാകുളം | 5705 |
| 8 | തൃശ്ശൂർ | 11109 |
| 9 | പാലക്കാട് | 14514 |
| 10 | മലപ്പുറം | 18164 |
| 11 | കോഴിക്കോട് | 12182 |
| 12 | വയനാട് | 749 |
| 13 | കണ്ണൂർ | 21400 |
| 14 | കാസർകോട് | 11444 |

**മലയോര പട്ടയ ഭൂമിയിലെ കോഴി കൃഷി**

284(2640) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര പട്ടയ ഭൂമിയിൽ കോഴി കൃഷി ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വന്യജീവി ആക്രമണംമൂലം വ്യാപകമായി കൃഷി നശിക്കുന്ന സാഹചര്യത്തിൽ കോഴി വളർത്തൽപോലുള്ള കാർഷികാനുബന്ധ പ്രവൃത്തികളിലൂടെ ഉപജീവനം നടത്തുന്ന പട്ടയ ഉടമകളായ മലയോര നിവാസികൾക്ക് ആയതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം

285(2641) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും പട്ടയവും അനുവദിച്ച് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് താഴെപ്പറയുന്ന ചട്ടങ്ങൾ/ പദ്ധതികൾ പ്രകാരം ഭൂമിയും പട്ടയവും അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

1. 2006-ലെ വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ.
2. കേന്ദ്രാനുമതി ലഭിച്ചതും പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ടതുമായ 19000 ഏക്കർ നിക്ഷിപ്ത വനഭൂമിക്ക് 2001-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ.
3. 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമീകരിക്കുന്നതിന് 1993-ലെ ഭൂമിപതിവ് പ്രത്യേക ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ.
4. 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾപ്രകാരം റവന്യൂഭൂമിയ്ക്ക് അനുവദിക്കുന്ന പട്ടയങ്ങൾ.
5. 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം അനുവദിക്കുന്ന മിച്ചഭൂമി പട്ടയങ്ങൾ.
6. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന ലാൻഡ് ബാങ്ക് പദ്ധതി.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കരിമ്പുഴ-1 വില്ലേജിലെ കരിപ്പമണ്ണ ഭാഗത്തെ കൊണ്ടൻമലയിൽ പട്ടയം ഇല്ലാതെ താമസിച്ചുവരുന്ന രണ്ട് കുടുംബങ്ങൾക്ക് അവർ താമസിക്കുന്ന ഷെഡ്ഡ് ഇരിക്കുന്ന സ്ഥലം പതിച്ച് നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥലം എൽ.ആർ.എ.3-49551/200 നമ്പർ ഉത്തരവുപ്രകാരം വേറെ വ്യക്തികൾക്ക് പതിച്ച് നൽകിയിരുന്നെങ്കിലും വീട് നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ പ്രസ്തുത സ്ഥലം വേണ്ടെന്നും വീട് നിർമ്മിക്കാൻ അനുയോജ്യമായ വേറെ സ്ഥലം ലഭിക്കുമ്പോൾ അനുവദിച്ചാൽ മതിയെന്നും പതിച്ച് കിട്ടിയ വ്യക്തികൾ രേഖാമൂലം എഴുതി നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള പട്ടയം റദ്ദ് ചെയ്ത് നിലവിൽ പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവരുടെ പേരിൽ പതിച്ച് നൽകുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

**പട്ടയം നൽകുന്നതിലെ കാലതാമസത്തിന് കാരണം**

286(2642) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടം മണ്ഡലത്തിൽ പട്ടയം നൽകുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ?

കഴക്കൂട്ടം മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ നിയമപരമായ നടപടിക്രമം പാലിക്കുന്നതിലെ കാലതാമസം മാത്രമാണുണ്ടായിട്ടുള്ളത്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകാവുന്നതാണ്.

**പട്ടയം ലഭ്യമാക്കാൻ നടപടി**

287(2643) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളുൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സ്ഥിരപട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളുൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്ത് സർവ്വേനടപടികൾ പൂർത്തിയായിട്ടുള്ളതും ആയത് ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരത്തിനായി 22-1-2020-ൽ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ വ്യക്തിഗത സ്കെച്ചുകൾ തയ്യാറാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വില്ലേജിൽനിന്നും LA റിക്കാർഡുകൾ തയ്യാറാക്കാനും സാധിക്കുകയുള്ളൂ. ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കൈവശക്കാർക്ക് പട്ടയം നൽകാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത പ്രദേശത്തെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

1994-ൽത്തന്നെ പ്രസ്തുത പ്രദേശത്തെ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്ര പേർക്കാണ് പട്ടയം നൽകേണ്ടത്; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരംതിരിച്ചിട്ടുണ്ടോ?

അഞ്ചുചങ്ങല പ്രദേശത്ത് പട്ടയം നൽകുന്നതിന് നിലവിൽ 476 അപേക്ഷകളാണുള്ളത്. ഏകദേശം അഞ്ഞൂറ്റിയെട്ടോളം (508) കൈവശക്കാർ അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ വില്ലേജുകളിലുള്ളതായി അറിയുന്നു. ഇതിൽ കൃഷിഭൂമി എത്രയാണെന്നും താമസക്കാർ എത്രയാണെന്നും തരംതിരിച്ചിട്ടില്ല.

(ഡി) എത്ര പേർക്ക് പട്ടയം നൽകാനുള്ള നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടോ; വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കി നൽകാമോ?

പട്ടയം നൽകുന്നതിനുള്ള നടപടികൾ നിലവിൽ പൂർത്തിയായിട്ടില്ല. ഇറിഗേഷൻ, വനം എന്നീ വകുപ്പുകളുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളത്, ആയതിന്റെ മുഴുവൻ രേഖകളും റവന്യൂ വകുപ്പിൽ ലഭ്യമാണോ, കൃത്യമായ റീ-സർവ്വേ രേഖകളില്ലെന്ന കാരണത്താൽ പട്ടയ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

2014-15 കാലഘട്ടത്തിലാണ് 476 അപേക്ഷകളിന്മേൽ പട്ടയ നടപടികൾ ആരംഭിച്ചത്. 26-2-2019-ലെ ജി.ഒ. (ആർ.റ്റി.)77/19/റവ. പ്രകാരം പരമാവധി 15 സെന്റ് നിജപ്പെടുത്തി കൈവശഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള നടപടി നിലവിൽ നടന്നുവരുന്നു. ബി.റ്റി.ആർ., എഫ്.എം.ബി. എന്നിവ റവന്യൂ വകുപ്പിൽ ലഭ്യമാണ്.

(എഫ്) പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയുംവേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടില്ല. സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടയവിതരണവും കൈവശവകാശരേഖയും

288(2644) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിൽ വിവിധ വില്ലേജുകളിലായി പട്ടയം ലഭിക്കുന്നതിനും കൈവശാവകാശ രേഖ ലഭിക്കുന്നതിനുമായി എത്ര അപേക്ഷകളുണ്ടെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ അപേക്ഷയിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

210 ലാൻഡ് അസൈൻമെന്റ് പട്ടയ അപേക്ഷകളിൽ 40 എണ്ണത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 50 അപേക്ഷകളിൽ പഞ്ചായത്തിൽ നിന്നും NOC ലഭിക്കാത്തതിനാലും 40 അപേക്ഷകളിൽ വ്യവസ്ഥകൾ പാലിക്കാത്തതിനാലും 80 അപേക്ഷകളിൽ വില്ലേജ് ഓഫീസിൽനിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാലും നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. മിച്ചഭൂമി പട്ടയങ്ങൾ മുൻപ് അനുവദിച്ചിട്ടുള്ളതിനാൽ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് മുൻ പതിവുകാരുടെ പട്ടയം റദ്ദ് ചെയ്യേണ്ടതിനാൽ ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 369 കൈവശരേഖ അപേക്ഷകളിലും സംയുക്ത പരിശോധന നടത്തി അർഹരായവരുടെ വിവരങ്ങൾ ഗൂഗിൾ മാപ്പിൽ അപ്‌ലോഡിംഗ് ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വിതരണം ചെയ്ത പട്ടയങ്ങൾ

289(2645) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണവും ഭൂവിസ്തൃതിയും ജില്ല തിരിച്ച് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നമ്പർ | ജില്ല | പട്ടയം | ഭൂവിസ്തൃതി (ha) |
|---|---|---|---|
| 1 | തിരുവനന്തപുരം | 2702 | 44.6000 |
| 2 | കൊല്ലം | 2324 | 24.0706 |
| 3 | പത്തനംതിട്ട | 752 | 58.6261 |
| 4 | ആലപ്പുഴ | 1167 | 64.4967 |
| 5 | കോട്ടയം | 826 | 36.9757 |
| 6 | ഇടുക്കി | 35095 | 6182.7261 |
| 7 | എറണാകുളം | 5305 | 562.8966 |
| 8 | തൃശ്ശൂർ | 38532 | 122.6589 |
| 9 | പാലക്കാട് | 16234 | 2081.7645 |
| 10 | മലപ്പുറം | 26378 | 29.34641 |
| 11 | കോഴിക്കോട് | 10280 | 8.5534 |
| 12 | വയനാട് | 3175 | 21.9473 |
| 13 | കണ്ണൂർ | 10171 | 1469.1199 |
| 14 | കാസർകോട് | 9294 | 213.9449 |
| | | 162235 | 10921.72711 |

(ബി) എത്ര കൈവശ കൃഷിക്കാർക്കും എത്ര ഭൂരഹിതർക്കുമാണ് പട്ടയം നൽകിയതെന്ന് വിശദമാക്കാമോ?

52046 കൈവശകൃഷിക്കാർക്കും 23327 ഭൂരഹിതർക്കും പട്ടയം നൽകിയിട്ടുണ്ട്.

(സി) പട്ടയം നൽകിയ ഇനത്തിൽ എത്ര തുക സർക്കാരിന് ലഭിച്ചുവെന്ന് വിശദമാക്കാമോ?

പട്ടയം നൽകിയ ഇനത്തിൽ 9,34,95,317.70 (ഒൻപത് കോടി മുപ്പത്തിനാലുലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി മുന്നൂറ്റി പതിനേഴ് രൂപ എഴുപത് പൈസ) സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം**

290(2646) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ കാരണം കഷ്ടത അനുഭവിച്ചവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകാൻ സാധിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേലാണ് പ്രസ്തുത തുക അനുവദിച്ചതെന്നും അറിയിക്കാമോ;

പ്രകൃതിദുരന്ത ധനസഹായം നൽകുന്നതിന്റെ വിവരങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ നിലവിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ കനത്ത മഴയിൽ തകർന്ന്, വീടിന് കനത്ത ഭീഷണി നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കുമോ; എങ്കിൽ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

&

(സി) ഉയർന്ന പ്രദേശങ്ങളിൽ സംഭവിക്കുന്ന ഇത്തരം അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ മഴയിൽ തകർന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ധനസഹായം വിതരണം ചെയ്യാൻ സാധിക്കുകയില്ല.

(ഡി) പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടക്കണക്ക് തയ്യാറാക്കുന്ന തിനായി ഏതൊക്കെ സാങ്കേതിക വിഭാഗങ്ങൾക്കാണ് കൈമാറുന്നത് എന്നറി യിക്കാമോ?

നാശനഷ്ട കണക്ക് തയ്യാറാക്കാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർമാർക്കാണ് കൈമാറുന്നത്.

### ദുരന്തലഘൂകരണം ലക്ഷ്യം വച്ച് ആസൂത്രണ രേഖ തയ്യാറാക്കൽ

291(2647) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ദുരന്തലഘൂകരണം ലക്ഷ്യംവച്ച് ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് കരട് രേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണം ലക്ഷ്യംവച്ച് ആസൂത്രണരേഖ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്.

(ബി) ആസൂത്രണരേഖ തയ്യാറാക്കിവരുന്ന തിരുവനന്തപുരം ജില്ലയിലെ ആശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ ജില്ലയിലെ താഴെപ്പറയുന്ന 5 ആശുപത്രികളിൽ ആസൂത്രണരേഖ തയ്യാറാക്കി വരുന്നു.

1. ജനറൽ ആശുപത്രി, തിരുവനന്തപുരം.
2. മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം .
3. താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല.
4. താലൂക്കാശുപത്രി, വിതുര.
5. കുടുംബാരോഗ്യകേന്ദ്രം, ഉഴമലയ്ക്കൽ.

### അരൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

292(2648) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലുൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കുന്നില്ല. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ല. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണം**

293(2649) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവ് നടപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) 19-11-2015-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 6032/15/ആർ.ഡി. ഉത്തരവ് പ്രകാരം ഭരണാനുമതിക്കായി സമർപ്പിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ജില്ലാ വിദഗ്ധസമിതി അംഗീകരിക്കാതിരുന്നതിനാൽ തുക നൽകുന്നതിന് സാധിച്ചിരുന്നില്ല. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-8-2017-ൽ ചേർന്ന യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പാലം പണി നടത്താനുള്ള ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെയും പണി തുടങ്ങാത്ത 4 കേസുകളിൽ പണി ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്.

(സി) ഇതോടൊപ്പം അനുവദിച്ചതും റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി ആയതുമായ ഏതെല്ലാം പ്രവൃത്തികൾക്ക് നിർമ്മാണാനുമതി നൽകിയെന്നും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് മറ്റ് പാലം നിർമ്മാണങ്ങളൊന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണത്തിന് അടിയന്തരമായി അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

294(2650) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ നീക്കിയിരിപ്പുള്ള തുകയെത്രയാണ്?

1,23,62,995 രൂപ (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം)

(ബി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഏറനാട് മണ്ഡലത്തിന്റെ വികസനത്തിനായി 2016-21 കാലയളവിൽ സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

പ്രൊപ്പോസലുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുള്ള പ്രൊപ്പോസലുകളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും അവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി അടിയന്തരമായി പണി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കോട്ടക്കൽ പുഴ സംരക്ഷണം

295(2651) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019, 2020 വർഷങ്ങളിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും പുഴയുടെ സംരക്ഷണഭിത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

എഴ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 2019, 2020, 2021 വർഷങ്ങളിൽ പുഴ സംരക്ഷണഭിത്തിയുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

1. 1-3-2019-ലെ സ.ഉ(സാധാ) നമ്പർ 731/2019 പ്രകാരം അനുവദിച്ച പ്രവൃത്തികൾ:-

    (i) മമ്പാട് ഗ്രാമപഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതിക്ക് സമീപം കുതിരപ്പുഴയുടെ ഇടതുകര സംരക്ഷണം (45.70 ലക്ഷംരൂപ )

    (ii) കോഡൂർ ഗ്രാമപഞ്ചായത്തിലെ നൂറാടി പാലത്തിനുതാഴെ ചോളശ്ശേരി കടവിൽ കടലുണ്ടിപ്പുഴയിൽ സംരക്ഷണഭിത്തി നിർമ്മാണം (55.00 ലക്ഷം രൂപ )

2. 2-10-2019-ലെ സ.ഉ(സാധാ) നമ്പർ 2754/2019 പ്രകാരം അനുവദിച്ച പ്രവൃത്തികൾ

    (i) മലപ്പുറം മുനിസിപ്പാലിയിലെ വാർഡ് 13, 14 ശാന്തി നഗറിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (51.59 ലക്ഷം രൂപ).

    (ii) മലപ്പുറം മുനിസിപ്പാലിയിലെ 13-ാം വാർഡിലെ കാളമ്പാടിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (46.40 ലക്ഷംരൂപ ).

    (iii) പറപ്പൂർ പഞ്ചായത്തിലെ 1-ാം വാർഡിൽ ഇല്ലിപ്പുലാക്കലിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (23.51 ലക്ഷം രൂപ)

    (iv) എ.ആർ. നഗർ പഞ്ചായത്തിൽ 19-ാം വാർഡിലെ മൂഴിക്കലിൽ (293-സി) വീടിനോട് ചേർന്ന് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (40.00 ലക്ഷം രൂപ)

    (v) എ.ആർ. നഗർ പഞ്ചായത്തിൽ 19-ാം വാർഡിലെ മമ്പുറം പുതിയ പാലത്തിനുമേൽഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (17.00 ലക്ഷം രൂപ)

    (vi) എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ മൂഴിക്കൽ കോളനിയിൽ പി. എം. ജാഫർ എന്നവരുടെ വീടിനോടുചേർന്ന് (റീ-സർവ്വേ നമ്പർ 226/14) കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം (31.00 ലക്ഷം രൂപ)

(vii) പരപ്പനങ്ങാടി മുനിസിപ്പാലിറ്റി നെടുവ വില്ലേജ് ഉള്ളണം ലാക്കൽ പ്രദേശത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം (60.00 ലക്ഷം രൂപ)

(viii) വാഴക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 5, റീ-സർവ്വേ നമ്പർ 23/1 വാഴക്കാട് ആമക്കോടിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം (52.00 ലക്ഷംരൂപ )

(ix) വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ശ്രീമതി പത്മജ w/o. സത്യൻ എന്ന വ്യക്തിയുടെ സ്ഥലത്ത് കലക്കൻ പുഴയുടെ ഇടതുകരയിലും വലതുകരയിലും സംരക്ഷണഭിത്തി നിർമ്മാണം (18.50 ലക്ഷം രൂപ)

(x) പുത്തൂർ ഗ്രാമപഞ്ചായത്തിലെ കുറ്റിക്കാട്ട് കടവിന്റെ താഴത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാം ഘട്ടം (51.00 ലക്ഷം രൂപ)

(xi) കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന് മേൽഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാംഘട്ടം (25.00 ലക്ഷം രൂപ)

(സി) 2020-ൽ സംസ്ഥാനതല സമിതിയിലേയ്ക്ക് കളക്ടർ ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഒന്നും ശിപാർശ ചെയ്തിട്ടില്ലാത്തതാണ്.

(ഡി) 2020, 2021 വർഷങ്ങളിൽ സർക്കാർ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഒന്നും അനുവദിച്ചിട്ടില്ലാത്തതാണ്.

**നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം**

296(2652) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കുന്ന ഡാറ്റാ ബാങ്കിൽനിന്നും കൃഷിഭൂമിയെ ഒഴിവാക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ 4(d) മുതൽ 4(f) വരെയുള്ള ചട്ടങ്ങൾപ്രകാരം ആർ.ഡി.ഒ.-യ്ക്കും ചട്ടം 4(6) പ്രകാരം ഇക്കാര്യത്തിൽ 90 ദിവസത്തിനകമുള്ള അപേക്ഷ പരിഗണിക്കാൻ പ്രാദേശിക നിരീക്ഷണസമിതിക്കും അധികാരമുണ്ട്.

(ബി) ഈ അധികാരം സംസ്ഥാനത്ത് എവിടെയെങ്കിലും ദുർവിനിയോഗം ചെയ്യപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ വിശദാംശം നൽകുമോ ?

ബാധകമല്ല.

**തിരുവനന്തപുരം കോർപ്പറേഷൻ പുറത്തിറക്കിയ ഡാറ്റാ ബാങ്ക്**

297(2653) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ 2021-ൽ പുറത്തിറക്കിയ ഡാറ്റാ ബാങ്കുകളിൽനിന്നും ഒഴിവാക്കിയ ഭൂമികളിൽ പരിവർത്തനം നടത്തുന്നതിന് ഉടമകൾ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ?

ഡാറ്റാബാങ്കിൽനിന്നും ഒഴിവാക്കിയ ഭൂമിയുടെ തരംമാറ്റത്തിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 12(1) പ്രകാരം, ഭൂമിയുടെ വിസ്തൃതി 20.2 ആർ-ൽ കുറവാണെങ്കിൽ 6-ാം നമ്പർ ഫോറത്തിലും 20.23 ആറോ അതിൽ കൂടുതലോ ആണെങ്കിൽ 7-ാം നമ്പർ ഫോറത്തിലും റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷാ ഫീസായി 1000 രൂപ അടവാക്കേണ്ടതുമാണ്.

(ബി) 25 സെന്റിന് താഴെ പരിവർത്തനം നടത്തുന്ന ഡാറ്റാ ബാങ്കുകളിൽ നിന്നും ഒഴിവാക്കിയ ഭൂമിയിൽ കൽപ്പ വൃക്ഷങ്ങളടക്കമുണ്ടെങ്കിൽ കൃഷി ഓഫീസർമാരുടെ അധിക സർട്ടിഫിക്കറ്റ് തരംമാറ്റലിന് ആവശ്യമുണ്ടോ?

കൃഷി ഓഫീസറുടെ റിപ്പോർട്ട് ആവശ്യമില്ല.

(സി) ഡാറ്റാ ബാങ്കുകളിൽ നിന്നും ഒഴിവാക്കിയ ഭൂമി തരംമാറ്റം നടത്തുന്നതിന് കൃഷി ഓഫീസർമാരുടെ അധിക സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുമെന്ന് അറിയിക്കാമോ?

അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതലായാൽ അപേക്ഷകൻ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ നടപടികൾ എത്രമാത്രം പ്രയോജനപ്രദമാണെന്നത് സംബന്ധിച്ച് കൃഷി ഓഫീസറുടെ അഭിപ്രായം വാങ്ങേണ്ടതുണ്ട്.

(ഡി) ഇത്തരത്തിൽ നിരസിക്കുന്ന അപേക്ഷകളിന്മേൽ അപ്പീൽ അപേക്ഷ ആർക്കാണ് നൽകേണ്ടത്; വിശദമാക്കാമോ?

റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ പ്രസ്തുത ഉത്തരവ് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം അപ്പീൽ അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(ഇ) ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താത്ത ഭൂമി തരംമാറ്റലിന് അനുവദിക്കാതെ നിരസിക്കുന്ന സാഹചര്യത്തിൽ ഭൂമി തരംമാറ്റലിന് ആവശ്യമായ നിയമപരമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താത്ത ഭൂമി തരംമാറ്റലിന് അനുവദിക്കാതെ ആർ.ഡി.ഒ. നിരസിക്കുന്ന പക്ഷം 30 ദിവസത്തിനുള്ളിൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

**പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി**

298(2654) <u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലവധി കഴിഞ്ഞ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ടി കേസ്സുകളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 15-2-2020-ലെ സ.ഉ.(പി)നമ്പർ 16/2020/റവ, സ.ഉ (പി) നമ്പർ 17/20/റവ. എന്നീ ഉത്തരവുകൾ പ്രകാരം പാട്ട കക്ഷിക്ക് നിയമാനുസൃതമായി നോട്ടീസ് നൽകുകയും തുകയൊടുക്ക് വരുത്താത്തപക്ഷം കക്ഷിക്കെതിരെ റവന്യൂ റിക്കവറി നടപടികളിലൂടെ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നടപടിയുടെ ഭാഗമായി എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നടപടിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ 64.12 ആർ, ഇടുക്കി 38.45 ആർ. തൃശ്ശൂർ 30.57 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശംവച്ചിരിക്കുന്നതും പാട്ടക്കുടിശ്ശിക വരുത്തിയതുമായ ഭൂമിയുടെ പാട്ടക്കുടിശ്ശിക തീർത്ത് കരാർ പുതുക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചിരിക്കുന്നതും പാട്ടക്കുടിശ്ശിക വരുത്തിയതുമായ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഒടുക്ക് വരുത്തിയശേഷം പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യം പരിഗണിച്ച് ആയത് പുതുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തോട്ടം ഭൂമി ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പാട്ടക്കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പട്ടിക തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഇടുക്കി ജില്ലയിൽ 83.7523 ഹെക്ടർ (15 തോട്ടം) ഭൂമി ഉൾപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിൽ തോട്ടഭൂമി ഉൾപ്പെട്ടിട്ടില്ലാത്തതാണ്.

**ഭൂമിയുടെ തരംമാറ്റം**

299(2655) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 സെന്റിൽ താഴെയുള്ള ഭൂമിയുടെ തരംമാറ്റം സൗജന്യമായി നടത്തിക്കൊടുക്കണമെന്ന ഉത്തരവ് പ്രാബല്യത്തിലുണ്ടോ?

21-4-2021-ലെ SRO No.369/2021-ലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യമായി തരംമാറ്റം അനുവദിക്കാവുന്നതാണെന്ന ഉത്തരവ് പ്രാബല്യത്തിലുണ്ട്.

(ബി) ഭൂമിയുടെ തരംമാറ്റത്തിന് തുക അടച്ചാലും അനുമതി നൽകുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജുഡീഷ്യൽ വകുപ്പിന് ഭൂമി അനുവദിക്കാൻ നടപടി

300(2656) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ ഹൊസബെട്ടു വില്ലേജിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ജുഡീഷ്യൽ ഓഫീസർ ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി 0.75 ഏക്കർ ഭൂമി കൈമാറ്റം ചെയ്യാൻ 22-4-2019-ലെ കത്തുപ്രകാരം കാസർകോട് ജില്ലാ ജഡ്ജി റവന്യൂ വകിപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി കൈമാറുന്നത് സംബന്ധിച്ച് കാസർകോട് ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ച DCKSGD/6081/2019-C2 നമ്പർ അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷ പ്രകാരം ജുഡീഷ്യൽ വകുപ്പിന് 0.75 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

&

(ഡി) ഇല്ലെങ്കിൽ ജുഡീഷ്യൽ വകുപ്പിന് പ്രസ്തുത ഭൂമി എപ്പോൾ അനുവദിച്ച് ഉത്തരവിറക്കുമെന്ന് വിശദമാക്കുമോ?

കാസർകോട് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിലെ ഹൊസബെട്ടു വില്ലേജിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ജുഡീഷ്യൽ ഓഫീസർ ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി റീ-സർവ്വേ 105/1-ൽപ്പെട്ട 0.75 ഏക്കർ ഭൂമി അനുവദിക്കുന്നതിനായി കാസർഗോഡ് ജില്ലാ ജഡ്ജിയുടെ അർത്ഥനപ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് മുമ്പ് ഭൂമി കൈമാറ്റം പ്രായോഗികമല്ലായെന്ന് ആഭ്യന്തര വകുപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.

## വടക്കേക്കളം പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി

301(2657) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ സർക്കാർ ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിനായി ഭൂമിയുടെ പ്ലോട്ടിംഗ് ഉൾപ്പെടെ പൂർത്തീകരിച്ചിരുന്ന വടക്കേക്കളം പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ പേരിലുള്ള മിച്ച ഭൂമിക്കേസിൽ 73.73 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിരുന്നു. എന്നാൽ ഈ ഭൂമിയിൽ CRP(LR)44/2013, WP(C)12210/2014 കേസ്സുകളും സ്റ്റേയും നിലനിൽക്കുന്നതിനാൽ ഈ ഭൂമി പതിച്ച് നൽകാനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) മനവക, കാണം, വെറുംപാട്ടം എന്നീ വിഭാഗങ്ങളിലുള്ള ഭൂമി ജന്മമാക്കി മാറ്റാൻ സമർപ്പിച്ച മുപ്പതിനായിരത്തോളം അപേക്ഷകൾ തലപ്പിള്ളി താലൂക്കിൽ കെട്ടിക്കിടക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മനവക, വെറുംപാട്ടം എന്നീ വിഭാഗങ്ങളിലുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ട്. എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സാഹചര്യംമൂലം സ്വന്തം പേരിലുള്ള ഭൂമിയുടെ നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുടിയായ്മ അവകാശമായി ഭൂമി കൈവശംവച്ച് അനുഭവിക്കുന്ന എല്ലാ കുടിയാന്മാർക്കും ഭൂനികുതി അടക്കുന്നതിന് നിയമപരമായി യാതൊരു തടസ്സവുമില്ല. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം 72(എസ്) വകുപ്പുപ്രകാരം കുടിയാന്മാരാണ് ഭൂനികുതി അടയ്ക്കേണ്ടത്.

(ഡി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദീകരിക്കാമോ?

ബാധകമല്ല.

## പാട്ടത്തുകയിലെ കുടിശ്ശിക

302(2658) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ അടക്കമുള്ള കമ്പനികൾക്ക് പാട്ടത്തിന് നൽകിയിരുന്ന തോട്ടഭൂമിയുടെ പാട്ടത്തുക കൃത്യമായി സർക്കാരിലേയ്ക്ക് അടയ്ക്കുന്നുണ്ടോ?

ഹാരിസൺസ് മലയാളം ലിമിറ്റഡുമായും അവരുടെ മുൻഗാമികളെന്ന് അവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (യു.കെ.) എന്ന ബ്രിട്ടീഷ് കമ്പനിയുമായും തിരുവിതാംകൂർ, കൊച്ചി നാട്ടുരാജാക്കന്മാരോ സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ പാട്ട ഉടമ്പടികളിൽ ഏർപ്പെട്ടിട്ടില്ല. 1911-ൽ കൊച്ചി ദിവാൻ ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലുള്ള മൂപ്ലിവാലി റബ്ബർ സിൻഡിക്കേറ്റിന് കൃഷിക്കായി നിബന്ധനകളോടെ പാട്ടത്തിന് നൽകിയിരുന്നതും നിലവിൽ തൃശ്ശൂർ ജില്ലയിൽ പ്പെട്ടതുമായ 6418.66 ഏക്കർ (മൂപ്ലിവാലി എസ്റ്റേറ്റ്) ഭൂമിയിലെ പാട്ടാവകാശം പലതവണ കൈമാറ്റം ചെയ്ത് ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമെത്തുകയുണ്ടായി. മുകുന്ദപുരം താലൂക്കിൽ മൂപ്ലിവാലി എസ്റ്റേറ്റിൽപ്പെട്ട 6063.19 ഏക്കർ മാത്രമാണ് നിലവിൽ ടി കമ്പനി പാട്ടവസ്തുവായി അംഗീകരിക്കുന്നത്. 1911-ലെ പാട്ടത്തുകയായ ഏക്കറിന് 2 രൂപ എന്ന നാമമാത്ര നിരക്കിലാണ് ഹാരിസൺസ് മലയാളം ലിമിറ്റഡ് വനം വകുപ്പിന് പാട്ടം നൽകിവരുന്നത്. ചാലക്കുടി വനം ഡിവിഷനിൽ കൊച്ചിൻ മലബാർ എസ്റ്റേറ്റിന്റെ കൈവശം പാട്ടത്തിലുള്ള വനഭൂമിക്ക് നിലവിൽ പാട്ടം അടയ്ക്കുന്നില്ല. വാഴച്ചാൽ വനം ഡിവിഷനിൽ ടാറ്റാ കോഫി ലിമിറ്റഡ്, കെ.എസ്.ഇ.ബി., പെരുമ്പറ എസ്റ്റേറ്റ് തുടങ്ങിയവയ്ക്ക് വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. പാട്ടത്തുക കൃത്യമായി അടയ്ക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കോടികുളം വില്ലേജിൽ കുത്തകപാട്ടയിനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 7.97 ഹെക്ടർ ഭൂമിക്ക് 2008-09 വരെ പാട്ടം അടച്ചിട്ടുണ്ട്. ടി താലൂക്കിൽ കാരിക്കോട്, കരിങ്കുന്നം, മുട്ടം വില്ലേജുകളിലായി കുത്തകപാട്ടയിനത്തിൽ മലങ്കര എസ്റ്റേറ്റിന്റെ കൈവശമുള്ള 9.3396 ഹെക്ടർ ഭൂമിയുടെ പാട്ടം 2019-20 വരെ അടച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ആരൊക്കെ എന്ന് മുതൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ വനം ഡിവിഷനിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്നതും 29-2-2020-ൽ സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതുമായ 475.5 ഹെക്ടർ വനഭൂമിയുടെ 2018-2020 വർഷത്തെ പാട്ടക്കുടിശ്ശിക ലഭിക്കാനുണ്ട്. ചാലക്കുടി വനം ഡിവിഷനിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും കൊച്ചിൻ മലബാർ എസ്റ്റേറ്റും 2014-15 മുതലുള്ള പാട്ടത്തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 7.97 ഹെക്ടർ ഭൂമിക്ക് 2008-ന് ശേഷമുള്ള പാട്ടം അടച്ചിട്ടില്ല. തൊടുപുഴ താലൂക്കിൽ മലങ്കര എസ്റ്റേറ്റിന്റെ കൈവശമുള്ള 9.3396 ഹെക്ടർ ഭൂമിയുടെ 2020-21 വർഷത്തെ പാട്ടം കുടിശ്ശികയാണ്.

## പാട്ടഭൂമിയിൽ പാട്ടക്കാരന്റെ അവകാശം

303(2659) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാട്ടഭൂമിയിൽ കൃഷിയിറക്കാൻ മാത്രമാണ് പാട്ടക്കാരന് അവകാശമെന്നും ഭൂമിക്കുമേൽ പ്രത്യേക അവകാശമോ മരം മുറിക്കുന്നതിന് അവകാശമോയില്ലെന്ന് വ്യക്തമാക്കി ഹൈക്കോടതി വിധി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പാട്ടഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ട് പോകുന്നതിനും സർക്കാരിലേയ്ക്ക് കാലാകാലങ്ങളിലുള്ള സീനിയറേജ് റേറ്റ് അടക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Kerala Grants and Leases (Modification of Rights) Act 1980 Section 4 (1) ഉദ്ധരിച്ചുകൊണ്ട് WP(C) 30812/2016 (B) നമ്പരായി 15-3-2021-ാം തീയതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. പാട്ടഭൂമിയിലെ മരങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ധാരാളം വിധിന്യായങ്ങൾ ഉണ്ടായിട്ടുള്ളതാണ്. 1970-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അതുവരെയുള്ള വിധിന്യായങ്ങൾ പരിഗണിച്ചുകൊണ്ട് ചാത്തു V/s കുങ്കിച്ചി (1970 കെ.എൽ.ടി 199) എന്ന കേസിൽ 1967 KLT 546, 1967 KLT 589, 1968 KLT 563 എന്നീ കേസുകളിലെ വിധിന്യായത്തോട് വിയോജിച്ചുകൊണ്ട് വൃക്ഷം ഫലവൃക്ഷമാണോ അതോ വിറക് വൃക്ഷമാണോ അത് പാട്ടക്കരാറിലെ പാട്ടത്തിന് മുതൽക്കൂട്ടാകുന്നതോ അല്ലയോ, പാട്ടക്കാരൻ നികുതി ഒടുക്കിക്കൊണ്ടിരിക്കുന്നോ ഇല്ലയോ എന്നീ ചോദ്യങ്ങളെല്ലാം അപ്രസക്തമാണെന്നും ജന്മിക്ക് മരം മുറിക്കാൻ അവകാശമുണ്ടോയെന്നും പാട്ടക്കാരന് മരം മുറിക്കാൻ അവകാശമില്ലേയെന്നുമാണ് പരിശോധിക്കേണ്ടതെന്നും ജന്മിക്ക് അവകാശപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് പാട്ടക്കാരന് അവകാശമില്ലെന്നും പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത കേസിന് ശേഷം സ്റ്റേറ്റ് ഓഫ് കേരള & അദേഴ്സ് V/s കണ്ണൻ ദേവൻ ഫീൽഡ് പ്രൊഡ്യൂസ് കമ്പനി (എ.ഐ.ആർ 1998 കേരള 267) എന്ന കേസിൽ പാട്ടത്തിന് നൽകുമ്പോൾ പാട്ടഭൂമിയിൽ ഉണ്ടായിരുന്ന മരങ്ങൾക്ക് അവകാശം ജന്മിക്കാണെന്നും പാട്ടക്കാരന് അത് മുറിക്കാൻ അവകാശമില്ലെന്നും എന്നാൽ പാട്ട ഭൂമിയിൽ പാട്ടക്കാരൻ നട്ടുപിടിപ്പിച്ച മരങ്ങൾക്കുമേൽ ജന്മി അവകാശം സ്ഥാപിക്കാത്ത പക്ഷം അത് പാട്ടക്കാരന് മുറിച്ചെടുക്കാവുന്നതാണെന്നും വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പിന്നീട് തോമസ് ഫിലിപ്പ് V/s ഫോറസ്റ്റ് റേഞ്ച് ഓഫീസർ 2021 (2) KLT 578 എന്ന കേസിൽ 2005-ലെ വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിന്റെ 6(1) വകുപ്പ് പാട്ടം അനുവദിക്കുന്ന സമയത്ത് പാട്ടം ഭൂമിയിൽ

സർക്കാരിലേയ്ക്ക് നീക്കിവച്ച വൃക്ഷങ്ങൾക്ക് ബാധകമല്ലെന്നും പ്രസ്താവിക്കുന്നതായി കോടതി നിരീക്ഷിച്ചിട്ടുണ്ട്. അതായത് അത്തരം വൃക്ഷങ്ങൾ മുറിക്കുമ്പോൾ സർക്കാരിന് സീനിയറേജ് അടയ്ക്കാൻ പാട്ടക്കാരൻ ബാധ്യസ്ഥനാണെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിടുകയുണ്ടായി.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഫ്ലഡ് റോഡ്**

304(2660) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഫ്ലഡ് റോഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇവിടെ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത ഫ്ലഡ് റോഡുകളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കുന്നില്ല. ജില്ലാ അടിസ്ഥാനത്തിലാണ് പ്രകൃതിദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫ്ലഡ് റോഡിന് നിലവിൽ അനുവദിക്കുന്ന പരമാവധി തുകയായ പത്ത് ലക്ഷം രൂപ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതിദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഗ്രാമീണ റോഡുകൾക്ക് കിലോമീറ്ററിന് 60,000 രൂപയും (അറുപതിനായിരം രൂപ മാത്രം) സ്റ്റേറ്റ് ഹൈവേ/മേജർ ജില്ലാ റോഡുകൾക്ക് ഒരു ലക്ഷം രൂപയും മാത്രമാണ് അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾക്കായി വിനിയോഗിക്കാനാകുന്നത്. എന്നാൽ സംസ്ഥാനത്ത് നിലവിൽ പത്ത് ലക്ഷം രൂപ വരെ റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും വിനിയോഗിച്ചു വരുന്നു. ആയത് നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങൾക്ക് ഉപരിയായതിനാൽ നിലവിൽ തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

## 2018-ലെ പ്രളയത്തിൽ തകർന്ന വീട്

305(2661) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ, പൊയ്യതെക്കതിൽ ശാന്തമ്മയുടെ വീട് 2018-ലെ പ്രളയത്തിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബത്തിന് അനുവദിച്ച തുക അക്കൗണ്ട് മാറി നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

2018-ലെ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടം കണക്കാക്കി റീബിൽഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി ശാന്തമ്മയ്ക്ക് ധനസഹായം നൽകിയിരുന്നു. ടി തുക ടിയാൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. 2019-ലെ കാലവർഷത്തെ തുടർന്നും ശാന്തമ്മയ്ക്ക് അടിയന്തര ധനസഹായമായി 10,000 രൂപ അനുവദിച്ചിരുന്നതാണ്. 2019-20 വർഷത്തിൽ ധനസഹായ വിതരണം നടത്തിയിരുന്നത് റീബിൽഡ് ആപ്പ് മുഖേനയാണ്. ഡാറ്റാ എൻട്രി പിശകുമൂലം ശാന്തമ്മയുടെ വിവരങ്ങൾക്കുപകരം കൃഷ്ണൻകുട്ടി, കൃഷ്ണനിവാസ്, വെട്ടിയാർ എന്നിവർക്കാണ് ടി ധനസഹായം ലഭിച്ചത്. ടി കൃഷ്ണൻകുട്ടിയുടെ ഭാര്യയുടെ അക്കൗണ്ട് മുഖേന അടിയന്തര ധനസഹായം ടിയാൾക്ക് ലഭ്യമായിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇരട്ടിപ്പായി ലഭിച്ച തുക തിരികെ അടയ്ക്കാൻ കൃഷ്ണൻകുട്ടിക്ക് മാവേലിക്കര തഹസീൽദാർ നോട്ടീസ് നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത കുടുംബത്തിന് പ്രളയ സഹായം (D210250664) ലഭിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രളയ ധനസഹായം സംബന്ധിച്ച അപേക്ഷ ശ്രീമതി ശാന്ത സമർപ്പിച്ചിരിക്കുന്നത് CMDRF പോർട്ടലിലാണ്. ഇതുസംബന്ധിച്ച പരാതി സമർപ്പിക്കേണ്ടത് CMO-യുടെ പോർട്ടലിലാണെന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

(ഡി) സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ സോഫ്റ്റ്‌വെയറിൽ പേര് ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും അടിയന്തര ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. വിവരങ്ങളിലെ അപാകതയും സാങ്കേതിക പിശകും കാരണം ധനസഹായം അനുവദിച്ചിട്ടും തുക ലഭിക്കാത്തവരുണ്ടെങ്കിൽ അത്തരം പരാതികൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

**തുരുത്തി വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾ**

306(2662) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവത്തൂർ വില്ലേജ് ഓഫീസ് വിഭജിച്ച് തുരുത്തി വില്ലേജ് ഓഫീസ് ആരംഭിച്ചതിനുശേഷം തുരുത്തി വില്ലേജിനകത്തെ അപേക്ഷകർക്ക് സി.എം.ഡി. ആർ.എഫ്., എൻട്രൻസ് പരീക്ഷകൾ എന്നിവ ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾക്കും അപേക്ഷ നൽകാൻ കഴിയാതെ വരുന്നത് തുരുത്തി വില്ലേജ് എന്ന ഓപ്ഷൻ സൈറ്റിൽ ഇല്ലാത്തതിനാൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വില്ലേജ് അധികൃതരെ ഇതറിയിച്ചിട്ടും ഈ ഓപ്ഷൻ സൈറ്റിൽ ഉൾപ്പെടുത്താൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പ് വികസിപ്പിച്ചതും കൈകാര്യം ചെയ്യുന്നതുമായ e-district, Revenue Land Information System (ReLIS), CMDRF എന്നീ വെബ് പോർട്ടലുകളിൽ കാസർഗോഡ് ജില്ലയിലെ ഹൊസ്ദുർഗ് താലൂക്കിലെ തുരുത്തി വില്ലേജ് ഓഫീസ് പ്രത്യേക കാര്യാലയമായിത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. e-district, Revenue Land Information System (ReLIS), CMDRF വെബ് പോർട്ടലുകളിലൂടെ തുരുത്തി വില്ലേജിൽനിന്നും ലഭിക്കേണ്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നതാണ്. മറ്റ് വകുപ്പുകളോ സ്ഥാപനങ്ങളോ വികസിപ്പിച്ച് കൈകാര്യം ചെയ്യുന്ന വെബ് പോർട്ടലുകളിലോ ആപ്ലിക്കേഷനുകളിലോ ലഭ്യമാകുന്ന ഡാറ്റയിൽ റവന്യൂ വകുപ്പിന് നിയന്ത്രണമില്ല.

**വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണം**

307(2663) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട്, മണത്തല വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് താലൂക്കിലെ മണത്തല വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് അറിയിക്കുമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിട ഭാഗം പൊളിച്ച് നീക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ**

308(2664) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളായ കുളത്തുമ്മൽ, വിളവൂർക്കൽ, മലയിൻകീഴ്, വിളപ്പിൽ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 2019-20 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കുളത്തുമ്മൽ, വിളവൂർക്കൽ, മലയിൻകീഴ് എന്നീ വില്ലേജുകളിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 44 ലക്ഷം രൂപ വീതമാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കുമായി അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിർമ്മാണ ചുമതല ആർക്കാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിളപ്പിൽ വില്ലേജ് ഓഫീസിന്റെ നിർവ്വഹണ ചുമതല കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിനാണ്. വില്ലേജ് ഓഫീസ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കുളത്തുമ്മൽ, മലയിൻകീഴ്, വിളവൂർക്കൽ എന്നീ വില്ലേജാഫീസുകളുടെ നിർവ്വഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രമാണ്. മലയിൻകീഴ് വില്ലേജ് ഓഫീസിന്റെ ബേസ്മെന്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിളവൂർക്കൽ, കുളത്തുമ്മൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പഴയ ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്ന മുറയ്ക്ക് ആരംഭിക്കാനാകും.

**വില്ലേജ് ഓഫീസുകൾക്ക് പുതിയ മന്ദിരം**

309(2665) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരവാരം, കിളിമാനൂർ, വെള്ളല്ലൂർ, പുളിമാത്ത് എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ മന്ദിരം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കരവാരം, കിളിമാനൂർ, വെള്ളല്ലൂർ, പുളിമാത്ത് എന്നീ വില്ലേജാഫീസുകൾക്ക് പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടി വില്ലേജുകളിലെ പഴയ ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതും നിർമ്മാണ സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് നീക്കേണ്ടതുമുണ്ട്. ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പ് വഴി നൽകുന്ന സേവനങ്ങൾ

310(2666) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് വഴി നൽകുന്ന സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏത് സമയത്തും എവിടെ വച്ചും ലഭിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് വില്ലേജാഫീസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജാഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കി വരുന്നത്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം)
4. റവന്യൂ ഇ-പേയ്മെന്റ്
5. ഇ-ഓഫീസ്
6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
7. റവന്യൂ മിത്രം

സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളിലും ഐ.റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്ക് പുറമേ ചുവടെ ചേർക്കുന്ന പദ്ധതികൾകൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റവന്യൂ പോർട്ടൽ
2. വിവരാവകാശം ഓൺലൈൻ: റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ
3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ : (നിലവിൽ റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന അഗതികളായ രോഗികൾക്കുള്ള പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ.)
4. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ
5. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ
6. ലൊക്കേഷൻ മാപ്പ് ഓൺലൈൻ
7. FMB ഓൺലൈൻ (ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന ആപ്ലിക്കേഷൻ.) ഭൂരേഖാ പരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം ഓൺലൈൻ മുഖേന ജനങ്ങൾക്ക് നൽകുന്ന ആവശ്യത്തിലേയ്ക്കായി റീ-സർവ്വേ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന മാപ്പുകൾ റവന്യൂ വകുപ്പിൽ ഉപയോഗിക്കുന്ന ReLIS സോഫ്റ്റ്‌വെയറുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന തരത്തിൽ e-Maps എന്ന സോഫ്റ്റ്‌വെയർ NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ മാപ്പുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളിൽ 80 വില്ലേജുകളുടെ മാപ്പുകൾ ടി സോഫ്റ്റ്‌വെയറിൽ നൽകിയിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കൂടുതൽ ജീവനക്കാരെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ തസ്തിക നിലവിലില്ലാത്ത കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളായ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് (LRM) പട്ടയ സർവ്വേ, ലാൻഡ് അസൈൻമെന്റ്, ലാൻഡ് അക്വിസിഷൻ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ലാൻഡ് സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൂടുതൽ സർവ്വേ വിഭാഗം ജീവനക്കാരെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും റവന്യൂ വകുപ്പിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

(സി) വില്ലേജ് ഓഫീസുകൾ കൂടുതൽ സൗകര്യങ്ങൾ നൽകി പ്രവർത്തിക്കുന്നതിന് നടപടികളുണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ നവീകരണത്തിനായി പ്ലാൻ സ്കീം പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, സ്ഥലപരിമിതികളുള്ള വില്ലേജാഫീസുകളിൽ അധികമുറി നിർമ്മാണം, കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി 'സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി' എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി

സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലെറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടു കൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലെറ്റുകളും ഏർപ്പെടുത്തി യിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്. റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കു ന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനാവശ്യമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളിലും ഐ.ടി. മിഷന്റെ സഹകരണ ത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 1336 വില്ലേജ് ഓഫീസുകളിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ഈ ആധുനികവൽകരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജാഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺലൈൻ പോക്കുവരവ്(Online Mutation)
4. റവന്യൂ ഇ-പേയ്മെന്റ്
5. ഇ-ഓഫീസ്
6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
7. റവന്യൂ മിത്രം

റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്ക് പുറമെ ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റവന്യൂ പോർട്ടൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും Single Sign On സൗകര്യത്തോടുകൂടിയ പോർട്ടൽ. നിലവിൽ വികസിപ്പിച്ചതും വികസനത്തിലുള്ളതുമായ മിത്രം, റിലീഫ്, എച്ച്.ആർ.എം.എസ്. കെ.ബി, റ്റി.ആർ.റ്റി.ഐ. ലീസ് മാനേജ്മെന്റ് സിസ്റ്റം, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ തുടങ്ങിയ മോഡ്യൂളുകൾ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വിവരാവകാശം ഓൺലൈൻ: റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ.

3. സോഷ്യൽ സെക്യൂരിറ്റി: പെൻഷൻ നിലവിൽ റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന അഗതികളായ രോഗികൾക്കുള്ള പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് C-DIT-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ : റവന്യൂ വകുപ്പ് പ്രദാനം ചെയ്യുന്ന എല്ലാ സേവനങ്ങളും ഒരൊറ്റ മൊബൈൽ ആപ്പ് മുഖാന്തരം ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ആദ്യഘട്ടമായി അടിസ്ഥാന ഭൂനികുതി ഒടുക്കുവാൻ കഴിയുന്ന ആപ്ലിക്കേഷൻ മൊഡ്യൂളിന്റെ നിർമ്മാണം നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (NIC) മുഖാന്തരം പുരോഗമിക്കുന്നു.

5. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ: വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ആപ്ലിക്കേഷൻ. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും ഫീസ് അടയ്ക്കാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് നേരിട്ട് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

6. ലൊക്കേഷൻ മാപ്പ് ഓൺലൈൻ: വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS-മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ആപ്ലിക്കേഷൻ. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും ഫീസ് അടയ്ക്കാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കാനും സാധിക്കും.

7. FMB ഓൺലൈൻ: ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈനായി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കാൻ കഴിയുന്ന ആപ്ലിക്കേഷൻ.

**വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ**

311(2667) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽപ്പെടുന്ന കുറ്റിപ്പുറം, നടുവട്ടം, കോട്ടക്കൽ എന്നീ വില്ലേജാഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി പ്ലാൻഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി അവ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം വില്ലേജാഫീസിന് അധികമുറി നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ടി ഭൂമി റെയിൽവെ ബി ക്ലാസ് കാറ്റഗറിയിൽപ്പെട്ടതായതിനാൽ നിർമ്മാണ പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ല. കോട്ടയ്ക്കൽ വില്ലേജ് ഓഫീസ് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓരോ സാമ്പത്തിക വർഷവും വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/ അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. നടുവട്ടം വില്ലേജാഫീസിനെ നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസാക്കാൻ 2020-21 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽനിന്നും ജില്ലാധികൃതർ തയ്യാറാക്കുന്ന പ്രൊപ്പോസൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണന ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്.

(സി) മലപ്പുറം ജില്ലാ കളക്ടർ 2020-21, 2021-22 എന്നീ വർഷങ്ങളിലേയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസലിൽ കോട്ടക്കൽ മണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയ വില്ലേജുകൾ ഏതെല്ലാമാണ്; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലാ കളക്ടർ 2020-21, 2021-22 എന്നീ വർഷങ്ങളിലേയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസലിൽ കോട്ടക്കൽ മണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയ വില്ലേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പരയ്ക്കാട് വില്ലേജ് ഓഫീസ്

312(2668) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിലെ പരയ്ക്കാട് വില്ലേജാഫീസ് സ്മാർട്ട് വില്ലേജാഫീസാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്മാർട്ട് വില്ലേജാഫീസാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെ വച്ചും ഓൺലൈനായിത്തന്നെ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജാഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജാഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലെറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

(സി) നിർമ്മാണോദ്ഘാടനം കഴിഞ്ഞ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി എന്താണെന്നും പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും വിശദമാക്കാമോ?

44,00,000 രൂപ (നാൽപ്പത്തിനാല് ലക്ഷം രൂപ) അടങ്കൽ തുക വരുന്ന പ്രസ്തുത നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കെട്ടിട നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിക്കര താലൂക്ക്, വില്ലേജ് ആഫീസുകളുടെ നിർമ്മാണം**

313(2669) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജാഫീസുകളുടെയും മാവേലിക്കര താലൂക്ക് ആഫീസിന്റെയും നിർമ്മാണത്തിന് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(ബി) പ്രസ്തുത നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, വെട്ടിയാർ, പാലമേൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 44,00,000 രൂപ (നാൽപ്പത്തിനാല് ലക്ഷം രൂപ) വീതവും മാവേലിക്കര താലൂക്ക് ഓഫീസിന്റെ നിർമ്മാണത്തിനായി 5,20,00,000 രൂപയുടേയും (അഞ്ച് കോടി ഇരുപത് ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം തെക്കേക്കര, വെട്ടിയാർ, പാലമേൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി ജില്ലാ കളക്ടർ കരാർ ഒപ്പു വച്ചിട്ടുള്ളതാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച് നിർമ്മിക്കുന്നതിനായി നിലവിലെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മറ്റ് കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയിട്ടുള്ളതും പഴയ കെട്ടിടം പൊളിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നിർമ്മാണത്തുക നിർവ്വഹണ ഏജൻസിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകളുടെ നവീകരണം**

314(2670) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ നിലവിൽ ഏതൊക്കെ വില്ലേജാഫീസുകളുടെ നവീകരണം, പുതിയ കെട്ടിടം നിർമ്മിക്കൽ എന്നിവ നടന്നുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

&

(ബി) ഈ പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ചാലക്കുടി മണ്ഡലത്തിൽ നവീകരണം, പുതിയ കെട്ടിടം നിർമ്മിക്കൽ എന്നീ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന വില്ലേജ് ഓഫീസുകളുടെയും അവയുടെ നിലവിലെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

**ചാവക്കാട് സിവിൽ സ്റ്റേഷന്റെ വസ്തുനികുതി**

315(2671) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് സിവിൽ സ്റ്റേഷന്റെ വസ്തു നികുതി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടക്കുന്നുണ്ടോ?

ചാവക്കാട് മിനി സിവിൽസ്റ്റേഷനിൽ റവന്യൂ വകുപ്പിന് അനുവദിച്ച സ്ഥലത്തിന്റെ കെട്ടിട നികുതി ചാവക്കാട് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 4-10-2019 ഡിമാന്റ് നോട്ടീസുപ്രകാരം 2019-20 കാലയളവ് വരെ അടവാക്കിയിട്ടുള്ളതാണ്.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**നിർബ്ബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം**

316(2672) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ തുടങ്ങിയ തെക്കൻ ജില്ലകളിലെ റവന്യൂ ജീവനക്കാരുടെ ഓരോ സ്ഥാനക്കയറ്റത്തിനും വടക്കൻ ജില്ലകളിൽ വർഷങ്ങളോളം നിർബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം അനുഷ്ഠിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) വളരെയധികം മാനസിക സംഘർഷങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും നേരിടുന്ന തെക്കൻ ജില്ലകളിലെ വനിതാ ജീവനക്കാർക്ക്, ഓരോ സ്ഥാനക്കയറ്റത്തിനും വടക്കൻ ജില്ലകളിലേയ്ക്ക് പോകേണ്ടി വരുമ്പോൾ വടക്കൻ ജില്ലകളിലെ വനിതാ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ തന്നെ അന്തർജില്ലാ ട്രാൻസ്ഫറില്ലാതെ സേവന കാലാവധി പൂർത്തിയാക്കാൻ കഴിയുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തിക മുതൽ സംസ്ഥാനതല സീനിയോറിറ്റിയാണ്. മാതൃജില്ലകളിൽ ഒഴിവുകളില്ലാതെ വരുന്ന സാഹചര്യങ്ങളിലാണ് സ്ഥാനക്കയറ്റം നൽകി ഒഴിവുള്ള ജില്ലകളിൽ നിയമിക്കുന്നത്. ഇതല്ലാതെ നിർബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം അനുഷ്ഠിക്കേണ്ട സാഹചര്യമില്ല.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സോഫ്റ്റ്‌വെയർ സഹായത്താൽ വനിതാ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ പരമാവധി 40 കിലോമീറ്റർ ചുറ്റളവിൽ സേവനം അനുഷ്ഠിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ സ്വീകരിക്കുമോ?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.(പി)നമ്പർ3/2017/ഉ.ഭ.പ.വ ആധാരമാക്കി റവന്യൂ വകുപ്പ് 26-8-2020-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നമ്പർ 2723/2020/റവ. പ്രകാരം റവന്യൂ വകുപ്പിലെ പൊതുസ്ഥലം മാറ്റങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷം മുതൽ റവന്യൂ വകുപ്പിലെ പൊതുസ്ഥലംമാറ്റങ്ങൾ ഓൺലൈനായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) റവന്യൂ ജീവനക്കാരുടെ ട്രാൻസ്ഫർ മാനദണ്ഡങ്ങളെ സംബന്ധിച്ചും വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ചും വകുപ്പുതല സമിതിയെ കൊണ്ട് പഠനം നടത്തുവാൻ സർക്കാരിന് പദ്ധതിയുണ്ടെങ്കിൽ വിശദമാക്കാമോ?

പരിഗണിക്കുന്നതാണ്.

## റവന്യൂ (സി) വകുപ്പിന്റെ 26-8-2020-ലെ 2723/2020-ാം നമ്പർ ഉത്തരവ്

317(2673) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ (സി) വകുപ്പിന്റെ 26-8-2020-ലെ 2723/2020 നമ്പർ ഉത്തരവ് പ്രകാരം ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം ജില്ലയിൽ/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ തിരികെ സ്ഥലം മാറ്റം നൽകുന്നതിന്, സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ആറ് മാസം സേവനം പൂർത്തിയാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ?

30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 2485/2021/റവ. ഉത്തരവുപ്രകാരം ഇപ്പോൾ വ്യവസ്ഥ നിലവിലില്ല.

(ബി) പ്രസ്തുത ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017 നമ്പർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് എതിരാണെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ബാധകമല്ല.

(സി) പ്രസ്തുത ഉത്തരവിന്റെ 2(ii)-ൽ ഉദ്യോഗകാല ദൈർഘ്യത്തെക്കുറിച്ച് പറയുന്ന ഭാഗത്ത് ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജീവനക്കാരന് അവരുടെ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽ തന്നെ തിരികെ സ്ഥലംമാറ്റം നൽകേണ്ടതാണെന്ന വ്യവസ്ഥ റവന്യൂ വകുപ്പ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) റവന്യൂ വകുപ്പിന്റെ ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുപ്രകാരം സ്വന്തം ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽതന്നെ പരിഗണിക്കുന്ന രൂപത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) 30-7-2021-ലെ സ.ഉ.(സാധാ)നമ്പർ 2485/2021/റവ. നമ്പർ പ്രകാരം പുറപ്പെടുവിച്ച റവന്യൂ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ ഭേദഗതി ഉത്തരവു പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ അപേക്ഷ നൽകുമ്പോൾ നിർബന്ധിതമായി സ്ഥലംമാറ്റപ്പെട്ടവർക്ക് മുൻഗണന നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

**സാന്ത്വന സ്പർശം**

318(2674) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് ആകെ 1,36,469 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കുണ്ടറ നിയോജകമണ്ഡലത്തിൽനിന്നും സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണത്തിനാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ സാന്ത്വന സ്പർശം മുഖേന 10504 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവയിൽ 8445 എണ്ണം തീർപ്പാക്കിയിട്ടുള്ളതുമാണ്. 2059 അപേക്ഷകളിൽ നടപടി നടന്നുവരുന്നു. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ലാത്തതാണ്.

(സി) സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തുകൾ ആരംഭിച്ചതും അവസാനമായി നടത്തിയതുമായ തീയതികൾ അറിയിക്കുമോ?

റവന്യൂ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തുകൾ 2021 ഫെബ്രുവരി മാസം 1-ാം തീയതി ആരംഭിക്കുകയും അതേമാസം 18-ന് അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

## വലിയപറമ്പ് വില്ലേജ്

319(2675) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദിയന്നൂർ, തൃക്കരിപ്പൂർ സൗത്ത് എന്നീ വില്ലേജുകളെ വിഭജിച്ച് വലിയപറമ്പ് വില്ലേജ് രൂപീകരിച്ചപ്പോൾ പ്രസ്തുത വില്ലേജിലെ അപേക്ഷകർക്ക് സർക്കാർ സൈറ്റുകളിൽ വലിയപറമ്പ് വില്ലേജെന്ന ഓപ്ഷൻ ഇല്ലാത്തതുകാരണം പല അപേക്ഷകളും നൽകാൻ കഴിയുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി പരിഹരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് വികസിപ്പിച്ചതും കൈകാര്യം ചെയ്യുന്നതുമായ e-district, Revenue Land Information System (ReLIS) എന്നീ വെബ്പോർട്ടലുകളിൽ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ വലിയപറമ്പ് വില്ലേജ് ഓഫീസ് പ്രത്യേക വില്ലേജ് ഓഫീസായിത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. e-district, Revenue Land Information System (ReLIS) വെബ് പോർട്ടലുകളിലൂടെ വലിയപറമ്പ് വില്ലേജിൽനിന്നും ലഭിക്കേണ്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. മറ്റ് സർക്കാർ വകുപ്പുകളോ, സ്ഥാപനങ്ങളോ വികസിപ്പിച്ച് കൈകാര്യം ചെയ്യുന്ന വെബ് പോർട്ടലുകളിലോ, ആപ്ലിക്കേഷനുകളിലോ ലഭ്യമാകുന്ന ഡാറ്റ നിയന്ത്രിക്കുവാനോ ഡാറ്റയിൽ മാറ്റം വരുത്തുവാനോ റവന്യൂ വകുപ്പിന് സാധിക്കുകയില്ല.

## അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകാൻ നടപടി

320(2676) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചിങ്ങോലി പഞ്ചായത്തിൽ ആസ്തി വികസന പദ്ധതിപ്രകാരം നിർവ്വഹിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ള, വാർഡ് 1-ലെ കഴവേറ്റം കുന്നേൽ ഭാഗത്തെ പിച്ചിംഗ് നിർമ്മാണ പ്രവൃത്തിക്ക് പ്രസ്തുത സ്ഥലത്തെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകാൻ ചിങ്ങോലി വില്ലേജ് ഓഫീസർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര പ്രധാന്യവും ഇക്കാര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് മേൽപ്പറഞ്ഞ സ്ഥലത്തെ അതിരുകൾ, എൽ.എസ്.ജി.ഡി. മുതുകുളം ബ്ലോക്ക് എ.എക്സ്.ഇ. ആവശ്യപ്പെട്ട പ്രകാരം, അളന്ന് തിരിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ചിങ്ങോലി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകാമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചിങ്ങോലി വില്ലേജിലെ അതിരുകൾ തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം അത്യാവശ്യമാണെന്നുള്ള വിവരം ചിങ്ങോലി വില്ലേജ് ഓഫീസർ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1961-ലെ കേരള സർവ്വേയും അതിരടയാള നിയമ പ്രകാരമുള്ള ഫോറം 10-ലുള്ള നിയമാനുസൃത അപേക്ഷ സമർപ്പിക്കുന്നതിന് മുതുകുളം ബ്ലോക്ക് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 23-2-2021-ൽ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാർ അറിയിപ്പ് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രസ്തുത നിയമാനുസൃത അപേക്ഷ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാർക്ക് സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതുലഭ്യമായാൽ മാത്രമേ അതിർത്തി നിർണ്ണയം നടത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകാൻ കഴിയുകയുള്ളൂ.

**സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും**

321(2677) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും എത്രയെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

&

(ബി) വർക്കല മണ്ഡലത്തിലെ ഓരോ വില്ലേജുകളിലും എത്ര സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയുമുണ്ടെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിന്റെ പരിധിയിൽ 9 വില്ലേജുകളാണ് ഉൾപ്പെട്ട് വരുന്നത്. ടി വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജ് | പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | വർക്കല | 168.5113 |
| 2 | വെട്ടൂർ | 47.9981 |
| 3 | ഇടവ | 71.7272 |
| 4 | അയിരൂർ | 96.8033 |

| (1) | (2) | (3) |
|---|---|---|
| 5 | ചെമ്മരുതി | 97.9339 |
| 6 | കടവൂർ | 58.6040 |
| 7 | നാവായിക്കുളം | 99.4560 |
| 8 | പള്ളിക്കൽ | 22.6417 |
| 9 | മടവൂർ | 296.7712 |
| | ആകെ | 960.4467 |

(സി) പ്രസ്തുത ഭൂമി അളന്ന് തിരിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

മേൽ ഭൂമികൾ അളന്നുതിരിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

**രാജമാണിക്യം റിപ്പോർട്ട്**

322(2678) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.വി.ടി. കമ്പനിയുടെ കൈവശമുള്ള കൊല്ലം ജില്ലയിലെ രാജഗിരി, ചാലിയക്കര തോട്ടങ്ങളിൽ പലതും സർക്കാർ ഭൂമിയാണെന്ന് സ്പെഷ്യൽ ഓഫീസർ എം. ജി. രാജമാണിക്യം റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ഇല്ല. സർക്കാർ ഭൂമിയിലെ കയ്യേറ്റം 1957-ലെ ഭൂ സംരക്ഷണ നിയമപ്രകാരം ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ഓഫീസർ, ജില്ലാ തലത്തിൽനിന്നും ലഭിക്കുന്ന പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചുവരുന്നത്. കൊല്ലം ജില്ലയിലെ രാജഗിരി, ചാലിയക്കര തോട്ടങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ നിലവിൽ ലഭ്യമായിട്ടില്ല.

**ദേശീയപാതയ്ക്ക് സ്ഥലം വിട്ടുനൽകിയവർക്കുള്ള തുക**

323(2679) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സ്ഥലം വിട്ട് നൽകിയവർക്ക് അനുവദിക്കേണ്ട തുക സ്ഥലത്തിന്റെ കാണാവകാശം ജന്മാവകാശമാക്കി മാറ്റിയിട്ടില്ലെന്ന കാരണത്താൽ തടഞ്ഞുവയ്ക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; സ്ഥലവുടമ കളുടെ വിവരങ്ങൾ അറിയിക്കുമോ?

നിലവിലുണ്ട്. ദേശീയപാത 66-നുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിർണയം നടത്തലും നഷ്ടപരിഹാരം നൽകുന്നതും 2013-ലെ RFCTLARR ആക്ട് പ്രകാരമാണ്. ഈ നിയമപ്രകാരം ഭൂമിയുടെ രജിസ്റ്റേർഡ് ഉടമയ്ക്കാണ് ഭൂമിയുടെ വില നൽകേണ്ടത്. ആയതിനാൽ ഉടമസ്ഥത സംബന്ധിച്ച അസ്ഥിര അഥവാ താൽക്കാലിക അവകാശമായിരുന്ന മുൻ മലബാർ പ്രദേശത്തെ കാണം തുടങ്ങിയവ മുൻനിർത്തി ഉടമസ്ഥാവകാശം ഉന്നയിക്കുന്നവർ, 1963-ലെ ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള ക്രയസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. തൃശ്ശൂർ ജില്ലയിൽ ഏറ്റെടുത്ത ഭൂമിയിലെ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയവരിൽ കാണാവകാശ മുള്ളവരും 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായ പഴയ മലബാർ പ്രദേശത്തെ പതിനഞ്ച് വില്ലേജുകളിലായി 421 ഭൂവുടമകളും കാസർഗോഡ് ജില്ലയിൽ 7 പേരും ഉണ്ടെന്നുകാണുന്നു. പ്രസ്തുത ആൾക്കാർക്ക് നഷ്ടപരിഹാരം നൽകേണ്ടതായുണ്ട്. പ്രസ്തുത ആൾക്കാരുടെ വിശദവിവരം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു *. കാണം സെറ്റിൽ ചെയ്ത പർച്ചേസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) കേരളത്തിലെ ഏതൊക്കെ ജില്ലകളിൽ ഇതേ കാരണത്താൽ സ്ഥലം വിട്ട് നൽകിയവർക്ക് തുക അനുവദിക്കാതിരുന്നുവെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലകളിലും വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിലാണ് ഇനി തുക അനുവദിക്കാനുള്ളത്. പഴയ മലബാർ പ്രദേശം വരുന്ന ജില്ലകളിൽ കാണം അവകാശമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ക്രയസർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നുള്ളതിനാലാണ് വ്യത്യസ്ത നിലപാട് സ്വീകരിക്കേണ്ടിവരുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി**

324(2680) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം പ്രഖ്യാപിക്കാനും ഒഴിപ്പിക്കാനുമുള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് ഇല്ലെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കേരളാ ഭൂ സംരക്ഷണ നിയമം 1957, പ്രകാരം ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത WP(C)33122/2014 & Ors കേസ്സുകളിൽ 11-4-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ തർക്കഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ജ്യൂറിസ്ഡിക്ഷൻ സ്പെഷ്യൽ ഓഫീസർക്ക് ഇല്ലെന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീലുകൾ (SLP(C) 24028-24035) 17-9-2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളുകയുണ്ടായി.

**കാൻസർ രോഗികൾക്കും ക്ഷയരോഗികൾക്കുമുള്ള പെൻഷൻ**

325(2681) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികൾക്കും ക്ഷയരോഗികൾക്കും അനുവദിച്ചിട്ടുള്ള പെൻഷൻ സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കാൻസർ, ക്ഷയം, കുഷ്ഠം രോഗികൾക്ക് പ്രതിമാസം 1000 രൂപ പെൻഷന് അർഹതയുള്ളതാണ്. അപ്രകാരമുള്ള അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അന്വേഷണം നടത്തി അർഹതയുള്ളവർക്ക് പെൻഷൻ അനുവദിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷം (2021-22) കാൻസർ രോഗികൾക്കുള്ള ധനസഹായത്തിന് 65 കോടിരൂപയും ക്ഷയരോഗികൾക്കുള്ള ധനസഹായത്തിന് 5 കോടിരൂപയും കുഷ്ഠരോഗികൾക്ക് ധനസഹായത്തിന് 2 കോടിരൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതുപോലെ എല്ലാ മാസവും ഈ പെൻഷനും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കാൻസർ രോഗികൾക്കും ക്ഷയരോഗികൾക്കും പ്രതിമാസ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഹാരിസൺസ് മലയാളം ലിമിറ്റഡ്

326(2682) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ അളവുകൾ ഹെക്ടറിൽ കണക്കാക്കാൻ തുടങ്ങിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ?

1-10-1965 മുതലാണ് സംസ്ഥാനത്ത് ഭൂമിയുടെ അളവുകൾ ഹെക്ടറിൽ കണക്കാക്കാൻ തുടങ്ങിയത്.

(ബി) 1923-ൽ തയ്യാറാക്കിയതായി ഹാരിസൺസ് മലയാളം ലിമിറ്റഡ് അവകാശപ്പെടുന്ന ഭൂമിയുടെ ആധാരത്തിൽ ഹെക്ടർ കണക്ക് വന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് അവകാശപ്പെടുന്ന ഭൂമിയുടെ 1600/1923-ാം നമ്പർ ഇൻഡെഞ്ചറിൽ ഭൂമിയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ഏക്കർ/സെന്റിലാണ്.

## ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ആധാരത്തിലെ ലിപികൾ

327(2683) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1923-ൽ തയ്യാറാക്കിയതായി ഹാരിസൺസ് മലയാളം ലിമിറ്റഡ് അവകാശപ്പെടുന്ന ആധാരത്തിൽ ആധുനിക മലയാളം ലിപികൾ കടന്നുകൂടിയിട്ടുള്ളതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 1600/1923 നമ്പർ ഇൻഡെഞ്ചറിൽ ആധുനിക മലയാളം ലിപികൾ കടന്ന് കൂടിയിട്ടുള്ളതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

## പുറമ്പോക്ക് ഭൂമി

328(2684) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് പ്രദേശങ്ങൾ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് പ്രദേശങ്ങളുടെ വിവരശേഖരണം നടത്തിയിട്ടില്ല. എന്നാൽ വില്ലേജടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ വില്ലേജ് തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ?

| വില്ലേജ് | പുറമ്പോക്ക് പ്രദേശങ്ങളുടെ കണക്ക് |
|---|---|
| പിറവം വില്ലേജ് | 203 ഹെക്ടർ 17 ആർ 61 ചതുരശ്ര മീറ്റർ |
| മേമ്മുറി വില്ലേജ് | 136 ഹെക്ടർ 94 ആർ 35 ചതുരശ്ര മീറ്റർ |
| ഓണക്കൂർ വില്ലേജ് | 60 ഹെക്ടർ 85 ആർ 58 ചതുരശ്ര മീറ്റർ |
| മണീട് വില്ലേജ് | 151 ഹെക്ടർ 16 ആർ 50 ചതുരശ്ര മീറ്റർ |
| ആമ്പല്ലൂർ വില്ലേജ് | 93 ഹെക്ടർ 80 ആർ 04 ചതുരശ്ര മീറ്റർ |
| എടേയ്ക്കാട്ടുവയൽ വില്ലേജ് | 93 ഹെക്ടർ 1 ആർ 72 ചതുരശ്ര മീറ്റർ |
| കൈപ്പട്ടൂർ വില്ലേജ് | 51 ഹെക്ടർ 95 ആർ 02 ചതുരശ്ര മീറ്റർ |
| തിരുമാറാടി വില്ലേജ് | 124 ഹെക്ടർ 18 ആർ 17 ചതുരശ്ര മീറ്റർ |
| തിരുവാങ്കുളം വില്ലേജ് | 155 ഹെക്ടർ 73 ആർ 89 ചതുരശ്ര മീറ്റർ |
| കുത്താട്ടുകുളം വില്ലേജ് | 77 ഹെക്ടർ 33 ആർ 36 ചതുരശ്ര മീറ്റർ |
| ഇലഞ്ഞി വില്ലേജ് | 74 ഹെക്ടർ 38 ആർ 97 ചതുരശ്ര മീറ്റർ |
| മുളന്തുരുത്തി വില്ലേജ് | (1)ബ്ലോക്ക് 23- 92 ഹെക്ടർ 26 ആർ 71 ചതുരശ്ര മീറ്റർ<br>(2)ബ്ലോക്ക് 24-51 ഹെക്ടർ 33 ആർ 47 ചതുരശ്ര മീറ്റർ |
| കണയന്നൂർ വില്ലേജ് | 101 ഹെക്ടർ 79 ആർ 07 ചതുരശ്ര മീറ്റർ |
| രാമമംഗലം വില്ലേജ് | 101 ഹെക്ടർ 94 ആർ 18 ചതുരശ്ര മീറ്റർ |

(സി) നിലവിൽ ഏതെങ്കിലും പുറമ്പോക്ക് ഭൂമി വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കേണ്ടതിനുള്ള പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല.

**സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുവാൻ നടപടി**

329(2685) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും സാങ്കേതികവിദ്യാധിഷ്ഠിതമായും ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സർവ്വേയും ഭൂരേഖയും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും സാങ്കേതിക വിദ്യാധിഷ്ഠിതമായും ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1966-ൽ ആരംഭിച്ച റീ-സർവ്വേ ജോലികൾ 55% പൂർത്തിയായിട്ടുണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങളുടെ അപര്യാപ്തതയാണ് റീ-സർവ്വേ മന്ദഗതിയിലാകുന്നതിന് പ്രധാന കാരണം. സർവ്വേ ഉപകരണങ്ങളുടെ അപര്യാപ്തതയ്ക്ക് പരിഹാരമായി നൂതന സർവ്വേ സാങ്കേതിക വിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ കൂടുതൽ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരെക്കൂടി റീ-സർവ്വേ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) വകുപ്പിന്റെ പ്രവർത്തനം സുതാര്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് മുൻസർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വിശദീകരിക്കുമോ?

31-10-2012-ലെ സ.ഉ.(കൈ)നമ്പർ409/12/റവന്യൂ പ്രകാരം, സംസ്ഥാനത്ത് സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരുന്ന റീ-സർവ്വേ പ്രവർത്തനങ്ങൾ, 24-1-2017-ലെ സ.ഉ.(കൈ) നമ്പർ 28/2017/റവന്യൂ പ്രകാരം വ്യക്തമായ ആക്ഷൻപ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റരീതിയിലും പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെ പുനഃസ്ഥാപിച്ച് ഉത്തരവായത്

പ്രകാരം ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താൽ റീ-സർവ്വേ ജോലികൾ നടത്തി ഡിജിറ്റൽ സർവ്വേ റിക്കാർഡുകൾ തയ്യാറാക്കിവരുന്നു. റീ-സർവ്വേയുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി എൽ.ആർ.എം. അപേക്ഷകളിൽ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ഏകീകരിച്ച് 26-8-2017-ലെ സ.ഉ.(കൈ)നമ്പർ 303/2017/റവന്യൂ പ്രകാരം ഭൂരേഖ പരിപാലനവും സംരക്ഷണവും തഹസീൽദാറുടെ(ഭൂരേഖ) നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നു. കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കടാസ്ട്രൽ സർവ്വേ ആധുനീകരിക്കുക, സർവ്വേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിനുവേണ്ടി 25-6-2018-ലെ സ.ഉ.(കൈ)നമ്പർ 236/2018/റവന്യൂ പ്രകാരം കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്.

(സി) ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങൾ സർവ്വേ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

സർവ്വേ പ്രവർത്തനങ്ങൾ വേഗത്തിലും കൂടുതൽ കൃത്യതയിലും നിർവ്വഹിക്കുന്നതിന് നൂതന സർവ്വേ സമ്പ്രദായമായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർവ്വേ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്ത് മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. സർവ്വേ വകുപ്പിലെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും മാനവശേഷി ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും മാറിമാറി വരുന്ന സാങ്കേതിക വിദ്യകളിലും ആധുനിക സർവ്വേ ഉപകരണങ്ങളിലും ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം ജില്ലയിലും കണ്ണൂർ ജില്ലയിലും ഒരോ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടുകൾ വീതം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്ക് പട്ടയം

330(2686) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന മണികണ്ഠൻചാൽ, കല്ലേലിമേട് എന്നീ പ്രദേശങ്ങളിൽ 1-1-1977-ന് മുമ്പ് കുടിയേറി താമസിച്ചിട്ടുള്ള കൃഷിക്കാർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീ-സർവ്വേയ്ക്കുശേഷം തയ്യാറാക്കിയ ലിത്തോ മാപ്പിൽ പ്രസ്തുത പ്രദേശങ്ങൾ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ ഒരു ട്രൈബൽ കുടുംബംപോലും അധിവസിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) 1-1-1977-ന് മുമ്പ് കുടിയേറി കൃഷി ചെയ്ത് താമസിച്ച് വരുന്ന മേൽപ്രദേശങ്ങളിലെ താമസക്കാർക്ക് ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതാണ് പട്ടയം നൽകുവാനുള്ള തടസ്സമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) മേൽസാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കി ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കല്ലേലിമേട് -മണികണ്ഠൻചാൽ പ്രദേശങ്ങൾ 1984-ലെ വനം-റവന്യൂ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥലങ്ങൾ ആയതിനാൽ വനഭൂമി സ്പെഷ്യൽ പതിവ് ചട്ടം പ്രകാരമാണ് പതിച്ച് നൽകേണ്ടത്. വനഭൂമി പതിവ് ചട്ടം സെക്ഷൻ 5 പ്രകാരം 1-1-1977-ന് മുമ്പ് പട്ടിക വർഗ്ഗത്തിൽപ്പെട്ട വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലുമുള്ളതും പിന്നീട് പട്ടിക വർഗ്ഗക്കാരനല്ലാത്ത ഒരു വ്യക്തിക്ക് കൈമാറിയിട്ടുള്ളതുമായ ഭൂമിയിൽ പട്ടിക വർഗ്ഗക്കാരനല്ലാത്ത വ്യക്തി 1-1-1977-ന് മുൻപ് കുടിയേറിയിട്ടുള്ളതാണെങ്കിൽപോലും അയാൾക്ക് ആ ഭൂമി പതിച്ച് നൽകാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എറണാകുളം ഉൾപ്പെടെയുള്ള ജില്ലകളിലെ 'ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾ പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് 2-6-2020-ലെ സ.ഉ.(സാധാ)നമ്പർ 2020/2020/റവന്യൂ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം

331(2687) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ- ReLIS, സർവ്വേ വകുപ്പിന്റെ Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്നിവ സംയോജിപ്പിച്ച് ഒരു 'single window portal' (ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ വിഷയങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷൻ ഓൺലൈനായി ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വികസിപ്പിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള സോഫ്റ്റ്‌വെയറാണ് PEARL. ഭൂമി രജിസ്ട്രേഷനുശേഷം അപേക്ഷകൾ ഓൺലൈനായി ബന്ധപ്പെട്ട വില്ലേജുകളിൽ ലഭ്യമാക്കുകയും പോക്കുവരവ് സമയബന്ധിതമായി നടത്തുന്നതിനുള്ള സംവിധാനമാണ് ReLIS. GPS അധിഷ്ഠിത സർവ്വേ നടത്തിയിട്ടുള്ള വില്ലേജുകളുടെ സർവ്വേ മാപ്പുകൾ ഓൺലൈനായി നാളതീകരിക്കുന്നതിനും മറ്റ് വകുപ്പുകളുടെ textual വിവരങ്ങളുമായി സംയോജിപ്പിച്ച് ഭൂഭരണം സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് Emaps നടപ്പിലാക്കിയിട്ടുള്ളത്. ഈ മൂന്ന് വെബ്ആപ്ലിക്കേഷനുകളുടെയും വെബ് അധിഷ്ഠിത സംയോജനത്തിലൂടെ ഭൂ സംബന്ധമായ എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ഏകജാലക സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളെയും ഈ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളെയും ഈ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) എറണാകുളം ജില്ലയിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളിലാണ് 2021-22 വർഷത്തിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെ 87 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. അതിൽ 80 വില്ലേജുകളിൽ റവന്യൂ വകുപ്പിന്റെ ReLIS സർവ്വേ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ ഏലൂർ വില്ലേജ്, കണയന്നൂർ താലൂക്കിലെ തെക്കുംഭാഗം, ഇടപ്പള്ളി നോർത്ത്, നടമ എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്. നടമ വില്ലേജ് ഒഴികെ മറ്റ് മൂന്ന് വില്ലേജുകളിലും ReLIS-Emaps സംയോജനം പൂർത്തിയായിട്ടുണ്ട്. നടമ വില്ലേജിന്റെ സംയോജനം പൂർത്തിയാകുന്ന മുറയ്ക്ക് ReLIS-Emaps ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം വഴി ജനങ്ങൾക്ക് ഭൂ അധിഷ്ഠിത സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുശേഷം ടി വില്ലേജുകൾ സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാവുന്നതാണ്.

## കമ്പംമെട്ട് - വണ്ണപ്പുറം റോഡിന്റെ സർവ്വേ നടപടി

332(2688) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പംമെട്ട്- വണ്ണപ്പുറം റോഡിന്റെ വീതി, സർവ്വേ വിഭാഗം അളന്ന് തിട്ടപ്പെടുത്തി നൽകാത്തതിനാൽ കിഫ്ബിയിൽനിന്നും അനുവദിച്ച പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വേയർമാരുടെ അഭാവത്തിൽ പ്രസ്തുത നടപടികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഉടുമ്പൻചോല തഹസിൽദാർ/ ഇടുക്കി കളക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. പ്രസ്തുത കത്തിലെ ആവശ്യപ്രകാരം പ്രസ്തുത സർവ്വേ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് 5 സർവ്വേയർ, 1 ഹെഡ് സർവ്വേയർ എന്നീ സർവ്വേ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതും 19-7-2021 മുതൽ സർവ്വേ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) പൊതുവികസന പ്രവൃത്തികൾ സർവ്വേ വിഭാഗം ഉദ്യോഗസ്ഥരുടെ അഭാവംനിമിത്തം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിലെ ജീവനക്കാർ അപര്യാപ്തമായിരിക്കെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ, എൽ.ആർ.എം., മറ്റ് സ്പെഷ്യൽ സർവ്വേ ജോലികൾ എന്നിവയ്ക്കായി ജില്ലകളിൽനിന്നും ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വേ ജീവനക്കാരുടെ സേവനം വിട്ടുനൽകി കാലതാമസത്തിന് ഇടവരുത്താതെ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

(ഡി) കമ്പംമെട്ട് -വണ്ണപ്പുറം കിഫ്ബി റോഡിന്റെ ആദ്യ റീച്ചായ കമ്പംമെട്ട്- എഴുകും വയൽ റോഡിന്റെ വീതി അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കമ്പംമെട്ട് -വണ്ണപ്പുറം റോഡിന്റെ ഭാഗമായ കമ്പംമെട്ട് - എഴുകും വയൽ റോഡ് ഉൾപ്പെടുന്ന ഉടുമ്പൻചോല താലൂക്കിലെ സർവ്വേ നടപടികൾ 19-7-2021 മുതൽ ആരംഭിച്ചിട്ടുള്ളതാണ്.

**ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ആധാരം**

333(2689) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ആധാരം വ്യാജമാണെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 1600/1923 നമ്പർ ഇൻഡെഞ്ചർ പരിശോധിച്ച ഫോറൻസിക് സയൻസ് ലാബിന്റെ (FSL) പരിശോധനാ റിപ്പോർട്ടിൽ ടി രേഖയിൽ ചിലയിടങ്ങളിൽ കാണുന്ന തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വ്യത്യസ്തമായ മഷി ഉപയോഗിച്ചുകൊണ്ട് പിൽക്കാലത്ത് നടത്തിയിട്ടുള്ളതാണെന്ന് കണ്ടെത്തിയിരുന്നു. പ്രമാണത്തിൽ കാണുന്ന മുദ്ര സ്റ്റാൻഡേർഡ് സീലിൽ നിന്നുള്ളതുതന്നെയാണോ എന്ന് ഉറപ്പിക്കാനാകില്ലെന്നും മുദ്ര പതിപ്പിക്കുമ്പോൾ രേഖയിൽ പൊന്തിനിൽക്കുന്ന രീതിയിൽ ഉണ്ടാകുന്ന അടയാളങ്ങൾ (Embossment) ടി രേഖയിൽ കാണുന്നില്ലായെന്നും പ്രസ്തുത രേഖയുടെ കാലപ്പഴക്കം നിർണ്ണയിക്കാനാകുന്നില്ലെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖ വ്യാജമാണെന്ന തരത്തിലാണ് Forensic Science Laboratory വിജിലൻസിന് റിപ്പോർട്ട് നൽകിയിരുന്നതെന്നാണ് വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള 1600/1923 നമ്പർ ഇൻഡെഞ്ചർ വ്യാജമാണെന്നുള്ള ആരോപണം തള്ളിക്കളയാനാവില്ലെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒഴലപ്പതി വില്ലേജിൽ അനധികൃതമായി കൈവശപ്പെടുത്തിയ പട്ടയ ഭൂമി

334(2690) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ മല്ലമ്പതി പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് 1998-1999 വർഷങ്ങളിൽ പട്ടയമായി അനുവദിച്ചുകിട്ടിയ ഭൂമി മറ്റുവിഭാഗക്കാർ അനധികൃതമായി കൈവശപ്പെടുത്തിയത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭൂമി അന്യാധീനപ്പെട്ട പട്ടികവർഗ്ഗക്കാരുടെ പേര് വിവരങ്ങൾ, ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ തുടങ്ങിയ വിവരങ്ങളും ഭൂമി കൈവശപ്പെടുത്തിയത് ആരെല്ലാമാണെന്നും വിശദമാക്കാമോ?

&

(സി) 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഒഴലപ്പതി വില്ലേജ് പരിധിയിലുള്ള പ്രസ്തുത ഭൂമി ചിറ്റൂർ താലൂക്ക് ലാൻഡ് ബോർഡ് സി.സി.നമ്പർ 1946/74 ഉത്തരവുപ്രകാരം ശ്രീ.സുബയ്യ കൗണ്ടർ, s/o കുപ്പാണ്ട കൗണ്ടർ എന്നിവരിൽനിന്നും ഏറ്റെടുത്തിട്ടുള്ളവയാണ്. പ്രസ്തുത ഭൂമി ബ്ലോക്ക് നമ്പർ 28-ൽ 37/3, 48/1, 48/2, 49/1, 174/2, 175/2,3 & 182/4,5 (പഴയ സർവ്വേ നമ്പർ 303/1pt, 298/2, 5pt, 325/pt) എന്നീ സർവ്വേ നമ്പറുകളിലുൾപ്പെട്ടവയാണ്. വില്ലേജ് ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരവും പ്രാദേശികമായി അന്വേഷണം നടത്തിയതിലും പ്രസ്തുത ഭൂമി (40.66 ഏക്കർ) 166 പേർക്കായി പതിച്ച് നൽകിയിട്ടുള്ളതും ആയതിൽ 8 ഏക്കർ ഭൂമി 33 പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ടവർക്ക് പതിച്ച് നൽകിയതായും ടി 33 പേരിൽ മിക്കവരും ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളതായും വ്യക്തമാകുന്നു. ഭൂമി കൈമാറ്റം നടത്തിയവരുടെയും കൈവശപ്പെടുത്തിയവരുടെയും പേരുവിവരങ്ങളും വിസ്തീർണ്ണവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി, നിയമവിരുദ്ധ കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## റീ-സർവ്വേ നടപടികൾ

335(2691) ശ്രീ. പി. കെ. ബഷീർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായം തേടാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർവ്വേ പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ആധുനിക സർവ്വേ സമ്പ്രദായമായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

(സി) റീ-സർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പുരോഗതിയിലുമാണ്. ആധുനിക സർവ്വേ സമ്പ്രദായമായ CORS നെറ്റ്‌വർക്ക് സ്ഥാപിച്ച് സർവ്വേ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനം വേഗത്തിലാക്കുവാൻ കഴിയുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ നടപടികൾ**

336(2692) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ റീ-സർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി, കൊയിലാണ്ടി, വടകര എന്നീ നാല് താലൂക്കുകളിലായി ആകെ 118 വില്ലേജുകളുണ്ട്. ഇതിൽ കോഴിക്കോട് താലൂക്കിലെ ആകെയുള്ള 39 വില്ലേജുകളിലും താമരശ്ശേരി താലൂക്കിലെ ആകെയുള്ള 20 വില്ലേജുകളിലും നാളിതുവരെ റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൊയിലാണ്ടി താലൂക്കിലെ ആകെയുള്ള 31 വില്ലേജുകളിൽ 3 വില്ലേജുകൾ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 28 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വടകര താലൂക്കിൽ ആകെയുള്ള 28 വില്ലേജുകളിൽ 14 വില്ലേജുകൾ പൂർണ്ണമായും ഒരു വില്ലേജിൽ ആകെ 7 ബ്ലോക്കുകളുള്ളതിൽ 4 ബ്ലോക്കുകളും റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 3 ബ്ലോക്കുകളുടെ റീ-സർവ്വേ ജോലികൾ അന്തിമഘട്ടത്തിലുമാണ്. ടി താലൂക്കിൽ 13 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനമാണ് ഇനി ബാക്കിയുള്ളത്.

(ബി) കൊയിലാണ്ടി താലൂക്കിൽ എത്ര വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയായെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

കൊയിലാണ്ടി താലൂക്കിലെ ആകെയുള്ള 31 വില്ലേജുകളിൽ മേപ്പയൂർ, പയ്യോളി, ഇരിങ്ങൽ എന്നീ 3 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(സി) കൊയിലാണ്ടി താലൂക്കിലെ സർവ്വേ വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ടെന്നും ഓരോരുത്തർക്കും ചാർജ്ജുള്ള വില്ലേജുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

കൊയിലാണ്ടി താലൂക്കിലെ എൽ.ആർ.എം. വിഭാഗത്തിൽ ഒരു ഹെഡ്സർവ്വേയറും നാല് സർവ്വേയർമാരും ജോലി നിർവ്വഹിച്ചുവരുന്നു. ഓരോരുത്തർക്കും ചാർജ്ജുള്ള വില്ലേജുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു *.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2019 മുതൽ 2021 വരെ അതിർത്തി തർക്കം, കോടതി കമ്മീഷൻ, മിച്ചഭൂമി, റീ-സർവ്വേ അദാലത്ത് എന്നിങ്ങനെ കൊയിലാണ്ടി താലൂക്ക് സർവ്വേ വിഭാഗത്തിൽ എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കുമോ?

കൊയിലാണ്ടി താലൂക്ക് സർവ്വേ വിഭാഗത്തിൽ അതിർത്തി തർക്കം സംബന്ധിച്ച്-655 അപേക്ഷയും കോടതി കമ്മീഷൻ സംബന്ധിച്ച് 49 അപേക്ഷയും മിച്ചഭൂമി സർവ്വേ സംബന്ധിച്ച് 18 അപേക്ഷയും റീ-സർവ്വേ അദാലത്ത് സംബന്ധിച്ച് 5331 അപേക്ഷകളും നിലവിലുണ്ട്.

(ഇ) കൊയിലാണ്ടി താലൂക്കിൽ ഭൂമി തരംമാറ്റുന്നതിനുവേണ്ടി ഫീസടച്ച എത്ര അപേക്ഷകളുണ്ടെന്ന് അറിയിക്കാമോ?

2019 മുതൽ 2021 വരെ ഭൂമി തരംമാറ്റുന്നതിനുവേണ്ടി 643 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(എഫ്) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും ആയത് എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ?

താലൂക്കിൽ നിലവിൽ ലഭ്യമായ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ടി അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ പൂർത്തീകരിക്കാൻ നടപടി**

337(2693) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീ-സർവ്വേ ജോലികൾ പൂർത്തിയാക്കിയ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇനിയും റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; റീ-സർവ്വേ എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്നും വൈകുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തിയാക്കാൻ ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ നിലവിൽ പുരോഗതിയിലാണ്. റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ റീ-സർവ്വേ ആരംഭിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയുള്ള പരസ്യം ചെയ്യൽ, നിലവിലെ റവന്യൂ റിക്കാർഡുകളുടെ കളക്ഷൻ, വില്ലേജ് ബൗണ്ടറി റിഫിക്സിംഗ്, ലൊക്കേഷൻ, ഡിമാർക്കേഷൻ, ഫീൽഡ് ഒബ്സർവേഷൻ, എഫ്.എം.ബി. തയ്യാറാക്കൽ, റിക്കാർഡുകളുടെ സൂക്ഷ്മപരിശോധന തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ പ്രസ്തുത ജോലികൾ പൂർത്തീകരിച്ചതിനുശേഷം സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം ഏറ്റവും കുറഞ്ഞത് ഒരു മാസക്കാലയളവിൽ പൊതുജനങ്ങൾക്ക് പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന ALC (Appeal Land Compliant) അപേക്ഷകളിൽ ആവശ്യമായവയിൽ ഫീൽഡ് പരിശോധനകൂടി നടത്തി പ്രസ്തുത മാറ്റങ്ങൾ വരുത്തിയ ഫൈനൽ റിക്കാർഡുകൾ സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം റവന്യൂ ഭരണത്തിന് കൈമാറുന്നു. ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനംകൂടി വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

(സി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കുവേണ്ട സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്നും ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് രണ്ട് ജോയിന്റ് ഡയറക്ടർമാരേയും മറ്റ് ജില്ലകളിൽ 12 സർവ്വേ ഡെപ്യൂട്ടി ഡയറക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി 14 ജില്ലാ

സർവ്വേ സൂപ്രണ്ടുമാരും അതത് കളക്ടറേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാരും മറ്റ് ജില്ലകളിൽ ഓരോ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർമാരും റീ-സർവ്വേ സംബന്ധിച്ച സാങ്കേതികവും ഭരണപരവുമായ നിയന്ത്രണത്തിനായുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി സർവ്വേ സൂപ്രണ്ടുമാരും വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ സർവ്വേ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനും മാപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനുമായി അസിസ്റ്റന്റ് ഡയറകടർമാരുടെ ചുമതലയിൽ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സെൻട്രൽ സർവ്വേ ഓഫീസും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ മാപ്പിംഗ് ഓഫീസുകളും നിലവിലുണ്ട്. റിക്കാർഡുകൾ ഡിജിറ്റൈസേഷൻ ചെയ്യുന്നതിനായി 14 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളും തിരുവനന്തപുരം ആസ്ഥാനമായി ഒരു സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും നിലവിലുണ്ട്. പ്രസ്തുത സെന്ററുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ആധുനിക ഉപകരണങ്ങളും ഉപയോഗിച്ച് റീ-സർവ്വേ റിക്കാർഡുകൾ ഡിജിറ്റൽ രീതിയിൽ തയ്യാറാക്കി പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖേന ലഭ്യമാക്കത്തവിധം റിക്കാർഡുകൾ തയ്യാറാക്കിവരുന്നു. സംസ്ഥാനമൊട്ടാകെയുള്ള പ്രസ്തുത സംവിധാനങ്ങളും സൗകര്യങ്ങളും ഉപയോഗിച്ച് റീ-സർവ്വേ പ്രവർത്തനം നിർവഹിക്കുന്നു. സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനങ്ങൾക്കായുള്ള അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളുടെയും സർവ്വേ സൂപ്രണ്ടാഫീസുകളുടെയും ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു *.

(ഡി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കുവേണ്ട ചെലവ് എത്രയാണെന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും ഇതിനകം ഓരോ ജില്ലയും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

റീ-സർവ്വേ പ്രവർത്തനങ്ങൾക്കുവേണ്ട ചെലവ് എത്രയാണെന്ന് കൃത്യമായി ഓരോ വില്ലേജിനും മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുകയില്ല. നാളിതുവരെ ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും പ്രസ്തുത ജില്ലകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) റീ-സർവ്വേ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ?

ജില്ലകളിലെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വേ, പട്ടയ സർവ്വേ കൂടാതെ സർക്കാരിന്റെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കുമായി നിയോഗിക്കുന്നതിനാൽ റീ-സർവ്വേ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നുണ്ട്. ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനം കൂടി വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽനിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

## റീ-സർവ്വേ

338(2694) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീ-സർവ്വേ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) റീ-സർവ്വേ നടക്കുന്നതിൽത്തന്നെ പാകപ്പിഴകൾ വരുന്നത് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റീ-സർവ്വേ അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാനും പാകപ്പിഴകൾ ഒഴിവാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കാമോ?

റീ-സർവ്വേ അപാകത സംബന്ധിച്ച അപേക്ഷകൾ നിലവിലുള്ള സർക്കാർ ഉത്തരവിനുവിധേയമായി മുൻഗണനാക്രമം പാലിച്ചാണ് തീർപ്പുകൽപ്പിച്ചുവരുന്നത്. ടി അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് സ്ഥലപരിശോധന അനിവാര്യമാണ്. കുട്ടനാട് പോലുള്ള താലൂക്കുകളിൽ നിലങ്ങളും തണ്ണീർത്തടങ്ങളും കൂടുതലുള്ളതിനാൽ കാലാവസ്ഥയ്ക്കനുസൃതമായി വെള്ളം കയറുമ്പോഴും കൃഷി നടക്കുന്ന സമയങ്ങളിലും സ്ഥലപരിശോധന നടത്തി തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ കോവിഡ്-19 മഹാമാരിയും ഇത്തരത്തിലുള്ള കാലതാമസത്തിന് ആക്കം

കൂടിയിട്ടുണ്ട്. എന്നിരുന്നാലും നിലവിലുള്ള സർവ്വേയർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ടി അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ പൂർത്തീകരിക്കാൻ നടപടി**

339(2695) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ ആരംഭിച്ചതെന്നാണ്?

സംസ്ഥാനത്ത് 1966-ൽ ആണ് റീ-സർവ്വേ നടപടികൾ ആരംഭിച്ചത്.

(ബി) റീ-സർവ്വേ നടപടികൾ നാളിതുവരെ എത്ര വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) റീ-സർവ്വേ പൂർത്തീകരിക്കാൻ ഇനിയും എത്ര സമയം വേണ്ടിവരുമെന്ന് അറിയിക്കാമോ;

&

(ഡി) റീ-സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

നാളിതുവരെ സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 757 വില്ലേജുകളിൽ നിലവിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പുരോഗതിയിലാണ്. കൂടാതെ ടി 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെ റീ-സർവ്വേ ജോലികൾ പുരോഗതിയിലുള്ള വില്ലേജുൾപ്പെടെ 1579 വില്ലേജുകളും നൂതനസാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി സമയബന്ധിതമായിത്തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously

Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-Time Kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയറുടെകൂടി സേവനം വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽനിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് റീ-സർവ്വേ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

**റീ-സർവ്വേ നടപടികൾ**

340(2696) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് റീ-സർവ്വേ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വേ രേഖകൾ ഡിജിറ്റൽ വൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റീ-സർവ്വേ നടത്തിയ സ്ഥലങ്ങളിൽ വ്യാപകമായി ഉണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സാറ്റലൈറ്റ് മാപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാറ്റലൈറ്റ് മാപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റീ-സർവ്വേ നടപടികൾ

341(2697) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതെന്ന് അറിയിക്കാമോ; ഇതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല് എന്നീ വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വില്ലേജുകളിൽ റീ-സർവ്വേ ജോലികൾ ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; റീ-സർവ്വേ പൂർത്തീകരിക്കാൻ എന്തുനടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്നും എന്നത്തേയ്ക്ക് റീ-സർവ്വേ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വേ, പട്ടയ സർവ്വേ കൂടാതെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കായി നിയോഗിക്കുന്നതിനാലാണ് റീ-സർവ്വേ നടപടികൾ നീണ്ടുപോകുന്നത്.

(സി) നിലമ്പൂർ താലൂക്കിൽ റീ-സർവ്വേയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

നിലമ്പൂർ താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിലൊന്നും തന്നെ നിലവിൽ റീ-സർവ്വേ ജോലികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരെ നിയോഗിച്ചിട്ടില്ല.

(ഡി) റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൂടുതൽ ഉദ്യോഗസ്ഥരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

18-11-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4685/2016/റവന്യൂ പ്രകാരം സർവ്വേയും ഭൂരേഖയും വകുപ്പിലെ എല്ലാ ജോലി ക്രമീകരണങ്ങളും റദ്ദാക്കിയിട്ടുള്ളതാണ്. എന്നാൽ ടി ജീവനക്കാർ ലാവണ ഓഫീസുകളിലേയ്ക്ക് മടങ്ങിപ്പോകുന്നത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനും ടി ഉദ്യോഗസ്ഥർക്ക് പകരമായി അതത്

ജില്ലയിലെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും താൽക്കാലികമായി ജീവനക്കാരെ നിയോഗിക്കുന്നതിന് 30-11-2016-ലെ സ.ഉ.(സാധാ) നമ്പർ 5131/2016/റവന്യൂ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് ചുമതല നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ 8-12-2016-ലെ സ.ഉ.(സാധാ) നമ്പർ 5348/2016/റവന്യൂ സർക്കാർ ഉത്തരവുപ്രകാരം അതത് ജില്ലയിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുമായി യോഗം ചേർന്നശേഷം നടപടിക്രമം പുറപ്പെടുവിച്ച് ആവശ്യമായ ജീവനക്കാരെ സർവ്വേ വകുപ്പിൽനിന്നും വിന്യസിക്കാൻ ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിയിട്ടുള്ളതും അത്യാവശ്യ ഘട്ടങ്ങളിൽ ജില്ലയ്ക്ക് പുറത്തുനിന്നും ജീവനക്കാരെ വേണ്ടിവരുന്ന സാഹചര്യത്തിൽ സർവ്വേ ഡയറക്ടർക്കാവശ്യമായ ജീവനക്കാരുടെ സേവനം വിട്ടുനൽകുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും നിലവിലുള്ള ജോലികൾ നിർവ്വഹിക്കുന്നതിന് മതിയായ ജീവനക്കാർ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ അധികമായി നിയമിക്കാൻ കഴിയാത്ത സാഹചര്യമാണ്.

(ഇ) നിലമ്പൂർ മണ്ഡലത്തിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളുടെ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ റീ-സർവ്വേ അപാകത സംബന്ധിച്ച തീർപ്പാക്കാത്ത അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|
| പോത്തുകല്ല് | 100 |
| അമരമ്പലം | 135 |
| നിലമ്പൂർ | 125 |
| ചുങ്കത്തറ | 88 |
| കാളികാവ് | 50 |
| കരുളായി | 30 |
| വെള്ളയൂർ | 30 |

| | |
|---|---|
| എടകര | 3 |
| വഴിക്കടവ് | 5 |
| കരുവാരക്കുണ്ട് | 55 |
| വണ്ടൂർ | 105 |
| തിരുവാലി | 74 |
| മമ്പാട് | 30 |
| കേരള എസ്റ്റേറ്റ് | 26 |
| പുള്ളിപ്പാടം | 15 |
| ഊർവ്വൂർ | 35 |
| മൂത്തേടം | 11 |
| പോത്തുക്കല്ല് | 6 |
| കുറുമ്പലങ്ങോട് | 4 |
| അകമ്പാടം | 10 |
| ചോക്കാട് | 15 |
| ആകെ | 952 |

**ഭൂവിനിയോഗം സംബന്ധിച്ച പഠനം**

342(2698) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വലിയൊരു ഭാഗം പ്രദേശം ഉരുൾപ്പൊട്ടൽ ഭീഷണി നേരിടുന്നതിനാൽ അവിടുത്തെ ഭൂവിനിയോഗം സംബന്ധിച്ച് പഠനം നടത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പ്രസിദ്ധപ്പെടുത്തിയ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP) പ്ലാനിൽ പേജ് 68-ൽ "സംസ്ഥാന വ്യാപകമായ അടിസ്ഥാന സൗകര്യങ്ങളുടെയും ആസ്തികളുടെയും ദുർബ്ബലത വിലയിരുത്തൽ നടത്തുന്നതിനെകുറിച്ചും സ്ഫോടനം നടത്തിയുള്ള പാറഖനനം, മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ എന്നിവയ്ക്ക് കാരണമായേക്കാം എന്നുള്ളതുകൊണ്ട് അനുയോജ്യവും പ്രായോഗികവുമായ ബദൽ മാർഗ്ഗങ്ങളെക്കുറിച്ചും മണ്ണിടിച്ചിലിനെതിരെ പ്രകൃതി അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ (Nature-based solutions) പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള വിശദമായ പഠനങ്ങളുടെ ആവശ്യകതയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളതാണ്." റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP) പ്ലാനിൽ പേജ് 52-ൽ "മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട ഭൂവിനിയോഗ ആസൂത്രണവും മികച്ച ഭൂവിനിയോഗ രീതികളും നടപ്പിലാക്കുന്നതിനെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ മണ്ണിടിച്ചിലിന്റെ അപകടസാധ്യതകൾ വിലയിരുത്തുന്നതിന് വകുപ്പുകൾ തമ്മിലൊരു ഏകോപന സംവിധാനം സ്ഥാപിക്കുന്നതിനെക്കുറിച്ചും മണ്ണിടിച്ചിൽ തടയുന്നതിന് കുന്നിൻചരിവുകളിൽ പ്രകൃതി അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റിയും മണ്ണിടിച്ചിൽ നിരീക്ഷണ സംവിധാനം വികസിപ്പിക്കുന്നതിനെപ്പറ്റിയും പ്രതിപാദിച്ചിട്ടുള്ളതാണ്." മേൽ നിർദ്ദേശങ്ങൾ തയ്യാറാക്കിയത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആണ്. സംസ്ഥാന ദുരന്തനിവാരണ പ്ലാൻ (SDMP 2016)-ലെ ഖണ്ഡിക 3.21.1 (Landslide risk reduction) പ്രകാരം: മണ്ണിടിച്ചിൽ സാധ്യത ഭൂപടത്തിലെ 'ഹൈ ഹസാഡ് സോൺ-' ൽ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാണ്. 20 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിൽ മഴക്കുഴികൾ നിർമ്മിക്കുന്നത് മണ്ണിടിച്ചിലിന് കാരണമായേക്കാവുന്നതുകൊണ്ട് നിരോധിക്കേണ്ടതാണ്. ഹൈ ഹസാഡ് സോണിൽ സ്ഫോടനം നടത്തി പാറ പൊട്ടിക്കുന്നത് മണ്ണിടിച്ചിലിന് കാരണമായേക്കാമെന്നതിനാൽ സ്ഫോടനം നടത്തിയുള്ള പാറഖനനത്തിന് അനുമതി നൽകരുതെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോഡറേറ്റ് സോണിൽ, ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റിയുടെ അനുമതിയോടുകൂടി മാത്രമേ ഖനനാനുമതി നൽകാവൂയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രണ്ട് ദിവസം തുടർച്ചയായി മഴ പെയ്യുന്ന അവസരത്തിൽ, പ്രസ്തുത വില്ലേജിൽ, സ്ഫോടനം നടത്തിയുള്ള പാറഖനനം, മഴയില്ലാത്ത ദിവസം വരുന്നതുവരെ താത്കാലികമായി നിരോധിക്കേണ്ടതാണ്. ഇത് മൺസൂൺ കാലം മുഴുവൻ പ്രാബല്യത്തിലുള്ളതും വീഴ്ചകൂടാതെ നടപ്പാക്കിയെന്ന് ഉറപ്പ് വരുത്തുന്നതിന് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി 2016-ന്റെ (State Disaster Management Plan, 2016) ചാപ്റ്റർ 3.21.1 പ്രകാരം അതീവ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/ പാറനിരങ്ങൽ

സാധ്യതാമേഖലയായി (Landslide Susceptibility-High Hazard Zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറഖനനം നിരോധിക്കണം എന്ന കേന്ദ്ര ദുരന്ത നിവാരണ നിയമം 2005-ന്റെ 22 (2) (b) വകുപ്പ് അനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2018 പ്രളയശേഷം, ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കേരളത്തിലെ 10 ജില്ലകളിൽ നടത്തിയിട്ടുള്ള സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ ഭീഷണി നേരിടുന്ന 689 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. 2019 പ്രളയശേഷം, മൈനിംഗ് & ജിയോളജി, ഭൂജല, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുകൾ കേരളത്തിലെ 9 ജില്ലകളിൽ നടത്തിയ സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ ഭീഷണി നേരിടുന്ന 411 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ നിർദേശിച്ചിരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപ്പൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെ വെളിച്ചത്തിൽ, ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരടങ്ങുന്ന വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ഇവരുടെ ശിപാർശപ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകമായ പരിശോധന നടത്താൻ ജില്ലാ ജിയോളോജിസ്റ്റ്, തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ എന്നിവർ സ്ഥലം പരിശോധിച്ച് പ്രത്യേക പരിശോധനാ ഫോറം തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

**ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി**

343(2699) ശ്രീ. വി ജോയി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം മുഴുവൻ ബാധകമാക്കുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ.(സാധാ) നമ്പർ 552/20/റവ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ.(സാധാ) നമ്പർ 552/2020/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി യൂണീക് തണ്ടപ്പേരിന്റെ

Key Identifier ആയി ആധാർ seed ചെയ്യുന്നതിനായി യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ഐ.റ്റി. മിഷനുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ആധാർ Sub AUA (Sub Authenticating Agency) ആയി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനുള്ള അപേക്ഷയും അണ്ടർടേക്കിംഗും ഐ.റ്റി. മിഷൻ മുഖേന UIDAI- യ്ക്ക് അയച്ചിട്ടുണ്ട്. ടി അനുമതി ലഭ്യമായാൽ ഉടൻ ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്‌വെയർ അപ്ഡേഷൻ ചെയ്യുന്നതിന് NIC-യുടെ സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും**

344(2700) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗശൂന്യമായി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് ഹൗസിംഗ് ബോർഡിന് ഷോപ്പിംഗ് കോംപ്ലക്സുകളുള്ളതെന്നും ഇവയിൽ ഒഴിഞ്ഞ് കിടക്കുന്നതും പണി പൂർത്തിയാകാതെ കിടക്കുന്നതുമായ ഷോപ്പിംഗ് കോംപ്ലക്സുകൾ ഏതെല്ലാമെന്നും അറിയിക്കാമോ?

ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഷോപ്പിംഗ് കോംപ്ലക്സുകളൊന്നും പൂർണ്ണമായി ഒഴിഞ്ഞ് കിടക്കുന്നില്ല. കൂടാതെ, പണിപൂർത്തിയാകാത്ത ഷോപ്പിംഗ് കോംപ്ലക്സുകളൊന്നും ബോർഡിൽ നിലവിലില്ല. ബോർഡിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വിവരം അനുബന്ധം 'എ' ആയി ചേർക്കുന്നു *.

(സി) ഇവ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇവ പൂർത്തീകരിച്ച് വാടകയ്ക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ?

ബാധകമല്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഹൗസിംഗ് ബോർഡ് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്കുള്ള സ്ഥലങ്ങൾ എവിടെയൊക്കെയാണെന്നും ഇപ്പോൾ നടന്നുവരുന്ന പ്രോജക്ടുകളുടെ എണ്ണമെത്രയെന്നും അവ എതെല്ലാമെന്നും വ്യക്തമാക്കാമോ?

ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം ' ബി' ആയി ചേർക്കുന്നു *.

(ഇ) ഉപയോഗശൂന്യമായി കിടക്കുന്ന ഹൗസിംഗ് ബോർഡിന്റെ സ്ഥലങ്ങൾ പുതിയ പ്രോജക്ടുകൾക്കായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഭവന നിർമ്മാണ ബോർഡിന്റെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വിവിധങ്ങളായ പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ വീടുകൾ

345(2701) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 -2016 കാലഘട്ടത്തിൽ വിവിധ വകുപ്പുകളിലായി മൊത്തം എത്ര വീടുകൾ വച്ച് നൽകിയെന്ന് വ്യക്തമാക്കുമോ?

2011-2016 കാലഘട്ടത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം 2,17,950 വീടുകളും നഗരകാര്യ വകുപ്പ് മുഖേന 37,518 വീടുകളും ഗ്രാമപഞ്ചായത്തുകൾ തനതായി എടുത്ത പ്രോജക്ടുകളിലൂടെയും ഇ.എം.എസ് ഭവനപദ്ധതി പ്രകാരവും 1,13,023 വീടുകളും ഫിഷറീസ് വകുപ്പ് മുഖേന 14,493 വീടുകളും ഭവന നിർമ്മാണ വകുപ്പ് മുഖേന സാഫല്യം ഭവന പദ്ധതി പ്രകാരം 72 വീടുകളും നിർമ്മിച്ചുനൽകിയിട്ടുണ്ട്.

## റവന്യൂ ടവറിൽ പാർക്കിംഗ് സംവിധാനം

346(2702) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിൽ വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യമൊരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റവന്യൂ ടവറിന്റെ പാർക്കിംഗ് ഗ്രൗണ്ട് നവീകരിച്ച് അവിടെ പാർക്കിംഗ് സൗകര്യമൊരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി റവന്യൂ ടവറിന് ചുറ്റുമുള്ള പരിസരം വൃത്തിയാക്കി പാർക്കിംഗ് സൗകര്യം ലഭിക്കുന്നതിനായി site clearing ആയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ ടവറിന്റെ പ്രവർത്തനം

347(2703) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം ജില്ലാകളക്ടർക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഹരിപ്പാട് റവന്യൂ ടവർ റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നബാർഡ് വായ്പയുടെ തിരിച്ചടവ് സംബന്ധിച്ചുള്ള കാര്യങ്ങളിൽ കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഇരട്ട വീട് കോളനികൾ

348(2704) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമ പഞ്ചായത്തിൽ ഹൗസിംഗ് ബോർഡ് നൽകിയിട്ടുള്ള ഇരട്ട വീടുകളുടെ കോളനികൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് ഹൗസിംഗ് ബോർഡ് സ്വീകരിച്ചുവരുന്നത്?

എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിനുമായി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6.16 കോടി രൂപ വിവിധ ജില്ലകളിലായി 154 വീടുകളുടെ നിർമ്മാണത്തിനായി 4 ലക്ഷം രൂപ 4 ഗഡുക്കളായി അനുവദിക്കുവാനുള്ള പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ പട്ടികയിൽ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ 19 വീടുകൾക്കായി അനുമതി നൽകിയിരുന്നു.

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അപേക്ഷകൾ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ടി വിഷയം സംബന്ധിച്ച് ഇതുവരെ ഹൗസിംഗ് ബോർഡിന് അപേക്ഷയൊന്നും ലഭ്യമായിട്ടില്ല.

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ വീട് നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതികൾ ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിലവിൽ ഭവന നിർമ്മാണ ബോർഡിന് വീട് നിർമ്മിക്കുന്നതിന് പദ്ധതികളൊന്നുമില്ല.

(ഡി) ഹൗസിംഗ് ബോർഡിന്റെ എന്തെല്ലാം പുതിയ പദ്ധതികളാണ് കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഗൃഹശ്രീ പദ്ധതിക്കായി അപേക്ഷ നൽകുന്ന ഗുണഭോക്താക്കളെ ബോർഡ് പരിഗണിക്കുന്നതാണ്. അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് കൈപ്പമംഗലത്ത് ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. മതിലകം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടെങ്കിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

**ഭവന നിർമ്മാണ പദ്ധതി**

349(2705) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിലെ വൈപ്പിരിയം എന്ന സ്ഥലത്ത് ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിരുന്നുവോ; വ്യക്തമാക്കാമോ?

നടപ്പിലാക്കിയിരുന്നു. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 1992-1997 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിലുള്ള രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം 29 വീടുകൾ നിർമ്മിക്കുകയുണ്ടായി.

(ബി) എത്ര പേർക്കാണ് വീട് അനുവദിച്ച് കൊടുത്തതെന്ന് അറിയിക്കാമോ?

27 പേർക്ക് വീടുകൾ അനുവദിക്കുകയുണ്ടായി.

(സി) അതിൽ എത്രപേർക്കാണ് പട്ടയം അനുവദിച്ചുകൊടുത്തിട്ടുള്ളത്; വിശദമാക്കാമോ?

കാങ്കോൽ വില്ലേജിൽ റി.സ.157/7-ൽപ്പെട്ടതും ഹൗസിംഗ് ബോർഡിന്റെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് താമസിക്കുന്ന 6 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ഡി) അനുവദിച്ച് നൽകിയ വീടുകളിൽ നിലവിൽ എത്ര വീടുകളിലാണ് ആളുകൾ താമസിക്കുന്നത്; ആളുകൾ താമസിക്കാൻ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

4 വീടുകളിൽ താമസമുണ്ട്. കാങ്കോൽ ആലപ്പടമ്പ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ കുടിവെള്ള ക്ഷാമം, വൈദ്യുതി ലഭ്യമാകാത്തത് എന്നീ കാരണങ്ങൾ ഒട്ടേറെപ്പേർ അവിടെ താമസിക്കാതിരിക്കാനുള്ള കാരണമായി അറിയിച്ചിട്ടുണ്ട്. 25 വർഷങ്ങൾക്ക് മുമ്പ് നിലവിലുണ്ടായിരുന്ന കേരളത്തിലെ സാമൂഹ്യ സാഹചര്യം കണക്കാക്കി നിർമ്മിച്ച വീടുകളാണ് അവ. പാവപ്പെട്ടവർക്കു വേണ്ടി അന്നത്തെ സർക്കാർ രൂപം നല്കിയ പദ്ധതിയിൽ ഒരു വീടിന്റെ തറ വിസ്തീർണ്ണം 28 മീറ്റർ സ്ക്വയർ മാത്രമായിരുന്നു. അന്നത്തെ അവസ്ഥയിൽനിന്നും കേരള ജനതയുടെ ജീവിത നിലവാരം ഇന്ന് വളരെ ഉയർന്നിരിക്കുന്നതിനാൽ നിലവിൽ അത്തരം വീടുകളിൽ താമസിക്കാൻ ആളുകൾ വിസമ്മതിക്കുന്നു.

(ഇ) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഈ പദ്ധതിയിൽ 4 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇത്തരം പദ്ധതി വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞാൽ പിന്നീട് വീടും പരിസരവും സൂക്ഷിക്കേണ്ടത് ഗുണഭോക്താക്കളും അവരുടെ കൂട്ടായ്മയുമാണ്. ഇത്തരം പദ്ധതികളിൽ വീണ്ടും പണം മുടക്കാൻ സർക്കാർ തലത്തിൽ പിന്നീട് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. വീടുകൾ ലഭിച്ച ഗുണഭോക്താക്കൾ ദീർഘകാലം വീടുകളിൽ താമസമില്ലാത്തതിനാലും വീടുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാലും പല വീടുകളും വാസയോഗ്യമല്ലാതായിരിക്കുകയാണ്.

## ഗൃഹശ്രീ പദ്ധതി

350(2706) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ?

വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനായി ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഗൃഹശ്രീ പദ്ധതി പ്രകാരം സംസ്ഥാനത്താകെ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

2021-22 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയായ 20 കോടി രൂപ ഉപയോഗിച്ച് 1000 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS) / താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവരെ (LIG) സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സന്നദ്ധ സംഘടനകൾ/NGO/സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽനിന്നും പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലുംപെട്ട യോഗ്യരായവരെ അർഹതാമാനദണ്ഡം പരിശോധിച്ച് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

1. ആധാർകാർഡ്/ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ്
2. വരുമാനസർട്ടിഫിക്കറ്റ്(വില്ലേജ് ഓഫീസറിൽ നിന്ന് ലഭിച്ചത്)
3. വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്(വില്ലേജ് ഓഫീസിൽ നിന്ന്)
4. വസ്തുവിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റ്(വില്ലേജ് ഓഫീസിൽ നിന്ന്)
5. വസ്തുവിന്റെ പ്രമാണത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
6. റേഷൻ കാർഡ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
7. വസ്തുവിന് ബാധ്യതകൾ ഇല്ലായെന്ന് തെളിയിക്കുന്നതിനാവശ്യമായ കുടിക്കട സർട്ടിഫിക്കറ്റ്(സബ് രജിസ്ട്രാർ ഓഫീസിൽനിന്നും)
8. അപേക്ഷകനും കുടുംബത്തിനും വാസയോഗ്യമായ വീട് ഇല്ലായെന്നുള്ള ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി/വില്ലേജ് ഓഫീസർ എന്നിവരിൽനിന്നുള്ള സർട്ടിഫിക്കറ്റ്
9. സ്ഥലം പോക്കുവരവ് ചെയ്തശേഷം കരം തീർത്ത രസീതും തണ്ടപ്പേർ സർട്ടിഫിക്കറ്റ്

10. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും ഗുണഭോക്താവിന്റെ പേരും ബാങ്കിന്റെ IFS Code- ഉം വ്യക്തമാക്കുന്ന പേജിന്റെ പകർപ്പ്

11. ജാതി തെളിയിക്കുന്നതിനായുള്ള സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിനു മാത്രം)

12. വീടിന്റെ തറ വിസ്തീർണ്ണം 83.ചതുരശ്ര മീറ്ററിൽ അധികമാകാത്ത അംഗീകരിച്ച പ്ലാൻ (Building permit)ഒന്നാം ഗഡു ലഭിക്കുന്നതിന് മുമ്പായി ഹാജരാക്കേണ്ടതാണ്.

(സി) 2020-21 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ഗൃഹശ്രീ പദ്ധതിപ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 20 കോടി രൂപയിൽ കോഴിക്കോട് ജില്ലയിൽനിന്നും ബോർഡിൽ ലഭിച്ച അപേക്ഷകൾ പ്രകാരം 92 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**ഭവന നിർമ്മാണ പദ്ധതികൾ**

351(2707) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തെല്ലാം ഭവന പദ്ധതികളാണ് ദുർബ്ബല വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്?

കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ് ദുർബല വിഭാഗങ്ങൾക്കായി മുക്കം(കോഴിക്കോട്), പട്ടുവം(കണ്ണൂർ), തൃക്കൈപ്പറ്റ(വയനാട്) എന്നീ സ്ഥലങ്ങളിൽ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഗൃഹശ്രീ പദ്ധതിയും ദുർബ്ബല വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) 2016-2021 കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ വർഷം തിരിച്ച് അറിയിക്കാമോ?

2016-2021 കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡ് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

## ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട്

352(2708) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി (ROMHS), എം.എൻ ലക്ഷം വീട് പാർപ്പിട പദ്ധതി (MNOLHS), സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ദുർബ്ബല/താഴ്ന്ന വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവിടങ്ങളിൽ ഓരോയിടത്തും ചെലവ് കുറഞ്ഞ നിർമ്മാണരീതി അവലംബിച്ച് 3 നിലകളുള്ള 3 ബ്ലോക്കുകളിൽ 36 ഭവന യൂണിറ്റുകളും വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 415 ചതുരശ്രഅടി വീതം വിസ്തീർണ്ണമുള്ള 18 വീടുകളും നിർമ്മിക്കുന്ന പദ്ധതിക്ക് 16-1-2021-ലെ സ.ഉ.(സാധാ).നമ്പർ 4/2021/ഭവനം പ്രകാരം 1290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ദുർബ്ബല/താഴ്ന്ന വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് കൊല്ലം ജില്ലയിലെ കരീപ്ര, ഇടുക്കി ജില്ലയിലെ പീരുമേട് എന്നിവിടങ്ങളിൽ 36 യൂണിറ്റ് വീതമുള്ള കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതിക്ക് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) ഈ പദ്ധതി വഴി എത്ര പേർക്ക് സ്വപ്നഭവനം സ്വന്തമാക്കാനായി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (ROMHS), എം.എൻ ലക്ഷം വീട് പാർപ്പിട പദ്ധതി (MNOLHS), സാഫല്യം ഭവന പദ്ധതി എന്നീ പദ്ധതികളിലായി വീട് നൽകിയ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. 2020-2021 സാമ്പത്തിക വർഷത്തിലെ ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനകം പൂർത്തിയാക്കി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 36 വീതം ഗുണ ഭോക്താക്കൾക്കും വയനാട് ജില്ലയിൽ 18 ഗുണഭോക്താക്കൾക്കും ഫ്ലാറ്റ്/ വീട് നിർമ്മിച്ച് നൽകുവാൻ സാധിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തെ ദുർബ്ബല/ താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലെ 36 ഗുണഭോക്താക്കൾക്ക് വീതം ഫ്ലാറ്റ്/ വീട് നിർമ്മിച്ച് നൽകുവാൻ സാധിക്കുന്നതാണ്. ഗൃഹശ്രീ ഭവന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 2000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21-ൽ ബോർഡിൽ ലഭിച്ച 1000 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടകം നടപടിക്രമങ്ങൾ പൂർത്തീകരിച്ച 147 അപേക്ഷകർക്ക് ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതുമാണ്.

**സംസ്ഥാനത്തെ ഭവനരഹിതരായ കുടുംബങ്ങൾ**

353(2709) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം നിലവിൽ ഭവനരഹിതരായ കുടുംബങ്ങളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.*

(ബി) ബാങ്കുകൾ മറ്റിതര ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ ജപ്തിമൂലം വീട് നഷ്ടപ്പെട്ടവർ എത്ര; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

(സി) ജപ്തി വഴി കിടപ്പാടം നഷ്ടപ്പെടുന്നത് തടയാനും ഒരു സെന്റിലും അര സെന്റിലും പ്ലാസ്റ്റിക് ഷീറ്റും മറ്റ് മറകളുമായി താമസിക്കുന്നവർക്ക് ഉൾപ്പെടെ സ്വന്തമായൊരു വീട് നൽകുന്നതും പരിഗണിച്ച് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

*(പ്രസ്തുത ചോദ്യത്തിന്റെ '(എ)' പിരിവിന്റെ ഉത്തരം പൂർണ്ണമായും നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

ജപ്തി വഴി കിടപ്പാടം നഷ്ടപ്പെടുന്നത് തടയാനുള്ള നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-7-2017-ലെ സ.ഉ (എംഎസ്) നമ്പർ 151/2017/ത.സ്വ.ഭ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള 6 അർഹതാ മാനദണ്ഡങ്ങളുടെയും 9 ക്ലേശഘടകങ്ങളുടെയും 6-9-2019-ലെ സ.ഉ (സാധാ)നമ്പർ 1946/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഇളവുകളുടെയും അടിസ്ഥാനത്തിലാണ് ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകിവരുന്നത്. ഇത്തരത്തിൽ സമൂഹത്തിന്റെ നാനാതുറയിലുള്ള എല്ലാ വിഭാഗം കുടുംബങ്ങളെയും പരിഗണിച്ചുകൊണ്ട് 2,62,131 വീടുകളാണ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ മുഖേന നിർമ്മിച്ചത്. വരുന്ന 5 വർഷം കൊണ്ട് ഭവനരഹിതരായിട്ടുള്ള 5 ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## വിവിധ പദ്ധതികളിലായി നിർമ്മിച്ച വീടുകൾ

354(2710) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലായി മൊത്തം എത്ര വീടുകൾ നിർമ്മിച്ച് നൽകി; പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലായി 2,62,131 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ശേഖരിച്ചുവരുന്നു.

## സിവിൽ സ്റ്റേഷൻ നിർമ്മാണം

355(2711) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട് സിവിൽ സ്റ്റേഷൻ നിർമ്മാണം എന്നാണ് പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ചാവക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 2006-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് സമയബന്ധിത നടപടി

356(2712) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects - Infrastructure)-യും പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ആവശ്യമായ വിലയിരുത്തലുകൾ നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director റെയും നിയമിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസമാണ് നിർമ്മാണ പുരോഗതിയേയും പദ്ധതിയുടെ പൂർത്തീകരണത്തേയും സാരമായി ബാധിച്ചിട്ടുള്ളത്. കോവിഡ് നിയന്ത്രണങ്ങളും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. പുലിമുട്ട് ഒഴികെയുള്ള ഘടകങ്ങളുടെ നിർമ്മാണം പുരോഗമിച്ചിട്ടുണ്ട്. പാറ ലഭ്യമാക്കി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**വിഴിഞ്ഞം പദ്ധതിക്കായി സ്ഥലം നൽകിയവരുടെ പുനരധിവാസം**

357(2713) <u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി 2017-ൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ സർവ്വേ നമ്പർ 748-ൽപ്പെട്ട ഭൂമിയും വീടും വിട്ട് നൽകിയവർക്ക് 29-5-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 42/10/എഫ്&പി.ഡി. ഉത്തരവിലെ 3(ii) പ്രകാരം പുനരധിവാസത്തിനുള്ള 5 സെന്റ് സ്ഥലം ഇതുവരെയും ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായി ഏറ്റെടുത്ത സ്ഥലത്ത് റസിഡൻഷ്യൽ ബിൽഡിംഗ് ഉള്ളവർക്ക് മാത്രമാണ് പുനരധിവാസത്തിനായി 5 സെന്റ് ഭൂമി നൽകാൻ ഉത്തരവായിട്ടുള്ളത്. റസിഡൻഷ്യൽ ബിൽഡിംഗ് ഉണ്ടായിരുന്ന ശ്രീമതി കമലമ്മ, ശ്രീ. ബിനു, ശ്രീ. മോഹനൻ എന്നിവർക്ക് പുനരധിവാസത്തിനായി 5 സെന്റ് ഭൂമി അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 3 പേരും റസിഡൻഷ്യൽ ബിൽഡിംഗ് ഇല്ലാത്തവരായതിനാൽ പുനരധിവാസത്തിന് ഭൂമി അനുവദിക്കാൻ നിർവ്വാഹമില്ല.

(ബി) മേൽ പറഞ്ഞ ഉത്തരവ് പ്രകാരം ശ്രീമതി എൻ. കമലമ്മ (നാഗരാജ വിലാസം, തോട്ടം, മുല്ലൂർ പി.ഒ.), ശ്രീ. കൃഷ്ണൻകുട്ടി (അമ്പലത്തടി വീട്, മുല്ലൂർ പി.ഒ.), ശ്രീ.ബിനു വി. (നന്തികുളം, തെക്കരിക് വീട്, മുല്ലൂർ പി.ഒ.), ശ്രീ. ഷാജി കെ.എസ്.(എസ്.എസ്. നിവാസ്, നന്തികുളം, മുല്ലൂർ പി.ഒ.), ശ്രീ.പ്രേമൻ ബി. (ജി.ജി.ഭവൻ, തെക്കേപ്ലാവറത്തല വീട്, മുല്ലൂർ പി. ഒ.), ശ്രീ. മോഹനൻ കെ. (പനവിള, വാറുതട്ട് വീട്, മുല്ലൂർ പി. ഒ.) എന്നിവർക്ക് ലഭിക്കേണ്ട 5 സെന്റ് ഭൂമി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായി ഏറ്റെടുത്ത സ്ഥലത്ത് റസിഡൻഷ്യൽ ബിൽഡിംഗ് ഉള്ളവർക്ക് മാത്രമാണ് പുനരധിവാസത്തിനായി 5 സെന്റ് ഭൂമി നൽകാൻ ഉത്തരവായിട്ടുള്ളത്. റസിഡൻഷ്യൽ ബിൽഡിംഗ് ഉണ്ടായിരുന്ന ശ്രീമതി. കമലമ്മ, ശ്രീ. ബിനു, ശ്രീ. മോഹനൻ എന്നിവർക്ക് പുനരധിവാസത്തിനായി 5 സെന്റ് ഭൂമി അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 3 പേരും റസിഡൻഷ്യൽ ബിൽഡിംഗ് ഇല്ലാത്തവരായതിനാൽ പുനരധിവാസത്തിന് ഭൂമി അനുവദിക്കാൻ നിർവ്വാഹമില്ല.

**അഴീക്കോട് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ**

358(2714) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്പമംഗലം നിയോജകമണ്ഡലത്തിലെ പൂച്ചക്കടവിൽ നടക്കുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

&

(ബി) അവിടെ നിലവിൽ നടക്കുന്ന പ്രവൃത്തികൾക്ക് ശേഷം എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

കൊടുങ്ങല്ലൂർ, അഴീക്കോട് 5.63 കോടി രൂപ ചെലവാക്കി പുഴയിൽ നിന്നും മെക്കാനിക്കൽ ഡ്രഡ്ജിംഗ് മുഖേന മണ്ണ് എടുത്ത് പുഴയുടെ പുറമ്പോക്ക് ഭാഗം നികത്തിയിട്ടുണ്ട്. ബാക്കിയുള്ള ഭാഗം നികത്തുന്നതിന് പുഴയുടെ ആഴം അളക്കുന്നതിനുവേണ്ടി ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ സേവനം ലഭ്യമാക്കി പ്രവൃത്തി അതിവേഗം പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. തുടർനടപടികൾ കൂടിയാലോചനകൾക്കുശേഷം തീരുമാനിക്കുന്നതാണ്.

**പൊന്നാനി തുറമുഖ വികസനം**

359(2715) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തുറമുഖം ഏതു കാലാവസ്ഥയിലും പ്രവർത്തന സജ്ജമാക്കുന്നതിന് പി.പി.പി. വ്യവസ്ഥയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഏതു വരെയായി; വിശദമാക്കുമോ;

&

(ബി) പൊന്നാനി തുറമുഖം പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും തുറമുഖ വികസനത്തിനായി 29.93 ഏക്കർ ഭൂമി ടി കമ്പനിക്ക് കൈമാറി നൽകുകയും ചെയ്തിരുന്നു. അതിനുശേഷം 240 മീറ്റർ റീടെൻഷൻവാൾ നിർമ്മിച്ചതല്ലാതെ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും കമ്പനി നടത്തിയിട്ടില്ല. ഫിനാൻഷ്യൽ ക്ലോഷറിനായി പരമാവധി 4 വർഷം അനുവദിച്ചുകൊണ്ട് തീരുമാനമായിരുന്നെങ്കിലും ധാരണാപത്രം ഒപ്പിട്ട് 10 വർഷം പൂർത്തിയാക്കിയിട്ടും പ്രസ്തുത സ്ഥാപനം കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകളനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടികൾ ആലോചിച്ചുവരുന്നു.

**തുറമുഖ വകുപ്പ് നൽകുന്ന ലൈസൻസുകൾ**

360(2716) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പ് വഴി നൽകുന്ന ലൈസൻസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2010-ലെ കേരള ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ച് ഹൗസ് ബോട്ടുകളിലും മറ്റ് ഉൾനാടൻ ജലയാനങ്ങളിലും ജോലി ചെയ്യുന്നതിനാവശ്യമായ ലാസ്കർ, സ്രാങ്ക്, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് കം ഡ്രൈവർ, സർവ്വീസ് മാസ്റ്റർ, എഞ്ചിനീയർ എന്നീ ലൈസൻസുകൾ കേരള മാരിടൈം ബോർഡ് നൽകിവരുന്നു. ഇതുകൂടാതെ തുറമുഖ പരിധിക്കുള്ളിലെ ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി 1970-ലെ ഹാർബർ ക്രാഫ്റ്റ് ചട്ട പ്രകാരം മാസ്റ്റർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ലൈസൻസുകളും മാരിടൈം ബോർഡ് ആണ് നൽകുന്നത്. കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകൾ, അവ നിർമ്മിക്കുന്നതിനുള്ള ബോട്ട് യാഡുകൾ, ബോട്ട് ജെട്ടികൾ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്.

(ബി) തുറമുഖ വകുപ്പ് വഴി നൽകിയിരുന്ന ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

2010-ലെ കേരളാ ഉൾനാടൻ ജലഗതാഗത നിയമം, 1970-ലെ ഹാർബർ ക്രാഫ്റ്റ് റൂൾ എന്നിവ പ്രകാരമാണ് തുറമുഖ വകുപ്പ് ലൈസൻസുകൾ നൽകി വരുന്നത്. ടി നിയമങ്ങളിൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നിലവിലില്ല. എന്നാൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ ലൈസൻസുകൾ ബോർഡ് പുതുക്കി നൽകുന്നുണ്ട്.

(സി) ബോട്ട് മാസ്റ്റർ (ക്യാഷ് കളക്ടർ) ലൈസൻസ് നിലവിൽ പുതുക്കി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

കനാൽ ഇൻസ്പെക്ടർ നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവർക്ക് അത് കെ.ഐ.വി. -യിലേയ്ക്ക് മാറ്റി നൽകുകയും ആയത് കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കി നൽകുകയും ചെയ്തുവരുന്നു.

(ഡി) നിലവിൽ എത്ര ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് തുറമുഖ വകുപ്പ് വഴി പുതുക്കി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ 579 ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസുകൾ, കേരള മാരിടൈം ബോർഡ് വഴി പുതുക്കി നൽകിയിട്ടുണ്ട്.

(ഇ) പുതുതായി ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം ചെയ്യുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010-ൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നൽകുന്നതിന് ബോട്ട് മാസ്റ്ററുടെ ഡ്യൂട്ടി, യോഗ്യത എന്നിവ നിശ്ചയിച്ച്, കെ.ഐ.വി റൂളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ, ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ ആവശ്യത്തിന് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള ലൈസൻസുകൾ നൽകുന്നു.

## ബേക്കലിൽ സ്കേറ്റ് ബോർഡ് പാർക്ക്

361(2717) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കേറ്റ് ബോർഡ് പാർക്ക് നടപ്പിലാക്കാൻ കേരള മാരിടൈം ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ ;

&

(ബി) പ്രസ്തുത പ്രോജക്ട് അന്താരാഷ്ട്ര വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലായതിനാൽ വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

## കാരാകുറിശ്ശി എഴുത്തോംപാറയിലെ ശിലാലിഖിതങ്ങൾ

362(2718) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കാരാകുറിശ്ശി പഞ്ചായത്തിലെ എഴുത്തോംപാറയിലെ ശിലാലിഖിതങ്ങളെ ചരിത്രപരമായ പ്രാധാന്യത്തോടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) എഴുത്തോംപാറയിലെ ശിലാലിഖിതങ്ങളെക്കുറിച്ച് ഗൗരവതരങ്ങളായ ഗവേഷണങ്ങളോ പഠനങ്ങളോ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ കാരാക്കുറിശ്ശി പഞ്ചായത്തിലെ എഴുത്തോംപാറയിലെ ശിലാലിഖിതങ്ങൾ നിലവിൽ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. എന്നാൽ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം, മേൽ ശിലാലിഖിതങ്ങൾ വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകം ആക്കാൻ സാധിക്കുമോയെന്നകാര്യം പരിശോധിക്കുന്നതും മേൽ ശിലാലിഖിതങ്ങളെക്കുറിച്ച് ഗൗരവതരമായ പഠനങ്ങൾ നടത്തുന്നതുമാണ്.

**പാണ്ഡവൻപാറ കേന്ദ്രമാക്കി അമിനിറ്റി സെന്റർ**

363(2719) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള പാണ്ഡവൻപാറ കേന്ദ്രമാക്കി ചരിത്ര വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന തരത്തിൽ ഒരു അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പാണ്ഡവൻപാറ പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമാണ്. ഇവിടെ ഒരു അമിനിറ്റി സെന്റർ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പാണ്ഡവൻപാറയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ സ്മാരകത്തിന്റെ സംരക്ഷണ ചുമതല കേരള പോലീസിനാണ്. ഇതുകൂടാതെ വകുപ്പിന്റെ ഭാഗത്തുനിന്ന് വാച്ചർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട, കുന്നത്തുകാൽ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പൂങ്കോട്ട് പാറയെ സംരക്ഷിത മേഖലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II അനുമോദനം

### കുമാരി പി. വി. സിന്ധുവിന് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിമ്പിക്സിൽ വനിതാ സിംഗിൾസ് ബാഡ്മിന്റൺ മത്സരത്തിൽ ഇന്ത്യയുടെ കുമാരി പി. വി. സിന്ധു വെങ്കല മെഡൽ നേടിയിരിക്കുകയാണ്. തുടർച്ചയായി രണ്ട് ഒളിമ്പിക്സുകളിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ കായിക താരമാണ് കുമാരി പി. വി. സിന്ധു. 2016-ലെ റിയോ ഒളിമ്പിക്സിൽ ഇതേ ഇനത്തിൽ വെള്ളി മെഡൽ നേടിയിരുന്നു. 2019-ലെ ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പും കുമാരി പി. വി. സിന്ധുവാണ് നേടിയത്. 2014-ലെ ഏഷ്യൻ ഗെയിംസിൽ വെള്ളിയും 2018-ലെ ഏഷ്യൻ ഗെയിംസിൽ വെങ്കലവും ലഭിച്ചു. 26 വയസ്സിനിടയിൽ അഭിമാനകരമായ വിജയങ്ങളാണ് കുമാരി പി. വി. സിന്ധു കൈവരിച്ചത്. ഇന്ത്യയ്ക്ക് ഈ ഒളിമ്പിക്സിൽ ഇതുവരെ ലഭിച്ച രണ്ട് മെഡലുകളും വനിതകളാണ് നേടിയത്. ഭാരോദ്വഹനത്തിൽ വെള്ളിമെഡൽ നേടിയ മീരാബായ് ചാനുവും ബാഡ്മിന്റണിൽ വെങ്കല മെഡൽ നേടിയ കുമാരി പി. വി. സിന്ധുവും വനിതകളുടെ ബോക്സിംഗിൽ ലോവ്ലിനാ ബോർഗോഹെയ്നും മെഡൽ ഉറപ്പിച്ചിട്ടുണ്ട്. വനിതാ കായിക താരങ്ങളുടെ ഈ നേട്ടങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതും അഭിമാനകരവുമാണ്. കുമാരി പി. വി. സിന്ധുവിന് തുടർന്നും മികച്ച വിജയങ്ങൾ ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. കേരള നിയമസഭയുടെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## III അടിയന്തരപ്രമേയം

### റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ

മി.സ്പീക്കർ: പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ചാണ് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരിക്കുന്നത്. ഇതേ വിഷയം സബ്മിഷനായി ജൂലൈ 22-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാർ ഭാഗം വിശദീകരിക്കുകയും ചെയ്തതാണ്. ഈ സമ്മേളനത്തിൽ നിയമസഭ മുമ്പാകെ വന്നുകഴിഞ്ഞ ഒരു വിഷയം ചട്ടപ്രകാരം റൂൾ 50 ആയി അനുവദിക്കേണ്ടതില്ലെങ്കിൽപ്പോലും ഇപ്പോൾ അനുവദിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രസ്തുത വിഷയം അനുവദിക്കാനുള്ള അങ്ങയുടെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. ഈ വിഷയം ഞാൻ സബ്മിഷനായി നിയമസഭയിൽ അവതരിപ്പിച്ചതും ബഹുമാന്യനായ

മുഖ്യമന്ത്രി മറുപടി പറഞ്ഞതുമാണ്. ഇന്ന് അടിയന്തരപ്രമേയമായി ഈ വിഷയം കൊണ്ടുവരാനുള്ള സാഹചര്യം പറയുകയാണ്: സബ്മിഷൻ അവതരിപ്പിച്ചതിനു ശേഷമാണ് ഈ വിഷയത്തെ സംബന്ധിച്ച് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയുണ്ടായത്. ആ വിധിയുടെ പശ്ചാത്തലത്തിൽ ഇതിനെല്ലാം മാറ്റമുണ്ടായിരിക്കുകയാണ്, ഒരു recent occurrence ഉണ്ടായിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിലാണ് റൂൾ 50-ന്റെ നിബന്ധനകൾ അനുസരിച്ച് അടിയന്തരപ്രമേയ നോട്ടീസ് കൊടുക്കാൻ സാഹചര്യമുണ്ടായതെന്ന് നിയമസഭ മുമ്പാകെ വിശദീകരിക്കുന്നു. അത് അനുവദിച്ചുകൊണ്ട് ബഹുമാന്യനായ അങ്ങ് എടുത്ത നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു.

മി. സ്പീക്കർ: വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 4-8-2021-ന് അവസാനിക്കുന്ന സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ കാലാവധി ദീർഘിപ്പിക്കുന്നതിനായി കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതിനെത്തുടർന്ന് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് മാസത്തേയ്ക്കുകൂടി നീട്ടി നൽകിയ വിധി മറ്റുറാങ്ക് ലിസ്റ്റുകൾക്കുകൂടി ബാധകമാകുന്ന പശ്ചാത്തലത്തിൽ സർക്കാർ അനുകൂല നടപടിയെടുക്കാത്തതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. റിക്രൂട്ട്മെന്റ്, പി.എസ്.സി. പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, റാങ്ക് ലിസ്റ്റുകളുടെ കാലാവധി, ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യൽ തുടങ്ങിയവ പി.എസ്.സി.-യുടെ ഭരണഘടനാപരമായ അധികാര പരിധിയിലാണ്. ഇക്കാര്യങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലാണ് വ്യവസ്ഥ ചെയ്യുന്നത്. ഇതിൽ ചട്ടം 13-ലാണ് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി പരാമർശിക്കുന്നത്. സാധാരണഗതിയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. ഒരു വർഷത്തിനിടയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ലെങ്കിൽ, പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയോ 3 വർഷമോ ഏതാണോ ആദ്യം അതുവരെ റാങ്ക് ലിസ്റ്റിന് കാലാവധിയുണ്ടാകും. ഈ വ്യവസ്ഥ uniformed force-ന് ബാധകമല്ല. 4-8-2021-ന്

അവസാനിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളും മൂന്ന് വർഷത്തെ കാലാവധി കഴിഞ്ഞവയാണ്. കോവിഡ് വ്യാപനത്തെത്തുടർന്ന് യഥാസമയം മത്സരപ്പരീക്ഷകൾ നടത്താൻ പി.എസ്.സി.-ക്ക് കഴിയാത്ത സാഹചര്യമുണ്ടായി. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനേയും നിയമന ശിപാർശ നൽകുന്നതിനേയും ഇത് ബാധിക്കുന്നില്ല. കോവിഡ് സാഹചര്യത്തിൽ ഒഴിവുകളുണ്ടാകുന്ന കാര്യത്തിലോ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലോ ഒരു തടസ്സവും ഉണ്ടായിട്ടില്ല. മാത്രവുമല്ല, ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 5-2-2021-നും 3-8-2021-നും ഇടയിൽ കാലാവധി പൂർത്തിയാകുന്ന വിവിധ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 4-8-2021-വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ചട്ടം 13 പ്രകാരം റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്ന് വർഷത്തിലധികം നീട്ടുന്നതിന് ചില നിബന്ധനകളുണ്ട്.

(1) നിയമന നിരോധനം നിലവിലുണ്ടായിരിക്കുക;

(2) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് നിയന്ത്രണമോ കാലതാമസമോ തടസ്സമോ ഉണ്ടായിരുന്ന അസാധാരണ സാഹചര്യം നിലനിൽക്കുക.

മേൽസാഹചര്യങ്ങളിൽ മാത്രമാണ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ പി.എസ്.സി.-യോട് ശിപാർശ ചെയ്യാറുള്ളത്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തോ ഇപ്പോഴുള്ള സർക്കാരിന്റെ ഭരണകാലത്തോ പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്ന നിയമനാധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമെന്നാണ് സർക്കാർ എടുത്ത നിലപാട്. അതിനാൽ റാങ്ക് ലിസ്റ്റുകൾ വീണ്ടും നീട്ടേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 4-8-2021-ന് അവസാനിക്കുന്നത് കണക്കിലെടുത്ത് അതുവരെയുള്ള മുഴുവൻ ഒഴിവുകളും നിയമനാധികാരികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഇതിനായി സെക്രട്ടറിമാരുടെ യോഗം വിളിച്ച് ചുമതലപ്പെടുത്തണമെന്നും മന്ത്രിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കുമെതിരെ കർശന നടപടി സ്വീകരിക്കും. സീനിയോരിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവമൂലം റെഗുലർ പ്രൊമോഷൻ തടസ്സപ്പെട്ട്, എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തവ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ

വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ സീനിയോരിറ്റി തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കോടതിയോ, ട്രിബ്യൂണലോ ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസ്സുകളിൽ താൽക്കാലിക പ്രൊമോഷൻ നടത്തി, അതിന്റെ ഫലമായി വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹതയും യോഗ്യതയുമുള്ളവരുടെ അഭാവം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ എൻട്രി കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി, ആ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഇതിനകം ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ട ചുമതലയും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതി 13-2-2021-ൽ രൂപീകരിച്ചിരുന്നു. നിയമനങ്ങൾ പരമാവധി പി.എസ്.സി. മുഖേന നടത്തണമെന്നാണ് സർക്കാരിന്റെ നയം. കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറഞ്ഞാലുടനെ മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുകയും ചെയ്യുക യെന്നുള്ളത് സർക്കാരിന്റെ നയമല്ല. റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കു ന്നതിനുമുമ്പുണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു സാഹചര്യവും നിലവിലില്ല.

മി. സ്പീക്കർ: ഈ വിഷയം ഒരിക്കൽ സഭയിൽ വന്നതും വിശദമായി മറുപടി പറഞ്ഞതുമാണ്. പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കേണ്ടതില്ല. അതുകൊണ്ട് ചുരുക്കി അവതരിപ്പിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാർ, ഇപ്പോൾ റാങ്ക് ലിസ്റ്റിലുള്ളവർ, പരീക്ഷ എഴുതാനിരിക്കുന്നവർ, അവരെയെല്ലാം സംബന്ധിക്കുന്ന ഒരു ഇഷ്യൂ സഭയിൽ വരുമ്പോൾ ഒരു യുവ സ്പീക്കർ എന്ന നിലയ്ക്ക് അങ്ങ് പരമാവധി സമയം അനുവദിച്ച് നൽകണമെന്നാണ് എനിക്ക് ആദ്യം അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ കരുവന്നൂർ ബാങ്കിന്റെ നിലവാരത്തിലേയ്ക്ക് തരംതാഴ്ത്തരുതെന്ന് ആദ്യമായി സർക്കാരിനോട് ആവശ്യപ്പെടുകയാണ്. വിശ്വാസ്യതയുടെയും സുതാര്യതയുടെയും കാര്യത്തിൽ സഹ്യപർവ്വതത്തിനൊപ്പം ഉയരമുണ്ടായിരുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇന്ന് തൃശ്ശൂരിലെ കരുവന്നൂർ ബാങ്കിന്റെ അവസ്ഥയിലേയ്ക്ക് മാറുകയാണ്. ഉദ്യോഗാർത്ഥികളുടെ താൽപ്പര്യങ്ങൾക്കപ്പുറം മറ്റുപലതും സംരക്ഷിക്കപ്പെടാനുള്ള കേന്ദ്രമായി പി.എസ്.സി.യെ മാറ്റാൻ സർക്കാർ അനുവദിക്കരുത്, പാർട്ടി സർവ്വീസ് കമ്മീഷനാക്കാൻ അതിനെ അനുവദിക്കരുതെന്ന് കേരളത്തിലെ ചെറുപ്പക്കാർക്കുവേണ്ടി ആവർത്തിച്ച് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ടതില്ലെന്നതിന് അങ്ങ് വളരെ പ്രധാനമായും സൂചിപ്പിച്ച കാര്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ Rule 13 ആണ്. പ്രസ്തുത റൂളിലെ Proviso 5-ൽ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, "  .....the Commission shall have the power to keep alive the Ranked Lists which are normally due to expire during the said period for such periods as may be decided by the Commission subject to a minimum period of three months or for such further periods" not exceeding one and a half year in the aggregate." എന്നാണ്. മൂന്ന് മാസത്തിൽ കുറഞ്ഞ എക്സ്റ്റൻഷൻ റാങ്ക് ലിസ്റ്റും നടത്തരുതെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ച റൂൾ 13-ൽത്തന്നെ അതിന്റെ 5-മത്തെ Proviso-യിൽ പറയുമ്പോൾ ഒരു ദിവസം മുതൽ ഒരുമാസവും 4 ദിവസവും വരെയുള്ള എക്സ്റ്റൻഷൻ കൊടുത്ത എത്രയോ റാങ്ക് ലിസ്റ്റുകൾ ഇതിലുണ്ട്. അവരാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ച് കാര്യങ്ങൾ ധരിപ്പിച്ചത്, അല്ലാതെ പ്രതിപക്ഷമല്ല പോയത്. അതിന്റെയടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയിൽ പറഞ്ഞിരിക്കുന്നത്, '.......The PSC is directed to issue a notification forthwith extending the validity of Annexure - A1 to A14 ranked lists up to 29-9-2021. Advice to all the vacancies reported to the commission during the said period shall be effected from these ranked lists....' എന്നാണ്. മൂന്ന് മാസത്തേയ്ക്കെങ്കിലും നീട്ടിക്കൊടുക്കണമെന്ന് അവർ ട്രിബ്യൂണലിൽ പോയി നേടിയ വിധിയാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിക്കെതിരെ, എന്തിനാണ് ആ പാവങ്ങളോട് ശത്രുതാ

മനോഭാവം വച്ചുപുലർത്തുന്നത്; പകയുള്ളതുപോലെ, അപ്പീൽ പോകുന്ന തീരുമാനം എന്തിനാണ് പി.എസ്.സി. എടുക്കുന്നത്? അതിനെന്തിനാണ് ഗവൺമെന്റ് പിന്തുണ കൊടുക്കുന്നതെന്ന് ആ പാവപ്പെട്ടവർ ഗവൺമെന്റിനോട് ചോദിക്കുകയാണ്. അങ്ങ് ഇവിടെ ഒരുപാട് കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്, ശക്തമായ നടപടി എടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്, ആ നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളുമൊക്കെ അവർ വലിയ പ്രതീക്ഷയോടെയാണ് കാത്തിരുന്നത്. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സിന്റെ, വേരിയസ് ലിസ്റ്റിലെ, 2013-ൽ നോട്ടിഫിക്കേഷൻ വന്ന ലിസ്റ്റുപ്രകാരം 11395 പേർക്ക് ജോലി കിട്ടിയപ്പോൾ, ഇപ്പോൾ പി.എസ്.സി.-യുടെ വെബ്സൈറ്റിൽ പറയുന്നത് 2017-ലെ നോട്ടിഫിക്കേഷൻ പ്രകാരം ജോലി ലഭിച്ചത് 6843 പേർക്കാണെന്നാണ്. അർഹതപ്പെട്ട തൊഴിൽ അവർക്ക് കിട്ടിയിട്ടില്ലെന്നുള്ളത് വളരെ വ്യക്തമാണ്. അതിന് കാരണങ്ങൾ ഉണ്ടാകാം. ഒരു സാഹചര്യത്തിലും കോവിഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ബാധിച്ചിട്ടില്ലെന്ന് അങ്ങ് സൂചിപ്പിച്ചു. കോവിഡിന്റെ ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലും നഷ്ടപ്പെട്ട പ്രവൃത്തി ദിവസങ്ങളെല്ലാം കൂടി ഏതാണ്ട് 115 ദിവസം കേരളത്തിലെ സർക്കാർ ഓഫീസുകൾ ഈയൊരു വർഷം പ്രവർത്തിച്ചിട്ടില്ല. ആ സമയത്തൊക്കെ ഉണ്ടാകേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ വലിയ വീഴ്ചകളും കുറവുകളുമുണ്ടായി. പ്രൊമോഷനെക്കുറിച്ചുള്ള തർക്കങ്ങളിൽ വീഴ്ചകളുണ്ടായി, അത് സമയബന്ധിതമായി തീർന്നില്ല. അതുസംബന്ധിച്ച കേസ്സുകളിൽ തീർപ്പു കൽപ്പിക്കാൻ വൈകി. അതിന്റെ പേരിൽ റിപ്പോർട്ടിംഗ് വൈകിയതുമൂലമുണ്ടായ കാലത്താമസം കാരണം ഈ ലിസ്റ്റിൽപ്പെട്ടവർ, പഠിച്ചവർ, പാസ്സായവർ, യോഗ്യതയുള്ളവർ എന്നിവർക്ക് തൊഴിൽ നഷ്ടപ്പെടുന്നൊരു സാഹചര്യം മുന്നിൽ നിൽക്കുമ്പോൾ സർക്കാർ ഉദാരമായൊരു സമീപനം വച്ചുപുലർത്തി, യോഗ്യതയുള്ളവരെ സർവ്വീസിൽ കൊണ്ടുവരാൻ അവർക്ക് അല്പസമയം അനുവദിച്ചുകൊടുക്കുന്നതിനുപകരം, ഈ പിടിവാശി ആരെ സഹായിക്കാൻ വേണ്ടിയാണ്? ഇനി മറ്റുള്ള ആരുടെയെങ്കിലും തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചാണെങ്കിൽ നമുക്ക് ശരിയെന്നു വയ്ക്കാം. ആരുടെയെങ്കിലും തൊഴിലവസരം നഷ്ടപ്പെടുന്നുണ്ടോ? ഇപ്പോൾ ലക്ഷകണക്കിന് ആളുകൾ എഴുതിയ പ്രിലിമിനറി പരീക്ഷയുടെ റിസൾട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. അത് പാസ്സായവർക്കുമാത്രമേ മെയിൻ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. അതിന്റെ ഡേറ്റ് പ്രഖ്യാപിച്ചുവെന്ന് മാത്രമല്ലാതെ നടപടികളൊന്നുമായിട്ടില്ല. ഇനി ഇവർ പരീക്ഷ എഴുതണം, അത് പാസ്സാകണം, അതിൽ നിന്ന് ലിസ്റ്റ് ഇറങ്ങണം, അത് പ്രസിദ്ധീകരിക്കണം, അതിനൊക്കെവേണ്ടി മാസങ്ങളോളം സമയമെടുക്കുമ്പോൾ കേരളത്തിൽ അപ്രഖ്യാപിത നിയമന നിരോധനത്തിനാണ് സർക്കാർ കോപ്പുകൂട്ടുന്നത് എന്ന കാര്യം വളരെ വ്യക്തമാണ്. മറ്റൊരു റാങ്ക് ലിസ്റ്റ്

നിലവിലുണ്ടെങ്കിൽ അങ്ങ് പറഞ്ഞ എല്ലാ വാദങ്ങളും അംഗീകരിക്കപ്പെടേണ്ടതാണ്. എന്നാൽ അങ്ങനെയൊരു റാങ്ക് ലിസ്റ്റ് നിലവിലില്ല. ഇത് ഇപ്പുറത്ത് ഇരിക്കുന്ന വരുടെ മാത്രം അഭിപ്രായമാകാനും സാധ്യതയില്ല. അങ്ങയുടെ കൂടെ ഭരണപക്ഷ ബഞ്ചുകളിലിരിക്കുന്ന യുവജന സംഘടനകളുടെ പ്രതിനിധിയായി ഈ സഭയ്ക്കകത്ത് കടന്നുവന്നവരുടെ അഭിപ്രായം സത്യസന്ധമായി ചോദിച്ചാൽ എന്താണെന്ന് അവർ വ്യക്തമാക്കും. നിലവിൽ മറ്റൊരു റാങ്ക് ലിസ്റ്റും ഇല്ലാതിരിക്കുമ്പോൾ, ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏതാനും മാസം നീട്ടിക്കൊടുത്താൽ വേറൊരാളുടെ തൊഴിലവസരം നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്തി, കോവിഡിന്റെ പ്രയാസംമൂലം ഈ റാങ്ക് ലിസ്റ്റുകളിൽപ്പെട്ട ആളുകൾക്ക് കഴിഞ്ഞ ഭരണകാലത്ത് നടന്ന നിയമനങ്ങൾ അവർക്ക് ലഭിച്ചിട്ടില്ലെന്ന് സർക്കാരിന്റെ കണക്കുകൾ വ്യക്തമാക്കുമ്പോൾ, അവർക്കുവേണ്ടി അല്പംകൂടി സമയം കൊടുക്കണമെന്നല്ലാതെ മറിച്ചൊരു നിലപാടെ ടുക്കാൻ യഥാർത്ഥത്തിൽ ആർക്കെങ്കിലും കഴിയുമെന്ന് ഞങ്ങൾ കരുതുന്നില്ല. 2015 മുതൽ 2018 വരെ എൽ.ഡി.സി. നിയമനനില 11478; ഇപ്പോളത് ഒൻപതിനായിര ത്തിലധികമായി നിൽക്കുന്നു. എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് നേരത്തെയുണ്ടായിരുന്ന നിയമനനില 1752, ഇപ്പോളത് 771. ഏത് ലിസ്റ്റിന്റെ അവസ്ഥയെടുത്ത് നോക്കിയാലും പരമാവധി നിയമനങ്ങൾ നൽകിയിട്ടുണ്ടെന്ന് അങ്ങയുടെ മുമ്പിൽ കണക്കെഴുതി തരുന്നവർ അങ്ങയിലൂടെ കേരളത്തിനോട് കമ്മ്യൂണിക്കേറ്റ് ചെയ്യുന്നത് യാഥാർത്ഥ്യമല്ല എന്നകാര്യം പ്രധാനപ്പെട്ട വസ്തുതയാണ്. ഒരുപാട് ലിസ്റ്റിലെ ആളുകൾക്ക് പ്രതിസന്ധിയുണ്ട്. ഈ പ്രതിസന്ധികൾക്ക് പലതരത്തിലുള്ള കാരണങ്ങളുണ്ട്. ഒളിംപിക്സിൽ മൂന്ന് വനിതകൾ ഇന്ത്യയ്ക്ക് അഭിമാനം നൽകിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപ്പോലെ, വനിതകളുടെ പോലീസ് ഫോഴ്സിലെ സ്ട്രെംഗ്ത് 15 ശതമാനമായി ഉയർത്താനുള്ള നടപടി ആരംഭിച്ചുവെന്ന് 2018-ൽ അങ്ങ് പറഞ്ഞു. എൽ.ഡി.എഫ്-ന്റെ പ്രകടനപത്രികയിൽ ഒരിടത്ത് അത് 25 ശതമാനം ആക്കേണ്ടതുണ്ടെന്നും പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ദയവായി പ്രസംഗം ചുരുക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, സാധാരണ എടുക്കുന്ന സമയം പോലുമായിട്ടില്ല, 7 മിനിട്ട് സമയമേ എടുത്തിട്ടുള്ളൂ, ഇതൊരു പ്രധാനപ്പെട്ട വിഷയമല്ലേ. 17 ലക്ഷംപേർ എഴുതിയ പരീക്ഷയിൽനിന്നും പതിനയ്യായിരം പേരുടെ മെയിൻലിസ്റ്റും അതിൽനിന്ന് നിലവിലെ റാങ്ക് ലിസ്റ്റും തയ്യാറാക്കിയിട്ടും അതിലുൾപ്പെട്ട യാളുകൾക്കുപോലും നിയമനം ലഭിക്കുന്നില്ലെന്നുവരുമ്പോൾ അതിനെക്കുറിച്ച് പറയേണ്ടത് എന്റെയും അങ്ങയുടെയും ഈ സഭയുടെയും ഉത്തരവാദിത്വമാണെന്ന് ഞാൻ കരുതുന്നു. പോലീസിലെ വനിതാ പ്രാതിനിധ്യം പതിനഞ്ച് ശതമാനമാ ക്കുമെന്ന് അങ്ങുതന്നെ നടത്തിയ പ്രഖ്യാപനത്തെ ആവേശത്തോടെയാണ് എല്ലാവരും

സ്വീകരിച്ചത്. അനുപാതം ഇരുപത്തിയഞ്ച് ശതമാനം വരെയാക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും പറഞ്ഞിട്ടുണ്ട്. എന്നാൽ വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ ഇപ്പോഴത്തെ നിയമനം ഒൻപത് ശതമാനം മാത്രമാണ്. സേനയിലെ വനിതാ പ്രാതിനിധ്യം ഒന്നോരണ്ടോ ശതമാനംകൂടി വർദ്ധിപ്പിച്ചാൽ പ്രസ്തുത ലിസ്റ്റിലുൾപ്പെട്ട മുഴുവനാളുകൾക്കും മുൻകാലത്തെപ്പോലെ നിയമനം ലഭ്യമാകും. ഇതിനായി റാങ്ക് ലിസ്റ്റിന്റെ സമയപരിധി നീട്ടിക്കൊടുക്കുന്നതിന് അങ്ങൊരു തീരുമാനമെടുത്താൽ മതി, അങ്ങനെയെങ്കിൽ അവർക്ക് നിയമനം കിട്ടാൻ സാധ്യതയുണ്ട്. അതിനായി അവർ കരയുകയാണ്. കഴിഞ്ഞ കാലഘട്ടത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ടവർ ജോലിക്കും നിലനിൽപ്പിനുംവേണ്ടി നടത്തിയ പോരാട്ടത്തിൽ സെക്രട്ടേറിയറ്റിന് മുമ്പിൽ മുട്ടിലിഴഞ്ഞും ഭിക്ഷതേടിയും മീൻവിറ്റും പട്ടിണികിടന്നും പിച്ചതെണ്ടിയും സമരങ്ങൾ നടത്തിയപ്പോൾ അവസാനം അവരെ ചർച്ചയ്ക്ക് വിളിച്ചശേഷം കൊടുത്ത ഉറപ്പുകൾപോലും പാലിക്കപ്പെടുന്നില്ലെന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. ലിസ്റ്റ് കാലാവധി നീട്ടിക്കിട്ടാൻ അവർ അർഹരല്ലേ? ചെയ്യാനുള്ള കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ടെന്നും മറ്റൊന്നും ചെയ്യേണ്ടതില്ലെന്നും എത്രമാത്രം ലാഘവത്തോടെയാണ് അങ്ങേയ്ക്ക് റിപ്പോർട്ട് എഴുതിത്തരുന്നയാളുകൾ പറയുന്നത്. അങ്ങ് അവരുമായി ഒരുപ്രാവശ്യമെങ്കിലും നേരിട്ട് സംസാരിച്ചുനോക്കണം. കൃത്യമായ കണക്കുകൾ അവർ പറയുന്നുണ്ട്. റാങ്ക് ലിസ്റ്റ് കാലയളവിലെ നിയമനങ്ങൾ പല കാരണങ്ങളാൽ നിഷേധിക്കപ്പെട്ടവർ നീതിക്കുവേണ്ടി പൊരുതുകയാണ്. അതേസമയം 'ശിവരഞ്ജിത്തിനെയും നസീമിനെയും' പോലുള്ളവർ പി.എസ്.സി.-യുടെ ചരിത്രത്തിലില്ലാത്ത അട്ടിമറികൾ നടത്തി. അവയ്ക്കെല്ലാം കാരണക്കാരായവർ നാട്ടിൽ കയ്യുംവീശി നടക്കുമ്പോൾ റാങ്ക് ലിസ്റ്റിലുള്ളയാളുകൾ തൊഴിൽകിട്ടാതെ, ജോലിതേടി ഇപ്പോഴും പുറത്ത് നടക്കുന്ന അവസ്ഥയാണ്. ഇത്തരത്തിൽ നിയമനത്തട്ടിപ്പുകളുണ്ടാകുന്നുണ്ട്.

മി. സ്പീക്കർ: വിഷയം അവതരിപ്പിച്ചുകഴിഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാം.

ശ്രീ. ഷാഫി പറമ്പിൽ: സർ, പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് എല്ലാവിധ പ്രയാസങ്ങളും പറയുന്നയാളുകൾ കാസർഗോഡ് പെരിയ കൊലക്കേസിലെ ഒന്നാംപ്രതിയുടെയും രണ്ടാംപ്രതിയുടെയും മൂന്നാം പ്രതിയുടെയും ഭാര്യമാർക്ക് നിയമനം നൽകി. അവിടെയുള്ള സർക്കാർ ആശുപത്രിയിലേയ്ക്ക് ജോലിക്കായി നിയമനപട്ടിക തയ്യാറാക്കിയപ്പോൾ ഒന്നാംപ്രതിയുടെ ഭാര്യയ്ക്ക് ഒന്നാം റാങ്കും രണ്ടാംപ്രതിയുടെ ഭാര്യയ്ക്ക് രണ്ടാം റാങ്കും മൂന്നാംപ്രതിയുടെ ഭാര്യയ്ക്ക് മൂന്നാം റാങ്കും. ......... (മൈക്ക് ഓഫ്).......

.....(ബഹളം).........

ശ്രീ. പി. ടി. തോമസ്: സർ, അദ്ദേഹത്തിന് പ്രസംഗം അവസാനിപ്പിക്കാനുള്ള സമയം നൽകണം... (മൈക്ക് ഓഫ്)...

മി. സ്പീക്കർ: സാധാരണ അനുവദിക്കുന്ന സമയം അനുവദിച്ചിട്ടുണ്ട്. ചെയർ ഉദാരമായ സമീപനം സ്വീകരിക്കുമ്പോൾ അതിനോട് ആ നിലയിൽ പ്രതികരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രതിപക്ഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അവമതിക്കുകയാണ്; പി.എസ്.സി.യുടെ യശസ്സ് വലിയ തോതിൽ ഇടിച്ചുതാഴ്ത്തുകയാണ്. ഏതോ ഒരു ഘട്ടത്തിൽ യു.ഡി.എഫ്. ആരംഭിച്ച ഒരു പ്രക്രിയയാണിത്. അതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട പ്രമേയാവതാരകൻ പബ്ലിക് സർവ്വീസ് കമ്മീഷനെക്കുറിച്ച് ആദ്യംതന്നെ പരാമർശം നടത്തിയത്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെയും പബ്ലിക് സർവ്വീസ് കമ്മീഷനേക്കാളും കൂടുതൽ ആളുകളെ തെരഞ്ഞെടുത്ത് തൊഴിലിനായി അയയ്ക്കുന്ന സ്ഥാപനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. കാരണം അത്രയധികം തസ്തികകളിലേയ്ക്കുള്ള നിയമനത്തിന്റെ ചുമതല പി.എസ്.സി.യെ ഏൽപ്പിച്ചിരിക്കുകയാണ്. ആ ചുമതല കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ പി.എസ്.സി.-ക്ക് കഴിയുന്നുവെന്നതും നമ്മുടെ അനുഭവത്തിലുള്ളതാണ്. അത്തരമൊരു ഭരണഘടനാ സ്ഥാപനത്തെ അനാവശ്യമായി അവമതിപ്പിനിരയാക്കുന്നത് ഒരുതരത്തിലും ഗുണമുള്ള കാര്യമല്ലെന്നാണ് പൊതുവേ യു.ഡി.എഫ്. മനസ്സിലാക്കേണ്ടത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നീട്ടുന്ന കാര്യം സൂചിപ്പിച്ച വേളയിൽ പ്രമേയാവതാരകൻ ഒട്ടേറെ ന്യായങ്ങൾ നിരത്തിയിട്ടുണ്ട്. ഒരേ കാലഘട്ടത്തിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നും ഒറ്റപ്പെട്ട ഒരു റാങ്ക് ലിസ്റ്റെടുത്ത് കാലാവധി നീട്ടാനാകില്ല. അതുകൊണ്ടാണ് മുമ്പ് ആഗസ്റ്റ് മാസം നാലാം തീയതി വരെ കാലാവധി നീട്ടിക്കൊടുത്തപ്പോൾ, പ്രസ്തുത തീയതിക്കുള്ളിൽ കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെയെല്ലാം കാലപരിധി ആഗസ്റ്റ് നാലായി നിജപ്പെടുത്തിയത്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് ഒരു നിശ്ചിത കാലപരിധിവച്ചാണ്. ആറുമാസം കാലാവധി ദീർഘിപ്പിക്കുന്നുവെങ്കിൽ ഓരോ ലിസ്റ്റും ആറുമാസം ദീർഘിപ്പിക്കുകയല്ല ചെയ്യുന്നത്. ആഗസ്റ്റ് നാലിന് ആറുമാസം തികയുകയാണെങ്കിൽ ആ തീയതിക്ക് അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ ഏതൊക്കെയുണ്ടോ അവയുടെയെല്ലാം കാലപരിധി ആഗസ്റ്റ് നാലുവരെ നീട്ടുകയാണ്. ഇതാണ് സാധാരണ സമ്പ്രദായം. അതുതന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒരു നിർദ്ദേശം ഇപ്പോൾ നൽകിയിട്ടുണ്ടെന്നത് ശരിയാണ്. അതിനെക്കുറിച്ച് മറ്റൊരു വാദഗതിയിലേയ്ക്ക് ഞാനിപ്പോൾ പോകുന്നില്ല. സ്വാഭാവികമായും ആ വിഷയം ട്രിബ്യൂണലും ബഹുമാനപ്പെട്ട ഹൈക്കോടതിയും മറ്റും പരിശോധിക്കാനിടയുള്ളതാണ്. പ്രമേയാവ താരകൻ ഇവിടെ വ്യക്തമാക്കിയതുപോലെ പ്രസ്തുത വിഷയത്തിൽ അവർ അപ്പീൽ പോകുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരമൊരു നിലപാടുണ്ടാകുമ്പോൾ നിയമ സാധുത എത്രത്തോളമുണ്ടെന്ന് സ്വാഭാവികമായും പരിശോധിക്കേണ്ടിവരും. അക്കാര്യം തീർച്ചപ്പെടുത്തുന്നത് ട്രിബ്യൂണൽ തന്നെയാകാം. അല്ലെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയോ, സുപ്രീംകോടതിയോ ആകാം. അതൊക്കെ സാധാരണഗതിയിലുള്ള നടപടിക്രമത്തിന്റെ ഭാഗമാണ്. അവസാനത്തെയാളെവരെ ജോലിക്കെടുത്തുകൊണ്ട് ഒരു റാങ്ക് ലിസ്റ്റ് അവസാനിപ്പിക്കുകയെന്നത് പ്രായോഗികമാണോ? അതായത് ഒരു റാങ്ക് ലിസ്റ്റിലെ മുഴുവൻ ആളുകൾക്കും ജോലി നൽകിയശേഷം പുതിയ റാങ്ക്

ലിസ്റ്റിനെക്കുറിച്ച് ആലോചിക്കുകയെന്നത് നമ്മുടെ നാട്ടിൽ ചിന്തിക്കാൻ കഴിയുന്ന കാര്യമല്ല. അങ്ങനെ ആവശ്യപ്പെട്ടില്ലെന്ന് പറയുമ്പോൾത്തന്നെ ഉന്നയിച്ച ആവശ്യത്തിലെ ഔചിത്യബോധം എത്രത്തോളമാണെന്ന് ചിന്തിക്കണം. ഓരോതവണയും കാലാവധി നീട്ടിക്കൊടുക്കണമെന്ന് പറയുന്നതിന്റെ അർത്ഥവും ഉദ്ദേശ്യവുമെന്താണ്? ആ റാങ്ക് ലിസ്റ്റിലെ മുഴുവൻ ആളുകളെയും നിയമിച്ചുതീരുന്നതുവരെ ലിസ്റ്റ് കാലാവധി നീട്ടുകയില്ലെന്ന് ഇപ്പോൾ അവർ തന്നെ വ്യക്തമാക്കുകയാണ്. ഇങ്ങനെ ചെയ്യുമ്പോൾ സംസ്ഥാനത്ത് ഉയർന്നുവരുന്ന ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. ചില തസ്തികകളിൽ സംവരണാടിസ്ഥാനത്തിലുള്ള ഉദ്യോഗാർത്ഥികളെ ആവശ്യത്തിന് കിട്ടുന്നില്ലെന്ന സ്ഥിതിവരികയും സമൂഹത്തിൽ അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിമർശനങ്ങളുയരുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം ഒരു കമ്മീഷനെ വച്ച് പരിശോധിപ്പിക്കുകയും ആ കമ്മീഷന്റെ ലഭ്യമായ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തത്. ആവശ്യമായ ഉദ്യോഗാർത്ഥികളുടെ പലമടങ്ങിലധികം ഉദ്യോഗാർത്ഥികളെ നിശ്ചയിച്ചുകൊണ്ടാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. സ്വാഭാവികമായും നിലവിലുള്ള ഒഴിവിനനുസരിച്ചല്ല റാങ്ക് ലിസ്റ്റ് വരുന്നതെന്നതിനുള്ള കാരണമാണ് ഞാൻ സൂചിപ്പിച്ചത്. സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ചിലപ്പോൾ നിയമനത്തിൽ വരുന്നില്ലെന്ന അവസ്ഥയുള്ളതുകൊണ്ട് കൂടുതൽ ആളുകൾ ലിസ്റ്റിൽ വന്നാൽ പ്രസ്തുത വിഭാഗങ്ങളും നിയമനത്തിലുൾപ്പെടാൻ സാധ്യതയുണ്ടെന്ന കമ്മീഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് നാം പ്രസ്തുത നിലപാടെടുത്തത്. അതുകൊണ്ട് റാങ്ക് ലിസ്റ്റിലുൾപ്പെട്ടയാളുകളെ മുഴുവനായി നിയമിക്കണമെന്ന് വാദിക്കുന്നത് ശരിയല്ല. ലിസ്റ്റിനുപുറത്ത് പരീക്ഷയെഴുതി, മിടുക്ക് തെളിയിച്ചവരേണ്ട തൊഴിലില്ലാത്ത ലക്ഷക്കണക്കിനാളുകൾ നമ്മുടെ നാട്ടിലുണ്ട്. കാലാവധി നീട്ടുന്നതിന്റെ ഫലമായി അവരുടെ അവസരം നിഷേധിക്കുകയാണ് ഇതിന്റെ ഫലം. അതോടൊപ്പം നിലവിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരിൽ അതിരുകവിഞ്ഞ മോഹമുണ്ടാക്കുകയും അത് ഫലസിദ്ധിയിലെത്താതാകുമ്പോൾ കടുത്ത നിരാശയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നതിന് ഈ വാദഗതി ഇടയാക്കുന്നുവെന്ന് നാം കാണേണ്ടതായിട്ടുണ്ട്.

അദ്ദേഹം ഇവിടെ എടുത്തുപറഞ്ഞ എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാര്യങ്ങൾ നോക്കിയാൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും പതിനായിരത്തി നൂറ്റി അറുപത്തിനാല് പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. 30-7-2021-വരെ റിപ്പോർട്ട് ചെയ്ത 621 ഒഴിവുകൾക്ക് നിയമന ശിപാർശ നല്കാൻ അവശേഷിക്കുന്നുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 6984 നിയമന ശിപാർശകൾ നടത്തിയിട്ടുണ്ട്. അതിനുപുറമെ 30-7-2021-വരെ റിപ്പോർട്ട് ചെയ്ത 588 ഒഴിവുകൾക്ക് നിയമന ശിപാർശ നല്കാൻ അവശേഷിക്കുന്നുണ്ട്. അദ്ദേഹം ഇവിടെ പോലീസ് വനിതകളെക്കുറിച്ച് പറയുകയുണ്ടായി. 2016-ൽ മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ പോലീസ് സേനയിലെ വനിതകളുടെ അംഗബലം 6 ശതമാനമായിരുന്നു. പുതിയ റിക്രൂട്ട്മെന്റ് പൂർത്തിയാകുമ്പോൾ വനിതകളുടെ അംഗബലം 10 ശതമാനത്തോളമാകും. പടിപടിയായി വനിതകളുടെ അംഗബലം 15 ശതമാനമാനമായി വർദ്ധിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാ ഘട്ടത്തിലും നമ്മുടെ ഉദ്യോഗാർത്ഥികളുടെ താല്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നീക്കിയതെന്ന് കാണാൻ സാധിക്കും. 2021 മേയ് 20-നുശേഷം സംസ്ഥാനത്ത് സൃഷ്ടിച്ച തസ്തികകൾ എടുത്തുപരിശോധിച്ചാൽ

ആകെ 591 തസ്തികകൾ കാണും. ഇതെല്ലാം സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത് സംസ്ഥാനത്ത് തൊഴിൽ ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾക്ക് കഴിയുന്നത്ര തൊഴിലവസരം ലഭിക്കാനാണ്. അതുകൊണ്ട് തൊഴിൽ ലഭിക്കാനുള്ള ഉദ്യോഗാർത്ഥികളുടെ വികാരത്തോടൊപ്പമാണ് സർക്കാർ. അതിനർത്ഥം ഏതെങ്കിലും റാങ്ക് ലിസ്റ്റിലുള്ള അവസാനത്തെ ആളെവരെ നിയമിക്കുക എന്നല്ല. ഏത് റാങ്ക് ലിസ്റ്റും ഒരു കാലാവധി എത്തുമ്പോൾ അവസാനിക്കും. നിർഭാഗ്യവശാൽ ജോലി കിട്ടാത്ത കുറെപേർ അതിലുണ്ടാകും. പക്ഷെ ആ ലിസ്റ്റിൽ ഉള്ളതിനേക്കാളും എത്രയോ മടങ്ങ് ആളുകളാണ് പുറത്ത് ജോലി ആഗ്രഹിച്ച് നിൽക്കുന്നത്. അതുകൊണ്ട് നിലവിലുള്ള റാങ്ക് ലിസ്റ്റിലെ ആളുകൾക്ക് മുഴുവൻ ജോലി നല്കണമെന്ന അശാസ്ത്രീയമായ സമീപനം സ്വീകരിക്കാൻ ഒരു സർക്കാരിനും കഴിയില്ല. ഈ സർക്കാരിനും കഴിയില്ലെന്നുമാത്രമല്ല മുമ്പ് അധികാരത്തിലിരുന്ന ഒരു സർക്കാരും ആ വഴിക്ക് പോയിട്ടുമില്ല. അത് തീർത്തും അശാസ്ത്രീയമായ സമീപനമായിരിക്കും. അതുകൊണ്ടാണ് നിശ്ചിത കാലാവധിവച്ച് റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിയുന്നത്. പുതിയ റാങ്ക് ലിസ്റ്റ് അടിയന്തരമായി കൊണ്ടുവരികയെന്നതും അതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടിയാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) : സർ, നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ഈ നിയമസഭയിൽ റൂൾ 50 പ്രകാരമൊരു നോട്ടീസ് കൊടുത്തപ്പോൾ അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുതരമായൊരു ആരോപണമാണ് ഉന്നയിച്ചത്. പി.എസ്.സി.-യുടെ വിശ്വാസം തകർക്കാൻവേണ്ടി യു.ഡി.എഫ്.-ശ്രമിക്കുന്നുവെന്നാണ് പറഞ്ഞത്. എനിക്ക് പറയാനുള്ളത് ആൾമാറാട്ടം നടത്തി പരീക്ഷ എഴുതി അവർക്ക് റാങ്ക് വാങ്ങിക്കൊടുത്തത് ഞങ്ങളല്ല; പി.എസ്.സി.-യുടെ ഉത്തരക്കടലാസ് വീട്ടിൽക്കൊണ്ടുപോയി പുസ്തകം നോക്കി പരീക്ഷ എഴുതി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കും 28-ാം റാങ്കും 100-നകത്തുള്ള നിരവധി റാങ്കുകളും സ്വന്തം പാർട്ടിക്കാർക്ക് വാങ്ങിക്കൊടുത്തതും ഞങ്ങളല്ല; പിൻവാതിലിലൂടെ സ്വന്തം ബന്ധുക്കളെയും പാർട്ടിക്കാരെയും കുത്തിനിറച്ച് പി.എസ്.സി.-യെ നോക്കുകുത്തിയാക്കി മാറ്റിയതും ഞങ്ങളല്ല. എന്തുകൊണ്ടാണ് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്? 2018-ലെ ലിസ്റ്റാണ്. 2018-ൽ മഹാപ്രളയം, 2019-ൽ പ്രളയം അതിനുശേഷം 2020-മുതൽ മഹാമാരിയുടെ ഒന്നാംഘട്ടം, രണ്ടാംഘട്ടം. ഈ കാലഘട്ടത്തിൽ സാധാരണ നടക്കുന്നതുപോലെയുള്ള നിയമനങ്ങൾ നടക്കുന്നില്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതുകൊണ്ടും നിയമനങ്ങളുടെ എണ്ണം മനസ്സിലാക്കിയതുകൊണ്ടുമാണ് സർക്കാർ കഴിഞ്ഞ ഫെബ്രുവരി 4-ാം തീയതി ആറ് മാസത്തേയ്ക്കുകൂടി ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തത്. അങ്ങനെ നീട്ടിയ ലിസ്റ്റിൽ ആഗസ്റ്റ് 3-ാം തീയതി പൂർത്തിയാകുന്ന ലിസ്റ്റുവരെയുണ്ട്. എന്നു പറഞ്ഞാൽ ഒരു ദിവസംമുതൽ ആറ് മാസംവരെയുള്ള കാലാവധിയാണ് നീട്ടി

കൊടുത്തത്. ഓഗസ്റ്റ് മൂന്നിന് പൂർത്തിയാകുന്ന ലിസ്റ്റിന് ഒരു ദിവസമാണ് കാലാവധി നീട്ടിക്കൊടുത്തിരിക്കുന്നത്. ഫെബ്രുവരി 4-ാം തീയതിയാണ് ഇത് ആറ് മാസത്തേയ്ക്കുകൂടി നീട്ടിക്കൊടുത്തത്. ഫെബ്രുവരി 4-ാം തീയതി നീട്ടിയെങ്കിലും ഫെബ്രുവരി 26-ാം തീയതി തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നു. ആറ് മാസത്തിനിടയിൽ മൂന്ന് മാസത്തോളം, അതായത് മേയ് 4 വരെ ഒരു നിയമനവും നടന്നില്ല. നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടത്തിന്റെ കാലത്ത് നിയമനം നടക്കുമോ? ആറുമാസം നീട്ടിക്കൊടുത്ത കാലാവധിയിൽനിന്ന് മൂന്ന് മാസം അപ്പോൾത്തന്നെ പോയി. മേയ് 4-നാണ് കോഡ് ഓഫ് കോൺടാക്റ്റ് മാറിവന്നത്. മേയ് 8-ാം തീയതി മുതൽ വീണ്ടും ലോക്ഡൗണായി. മേയ് 4-ന് ശേഷം 4 ദിവസമാണ് കിട്ടിയത്. ജൂൺ അവസാനത്തോടുകൂടിയാണ് ആ പ്രശ്നങ്ങളൊക്കെ മാറി ആളുകൾ ഓഫീസിൽ വന്നുതുടങ്ങിയത്. ഫെബ്രുവരി 4 -ാം തീയതി മുതൽ ഒരുദിവസം മുതൽ ആറ് മാസംവരെ 493 ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊടുത്തതിന് ഒരു പ്രയോജനവും ഉദ്യോഗാർത്ഥികൾക്ക് കിട്ടിയിട്ടില്ല. വിരലിലെണ്ണാവുന്ന നിയമനങ്ങളാണ് ഓരോലിസ്റ്റിലും നടന്നത്. നീട്ടാൻ പറയുന്നതിന്റെ ഒരു മാനദണ്ഡം പകരം ലിസ്റ്റ് തയ്യാറായിട്ടില്ലെന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ലിസ്റ്റ് വായിച്ചു. പുതിയ ലിസ്റ്റ് വന്നാൽ നമ്മൾ വീണ്ടും ക്ലെയിം ചെയ്യുന്നത് ശരിയല്ല. പുതിയ ലിസ്റ്റ് വന്നാൽ അതിലെ ഉദ്യോഗാർത്ഥികൾക്കാണ് നിയമനം കൊടുക്കേണ്ടത്. പുതിയ എൽ.ഡി.സി.-യുടെ ഒന്നാംഘട്ട പരീക്ഷ കഴിഞ്ഞു. അതിന്റെ പ്രിലിമിനറി റിസൾട്ട് വന്നിട്ടില്ല. 2-ാം ഘട്ട പരീക്ഷയ്ക്ക് ഷെഡ്യൂൾ ചെയ്തിരിക്കുന്നത് ഈ വരുന്ന ഒക്ടോബർ 21-ാം തീയതിയാണ്. അതിന്റെ പരീക്ഷ കഴിഞ്ഞ് റിസൾട്ട് വന്ന് എത്രനാൾ കഴിഞ്ഞാണ് ആ ലിസ്റ്റ് വരാൻ പോകുന്നത്? ഒക്ടോബർ 30-ാം തീയതിയാണ് എൽ.ജി.എസ്.-നുള്ള അടുത്ത പരീക്ഷ വരുന്നത്. അതായത് പുതിയ ഒരു ലിസ്റ്റ് വരുന്നത് 2022-ലെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ആയിരിക്കും. അതായത് ഇപ്പോഴുള്ള ലിസ്റ്റ് ആഗസ്റ്റ് 4-ാം തീയതി റദ്ദായിക്കഴിഞ്ഞാൽ നിലവിൽ ഒരു ലിസ്റ്റും ഉണ്ടാകില്ല. മുഴുവനായി പോകും. Securities Appellate Tribunal (SAT)-ന്റെ വിധിയെന്താണ്? അങ്ങ് ഇത് നീട്ടാൻ കഴിയില്ലെന്നുപറഞ്ഞു. 5th proviso of Rule 13 of the Kerala Public Service Commission Rules of Procedure- എന്താണ് പറയുന്നത്? " If the Commission is satisfied of the existence of a period of general ban declared by the government on the reporting of vacancies to the PSC; or of any other circumstances; or of any extraordinary situation in which the reporting of vacancies by the appointing authority is prevented or restricted or delayed...." എന്നാണ് പറയുന്നത്. അതായത് extraordinary situation വന്നുകഴിഞ്ഞാൽ കാലാവധി നീട്ടിക്കൊടുക്കാം. അതിൽ മിനിമം മൂന്ന് മാസമാണ് നീട്ടിക്കൊടുക്കേണ്ടത്. മൂന്ന് മാസം മുതൽ ഒന്നരവർഷംവരെ നീട്ടിക്കൊടുക്കാനുള്ള അധികാരം പി.എസ്.സി.-ക്കും സർക്കാരിനുമുണ്ട്. അധികാരമില്ലാത്ത, നിയമവിരുദ്ധമായ

ഒരു കാര്യം ചെയ്യാനല്ല ഞങ്ങൾ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്. നിയമപരമായി പി.എസ്.സി.-യുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലുള്ളത് മൂന്ന് മാസം മുതൽ കാലാവധി നീട്ടാമെന്നാണ്. ഇപ്പോൾ ഒരു മാസത്തേയ്ക്ക് മാത്രം നീട്ടിയ ലിസ്റ്റിലുൾപ്പെട്ടവർ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പോയപ്പോൾ കോടതി പറഞ്ഞത്, മിനിമം മൂന്ന് മാസം നീട്ടണമെന്ന് Rules of Procedure-ൽ പറഞ്ഞിട്ടും നിങ്ങൾ ഒരു മാസത്തേയ്ക്ക് നീട്ടിയതെന്തിനാണ് എന്നാണ്. അപ്പോൾ അവസാന മൂന്ന് മാസത്തേയ്ക്ക് കാലാവധി നീട്ടിയിരിക്കുന്ന ലിസ്റ്റിലുൾപ്പെട്ടിരിക്കുന്ന മുഴുവൻപേരും ഇനി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പോകും. എന്തിനാണ് അവരെ കോടതിയിലേയ്ക്ക് വിടുന്നത്? നാളെ കാലാവധി പൂർത്തിയാകാൻ പോകുന്ന ലിസ്റ്റ് മറ്റെന്നാൾ റദ്ദാവുകയാണ്. ഒരു ദിവസമാണ് അവർക്ക് എക്സ്റ്റൻഷൻ കിട്ടിയിരുന്നത്. അവരെല്ലാം കോടതിയിൽ പോകും. വെറുതെ നിരന്തരമായ വ്യവഹാരങ്ങളുണ്ടാക്കേണ്ട ഒരാവശ്യവും ഇക്കാര്യത്തിലില്ല. അങ്ങ് കുറെ ലിസ്റ്റുകൾ വായിച്ചു. 2015-18 വരെയുണ്ടായിരുന്ന ലിസ്റ്റിൽ നടന്ന നിയമനങ്ങളുടെ പകുതിപോലും മഹാമാരിയും പ്രളയവും കാരണം പല ലിസ്റ്റിലും നടന്നിട്ടില്ല. ലാസ്റ്റ്ഗ്രേഡ് നിയമനത്തിൽ കഴിഞ്ഞ ലിസ്റ്റിനേക്കാൾ 4067 എണ്ണം കുറവാണ് ഇപ്രാവശ്യം നടന്നിരിക്കുന്നത്. എൽ.ഡി. ക്ലാർക്കിൽ 2055 എണ്ണം കുറവാണ്. എൽ.ഡി.വി. (Light Duty Vehicles) ഡ്രൈവർ തസ്തികയിൽ കഴിഞ്ഞ തവണ നടന്ന നിയമനത്തിന്റെ പകുതിപോലും ഇപ്രാവശ്യം നടന്നിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണക്കുകൾ ഒന്നുകൂടി പരിശോധിക്കണം. ഞാനൊരു ഉദാഹരണം പറയുന്നതാണ്, പത്തുവർഷം കൂടുമ്പോഴുണ്ടാകുന്ന സർവ്വേയർ ഗ്രേഡ് -II തസ്തികയിൽ ആകെ 451 പേർക്ക് മാത്രമാണ് നിയമനം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതിനോട് ഞാൻ യോജിക്കുന്നു, പഴയ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി തയ്യാറാക്കുന്നത് വിശാലമായ ലിസ്റ്റാണ്. ആ ലിസ്റ്റിൽ പറയുന്ന എല്ലാവർക്കും നിയമനം നൽകാൻ കഴിയില്ല. പക്ഷേ 2015 മുതൽ 2018-വരെയുണ്ടായിരുന്ന ആ ലിസ്റ്റിൽ കൊടുത്ത അത്രയും ആളുകൾക്ക് നിയമനം കൊടുക്കണ്ടേ? അതിൽ പകുതി പോലും കൊടുത്തിട്ടില്ല. കൊടുക്കാൻ കഴിയാതിരുന്ന സാഹചര്യം ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതുകൊണ്ട് ഫെബ്രുവരി രണ്ടാം തീയതി മുതൽ എക്സ്റ്റന്റ് ചെയ്ത തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്തതാണ്. നിർബന്ധമായും നിയമനങ്ങൾ മുഴുവൻ നടത്തണം; നടത്തിയില്ലെങ്കിൽ നടപടിയെടുക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ആഴ്ച പറഞ്ഞത്. സമരക്കാർക്ക് കൊടുത്ത ഉറപ്പുകളൊന്നും സർക്കാർ പാലിച്ചിട്ടില്ല. പ്രൊമോഷൻ നടക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ചു. അപ്പോൾ പ്രൊവിഷണലായി പ്രൊമോഷൻ കൊടുത്ത് ബാക്കിയുള്ള വേക്കൻസികളുണ്ടാക്കണം. എൻടി കേഡറിൽ വേക്കൻസികളുണ്ടാകണം; നൈറ്റ് വാച്ച്മാൻമാരുടെ ജോലി സമയം കുറയ്ക്കണം; ഹയർ സെക്കണ്ടറി അനദ്ധ്യാപക നിയമനങ്ങൾ വേഗത്തിലാക്കും; ഇതെല്ലാം മുൻ മന്ത്രി ശ്രീ. എ. കെ. ബാലൻ ഒപ്പിട്ട എഗ്രിമെന്റിലുള്ള പ്രൊവിഷനുകളാണ്. ഇതൊന്നും നടപ്പാക്കിയിട്ടില്ല.

പരീക്ഷയ്ക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് പാവങ്ങൾ നടത്തുന്നത് എങ്ങനെയാണ്? പ്രത്യേകിച്ച് പെൺകുട്ടികളുടെ കാര്യം ആലോചിച്ചാൽ, ചിലർ വിവാഹം കഴിഞ്ഞ് കുഞ്ഞുങ്ങളുണ്ടായിട്ടും പാർട്ട് ടൈം ജോലിക്കുപോയി പി.എസ്.സി പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസ്സിൽ ഫീസ് കൊടുത്ത് രാത്രിയും പകലും ഉറക്കമിളച്ചിരുന്ന് പഠിച്ച് അവസാനം പരീക്ഷ എഴുതി കുറെ വർഷം കാത്തിരുന്നാവും ലിസ്റ്റിൽ പേര് വരുന്നത്. ചിലപ്പോൾ അഞ്ചും ആറും പരീക്ഷ എഴുതിക്കഴിയുമ്പോഴായിരിക്കും ഒരു ലിസ്റ്റിൽ പേര് വരുന്നത്. ലിസ്റ്റിൽ പേരുവരുമ്പോൾ അവരാദ്യം നോക്കുന്നത് കഴിഞ്ഞപ്രാവശ്യം തന്റെ റാങ്കിൽപ്പെട്ട കുട്ടിക്ക് ജോലി കിട്ടിയിട്ടുണ്ടോ എന്നാണ്; കിട്ടിയിട്ടുണ്ട്; അവരപ്പോൾ ജോലി പ്രതീക്ഷിച്ചിരിക്കുകയാണ്. അതിന്റെ അവസാനമെത്തുമ്പോൾ നിയമനം ലഭിക്കില്ല, റാങ്ക് ലിസ്റ്റ് റദ്ദാക്കാൻ പോകുന്നു എന്നുപറഞ്ഞാൽ, അവരുടെ കണ്ണീരും സങ്കടവും ദുരിതവും സർക്കാർ കാണാതെ പോകരുതെന്നാണ് ഞാൻ താഴ്മയായി അപേക്ഷിക്കുന്നത്. മഹാമാരിയുടെയും പ്രളയത്തിന്റെയും കാലത്ത് മനുഷ്യന് എല്ലാ പ്രതീക്ഷകളും തകർന്നിരിക്കുകയാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ കാലമാണ്. ജീവിക്കാനുള്ള പ്രതീക്ഷകൾപോലും മനുഷ്യന് നഷ്ടപ്പെടുന്ന കാലമാണ്. ഈ കാലഘട്ടത്തിൽ കുറേക്കൂടി സഹാനുഭൂതിയോടും അനുകമ്പയോടുംകൂടി ഉദ്യോഗാർത്ഥികളെ സമീപിക്കണം. ഒന്നുകിൽ നിങ്ങൾ പറയുന്നത് ഉദ്യോഗസ്ഥർ കേൾക്കുന്നില്ല, അതനുസരിച്ച് പ്രോപ്പറായി റിപ്പോർട്ട് ചെയ്യുന്നില്ല. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അനുസരിക്കണമല്ലോ. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വമാണോയെന്ന് പരിശോധിക്കണ്ടേ? ചില ഉദ്യോഗസ്ഥർ പറഞ്ഞു, 'I feel', ഗവൺമെന്റിന് തോന്നുന്നുവെന്നല്ല, എനിക്ക് തോന്നുന്നു. അതുകൊണ്ട് ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കുന്നുവെന്നാണ്. 'I am the state' എന്നുപറയുന്ന ഉദ്യോഗസ്ഥരുള്ള കാലമാണിപ്പോൾ. നിങ്ങൾ പറഞ്ഞാൽ അവർ കേൾക്കണമെന്നില്ല. അക്കാര്യം പരിശോധിക്കണം. നിയമനങ്ങൾ മുഴുവൻ നടത്തണമെന്ന് കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു; ഈ പ്രസ്താവനയും ഉറപ്പും നടപ്പാക്കാൻ വേണ്ട സമയം കിട്ടിയിട്ടില്ല. ആ സമയമാണ് എക്സ്റ്റന്റ് ചെയ്യണമെന്ന് പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഉദ്യോഗാർത്ഥികൾ സമരം ചെയ്തു. ഞങ്ങളാരും പറഞ്ഞിട്ടല്ല അവർ സമരം ചെയ്തത്. അവർ സമരം ചെയ്തപ്പോൾ ന്യായമായ കാര്യമാണെന്നോർത്ത് ഞങ്ങൾ പിന്തുണ കൊടുത്തു. അന്ന് സമരം ചെയ്തതിന്റെ പേരിൽ അവരോട് പ്രതികാരബുദ്ധിയോടുകൂടിയ സമീപനം അങ്ങ് സ്വീകരിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന. സമരം ചെയ്തതുകൊണ്ട് 'നിങ്ങൾ അപ്പോയിന്റ്മെന്റ് വാങ്ങുന്നത് കാണട്ടെ' എന്ന രീതി പാടില്ല. പിൻവാതിലിലൂടെ പാർട്ടിക്കാരും ബന്ധുക്കളും അടങ്ങിയ ധാരാളംപേരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തിയാൽ അവരുടെ ജോലി പോകും. ഒരുപാട് കാരണങ്ങളുണ്ടായിട്ടും കാലാവധി നീട്ടിക്കൊടുക്കാത്തത് ഇതുകൊണ്ടാണെന്ന് ഞങ്ങൾ ആരോപിച്ചാൽ കുറ്റപ്പെടുത്താൻ കഴിയുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക്

അഭ്യർത്ഥിക്കാനുള്ളത് ശത്രുക്കളായി അവരെ കാണാതെ, പ്രതികാരബുദ്ധിയെല്ലാം വിട്ട് മക്കളായി കാണാൻ അങ്ങ് തയ്യാറാകണമെന്നാണ്. അങ്ങനെ കാണുന്നില്ല എന്നുള്ള പരാതി ഞങ്ങൾക്കുണ്ട്. ശത്രുതയോടും പ്രതികാര മനോഭാവത്തോടുംകൂടി അവരോട് പെരുമാറുകയും കൃത്യമായ നിയമനങ്ങൾ നടക്കാതെ പോകുകയും ചെയ്യുന്നതിലും സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പറഞ്ഞിട്ടുപോലും കാലാവധി നീട്ടിക്കൊടുക്കാൻ തയ്യാറാകാത്തതിലും കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ സങ്കടവും ദുരിതവും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കാണാൻ കണ്ണും കാതുമില്ലാത്ത ഈ സർക്കാരിന്റെ നടപടിയിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതൊരു വലിയ സാമൂഹിക പ്രശ്നമാണ്. ഇതിനെ ഈ രീതിയിൽ അവസാനിപ്പിക്കുന്നത് അതിലേറെ വലിയ സാമൂഹിക പ്രശ്നമുണ്ടാക്കുമെന്നാണ് എന്റെ അഭിപ്രായം. ഉദ്യോഗാർത്ഥികൾ വലിയൊരു മോഹമൊന്നും വച്ചുപുലർത്തുന്നത് ശരിയല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ പേര് വന്നശേഷം ജോലി കിട്ടുമെന്ന പ്രതീക്ഷയിലിരിക്കുന്നവരോട് അങ്ങനെവേണ്ട എന്നുപറയുന്നത് ഇപ്പോഴാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, അവരെല്ലാം ഏജ് ഓവർ ആയവരും വേറെയൊരു പ്രതീക്ഷയുമില്ലാത്ത സ്ഥിതിയിലായവരുമാണ്. യാതൊരു പ്രതീക്ഷയുമില്ലാത്ത ജീവിതംകൊണ്ട് അവരെന്തുചെയ്യും? സർക്കാർ ജോലി കിട്ടുമെന്ന് വിചാരിച്ച് ജീവിതം ഹോമിച്ചവർ, അവരുടെ മുന്നിൽ ഇനിയൊരു മാർഗ്ഗവുമില്ല. ഈ കലികാലത്ത് അവർ വേറെ എന്തുചെയ്യും? കലികാലം വന്നുപെട്ടു, ഗവൺമെന്റ് ജോലി കിട്ടുമെന്നു പറഞ്ഞിരുന്നു. വേറെ എങ്ങോട്ടും പോകാനുംവയ്യ. നിങ്ങൾ ഇനി ഈ മോഹം വച്ചുകൊണ്ടിരിക്കേണ്ട എന്നുപറഞ്ഞാൽ കടുത്ത പ്രത്യാഘാതം അവരിലുണ്ടാക്കുമെന്നതിൽ ആർക്കും സംശയമില്ല. ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് കാലാവധി അടിക്കടി നീട്ടി ക്കൊടുക്കുന്നതിനെപ്പറ്റി ഒരുപാട് ചർച്ച ചെയ്തതാണ്. പക്ഷേ ദയനീയ സ്ഥിതികണ്ട് പിന്നെയും നീട്ടികൊടുത്തു. ആ പ്രശ്നത്തെ ആ രീതിയിൽ അവസാനിപ്പിക്കുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. പറയുമ്പോൾ വിഷമിച്ചിട്ട് കാര്യമില്ല. ഞാൻ ഒരുപടി കൂടി കടന്നുപറയുകയാണ്. ധാരാളം താല്ക്കാലിക നിയമനങ്ങൾ നടന്നു. ഇപ്പോൾ സ്കൂളുകളും കോളേജുകളും ആശുപത്രികളും ബാക്കിയുള്ള പലതും ജില്ലകളുടെ അധികാരത്തിലാണ്. അവിടെയെല്ലാം വരുന്ന ഒഴിവുകളിൽ കുടുംബശ്രീ മുഖേന ആളുകളെ എടുത്ത് സ്ഥിരമായി നിർത്തുകയാണ്. വേക്കൻസികൾ വരുന്നത് എവിടെയോവച്ച് പൊളിറ്റിക്കൽ ഒഴിവായി പോകുന്നുണ്ട്. കുടുംബശ്രീയിൽനിന്ന് താല്ക്കാലിക നിയമനം നടത്തുമ്പോൾ പി.എസ്.സി എന്ന സംവിധാനം ഇനി ഒഴിവാക്കണമോ? ഇത് വ്യവസ്ഥാപിതമായി നടന്നിരുന്നതാണ്. അതൊരു

ഗൗരവമായ പ്രശ്നമാണ്. ഒരു കമ്മീഷന്റെ റിപ്പോർട്ടിന്റെ ഫലമായിട്ടാണ് ഈ റാങ്ക് ലിസ്റ്റുകളുടെ വലിപ്പംകൂടിയതെന്നും സംവരണതത്വം പാലിക്കാൻവേണ്ടി ചെയ്തതാണെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നുപറഞ്ഞത്. നിങ്ങളുടെ ഭരണകാലത്ത് താല്ക്കാലിക നിയമനങ്ങൾ നടത്തി പി.എസ്.സി.-യെ നോക്കുകുത്തിയാക്കിയാൽ സംവരണത്തിൽ ബാക്ക്ലോഗല്ല, സംവരണംതന്നെ ഇല്ലാതായാലും അത്ഭുതപ്പെടേണ്ട എന്നാണ് തോന്നുന്നത്. കുടുംബശ്രീയിൽനിന്നും ആരോഗ്യവകുപ്പിലും ആശുപത്രികളിലുമെല്ലാം താല്ക്കാലിക നിയമനങ്ങൾ നടത്തുന്നുണ്ട്. ബന്ധുമിത്രാദികളുടെ പൊളിറ്റിക്കൽ ആരോപണത്തിലേക്ക് പോകുകയല്ല. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഞങ്ങൾ അതിന്റെ വിശദാംശങ്ങൾ നോക്കുന്നുണ്ട്. വ്യവസ്ഥാപിതമായി എല്ലാവർക്കും കിട്ടേണ്ട നീതി മുഴുവൻ ഇല്ലാതാക്കുന്നത് ശരിയല്ല. യാതൊരു പ്രതീക്ഷയുമില്ലാതെ സെക്രട്ടേറിയറ്റിന്റെ പടിക്കൽ സമരം കിടക്കുന്നവരെ ഞാൻ കണ്ടതാണ്. എന്തോ ഒന്നുകിട്ടുമെന്ന് മോഹിക്കുന്ന അവർക്കിനി കിട്ടില്ലെന്ന് പറയുന്നത് എങ്ങനെയാണ്? അത് വളരെ ഗൗരവമുള്ള വിഷയമാണ്. തീരെ കൊടുക്കില്ല എന്നുപറയുന്ന സമീപനമെടുക്കുന്നത് ശരിയല്ല; വളരെ ഹാർഡ് കേസ് ഇതിലുണ്ട്. അങ്ങനെയാണെങ്കിൽ അതിനനുസരിച്ച് റിക്രൂട്ട്മെന്റ് പി.എസ്.സി.യിൽ നടത്തണമെന്നാണ് എന്റെ അഭിപ്രായം. ഇവർ സർക്കാർ ജോലി, റാങ്ക് ലിസ്റ്റ് എന്നൊക്കെ പറഞ്ഞ് ജീവിതം ഹോമിച്ചവരാണ്. അതുകൊണ്ടുതന്നെ അവരുടെ കാര്യത്തിൽ അൽപ്പംകൂടി ദയയോടുകൂടിയ സമീപനമുണ്ടാകണമെന്നാണ് എനിക്കും പറയാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, 2015-18 കാലയളവിൽ നൽകിയ നിയമനത്തിന്റെ പകുതിപോലും നിയമനം കഴിഞ്ഞ മൂന്ന് വർഷത്തിൽ ഉണ്ടായിട്ടില്ല. അസാധാരണമായ രണ്ട് പ്രളയങ്ങൾ, മഹാമാരി എന്നിവ പ്രത്യേകമായി പരിഗണിച്ച് റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകുന്നത് തികച്ചും ന്യായമായ കാര്യമാണ്. അത് പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, സർക്കാർ ഫെബ്രുവരി മാസം മുതൽ നീട്ടിക്കൊടുത്ത റാങ്ക് പട്ടികയ്ക്ക് പ്രയോജനമുണ്ടായിട്ടില്ല എന്നതൊരു വസ്തുതയാണ്. ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അതിനെ സാമൂഹ്യ വിഷയമായി ഗവൺമെന്റ് മനസ്സിലാക്കി റാങ്ക് പട്ടികയുടെ കാലാവധി നീട്ടിനൽകണമെന്നും

പരമാവധി പേർക്ക് അതിലൂടെ തൊഴിൽ ലഭ്യമാക്കാനുള്ള നടപടിയുണ്ടാക്കണമെന്നുമാണ് ചൂണ്ടിക്കാണിക്കുന്നത്. ഒഴിവുകൾ റിപ്പോർട്ടുചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന് അങ്ങേയ്ക്ക് വസ്തുതകൾ പരിശോധിച്ചാൽ മനസ്സിലാകും. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നുള്ളത് സർക്കാർ ഗൗരവമായിത്തന്നെ കാണണം. എന്തായാലും ഈ വിഷയത്തെ അതിന്റേതായ രീതിയിൽ ഗവൺമെന്റ് കണക്കാക്കിയിട്ടില്ല. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്ന് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### ലേബർ കോഡുകളുടെ ഭേദഗതി

ശ്രീ. പി. നന്ദകുമാർ: സർ, ആവശ്യമായ ചർച്ചപോലും നടത്താതെ പാർലമെന്റിൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ തൊഴിൽ നിയമ ഭേദഗതി നിയമം (ലേബർ കോഡുകൾ) തികച്ചും തൊഴിലാളി വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണ്. നിലവിലുള്ള 29 ലേബർ നിയമങ്ങൾ നാല് കോഡുകളാക്കി നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുകയാണ്. കോഡ് ഓൺ വേജസ്, കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി & വെൽഫെയർ, കോഡ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് എന്നിവയാണവ. ഈ നിയമങ്ങൾ പാസ്സാക്കപ്പെട്ടതോടെ ബ്രിട്ടീഷുകാരുടെ കാലം മുതൽ തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്ന പല പരിരക്ഷകളും ഇല്ലാതായി. പുതിയ നിയമപ്രകാരം 'തൊഴിലാളി', 'തൊഴിലാളിയുടെ വേതനം' എന്നിവയുടെ നിർവ്വചനങ്ങളിൽ മാറ്റം വന്നിരിക്കുന്നു. നിലവിലുള്ള പേയ്മെന്റ് ഓഫ് വേജസ് ആക്ടിലെ ഓവർ ടൈം, അവധി വേതനം, ലീവാനുകൂല്യം എന്നിവ ഒഴിവാക്കി മിനിമം വേജസിന്റെ ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ട്. മാത്രമല്ല, തൊഴിൽ സമയത്തിന്റെ ക്ലിപ്തതയുമില്ല. ദേശീയ ഫ്ലോർ ലെവൽ വേതനം നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിന് കോഡ് അംഗീകാരം നൽകിയിരിക്കുകയാണ്. ഇത് പല മേഖലകളിലും കിട്ടിക്കൊണ്ടിരിക്കുന്ന വേതനത്തിന് മാറ്റം വരുത്തും. കേരളത്തിലാണെങ്കിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന മിനിമം വേജസ് കോഡുണ്ട്. എഴുപതിൽപ്പരം മേഖലകളിൽ മിനിമം വേജസ് ഉണ്ട്. മിനിമം വേജസ് കമ്മിറ്റിയുടെ സ്വതന്ത്ര സ്വഭാവം തന്നെ പുതിയ കോഡിൽ ഇല്ലാതാകും. ത്രികക്ഷി കമ്മിറ്റികളാകെ

അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ബോണസ് നിയമത്തിൽ കാതലായ മാറ്റംവന്നു. 13 നിയമങ്ങൾ ഒന്നാക്കി OSHWC (The Occupational Safety, Health and Working Conditions) കോഡ് വന്നതോടുകൂടി പഴയ നിയമത്തിലെ ഓരോ വ്യവസായത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് പരിമിതികൾ പലതുണ്ടെങ്കിലും തൊഴിലാളിക്ക് നൽകിയ പരിരക്ഷകളെല്ലാം ഇല്ലാതാക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പുതിയ കോഡിൽ പല ആരോഗ്യ സംരക്ഷണ പദ്ധതികളും നഷ്ടപ്പെടുകയാണ്. ഇന്ന് വ്യവസായ മേഖലയിൽ നല്ലൊരു ശതമാനം കോൺട്രാക്ട് വർക്കേഴ്സാണുള്ളത്. അവരുടെ താൽപ്പര്യമാകെ ഹനിക്കുന്ന തരത്തിലുള്ള പുതിയ നിയമമാണ് വന്നിരിക്കുന്നത്. ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളിൽ വലിയ മാറ്റം വരും. മഹാഭൂരിപക്ഷം എം.എസ്.എം.ഇ.-കളിലും തൊഴിലാളികൾക്ക് പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടും. ഇന്ന് വ്യവസായത്തിൽ നല്ലൊരു ശതമാനവും വരുന്നത് കോൺട്രാക്ട് തൊഴിലാളികളാണ്. അവരുടെ നിലനിൽപ്പുതന്നെ അപകടത്തിലാവും. സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ ഒരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നില്ല. കർഷക നിയമങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം നിലനിൽക്കുമ്പോഴാണ് തിരക്കിട്ട് ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച നിയമം പാസ്സാക്കപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയനുകൾ നിശ്ചയിക്കാനുള്ള അവകാശം ഉടമകൾക്കാണ് നൽകിയിരിക്കുന്നത്. കേരളത്തിന്റെ അനുഭവം നമുക്കറിയാവുന്നതാണ്, 2020-ൽ അംഗീകരിക്കപ്പെട്ട നിയമപ്രകാരം ട്രേഡ് യൂണിയൻ അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കേണ്ടത് ട്രേഡ് യൂണിയൻ രജിസ്ട്രാറാണ്. ഇതുസംബന്ധിച്ച് സുപ്രീംകോടതിയുടെയും മറ്റുപല കോടതികളുടെയും നിരീക്ഷണങ്ങളുണ്ട്. അതൊന്നും കേന്ദ്ര സർക്കാർ പാലിക്കപ്പെടുന്നില്ല. മാത്രമല്ല സംഘടിക്കാനും കൂട്ടായി വിലപേശാനുമുള്ള അവകാശം സംബന്ധിച്ച ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ അംഗീകരിക്കപ്പെട്ട തത്വങ്ങളായ 1948 കൺവെൻഷൻ സി-87, സി-98 എന്നിവയൊന്നും കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ല. ഇത്തരം തൊഴിൽ നിയമങ്ങളെല്ലാം കൊണ്ടുവന്നത് കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള നവലിബറൽ നയത്തിന്റെ ഭാഗമായാണ്. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ മൂന്ന് വഴികളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അതിലൊന്ന് പ്രകൃതി വിഭവങ്ങളാകെ നൽകിക്കൊണ്ടിരിക്കുക എന്നതാണ്. സർക്കാരിന്റെ വരുമാനമാകെത്തന്നെ അവർ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ തൊഴിലാളികളെ കടുത്ത രീതിയിൽ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ നയം ശ്രീ. മൻമോഹൻ സിംഗിന്റെയും കോൺഗ്രസ്സ് ഗവൺമെന്റിന്റേതും കൂടിയാണ്. അതുകൊണ്ട് കോൺഗ്രസ്സുകാർക്ക്

ഈ നയത്തെ ശക്തമായി എതിർക്കാൻ സാധിക്കില്ല. പാർലമെന്റിൽ ഈ നിയമം കൊണ്ടുവന്നപ്പോൾ എതിർവോട്ട് രേഖപ്പെടുത്തിയത് ആകെ ഏഴുപേരാണ്. കേരളത്തിൽനിന്നും പോയ യു.ഡി.എഫ്.-ന്റെ ഒരംഗംപോലും പാർലമെന്റിൽ ഒരക്ഷരം സംസാരിക്കാൻ തയ്യാറായില്ല; ഒരു ഡിവിഷനും അവർ ആവശ്യപ്പെട്ടിട്ടില്ല. വളരെ പ്രഗത്ഭരായ നേതാക്കൾ കേരളത്തിൽ നിന്നുണ്ടെങ്കിലും ഇതാണ് അവസ്ഥ. അതുകൊണ്ട് സംസ്ഥാനത്തെ തൊഴിലാളികളെ സംരക്ഷിക്കണമെങ്കിൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ നിയമത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ചില സംരക്ഷണ നടപടികൂടി എടുക്കേണ്ടതുണ്ട്. ഒരു കുറ്റമറ്റ റൂൾസ് കൊണ്ടുവരണം. പല സംസ്ഥാനങ്ങളും റൂൾസ് കൊണ്ടുവന്നിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ദയവായി അവസാനിപ്പിക്കണം.

ശ്രീ. പി. നന്ദകുമാർ: സർ, ആ റൂൾസൊക്കെ കേന്ദ്ര നിയമത്തിന് അനുകൂലമായതാണ്. അതിനാൽ ഈ പരിമിതിക്കകത്തുനിന്നുകൊണ്ട് കേരളത്തിലെ തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ റൂൾസ് കൊണ്ടുവരണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിനാവശ്യമായ സംവിധാനം ഉറപ്പുവരുത്തണം. കേന്ദ്ര നിയമത്തിനെതിരായി ഇന്ത്യയിലെ എല്ലാ തൊഴിലാളി സംഘടനകളും വലിയ പ്രക്ഷോഭത്തിലാണ്. ഇന്ത്യയിലെ തൊഴിലാളി വർഗ്ഗം ഉറ്റുനോക്കുന്നത് കേരളത്തെയാണ്. ആ നിലയ്ക്ക് കേരളത്തിന് പ്രവർത്തിക്കാൻ സാധിക്കണം. ഇതിനാവശ്യമായ റൂൾസ് കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും ഫലമായി കേന്ദ്ര സർക്കാർ എല്ലാ രംഗത്തും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങളുടെ ഭാഗമായാണ് തൊഴിലാളി രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. 'Ease of Doing business' എന്ന കേന്ദ്ര സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് 29 തൊഴിൽ നിയമങ്ങൾ ഏകീകരിച്ച് നാല് നിയമങ്ങളായി ക്രോഡീകരിച്ചത്. വിവിധ കോഡുകളും അതിലുൾപ്പെടുന്ന നിലവിലെ തൊഴിൽ നിയമങ്ങൾ The Code on Wages Act, 2019, Industrial Relations Code, 2020, The Code on Social Security, 2020, The Occupational Safety, Health And Working Conditions Code, 2020 എന്നിവയാണ്. ഇതിൽ Code on Wages-ൽ കൂലിയുമായും ബോണസുമായും ബന്ധപ്പെട്ട നാല് ആക്ടുകളും Industrial Relations Code-ൽ ട്രേഡ് യൂണിയൻ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് ഉൾപ്പെടെ മൂന്ന് ആക്ടുകളും Code on Social Security-യിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് ഉൾപ്പെടെ 9 ആക്ടുകളും Occupational Safety, Health and Working Conditions

Code-ൽ ഫാക്ടറീസ് ആക്ട്, മൈൻ ആക്ട് ഉൾപ്പെടെ 13 ആക്ടുകളുമാണ് ക്രോഡീകരിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച കോഡുകളുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലെ ചർച്ചകൾക്ക് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും അതിൻപ്രകാരം കേരള സർക്കാർ പ്രസ്തുത ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ തൊഴിലാളി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ നാല് കോഡുകളും പാസ്സാക്കിയെങ്കിലും നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനുശേഷം മാത്രമേ കോഡുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരികയുള്ളൂ. കേന്ദ്ര സർക്കാർ പാസ്സാക്കിയ കോഡുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരാത്തതിനാൽ സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് ഭേദഗതികളൊന്നുംതന്നെ കൊണ്ടുവന്നിട്ടില്ല. ഈ നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ എന്നത് ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. സംസ്ഥാനങ്ങളുടെ അഭിപ്രായം പരിഗണിക്കാതെ കേന്ദ്രസർക്കാർ നിയമമുണ്ടാക്കിയതിൽ കേരളമുൾപ്പെടെയുള്ള ഏതാനും സംസ്ഥാന സർക്കാരുകൾ ഉന്നയിച്ച എതിർപ്പുകൾ കേന്ദ്രം പരിഗണിച്ചിട്ടില്ല. International Labour Organization (ILO) അംഗീകരിച്ച പ്രമാണങ്ങളുടെ അന്തഃസത്തയ്ക്ക് നിരക്കാത്ത വ്യവസ്ഥകളും പുതിയ കോഡിലുണ്ട്. ഐ.എൽ.ഒ.-യുടെ സ്ഥാപക അംഗമാണ് ഇന്ത്യ. ഇന്ത്യാ ഗവൺമെന്റ് ഇത്തരത്തിലൊരു നിലപാട് സ്വീകരിച്ചത് തൊഴിലാളികളുടെ താൽപ്പര്യം മാത്രം മുൻനിർത്തിയാണ്. സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളി വിരുദ്ധ നയങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതല്ലെന്ന് നേരത്തെതന്നെ എൽ.ഡി.എഫ്. സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. കോഡുകൾക്ക് കേന്ദ്ര റൂൾസ് ഇതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. സംസ്ഥാന റൂൾസ് തയ്യാറാക്കാൻ സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്, അവസാന രൂപം നൽകുന്നതിനുമുൻപ് ബന്ധപ്പെട്ട എല്ലാവരുമായും കൂടിയാലോചന നടത്തുന്നതാണ്. തൊഴിലാളി താൽപ്പര്യം സംരക്ഷിക്കുന്നതിനോടൊപ്പം ആരോഗ്യപരമായിട്ടുള്ള തൊഴിൽ ബന്ധം നിലനിർത്തുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. പി. നന്ദകുമാർ: സർ, കേരള ഗവൺമെന്റ് ഈ പരിമിതിക്കകത്തു നിന്നുകൊണ്ട് തൊഴിലാളി താൽപ്പര്യം സംരക്ഷിക്കാൻ റൂൾസ് കൊണ്ടുവരുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിന് ഒരു തൊഴിൽ അന്തരീക്ഷമുണ്ട്. കേരളത്തിലെ തൊഴിലാളി സംഘടനകൾ നിരന്തരമായി നടത്തിയിട്ടുള്ള പോരാട്ടങ്ങൾ, അതിന്റെ ഫലമായി നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ഇന്ത്യാ രാജ്യത്തുതന്നെ മിനിമം വേജസ് അടക്കമുള്ള തൊഴിലാളി

കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള പുതിയ നിയമങ്ങൾ കേരളത്തിന്റെ സാഹചര്യം അനുസരിച്ച് മാത്രമേ നടപ്പിലാക്കുകയുള്ളൂ. അത് സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. അതിന്റെ റൂൾസിനെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചയമായും കേരളത്തിലെ തൊഴിലാളി സംഘടനകളുമായും ബന്ധപ്പെട്ടവരുമായും ആലോചിച്ചു കൊണ്ടുമാത്രമേ അതിന് അവസാനരൂപം നൽകുകയുള്ളൂ എന്ന കാര്യം ഞാൻ ഉറപ്പുനൽകുയാണ്.

(ഡോ. എം. കെ. മുനീർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

11.00 am]

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിഷേധത്തിന്റെ ഭാഗമായി സഭയിൽ ബാനറും പ്ലക്കാർഡുകളും പ്രദർശിപ്പിക്കുന്നത് ശരിയല്ലെന്ന ചട്ടം സ്പീക്കറുടെ റൂളിംഗ് ഉദ്ധരിച്ച് ചെയറിൽനിന്ന് പറഞ്ഞതാണ്. സഭ ബഹിഷ്കരിക്കുമ്പോൾ ആ പ്രദർശന വസ്തുക്കളെല്ലാം അതത് സീറ്റിൽ വച്ചിട്ട് പോകുന്നത് വളരെ അനുചിതമായ നടപടിയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട അംഗങ്ങളാരും കയ്യടിക്കേണ്ട. ഇത് എല്ലാവരും കഴിഞ്ഞ കുറേ വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. റൂൾസിൽ പറഞ്ഞിരിക്കുന്ന കാര്യമാണെന്ന് അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു. അങ്ങ് പറഞ്ഞതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇവരെല്ലാവരും ഇത് പിടിച്ചുകൊണ്ടുനിന്നിട്ടുള്ള ആളുകളാണ്. അവരാണ് ഇപ്പോൾ വലിയ ന്യായം പറയുന്നത്. ഇവിടെ എല്ലാവരും ഇത് ചെയ്തിട്ടുണ്ട്. ഇതിനേക്കാൾ വലിയ അതിക്രമങ്ങൾ കാണിക്കാൻ നേതൃത്വം കൊടുത്ത ആളുകളാണ്.

## V സബ്മിഷൻ

(1) <u>ആശ്വാസ കിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ധനസഹായം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, നമ്മുടെ നാട്ടിലെ കിടപ്പുരോഗികളെയും മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരെയും പരിചരിക്കുന്നവർക്ക് സഹായധനം നൽകുന്ന 'ആശ്വാസകിരണം' പദ്ധതി വളരെ പ്രധാനപ്പെട്ടതാണ്. കാരണം ജോലിക്ക് പോകാനോ പുറത്ത് എന്തെങ്കിലും കാര്യത്തിന് പോകാനോ കഴിയാതെ നിത്യദുഃഖത്തിൽ ജീവിതം തള്ളിനീക്കുന്ന

പാവങ്ങളാണ് അവർ. ഇരുപത്തിനാല് മണിക്കൂറും മക്കളുടേയോ ബന്ധുക്കളുടേയോ കൂടെനിന്ന് അവരെ ചികിത്സിക്കുന്നവരാണ്. ലോക്ഡൗണും കോവിഡും അവരിൽ ഏൽപ്പിച്ച ആഘാതം ഭീകരമാണ്. സാമൂഹ്യസുരക്ഷാ മിഷൻവഴി പ്രസ്തുത പദ്ധതിയിലൂടെ 600 രൂപയാണ് കൊടുക്കുന്നത്. 2018 മാർച്ച് മാസം മുതൽ ഇതുവരെ, ഇപ്പോൾ മൂന്ന് വർഷം കഴിഞ്ഞു, ഈ പാവങ്ങൾക്ക് ഒരു രൂപ കൊടുത്തിട്ടില്ല. കുഞ്ഞുങ്ങളെ അല്ലെങ്കിൽ പ്രായമായവരെ അവരോടൊപ്പംനിന്ന് നോക്കി ജീവിതകാലം മുഴുവൻ ബന്ധുക്കൾക്കുവേണ്ടി സമർപ്പിച്ച, ഏറ്റവും സഹായം അർഹിക്കുന്ന പാവപ്പെട്ടവർക്ക് മാസംതോറും കിട്ടുന്ന ആ തുക വളരെ വലിയ സഹായമായിരുന്നു. നിങ്ങൾ അവർക്ക് എല്ലാ പെൻഷനും കൊടുത്തുവെന്ന് പറഞ്ഞു. മൂന്ന് വർഷമായി ഒരു രൂപ പോലും നിങ്ങൾ കൊടുത്തിട്ടില്ല. മാത്രമല്ല, 86,000 അപേക്ഷകൾ വന്നതിൽ 50,000 അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ട്. അവർ അർഹരാണോ അല്ലയോയെന്ന് തീർപ്പാക്കാതെ 50,000 അപേക്ഷകൾ സാമൂഹ്യസുരക്ഷാ മിഷന്റെ മുന്നിൽ പെൻഡിംഗാണ്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്കാണ് ഈ തുക കൊടുക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത് മൂന്ന് വർഷത്തെ കുടിശ്ശികയടക്കം ഒരു മാസംപോലും മുടങ്ങാതെ ഇവർക്ക് കൊടുക്കുന്ന ധനസഹായം പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2010-ലെ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ചതാണ് ആശ്വാസ കിരണം പദ്ധതി. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധത്തിൽ തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായാധിക്യംകൊണ്ടോ കാൻസർ മുതലായ ഗുരുതര രോഗങ്ങളാലോ കിടപ്പിലാകുന്നവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം. 2010-ൽ ആരംഭിച്ച ആശ്വാസ കിരണം പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താവിന് പദ്ധതിയുടെ ആരംഭഘട്ടത്തിൽ 250 രൂപയായിരുന്നു നൽകിയിരുന്നത്. വിവിധ ഘട്ടങ്ങളിലായി ഈ തുക വർദ്ധിപ്പിച്ച് നിലവിൽ 600 രൂപയാണ് ഇപ്പോൾ നൽകിവരുന്നത്. 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23,804 അപേക്ഷകളടക്കം തീർപ്പാക്കി 1,20,301 ഗുണഭോക്താക്കൾക്കുവരെ ധനസഹായം നൽകാൻ മുൻ പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് സാധിച്ചിട്ടുണ്ട്. 11-10-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ,

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, നൂറ് ശതമാനം അന്ധതയുള്ളവർ എന്നിവർക്കുപുറമെ പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതര രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതി യിലുൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വലിയതോതിൽ കൂടിവരികയും തൻമൂലം ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ബഡ്ജറ്റ് വിഹിതംകൊണ്ട് കുടിശ്ശിക പൂർണ്ണമായും തീർത്തുനൽകാൻ കഴിയാത്ത സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിനുപുറമെ 58.12 കോടി രൂപ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിലെ ഗുണ ഭോക്താക്കൾക്ക് 2020 ജനുവരി വരെയും മറ്റ് 11 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം 2021 ജനുവരിയിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിക്ക് 98,027 ഗുണഭോക്താക്കളാണുള്ളത്. തുടർന്നുള്ള മാസങ്ങളിലെ ആനുകൂല്യം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 7-7-2021-ൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം അനുവദിക്കുമ്പോൾ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റ് ആധാറുമായി ബന്ധിപ്പിക്കുന്നതിന് അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ആധാർ ലിങ്കിംഗ് രണ്ട് മാസത്തിനകം Kerala Social Security Mission (KSSM) ഉറപ്പുവരുത്തേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തുകയുണ്ടായി. ഗുണഭോക്താക്കളിൽ മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കി ഗുണഭോക്തൃ ലിസ്റ്റ് പുനഃക്രമീകരിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തീവ്രഭിന്നശേഷിയുള്ളവരുടേയും കിടപ്പുരോഗികളുടേയും ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കാനും ആധാർ ലിങ്കിംഗ് സമയബന്ധിതമായി പൂർത്തീ കരിക്കാനും ഗുണഭോക്താക്കൾക്കുള്ള പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് പരമാവധി കുടിശ്ശിക ഓണത്തിന് മുമ്പുതന്നെ കൊടുത്തുതീർക്കണമെന്ന ഉദ്ദേശ്യത്തോടെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവച്ച നിബന്ധന താൽക്കാലികമായി ഇളവുചെയ്ത് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളോട് തികഞ്ഞ അനുഭാവമാണ് സർക്കാരിനുള്ളത്. അവശേഷിക്കുന്ന കുടിശ്ശിക തീർക്കുന്നതിനാവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (2) വഴിയോര മത്സ്യക്കച്ചവടം

ശ്രീ. സി. ആർ. മഹേഷ്: സർ, കഴിഞ്ഞ ദിവസം കൊല്ലം പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വഴിയോരത്ത് മീൻ വിൽക്കുകയായിരുന്ന മേരിയെന്ന സ്ത്രീയുടെ 15,000 രൂപയ്ക്കുമേൽ വിലയുള്ള മീൻ പോലീസ് തട്ടിത്തെറിപ്പിച്ച് അഴുക്കുചാലിലിട്ടത് സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഈ കോവിഡ് കാലത്ത് മരണപ്പെടുന്നവരുടെ അകൽച്ചയും ഉറ്റബന്ധുക്കളുടെ കരച്ചിലും മാത്രമല്ല സാധാരണക്കാരായ മനുഷ്യർ ജീവിക്കാൻ അലമുറയിട്ട് കരയുന്ന ഒരു കാലം കൂടിയാണ്. ജീവൻപോലെ തന്നെ പ്രശ്നമാണ് മനുഷ്യരുടെ ജീവിതവും. കടം കയറിയവർ, കച്ചവടക്കാർ, സാധാരണക്കാരടക്കം ബാങ്കിൽനിന്ന് ലോണുകളും പലിശയുംകൊണ്ട് പൊറുതിമുട്ടി ജീവിക്കാൻ മാർഗ്ഗമില്ലാതെ നട്ടംതിരിയുന്ന ഇക്കാലത്ത് ഏത് സാമൂഹിക അകലവും പ്രതിരോധവും മനുഷ്യരെ രക്ഷിക്കാൻ വേണ്ടിയാണ്, അല്ലാതെ ശിക്ഷിക്കാനാകരുത്. കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമങ്ങളിൽവന്ന വാർത്തകളിൽ, പുല്ലുവെട്ടാൻ പോയ കാസർഗോഡുള്ള നാരായണനെയും കടയടയ്ക്കാൻ അഞ്ച് മിനിട്ട് വൈകിയ കടക്കാരനെയും ഓട്ടോറിക്ഷക്കാരനെയും കണക്കറ്റ് പിഴയടപ്പിക്കുന്ന പ്രവർത്തി കണ്ടാൽ, കൊറോണ രോഗാണുവിനോട് കാണിക്കുന്ന മര്യാദപോലും മനുഷ്യരോട് കാണിക്കുന്നില്ലെന്നാണ് തോന്നുന്നത്. പോലീസ്സേന ചെയ്യുന്ന സേവനങ്ങളെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷെ കൊല്ലത്തെ മേരിയമ്മയുടെ കരച്ചിൽ കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും കരൾ അലിയിപ്പിക്കുന്നതായിരുന്നു. ജനമൈത്രി പോലീസ്, ജനങ്ങളോടൊപ്പം നിൽക്കുന്ന പോലീസ്, പിങ്ക് പോലീസ് തുടങ്ങി എന്തെല്ലാം പേരുകളിലാണ് പോലീസിനെ വിളിക്കുന്നത്. സാധാരണക്കാരായ മനുഷ്യരെ കണക്കറ്റ് ശിക്ഷിക്കുന്നതും കാടൻ രീതിയിൽ ദ്രോഹിക്കുന്നതും പരിഷ്കൃത സമൂഹത്തിന് ചേരുന്നതാണോ; വൃദ്ധയായ മേരിയെന്ന അമ്മ, കിടപ്പിലായ ഭർത്താവിനും വിധവയായ മകൾക്കും ആ മകളുടെ മൂന്നുകുഞ്ഞുങ്ങൾക്കും വേണ്ടിയാണ് മത്സ്യവ്യാപാരത്തിന് ഇറങ്ങുന്നത്. എല്ലാ ദിവസവും റോഡിലിരുന്ന് മീൻ വിറ്റുകിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് അവർ കുടുംബം പോറ്റുന്നത്. അവരുടെ സ്ഥിതി അതിദയനീയമാണ്. ആ സ്ത്രീയോടാണ് ഇത്ര ക്രൂരമായി, മനുഷ്യത്വ രഹിതമായി പോലീസ്സേനയിലെ ചിലർ പെരുമാറിയത്. അവരുടെ പാത്രത്തിലിരുന്ന പതിനയ്യായിരത്തോളം രൂപ വിലവരുന്ന മത്സ്യം യാതൊരു ദയയുമില്ലാതെ പറമ്പിലേയ്ക്കും അഴുക്കുചാലിലേയ്ക്കും വലിച്ചെറിയുകയാണ് ചെയ്തത്. ഇത് എന്ത് നീതിനിർവ്വഹണമാണ്; പോലീസ് മാന്വലിലെ ഏത് ചട്ടത്തിലാണ്, ഏത് കോവിഡ് പ്രോട്ടോക്കോളിലാണ്, ഏത് വകുപ്പാണ് ഇതിന് അനുവാദം നൽകുന്നത്; അത്തരമൊരു പ്രവൃത്തി ചെയ്തിട്ട് കേരള പോലീസിന്റെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിൽ ഇത് വ്യാജമാണെന്ന് പറയുന്നതിൽ എന്ത്

ഔചിത്യവും ന്യായവുമാണുള്ളത്? ആ സംഭവത്തിന്റെ ദൃശ്യങ്ങളും ശബ്ദങ്ങളുമൊക്കെ എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ അത് സഭയിൽ കേൾപ്പിക്കാം. അതുകൊണ്ട് ഈ വിഷയത്തിൽ ഉചിതമായ അന്വേഷണവും നടപടിയുമെടുത്ത് ആ വൃദ്ധമാതാവിന് ന്യായമായ നഷ്ടപരിഹാരവും നീതിയും ഉറപ്പുവരുത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഉയർന്ന കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ 'ഡി' കാറ്റഗറിയിലുൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച മേഖലയാണ്. അതിന്റെ അടിസ്ഥാനത്തിൽ പോലീസും ഗ്രാമപഞ്ചായത്തും ചേർന്ന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരികയാണ്. അതിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിലും മത്സ്യവിപണന കേന്ദ്രങ്ങളിലും മാർക്കറ്റുകളിലും മത്സ്യവ്യാപാരം നിയന്ത്രിക്കുകയും ചില സ്ഥലങ്ങളിൽ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. പാരിപ്പള്ളി-വർക്കല റോഡിൽ നീരോന്തി എന്ന സ്ഥലത്ത് 28-7-2021-ൽ മത്സ്യക്കച്ചവടം നടത്തുന്നതിന്റെ ഫലമായി ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്ന സാഹചര്യമുണ്ടായി. ഇതുസംബന്ധിച്ച് തദ്ദേശീയരായ ആളുകൾ പരാതി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പലതവണ ആളുകളെ വിലക്കുകയും ചെയ്തു. അവിടെ കച്ചവടം നടത്തിയവരെ കർശനമായി ഒഴിപ്പിച്ചതിനെത്തുടർന്ന് പാമ്പുറമെന്ന സ്ഥലത്തേയ്ക്ക് കച്ചവടം മാറ്റി. ഈ സ്ഥലവും ഉയർന്ന പോസിറ്റീവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ 'ഡി' കാറ്റഗറിയിലുൾപ്പെട്ട സ്ഥലമായിരുന്നു. അതിനാൽ ഈ സ്ഥലത്തുനിന്നും മാറാൻ കച്ചവടക്കാരോട് നിർദ്ദേശിക്കുകയാണ് പോലീസ് ചെയ്തത്. അല്ലാതെ പോലീസ് മത്സ്യങ്ങളോ പാത്രങ്ങളോ വലിച്ചെറിയുകയോ അട്ടിമറിക്കുകയോ ചെയ്തിട്ടില്ലെന്നാണ് പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. മാത്രമല്ല, മത്സ്യക്കച്ചവടം നിരോധിച്ച കാരണത്താൽ മത്സ്യവും മറ്റും വാരിയെറിഞ്ഞെന്ന നിലയിലുള്ള രംഗം കൃത്രിമമായി സൃഷ്ടിച്ച് പ്രാദേശിക ചാനലിലൂടെ പ്രചരിപ്പിക്കുകയും തുടർന്നത് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുകയുമാണ് ചെയ്തതെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. ഈ പ്രശ്നവും ഇതുസംബന്ധിച്ച് പ്രചരിപ്പിക്കപ്പെട്ട വാർത്തയുടെയും നിജസ്ഥിതി അന്വേഷിക്കാൻ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### (3) ബൈപ്പാസ് റോഡ്

ശ്രീ. കെ. പ്രേംകുമാർ: സർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡാണ് പാലക്കാട് - കുളപ്പുള്ളി സംസ്ഥാന പാത. പ്രസ്തുത സംസ്ഥാന പാതയിലെ ഏറെ തിരക്കേറിയ ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ബൈപ്പാസ് നിർമ്മിക്കാൻ കിഫ്ബി

മുഖേന 79.42 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ ആ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനോ ഗതാഗതക്കുരുക്ക് ഒഴിവാക്കാനോ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. കോടതിയും മിനി സിവിൽ സ്റ്റേഷനുമുൾപ്പെടുന്ന പ്രസ്തുത പ്രദേശത്ത് വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് ആളുകൾ വരുന്ന ഒറ്റപ്പാലം നഗരത്തിലെ ഈ റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഒറ്റപ്പാലം-കാക്കത്തോട് ബൈപ്പാസ് അടിയന്തരമായും യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. 50 ലക്ഷം രൂപ അഡ്വാൻസ് ഇനത്തിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. 27-9-2016-ലെ ഉത്തരവുപ്രകാരം പ്രസ്തുത വർക്കിന് 2016-ൽ അനുമതി നൽകിയെങ്കിലും കഴിഞ്ഞ അഞ്ച് വർഷമായിട്ടും ഈ പ്രവൃത്തി ഇഴഞ്ഞുനീങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്. അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിലുൾപ്പെടെ പൊതുമരാമത്ത് രംഗത്ത് മികച്ച നിലയിലുള്ള മുന്നേറ്റങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടും ബൈപ്പാസ് നിർമ്മാണം ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരശ്രദ്ധയും ഇടപെടലുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ്. 27-9-2016-ലെ ഉത്തരവുപ്രകാരം കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഒറ്റപ്പാലം വില്ലേജിലെ 325 ആർ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി 3-9-2018-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ അതിരടയാള നിയമം വകുപ്പ് 6 (1) പ്രകാരമുള്ള വിജ്ഞാപനം ലാൻഡ് അക്വിസിഷൻ തഹസിൽദാർ 17-11-2018-ലെ 2755 നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കുകയും സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചെലവുകൾക്കാവശ്യമായ കണ്ടിജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ കിഫ്ബിയിൽ അനുവദിച്ചത് തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹികാഘാത പഠനം പൂർത്തിയാക്കി എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട്

സമർപ്പിക്കുകയും 18-2-2021-ൽ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സർവ്വേ സബ്ഡിവിഷൻ വർക്കുകൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ നമ്പർ 2, പാലക്കാട്-ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. സ്ഥലമേറ്റെടുത്ത് ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala)-യ്ക്ക് കൈമാറുമ്പോൾ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. ഈ വിഷയം ശ്രീ. കെ. പ്രേംകുമാർ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതേ അർത്ഥത്തിൽത്തന്നെ ഈ വിഷയത്തെ കാണുകയാണ്.

## (4) എക്സൈസ് സർക്കിൾ ഓഫീസ്

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, യുവത്വം നേരിടുന്ന ഗൗരവമേറിയ, പ്രധാനപ്പെട്ട വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ദിവസം തൃത്താലയിലെ കറുകപുത്തൂരിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് മയക്കുമരുന്ന് നൽകി പീഡനം നടത്തിയെന്ന പരാതി ലഭിച്ചതിനെത്തുടർന്ന് അന്വേഷിച്ചപ്പോഴാണ് ഗൗരവമേറിയ പല വിഷയങ്ങളും പുറത്തുവന്നത്. പട്ടാമ്പിയുടെ പരിസര പ്രദേശങ്ങളിലായി ലഹരി വസ്തുക്കളുടെയും സെക്സ് റാക്കറ്റുകളുടെയും വലിയൊരു മാഫിയ പ്രവർത്തിക്കുന്നുണ്ടെന്ന വാർത്തകളാണ് വരുന്നത്. സാധാരണ കഞ്ചാവ് വരെയുള്ള ലഹരിവസ്തുക്കളെയാണ് ഏറ്റവും ഗൗരവമായി കണ്ടിരുന്നതെങ്കിൽ അതിനപ്പുറത്തേയ്ക്കുള്ള സിന്തറ്റിക്കായ ഡ്രഗ്സ് പായ്ക്കറ്റുകളിൽ ചില സ്റ്റാമ്പടക്കമുള്ള വസ്തുക്കൾ ഉപയോഗിച്ച് ആർക്കും വേഗം കണ്ടുപിടിക്കാൻ കഴിയാത്ത രീതിയിൽ മാഫിയകൾ വിതരണം ചെയ്യുകയും ആവശ്യക്കാർ അത് വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്ന സാഹചര്യമാണുണ്ടായത് എന്നാണ് അറിയാൻ സാധിച്ചത്. പ്രായപൂർത്തിയായ ആളുകളേക്കാൾ പ്രായപൂർത്തിയാകാത്ത കുട്ടികളുൾപ്പെടെയാണ് ഇതിലുൾപ്പെട്ടിട്ടുള്ളത്. ധാരാളം പെൺകുട്ടികളും ഈ വലയിൽപ്പെട്ടിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. പീഡനത്തിനിരയായ പെൺകുട്ടിതന്നെ അത്തരത്തിൽ മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ നൽകി അബോധാവസ്ഥയിൽ ആകുമ്പോൾ വീഡിയോയും ഫോട്ടോയും എടുത്തതിനുശേഷം ഭീഷണിപ്പെടുത്തിയാണ് പെൺകുട്ടികളെ ഇത്തരത്തിൽ ഉപയോഗിക്കുന്നത്. അതുസംബന്ധിച്ച് വലിയ വാർത്തകളാണ് കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്നത്. പോലീസന്വേഷണം നടക്കുകയാണ്. അക്കാര്യങ്ങളെക്കുറിച്ച് ഞാൻ കൂടുതലായി പറയുന്നില്ല. അന്വേഷണം നടക്കുന്നുണ്ടെങ്കിലും ഇതിന്റെ ഉറവിടങ്ങൾ എവിടെയാണെന്നുള്ളതെന്ന് കണ്ടെത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് എനിക്ക് പ്രധാനമായും മൂന്ന് കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, ഈ വിഷയത്തിൽ ഉന്നത രാഷ്ട്രീയബന്ധമുള്ള പലരും ഉൾപ്പെട്ടിട്ടുണ്ടെന്ന് പെൺകുട്ടി മൊഴി നൽകിയ സാഹചര്യത്തിൽ അതിന്റെ ഉറവിടം എവിടെയാണെന്നും പൂർണ്ണമായും ഇല്ലാതാക്കാൻ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതും

സംബന്ധിച്ച് പോലീസുമായി ചേർന്ന് അന്വേഷണം ഊർജ്ജിതമാക്കണമെന്നാണ് പറയാനുള്ളത്. രണ്ട്, ഇതിന്റെ പിടിയിലകപ്പെട്ടുപോയത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളടക്കമുള്ള ആളുകളാണ്. അവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടു വരാൻ ഡീ-അഡിക്ഷൻ സംവിധാനങ്ങളടക്കം മികച്ച രീതിയിൽ പട്ടാമ്പിയിൽ ആരംഭിക്കേണ്ടതുണ്ട്. അതിന് പ്രത്യേകം സംവിധാനം ആരംഭിക്കണം. മൂന്ന്, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള വലിയ തടസ്സമെന്ന് പറയുന്നത്, നിലവിൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിന്റെ കീഴിലാണ് പട്ടാമ്പിയട ക്കമുള്ള നാല് റേഞ്ച് ഓഫീസുകളുള്ളത്. അതിനാൽ എക്സൈസ് വകുപ്പിന്റെ സംവിധാനങ്ങൾക്ക് എൻഫോഴ്സ്മെന്റ് വേണ്ടത്ര ശക്തമാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് പാലക്കാട് ജില്ലയിലെ പുതിയ താലൂക്കായ പട്ടാമ്പിയിൽ പുതിയ എക്സൈസ് വകുപ്പിന്റെ സർക്കിൾ ഓഫീസുകൂടി ആരംഭിച്ചുകഴിഞ്ഞാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കു ന്നതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മയക്കുമരുന്ന്, സെക്സ് റാക്കറ്റുകൾ പ്രവർത്തിക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിൽ അതിന്റെ ഉറവിടം കണ്ടെത്താൻ പ്രത്യേക ടാസ്ക് ഫോഴ്സ് സംവിധാനം രൂപീകരിച്ചു കൊണ്ട് അതിനെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന്]

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, അതീവ ഗൗരവതരമായ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. പാലക്കാട് ജില്ലയിൽ മാത്രമല്ല മറ്റ് ജില്ലകളിലും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ ലഹരി ഉപയോഗിക്കുന്നതും ലഹരി വസ്തുക്കൾ കണ്ടെടുത്തിട്ടുള്ളതും വളരെ ഗൗരവമായാണ് എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി മനസ്സിലാക്കാൻ സാധിക്കുന്നത്. സംസ്ഥാനത്ത് ലഹരി വ്യാപനം തടയുന്നതിന് സർക്കാർ ശക്തമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. പാലക്കാട് ജില്ലയിൽ വളരെയേറെ ശ്രദ്ധയാകർഷിച്ച രീതിയിലുള്ള ചില നടപടി സ്വീകരിച്ചത് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കി യിട്ടുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ജില്ലാടിസ്ഥാനത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥരുൾപ്പെടെയുള്ള 13 പ്രമുഖ ഉദ്യോഗസ്ഥരെ ഇതിനകം സസ്പെൻഡ് ചെയ്തിട്ടുണ്ട്. മദ്യം, സ്പിരിറ്റ് എന്നിവ ഉപയോഗിച്ച് കള്ളുൽപ്പാദിപ്പിക്കുന്ന കേന്ദ്രം, അതിലുള്ള ഇവരുടെ ബന്ധം എന്നിവയെല്ലാം മനസ്സിലാക്കി നിരവധി ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും 13 ഉന്നത ഉദ്യോഗസ്ഥർക്കെതിരായി സസ്പെൻഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വളരെയേറെ പ്രാധാന്യത്തോടെയുള്ള അന്വേഷണമാണ്

അവിടെ നടക്കുന്നത്. അത്തരം കേസ്സുകൾ എക്സൈസ് ഡിപ്പാർട്ടുമെന്റ്മാത്രം അന്വേഷിച്ചാൽ പൂർണ്ണമാകാത്തതിനാൽ അവയെല്ലാം വളരെയേറെ കരുതലോടെ അന്വേഷണം നടത്തുന്നതിനുവേണ്ടി ഇപ്പോൾ പോലീസിന്റെ വിവിധ മേഖലകളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാനത്താകെ പൊതുജനങ്ങൾക്കിടയിലും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതിനും എക്സൈസ്-എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനോടൊപ്പം വിമുക്തി മിഷന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. ലഹരി മാഫിയ സംഘങ്ങളുടെ പ്രവർത്തനം ഒരുകാരണവശാലും സംസ്ഥാനത്ത് അനുവദിക്കുന്നതല്ല. മാഫിയ സംഘങ്ങൾക്കെതിരെ ശക്തമായ നടപടി എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് ഇപ്പോൾ സ്വീകരിച്ചു വരികയാണ്. പാലക്കാട് ജില്ലയിൽ 2021 ജൂൺ വരെ 6918 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഈ റെയ്ഡുകളിൽ 1349 അബ്കാരി കേസ്സുകളും എൻ.ഡി.പി.എസ്. (Narcotic Drugs and Psychotropic Substances) ആക്ട് അനുസരിച്ച് 200 കേസ്സുകളുമെടുത്തിട്ടുണ്ട്. കൂടാതെ, 1222 കിലോ കഞ്ചാവ് പിടിച്ചെടുക്കുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാലക്കാട് എക്സൈസ് ഇന്റലിജൻസ് വിഭാഗവും തൃത്താല എക്സൈസ് റേഞ്ച് പാർട്ടിയും ചേർന്ന് പ്രദേശങ്ങളിൽ വ്യാപക പരിശോധന നടത്തിവരുന്നു. ലഹരി മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആ പ്രദേശത്ത് എക്സൈസിലെ ഉന്നത ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മറ്റ് ജനപ്രതിനിധികളുടെയും യോഗം 15-7-2021-ന് ചേർന്ന് ജാഗ്രതാസമിതി രൂപീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ ഫലപ്രദമായി പ്രതിരോധിക്കണമെങ്കിൽ പഞ്ചായത്ത്, വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുൾപ്പെടെയുള്ള സന്നദ്ധ പ്രവർത്തകരുടെ പരിപൂർണ്ണ പിന്തുണയോടെ മാത്രമേ സാധിക്കുകയുള്ളൂ. ആ ശ്രമത്തിന്റെ ഭാഗമായാണ് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മറ്റ് ജനപ്രതിനിധികളുടെയും യോഗം പ്രത്യേകം ചേർന്ന് ജാഗ്രതാ സമിതി രൂപീകരിച്ചത്. 24-7-2021-ന് പാലക്കാട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ വിവിധ എക്സൈസ് പാർട്ടികൾ കറുകപുത്തൂർ, മേലത്തൂർ, പള്ളിപ്പടി, തൃത്താല എന്നിവിടങ്ങളിൽ സംയുക്ത പരിശോധന നടത്തിയിരുന്നു. പ്രസ്തുത പ്രദേശങ്ങളിൽ തുടർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-ൽ പുതിയ 14 റവന്യൂ താലൂക്കുകൾ രൂപീകരിച്ചതിനുശേഷം 6 താലൂക്കുകളിൽ മാത്രമാണ് എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിച്ചിട്ടുള്ളത്. പട്ടാമ്പിയുൾപ്പെടെ അവശേഷിക്കുന്ന 8 സ്ഥലങ്ങളിൽ സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

## (5) റവന്യൂ കോംപ്ലക്സ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കിഴക്കിന്റെ കവാടമായ കാഞ്ഞിരപ്പള്ളി താലൂക്ക് വിസ്തൃതിയിലും വിശാലമായ പ്രവർത്തന മേഖലയിലും ഏറ്റവും പ്രധാനപ്പെട്ട ഒരു സർക്കാർ സംവിധാനമാണ്. നിലവിൽ അവിടെ ഒരു സിവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് ധാരാളം പരിമിതികളുണ്ട്. റവന്യൂ വകുപ്പിന്റേതുൾപ്പെടെ നിരവധി ഓഫീസുകളാണ് ഈ കെട്ടിടത്തിനുള്ളിൽ പ്രവർത്തിക്കുന്നത്. കിഴക്കൻ മേഖലയിൽനിന്നും ധാരാളം ആളുകൾ വിശാലമായ റവന്യൂ ഡിവിഷന്റെ കീഴിൽ വിവിധ ആവശ്യങ്ങൾക്കായി കടന്നുവരുമ്പോൾ അവർക്കെല്ലാം ആവശ്യമായ സൗകര്യങ്ങൾ ചെയ്യാനും അവരെയെല്ലാം ഉൾക്കൊള്ളാനും പല ഘട്ടത്തിലും കഴിയുന്നില്ല. റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ നിലവിലുള്ള പരിമിതികളുള്ളിൽ നിന്നാണ് നടത്തുന്നത്. ട്രെയിനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കോട്ടയം ജില്ലയിലെ കളക്ടറേറ്റിൽ സ്ഥലമില്ലാത്തതിനാൽ റവന്യൂ ഉദ്യോഗസ്ഥർ മറ്റ് സ്ഥലങ്ങളിലെ കെട്ടിടങ്ങളെയാണ് പലപ്പോഴും ആശ്രയിക്കുന്നത്. ഈ പ്രദേശത്ത് ട്രെയിനിംഗ് സംവിധാനത്തിനടക്കമുള്ള കെട്ടിടവും പുതിയ റവന്യൂ കോംപ്ലക്സും നിർമ്മിക്കാൻ കഴിഞ്ഞാൽ നിലവിലുള്ള മറ്റ് ഓഫീസ് കെട്ടിടങ്ങൾക്ക് കുറച്ചുകൂടി സൗകര്യപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയും. റവന്യൂ വകുപ്പിന്റെ പുതിയ സർക്കുലർ പ്രകാരം, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൺട്രോൾ റൂം, വാർ റൂം എന്നീ സംവിധാനങ്ങൾക്ക് സ്പെഷ്യൽ യൂണിറ്റ് വേണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സ്വാഭാവികമായി അത്തരം സംവിധാനങ്ങൾ വരുമ്പോൾ, നിലവിലെ സിവിൽ സ്റ്റേഷനിൽ ഇതിനെല്ലാം പരിമിതിയുണ്ട്, സിവിൽസ്റ്റേഷന് സമീപം റവന്യൂവകുപ്പിന്റെ 36 സെന്റ് സ്ഥലം നിലവിലുള്ള സാഹചര്യത്തിൽ കാഞ്ഞിരപ്പള്ളിയുടെ വിശാലമായ സാധ്യതകൾ തിരിച്ചറിഞ്ഞും വില്ലേജ് ഓഫീസുകൾ സ്മാർട്ടായി മാറുന്ന കാലഘട്ടത്തിൽ, വളരെ സ്മാർട്ടായ റവന്യൂ കോംപ്ലക്സ് പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച് കാഞ്ഞിരപ്പള്ളിയിലെ റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ രംഗത്ത് പുതിയൊരു ദിശാബോധത്തോടെ റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധാർഹമായ പ്രവർത്തനമായി ഇത് മാറാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും അനുകൂലമായ നിലപാടുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം. എൽ. എ.-യും കേരള സർക്കാരിന്റെ ചീഫ് വിപ്പുമായ ഡോ. എൻ. ജയരാജ് ഉന്നയിച്ച പ്രശ്നങ്ങളെ വളരെ ഗൗരവത്തോടെ റവന്യൂ വകുപ്പ്

കാണുകയാണ്. കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസും കാഞ്ഞിരപ്പള്ളി വില്ലേജ് ഓഫീസുമുൾപ്പെടെ ഏതാണ്ട് 25-ഓളം സർക്കാർ ഓഫീസുകൾ ഇപ്പോൾ കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചുവരുന്നത്. പുതിയതായി നിർദ്ദേശിച്ചിട്ടുള്ള ദുരന്ത നിവാരണ കൺട്രോൾ റൂം ആരംഭിക്കുന്നതിന് ഈ സിവിൽ സ്റ്റേഷനിൽ വേണ്ടത്ര സ്ഥലസൗകര്യമില്ല. കാഞ്ഞിരപ്പള്ളി പഴയ താലൂക്ക് ഓഫീസ് സ്ഥിതി ചെയ്തിരുന്നതും മിനി സിവിൽ സ്റ്റേഷന്റെ സമീപത്തുള്ളതുമായ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള കാഞ്ഞിരപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 11-ൽ റീസർവ്വേ നമ്പർ 123/2-ലുൾപ്പെട്ട 14 ആർ വസ്തു ഇപ്പോൾ അവിടെ നിലവിലുണ്ട്. ഈ സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണ്. കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ്, ഇലക്ഷൻ സ്റ്റോർ റൂം, ദുരന്ത നിവാരണ വാർ റൂം, റവന്യൂ ക്വാർട്ടേഴ്സുകൾ എന്നിവയുൾപ്പെടുത്തി റവന്യൂ കോംപ്ലക്സ് നിർമ്മിക്കുകയാണെങ്കിൽ അത് പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദവും ഫലപ്രദവുമായിരിക്കും. ആയതിനാൽ റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്ന കാര്യം വിശദമായി പരിശോധിച്ച് തുടർനടപടി സമയബന്ധിതമായി സ്വീകരിക്കുന്നതാണെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു.

(6) പുനരധിവാസ - പുനഃസ്ഥാപന ധനസഹായം

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത വെങ്ങളം-അഴിയൂർ റീച്ച് ആറുവരിപാതയായി വികസിപ്പിക്കുന്നതിന് ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അവസാനഘട്ടത്തിൽ എത്തിയിരിക്കുന്ന സ്ഥലമെടുപ്പിന്റെ ഭാഗമായി പാതയോരങ്ങളിലെ നൂറുകണക്കിന് വ്യാപാരസ്ഥാപനങ്ങളും വീടുകളും ഏറ്റെടുത്തുവരികയാണ്. കച്ചവട സ്ഥാപനങ്ങൾ ഏറ്റെടുക്കുമ്പോൾ കെട്ടിടമുടമയ്ക്ക് മാത്രമാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. കച്ചവടം ചെയ്യുന്ന വ്യാപാരിക്കോ അവിടത്തെ തൊഴിലാളിക്കോ ലഭിക്കേണ്ട പുനരധിവാസ ആനുകൂല്യങ്ങൾ നിലവിൽ നൽകുന്നില്ല. അതുപോലെ വീടുകൾ ഏറ്റെടുക്കുമ്പോൾ താല്ക്കാലിക വീട്ടുവാടക, വീട്ടുമാറ്റത്തിനുള്ള ചെലവ്, ഉപജീവനബത്ത എന്നിവയും ഉടമയ്ക്ക് അനുവദിക്കുന്നില്ല. എന്നാൽ സർക്കാർ ഉത്തരവുപ്രകാരമുള്ള പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് ആനുകൂല്യത്തിന് ഇവരർഹരാണ്. ഈ പാക്കേജ് പ്രകാരം കൊയിലാണ്ടി താലൂക്കിലെ സഹായത്തിന് അർഹരായവരുടെ ഒരു പ്രൊപ്പോസൽ റവന്യൂവകുപ്പിന്റെ അംഗീകാരത്തിനും നടപടിക്കുമായി കോഴിക്കോട് ജില്ലാ ലാൻഡ് അക്വിസിഷൻ വിഭാഗത്തിൽനിന്നും സമർപ്പിച്ചിട്ടുണ്ട്. പുനരധിവാസ-പുനഃസ്ഥാപന പാക്കേജിൽ അർഹരായവർക്ക് ഈ ആനുകൂല്യങ്ങൾ അനുവദിച്ചുനൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ, അവിടെ മാത്രമല്ല പൊതുവെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. കേരളത്തെപ്പോലെ ജനനിബിഡമായ കേന്ദ്രങ്ങളിൽ ഭൂമി ഏറ്റെടുക്കൽ വിഷയത്തിൽ ദേശീയപാതാ അതോറിറ്റിയും കേന്ദ്രനിയമവും നാം വിചാരിക്കുന്നതുപോലെ മുന്നോട്ടുപോകുന്നില്ല എന്നുള്ളതാണ് പലപ്പോഴുമുണ്ടാകുന്ന ഒരു പ്രശ്നം. സ്വാഭാവികമായും സർക്കാർ അക്കാര്യത്തിൽ ഇടപെടുകയാണ്. ദേശീയപാതാ 66 വികസനത്തിന്റെ ഭാഗമായി വെങ്ങളം മുതൽ അഴിയൂർ വരെയുള്ള റീച്ചിന്റെ 3 ജി അവാർഡ് പ്രസിദ്ധീകരിച്ച് സ്ഥലമേറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ഇരിങ്ങൽ, പയ്യോളി, തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, വിയ്യൂർ, പന്തലായനി, കോഴിക്കോട് താലൂക്കിലെ രാമനാട്ടുകര എന്നീ വില്ലേജുകളിൽ ദേശീയപാതാ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട ഭൂമിയിലുണ്ടായിരുന്ന വാസ വാണിജ്യ ചമയങ്ങളിൽ താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്തിരുന്നവർക്ക് 29-12-2017- ലെ ജി.ഒ.(എംഎസ്.)448/2017/ ആർ.ബി. സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പോളിസി പ്രകാരം പുനരധിവാസ പാക്കേജ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ഇതിനകം സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം മേൽ വില്ലേജുകളിൽ ധനസഹായത്തിന് അർഹരായ 1630 കക്ഷികൾക്ക് ആശ്വാസ ധനസഹായമായി 30,18,73,000 രൂപ ആവശ്യമാണെന്ന് കാണിച്ച് 24-3-2021-ലെ എ.2215/2021 നമ്പർ പ്രകാരമുള്ള കത്ത് ജില്ലാ കളക്ടർ പ്രൊപ്പോസലായി സമർപ്പിക്കുകയുണ്ടായി. വടകര താലൂക്കിലെ വടകര, അഴിയൂർ, ഒഞ്ചിയം, ചോറോട്, നടക്കുതാഴെ എന്നീ വില്ലേജുകളിലായി പുനരധിവാസ സഹായത്തിനർഹരായവർ 1309 കക്ഷികളുണ്ടെന്നും അവർക്കാശ്വാസ ധനസഹായമായി 20,86,43,000 രൂപ ആവശ്യമാണെന്നും കാണിച്ച് അർഹരായവരുടെ പട്ടിക സഹിതം ജില്ലാ കളക്ടർ 20-4-2021-ന് എ.2/215/2021 നമ്പർ കത്തുപ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 'A Manual of Guidelines on Land Acquisition for National Highways under the National Highways Act, 1956'-ന്റെ chapter-5 പ്രകാരം ദേശീയപാതയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ പുനരധിവാസവും-പുനഃസ്ഥാപനവും 2013-ലെ Land Acquisition, Rehabilitation and Resettlement (LARR) Act-ലെ ഷെഡ്യൂൾ 2 പ്രകാരമാണ് നൽകേണ്ടതെന്ന് പ്രതിപാദിക്കുന്നുണ്ട്. ജനസാന്ദ്രതകൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും

ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/2017/ സ്റ്റേറ്റ് റീ-ഹാബിലിറ്റേഷൻ പോളിസി പ്രകാരം കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാരെ/ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കൂടുതൽ തുക ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ദേശീയപാതയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന അവസരങ്ങളിൽ LARR Act -ന്റെ ഷെഡ്യൂൾ 2 പ്രകാരമുള്ള നഷ്ടപരിഹാരം മാത്രമേ നൽകാനാവൂ എന്നതാണ് ഇപ്പോൾ ദേശീയപാതാ അതോറിറ്റിയുടെ നിലപാട്. ആയതിനാൽ വെങ്ങളം മുതൽ അഴിയൂർ വരെയുള്ള റീച്ചിൽ പുനരധിവാസം നൽകുന്നതുമായി ബന്ധപ്പെട്ട് LARR Act 2013-ലെ ഷെഡ്യൂൾ 2 പ്രകാരം നൽകാവുന്ന തുകയിൽ സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം അധികമായി അനുവദിക്കേണ്ട തുകയെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ റവന്യൂ വകുപ്പ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 31-7-2021-നുള്ളിൽ സമർപ്പിക്കുന്നതാണെന്ന വിവരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം അധികമായി അനുവദിക്കേണ്ട തുക നൽകുന്നതിന് ദേശീയപാതാ അതോറിറ്റിയിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ ശ്രമിക്കുന്നതാണ്. ഈ പ്രശ്നം വളരെ ഗൗരവമായി സർക്കാരെടുത്തിട്ടുണ്ട്. ഇവിടെ മാത്രമല്ല, മറ്റ് മേഖലകളും കൂടി ബന്ധപ്പെടുന്നതാണെന്നുള്ളതുകൊണ്ട് അങ്ങയുടെകൂടി ശ്രദ്ധയിലേയ്ക്ക് ഈ സബ്മിഷന്റെ മറുപടി സമർപ്പിക്കുന്നു.

## 7. അഴീക്കൽ പോർട്ട്

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കലിൽ നിലവിലുള്ള പോർട്ടിൽ ഇപ്പോൾ ചരക്കുകപ്പൽ ഗതാഗതം ആരംഭിച്ചിട്ടുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രിയെയും തുറമുഖ വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വർഷങ്ങൾക്കുശേഷമാണ് തുടർച്ചയായി ചരക്കുകപ്പൽ അവിടെ വന്നുപോകുന്നത്. കേരള മാരിടൈം ബോർഡ് കാസർഗോഡ് മുതൽ തലശ്ശേരി വരെയുള്ള 4 പോർട്ടുകളുടെ ഒരു റീജിയണൽ ഓഫീസായി അഴീക്കലിനെ ഉയർത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും ആ തീരുമാനം നടപ്പിലാകാത്തതിന്റെ ഭാഗമായി ആ പോർട്ടിന്റെ പ്രവർത്തനത്തെ അത് സാരമായി ബാധിച്ചിരിക്കുന്നു. ഒരു റീജിയണൽ പോർട്ട് ഓഫീസറെയാണ് അവിടെ നിയമിക്കാൻ കഴിയുന്നത്. അതിനാൽ ഇപ്പോൾ താല്ക്കാലിക ചുമതലയാണ് നൽകുന്നത്. സാമ്പത്തികമായി മറ്റ് കാര്യങ്ങൾ ചെയ്യാൻ പറ്റാത്ത ഒരു നിലയിലേയ്ക്ക് ആ പോർട്ട് മാറുകയും ചെയ്തു. നിലവിലുള്ള സാഹചര്യത്തിൽ ചരക്കുകപ്പൽ ഗതാഗതം കൂടി ആരംഭിച്ചതിനാൽ അതിന്റെ വൈഷമ്യം വളരെ വലുതായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അടിയന്തരമായി അങ്ങനെയൊരു തീരുമാനമെടുത്ത് നടപ്പിലാക്കുന്നില്ലെങ്കിൽ പോർട്ടിന്റെ പ്രവർത്തനത്തെയും ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ഗതാഗത സംവിധാനത്തെയുമെല്ലാം അത് സാരമായി ബാധിക്കാനുള്ള

സാധ്യതയുണ്ട്. അവിടെ ആവശ്യത്തിന് ജീവനക്കാരില്ലാതെ ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണെന്ന കാര്യം വളരെ ഗൗരവപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഴീക്കൽ പോർട്ടിനെ ഒരു റീജിയണൽ പോർട്ടായി ഉയർത്തുന്നതിന് അടിയന്തര തീരുമാനമെടുത്ത്, മുൻതീരുമാനം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയങ്ങൾ വളരെ ഗൗരവമുള്ളവ തന്നെയാണ്. തുറമുഖ വകുപ്പിലെ ഓഫീസുകളെല്ലാം കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കൊല്ലം, ആലപ്പുഴ, ബേപ്പൂർ തുറമുഖങ്ങളാണ് കേരള മാരിടൈം ബോർഡിന്റെ അധികാരപരിധിയിലുള്ള റീജിയണൽ പോർട്ട് ഓഫീസുകൾ. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽനിന്നും അഴീക്കലിലേയ്ക്ക് കണ്ടെയ്നർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അഴീക്കലിൽ ആധുനികമായ ഒരു തുറമുഖം നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങളും നടത്തിവരികയാണ്. അഴീക്കലിൽ ഇപ്പോൾ ഒരു സീനിയർ പോർട്ട് കൺസർവേറ്ററാണ് ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അഴീക്കൽ തുറമുഖത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ റീജിയണൽ പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മലബാർ മേഖലയുടെ ഒരു ട്രേഡിംഗ് ഹബ്ബായി അഴീക്കൽ തുറമുഖത്തെ മാറ്റാനാണുദ്ദേശിക്കുന്നത്. അഴിമുഖത്തിൽനിന്നും മാറി ഇതിനായി പുറംകടലിൽ മൂന്ന് ഘട്ടങ്ങളായുള്ള തുറമുഖവികസനമാണ് ഉദ്ദേശിക്കുന്നത്. ഏതാണ്ട് 3000 കോടി രൂപ ചെലവ് വരുന്ന ആദ്യഘട്ടത്തിന്റെ Techno Economic Feasibility Report അംഗീകരിച്ചു. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി Howe Engineering Projects India Pvt Ltd. എന്ന കമ്പനി നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് Geo technical Investigations പഠനങ്ങളും ഉൾനാടൻ ബിസിനസ്സ് വികസനത്തിനുവേണ്ടിയുള്ള നടപടികളുമായി തുറമുഖ കമ്പനി മുന്നോട്ടു പോകുകയാണ്. ഈ വർഷം അവസാനത്തോടെ Detailed Project Report തയ്യാറാക്കി ആവശ്യമായ അനുമതി ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. തുറമുഖത്തോടനുബന്ധിച്ചുള്ള വ്യവസായ വികസനത്തിനായി ഒരു Special Economic Zone (SEZ) ആരംഭിക്കുന്ന പ്രൊപ്പോസലും പരിഗണനയിലുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (8) പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്ത് മത്സ്യമേഖലയിലെ സ്ത്രീ തൊഴിലാളികൾ പ്രത്യേകിച്ച് അരൂർ മേഖലയിലെ പീലിംഗ് ഷെഡ് തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ദാരുണമായ അവസ്ഥയ്ക്ക് അടിയന്തര പരിഹാരം കാണേണ്ടതുണ്ട്. അരൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് മാത്രമായി അരലക്ഷത്തിലധികം സ്ത്രീ തൊഴിലാളികൾ ചെറുതും വലുതുമായ അറുന്നൂറോളം സ്ഥാപനങ്ങളിലായി തൊഴിലെടുക്കുന്നു. യാതൊരു ആരോഗ്യസുരക്ഷാ സംവിധാനങ്ങളോ, ന്യായമായ കൂലിയോ, തൊഴിൽ സ്ഥിരതയോ, സുരക്ഷിതത്വമോ ഇവർക്ക് ലഭിക്കുന്നില്ല. വളരെ മോശമായ പശ്ചാത്തല സൗകര്യങ്ങൾക്കിടയിൽ രാത്രിയെന്നോ, പകലെന്നോ വ്യത്യാസമില്ലാതെ ഒരു അപരിഷ്കൃത സമൂഹത്തിലെന്ന അവസ്ഥയിലാണ് കഴിഞ്ഞുകൂടുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന കരുതലും ആനുകൂല്യങ്ങളും അനുബന്ധ തൊഴിലാളികളായി പരിഗണിച്ചിരിക്കുന്ന ഇവർക്ക് ലഭിക്കുന്നില്ല. വിദേശരാജ്യങ്ങളിൽ ചെമ്മീനും കൂന്തളുമൊക്കെ ടേസ്റ്റോടെ കഴിക്കുമ്പോൾ ഈ പാവങ്ങൾ രാവന്തിയോളം പണിയെടുക്കുകയാണ്. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന മത്സ്യകയറ്റുമതിക്ക് ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പീലിംഗ് ഷെഡ് തൊഴിലാളികൾ വളരെയധികം ആരോഗ്യപ്രശ്നം നേരിടുന്നു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. ഈ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും പ്രായമേറിയവരാണ്. ഇവർക്ക് മതിയായ ചികിത്സാ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ചെമ്മീനിന്റെ വെള്ളത്തിലും തണുപ്പിലും രാവന്തിയോളം പണിയെടുക്കുന്നതുമൂലം ഇവർക്ക് ശാരീരിക പ്രശ്നങ്ങൾ വളരെ കൂടുതലാണ്. ഇവരുടെ സങ്കടങ്ങൾക്ക് പരിഹാരം കാണണം. ഞാൻ ഇലക്ഷൻ പ്രവർത്തനത്തിനുവേണ്ടി അരൂർ ഗ്രാമപ്രദേശത്ത് ഇറങ്ങിയപ്പോൾ അമ്മമാരുടെയും സഹോദരിമാരുടെയും പ്രശ്നങ്ങൾ നേരിൽ കണ്ടതാണ്. കോവിഡ്-19 മഹാമാരിക്കാലത്ത് ഗവൺമെന്റിന്റെ കരുതൽ മാത്രമാണ് ഇവരെ ഇന്നും ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ഇനിയും ആ കരുതൽ ഇവർക്കുണ്ടാകണമെന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും താഴ്മയായി അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി

(ശ്രീ. സജി ചെറിയാൻ): സർ, പീലിംഗ് ഷെഡ് തൊഴിൽ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ, പ്രവർത്തന ചുറ്റുപാട്, വേതനം എന്നീ വിഷയങ്ങൾ വ്യവസായം-തൊഴിൽ വകുപ്പുകളുടെ കീഴിൽ വരുന്നതാണ്. എന്നാൽ മത്സ്യ അനുബന്ധത്തൊഴിലാളികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന പീലിംഗ് ഷെഡ് തൊഴിലാളികൾക്ക് 1999-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ

വ്യവസ്ഥകൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി വിവിധ ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, Society for Assistance to Fisherwomen (SAF) എന്നീ ഏജൻസികൾ മുഖേന മത്സ്യ അനുബന്ധത്തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 1999-ലെ ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പീലിംഗ് വർക്കേഴ്സ്, ബീച്ച് വർക്കേഴ്സ്, ചെറുകിട മത്സ്യവിതരണക്കാർ, മത്സ്യം ഉണക്കുന്നവർ, ചെറുകിട സംസ്കരണ ശാലകളിലെ ജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളാണ് അനുബന്ധത്തൊഴിലാളികളായി അംഗീകരിച്ചത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇവർക്ക് താഴെപ്പറയുന്ന ക്ഷേമപദ്ധതികൾ നടപ്പാക്കുന്നു.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി: അപകടംമൂലം മരണമടയുന്ന അനുബന്ധ ത്തൊഴിലാളികളുടെ ആശ്രിതർക്ക് പത്തുലക്ഷം രൂപയും അപകടംമൂലം സ്ഥിരമായും പൂർണ്ണമായും അവശത അനുഭവിക്കുന്നവർക്ക് പത്തുലക്ഷം രൂപയും സ്ഥിരമായും ഭാഗികമായും അവശത അനുഭവിക്കുന്നവർക്ക് അഞ്ചുലക്ഷം രൂപയും ആശുപത്രി ചികിത്സാ ചെലവിനായി പരമാവധി 25,000 രൂപയും കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി 10,000 രൂപയും ശവസംസ്കാര ചെലവിനായി 2,500 രൂപയും നൽകിവരുന്നു. ക്ഷേമനിധിബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധ തൊഴിലാളി കളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. പ്രീമിയം തുക മുഴുവൻ സർക്കാരാണ് വഹിക്കുന്നത്.

2. വാർദ്ധക്യകാല പെൻഷൻ: അറുപത് വയസ്സ് പൂർത്തിയാകുന്ന അനുബന്ധ തൊഴിലാളികൾക്ക് നിലവിൽ 1,600 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിച്ചുവരുന്നു.

3. മരണപ്പെട്ടുപോയ അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം: മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതം അടച്ചുവരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റുപദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ധനസഹായമായി 15,000 രൂപ നൽകി വരുന്നു.

4. രോഗ ചികിത്സാ പദ്ധതി: അനുബന്ധത്തൊഴിലാളികളുടെ രോഗചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 21-5-2002 മുതൽ പ്രാബല്യത്തിൽ വരികയുണ്ടായി. താഴെപ്പറയുന്ന രോഗങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

ഹൃദ്രോഗം, വൃക്കരോഗം, കാൻസർ എന്നിവയ്ക്ക് പരമാവധി 25,000 രൂപ, തളർവാതം, മറ്റു മാനസികരോഗങ്ങൾക്ക് 10,000 രൂപ, വനിത അനുബന്ധ തൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് പരമാവധി 5,000 രൂപ എന്നിങ്ങനെ 'തണൽ' പ്രത്യേക പദ്ധതി എന്ന പേരിൽ നടപ്പാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ പരമ്പരാഗത മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി കൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായപദ്ധതിയാണ് 'തണൽ'. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതിപ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പ്രതിവർഷം 1,350 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം കോവിഡിന്റെ പശ്ചാത്തലത്തിൽ അനുബന്ധത്തൊഴിലാളികൾക്ക് 1,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതിയായി 5,000 രൂപയും എസ്.എസ്.എൽ.സി. അവാർഡും മത്സ്യഫെഡിന്റെ പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ SAF മുഖേനയും ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2,935 ചെറുകിട-വനിതാ സംരംഭങ്ങൾ ആരംഭിക്കുകയും 1,578 സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യ-അനുബന്ധ മേഖലയിൽ പ്രധാനമായും മത്സ്യവിൽപ്പന/പീലിംഗ് മേഖലയിൽ തൊഴിൽ ചെയ്യുന്ന വനിതകൾക്കും മത്സ്യത്തൊഴിലാളികൾക്കും സാമ്പത്തിക സഹായവും സുരക്ഷിതത്വവും ഉറപ്പു വരുത്തുവാൻ അവരെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. 2019-20 വർഷത്തിൽ നാല് മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി മൂന്ന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് മൂന്ന് പീലിംഗ് ഷെഡ് യൂണിറ്റുകൾക്ക് അരൂർ മേഖലയിൽ മൂന്നുലക്ഷം രൂപവീതം ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. നിലവാരമുള്ള ഷെഡ്, പീലിംഗ് നടത്തുന്നതിനുള്ള ടേബിൾ, മറ്റ് ഉപകരണങ്ങൾ, ഡ്രെയിനേജ് സംവിധാനം, വാട്ടർ കണക്ഷൻ, മലിനീകരണ നിയന്ത്രണ സംവിധാനം, ശൗചാലയം തുടങ്ങിയ എല്ലാ സൗകര്യങ്ങളോടും കൂടിയാണ് പീലിംഗ് ഷെഡുകൾ പ്രവർത്തിക്കേണ്ടത്. Apron, Mask, Gloves എന്നിവ ഉപയോഗിച്ച് സുരക്ഷിതവും ആരോഗ്യപരവുമായ അന്തരീക്ഷത്തിലൂടെ വനിതകൾ ജോലി ചെയ്യേണ്ടതായിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി ചെമ്മീൻ നേരിട്ടെടുത്ത് പീലിംഗ് ചെയ്യുന്നതിനായി ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം കൂടുതൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ മത്സ്യവിൽപ്പന/പീലിംഗ് തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 125 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നിലവിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ അരൂർ മണ്ഡലത്തിൽ മാത്രം 18 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അഞ്ച് മത്സ്യത്തൊഴിലാളി വനിതകളുൾപ്പെട്ട ജോയിന്റ്

ലയബിലിറ്റി ഗ്രൂപ്പിന് 50,000 രൂപവരെ ധനസഹായം അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ ഒൻപതുലക്ഷം രൂപ പലിശരഹിത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ടായി അരൂർ ഭാഗത്തെ 18 ഗ്രൂപ്പുകൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. മത്സ്യഫെഡ് വഴിയും ധാരാളം കാര്യങ്ങൾ നടത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പീലിംഗ് മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ അവസ്ഥ ഇതെല്ലാമാണെങ്കിലും ആശാവഹമല്ല. തൊഴിലിടങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവും കുറഞ്ഞ വേതനവും ഇടനിലക്കാരുടെ ചൂഷണവും ഇന്നും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വകുപ്പിനെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു മാസത്തിനകം റിപ്പോർട്ട് കിട്ടും. ഉന്നത നിലവാരത്തിൽ പീലിംഗ് ഷെഡുകളെ ഉയർത്തി ചൂഷണം അവസാനിപ്പിച്ച് ഈ മേഖലയെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ ഉറപ്പ് നൽകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(9) <u>ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കൽ</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, തൊടുപുഴ ജില്ലാ ആശുപത്രിയിൽ 29 പേർക്കാണ് ഇപ്പോൾ ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഇരട്ടിയാക്കാനുള്ള നിർദ്ദേശമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. പതിമൂന്ന് ഡയാലിസിസ് മെഷീനുകളാണ് അവിടെയുള്ളത്. ഒരേ സമയം പതിനൊന്ന് മെഷീനുകളാണ് ഉപയോഗിക്കുന്നത്. ഒരു മെഷീൻ കോവിഡ് ബാധിതർക്കായി മാറ്റിവച്ചിരിക്കുകയാണ്. ഡയാലിസിസ് കേന്ദ്രത്തിന്റെ അനുബന്ധ ഉപകരണമായ പുതിയ Reverse Osmosis Water Treatment Plant സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്. ഡയാലിസിസ് നടത്തുന്നതിനായി അമ്പതിലധികം പേർ വെയിറ്റിംഗ് ലിസ്റ്റിലുണ്ട്. വർഷങ്ങളുടെ കാത്തിരിപ്പാണ് മിക്കവർക്കും വേണ്ടിവരുന്നത്. ഒരു നെഫ്രോളജിസ്റ്റിന്റെയും ഒരു ഡയാലിസിസ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ചാൽ ഇരട്ടിയിലധികം പേർക്ക് ഡയാലിസിസ് നടത്താനാകും. സാധാരണക്കാരായ നിരവധിപേർക്ക് ആശ്വാസമാകും. ഒരു നെഫ്രോളജിസ്റ്റിന്റെയും ഒരു ഡയാലിസിസ് ടെക്നീഷ്യന്റെയും തസ്തിക അടിയന്തരമായി സൃഷ്ടിക്കണമെന്നാണ് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി <u>(ശ്രീമതി വീണാ ജോർജ്ജ്):</u> സർ, ഇടുക്കി ജില്ലയുടെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. തൊടുപുഴ താലൂക്കാശുപത്രി 2015-ലാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ഈ

ആശുപത്രിയിൽ 144 അംഗീകൃത ബെഡ്ഡുകളാണ് അനുവദിച്ചിട്ടുള്ളത്. കോവിഡിന് മുമ്പ് പ്രതിദിനം ശരാശരി 1200-ഓളം ഒ.പി.യും, ഈ കോവിഡ് കാലയളവിൽ പ്രതിദിനം അറുന്നൂറോളം ഒ.പി.യുമുണ്ട്. കൂടാതെ, ഐ.പി. വിഭാഗത്തിൽ പ്രതിദിനം ശരാശരി നൂറ് രോഗികളെ ചികിത്സിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ 137 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 50 എണ്ണം ഡോക്ടർമാരുടേതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം ഡയാലിസിസുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം പറഞ്ഞ യൂണിറ്റുകളുടെ എണ്ണം കറക്ടാണ്. അതിൽ 275 ഡയാലിസിസ് ആണ് ശരാശരി ഒരു വർഷം ഇപ്പോൾ നല്കുന്നത്. ഇപ്പോൾ അവിടെയൊരു ആർ.ഒ. പ്ലാന്റിന്റെ ഇൻസ്റ്റലേഷനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുകൂടി വന്നാൽ നമുക്ക് അടുത്തൊരു ബാച്ച് കൂടി അനുവദിക്കാൻ സാധിക്കും. അമ്പതുപേർ വെയിറ്റിംഗ് ആണെന്നാണ് പറഞ്ഞത്. അപ്പോൾ അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഡയാലിസിസിന്റെ സൗകര്യം ലഭ്യമാക്കുന്നതിന് കഴിയും. അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട് നിലവിൽ എൻ.എച്ച്.എം-ന്റെ സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, എച്ച്.എം.സി. സ്റ്റാഫ് നഴ്സ് എന്നിങ്ങനെ അഞ്ച് ജീവനക്കാർ താല്ക്കാലികമായി പ്രവർത്തിച്ചുവരുന്നുണ്ട്. നെഫ്രോളജി കൺസൾട്ടന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (10) <u>തസ്തിക സൃഷ്ടിക്കൽ</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, എന്നും അവഗണന ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവരാണ് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ. കാസർഗോഡ് ജില്ലയെ അവഗണിക്കുന്ന കാര്യത്തിൽ ഇവിടെ പലരും മത്സരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ആ മത്സരത്തിൽനിന്നും മാറിനിൽക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അങ്ങ് അവഗണിക്കപ്പെടുന്നവരുടെ വേദന മനസ്സിലാക്കാൻ പറ്റുന്ന ഒരു മന്ത്രിയാണ്. ജനപ്രതിനിധിയാകുന്നതിനുമുമ്പ് പാവപ്പെട്ടവർക്കുവേണ്ടി അങ്ങ് ഉലിക ചലിപ്പിച്ചിട്ടുണ്ട്. അങ്ങയുടെ ശബ്ദം അതിനായി വിനിയോഗിച്ചിട്ടുണ്ട്. ഞാൻ ഇവിടെ പറയാൻ പോകുന്നത് കാസർഗോഡ് ജില്ലയിൽ അമ്പതോളം ലാബ് ടെക്നീഷ്യന്മാർ ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽ ഇടംനേടി നിയമനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. അതിൽ പ്രായപരിധി കഴിഞ്ഞയാളുകളുണ്ട്. പരീക്ഷയെഴുതാൻ ഇനിയൊരു അവസരം കിട്ടാത്ത ആളുകളുമുണ്ട്. പി.എസ്.സി. റാങ്ക് പട്ടികയിലുള്ളവരുടെ നീണ്ടനിര തന്നെയുണ്ടെങ്കിലും ജില്ലയിൽ ആവശ്യത്തിനനുസരിച്ച് തസ്തികകൾ ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ പി.എസ്.സി.യുടെ നാല് തസ്തികകളുണ്ട്. അതിൽ രണ്ട് എണ്ണത്തിൽ മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. പക്ഷേ, 24 മണിക്കൂറും പ്രവർത്തിക്കുന്ന

ആശുപത്രിയെന്ന നിലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് അവിടെ ഉള്ളതുകൊണ്ടും 12 തസ്തികകൾ അവിടെ ആവശ്യമാണ്. കാഞ്ഞങ്ങാടുള്ള ജില്ലാ ആശുപത്രിയുടെയും സ്ഥിതി ഇതുതന്നെയാണ്. അവിടെയും പന്ത്രണ്ട് തസ്തികകൾ ആവശ്യമുണ്ട്. പക്ഷെ, അവിടെ ആറ് തസ്തികകൾ മാത്രമാണ് ഇപ്പോഴുള്ളത്. അതുപോലെ കാസർഗോഡ് ജില്ലയിലെ താലൂക്കാശുപത്രികളായ മംഗൽപ്പാടി, ബേഡകം, കുടങ്കല്ല് എന്നിവിടങ്ങളിൽ പി.എസ്.സി. തസ്തികകൾ രണ്ട് വീതം മാത്രമാണ്. പക്ഷേ, അഞ്ച് വീതം തസ്തികകളാണ് ആവശ്യമുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആവശ്യമുള്ള തസ്തികകൾ പന്ത്രണ്ട് എണ്ണം വീതമാണ്. സർക്കാർ കുറേ നൂതന ഉപകരണങ്ങൾ ഉൾപ്പെടെ ആധുനിക സജ്ജീകരണങ്ങൾ ജില്ലയിലെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. പക്ഷെ, ആവശ്യത്തിന് ലാബ് ടെക്നീഷ്യന്മാർ ഇല്ലാത്തതുകൊണ്ട് ആ സജ്ജീകരണങ്ങൾ ശരിക്കും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സർക്കാർ ആശുപത്രികളിൽ പുതിയ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ സൃഷ്ടിച്ച് പാവപ്പെട്ട രോഗികൾക്ക് ചെലവേറിയ ടെസ്റ്റുകൾ കുറഞ്ഞ ചെലവിൽ കാലതാമസമില്ലാതെ ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കണമെന്നാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധ നല്കിയാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത്. മുൻസർക്കാരിന്റെ ഭരണകാലയളവിൽ സംസ്ഥാനത്താകെയുള്ള വിവിധ ആശുപത്രികളിലായി 3377 അധിക തസ്തികകൾ സൃഷ്ടിച്ചതിൽ 667 എണ്ണം ലാബ് ടെക്നീഷ്യൻസിന്റെ തസ്തികകളായിരുന്നു. അതിൽ 34 എണ്ണം കാസർഗോഡ് ജില്ലയിലാണ്. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവയിൽ ലാബ് ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ലാബ് സംവിധാനം നിലവിൽ ലഭ്യമല്ലാത്ത ആശുപത്രികളിൽ അത് ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ആശുപത്രികളിൽ ലബോറട്ടറി ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് മൊത്തത്തിലുള്ള കാര്യങ്ങൾ പ്രത്യേക യോഗം വിളിച്ച്, ഒഴിവുകൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നിലവിൽ ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1, ഗ്രേഡ്-2 വിഭാഗങ്ങളിലായി ആകെ 60 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിൽ മൂന്ന് ഒഴിവുകളും ഗ്രേഡ്-1 തസ്തികയിൽ ഏഴ് ഒഴിവുകളുമാണ് നിലവിലുള്ളത്. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർ

മുഖാന്തരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേനയാണ് നികത്തേണ്ടത്. അതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ, എൻ.എച്ച്.എം. (National Health Mission) മുഖേന 23 പേരും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന എട്ട് പേരും എച്ച്.എം.സി. (Hospital Management Committee) മുഖേന രണ്ടുപേരും കോവിഡ് ബ്രിഗേഡ് മുഖേന 11 പേരും ജോലി ചെയ്തുവരുന്നു. 'ആർദ്രം' പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും പുതിയ ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## VI ക്രമപ്രശ്നം

(1)കിഫ്ബി ധനവിനിയോഗം സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഭ ഒട്ടനവധി തവണ ചർച്ച ചെയ്ത വളരെ പ്രധാനപ്പെട്ട വിഷയവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ കിഫ്ബി അവതരിപ്പിക്കുന്ന ഘട്ടത്തിൽ പ്രതിപക്ഷത്തിന്റെ അടിസ്ഥാനപരമായ ചില വിയോജിപ്പുകൾ സൂചിപ്പിച്ചിരുന്നു. അതിലേറ്റവും പ്രധാനപ്പെട്ട കാര്യം ആയിരക്കണക്കിന് കോടി രൂപ ബഡ്ജറ്റിന് പുറത്ത് ചെലവഴിക്കപ്പെടുമ്പോൾ അതുസംബന്ധിച്ച യാതൊരു സ്ക്രൂട്ടിനിയും ഈ സഭയിലോ സഭയുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിലോ വരുന്നില്ല എന്നതാണ്. അംഗങ്ങൾ ആരുംതന്നെ ഇത് അറിയാത്തൊരു സാഹചര്യമാണ്. അതാണ് ഏറ്റവും വലിയ വിമർശനമുണ്ടായത്. അത് സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ഇതിനകം 63000 കോടി രൂപയുടെ ഭരണാനുമതി കൊടുത്തുവെന്നാണ് പറയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് 13000 കോടി രൂപയുടെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചു എന്നാണ്. ഇത്രയും വലിയൊരു തുക ചെലവഴിക്കുമ്പോഴും ഈ സഭയിലെ ഒരു അംഗത്തിനും അതുമായി ബന്ധപ്പെട്ട ഒരു കാര്യവും അറിയില്ല. കിഫ്ബി അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് "ഇതിനാവശ്യമായ പണം പുറത്തുനിന്നും കണ്ടെത്തും; വായ്പയിലൂടെ കണ്ടെത്തും; മസാല ബോണ്ടിലൂടെ കണ്ടെത്തും; പല രീതിയിലും കണ്ടെത്തും" എന്നാണ്. പക്ഷെ, ഇന്ന് കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനിടയിൽ ഏതാണ്ട് 8500 കോടി രൂപയാണ് മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോൾ സെസ്സിൽ നിന്നും കിഫ്ബിയിലേക്ക് കൊടുത്തത്. ഏതാണ്ട് 2500 കോടി രൂപ കോർപ്പസ് ഫണ്ടിൽനിന്നും ഗ്രാന്റായി കൊടുത്തിട്ടുണ്ട്. 11000 കോടിരൂപ കൊടുത്തത് ഗവൺമെന്റിന്റെ എക്സ്ചെക്കറിൽ നിന്നുമാണ്. വളരെ തുച്ഛമായ തുകയാണ് മറ്റ് രീതികളിൽ കളക്ട് ചെയ്തിട്ടുള്ളത്. ഇത്രയും വലിയൊരു തുക

നിയമസഭ പാസ്സാക്കിക്കൊടുക്കുകയാണ്. ഇപ്രാവശ്യത്തെ ഡിമാന്റ് ഡിസ്കഷനിൽ മോട്ടോർ വാഹന നികുതിയിൽനിന്നും കിഫ്ബിക്കുള്ള വിഹിതമായി 5475-115-98 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 1000 കോടി രൂപയും പെട്രോൾ-ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതമായി 5475-115-97 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 500 കോടി രൂപയുമാണ് നൽകിയത്. അതായത് ഈ സഭ ഡിമാന്റ് ഡിസ്കഷനിൽ 1500 കോടിരൂപയാണ് കൊടുത്തത്. നിയമസഭ പാസ്സാക്കിക്കൊടുക്കുന്ന പണം പോലും എങ്ങനെ ചെലവഴിക്കുന്നുവെന്നുള്ളതിന്റെ ഒരു സ്ക്രൂട്ടിനി ഇല്ല. ലോകത്ത് ഒരു സ്ഥലത്തും ഈ രീതിയിൽ കാര്യങ്ങളുണ്ടാകില്ല.

മി. സ്പീക്കർ: അങ്ങ് വിശദമായി എഴുതി തന്നിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇതുമായി ബന്ധപ്പെട്ട് അന്നത്തെ പ്രതിപക്ഷം ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. 2019 ജൂലൈ നാലിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നല്കി. വളരെ പോസിറ്റീവായിട്ടാണ് ബഹുമാന്യനായ സ്പീക്കർ പറഞ്ഞത്. പക്ഷെ, അതിനുശേഷവും ഇത് തുടർന്നുപോകുന്ന സാഹചര്യമാണ്. സി.&എ.ജി. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചുകഴിഞ്ഞാൽ പി.എ.സി.-യിലേക്കാണ് പോകുന്നത്. എന്നാൽ സി.&എ.ജി. റിപ്പോർട്ട് പി.എ.സി. പരിഗണിക്കേണ്ടതില്ലെന്നാണ് ഈ സഭ തീരുമാനിച്ചത്. യഥാർത്ഥത്തിൽ സി.&എ.ജി. റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ള കിഫ്ബിയുമായും ഓഡിറ്റുമായും ബന്ധപ്പെട്ട കാര്യങ്ങളാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സി.&എ.ജി. കണ്ടെത്തി അത് സഭയിൽ സമർപ്പിച്ചു. സഭയിൽനിന്ന് പി.എ.സി.-യിലേക്ക് പോയിക്കഴിഞ്ഞാൽ സ്വാഭാവികമായും അംഗങ്ങൾക്ക് പരിശോധിക്കാം. പക്ഷെ, നിയമസഭ കൂടി പി.എ.സി.യിലേയ്ക്ക് കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

മി. സ്പീക്കർ: യെസ്... പ്രസംഗം ചുരുക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ ബഡ്ജറ്റ് സൂക്ഷ്മ പരിശോധനാവേളയിൽ 5475- 'പൊതുസാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധനച്ചെലവ് ' എന്ന മേജർ ഹെഡ്ഡിലാണ് ഇത് വരേണ്ടത്. അതിലും വന്നില്ല. ഞാൻ പറഞ്ഞുവരുന്നത്, ഈ രീതിയിലുള്ള ഒരു അവസരവും ഈ സഭയിലെ അംഗങ്ങൾക്ക് കിഫ്ബിയുടെ വാർഷിക കണക്കുകളോ, ഓഡിറ്റ് റിപ്പോർട്ടോ പരിശോധിക്കുന്നതിന് ഈ സഭയിലെ ഒരംഗത്തിനും ഒരു അവകാശവും ഇല്ലായെന്നുള്ളത് വളരെ ഗൗരവമായ കാര്യമാണ്. ബഡ്ജറ്റിന് പുറത്ത് ആയിരക്കണക്കിന് കോടിരൂപ ചെലവഴിക്കുന്ന കാര്യത്തിൽ ഒരു ശക്തമായ തീരുമാനം ബഹുമാന്യനായ മുൻ സ്പീക്കർ എടുത്തിരുന്നു. ആ റൂളിംഗ് നടപ്പാക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

12.00 pm]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചത്. 2021 ജനുവരി 22-ന് നിയമസഭ പാസ്സാക്കിയ പ്രമേയം പ്രകാരം സി.&എ.ജി.-യുടെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബിയെ സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളുമാണ് അന്ന് സഭ നിരാകരിച്ചത്. കിഫ്ബിയുടേത് ഓഫ് ബഡ്ജറ്റ് വായ്പകളാണെന്നും ഇത് സർക്കാരിന്റെ കണ്ടിജെന്റ് ലയബിലിറ്റി അല്ലെന്നുമുള്ള സി.&എ.ജി.യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയുള്ളതുമാണ് എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത നിരാകരണ പ്രമേയം സഭ പാസ്സാക്കിയത്. എന്നാൽ കിഫ്ബിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനോ, ഗവൺമെന്റിൽനിന്ന് കിഫ്ബിക്ക് ലഭിക്കുന്ന ഫണ്ടുകൾ പരിശോധിക്കുന്നതിനോ ഇത് തടസ്സമാകുന്നില്ല; എന്നതാണ് അന്നത്തെ പ്രമേയം. രണ്ട്, ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ കൂടുതൽ ആവശ്യമായി വരുന്ന സാഹചര്യങ്ങളിലാണ് സാധാരണഗതിയിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ പോകാറുള്ളതെന്നാണ് മനസ്സിലാക്കുന്നത്. കിഫ്ബിയെ സംബന്ധിച്ച ആക്ട് പ്രകാരം അർഹമായ തുക മാത്രമേ കൈമാറിയിട്ടുള്ളൂ. സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബിക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ കൂടുതൽ ആവശ്യപ്പെടാതിരുന്നതുകൊണ്ട് ഈ വിഷയം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കെടുത്തിട്ടില്ല. ഈ പറഞ്ഞ തുക നേരത്തെതന്നെ അംഗീകരിച്ചു കൊടുക്കുന്ന പണമാണ്. മൂന്ന്, 2019-20 വരെയുള്ള ധനകാര്യ വർഷത്തിലെ കിഫ്ബിയുടെ വാർഷിക കണക്കുകൾ, വാർഷിക റിപ്പോർട്ടുകൾ, ഫിഡിലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ 2018-19 വരെയുള്ള വാർഷിക കണക്കുകൾ, വാർഷിക റിപ്പോർട്ടുകൾ എന്നിവ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് സമർപ്പിക്കുന്നതിനായി നിയമസഭാ സെക്രട്ടറിക്ക് 6-10-2020-ലെ കത്തുമുഖേന കൈമാറിയിരുന്നു. 2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിൽ കിഫ്ബിയുടെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച ചർച്ച നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതാണ്.

(2) ഓർഡിനൻസ് തുടർച്ചയായി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. അനൂപ് ജേക്കബ്: സർ, ഗവൺമെന്റ് ഓർഡിനൻസുകൾ തുടർച്ചയായി ഇറക്കുന്നത് സംബന്ധിച്ച ക്രമപ്രശ്നമാണ് ഇവിടെ ഉന്നയിക്കുന്നത്. അങ്ങയുടെ ശ്രദ്ധയിലും സഭയുടെ പൊതുവായ അറിവിലുമുള്ള കാര്യമാണിത്. Primary law making

authority is the Legislature, not the Executive. ഇത് പല സന്ദർഭങ്ങളിലും ഭരണഘടനയുടെ അടിസ്ഥാനതത്വമാണ്. സുപ്രീംകോടതി അനവധി സന്ദർഭങ്ങളിൽ ഇത് മുന്നോട്ടുവച്ചിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് തുടർച്ചയായി ഓർഡിനൻസുകളിറക്കുന്നുവെന്നതാണ് എനിക്ക് ചൂണ്ടിക്കാട്ടാനുള്ളത്. ഈ ഗവൺമെന്റ് എന്നു പറയുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളന കാലയളവിൽ 44 ഓർഡിനൻസുകളാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 2017-ലെ കണക്ക് പരിശോധിച്ചാൽ 41 ഓർഡിനൻസുകളാണ് മുൻ ഗവൺമെന്റ് പുറപ്പെടുവിച്ചത്. 2018-ൽ 59, 2019-ൽ 43, ഇപ്പോൾ 44 -ഉം ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. 44 ഓർഡിനൻസുകൾ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ഓർഡിനൻസ്-2021 ആണ് ഞാൻ പറയുന്നത്. 2019 മുതൽ ഇതേ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. അതിനുശേഷം ഏഴ് സമ്മേളനങ്ങൾ കഴിഞ്ഞു. എന്നിട്ടും ഇത് തുടരെ പുറപ്പെടുവിക്കുന്നുവെന്നുള്ളതാണ്. ഇത് സഭയിൽ അവതരിപ്പിക്കാനോ, ചർച്ച ചെയ്യാനോ തയ്യാറാകുന്നില്ല. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 265-ന് വിരുദ്ധമാണ്. ഏതെങ്കിലും തരത്തിലുള്ള നികുതി ചുമത്തുകയോ പിരിക്കുകയോ ചെയ്യുകയാണെങ്കിൽ അത് നിയമത്തിന്റെ പിൻബലത്തിലൂടെ മാത്രമേ പാടുള്ളൂവെന്ന് അനുശാസിക്കുന്നുണ്ട്. അതിൽനിന്നും വിരുദ്ധമായിട്ടാണ് ഈ ഓർഡിനൻസ് ഇവിടെ വീണ്ടും പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതോടൊപ്പം വഖഫ് ബോർഡുമായി ബന്ധപ്പെട്ട് മറ്റൊരു ഓർഡിനൻസും പുറപ്പെടുവിച്ചിട്ടുണ്ട്. 2019-ലെ ഓർഡിനൻസിന്റെ കാര്യം പറയുമ്പോൾ ഒരുപക്ഷേ കോവിഡായതുകൊണ്ട് സഭാസമ്മേളനം കൂടാൻ കഴിഞ്ഞില്ലെന്ന് പറയാം. വഖഫ് ബോർഡുമായി ബന്ധപ്പെട്ട് 2017-ലാണ് The Kerala Public Service Commission (Additional Functions as respects the Services under the Waqf Board) Ordinance പുറപ്പെടുവിച്ചത്. ഇപ്പോൾ 2021 ആയി. ഓർഡിനൻസ് കൊണ്ടുവരാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. പക്ഷേ ഓർഡിനൻസ് റീ-പ്ലെയ്സ് ചെയ്യുകയെന്നത് ഗവൺമെന്റിന്റെ ആത്മാർത്ഥതയേയും സഭയോടുള്ള ഉത്തരവാദിത്വത്തേയും കാണിക്കുന്നതാണ്. അത് കഴിഞ്ഞ ഗവൺമെന്റിനും ഈ ഗവൺമെന്റിനുമില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാട്ടാനുള്ളത്. അനവധി റൂളിംഗുകൾ ഇതിനുമുമ്പുമുണ്ടായിട്ടുണ്ട്. പക്ഷേ ഓർഡിനൻസുകളുടെ കാര്യത്തിൽ യാതൊരു കുറവുമുണ്ടാകുന്നില്ല. ഗവൺമെന്റിന്റെ തുടക്കം ഇതാണെങ്കിൽ ഇനി വരാൻ പോകുന്ന വർഷങ്ങളിൽ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ നിയമസഭയുടെ അധികാരത്തെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട്, നിയമസഭയെ ഗവൺമെന്റ് ബൈപ്പാസ് ചെയ്തുകൊണ്ട് ഇത്തരത്തിൽ ഓർഡിനൻസുകൾ ഇറക്കുന്ന സമീപനത്തിന് ശക്തമായ കടിഞ്ഞാണിടണമെന്നും ഇതുസംബന്ധിച്ച് റൂളിംഗുണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം മൂന്ന് ക്രമപ്രശ്നങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. അതിൽ തുടർച്ചയായി ഓർഡിനൻസുകളിറക്കുന്നുവെന്ന കാര്യത്തിൽ ഒരു പ്രത്യേക ഓർഡിനൻസിന്റെ കാര്യം അദ്ദേഹം പരാമർശിച്ചിരുന്നു. ആ ഓർഡിനൻസ് ഏഴ് തവണ പുനർവിളംബരം ചെയ്ത് ഇറക്കിയതിനുശേഷം ഏഴ് നിയമസഭാ സമ്മേളനങ്ങൾ ചേരുകയുണ്ടായെന്ന് അദ്ദേഹം പറഞ്ഞു. അതിൽ മൂന്നെണ്ണം ഒരു ദിവസത്തേയ്ക്കുമാത്രമായി ചേർന്ന സമ്മേളനങ്ങളാണ്. രണ്ട് സമ്മേളനങ്ങൾ നിയമനിർമ്മാണത്തിനു വേണ്ടിയായിരുന്നില്ല. ഒരു സമ്മേളനം 2020-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കുന്നതിനു വേണ്ടിയായിരുന്നു. അതുകൂടാതെ നാല് നിയമസഭാ സമ്മേളനങ്ങൾ ചേർന്നിരുന്നു. കോവിഡുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ നിയമസഭാ സമ്മേളനങ്ങൾ അവസാനിപ്പിക്കുന്നതിന് മുൻകൂട്ടി നിശ്ചയിച്ച തീയതിക്ക് മുമ്പുതന്നെ സമ്മേളനങ്ങൾ അവസാനിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കാനുള്ള സമയക്കുറവുമൂലം അവതരിപ്പിക്കാനും പാസ്സാക്കാനും കഴിഞ്ഞിട്ടില്ല. സഭ മുമ്പാകെ പ്രസിദ്ധീകരിക്കുന്ന ബില്ലുകളും ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളും അവതരിപ്പിക്കേണ്ടതിന്റെ സമയക്രമം നിശ്ചയിക്കുന്നത് സഭയുടെ കാര്യോപദേശക സമിതിയാണ്. കാര്യോപദേശക സമിതി സമയക്രമം അനുവദിക്കുന്ന ഏതുസമയത്തും ഓർഡിനൻസിന് പകരമുള്ള ബിൽ ഭരണ വകുപ്പ് സഭയിൽ അവതരിപ്പിച്ച് നിയമനിർമ്മാണ പ്രക്രിയ പൂർത്തിയാക്കാവുന്നതാണ്.

രണ്ടാമത് ഉന്നയിച്ച ക്രമപ്രശ്നം അതീവ ഗൗരവമാണെന്ന് തോന്നിപ്പിക്കുന്നതാണ്. ആർട്ടിക്കിൾ 265 പ്രകാരം ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നികുതി പിരിക്കാൻ പാടുള്ളൂവെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ അതില്ലാതെ ഒരു സബോർഡിനേറ്റ് ലെജിസ്ലേഷന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കുന്നു എന്നുള്ളതാണ്. അത് പൂർണ്ണമായും തെറ്റാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 213 അനുസരിച്ചാണ് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം ബഹുമാന്യനായ ഗവർണ്ണർക്ക് നൽകുന്നത്. ആർട്ടിക്കിൾ 213(2) വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട് . " An Ordinance promulgated under this article shall have the same force and effect as an Act of the Legislature of the State assented to by the Governor,......." . ഇത് വളരെ കൃത്യമാണ്. അപ്പോൾ അത് സബോർഡിനേറ്റ് ലെജിസ്ലേഷനല്ല. സബോർഡിനേറ്റ് ലെജിസ്ലേഷൻ എന്നത്, is a legislative instrument made by an authority under the Legislature by a delegated legislation എന്നാണ്. റൂൾ, റെഗുലേഷൻ, ഓർഡർ, നോട്ടിഫിക്കേഷൻ, ബൈലാ എന്നീ അഞ്ച് കാര്യങ്ങളാണ് സാധാരണ അതിൽ വരുന്നത്. ഒരു നിയമത്തിന്റെ പൂർണ്ണ അധികാരമുള്ളതാണ് ഓർഡിനൻസ്. അതുകൊണ്ട് ആർട്ടിക്കിൾ 265-നോട് ചേർന്നുനിൽക്കുന്നതാണ് ഈ നികുതി പിരിവ്. വഖഫ് ബോർഡുമായി ബന്ധപ്പെട്ട

ഓർഡിനൻസാണ് മൂന്നാമത്തെ ക്രമപ്രശ്നം. ആ ഓർഡിനൻസുകൾ പുനർ വിളംബരം ചെയ്തുകഴിഞ്ഞപ്പോൾ അവസാനം നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 5-7-2019-ൽ ഓർഡിനൻസ് പുനർവിളംബരം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. അതിനുശേഷം 27-6-2020-ലാണ് പുതിയൊരു ഓർഡിനൻസ് പുറത്തിറക്കുന്നത്. അപ്പോൾ നേരത്തെയുള്ള ഓർഡിനൻസിനെ അടിസ്ഥാനപ്പെടുത്തി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് മുൻകാല നടപടിക്ക് സാധൂകരണം നൽകുന്ന ഒരു വകുപ്പുകൂടി പുതിയ ഓർഡിനൻസിൽ ആവശ്യമില്ല. അതുകൊണ്ടാണ് ആ രൂപത്തിൽ ഓർഡിനൻസ് ഇറക്കിയിട്ടുള്ളത്. ഓർഡിനൻസുകൾ എന്ന രൂപത്തിൽ തുടർച്ചയായി പോകണമെന്ന നിലപാട് ഒരിക്കലും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സമയം അനുവദിക്കുന്ന ക്രമത്തിൽ എല്ലാ ഓർഡിനൻസുകളും ബില്ലുകളാക്കാനുള്ള നടപടി അതാത് ഭരണ വകുപ്പുകൾ സ്വീകരിക്കുന്നതായിരിക്കും.

(3) ഔദ്യോഗിക സ്ഥാനപ്പേരിൽ വന്ന വ്യത്യാസം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ ചട്ടം 5-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ബിസിനസ്സ് നിർണ്ണയിച്ച് 20-5-2021-ലെ അസാധാരണ ഗസറ്റ് നമ്പർ 1601 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് ഇലക്ട്രിസിറ്റി, അനെർട്ട് എന്നിവയാണ് ബിസിനസ്സ് നിശ്ചയിച്ചിട്ടുള്ളത്. ഇതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (Minister for electricity) എന്ന പോർട്ട്ഫോളിയോ ആണ് ഇപ്പോൾ അദ്ദേഹം ഉപയോഗിച്ചുവരുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233 അനുസരിച്ച് 2021 ജൂൺ 7-ാം തീയതി പ്രാബല്യത്തിൽ വകുപ്പുമന്ത്രിയെ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായി നാമനിർദ്ദേശം ചെയ്തിരുന്നു. ഊർജ്ജ വകുപ്പുമന്ത്രിയെന്ന് ഡെസിഗ്നേറ്റ് ചെയ്താണ് ബഹുമാനപ്പെട്ട മന്ത്രിയെ നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ വൈദ്യുതി വകുപ്പുമന്ത്രി എന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിന്റെ സഭാരേഖകളിലെ ചില ബിസിനസ്സിൽ വൈദ്യുതി വകുപ്പുമന്ത്രിയെന്ന് രേഖപ്പെടുത്തിക്കാണുമ്പോൾ മറ്റ് ചില ബിസിനസ്സിൽ ഊർജ്ജ വകുപ്പുമന്ത്രി എന്ന് വ്യത്യസ്തമായ രീതിയിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഉദാഹരണത്തിന്, ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞതും കടലാസ്സുകൾ മേശപ്പുറത്ത് വച്ചതും സഭാരേഖകൾ പ്രകാരം വൈദ്യുതി വകുപ്പുമന്ത്രി എന്നായിരുന്നു. എന്നാൽ സബ്മിഷന് മറുപടി പറഞ്ഞപ്പോൾ അത് ഊർജ്ജ വകുപ്പുമന്ത്രി എന്നായി. നിലവിലെ സമ്മേളനത്തിൽ വൈദ്യുതി വകുപ്പുമന്ത്രി എന്നുതന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സഭാ രേഖകളിലും ഔദ്യോഗിക രേഖകളിലും ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയിൽ

തെറ്റായി ഉപയോഗിച്ചുവരുന്നത് ആശാസ്യമല്ല. റൂൾസ് ഓഫ് ബിസിനസ്സിന്റെ അടിസ്ഥാനത്തിൽ ബിസിനസ്സ് നിർണ്ണയിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിന്ന് വ്യത്യസ്തമായി ഇത്തരത്തിൽ പോർട്ട്ഫോളിയോ ഉപയോഗിക്കുന്നതിനെതിരെയും സഭാ രേഖകളിലുൾപ്പെടെയുണ്ടായിട്ടുള്ള പിശകുകൾ തിരുത്തുന്നതിനും സബ്ജക്ട് കമ്മിറ്റിയുടെ നാമനിർദ്ദേശത്തിൽ ഊർജ്ജ വകുപ്പുമന്ത്രി എന്നത് വൈദ്യുതി വകുപ്പുമന്ത്രി എന്ന് തിരുത്തി പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ റൂളിംഗ് നൽകണമെന്നും ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി.സ്പീക്കർ: ഓർഡർ.....ഓർഡർ.... സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ബഡ്ജറ്റിന്മേലുള്ള സൂക്ഷ്മപരിശോധനാ പരിധിയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ ഉൾപ്പെടുന്നില്ലെന്നും കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത് പരിശോധിക്കാൻ അവസരം ലഭിക്കുന്നില്ലെന്നും കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാ സമിതികൾക്ക് പരിശോധിക്കാൻ ക്രമീകരണം ഏർപ്പെടുത്തണമെന്ന് 2019 ജൂലൈ 4-ാം തീയതി ചെയറിൽ നിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നും നാളിതുവരെ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലെന്നുമാണ് ശ്രീ. എ. പി. അനിൽ കുമാർ ക്രമപ്രശ്നമായി ഇവിടെ ഉന്നയിച്ചത്.

കിഫ്ബിയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചും കിഫ്ബിയുടെ ഓഡിറ്റ് സംവിധാനങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തു എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമല്ല. അന്നേ ദിവസം സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി.&എ. ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണ് യഥാർത്ഥത്തിൽ അന്നുണ്ടായത്. അത് മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരു പ്രത്യേക സന്ദർഭം ഒഴിവാക്കിയാൽ പൊതുവിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സി.&എ.ജി.യുടെ എല്ലാ ഓഡിറ്റ് പരാമർശങ്ങളും പരിശോധിക്കാനും തുടർനടപടി സ്വീകരിക്കാനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്കുള്ള അധികാരങ്ങളെ യാതൊരു വിധത്തിലും ദുർബ്ബലപ്പെടുത്തിയിട്ടില്ല എന്നതാണ് വസ്തുത.

അതുപോലെ കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന "പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനുകീഴിൽ വരുന്ന " 5475 - മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്" എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും പ്രസ്തുത മേജർ ഹെഡ്ഡിന്റെ പരിധിയിൽ വരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽനിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് എല്ലാ അധികാരവും നിലനിൽക്കുന്നുണ്ട്. ഭാവിയിൽ അത്തരം സാധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് ചെയർ കരുതുന്നു. ഇക്കാര്യത്തിൽ വീണ്ടും ക്രമപ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ അടുത്ത വർഷം മുതൽ മേല്പറഞ്ഞ മേജർ ഹെഡ്ഡിന്റെ കീഴിൽ വരുന്ന വിശദാംശങ്ങൾകൂടി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

നിയമനിർമ്മാണത്തിൽ ബില്ലുകൾ സഭയിൽ അവതരിപ്പിച്ച് പൊതുചർച്ച പൂർത്തീകരിച്ചതിനുശേഷം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ ഒരു സെലക്ട് കമ്മിറ്റിയുടെയോ വിശദമായ പരിശോധനയ്ക്ക് അയയ്ക്കുകയും തുടർന്ന് പ്രസ്തുത സമിതി പരിശോധന പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കുന്ന ബിൽ വിശദമായി ചർച്ച ചെയ്ത്, വകുപ്പ് തിരിച്ച് പരിഗണിച്ചുമാണ് നിയമസഭ നിയമങ്ങൾക്ക് രൂപം നൽകുന്നത്. എന്നാൽ ഈ രീതിയിൽനിന്നും വിഭിന്നമായി ഓർഡിനൻസിലൂടെ നിയമങ്ങൾ നിർമ്മിക്കുകയും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അവ വീണ്ടും re-promulgate ചെയ്തുകൊണ്ട് പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്ന പ്രവണതയെയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ക്രമപ്രശ്നത്തിലൂടെ ചോദ്യം ചെയ്തിരിക്കുന്നത്.

അതോടൊപ്പം 2019 മാർച്ച് 1-ാം തീയതി പുറപ്പെടുവിച്ച The Kerala Public Service Commission (Additional Functions as respects the Services under the Waqf Board) Ordinance ലാപ്സായതിനെത്തുടർന്ന് 2020-ൽ വീണ്ടും പുറപ്പെടുവിച്ചുവെങ്കിലും ആദ്യ ഓർഡിനൻസിൻ കീഴിൽ കൈക്കൊണ്ട നടപടികൾക്കായുള്ള validation clause ചേർത്തില്ല എന്നും അത് ക്രമപ്രകാരമല്ലെന്നും അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. ഒരേ ഓർഡിനൻസ് തന്നെ പല പ്രാവശ്യം ആവർത്തിച്ച് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ചും അതുപോലെ

പുറപ്പെടുവിച്ച ഓർഡിനൻസുകളുടെ ആധികാരികതയെ സംബന്ധിച്ചും ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. അതൊക്കെ വസ്തുതാപരമാണെന്ന് തന്നെയാണ് പൊതുവിൽ കണക്കാക്കേണ്ടത്. കോവിഡിനെ തുടർന്നുണ്ടായ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ മുൻകാലങ്ങളിലെ സഭാ സമ്മേളന ദിനങ്ങളിൽ ഗണ്യമായി കുറവ് വന്നതുമൂലമാണ് ഇത്രയധികം ഓർഡിനൻസുകൾ ഒരേസമയം നിലനിൽക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമായതെന്ന് നമുക്കൊക്കെ അറിയുന്ന കാര്യമാണ്. പുതിയ നികുതിനിർദ്ദേശങ്ങൾ അടങ്ങുന്നതും സഭയിൽ വിശദമായ ചർച്ചകൾ നടക്കേണ്ടതും സുപ്രധാനമായതുമായ ഒട്ടേറെ നിയമങ്ങളാണ് ബില്ലുകളായി സഭ മുമ്പാകെ വരാൻ കഴിയാതെ ഓർഡിനൻസായിത്തന്നെ നിലനിൽക്കുന്നത്. ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന 44 ഓർഡിനൻസുകളും സഭയുടെ ഈ സമ്മേളനം അവസാനിക്കുന്നതോടുകൂടി re-promulgate ചെയ്യേണ്ടി വരുമെന്നാണ് കാണുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പല ഓർഡിനൻസുകളും അഞ്ചിലധികം പ്രാവശ്യം re-promulgate ചെയ്യപ്പെട്ടവയാണ് എന്ന വസ്തുത കൂടി നാം ഓർക്കേണ്ടതുണ്ട്. അനിയന്ത്രിതമായി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമാണെന്ന 1987-ലെ D.C. Wadhva Vs. State of Bihar [(1987) I Sec, 378] എന്ന കേസ്സിലെ സുപ്രീം കോടതി വിധിക്കുശേഷം രാജ്യത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന കാര്യത്തിലും അവ വീണ്ടും re-promulgate ചെയ്യുന്ന കാര്യത്തിലും നിയന്ത്രണമുണ്ടായിട്ടുണ്ടെങ്കിലും ആ രീതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയാറില്ലെന്നതാണ് രാജ്യത്തെ പൊതുവായിട്ടുള്ള സ്ഥിതി. ഇക്കാര്യത്തിൽ സംസ്ഥാനത്തെ നിലവിലെ അവസ്ഥയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് കാണുന്നതിനാൽ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും നിയമ നിർമ്മാണത്തിന് മാത്രമായി 2021 ഒക്ടോബർ-നവംബർ മാസങ്ങളിൽ സഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് എല്ലാ ഓർഡിനൻസുകളേയും replace ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ അവസരമൊരുക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധയുണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ സ്ഥാനപ്പേര് 'ഊർജ്ജ വകുപ്പുമന്ത്രി' എന്നും 'വൈദ്യുതി വകുപ്പുമന്ത്രി' എന്നും വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തമായി നിയമസഭാ രേഖകളിൽ പ്രസിദ്ധം ചെയ്യുന്നത് ചട്ടവിരുദ്ധമായതിനാൽ അത് തിരുത്താനും ഭാവിയിൽ ആവർത്തിക്കാതിരിക്കാനും നിർദ്ദേശം നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പിശകുകൾക്ക് ആധാരമായ രേഖകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന പരാമർശങ്ങളിൽ പിശകുകൾ കടന്നുകൂടാതെ തന്നെയാണ് നിയമസഭാ രേഖകളിൽ ഉപയോഗിച്ചുവരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ നിലവിൽ വന്നതിനെ തുടർന്ന് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച മേയ് 27-ാം തീയതിയിലെ സർക്കുലർ ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതിനാലാണ് 'Minister for Electricity' എന്നത് 'ഊർജ്ജ വകുപ്പുമന്ത്രി' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന് പൊതുഭരണ വകുപ്പിന്റെ 'ജൂൺ 24ാം തീയതിയിലെ സർക്കുലർ പ്രകാരം മലയാളത്തിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് വ്യക്തത വരുത്തിയ സാഹചര്യത്തിൽ ഇപ്പോൾ നിയമസഭാ രേഖകളിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് ശരിയായ രീതിയിലാണ് ഉപയോഗിച്ചുവരുന്നത്. പ്രകടമായ അർത്ഥവ്യത്യാസമില്ലെങ്കിൽപ്പോലും ഭാവിയിൽ ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

## VII ധനകാര്യം

### (1) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

### (2) 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ

9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-1-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XV | പൊതുമരാമത്ത് | 1237,07,81,000 | 584,90,25,000 | 927,80,85,000 | 438,67,70,000 | 1546,34,76,000 | 731,12,1,000 | 2277,47,57,000 |
| XL | തുറമുഖങ്ങൾ | 24,12,63,000 | 24,37,67,000 | 18,09,47,000 | 18,28,25,000 | 30,15,79,000 | 30,47,08,000 | 60,62,87,000 |
| XLII | വിനോദസഞ്ചാരം | 67,01,76,000 | 62,34,67,000 | 50,26,33,000 | 46,76,00,000 | 83,77,20,000 | 77,93,34,000 | 161,70,54,000 |

പട്ടികജാതി,പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ ഈ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് ജനകീയപങ്കാളിത്തത്തോടുകൂടി സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിലെ അഴിമതി പൂർണ്ണമായി ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ :സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് പൂർണ്ണമായും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാനുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയപാതാ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ് കുമാർ ജോസഫ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മഴയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ടി.പി റോഡ് നിർമ്മാണപ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അപ്രോച്ച് റോഡുകളുടെയും ഫ്ളൈ ഓവറുകളുടെയും നിർമ്മാണത്തിൽ കാലതാമസമുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലപ്പഴക്കമുള്ള പാലങ്ങളുടെ ബലപരിശോധന നടത്തി പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പ് ഉടമസ്ഥതയിലുള്ള ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പണികളുടെ മേൽനോട്ടത്തിൽനിന്നും പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാസർഗോഡ്-തിരുവനന്തപുരം മലയോര ഹൈവേയുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെട്ടിട നിർമ്മാണത്തിൽ ഹരിതനിർമ്മാണനയം പരിപൂർണ്ണമായും സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2277,47,57,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. റോജി എം. ജോൺ

ശ്രീമതി കെ. കെ. രമ

ശ്രീ. അനൂപ് ജേക്കബ്

## ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖപദ്ധതിയുടെ ഭാഗമായി വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പാക്കേജ് സമയബന്ധിതമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ആസൂത്രണത്തിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖം പ്രവർത്തന സജ്ജമാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ നിർമ്മാണപ്രവൃത്തിയിൽ കാലതാമസമുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാരിടൈം ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടൽ-കായൽ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തുറമുഖങ്ങളിലെ മണൽ നീക്കാത്തതിനെ തുടർന്ന് അപകടങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ തുറമുഖങ്ങളിലും മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തി ആരംഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തുറമുഖ വകുപ്പിലെ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബേപ്പൂരിലും നീണ്ടകരയിലും പ്രവർത്തിക്കുന്ന തുറമുഖവുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹാർബർ എൻജിനീയറിംഗ് വിഭാഗത്തിലുള്ളതായി പറയപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജല വാഹനങ്ങളിലെ ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൊച്ചിയിൽ നിന്ന് മലബാർ മേഖലയിലെ തുറമുഖങ്ങളിലേക്ക് തീരദേശ കപ്പൽ സർവ്വീസ് തുടങ്ങണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലബാർ മേഖലയിലെ തുറമുഖങ്ങളുടെ വികസനത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീരദേശ കപ്പൽ ഗതാഗത പദ്ധതി യാഥാർത്ഥ്യമാക്കു ന്നതിന് ക്രിയാത്മക നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,62,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളി ച്ചിട്ടുള്ള 60,62,87,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. സനീഷ്‌കുമാർ ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

## ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾ ആക്രമിക്കപ്പെടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.ടി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഡി.ടി.പി.സി.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലനാട് - മലബാർ റിവർ ക്രൂസ് ടൂറിസം പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അതിഥി മന്ദിരങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം കേന്ദ്രങ്ങളിൽ ലോകനിലവാരത്തിലുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ ടൂറിസം നയത്തിന് രൂപം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കി മാറ്റാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നയങ്ങൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് : വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയിലെ സംരംഭകർക്കായി മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് നിയന്ത്രണങ്ങൾമൂലം വരുമാനരഹിതരായ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികൾക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിൽ തകർന്ന കായൽ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിൽ തകർന്ന വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആസൂത്രിതമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിപ, പ്രളയം, കോവിഡ് എന്നിവമൂലം ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ടൂറിസംമേഖലയ്ക്ക് പുനരുജ്ജീവന സഹായങ്ങൾ അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആഭ്യന്തര ടൂറിസം രംഗത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 161,70,54,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോജി എം. ജോൺ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. സി. കെ ഹരീന്ദ്രൻ: സർ, 2021-22 സാമ്പത്തിക വർഷത്തെ പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. പ്രസംഗം ആരംഭിക്കുന്നതിനുമുമ്പ് ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്; സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ശക്തമായ ഇടപെടലിന്റെ ഭാഗമായി കുതിരാൻ തുരങ്കപാത ഇന്നലെ ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. അതിൽ കേന്ദ്ര ഗവൺമെന്റ് നടത്തിയ ഇടപെടലിലുള്ള പ്രതിഷേധംകൂടി ഈ സന്ദർഭത്തിൽ രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് സാമൂഹ്യസുരക്ഷ, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ജലസേചനം, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിൽ വൻ നിക്ഷേപമൊരുക്കി അഞ്ച് വർഷത്തെ ഭരണം പൂർത്തീകരിച്ചുകൊണ്ടാണ് ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിട്ടത്. സർക്കാരിന്റെ പൊതു ചെലവിൽ റിക്കോർഡ് നേട്ടമാണുണ്ടായത്. 5,75,459 കോടി രൂപയാണ് ഇക്കാലയളവിൽ ചെലവിട്ടത്. ബഡ്ജറ്റിനുപുറമെ 12,000 കോടി രൂപയിലേറെ കിഫ്ബി വഴിയും ചെലവിട്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്.

സർക്കാരിന്റെ ഭരണകാലത്ത് ആകെ ചെലവിട്ടത് 3,40,142 കോടി രൂപയാണ്. യു.ഡി.എഫ്. സർക്കാരിനേക്കാൾ 2,35,317 കോടി രൂപയുടെ അധിക നിക്ഷേപമാണ് എൽ.ഡി.എഫ്. കേരളത്തിൽ ഒരുക്കിയത്. പൊതുമരാമത്ത് രംഗം ഒരു രാജ്യത്തിന്റെ സ്വത്താണ്, ഒരു നാടിന്റെ സ്വന്തമാണ്, സ്വപ്നമാണ്. "പുതിയ കാലം- പുതിയ നിർമ്മാണം" എന്ന മരാമത്ത് വകുപ്പിന്റെ കാഴ്ചപ്പാട് അന്വർത്ഥമാക്കുന്ന വിധത്തിൽ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോയത്. പാതകളും പാലങ്ങളും കെട്ടിടങ്ങളുമുൾപ്പെടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിലമതിക്കാനാവാത്ത പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് നേതൃത്വം നൽകിവരുന്നു. വ്യക്തവും സമഗ്രവുമായ വികസന നയങ്ങളിലൂടെ, കൃത്യമായ ആസൂത്രണത്തിലൂടെ പൊതു മാതൃക തീർക്കാൻ പിണറായി സർക്കാരിന് കഴിഞ്ഞു. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന വകുപ്പാണെന്ന ആക്ഷേപം കേട്ട വകുപ്പു കളിലൊന്നാണ് പൊതുമരാമത്ത്. ആ സ്ഥിതി മാറി; അത് പഴങ്കഥയായി മാറി. പരാതികൾ ലഭിച്ചാൽ അപ്പോൾത്തന്നെ കർശ്ശനമായ അന്വേഷണം നടത്തി കുറ്റക്കാരായവരുടെ പേരിൽ കർശന നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ഇക്കൂട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യം, പ്രവൃത്തികൾ സമയത്തിന് പൂർത്തിയാക്കാതെ ഇടയ്ക്കുവച്ച് നിർത്തിപ്പോകുന്ന കരാറുകാരുടെ പേരിൽ ഇന്നത്തെ നിയമനടപടി പോരാ. നിയമം ഭേദഗതി ചെയ്തെങ്കിലും അവർ നടത്തുന്ന വഞ്ചനാപരമായ ഈ നിലപാടിനെ നമുക്ക് ശക്തമായി നിയന്ത്രിക്കാനാവണമെന്ന് അപേക്ഷിക്കുകയാണ്. ഇത് നാടിനോട് ചെയ്യുന്ന ക്രൂരകൃത്യമാണ്; നാടിനെ വഞ്ചിക്കലാണ്; ജനങ്ങളെ വഞ്ചിക്കലാണ്. ഇന്നത്തെ നിയമം ദുർബ്ബലമാണെങ്കിൽ നിയമ ഭേദഗതി വരുത്താനുള്ള ഇടപെടൽ നടത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി.ജോയി)

ലോകത്തിൽ ഏറ്റവുമധികം ആളുകൾ മരിക്കുന്നത് വാഹനാപകടത്തിലൂടെയാ ണെന്നാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിലും ധാരാളം മരണങ്ങൾ നടക്കുന്നുണ്ട്. സംസ്ഥാനത്തെ റോഡുകൾ കുരുതിക്കളമാകാ തിരിക്കാൻ ദീർഘവീക്ഷണത്തോടെയാണ് സർക്കാർ ഇക്കാലയളവിൽ ഇടപെട്ടത്. റോഡ് സുരക്ഷയ്ക്ക് പ്രാധാന്യം നൽകി, കാൽനട പാതകൾ സജ്ജമാക്കി, പുതിയ മുന്നേറ്റം സൃഷ്ടിച്ചു. സുരക്ഷിതയാത്ര പ്രദാനംചെയ്യുന്ന സുരക്ഷാവീഥിയെന്ന മാതൃകാ പദ്ധതി കേരളത്തിൽ നടപ്പിലാക്കി. സമഗ്ര വികസനമെന്ന ലക്ഷ്യത്തിന്റെ ചുവടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് കേരളത്തിൽ നടപ്പാക്കിയത് വിപ്ലവകരമായ മുന്നേറ്റമാണ്. പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചരിത്രത്തിൽ ഇടംപിടിച്ചു. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ

പൊതുമരാമത്ത് വകുപ്പ് 11580 കിലോമീറ്റർ റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിച്ചുവെന്നത് അഭിമാനകരമായ നേട്ടമാണ്. 98 ശതമാനം റോഡുകളും ഗതാഗത യോഗ്യമാക്കി. തുടരെയുണ്ടായ പ്രളയംമൂലം തകർന്ന റോഡുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പ് കാര്യശേഷി വ്യക്തമാക്കുകയാണ്. 521 കിലോമീറ്റർ റോഡുകളാണ് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് വഴി പുനർനിർമ്മിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ മാറുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പൊതുമരാമത്ത് വഴി 25,000 കോടി രൂപയുടെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2021-22-ലും പുതിയതായി 1000 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കാൻ ശ്രമിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. റോഡുകൾ മാത്രമല്ല പാലങ്ങളുടെ നിർമ്മാണത്തിലും പ്രത്യേക ശ്രദ്ധ സർക്കാരിനുണ്ടായിരുന്നു. 2039 കോടി രൂപയുടെ 240 പാലങ്ങൾക്കാണ് സർക്കാർ അനുമതി നൽകിയത്. പാലത്തിന്റെ പ്രത്യേകതകൾ നമുക്കറിയാമല്ലോ? രണ്ട് നാട്ടിലെ ജനങ്ങളുടെ മനസ്സുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് പാലം. അത്തരം പാലങ്ങൾ നിർമ്മിച്ച് നാടിനെ ഒന്നാക്കി മാറ്റുന്ന ഈ പ്രവർത്തനത്തിന് ദ്രുതഗതിയിൽ നേതൃത്വം നൽകാൻ കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. 849 കോടി രൂപയുടെ പാലം നിർമ്മിച്ചു കഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. എന്റെ നിയോജക മണ്ഡലത്തെയും ശ്രീ. ഐ. ബി. സതീഷിന്റെ നിയോജകമണ്ഡലമായ കാട്ടാക്കടയെയും തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഇക്കാലയളവിൽ കഴിഞ്ഞു. മാത്രമല്ല, ഏറ്റവും ബുദ്ധിമുട്ടനുഭവിച്ചിരുന്ന ആദിവാസി മേഖലയിലെ ജനവിഭാഗങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തുന്നതിനായി ഒരു പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞു. നിരവധി വൈതരണികളുണ്ടായിരുന്ന കുമ്പിച്ചൽക്കടവ് പാലം നിർമ്മാണത്തിന് തുടക്കംകുറിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണെന്ന നേട്ടം ഈ സന്ദർഭത്തിൽ പങ്കുവയ്ക്കുകയാണ്. പൊതുമരാമത്ത് മേഖലയിൽ കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷം നടത്തിയ പ്രവർത്തനം തുടർന്നും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നാടിന്റെ മുഖച്ഛായ മാറ്റാൻ ഇടവരുത്തുമെന്ന കാര്യത്തിൽ തർക്കമില്ല. ഇക്കാര്യങ്ങളൊക്കെയാണ് പ്രതിപക്ഷം കാണേണ്ടതും വിലയിരുത്തേണ്ടതും. പക്ഷേ ഇതൊന്നും അവർ കാണുന്നില്ല. മഞ്ഞ് തുള്ളികൾകൊണ്ട് ശരിയെ ആവരണം ചെയ്താലും സ്ഫടികം പോലെയുള്ള ശരി പുറത്തുവരികതന്നെ ചെയ്യുമെന്ന് പറയുന്നത് പ്രതിപക്ഷം ഓർക്കുന്നത് നന്നായിരിക്കും.

തുറമുഖരംഗത്തും കേരളം കൈവരിച്ച നേട്ടം ചെറുതല്ല. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള തീരദേശ കപ്പൽ ഗതാഗതം പുനരാരംഭിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. അതിനാവശ്യമായ എല്ലാ

അടിസ്ഥാനസൗകര്യങ്ങളും അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞത്. പൊഴിയൂർ മുതൽ മഞ്ചേശ്വരം വരെ നീണ്ടുകിടക്കുന്ന തീരദേശത്തെ വികസന സാധ്യതകൾ മനസ്സിലാക്കി ചെറുകിട തുറമുഖ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഗവൺമെന്റ് നടത്തുന്ന ഇടപെടൽ വമ്പിച്ച വികസന കുതിപ്പിന് വഴിവയ്ക്കുകയാണ്. വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു വികസനവും നടക്കുന്നില്ലെന്നാണ് പ്രതിപക്ഷ എം.എൽ.എ.യായ ശ്രീ. എം. വിൻസെന്റിന്റെ അഭിപ്രായം. 100 കോടി രൂപയുടെ പുനരധിവാസ പദ്ധതി ഏറെക്കുറെ പൂർത്തീകരിക്കാൻ ഈ കാലയളവിൽ ഗവൺമെന്റിന് കഴിഞ്ഞു. 2019 ഡിസംബറിൽ പൂർത്തിയാക്കേണ്ടതാണ് വിഴിഞ്ഞം തുറമുഖം, പക്ഷേ അവിടെ ബ്രേക്ക് വാട്ടർ നിർമ്മാണം പൂർത്തീകരിക്കാനായിട്ടില്ല. ക്വാറിയിൽനിന്നും പാറയെടുക്കാൻ കഴിയുന്നില്ല. എൻവയോൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. വിഴിഞ്ഞം തുറമുഖ പദ്ധതി ഉദ്ഘാടനം ചെയ്താൽ തലസ്ഥാന നഗരിയിലും തൊട്ടടുത്ത ജില്ലകളിലുമുണ്ടാകുന്ന മാറ്റം ചെറുതല്ല, അനുബന്ധ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. അതിനുവേണ്ടി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ടൂറിസവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ വന്നമാറ്റം ചെറുതല്ല. അടുത്ത കാലങ്ങളിൽ വിദേശ രാജ്യങ്ങളിൽനിന്നും ടൂറിസ്റ്റുകൾ വരാനുള്ള സാധ്യത കുറവാണ്. അത് ടൂറിസം രംഗത്തെ മങ്ങലേൽപ്പിക്കുകയാണ്. ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നിലപാടുകൾ എത്രമാത്രം ഗുണകരമാണെന്ന് അറിയാൻ പോകുകയാണ്. തിരുവനന്തപുരത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനായ നെയ്യാർഡാം എന്റെ നിയോജകമണ്ഡലത്തിലാണ് ഉൾപ്പെടുന്നത്. അതിന്റെ വികസനപ്രവർത്തനവുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. വർക്കല ശിവഗിരിയെ അരുവിപ്പുറവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന പിൽഗ്രിം ടൂറിസം പദ്ധതിക്ക് തുടക്കംകുറിക്കുമെന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ഇവിടെവന്ന് പ്രഖ്യാപനം നടത്തിയിരുന്നു. അദ്ദേഹം ഇന്ന് ആ പദവിയിലില്ല. 92 കോടി രൂപയുടെ ആ പദ്ധതി എങ്ങോട്ടുപോയി? അത് ഉപേക്ഷിച്ച നിലയിലാണ്. പ്രഖ്യാപിച്ച പദ്ധതിയായിരുന്നു. അക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് ബീജാവാപം ചെയ്ത ആ സ്ഥലവുമായി ബന്ധിപ്പിക്കുന്ന ടൂറിസം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ വന്നിട്ടുള്ള പ്രത്യേകതകൂടി ബഹുമാനപ്പെട്ട പൊതുമരാമത്ത്

വകുപ്പുമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. പി.ഡബ്ല്യു.ഡി. സൂപ്പർവിഷൻ നടത്തുന്ന പല പ്രവൃത്തികളും വളരെ പെട്ടെന്നുതന്നെ കിഫ്ബിയിലേയ്ക്ക് കൈമാറുന്നതിന്റെ ഭാഗമായുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ കഴിയണം. എന്റെ നിയോജക മണ്ഡലത്തിലൂടെ 33 കിലോമീറ്ററിൽ കടന്നുപോകുന്ന മലയോര ഹൈവേയുടെ നിർമ്മാണം ഏകദേശം 80 ശതമാനം പൂർത്തീകരിച്ച സന്ദർഭത്തിലാണ് കെ.ആർ. എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) -യിലേയ്ക്ക് മാറ്റുന്നുവെന്ന് അറിയാൻ കഴിഞ്ഞത്. അത് നിർത്തിവച്ച് പി.ഡബ്ല്യു.ഡി.-യെക്കൊണ്ട് സൂപ്പർവിഷൻ നടത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ പരമോന്നത നിയമസഭയിൽ ലോകത്തെല്ലാമുള്ള മലയാളികളെയും നിയമസഭയെയും മുഴുവൻ അപമാനിക്കാൻ നേതൃത്വം നൽകിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കേരളത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മേലെ വീണ്ടും നിലനിർത്താൻ, നിയമവാഴ്ചയെ വെല്ലുവിളിച്ചും ജനാധിപത്യക്രമത്തെ ഇകഴ്ത്തിക്കാണിച്ചും സർക്കാർ നടത്തുന്ന ഹീനമായ ശ്രമം കേരളത്തിൽ ഏറ്റവും അപമാനകരമായ അന്തരീക്ഷമാണുണ്ടാക്കുന്നതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

എന്റെ നിയോജകമണ്ഡലമായ കൽപ്പറ്റയിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുള്ള അതിപ്രധാനമായ വിഷയങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. ഏറിയ ഭാഗവും വനഭൂമിയും കുറേയേറെ തോട്ടം മേഖലയും അൽപ്പം റവന്യൂ ഭൂമിയും ഉൾക്കൊള്ളുന്നതാണ് വയനാട് ജില്ലയുടെ പ്രത്യേകത. അവിടെയുള്ള ഏറ്റവും പ്രധാന വരുമാനമാർഗ്ഗം കാർഷികമേഖലയും ടൂറിസം മേഖലയുമാണ്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് അതിപ്രധാനമായ ഒരു റോഡാണ് വയനാട്ടിലെ മേപ്പാടി-ചൂരൽമല-അരുണപ്പുഴ റോഡ്. ഈ റോഡുമായി ബന്ധപ്പെട്ട് മൂന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. ഒന്ന്, ഹാരിസൺ മലയാളം ഉൾപ്പെടെയുള്ള തോട്ടം ഉടമകളുടെ കയ്യിൽനിന്നും ഭൂമി കിട്ടുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക മീറ്റിംഗ് വിളിച്ച് നടപടിയെടുത്താൽ തീർക്കാവുന്ന പ്രശ്നമേയുള്ളൂ. മറ്റൊന്ന്, വനഭൂമി വിട്ടുകിട്ടുക എന്നുള്ളതാണ്. വനത്തിനുള്ളിൽ നിന്നും റവന്യൂ ഭൂമിയിൽനിന്നും മരം മുറിക്കുന്നതിന് ഒരു പ്രശ്നവുമില്ല, അതിന് സർക്കാർ കൂട്ടുനിൽക്കുകയാണ്. മറുഭാഗത്ത് വികസനത്തിന്റെ ഭാഗമായി ഒരു പ്രധാനപ്പെട്ട റോഡുവരുമ്പോൾ അവിടെ വനഭൂമി വിട്ടുകൊടുക്കാത്തതായ ഗൗരവമായ പ്രശ്നമുണ്ട്. അക്കാര്യത്തിൽ ആവശ്യമായ ഇടപെടലുണ്ടാകണം. വനഭൂമിയും തോട്ടംഭൂമിയും വിട്ടുകിട്ടാത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുൻനിർത്തി കിഫ്ബി നിലവിലെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കാനുള്ള അടിയന്തര നടപടിയുണ്ടാകണം. 1994-ൽ വിഭാവന ചെയ്ത പദ്ധതിയായ പടിഞ്ഞാറത്തറ-

പൂഴിത്തോട് റോഡ് അതിപ്രധാനമായ ഒന്നാണ്. അവിടെ റിസർവ് വനത്തിൽക്കൂടി കടന്നുപോകുന്ന കുറച്ചുമേഖലകളുണ്ട്. ആ വനഭൂമിയുമായി ബന്ധപ്പെട്ട് രണ്ട് പഞ്ചായത്തുകളിലുമായി 52 ഏക്കർ വനഭൂമി വിട്ടുകിട്ടാൻ 104 ഏക്കർ ഭൂമി പകരം കൊടുത്തിട്ടും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ഇതുവരെ കിട്ടിയിട്ടില്ല. വടക്കൻ മേഖലയുമായി ബന്ധപ്പെടേണ്ട ഈ റോഡിന്റെ അവസ്ഥ വലിയ പ്രതിസന്ധിയിലാണ്.

ഒരു മഴയുണ്ടായാൽ വയനാട് ചുരം ബ്ലോക്കാകും. വയനാട്ടിലേയ്ക്ക് റെയിൽ കണക്ടിവിറ്റിയും എയർ കണക്ടിവിറ്റിയും ഇല്ല. അവിടെ ആകെയുള്ളത് റോഡു മാർഗ്ഗമാണ്. ചുരത്തിലെ വാഹന ഗതാഗതം നിലച്ചുപോയാൽ വലിയ പ്രയാസമാണ്. ഇവിടെ ഒരു ബദൽ റോഡ് സംബന്ധിച്ച ചർച്ച വന്നിട്ട് കുറേക്കാലമായി. കാലാകാലങ്ങളായി ചർച്ച മാത്രമേയുള്ളൂ. ബദൽ റോഡുമാറി ഒരു ബൈപ്പാസ് വേണമെന്ന ആവശ്യവും വന്നിരിക്കുന്നു. ബൈപ്പാസായാലും ബദൽ റോഡായാലും വയനാട് ചുരത്തിന് അനുബന്ധമായി റോഡ് ക്രമീകരണമുണ്ടാകണമെന്നുള്ളത് വളരെ പ്രാധാന്യത്തോടുകൂടി എടുത്തുപറയാൻ ആഗ്രഹിക്കുന്നു. റെയിൽ കണക്ടിവിറ്റി, മൈസൂരു-നഞ്ചൻകോട്-നിലമ്പൂർ പാത അതിപ്രധാനമായ ഒരു ആവശ്യകതയായിരുന്നു. ആ ആവശ്യകത ഇന്ന് തലശ്ശേരിയിലേയ്ക്ക് പോകാൻ തീരുമാനിച്ചു. പക്ഷെ തലശ്ശേരിയിലേയ്ക്ക് കൊണ്ടുപോകാൻ നിങ്ങൾ നിർബന്ധം പിടിക്കരുത്. ദക്ഷിണേന്ത്യയിലെ, കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ അതിപ്രധാനമായ ഡെസ്റ്റിനേഷൻ എന്ന നിലയിൽ കല്പറ്റ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകാനുള്ള നടപടി കൂടിയുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ടൂറിസം വികസനത്തിനുതകുന്ന എല്ലാ ഭൗതിക സാഹചര്യങ്ങളുമുള്ള ഒരു ജില്ലയാണ് വയനാട്. ഏഷ്യയിലെ ആദ്യത്തെ മികച്ച 10 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നാണെന്ന പ്രത്യേകത മലബാർ മേഖലയ്ക്കുണ്ട്. അമേരിക്ക ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ലോൺലി പ്ലാനറ്റ് എന്ന സ്വകാര്യ ട്രാവൽ ഏജൻസി ഏറ്റവും മികച്ച ആദ്യത്തെ 10 ഡെസ്റ്റിനേഷനുകളിൽ ഒന്നായി മലബാർ മേഖലയെ ക്രമീകരിച്ചിട്ടുണ്ട്. Unexplored ആയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലൊന്ന് വയനാടായി അവർ വിവരണം ചെയ്തിട്ടുണ്ട്. അവർ മാത്രമല്ല, പല ഏജൻസികളും വിവരണം ചെയ്യുകയാണ്. ആ വയനാട് ടൂറിസം മേഖല ഇന്ന് വലിയ പ്രയാസത്തിലൂടെ കടന്നുപോകുന്ന സാഹചര്യമാണ്. സാഹസിക ടൂറിസം, ഉത്തരവാദിത്ത ടൂറിസം, ഇക്കോ ടൂറിസം, തീർത്ഥാടന ടൂറിസം, കാർഷിക അനുബന്ധ ഫാം ടൂറിസം, ഒഴിവുകാല ടൂറിസം തുടങ്ങി ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെടുന്ന കേരളത്തിന്റെ വടക്കേയറ്റത്ത് കർണ്ണാടകയും തമിഴ്നാടുമായി ഓരംചേർന്നുനിൽക്കുന്ന വയനാട് ജില്ലയ്ക്ക് അനന്ത വികസന സാദ്ധ്യതകളാണുള്ളത്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ 2021-ലെ സ്ലോഗൻ 'Tourism for Inclusive Growth' എന്നാണ്. കോവിഡ് മഹാമാരി വന്നതോടെ ടൂറിസം മേഖലയാകെ തകർന്നടിഞ്ഞു. ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ആ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പദ്ധതിയുണ്ടാകണം. ഗൈഡുകൾ, ഇൻഫർമേഷൻ സെന്ററുകൾ, കലാകാരൻമാർ, ആയോധന കലകൾ, സ്പാ, ആയുർവേദ റിസോർട്ടുകൾ, റെസ്റ്റോറന്റുകൾ, ഹോം സ്റ്റേകൾ, ടാക്സി-ഓട്ടോറിക്ഷകളുൾപ്പെടെ ഇതുമായി ബന്ധപ്പെട്ടുകിടക്കുന്ന മുഴുവൻ ആളുകളും ഇന്ന് ജീവിതത്തിൽ ഏറ്റവും വലിയ നരകയാതന അനുഭവിക്കുകയാണ്. അത് പരിഹരിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഇവിടെ ഏകോപനത്തിന്റെ ഗൗരവമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് അവിടെ യോഗം ചേർന്ന് വലിയ രീതിയിലുള്ള ചർച്ചകൾ നടത്തിയിരുന്നു, അതിന്റെ ബാക്കി കാര്യങ്ങൾ നടന്നു വരുന്നു. വയനാട്ടിലെ ഓരോ സ്ഥാപനങ്ങളും മേഖലകളും വിവിധ ഏജൻസികളുടെ കൈകളിലാണ്. വനം വകുപ്പിന്റെ കയ്യിൽ കുറേ സ്ഥലങ്ങളുണ്ട്, ഡി.ടി.പി.സി.യുടെ കൈവശം കുറേ മേഖലകൾ, കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശം ഏഷ്യയിലെ തന്നെ രണ്ടാമത്തെ ഏറ്റവും വലിയ എർത്ത് ഡാമായ ബാണാസുരസാഗർ അണക്കെട്ട്, ജലസേചന വകുപ്പിന്റെ കൈവശം കാരാപ്പുഴ, കേരള പുരാവസ്തു വകുപ്പിന്റെയും കേന്ദ്ര പുരാവസ്തു വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കൈവശം കുറേ സ്ഥാപനങ്ങളും സ്ഥലങ്ങളും എന്നിങ്ങനെയുണ്ട്. ഇതിന്റെയെല്ലാം മെച്ചപ്പെട്ട ഏകോപനവും അടിസ്ഥാനപരമായ വികസനവും കൊണ്ടുവരാൻ ആവശ്യമായ നടപടി ഉത്തരവാദിത്വത്തോടെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വനം വകുപ്പിന്റെ പ്രധാനപ്പെട്ട ചുമതല ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളെ മുഴുവൻ ക്ലോസുചെയ്യുക എന്നതാണ്. ഒരു സ്റ്റെപ്പുമെടുക്കില്ല, പറയുന്ന കാരണം അവിടെ മുഴുവൻ പ്രശ്നമാണ്, ആളുകൾക്ക് മുഴുവൻ ബുദ്ധിമുട്ടുണ്ടാകും, ആളുകൾ അപകടാവസ്ഥയിലാകും എന്നാണ്. അപകടാവസ്ഥയിലാകുമെങ്കിൽ അത് പരിഹരിക്കാനാവശ്യമായ മാർഗ്ഗങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കാതെ അടച്ചുപൂട്ടലാണ് വനം വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ടി. സിദ്ദിഖ്: സർ, അടച്ചുപൂട്ടുമ്പോൾ ആളുകൾക്ക് അവിടേയ്ക്ക് വരാൻ സാധിക്കില്ലെന്നുമാത്രമല്ല, അവിടേയ്ക്കുള്ള വരുമാനം കുറയുന്നു, അതിനെ ആശ്രയിച്ചിരിക്കുന്ന ആയിരക്കണക്കിന് ആളുകൾക്ക് ജോലികൂടി നഷ്ടപ്പെടുന്നുവെന്നുള്ള കാര്യംകൂടി പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ടൂറിസം റിസോഴ്സ്

മാപ്പിംഗ്, ടൂറിസം ലേബൽ ഡയറക്ടറി, ഗ്രാമയാത്രകൾ, വയനാടിന്റെ തനത് ഉൽപ്പന്നങ്ങൾ, ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കണം.

മി. ചെയർമാൻ: ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ അതിപ്രധാനമായ ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ലോകത്ത് ഇതുപോലൊരു സ്ഥലം വേറെ കാണില്ല, ജില്ലയിലെ എല്ലാ പ്രദേശങ്ങളും ടൂറിസം മേഖല, എല്ലാ പഞ്ചായത്തുകളിലും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ, ആഴ്ചയിൽ പതിനായിരക്കണക്കിനും വർഷത്തിൽ ലക്ഷക്കണക്കിനും ആളുകൾ വരികയാണ്. കോടിക്കണക്കിന് രൂപ സംസ്ഥാന സർക്കാരിന് വരുമാനം കിട്ടുന്നതായ ഒരു പ്രധാന മേഖലയാണ്.

മി. ചെയർമാൻ: ദയവായി അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ആ മേഖലയിൽ, ദുബായ് ഫെസ്റ്റിനെപ്പോലെ, ഊട്ടി ഫ്ലവർ ഷോയെപ്പോലെ വയനാടിനെ ഷോക്കെയ്സ് ചെയ്യാൻ ഒരു വർഷത്തിൽ 20 ദിവസം നീളുന്ന 'വയനാട് ഫെസ്റ്റ്' ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതിന്റെ ഭാഗമായി വ്യാപാരോത്സവം, സാംസ്കാരികോത്സവം, പുസ്തകോത്സവം, ഹോസ്പിറ്റാലിറ്റി ഫെസ്റ്റിവൽ, ട്രൈബൽ ഫെസ്റ്റ്, കാർഷിക മേള, ഫ്ലവർഷോ, ആയുർഫെസ്റ്റ്, ഫുഡ്ഫെസ്റ്റ് ഉൾപ്പെടെ എല്ലാം സംഘടിപ്പിച്ച് വയനാടിനെ ലോകത്തിന്റെ മുമ്പിലെത്തിക്കുമ്പോൾ സംസ്ഥാനത്തിന് കൂടുതൽ വിദേശനാണ്യം നേടിത്തരാനാകും. ...... ......(മൈക്ക് ഓഫ്).....

മി. ചെയർമാൻ: പൊതുവെ സഭയെടുക്കുന്ന നിലപാടിനോട് ബഹുമാനപ്പെട്ട അംഗങ്ങൾ യോജിച്ച് പ്രവർത്തിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ വിദ്യാഭ്യാസമന്ത്രി വിദ്യ ആഭാസ മന്ത്രിയായ സാഹചര്യത്തിൽ ശ്രീ. വി. ശിവൻകുട്ടിയെ ഈ മന്ത്രി സഭയിൽനിന്നും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുതന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു രാജ്യത്തിന്റെ, ഒരു സംസ്ഥാനത്തിന്റെ വികസനത്തിന്റെ മുഖച്ഛായ എന്നത് റോഡുകളാണ്. നിർഭാഗ്യവശാൽ അങ്ങനെയുള്ള റോഡുകൾ ഈ സംസ്ഥാനത്തിന് ഇല്ലാതെ പോയിട്ടുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുവേണം ഈ ധനാഭ്യർത്ഥന ചർച്ചയെ അഭിമുഖീകരിക്കേണ്ടത്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ എല്ലാ പ്രധാനപ്പെട്ട സിറ്റികളെയും കണക്ട്

ചെയ്യുന്ന റോഡുകളുണ്ടാകുമ്പോൾ കേരളത്തിൽ അതുപോലുള്ള റോഡുകൾ ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. 2002-ൽ ഡോ. എം. കെ. മുനീർ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം കൊണ്ടുവന്ന പ്രൊപ്പോസലായിരുന്നു എക്സ്പ്രസ് ഹൈവേ. അന്ന് അതിനെ സമരം ചെയ്ത് പരാജയപ്പെടുത്തിയ ആളുകൾ ആ കുറ്റബോധത്തിൽനിന്നുവേണം പുതിയ ഈ റോഡിനെയും പൊതുമരാമത്ത് വകുപ്പിനെയും സമീപിക്കേണ്ടതെന്ന് ആദ്യമായി അഭ്യർത്ഥിക്കുകയാണ്. മനോഹരമായ റോഡുകൾ ഏതൊരു നാടിന്റെയും രാജ്യത്തിന്റെയും മനോഹാരിതയാണ്. പ്രാചീന കാലഘട്ടത്തിൽ റോമിൽ 'All roads to Rome' എന്നുപറയുന്ന പ്രയോഗംതന്നെ നിലനിന്നിരുന്നു. അതേ രീതിയിൽ കേരളത്തിലെ റോഡിന്റെ വികസനം ഏറ്റവും അത്യാവശ്യമായി നടക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 29,000-ൽപ്പരം കിലോമീറ്റർ റോഡുള്ള കേരളത്തിൽ അതിൽ ഏകദേശം 25,000-ത്തോളം കിലോമീറ്റർ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലും ബാക്കിയുള്ളത് എൻ.എച്ച്.-ന്റെ കീഴിലുള്ളതുമാണ്. അതിൽ എൻ.എച്ച്.എ.ഐ. (National Highways Authority of India)-യ്ക്ക് പോയാൽ 250 കിലോമീറ്റർ മാത്രമാണ് സംസ്ഥാനത്തിന്റെ അധീനതയിലുള്ളത്. 1999-ൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിലവിലുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ആക്ട് ഇതുവരെ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. നമ്മുടെ റോഡുകളും അവയുടെ അതിർത്തികളും ഏതാണെന്ന് ഇതുവരെ ഫിക്സ് ചെയ്തിട്ടില്ല. എന്തുകൊണ്ടാണ് അങ്ങനെ ഫിക്സ് ചെയ്യാത്തതെന്നാണ് മനസ്സിലാകാത്തത്. അവയുടെ ഡീമാർക്കിംഗ് പ്രോസസ് എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. പഞ്ചായത്തുകളും നഗരസഭകളും ഒരു ബിൽഡിംഗിന് അനുമതി കൊടുക്കുമ്പോൾ ബിൽഡിംഗ് റൂൾ പ്രകാരം ഏത് ലൈനിൽ നിന്നാണ് അവർക്ക് അനുമതി കൊടുക്കേണ്ടത്; എത്ര മീറ്റർ നീളം (5 മീറ്റർ അല്ലെങ്കിൽ 3 മീറ്റർ) വരെ വിട്ടുകൊണ്ടാണ് അനുമതി കൊടുക്കേണ്ടത്, അത് എവിടെനിന്ന് എന്നത് സംബന്ധിച്ച് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇന്ന് വലിയൊരു പ്രശ്നമാണ്. അതിനാൽ ബിൽഡിംഗ് ലൈൻ, കൺട്രോൾ ലൈൻ അടക്കമുള്ള ഫിക്സേഷൻ എത്രയും പെട്ടെന്ന് നടത്തണം. എങ്കിൽ മാത്രമേ ഇതിന് പരിഹാരമാകുകയുള്ളൂ.

മുൻകാലങ്ങളിൽ കിഫ്ബിയെ സമീപിക്കുന്നത് ഏറ്റവും മനോഹരമായ റോഡുകൾ എത്രയുംപെട്ടെന്ന് പണിയും എന്നതിനാലായിരുന്നു. എന്നാലിപ്പോൾ നമ്മുടെ അനുഭവത്തിൽനിന്നും മനസ്സിലാക്കുന്നത്, ഒരു റോഡിന്റെ നിർമ്മാണ പ്രവർത്തനം നടക്കാതിരിക്കാൻ, എത്രയും കൂടുതൽ ലാഗ് ചെയ്ത് പോകണമെങ്കിൽ അത് കിഫ്ബി ഏറ്റെടുത്താൽ മതിയെന്ന സാഹചര്യത്തിലേയ്ക്ക് വരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൊണ്ടോട്ടി- എടവണ്ണപ്പാറ- അരീക്കോട് റോഡ് കഴിഞ്ഞ ഫെബ്രുവരി 28-ന് മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ഉദ്ഘാടനം

ചെയ്തെങ്കിലും ഇന്നേവരെ അതിന്റെ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. അത്തരത്തിലാണ് അതിന്റെ നടപടിക്രമങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്നാണ് പറയാനുള്ളത്. റോഡുകളുടെ ശോച്യാവസ്ഥ ധാരാളം അപകടങ്ങൾക്ക് കാരണമാകുന്നു. നിർമ്മാണത്തിൽ അപാകതയുണ്ടാകുന്നുണ്ട്. മൺസൂണിന്റെ വരവിനനുസൃതമായ നിലവാരം നമ്മുടെ റോഡുകൾക്കില്ല. മഴ പെയ്തതിനുശേഷം റോഡിൽ വെള്ളം കെട്ടിനിൽക്കുന്നു. മണ്ണും ചരലും മഴ പോയിക്കഴിഞ്ഞാലും റോഡിൽ കൂമ്പാരമായി കിടക്കുന്നു. അത് അപകടങ്ങൾക്ക് കാരണമാകുന്നു. റോഡിന്റെ പ്രവൃത്തി കഴിഞ്ഞാലുടൻതന്നെ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നു. റോഡ് വെട്ടിപ്പൊളിക്കുന്നു. പിന്നീട് റോഡ് റീസ്റ്റോർ ചെയ്യപ്പെടാതെ കിടക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ നേരിടുകയാണ്. ആളുകൾക്ക് അവരുടെ ചരക്ക് സാധനങ്ങൾ, മാലിന്യങ്ങൾ, മറ്റ് വേസ്റ്റുകൾ എന്നിവയെല്ലാം വർഷങ്ങളോളം കുന്നുകൂട്ടിയിടാനുള്ള സ്ഥലമായി പൊതുറോഡുകൾ മാറുകയാണ്. ഇതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ആളുകൾക്ക് ആർക്കും എപ്പോഴും വന്ന് ബസ് സ്റ്റോപ്പുകൾ അടക്കമുള്ള അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കാൻ ഇവിടെ സൗകര്യങ്ങളുണ്ട്. 2019-ൽ കേരളത്തിലാകെ 41111 റോഡപകടങ്ങളാണ് നടന്നത്. അതിൽ 9001 ദേശീയപാതയിലും 8097 എണ്ണം സംസ്ഥാന പാതയിലും ബാക്കി മുഴുവനും നിലവാരമില്ലാത്തതും പൊട്ടിപ്പൊളിഞ്ഞതുമായ ഗ്രാമീണ റോഡുകളിലുമാണ്. അതിനാൽ റോഡുകളുടെ പുനരുദ്ധാരണം എത്രയും പെട്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് അടക്കമുള്ള എല്ലാ കാര്യങ്ങളും വളരെ പെട്ടെന്ന് പൂർത്തിയാക്കണം. ദേശീയപാത 47-ൽ സ്ഥലമേറ്റെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ വലിയൊരു അപാകതയുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നെനിക്ക് അറിയില്ല. മദ്രസ്സകൾ, പള്ളികൾ, മറ്റ് മതസ്ഥാപനങ്ങൾ എന്നിവയുടെ സ്ഥലവും ഇതിനുവേണ്ടി ഏറ്റെടുക്കുന്നു. പക്ഷേ ആ സ്ഥലത്തിന്റെ വില നിർണ്ണയിച്ച് നഷ്ടപരിഹാരം കൊടുക്കുന്നത് വഖഫ് ബോർഡാണ്. വഖഫ് ബോർഡിന് കൊടുക്കുമ്പോൾ സ്വാഭാവികമായി ഈ സ്ഥാപനങ്ങൾക്ക് അത് കൈമാറ്റം ചെയ്യപ്പെടുകയില്ല എന്നൊരു ആശങ്ക തീർച്ചയായും നമ്മുടെ മതസ്ഥാപനങ്ങൾക്കും പള്ളികൾ, മദ്രസ്സകൾ പോലെയുള്ള സ്ഥാപനങ്ങൾക്കുമൊക്കെയുണ്ട്. യഥാർത്ഥത്തിൽ കൊടുക്കേണ്ടത് ആ കമ്മിറ്റിക്കും അതിന്റെ ഭരണാധികാരികൾക്കുമാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗുണനിലവാരം കുറഞ്ഞ റോഡുകൾ വളരെ പെട്ടെന്നുതന്നെ തകർന്നു പോകുന്നതുകൊണ്ട് കൃത്യമായ സർവ്വേയും അസസ്മെന്റും ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും നടത്തിയശേഷമാണ് റോഡുകളുടെ നിർമ്മാണം ആരംഭിക്കേണ്ടത്.

അഴുക്കുചാൽ സംവിധാനം തുടങ്ങി എല്ലാ കാര്യങ്ങളും അതിന്റെ പ്രിപ്പറേഷനിൽ ഉൾക്കൊള്ളിക്കണം. ഇപ്പോൾ പുതിയ റോഡുകൾ നിർമ്മിക്കാൻവേണ്ടി ഫണ്ട് അനുവദിക്കുന്നു. ഫണ്ട് അനുവദിക്കുമ്പോൾ ഞങ്ങൾ പറയുന്ന കാര്യം മുഖവിലയ്ക്കെടുക്കണം. ബഹുമാനപ്പെട്ട മന്ത്രി നല്ല പെർഫോമൻസ് നടത്തുന്നു. നല്ല പ്രതീക്ഷകൾ വച്ചുപുലർത്തുന്നു. പക്ഷേ ഞങ്ങളുടെ നാട്ടിൽനിന്നും ഏതെങ്കിലും കുട്ടികൾ പരാതിപ്പെട്ടാൽ മാത്രമേ റോഡുകൾ നന്നാക്കുകയുള്ളൂ എന്ന അവസ്ഥ മാറണം. ഫോൺ ഇൻ പരിപാടിയൊക്കെ നല്ലതാണ്. പക്ഷേ ധനാഭ്യർത്ഥന സഭ പാസ്സാക്കി തരികയാണ്. അങ്ങനെ പാസ്സാക്കി തരുമ്പോൾ ഇവിടെവരുന്ന ജനപ്രതിനിധികൾ പറയുന്ന കാര്യങ്ങൾക്ക്, അവർ നൽകുന്ന നിവേദനങ്ങൾക്ക് തീർച്ചയായും പരിഗണനയുണ്ടാകേണ്ടതുണ്ട്.

ഭാരത്‌മാല പദ്ധതിയിന്മേൽ വലിയൊരു അപാകതയുണ്ട്. എന്റെ നിയോജക മണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ ഭാരത്‌മാല പദ്ധതിയുടെ രണ്ട് പ്രോജക്ടുകളുണ്ട്. മലപ്പുറം-മൈസൂർ-ബാംഗ്ലൂർ പാതയും പാലക്കാട്- കോഴിക്കോട് പാതയുമാണത്. എന്നാൽ പാലക്കാട്-കോഴിക്കോട് പാതയ്ക്കുവേണ്ടിയുള്ള അലൈൻമെന്റ് തയ്യാറാക്കിയപ്പോൾ മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചിട്ടില്ല. അതിന്റെ എല്ലാ നടപടികളും തീർന്നുകഴിഞ്ഞു. പാലക്കാട് - കോഴിക്കോട് ജില്ലകളിൽ അവിടത്തെ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ അതിന്റെ സിംഹഭാഗവും കടന്നുപോകുന്ന മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം ഇതുവരെ വിളിച്ചിട്ടില്ല. അതിന്റെ പിന്നിലുള്ള കഥകൾ അന്വേഷിക്കുമ്പോൾ സത്യത്തിൽ ദുരൂഹത നിറഞ്ഞതാണ്. കാരണം, കോഴിക്കോട് എയർപോർട്ടുമായി കണക്ട് ചെയ്യുന്നതിന് ഏറ്റവുമനുയോജ്യമായ പാതയാണിതെന്ന് എല്ലാവർക്കും പെട്ടെന്ന് ബോദ്ധ്യപ്പെടും. 24 ക്രമക്കേടുകൾ നടത്തി അലൈൻമെന്റ് തെറ്റിച്ചെങ്കിലും ഇപ്പോൾ ശരിയായ രണ്ടാമത്തെ അലൈൻമെന്റ് എടുത്തിട്ടുണ്ട്. അക്കാര്യം ഇവിടെ വിശദമായി പറയാൻ സമയമില്ല. തുരങ്കം നിർമ്മിക്കുന്നതിന് ബ്ലോക്ക്പോസ്റ്റ് ഏർപ്പെടുത്തി 2500 കോടി രൂപ അധികം വരുമെന്ന് കാണിച്ചുകൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. കാരണം സംസ്ഥാന ഗവൺമെന്റ് 190 കോടി രൂപ ഇപ്പോൾത്തന്നെ അതിന്റെ സ്ഥലമെടുപ്പിനുവേണ്ടി നീക്കിവച്ചു. അക്കാര്യത്തിൽ ഗവൺമെന്റ് കൃത്യമായി ഇടപെടണമെന്നുമാത്രം സൂചിപ്പിക്കുകയാണ്. രണ്ട് പാതയും മലപ്പുറം ജില്ലയിലൂടെ കടന്നുപോകണം. കോഴിക്കോട്-മലപ്പുറം, മൈസൂരു-ബംഗളൂരു പാത കോഴിക്കോട്ടുവച്ച് അവസാനിപ്പിക്കാനുള്ള ശ്രമങ്ങളുണ്ട്. അത് തടയണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ മറ്റ് എയർപോർട്ടുകളിലേയ്ക്കൊക്കെ കണക്ടിവിറ്റി റോഡുകൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പും കിഫ്ബിയും ആയിരക്കണക്കിന് കോടി രൂപ അനുവദിച്ച്

കൊണ്ടിരിക്കുകയാണ്. സാധാരണ ഹജ്ജ് വേളയിലെങ്കിലും കോഴിക്കോട് എയർപോർട്ടിലേയ്ക്കുള്ള കണക്ടിവിറ്റി റോഡുകൾ നന്നാക്കുന്നതിനായി ഫണ്ട് കൊടുക്കാറുണ്ട്. എന്നാൽ കഴിഞ്ഞ പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് എയർപോർട്ടിലേയ്ക്ക് പോകുന്ന റോഡിൽ മണ്ണിടാൻ പോലും തുക അനുവദിച്ചിട്ടില്ല. കേരളത്തിൽ ആകെയുള്ള പൊതുമേഖലാ എയർപോർട്ട് കോഴിക്കോട് എയർപോർട്ട് മാത്രമാണ്. എൻ.എച്ച്. 47-ന്റേയും എൻ.എച്ച്. 966-ന്റേയും ഇടയ്ക്കുള്ള കോഴിക്കോട് എയർപോർട്ടിനുവേണ്ടി ഈ എൻ.എച്ച്. റോഡുകളുമായി കണക്ട് ചെയ്യാൻ പുതിയ റോഡുകളുണ്ടാക്കണം, നാലുവരിപ്പാതയുണ്ടാക്കണം. പക്ഷേ അവിടെ ഒരു റോഡുപോലും നന്നാക്കാൻവേണ്ട പദ്ധതികളുണ്ടായിട്ടില്ല. അതുപോലെ കോഴിക്കോട് എയർപോർട്ടിൽ ഡൊമസ്റ്റിക് എയർലൈൻ കൊണ്ടുവരണം. Regional Connectivity Scheme-ലേയ്ക്ക് കോഴിക്കോട് എയർപോർട്ടിനെയും ഉൾപ്പെടുത്തണം. കോഴിക്കോട് നിന്ന് ഇപ്പോൾ തിരുവനന്തപുരത്തേയ്ക്ക് ഫ്ലൈറ്റിൽ പോകണമെന്ന് വിചാരിച്ചാൽ അതിന് സൗകര്യമില്ല. ഞാൻ അക്കാര്യം സൂചിപ്പിച്ചെന്നേയുള്ളൂ. ടൂറിസം പദ്ധതിയിൽ മലബാർ ലിറ്റററി സർക്യൂട്ട് പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ അക്കാര്യം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഉന്നയിച്ചതാണ്. മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമിയും നെടിയിരുപ്പ് സ്വരൂപവും കൊണ്ടോട്ടി നിയോജക മണ്ഡലത്തിലുള്ളതാണ്. അവയെ ഇതുമായി ബന്ധപ്പെടുത്തണം. കോവിഡ്കാല ടൂറിസം പദ്ധതി പ്രത്യേകിച്ച് ഉണ്ടാകണം. സംസ്ഥാനത്തിന്റെ ജി.ഡി. പി.-യിൽ 11 ശതമാനത്തോളം ടൂറിസത്തിന്റെ പങ്കാണ് വരുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളൊക്കെ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വിനോദസഞ്ചാരം, പൊതുമരാമത്ത്, തുറമുഖം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ശ്രീ. ടി. വി. ഇബ്രാഹിമിന് അധികസമയം കിട്ടാത്തതുകൊണ്ട് വിലപ്പെട്ട ചില നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിഞ്ഞില്ലെന്ന് കരുതുന്നു. പ്രധാനമായും വിനോദ സഞ്ചാരത്തെക്കുറിച്ചുള്ള കാര്യങ്ങളാണ് ഞാൻ അവതരിപ്പിക്കുന്നത്. എന്റെ നാട്ടിൽ ഞാനും ശ്രീ. പി. ടി. തോമസും താമസിക്കുന്ന തൃക്കാക്കര നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന ഒരു മഴവിൽപ്പാലം കൂടിയുണ്ടെന്ന് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിനോദസഞ്ചാര മേഖലയിൽ കോവിഡ്-19-ന്റെ പ്രത്യാഘാതങ്ങൾ നിരവധിയാണ്. സഞ്ചാരികളുടെ സന്ദർശനത്തിലും ഗവൺമെന്റിന്റെ വരുമാനത്തിലും വലിയ കുറവ് ഇക്കാലയളവിലുണ്ടായി. എന്നിരുന്നാലും കേരളത്തിന്റെ ഭാവി വികസനത്തിലും തൊഴിൽദാനത്തിലും ഐ.ടി. രംഗം കഴിഞ്ഞാൽ പ്രധാനപ്പെട്ട മേഖലയാണ് വിനോദസഞ്ചാര മേഖല. വിനോദസഞ്ചാര മേഖലയിൽ ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ

പദ്ധതികൾ സംബന്ധിച്ചും കോവിഡ്-19-ന്റെ പ്രതിസന്ധികൾ അതിജീവിക്കാനുള്ള പുനരുജ്ജീവന പദ്ധതികളെക്കുറിച്ചും ബഹുമാന്യനായ ടൂറിസം, പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയിൽ അംഗങ്ങളുടെ ചോദ്യത്തിനുള്ള മറുപടിയായി അനാവരണം ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എറണാകുളം ജില്ലയിലെ ടൂറിസം വികസനത്തിന്റെ പൊതുവായ പ്രശ്നങ്ങളും കൊച്ചിയുടെയും പരിസര പ്രദേശങ്ങളിലേയും ടൂറിസ്റ്റ് വികസന സാധ്യതകളെക്കുറിച്ചുമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങൾ വലിയ ടൂറിസ്റ്റ് പ്രാധാന്യമുള്ള മേഖലകളാണ്. കോതമംഗലത്തെ തട്ടേക്കാട്, പാണിയേലിപ്പോര് ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ പറവൂർ നിയോജകമണ്ഡലത്തിലെ സത്താർ ഐലന്റ്, കടമ്പ്രയാർ, മുസിരിസ് പദ്ധതി എന്നിവ ഉൾപ്പെടെ അവിടെയെല്ലാം ടൂറിസം വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ പ്രത്യേക പദ്ധതികൾ കുറേക്കൂടി ഗൗരവമായി ഏറ്റെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അന്താരാഷ്ട്ര ടൂറിസം മാപ്പിൽ ഇടംപിടിച്ച ഒരു സ്ഥലമാണ് കൊച്ചി. സമ്പന്നമായ ഒരു ഭൂതകാല ചരിത്രമുള്ള നാടാണ് കൊച്ചി. അതിൽ പ്രധാനമാണ് ഫോർട്ടുകൊച്ചി. ഫോർട്ടുകൊച്ചിയിലെ മനോഹരമായ ബീച്ച് ഇന്ന് പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്. ജിയോ ട്യൂബുകൾ സ്ഥാപിച്ച് നഷ്ടപ്പെട്ട കര വീണ്ടെടുക്കാനും ടൂറിസ്റ്റ് സാധ്യതകളെ നമുക്ക് വിനിയോഗിക്കാനും കഴിയണം.

1.00 PM]

ചരിത്രമുറങ്ങുന്ന ഒരുപാട് ചരിത്ര സ്ഥാപനങ്ങൾ ഫോർട്ട് കൊച്ചിയിൽ നിലനിൽക്കുന്നുണ്ട്. ഇതുകാണാനും ഫോർട്ട് കൊച്ചിയുടെ സ്വച്ഛമായ, ശാന്തമായ പ്രകൃതി സൗന്ദര്യം നുകരുന്നതിനും ആയിരക്കണക്കിന് വിദേശ- ആഭ്യന്തര ടൂറിസ്റ്റുകൾ എത്തിച്ചേരുന്നുണ്ട്. അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും നാം ഏർപ്പെടുത്തേണ്ടതുണ്ട്. ഗസ്റ്റ് ഹൗസുകൾ മാത്രമല്ല, കേരളത്തിന്റെ പാരമ്പര്യകലകളെ അവരെ പരിചയപ്പെടുത്തുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽത്തന്നെ പെർഫോമിംഗ് ആർട്സ് സെന്റർ സ്ഥാപിക്കുവാൻ മുൻകയ്യെടുക്കേണ്ടതാണ്. കൊച്ചിയിലെ കാണാക്കാഴ്ചകൾക്കുവേണ്ടിയും വിനോദസഞ്ചാര വകുപ്പിന്റെ ശ്രദ്ധ പതിയണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സഭയിലെ ഒരംഗം പരാമർശിച്ചതുപോലെ ലോകത്തെ വിനോദസഞ്ചാരികൾക്കുവേണ്ടി ആസ്ത്രേലിയയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ലോൺലി പ്ലാനറ്റ് എന്ന വിശ്വപ്രസിദ്ധമായ ട്രാവൽഗൈഡ് ഉണ്ട്. സഞ്ചാരികളുടെ ബൈബിൾ എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. നമ്മുടെ നിയമസഭയുടെ ലൈബ്രറിയിൽ പുസ്തകമുണ്ട്. ഇതിന്റെ ഇന്ത്യാ എഡിഷനിൽ എന്റെ നിയോജകമണ്ഡലമായ വൈപ്പിൻകരയെക്കുറിച്ച് ഒരു പരാമർശമുണ്ട്, The best

kept secret of Kochi എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. എട്ട് പഞ്ചായത്തുകളുടെ പ്രകൃത്യാൽത്തന്നെ അനുഗ്രഹീതമായ ടൂറിസം സാധ്യതകളുള്ള പ്രദേശമാണ് വൈപ്പിൻ. ഇതിന്റെ ഗ്രാമീണ വിശുദ്ധിപോലെത്തന്നെ ജീവിത വിശുദ്ധി ഉയർത്തിപ്പിടിക്കുന്ന ആയിരക്കണക്കിന് മനുഷ്യരുടെ വരുമാന വർദ്ധനവിനും മാനസിക ഉല്ലാസത്തിനുമുതകുന്ന ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തൃശ്ശൂർ പൂരം പോലെ ശ്രദ്ധേയമായ ചെറായിപൂരവും വളരെ പ്രസിദ്ധമാണ്, അത് ഈ നിയോജകമണ്ഡലത്തിലാണ്. ഗുരുവായൂരിലെ ആനയോട്ടം പോലെതന്നെ ആനപ്പൊക്കം അളക്കുന്ന ഒരുപക്ഷെ ഇന്ത്യയിലെ തന്നെ അപൂർവ്വമായ കാഴ്ചയാണത്. അതും എന്റെ നിയോജകമണ്ഡലത്തിലാണ്. ചെറായി ബീച്ച് പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഹബ്ബായി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഈ മേഖലയിലെ ടൂറിസം വികസനത്തിന് വിലപ്പെട്ട ചില നിർദ്ദേശങ്ങൾ ഞാൻ സഭയുടേയും ബഹുമാന്യനായ മന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കൊച്ചി അന്താരാഷ്ട്ര നിലവാരമുള്ള ഒരു നഗരമാക്കി മാറ്റുമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചത്. ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭം എന്ന നിലയിൽ കൊച്ചിയിൽ ഒരു വാട്ടർ ഒളിംപിക്സ് സംഘടിപ്പിക്കാൻ മുൻകയ്യെടുക്കണമെന്നും അതിന് ഒരു സ്ഥിരം വേദി ഉണ്ടായിരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. കൊച്ചിയാണ് അതിനേറ്റവും അനുയോജ്യമായ സ്ഥലം. വൈപ്പിൻ നിയോജകമണ്ഡലത്തിനോട് ചേർന്നുകിടക്കുന്ന 16-ഓളം ഏക്കർ വരുന്ന രാമൻതുരുത്ത് ദ്വീപ് ബൃഹത്തായ ടൂറിസ്റ്റ് കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും വാട്ടർ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് അനുയോജ്യമായതുമാണ്. ആഗോള ടെണ്ടർ ക്ഷണിച്ചുകൊണ്ടുതന്നെ പദ്ധതിക്ക് രൂപം നൽകാൻ കഴിയണം. വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളംകുന്നപ്പുഴ പഞ്ചായത്തിൽ പുതുവൈപ്പ് എന്ന സ്ഥലത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഇന്റഗ്രേറ്റഡ് അക്വാപാർക്കിനായി 133 ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. അക്വാപാർക്കും ഓഷ്യനേറിയവും എത്രയും വേഗം പൂർത്തീകരിക്കണം. ലോകത്തുതന്നെ അപൂർവ്വം രാജ്യങ്ങളിൽ മാത്രമാണ് ഓഷ്യനേറിയമുള്ളത്. വിനോദത്തിനും വിജ്ഞാനത്തിനും ഗവേഷണത്തിനുമുതകുന്ന ഈ പദ്ധതി സംസ്ഥാന സർക്കാരിന്റേയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റേയും അഭിമാന പദ്ധതിയാണ്. ഒരു കാരണവശാലും ഓഷ്യനേറിയം ഈ പദ്ധതിയിൽ നിന്നും അടർത്തിമാറ്റിക്കൂടായെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഞാറയ്ക്കൽ, മാലിപ്പുറം അക്വാപാർക്കുകളുടെ വികസനത്തിനാവശ്യമായ ഫണ്ട് അനുവദിച്ച് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകണം. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ പദ്ധതിയാണെങ്കിലും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പദ്ധതികൂടിയാണിത്. ടൂറിസം കോറിഡോർ പദ്ധതി

പൂർത്തീകരിക്കാനുള്ള നടപടി ത്വരിതഗതിയിലാക്കണം. മുസിരീസ് പദ്ധതിയുടെ ഭാഗമായ വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ എത്രയുംവേഗം പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും കഴിയണം. കടമക്കുടി പഞ്ചായത്തിനുവേണ്ടി പ്രത്യേക ഐലൻഡ് ലിവിംഗ് മ്യൂസിയമെന്ന ടൂറിസ്റ്റ് പദ്ധതിക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. 119 ഇനം പക്ഷികൾ, 35 ഇനം പ്രത്യേകതരമായ പക്ഷികൾ ചേക്കേറുന്ന സ്ഥലമാണ്. ഹിമാലയത്തിൽനിന്നും അതുപോലെ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും ശൈത്യകാലത്ത് ഈ പക്ഷികൾ അവിടെ എത്തിച്ചേരാറുണ്ട്. വളരെ ചെലവ് കുറഞ്ഞതും ആയിരക്കണക്കിന് ആൾക്കാരെ ആകർഷിക്കുന്ന ഒരു പ്രദേശമാണ്, അതിനനുസൃതമായ ഒരു ടൂറിസം പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്. വൈവിധ്യസമ്പന്നമായ പ്രകൃതിഭംഗി, കാർഷിക വിഭവങ്ങൾ വിറ്റഴിക്കാനും ആസ്വദിക്കാനുമുള്ള അവസരമൊരുക്കാനുള്ള സാധ്യത, പൊക്കാളി പാടങ്ങളും ചെമ്മീൻ കെട്ടുകളും ഇവിടത്തെ പ്രത്യേകതകളാണ്. കുഴുപ്പിള്ളി ബീച്ചിൽ പൊക്കാളി കൃഷിയെക്കുറിച്ചുള്ള പ്രദർശനശാലയും വില്പനസ്റ്റാളും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ആരംഭിക്കാൻ കഴിയണം. മുളവുകാട് പഞ്ചായത്തിൽ ICTT (International Container Transshipment Terminal)-ക്ക് സമീപം ലോജിസ്റ്റിക്സ് ആൻഡ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന നിർദ്ദേശം ചർച്ചയിൽ മുന്നോട്ടുവച്ചതാണ്. അതിനുപുറമേ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്ക് രൂപം നൽകണം. ബോൾഗാട്ടി പാലസ് സ്ഥിതിചെയ്യുന്ന പഞ്ചായത്താണ്. ബീച്ചുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അതിന്റെ സാധ്യതകളെല്ലാം ഉപയോഗിക്കാനും നൂതന ആശയങ്ങളായ ഫ്ലോട്ടിംഗ് സോളാർ പാനൽ, ഫ്ലോട്ടിംഗ് ബ്രിഡ്ജ്, എയർ കാർ സൗകര്യങ്ങൾ എന്നിവയെല്ലാം നടപ്പിലാക്കാനും കഴിയണം. ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുമോയെന്നതിനെക്കുറിച്ചെല്ലാം ഗൗരവമായി ആലോചിച്ച് അതിനാവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനത്തോടുകൂടി സമഗ്രമായ പദ്ധതി തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗോശ്രീ ദ്വീപുകളുടെ വികസനത്തിനുവേണ്ടി രൂപപ്പെടുത്തിയ GIDA-യുടെ 300 കോടിയോളം രൂപ ദ്വീപുകളുടെ വികസനത്തിനും ടൂറിസം സാധ്യതകൾക്കുംകൂടി ഉപയോഗിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും തീരുമാനങ്ങളുമുണ്ടാകണം. ടൂറിസ്റ്റുകൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന 25 കിലോമീറ്റർ നീളത്തിലുള്ള തീരദേശ റോഡിന്റെ നിർമ്മാണം വളരെ വേഗം പൂർത്തീകരിക്കാനും ഗോശ്രീ മുതൽ മുനമ്പം വരെയുള്ള പി.ഡബ്ല്യൂ.ഡി. റോഡ് എത്രയുംവേഗം പുനർനിർമ്മിക്കാനും നടപടിയുണ്ടാകണം. രണ്ട് ജില്ലകളെ ബന്ധിപ്പിക്കുന്ന മുനമ്പം-അഴീക്കോട് പാലം നിർമ്മാണവും

വേഗത്തിൽ പൂർത്തീകരിക്കണം. ഇക്കാര്യം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ കഴിഞ്ഞ ദിവസം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കണമെന്നും മാസ്റ്റർപ്ലാൻ തയ്യാറാക്കി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന വളരെ മനോഹരമായ പദ്ധതിയാക്കി ഇതിനെ മാറ്റണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു. നന്ദി.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. പൊതുമരാമത്ത് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ്. സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. പത്തുകൊല്ലം കഴിഞ്ഞാൽ ഇന്നുള്ള റോഡുകളിൽക്കൂടി ഒച്ച് ഇഴയുന്ന വേഗത്തിൽ മാത്രമേ വാഹനങ്ങൾ ഓടുകയുള്ളൂ. ഇതിനെന്താണ് പരിഹാരം? ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സമയത്ത്, റൈറ്റ്സിനെക്കൊണ്ട് രണ്ട് പഠനങ്ങൾ നടത്തിയിരുന്നു. ഒന്നാമത്തേത്, റോഡുകളെ സംബന്ധിച്ച സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡിയാണ്. അതിന്റെയടിസ്ഥാനത്തിൽ വേൾഡ് ബാങ്കിന് സ്കീം സമർപ്പിച്ചു, അതിനെത്തുടർന്നാണ് ഉന്നതനിലവാരമുള്ള റോഡുകളുണ്ടായത്. രണ്ടാമത്തേത്, നോർത്ത്-സൗത്ത് എക്സ്പ്രസ്സ് ഹൈവേ ആയിരുന്നു. മലേഷ്യയുടെ വികസനത്തിന് ഏറ്റവും നിർണ്ണായകമായത് 700 കിലോമീറ്റർ ദൈർഘ്യമുള്ള നോർത്ത്-സൗത്ത് എക്സ്പ്രസ്സ് ഹൈവേയാണ്. ഇന്ന് കേരളത്തിലെ റോഡുകളിലെ തിരക്ക് അനിയന്ത്രിതമാണ്. മലബാർ മേഖലയിലെ തിരക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം, അവിടെയെല്ലാം റോഡുകളിൽ വലിയ തിരക്ക് അനുഭവപ്പെടുന്നുണ്ട്. ലോംഗ് ഡിസ്റ്റൻസായി ഓടുന്ന ബസ്സുകളായാലും ലോറികളായാലും എക്സ്പ്രസ്സ് ഹൈവേയിലൂടെ ഓടിക്കാം. 96-97 ശതമാനം സ്ഥലത്തും നാലുവരി പാതയാണുള്ളത്. ഇനി നമുക്കത് പോരാ. 8 വരിപ്പാത നിർമ്മിക്കണം. ആ 8 വരിപ്പാതയിൽനിന്നും ചെറിയ ടൗണുകളിലേയ്ക്ക് കണക്ഷൻ കൊടുക്കാൻ കഴിഞ്ഞാൽ തിരക്ക് ഒഴിവാകും. അത് ഏരിയൽ സർവ്വേയുടെ അടിസ്ഥാനത്തിൽ നടപ്പാക്കണം. ഇപ്പോഴും അത് സാധ്യമാണ്. ഫ്രീയായിട്ടുള്ള സ്ഥലങ്ങളുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുത്തുകൊണ്ട് സമയബന്ധിതമായി ഒരു എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കണമെന്നാണ് പ്രധാനമായും പറയാനുള്ളത്. പഴയരീതിയിലല്ല ഇപ്പോൾ റോഡുകളുടെ സർഫസ് ബി.എം.&ബി.സി. മോഡലാണ്. മഴ കൂടുതലുള്ള സംസ്ഥാനത്ത് റോഡുകൾ നിലനിൽക്കണമെങ്കിൽ ബി.എം.&ബി.സി. കൂടിയേ തീരൂ. ചിപ്പിംഗ് കാർപ്പെറ്റ് നിലനിൽക്കുകയില്ല, ഒരു കൊല്ലംപോലും അതിന് ആയുസ്സ് ഉണ്ടാകുകയില്ല. ബി.എം.&ബി.സി. ചെയ്യുമ്പോൾ ക്വാളിറ്റി റോഡുകൾ ഉറപ്പുവരുത്താൻ ഇന്നുള്ളതിന്റെ ഇരട്ടി അലോട്ട്മെന്റ് വേണ്ടിവരും.

മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം സംസ്ഥാനത്ത് വന്ന അവസരത്തിൽ മുൻഗണന കൊടുക്കേണ്ട 10 മേഖലകളിലൊന്നായി ചൂണ്ടിക്കാണിച്ചത് ടൂറിസം മേഖലയായിരുന്നു. ടൂറിസത്തിൽ കേരളം പ്രാധാന്യം കൊടുക്കേണ്ട രാജ്യം ക്രൊയേഷ്യയാണ്. കഴിഞ്ഞ വർഷത്തിന് മുമ്പത്തെ വർഷത്തെ വേൾഡ് കപ്പ് ഫൈനലിൽ വന്ന ചെറിയൊരു രാജ്യമാണ്. ടൂറിസം രംഗത്ത് നിന്നുള്ള അവരുടെ വരുമാനം ഒരു വർഷം 75,000 കോടി രൂപയാണ്. അവിടെ ചെറിയ പ്ലോട്ടുകളിൽ ഒരു കുടുംബത്തിനോ, രണ്ട് കുടുംബത്തിനോ താമസിക്കാനുള്ള സൗകര്യം, പ്രാദേശിക ഫുഡ് അങ്ങനെയാണ് ഒരുക്കുന്നത്. ആ കൾച്ചർ ആസ്വദിക്കുക തന്നെ വേണം. അങ്ങനെയുള്ള സൗകര്യം ഒരുക്കിയതുകൊണ്ട് ക്രൊയേഷ്യയുടെ സൗന്ദര്യം ആസ്വദിക്കാനെത്തുന്നവരിൽനിന്ന് കിട്ടുന്നത്, ഓരോ വ്യക്തിയുടെയും ഫാമിലിയുടേയും ഇൻകമായി മാറും. ഫാം ടൂറിസം വൻതോതിൽ വികസിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞാൽ, അവിടെ സാധാരണക്കാരുടെയും ഇടത്തരക്കാരുടേയും വരുമാനം ഇരട്ടിയാക്കാൻ സാധിക്കും. കേരളത്തിൽ വ്യത്യസ്തമായ കാലാവസ്ഥയാണ്. തിരുവനന്തപുരം കടപ്പുറത്തുനിന്ന് ഒരു മണിക്കൂർ യാത്ര ചെയ്താൽ പൊൻമുടിയായി. ഒരു ടൂറിസ്റ്റ് സന്ദർശിക്കേണ്ട പത്ത് സ്ഥലങ്ങളിലൊന്നായി കുമരകത്തെ പരാമർശിക്കുന്നു. പക്ഷെ നിർഭാഗ്യവശാൽ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ നോർത്തിനും സൗത്തിനും പ്രാതിനിധ്യമുണ്ടെങ്കിലും കുമരകം, തേക്കടി, മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വിട്ടുപോയിട്ടുണ്ട്. അത് വലിയ പ്രാധാന്യമുള്ള മേഖലയാണ്. തേക്കടി മുതൽ മൂന്നാർ വരെയുള്ള രണ്ടുവശവും ഏലത്തോട്ടങ്ങളാണ്. ആ ഏലത്തോട്ടങ്ങളുടെ ഒരു ഭാഗത്ത് ചില റിസോർട്ടുകളുണ്ട്. പ്രകൃതി സൗന്ദര്യം ആസ്വദിക്കത്തക്കവണ്ണമുള്ള ചെറിയ ചെറിയ കോട്ടേജുകൾ ഉണ്ടാക്കാനുള്ള സൗകര്യം കൊടുത്താൽ ആ സ്ഥലത്തിനൊരു എക്സംപ്ഷൻ കൊടുക്കേണ്ടി വരും. അങ്ങനെ വന്നാൽ വൻതോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനും വരുമാനം വർദ്ധിപ്പിക്കാനും കേരളത്തിലെ വൈവിദ്ധ്യമാർന്ന സൗന്ദര്യം ആസ്വദിക്കാനും കഴിയും.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കേരളത്തിന്റെ തനത് സംസ്കാരമായിരുന്ന കാളയോട്ടം മത്സരം. .....(മൈക്ക് ഓഫ്)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഞാൻ കാളയോട്ടമൊക്കെ നടത്തിയിട്ടുള്ളതാണ്. പക്ഷെ പ്രകൃതിസ്നേഹികൾ ഇടപെട്ട് അത് നിരോധിക്കുന്ന സ്ഥിതിയുണ്ടായി. ഏതായാലും നിയമം അനുവദിക്കുന്ന രീതിയിൽ അതൊക്കെ നടത്താം. ഫാം ടൂറിസത്തിന് വലിയ പ്രാധാന്യം കൊടുക്കുന്ന രീതിയിലേയ്ക്ക് നീങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഒരു ചെറിയ സംശയം തോന്നിയ കാര്യം തുടക്കത്തിൽ ഉന്നയിക്കുകയാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിയമത്തെ ബഹുമാനിക്കേണ്ടതിനെക്കുറിച്ചും നിയമപരിപാലനത്തെക്കുറിച്ചുമൊക്കെ പ്രതിപക്ഷം വളരെ വാചാലമാകുന്നു; വളരെ നല്ല കാര്യമാണ്. ഈ സഭയിൽ അനധികൃതമായി ബാനറുകളും പ്ലക്കാർഡുകളും പ്രദർശിപ്പിച്ചിരിക്കുന്നത് തെറ്റാണെന്ന് ചട്ടങ്ങൾ ചൂണ്ടിക്കാണിച്ച് ചെയർ റൂൾ ചെയ്തിട്ടും അതിന് പുല്ലുവിലപോലും കല്പിക്കാത്ത ഒരു നിലപാടുമായി പ്രതിപക്ഷം മുന്നോട്ടു പോകുമ്പോൾ നിയമ പരിപാലനത്തിനുവേണ്ടി അവരുയർത്തുന്ന വാദങ്ങൾ എത്ര ബാലിശമാണെന്ന് തോന്നിപ്പോകുകയാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി വളരെയധികം സ്വപ്നങ്ങളുള്ള ആളാണ്. സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള പ്രായോഗികമായ കാഴ്ചപ്പാടുകൾ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽനിന്നും വ്യക്തമാണ്. ഇക്കാര്യം ചുരുങ്ങിയ സമയത്തിനുള്ളിൽ തെളിയിക്കപ്പെട്ടിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം. 20000 കോടി രൂപയുടെ പുതിയ റോഡ് വികസന പദ്ധതികൾ ഇതിനോടകം തന്നെ സംസ്ഥാനത്ത് വിഭാവന ചെയ്യപ്പെട്ടുകഴിഞ്ഞു. അതുപോലെ റോഡ് സംരക്ഷണത്തിന് പുതിയ വെബ് പോർട്ടലും ക്രമീകരിക്കപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് റോഡുകൾ സംബന്ധിച്ച പരാതികൾ കൃത്യമായി, ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് 'PWD 4U' ആപ് നിലവിൽ വന്നു. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പരാതി കേൾക്കുന്ന 'റിംഗ് റോഡ്' ഫോൺ-ഇൻ-പ്രോഗ്രാം ആരംഭിച്ചു. ലെവൽ ക്രോസുകളില്ലാത്ത കേരളം, മലയോര - തീരദേശ ഹൈവേ, കാസർഗോഡ്-തിരുവനന്തപുരം ജലപാത പൂർത്തീകരിക്കൽ, കൃത്യമായ കർമ്മ പരിപാടികൾ, ദേശീയപാത ആറുവരിയാക്കൽ, ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം തുടങ്ങി നിരവധി ദീർഘവീക്ഷണമുള്ള പദ്ധതികൾ വിഭാവന ചെയ്യപ്പെട്ടിരിക്കുന്നതിനെ സ്വാഗതം ചെയ്യുകയും അങ്ങേയറ്റം അഭിനന്ദിക്കുകയും ചെയ്യുന്നു. "ജനങ്ങൾ റോഡിന്റെ കാഴ്ചക്കാരല്ല, കാവൽക്കാരാണ്" എന്ന ആശയം കേരളത്തിന്റെ പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിച്ചതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ടൂറിസം രംഗത്ത് വളരെ ശ്രദ്ധേയമായ നിലപാടുകളുമായി മുന്നോട്ടു പോകുകയാണ്. കോട്ടയം ജില്ലയെ " The land of letters, legends, latex & lakes" എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. ടൂറിസം രംഗത്ത് വളരെയേറെ അനന്ത സാധ്യതകളുള്ള കോട്ടയം ജില്ലയിൽ നിന്നാണ് ഞാൻ വരുന്നത്. കുമരകം, വാഗമൺ ഉൾപ്പെടെ ടൂറിസത്തിന്റെ എല്ലാ സാധ്യതയുടേയും ഏറ്റവും നല്ല ഡെസ്റ്റിനേഷനാണിത്. പൂഞ്ഞാർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചാണ് ഞാൻ നിയമസഭയിലെത്തിയത്. ഏറ്റവും പ്രകൃതിരമണീയമായ സ്ഥലമാണിത്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 24 ടൂറിസം സ്പോട്ടുകൾ കണ്ടെത്തി ഒരു ടൂറിസം സർക്യൂട്ട് സംസ്ഥാന ടൂറിസം വകുപ്പ് വിഭാവന ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നയങ്ങളും നിലപാടുകളുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഒന്നുരണ്ടു നിർദ്ദേശങ്ങൾ കൂടി ഉന്നയിക്കുവാനുണ്ട്. ഈ വകുപ്പിന് സ്ഥിരമായ ഒരു മെയിന്റനൻസ് വിംഗ് ഉണ്ടായിരിക്കുന്നത് നല്ലതായിരിക്കും. റോഡുകളിൽ രൂപംകൊള്ളുന്ന പോട്ട്ഹോൾസ് കൃത്യസമയത്തുതന്നെ വകുപ്പിന്റെ നേതൃത്വത്തിൽ അടയ്ക്കാൻ സംവിധാനമുണ്ടാകുമെങ്കിൽ റോഡിന്റെ ആയുസ്സും ഗുണനിലവാരവും വർദ്ധിക്കും. ടെണ്ടറുകളിലേയ്ക്കും മറ്റ് നടപടിക്രമങ്ങളിലേയ്ക്ക് പോകാതെയും കരാറുകാരെ ഏൽപ്പിക്കാതെയും ഇങ്ങനെ ചെയ്യാൻ സാധിക്കണം. റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക്കിന്റെയും റബ്ബറിന്റെയും ഉപയോഗം കൂടുതലായി വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. റോഡുകൾ പരമാവധി ബി.എം.ആൻഡ് ബി.സി. നിലവാരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ടൂറിസം പ്രാധാന്യം ഏറെയുള്ള വാഗമൺ റോഡിന്റെ പുനർനിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. കഴിഞ്ഞ ദിവസം റൂൾ 50 പ്രകാരം ബഹുമാന്യനായ ശ്രീ. പി. ടി. തോമസ് അടിയന്തരപ്രമേയം അവതരിപ്പിക്കുകയും ബഹുമാന്യനായ പ്രതിപക്ഷ നേതാവടക്കം സംസാരിക്കുകയും ചെയ്ത അവസരത്തിൽ, ആദരണീയനായ യശഃശരീരനായ ഞങ്ങളുടെ നേതാവ് കെ. എം. മാണി സാറിനെ വളരെയേറെ പരാമർശിക്കുകയും ഞങ്ങളെയോർത്ത് അവർ വിലപിക്കുകയും ചെയ്തു. അതുസംബന്ധിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതിലേയ്ക്കൊക്കെ നയിച്ച സാഹചര്യം സൃഷ്ടിച്ചതാരാണെന്നാണ് ആമുഖമായി പ്രതിപക്ഷത്തോട് ചോദിക്കാനുള്ളത്. കോൺഗ്രസ്സിന്റെ "വീക്ഷണം"- മുഖപത്രത്തിൽ പ്രസിദ്ധീകരിച്ച എഡിറ്റോറിയലിന്റെ ഒരു ഭാഗം ഇവിടെ അവതരിപ്പിക്കുകയാണ്. "മാണി എന്ന മാരണം" ഇതായിരുന്നു എഡിറ്റോറിയലിന്റെ തലവാചകം. ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്നും കോൺഗ്രസ്സിന് പിന്നോട്ടുപോകുവാൻ കഴിയുമോ? ഈ സഭയിൽ സന്നിഹിതനായ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, കോൺഗ്രസ്സ് നേതാക്കളായ ശ്രീ. റ്റി. എൻ. പ്രതാപൻ, ശ്രീ. ഡീൻ കുര്യാക്കോസ് തുടങ്ങിയവരുടെ ചിത്രമടങ്ങിയ മാതൃഭൂമി ഇംഗ്ലീഷ് ഓൺലൈനിന്റെ 9-11-2015 ദിനപ്പതിപ്പാണ് ഇവിടെ കാണിക്കുന്നത് (പേപ്പർ ഉയർത്തിക്കാട്ടി). Cannot bear with Mani further- V. D. Satheesan. KPCC Vice President Shri. V. D. Satheesan has said that the party cannot bear with Mani further, if appropriate action is not taken we would have to correct the leadership; പ്രസ്തുത വാചകങ്ങൾ അദ്ദേഹത്തിന് നിഷേധിക്കാൻ സാധിക്കുമോ? ഇതൊക്കെ

പറഞ്ഞവരാണ് ഇവിടെ കെ. എം. മാണി സാറിനുവേണ്ടി വാതോരാതെ സംസാരിക്കുകയും പ്രകീർത്തിക്കുകയും ഞങ്ങൾക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുകയും ചെയ്യുന്നത്. യേശുദേവൻ ജറുസലേം നിവാസികളോട് പറഞ്ഞതിങ്ങനെയാണ്, "നിങ്ങൾ എന്നെയോർത്ത് വിലപിക്കേണ്ട. നിങ്ങളെയും നിങ്ങളുടെ സന്തതികളെയും ഓർത്ത് വിലപിക്കുക" വിശുദ്ധ ബൈബിളിലെ പ്രസ്തുത വാചകമാണ് പ്രിയപ്പെട്ട കോൺഗ്രസ്സ് അംഗങ്ങളോട് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാനുള്ളത്. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പേരിലായിരുന്നു നിങ്ങൾ ഞങ്ങളെ പുറത്താക്കാനുള്ള ആദ്യ നടപടികളെടുത്തത്. അന്ന് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഞാനടക്കമുള്ള ആളുകൾ ഇന്ന് ഈ നിയമസഭയുടെ ഭരണപക്ഷത്തും ഞങ്ങളുടെ ആളുകൾ ട്രഷറി ബഞ്ചിലുമുണ്ടെങ്കിൽ നിങ്ങൾ താലോലിച്ച ആളുകൾ ഇന്ന് പെരുവഴിയിലാണ്. ഈ തെരഞ്ഞെടുപ്പിൽ, മദ്ധ്യ തിരുവിതാംകൂറിൽ ഒരുപാട് സീറ്റുകൾ മോഹിച്ചല്ലേ നിങ്ങൾ ഞങ്ങളെ ചവിട്ടി പുറത്താക്കിയത്. എന്നിട്ടെന്താണ് സംഭവിച്ചത്? കോട്ടയം ജില്ലയിൽ ഇന്ന് എൽ.ഡി.എഫ്.-നാണ് ഭൂരിപക്ഷം. ബി.ജെ.പി-യുമായി ബാന്ധവമില്ലാതിരുന്നെങ്കിൽ അസംബ്ലിയിൽ കോട്ടയം ജില്ലയിൽ, കോൺഗ്രസ്സ് ഒന്നോ രണ്ടോ സീറ്റിൽ ഒതുങ്ങുമായിരുന്നു. കോട്ടയം ജില്ലയിലെ 71 പഞ്ചായത്തുകളിൽ 51 എണ്ണവും 11 ബ്ലോക്ക് പഞ്ചായത്തുകളിൽ 10 എണ്ണവും ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തും ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. ഇടുക്കിയും പത്തനംതിട്ടയും ആരാണ് ഭരിക്കുന്നത്? ഇടുക്കിയിൽ ഒരു അസംബ്ലി സീറ്റിൽ നിങ്ങൾ ഒതുങ്ങിയില്ലേ; പത്തനംതിട്ടയിൽ മരുന്നിനുപോലും ഒരു കോൺഗ്രസ്സ് സീറ്റുണ്ടോ? പ്രിയപ്പെട്ടവരെ, ഞങ്ങളിന്ന് കൂടെനിന്ന് ചതിക്കുന്ന, ചതിയൻ ചന്തുമാരുടെ കൂടെയല്ല. നെഞ്ച് തന്നു സഹായിക്കുന്ന ഒതേനന്മാരോടൊപ്പമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ലോകം ഒരു പുസ്തകം പോലെയാണ്. യാത്ര ചെയ്യാത്തവർ ആ പുസ്തകത്തിന്റെ ഒരു പേജ് മാത്രം വായിക്കുന്നു. വിനോദസഞ്ചാരം, തുറമുഖം, പൊതുമരാമത്ത് എന്നീ മൂന്ന് വകുപ്പുകളും യാത്രകളുമായി ബന്ധപ്പെട്ടതാണ്. ഈ വകുപ്പുകൾക്കെല്ലാം ഇത്തവണത്തെ പുതുക്കിയ ബഡ്ജറ്റിൽ വലിയതോതിലുള്ള പരിഗണനയാണ് നൽകിയിട്ടുള്ളത്. കോവിഡ് വ്യാപനത്തെത്തുടർന്ന് ഏറ്റവും കൂടുതൽ പ്രതിസന്ധിയിലായത് വിനോദസഞ്ചാര മേഖലയാണ്. കോവിഡ് വ്യാപനം അവസാനിച്ചശേഷമേ വിനോദസഞ്ചാരമേഖല പഴയ നിലയിലേയ്ക്ക് തിരികെയെത്തുകയുള്ളൂ. എന്നാൽ അനന്തമായി കാത്തിരിക്കാതെ വ്യക്തമായ മുന്നൊരുക്കം സർക്കാർ തുടങ്ങിക്കഴിഞ്ഞു. ടൂറിസം മാർക്കറ്റിംഗ് മേഖലയ്ക്ക് നിലവിലുള്ള 100 കോടി രൂപയ്ക്കുപുറമേ 50 കോടി രൂപകൂടി അധികമായി ബഡ്ജറ്റിൽ

ഉൾക്കൊള്ളിച്ചത് ഈ മുന്നൊരുക്കത്തിന്റെ ഭാഗമായാണ്. ടൂറിസം മേഖലയിൽ അധിക മൂലധനം ഉറപ്പുവരുത്താൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും 400 കോടി രൂപയുടെ വായ്പ അനുവദിക്കാനുള്ള തീരുമാനവും കോവിഡാനന്തര കാലത്തെ മുമ്പിൽ കണ്ടുകൊണ്ടുള്ള ആസൂത്രണമാണ്. പുതിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ പുസ്തക പുറംചട്ട ഞാൻ വളരെനേരം ശ്രദ്ധിക്കുകയുണ്ടായി. ഒരു ചിത്രകാരന്റെ പെയിന്റിംഗാണത്. മരങ്ങളും ചെടികളും പക്ഷികളും നിറഞ്ഞ ഒരു ചെറുദ്വീപിന്റെ ചിത്രമായിരുന്നു. അഭിലാഷമാണല്ലോ സാക്ഷാത്കാരമായിത്തീരുന്നത്. പ്രകൃതിയുടെ വ്യത്യസ്ത ഭാവങ്ങൾ നിറഞ്ഞ ഒരു സംരക്ഷിതപ്രദേശമാണ് ഈ പെയിന്റിംഗിലുള്ളത്. കേരളത്തിന്റെ പ്രകൃതിയുടേയും പരിസ്ഥിതിയുടേയും മനോഹാരിത നഷ്ടപ്പെടാതെ സംരക്ഷിക്കുവാൻ സർക്കാർ തയ്യാറാകുമെന്നാണ് ഈ പെയിന്റിംഗിലൂടെ പ്രതീകാത്മകമായി പറയുന്നത്. കഴിഞ്ഞ ദിവസമാണ് മലയാളത്തിന്റെ അഭിമാനമായ ശ്രീ. എം. ടി. വാസുദേവൻ നായർക്ക് 88 വയസ്സ് തികഞ്ഞത്. സ്വന്തം നാട്ടിൻപുറങ്ങളും ഗ്രാമീണ കഥാപാത്രങ്ങളുമാണ് അദ്ദേഹത്തിന്റെ കൃതികളിലെ ചൈതന്യം. അതേപ്പറ്റിയുള്ള ചോദ്യങ്ങൾക്ക്, 'അറിയപ്പെടാത്ത മഹാസമുദ്രങ്ങളേക്കാൾ അറിയുന്ന നിളയെയാണ് എനിക്കിഷ്ടം' എന്ന് ഒരിക്കൽ അദ്ദേഹം എഴുതിയിട്ടുണ്ട്. നാം നമ്മുടെ പൈതൃകത്തെയും ഗ്രാമസൗഭാഗ്യങ്ങളെയും വേണ്ടവിധം തിരിച്ചറിയുമ്പോഴാണ് സംതൃപ്തി നൽകുന്നതെന്നാണ് എം. ടി. വാസുദേവൻ നായർ ഉദ്ദേശിച്ചത്. സാഹിത്യമേഖലയിൽ തലയെടുപ്പുള്ള ഒരുകൂട്ടം എഴുത്തുകാർ നമുക്കുണ്ട്. സാഹിത്യം ഉത്തമ മനുഷ്യരെ സൃഷ്ടിക്കാനുള്ള മാനസിക ശുദ്ധീകരണം നൽകുന്നുവെന്ന് പറയാറുണ്ട്. ബഡ്ജറ്റിലെ ലിറ്റററി സർക്യൂട്ട് പദ്ധതി നമ്മുടെ എഴുത്തുകാർക്കുള്ള പ്രണാമം കൂടിയാണ്. നമ്മളിൽ ആത്മശുദ്ധീക രണത്തിന് പ്രേരണ നൽകിയ എഴുത്തുകാർ ആദരിക്കപ്പെടണമെന്ന ഇടതുപക്ഷ സർക്കാരിന്റെ നിലപാടാണത്. തുഞ്ചത്തെഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയവരിലൂടെ പ്രശസ്തി നേടിയ പ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ളതാണ് പ്രസ്തുത പദ്ധതി. പുതിയ തലമുറയ്ക്ക് സാംസ്കാരിക അവബോധം സൃഷ്ടിക്കാൻ ഈ പദ്ധതി വളരെയേറെ പ്രയോജനകരമാകും.

കൊല്ലം വിസ്മരിക്കപ്പെട്ട ഒരു മഹാനഗരമാണ്. ലോസ്റ്റ് സിറ്റി എന്നുവേണമെങ്കിൽ ആലങ്കാരികമായി പറയാം. നഷ്ടമായ പുരാതന നഗരം, അതിപുരാതന തുറമുഖം. കൊടുങ്ങല്ലൂരും കൊല്ലത്തുമായിരുന്നു കേരളത്തിലെ അതിപ്രാചീന തുറമുഖങ്ങൾ സ്ഥിതിചെയ്തിരുന്നത്. കാലക്രമേണ കൊച്ചി ഉദയംകൊണ്ടതോടെ കൊടുങ്ങല്ലൂർ ക്ഷയിച്ചുപോയി. കൊല്ലം പ്രാചീന ഐശ്വര്യങ്ങളുടെ നിഴൽപ്പാടുകളുമായി നില കൊള്ളുന്നു. കൊല്ലത്തിന്റെ ചരിത്രമൂല്യം തിരിച്ചറിയുന്നില്ലെന്ന് പറയാനാണ് ഞാൻ

ശ്രമിച്ചത്. ചരിത്രമൂല്യം മാത്രമല്ല, കൊല്ലത്തിന്റെ ഉൾപ്രദേശങ്ങളുടെ ഭംഗിയും ആസ്വദിക്കപ്പെടുന്നില്ല. നീണ്ട കടൽത്തീരം, പ്രൗഢമായ കടൽ, ശാന്തമായ അഷ്ടമുടിക്കായൽ, കൃഷിയിടങ്ങൾ, തെങ്ങിൻ തോപ്പുകൾ, പച്ചപ്പുകളാൽ അലങ്കരിക്കപ്പെട്ട നാട്ടിൻപുറങ്ങൾ എന്നിങ്ങനെ അസാധാരണമായ കാഴ്ചാനുഭവങ്ങളുടെ പട്ടിക തീരുന്നില്ല. ഇതൊക്കെ കൊല്ലത്തുകാർക്കുമാത്രം പരിചയമുള്ള വിസ്മയങ്ങളാണ്. ഈയടുത്ത കാലത്ത് അഷ്ടമുടിക്കായലിന്റെ ഓരംചേർന്ന് ബൈപ്പാസ് വന്നപ്പോഴാണ് കുറച്ചെങ്കിലുമൊക്കെ ഭംഗി നാട്ടുകാർ കണ്ടത്. സ്വന്തം ഗ്രാമങ്ങളെയും സസ്യ വൈവിധ്യങ്ങളെയും അറിയാനായി വിഭാവന ചെയ്തുകൊണ്ടുള്ള ബഡ്ജറ്റിലെ ബയോഡൈവേഴ്സിറ്റി സർക്യൂട്ട് പദ്ധതി അതിന്റെ നവീനതകൊണ്ട് ഇതിനോടകം ശ്രദ്ധനേടിക്കഴിഞ്ഞു. അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര മുതൽ തെന്മല-അച്ചൻ കോവിൽ വരെയുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ സർക്യൂട്ട് പുതിയ അവബോധം സൃഷ്ടിക്കും. 50 കോടി രൂപയാണ് ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. വ്യക്തിപരമായി എന്നെ ആഹ്ലാദിപ്പിക്കുന്ന മറ്റൊരു ശ്രദ്ധേയമായ പ്രഖ്യാപനവും വിനോദസഞ്ചാര മേഖലയിലുണ്ട്. അത് ജലാശയങ്ങളിലേയ്ക്കും കരയിലേയ്ക്കുമായി ഒരേവിധം ഡിസൈൻ ചെയ്തിട്ടുള്ള ആംഫിബിയൻ വാഹനങ്ങളുടെ കടന്നുവരവാണ്. കൊല്ലം, കൊച്ചി, തലശ്ശേരി എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിൽവരുന്നത്. ഇത്തരം വാഹനങ്ങൾ വാങ്ങുന്നതിനായി അഞ്ച് കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. മുമ്പൊക്കെ നമ്മുടെ റോഡുകളെപ്പറ്റി മാധ്യമവാർത്തകൾ വരുമ്പോൾ സ്ഥിരമായി ഒരു ശീർഷകം രൂപപ്പെടുമായിരുന്നു. 'റോഡുകൾ കൊലക്കളമാകുന്നു' എന്നതായിരുന്നു ശീർഷകം. എന്നാൽ ഇന്ന് റോഡുകളിൽ കൊലക്കളമാകുന്ന ഭീതിപ്പെടുത്തുന്ന അനുഭവമില്ല.

കേരളത്തിൽ ഏറ്റവും കൂടുതൽ യാത്രചെയ്യുന്ന ഒരു വിഭാഗം ഏതാണെന്ന് ചോദിച്ചാൽ നാടകക്കാരാണെന്ന് നിസ്സംശയം പറയാം. കേരളത്തിന്റെ മുക്കിലും മൂലയിലും ഒരു കുടുസ്സ് വണ്ടിയിൽ പകൽ മുഴുവൻ യാത്ര, രാത്രി മുഴുവൻ നാടകം കളിക്കൽ എന്നതാണവസ്ഥ. അക്കൂട്ടരുടെ ഭാഗഭാക്കാകാൻ എനിക്കും ഭാഗ്യം ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പഴയ ഒരു റോഡ് സംഭവംകൂടി ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുകയാണ്. കഥ തുടങ്ങുന്നത് കോഴിക്കോട് നിന്നാണ്. അവിടെ ഒരു ചെറിയ സ്ഥലത്ത് കെ.പി.എ.സി.-യുടെ വാൻ നിർത്തിയിട്ടിരിക്കുന്നു. എല്ലാവരും ചായ കുടിച്ചശേഷം വാനിൽക്കയറി പോകാനായി തുടങ്ങിയപ്പോൾ നല്ലവനായ ഒരു കോഴിക്കോട്ടുകാരൻ ഓടിവന്ന് ചോദിച്ചു, 'വയനാട്ടിലേയ്ക്കാണോ പോകുന്നത്?' ഞങ്ങൾ പറഞ്ഞു, 'അതെ'. അദ്ദേഹം പോകരുതെന്ന് പറഞ്ഞു, അപ്പോൾ വാനിലുള്ളവർ - 'ഞങ്ങൾക്ക് പോയേ പറ്റൂ, സുൽത്താൻ ബത്തേരി വരെ പോകണം'. അപ്പോൾ കോഴിക്കോട്ടുകാരൻ പറഞ്ഞു, 'പോകരുത്, കാരണം മഴക്കാലം തുടങ്ങി, അവിടെ ചെറിയ ഗട്ടറും കുഴിയുമൊന്നുമല്ല, വലിയ ഗർത്തങ്ങളാണുള്ളത്. ഇതുകേട്ട്

വണ്ടിയിലുണ്ടായിരുന്ന തോപ്പിൽ ഭാസി പറയുകയുണ്ടായി -'അപ്പോൾ ഗർത്തവും കാണാം'! അതുകേട്ട് കോഴിക്കോട്ടുകാരന് വിഷമമായി. അദ്ദേഹം വീണ്ടും പറഞ്ഞു 'അങ്ങോട്ട് ചെല്ല്, ഒറ്റയാനിറങ്ങിയിട്ടുണ്ട്, വളരെ അപകടകാരിയായ ഒറ്റയാൻ'. അപ്പോൾ കെ. പി. ഉമ്മർ പറഞ്ഞു- 'അപ്പോൾ ഒറ്റയാനെയും കാണാം'. വീണ്ടും കോഴിക്കോട്ടുകാരൻ- 'മൂന്ന് ദിവസം മുൻപ് ആ ഒറ്റയാൻ ഒരു വണ്ടി തള്ളി കൊക്കയിലേക്കിട്ടു'. ഉടനെ തോപ്പിൽ കൃഷ്ണപ്പിള്ള - 'അപ്പോൾ കൊക്കയും കാണാം'. വണ്ടി വിട്ടുപോകുന്നു, താമരശ്ശേരി ചുരംകഴിഞ്ഞ് നേരേ കയറുകയാണ്, കുറച്ച് കഴിഞ്ഞപ്പോൾ വലിയൊരു ശബ്ദത്തോടെ വണ്ടി വലിയൊരു ഗർത്തത്തിൽ വീണു. സ്ത്രീകൾ നിലവിളിച്ചു, എങ്ങനെയൊക്കെയോ ഡ്രൈവറുടെ സാമർത്ഥ്യംകൊണ്ട് ആ ഗർത്തത്തിൽ നിന്നും പൊങ്ങി വളരെ സൂക്ഷിച്ച് പൊയ്ക്കൊണ്ടിരിക്കുമ്പോൾ, കൂട്ടത്തിലുള്ള ഒരു നടി പറഞ്ഞു, 'ആ പാവം കോഴിക്കോട്ടുകാരൻ പറഞ്ഞതു കേട്ടുകൊണ്ട് രാവിലെ യാത്ര തിരിച്ചാൽ മതിയായിരുന്നു'. ആരും ഒന്നും മിണ്ടിയില്ല. കുറച്ചു കഴിഞ്ഞ് ഒരു വളവ് തിരിഞ്ഞപ്പോൾ അതാ, അവിടെ ഒരു ഒറ്റയാൻ നിൽക്കുന്നു! തുമ്പിക്കൈ ഉയർത്തി അലറിക്കൊണ്ട് നിൽക്കുകയാണ്. പെട്ടെന്ന് വണ്ടി നിർത്തി. ലൈറ്റ് ഓഫ് ചെയ്യരുത്, ശബ്ദമുണ്ടാക്കരുത്, കരയരുത്, പുറകോട്ടെടുക്കരുത്, മുമ്പോട്ടെടുക്കരുത്, വണ്ടി റെയ്സ് ചെയ്യരുത് തുടങ്ങി ധാരാളം നിബന്ധനകൾ. എല്ലാവരും പേടിച്ച് വിവശരായിരിക്കുകയാണ്. എന്തുചെയ്യണമെന്ന് ആർക്കുമറിയില്ല. പെട്ടെന്ന് കെ.പി.എ.സി. സുലോചന പറഞ്ഞു, 'ആ പാവം മനുഷ്യൻ പറഞ്ഞപ്പോൾ സഖാക്കൾ എന്തൊക്കെയായിരുന്നു പറഞ്ഞത്, ഗർത്തം കാണാം, കൊക്ക കാണാം, എന്നിട്ട് ആരുമൊന്നും മിണ്ടുന്നില്ലല്ലോ; വീര്യമൊക്കെ പോയോ?'. ഒരു നിമിഷം കഴിഞ്ഞപ്പോൾ തോപ്പിൽ ഭാസി സുലോചനയോട് പറഞ്ഞു, 'സുലോചനേ, ഞാനൊരു തമാശപറഞ്ഞത് കാട്ടാന ഇത്ര സീരിയസ്സായി എടുക്കുമെന്ന് അറിഞ്ഞില്ല.' എല്ലാവർക്കും പൊട്ടിച്ചിരിക്കണമെന്നുണ്ട്, പക്ഷേ അതടക്കി. കുറച്ച് കഴിഞ്ഞപ്പോൾ കാട്ടാന തുമ്പിക്കൈ താഴ്ത്തി സൈഡിലൂടെ നടന്നു പോയി. അപ്പോൾ വീണ്ടും തോപ്പിൽ ഭാസി പറഞ്ഞു, 'ഹൃദയത്തിൽ നിന്നൊരു തമാശ വന്നാൽ കാട്ടാനയ്ക്കും മനസിലാകും, പക്ഷേ ചില മനുഷ്യർക്ക് അത് മനസ്സിലാകില്ല'. ഞാനിത് പറഞ്ഞത് ഒരു കാലത്ത് മലയാളിയുടെ തമാശയും പ്രതികരണവുമെല്ലാം പൊതുനിരത്തുകളെ മുൻനിർത്തിയായിരുന്നുവെന്ന് സൂചിപ്പി ക്കാനാണ്. ഇന്നതൊക്കെ പഴയകാലം. കാലത്തിനൊപ്പമല്ല, കാലത്തിന് ഒരുപടി മുന്നിലാണ് നമ്മുടെ റോഡുകൾ. കേരളത്തിലെ ഏതൊരു റോഡിന്റെയും സമഗ്രമായ വിവരങ്ങൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് അറിയാം. റോഡിൽ എവിടെയെങ്കിലും ഒരു തകരാർ കണ്ടതായി വിവരംകിട്ടിയാൽ ബഹുമാനപ്പെട്ട മന്ത്രി അവിടെ നേരിട്ടെത്തും, അതുമല്ലെങ്കിൽ ഉടൻ നടപടി സ്വീകരിക്കും. ഈ മാറ്റം പൊതുസമൂഹത്തിന് ബോദ്ധ്യമായി.

റോഡ് ഗതാഗത വികസനത്തെപ്പോലെ ഏറെ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് തുറമുഖ വികസനം. റോഡ് ഗതാഗത വികസനം നേരിടുന്ന വലിയ സമ്മർദ്ദങ്ങളെ ഒരു പരിധിവരെ ലഘൂകരിക്കുന്നതിന് തുറമുഖ വികസനം സഹായകരമാണ്. ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ തീരദേശ കപ്പൽ ഗതാഗതത്തിന്റെ വികസനത്തിന് സഹായകരമായ നയമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കൊച്ചിയിൽനിന്നും ബേപ്പൂരിലേയ്ക്ക് ചരക്കുകപ്പൽ സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത സേവനം കൊല്ലം തുറമുഖത്തേയ്ക്കും ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കണം. വൻകിട തുറമുഖമായ കൊച്ചിയിൽ കൈകാര്യം ചെയ്യുന്ന ചരക്കിന്റെ കാര്യത്തിൽ വർഷംതോറും ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ മറ്റ് ഇടത്തരം തുറമുഖങ്ങളുടെ കാര്യത്തിൽ, അവയുടെ ശേഷിക്കും സാധ്യതകൾക്കുമനുസൃതമായി കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ കാര്യത്തിൽ വർദ്ധനവുണ്ടാകേണ്ടതാണ്. ഇടത്തരം തുറമുഖമായ കൊല്ലം തുറമുഖത്തിന് ചരക്കുനീക്കത്തിന് സഹായകരമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും സജ്ജമാണ്. തുറമുഖത്തിന് നൂറുമീറ്റർ നീളത്തിൽ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്തിന്റെ ശേഷിക്കും സാധ്യതകൾക്കും അനുസൃതമായി വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. രാജ്യാന്തര കപ്പൽ പാതയ്ക്ക് അടുത്ത് കിടക്കുന്ന കൊല്ലം തുറമുഖത്തിന് ക്രൂ ചേഞ്ചിംഗ് സർവ്വീസും ബങ്കറിംഗ് സർവ്വീസും ഏർപ്പെടുത്തുന്നതിനുള്ള വലിയ സാധ്യതകളുണ്ട്. കൊല്ലം തുറമുഖത്തു നിന്നുമുള്ള ചരക്ക്-യാത്രാ കപ്പലുകൾ സർവ്വീസ് നടത്തുന്നതിന് ക്രൂ ചേഞ്ചിംഗ്, ബങ്കറിംഗ് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള മുഖ്യതടസ്സമായി നിൽക്കുന്നത് സ്ഥിരമായി എമിഗ്രേഷൻ സംവിധാനം തുറമുഖത്ത് ഇല്ലാത്തതാണ്. കൊല്ലം തുറമുഖത്തെ എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യമുള്ള ENTRY & EXIT പോയിന്റായി പ്രഖ്യാപിച്ചുകൊണ്ടുള്ള സർട്ടിഫിക്കേഷനും അനുമതിയും കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. കപ്പലുകളുടെയും കപ്പൽ ജീവനക്കാരുടെയും ചരക്കുകളുടെയും സുരക്ഷിതത്വത്തിനായി ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ISPS (International Ship and Port Facility Security) Certification നടപടി അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ നടത്തിവരുന്ന ശ്രമം കൂടുതൽ ഊർജ്ജിതപ്പെടുത്തണം. കൊല്ലത്തിന്റെ മുഖച്ഛായ മാറണം. മാറ്റമൊഴികെ മറ്റെന്തും മാറ്റങ്ങൾക്ക് വിധേയമാണെന്ന നിരീക്ഷണം യുക്തിപരവും ശാസ്ത്രീയവുമാണ്. സംസ്ഥാനത്തിന്റെ സമസ്തമേഖലകളിലും പ്രകടമാകുന്ന മാറ്റം മുന്നേറ്റമാണ്. 'കോവിഡ് പ്രതിസന്ധികളെ മറികടന്നുകൊണ്ട് നാം മുന്നോട്ട് 'എന്നുപറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കാരണം കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് തുടർഭരണം കിട്ടിയപ്പോൾ കോവിഡ് കാലത്ത് കിറ്റ് കൊടുത്തതുകൊണ്ടാണെന്ന് പ്രതിപക്ഷത്തുനിന്ന് ചിലർ പറയുകയുണ്ടായി. അതൊന്നും യാഥാർത്ഥ്യമല്ല. ഏത് തെരഞ്ഞെടുപ്പിലും എടുത്ത് പ്രയോഗിക്കുന്ന ഒരു ആയുധമാണ് റോഡിലെ കുഴികൾ. എല്ലാ ഭരണകാലങ്ങളിലും തെരഞ്ഞെടുപ്പ് സമയത്ത്, 'പാതാളത്തിലേയ്ക്കുള്ള ദൂരം കുറഞ്ഞു, ഗട്ടറിലൂടെ മാവേലിക്ക് നാട്ടിലെത്താൻ എളുപ്പമുണ്ട് ഇത്തരം തമാശകൾ നിറഞ്ഞ തെരഞ്ഞെടുപ്പ് പ്രസംഗങ്ങളാണ് കേട്ടിരുന്നത്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ കേരളത്തിലെ റോഡുകളിൽ ഗട്ടറുണ്ട്, ആ റോഡുകൾ മോശമാണ് എന്ന പരാമർശമുണ്ടാകാതെ, കഴിഞ്ഞ അഞ്ച് വർഷവും പി.ഡബ്ല്യൂ.ഡി. വകുപ്പിന് സത്യസന്ധമായും സുധീരമായും നേതൃത്വംകൊടുത്ത പ്രിയപ്പെട്ട മുൻമന്ത്രി ശ്രീ. ജി. സുധാകരനെ ഈ അവസരത്തിൽ ഓർക്കാതിരിക്കാൻ കഴിയില്ല. നല്ല രീതിയിൽ വാഹനമോടിച്ചുപോകാൻ കഴിയുന്ന തരത്തിലേയ്ക്ക് കേരളത്തിലെ റോഡുകളെ മാറ്റിയെടുത്ത, ഗട്ടറുകളില്ലാത്ത റോഡുകൾ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിത്തന്ന മുൻമന്ത്രി ശ്രീ. ജി. സുധാകരന്റെ പാത പിൻതുടർന്നു കൊണ്ടാണ് യുവത്വത്തിന്റെ പ്രതീകമായ നിലവിലെ വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് മുന്നോട്ടുപോകുന്നത്. അദ്ദേഹം പറഞ്ഞത് ഞങ്ങൾ തുടർന്നുവന്ന നയം തുടരുമെന്നാണ്. അദ്ദേഹം പറയുന്നത് ശരിയാണ്, നമുക്ക് അഭിമാനിക്കാം. കേരളത്തിലെ സ്റ്റേറ്റ് ഹൈവേയിലും കേരള പി.ഡബ്ല്യൂ.ഡി.-യുടെ ചുമതലയുള്ള റോഡുകളിലും ഗട്ടറില്ലെന്ന് നാം അഭിമാനിക്കുമ്പോൾ ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്ര ണത്തിലുള്ള നാഷണൽ ഹൈവേയിൽ വീണ്ടും കുഴികൾ രൂപപ്പെട്ടുതുടങ്ങിയി രിക്കുന്നു. കേന്ദ്ര ഗവൺമെന്റുമായി ചർച്ചചെയ്ത് ആവശ്യമായ പണം അനുവദിച്ച് അതിനൊരു നടപടിയുണ്ടാകണം.

കുതിരാൻ തുരങ്കത്തിന്റെ ഉദ്ഘാടനം നടത്തി. കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടനവും ഇതുപോലെയായിരുന്നു. ജനപ്രതിനിധികളെപോലും അറിയിക്കാതെ രഹസ്യമായി, അതിരാവിലെ ഇരുട്ടത്ത്, ഉദ്ഘാടനം നടത്താൻ ഇറങ്ങുകയായിരുന്നു. ഇതൊക്കെ കാണുന്ന ജനങ്ങളാരും ബി.ജെ.പി.-ക്കാർ മിടുക്കരായി എന്ന് പറയില്ല. കേന്ദ്ര ഗവൺമെന്റിന്റെ മഹത്തായ സംരംഭം, മഹത്തായ ബുദ്ധി എന്നൊന്നും ഇതിനെ ആരും വിശേഷിപ്പിക്കുകയുമില്ല. ഇത്രയും നിലവാരം താഴ്ന്നുപോയല്ലോ എന്നാണ് കേരളത്തിലെ ജനങ്ങൾ ചിന്തിക്കുന്നത്. ഒളിച്ചുംപാത്തും ഉദ്ഘാടനം ചെയ്യേണ്ട കാര്യമില്ല. സുരക്ഷിതത്വം ഉറപ്പുവരുത്തി കുതിരാൻ തുരങ്കം തുറന്നുകൊടുക്കുക യെന്നത് ഏറ്റവും സന്തോഷമുള്ള കാര്യമാണ്. എനിക്കതിൽ അഭിമാനവുമുണ്ട്,

കാരണം 2011-ൽ കുതിരാൻ തുരങ്കം നിർമ്മിക്കുന്നതിനായി വനംവകുപ്പിന്റെ അനുവാദം കൊടുക്കുന്നതിന് ഫയലിൽ ഒപ്പിട്ട മന്ത്രിയായിരുന്നു ഞാൻ. പക്ഷെ അത് പൂർത്തിയാകുമ്പോൾ ജനങ്ങളെയും ജനപ്രതിനിധികളെയും മന്ത്രിമാരെയും സർക്കാരിനെയും നാട്ടുകാരെയും ഒളിച്ച് കള്ളക്കളിനടത്തേണ്ട കാര്യമില്ല. പരസ്യമായി ഒരു കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യുന്നതിൽ കുഴപ്പമില്ല. എന്തിനാണ് ഈ രഹസ്യസ്വഭാവം; ഇതൊക്കെ രാഷ്ട്രീയത്തിൽ വിലപ്പോകില്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്കാരെ കേരളത്തിലെ ജനങ്ങൾ ബോദ്ധ്യപ്പെടുത്തി കൊടുത്തതാണ്. പിന്നെയും ഇത്തരം പരിപാടികളുമായി ഇറങ്ങിയിരിക്കുകയാണ്.

നമ്മളെ സംബന്ധിച്ചിടത്തോളം, നമ്മുടെ നാട്ടിലെ റോഡുകൾ കൂടുതൽ നന്നാകണമെന്നാണ്. അതുപോലെ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട്, എന്റെ ജില്ലയെ പ്രതിനിധീകരിച്ചുകൊണ്ട് ഒരു കാര്യം പറയുകയാണ്. കൊല്ലം - ആര്യങ്കാവ് റോഡിൽ കൊട്ടാക്കര മുതൽ കൊല്ലംവരെ വാഹനങ്ങൾ വരിവരിയായി ഘോഷയാത്ര പോലെയാണ് പോകുന്നത്. സൈഡ് കൊടുക്കാൻ സ്ഥലമില്ല. ഒരു ബസ് വഴിയിൽ നിർത്തിയാൽ പിറകിൽ വരുന്ന എല്ലാ വാഹനങ്ങളും അവിടെ നിൽക്കേണ്ടതായി വരും. ബഹുമാനപ്പെട്ട മന്ത്രി ഒരുകാര്യം ശ്രദ്ധിച്ചാൽ നന്നായിരുന്നു. ഈ റോഡിന്റെ ഇരുവശത്തും ഓരോ മീറ്റർ വീതിക്ക് ടാർ ചെയ്യാനുള്ളൊരു പദ്ധതി സമർപ്പിക്കണം. അതിന് ലാൻഡ് അക്വിസിഷന്റെ ആവശ്യമില്ല. ചില സ്ഥലങ്ങളിൽ മരം മുറിച്ച് മാറ്റേണ്ടതായി വരും. കടകൾ പൊളിച്ച് മാറ്റേണ്ടതായി വരില്ല. കൊല്ലം മുതൽ പൂനലൂർ വരെ നല്ല വീതിയുള്ള റോഡാണ്, പക്ഷേ ടാർ വീതി കുറവാണ്. ഇരുവശത്തും ഓരോ മീറ്റർ വച്ച് റോഡിന് രണ്ട് മീറ്റർ വീതികൂട്ടിയാൽ ഈ ഹൈവേയിൽക്കൂടി നല്ലനിലയിൽ വാഹനതടസ്സമില്ലാതെ സൈഡ് കൊടുത്ത് പോകാൻ കഴിയും. ചില സ്ഥലങ്ങളിൽ ബസ്ബേകൂടി സ്ഥാപിച്ചാൽ നന്നായിരുന്നു. എളുപ്പത്തിൽ, കുറഞ്ഞ ചെലവിൽ നടത്താൻ കഴിയുന്ന ഒരു കാര്യമാണിത്. അതിന് വലിയ പ്രതിഷേധങ്ങളൊന്നുമുണ്ടാകില്ല. അതുപോലെ കുറച്ചുകൂടി ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് എല്ലാ എം.എൽ.എ.-മാരുടെയും ആവശ്യമാണ്. ത്രിതല പഞ്ചായത്ത് സംവിധാനം വന്നപ്പോൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഗ്രാമീണ റോഡുകൾ ജില്ലാ - ബ്ലോക്ക് -ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയത്. അതിൽ പല റോഡുകളുടെയും നീളം വളരെ കൂടുതലാണ്. എന്റെ നിയോജകമണ്ഡലത്തിലെ 13 കിലോമീറ്റർ നീളം വരുന്ന ഒരു റോഡ് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചിരുന്നു. ഡോ. എം. കെ. മുനീർ മന്ത്രിയായിരുന്ന അവസരത്തിൽ അത് പി.ഡബ്ല്യൂ.ഡി. റോഡാക്കി മാറ്റി; 13 കിലോമീറ്റർ നീളം വരുന്ന റോഡ് ജില്ലാപഞ്ചായത്തിന് അഫോഡബിൾ അല്ല. ഒരു ജില്ലയിലെ എല്ലാ

അംഗങ്ങൾക്കും തുക വീതം വയ്ക്കുമ്പോൾ ഒരു നിയോജക മണ്ഡലത്തിലെ ഇതുപോലുള്ള റോഡ് പണിയാൻ പര്യാപ്തമായ പണം കിട്ടുകയില്ല. അതിനാൽ ഒരു മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഇത്തരം റോഡുകളെ ഇത്രകിലോമീറ്ററിന് മുകളിലുള്ള അല്ലെങ്കിൽ ഇത്ര വീതിയുള്ള റോഡുകൾ ഒ.ഡി.ആർ. (Other District Road), എം.ഡി.ആർ. (Major District Road) ആക്കി മാറ്റാൻ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കിഫ്ബി വർക്കുകളെക്കുറിച്ച് ദീർഘമായി സംസാരിക്കുന്നില്ല. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച ആറ് റോഡുകളാണ് എനിക്ക് അനുവദിച്ചുകിട്ടിയത്. ആ ദിവസം ഞാൻ വളരെ സന്തുഷ്ടനായിരുന്നു. ജനങ്ങളോടെല്ലാം ആ വിവരം വിളിച്ച് അറിയിക്കുകയും ചെയ്തു. ഇന്ന് അതോർത്ത് വളരെ ദുഃഖിതനും ഖിന്നനും വേദന അനുഭവിക്കുന്ന ഒരാളുമായി ഞാൻ മാറി. ഞാൻ ജനങ്ങളുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. അതിവിദഗ്ദ്ധരുടെ ബാഹുല്യമാണ് കിഫ്ബി റോഡുകൾ തടസ്സപ്പെടുത്തുന്നത്. സാധാരണ എഞ്ചിനീയർമാർക്ക് അപ്പുറം, അതിവിദഗ്ദ്ധർ കേരളത്തിലെ ചീഫ് എഞ്ചിനീയർമാരെ പഠിപ്പിക്കുകയാണ്. കഴിഞ്ഞയാഴ്ച ഒരു സ്വകാര്യ കോളേജിൽനിന്ന് വൻ തുക ഡൊണേഷൻ കൊടുത്ത് ബി.ടെക് പാസ്സായി പുറത്തിറങ്ങിയ പയ്യൻ കേരളത്തിലെ ചീഫ് എഞ്ചിനീയറെ പാഠം പഠിപ്പിക്കുകയാണ്. അത് ശരിയല്ല. സത്യം എവിടെയായാലും പറയാതിരിക്കാൻ കഴിയില്ല. അതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. അതിനെക്കുറിച്ച് വിശദമായി പിന്നീട് സംസാരിക്കാം. അതിവിദഗ്ദ്ധരുടെ ബാഹുല്യം വലിയ ബുദ്ധിമുട്ടായി മാറുന്നു. കേരളത്തിൽ 30-35 വർഷം സർവ്വീസുള്ള എഞ്ചിനീയർമാർക്കുമേൽ ക്വറിയെഴുതുന്നത് ഇതുപോലെ അടുത്തകാലത്ത് ബി.ടെക് പഠിച്ചിറങ്ങിയ, ദിവസം പതിനായിരം രൂപ കൈപ്പറ്റുന്ന മാന്യന്മാരാണ്. തെറ്റാണെങ്കിൽ ക്ഷമിക്കണം, സത്യം പറഞ്ഞേ പറ്റൂ. ഇവരുടെയെല്ലാം പ്രവർത്തനങ്ങൾമൂലം ജനങ്ങളുടെ മുന്നിൽ നമ്മളെപ്പോലുള്ളവർ ബുദ്ധിമുട്ടുകയാണ്. ഇത്തരക്കാർ എഴുതുന്ന ക്വറികൾ അർത്ഥമില്ലാത്തവയാണ്. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് വായിച്ച് അതിൽ എഴുതിയിരിക്കുന്ന മണ്ടത്തരങ്ങൾ പരിശോധിക്കണം.

പ്രധാനപ്പെട്ട റോഡുകളിലെ എല്ലാ റെയിൽവെ ലൈനുകളിലും റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുമെന്ന പ്രഖ്യാപനം വളരെ നല്ലതാണ്. നൂറ് വർഷത്തിലധികം പഴക്കമുള്ള കൊല്ലം - ചെങ്കോട്ട പാതയിൽ പത്തനാപുരത്ത് കുന്നിക്കോടിൽ ഒരു ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് സഹായിക്കണം.

എല്ലാ പഞ്ചായത്തുകളിലും ടൂറിസം കേന്ദ്രം ആരംഭിക്കുമെന്ന ഒരു പ്രഖ്യാപനം കണ്ടിരുന്നു. അതിന്റെ ആവശ്യമില്ല. എന്റെ നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ ഒന്നോ രണ്ടോ പഞ്ചായത്തിൽ മാത്രമേ ടൂറിസത്തിന്

സാധ്യതയുള്ളൂ. ബഹുമാന്യനായ ചെയറിന് അതറിയാം. ടൂറിസം സാധ്യതയുള്ള ഇടവ, വർക്കല, കോവളം, മൂന്നാർ, കുമരകം, ബേക്കൽ തുടങ്ങിയ കേന്ദ്രങ്ങളെ സംരക്ഷിക്കാൻ ടൂറിസം വകുപ്പ് മുൻകയ്യെടുക്കുകയാണ് ഇതിനേക്കാൾ നല്ലത്. വർക്കല ക്ലിഫ് ഇടിഞ്ഞ് താഴ്ന്നുകൊണ്ടിരിക്കുകയാണ്. വർക്കല പ്രധാനപ്പെട്ടൊരു ടൂറിസ്റ്റ് കേന്ദ്രമാണ്. അതൊക്കെ സംരക്ഷിക്കപ്പെടണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി വർക്കല സന്ദർശിച്ചിരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അദ്ദേഹം മന്ത്രിയായി വന്നപ്പോൾത്തന്നെ ഞാൻ വർക്കലയുടെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ആലപ്പുഴ ബോട്ട്ജെട്ടിയിലെ വെള്ളത്തിലെ മാലിന്യം കണ്ടാൽ സഹിക്കില്ല. ആ ബോട്ട്ജെട്ടിയിൽ ഒരാൾ വീണാൽ, അയാൾ ജീവനോടെ രക്ഷപ്പെടാതിരിക്കുന്നതാണ് ഭാഗ്യം എന്നുചിന്തിക്കുന്ന തരത്തിലുള്ള മാലിന്യമാണ് അവിടെയുള്ളത്. ആലപ്പുഴ കായലിലെ പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ടൂറിസം വകുപ്പ് മുൻകയ്യെടുക്കണം. കായലിന്റെ ഏറ്റവും വലിയ ഉപഭോക്താവ് ടൂറിസം വകുപ്പാണ്. ടൂറിസം വകുപ്പിനെ വനംവകുപ്പുമായി കൈകോർത്ത് പ്രവർത്തിക്കാൻ അനുവദിക്കണം. ഏറ്റവും നല്ല ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹൈടെക് ആക്കണം. അവിടെ നല്ല ഗൈഡുകളെ ഏർപ്പെടുത്തണം. Kerala Institute of Tourism and Travel Studies (KITTS) പോലുള്ള ഏജൻസികളിൽ ഗൈഡുകളെ പരിശീലിപ്പിക്കുന്ന ഡിപ്ലോമ കോഴ്സ് ആരംഭിക്കണം. വിദേശ രാജ്യങ്ങളിൽ ബോട്ടണി, സുവോളജി, ടൂറിസം, ചരിത്രം തുടങ്ങിയ എല്ലാ വിഷയങ്ങളെക്കുറിച്ചും പഠിച്ചശേഷമാണ് ഗൈഡ് വരുന്ന സന്ദർശകർക്ക് വിവരിച്ചുകൊടുക്കുന്നത്. ഗൈഡാകുന്നതിനുവേണ്ടി പല രാജ്യങ്ങളിലും ഡിഗ്രി കോഴ്സുകളുണ്ട്. ഈ ഗൈഡുകളുടെ പെരുമാറ്റമാണ് ടൂറിസ്റ്റുകളെ നശിപ്പിക്കുന്നത്. അമ്പത് കോടി രൂപ ചെലവാക്കി പരസ്യം ചെയ്തിട്ട് വരുന്ന ടൂറിസ്റ്റിനെ ഒരു ഗൈഡ് കബളിപ്പിച്ചാൽ 'ആലപ്പുഴയിലേയ്ക്കോ തിരുവനന്തപുരത്തേയ്ക്കോ പോകരുത്, നിങ്ങളെ ഗൈഡ് പറ്റിക്കും' എന്ന് അദ്ദേഹം ഫേസ്ബുക്കിൽ രേഖപ്പെടുത്തും. കബളിപ്പിക്കുന്നത് ചിലപ്പോൾ അഞ്ച് ഡോളറിനായിരിക്കും, പക്ഷെ ഈ ഒറ്റ ഫേസ്ബുക്ക് പോസ്റ്റിലൂടെ നമ്മുടെ അമ്പത് കോടി രൂപയുടെ പരസ്യവും പ്രവർത്തനവും അദ്ധ്വാനവുമെല്ലാം പാഴായിപ്പോകും. നമ്മൾ ടൂർ പോകുമ്പോൾ പോകാനുള്ള സ്ഥലത്തെയും താമസിക്കാനുള്ള ഹോട്ടലിനെയും സംബന്ധിച്ചുള്ള കമന്റുകൾ വെബ്സൈറ്റിൽ സെർച്ച് ചെയ്യും. കമന്റുകൾ മോശമാകുന്ന തരത്തിലുള്ള പെരുമാറ്റം വരാൻ പാടില്ല. വനം - ടൂറിസം വകുപ്പുകൾ ഒന്നിച്ച് കൈകോർത്ത് പ്രവർത്തിക്കണം. ഇവിടെനിന്ന് എതിരഭിപ്രായമൊക്കെ വരും.കർണ്ണാടകത്തിൽ ഫോറസ്റ്റ് ടൂറിസമുണ്ട്. ഫോറസ്റ്റും ടൂറിസവുംകൂടി സഹകരിച്ചുകൊണ്ട് ഫോറസ്റ്റ് കനോപ്പി (forest canopy) എന്ന

പേരിൽ ചില റിസോർട്ടുകളിൽ വൈൽഡ് ലൈഫ് കാണാൻ വേണ്ടിയുള്ള സൗകര്യം ഒരുക്കുന്നുണ്ട്. ഇവിടത്തെ ഇക്കോ ടൂറിസത്തിന്റെ വേറൊരു രൂപമാണത്. ടെന്റുകളിൽ താമസിച്ചുകൊണ്ട് വൈൽഡ് ലൈഫ് നേരിട്ട് കാണാൻ കഴിയുന്ന സംവിധാനമാണത്. കെനിയയിലും മറ്റും കാണാൻ കഴിയുന്ന ഇത്തരം സംവിധാനങ്ങൾ കേരളത്തിലുമുണ്ടാക്കാൻ കഴിയും. അതിനുപറ്റിയ സ്ഥലങ്ങളെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം.

സാംസ്കാരികം-ടൂറിസം എന്നീ വകുപ്പുകൾ കൈകോർക്കണമെന്ന് ശ്രീ. എം. മുകേഷ് എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ ചെയ്താൽ ഉത്സവ സീസൺ അല്ലാത്ത സമയങ്ങളിൽ കലാകാരൻമാർക്ക് ജീവിക്കാനൊരു മാർഗ്ഗമാകും. പ്രൊഫഷണൽ നാടകത്തിന്റെ മണ്ണായ കൊല്ലത്ത് എല്ലാ ചൊവ്വാഴ്ചയും പോയാൽ പ്രൊഫഷണൽ നാടകം കാണാൻ കഴിയും. ആലപ്പുഴയിൽ എത്തിയാൽ വില്ലടിച്ചാൻ പാട്ട് കാണാൻ കഴിയും. നഷ്ടപ്പെട്ടുപോകുന്ന ചില കലാരൂപങ്ങളിൽപ്പെടുന്നവ കേരള ഫോക്ക് ലോർ അക്കാദമി മുന്നോട്ടുവയ്ക്കുന്നുണ്ട്. തൃശ്ശൂരിലെത്തിയാൽ കഥകളി കാണാം. ഇത് ടൂറിസം പാക്കേജും കലണ്ടറുമായി രൂപപ്പെടുത്തണം. കണ്ണൂരിലെ കലാരൂപങ്ങളായ തെയ്യം, പാലക്കാടിലെ കലാരൂപമായ പടയണി, യക്ഷഗാനം തുടങ്ങിയവ വടക്കേ ഇന്ത്യയിൽനിന്നും ഇന്ത്യയ്ക്കു പുറത്തുനിന്നും വരുന്ന ടൂറിസ്റ്റുകൾക്ക് കാണാൻ അവസരമുണ്ടാക്കി കൊടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ടൂറിസം വകുപ്പുമായി കൈകോർത്ത് ഒരു സാംസ്കാരിക ടൂറിസം എന്ന നിലയിൽ സ്ഥിരം നാടകവേദി രൂപീകരിക്കണം. അമേരിക്കയിൽ പോയാൽ ബ്രോഡ്‌വേ ഷോ കാണാം. അവിടെ സ്ഥിരം നാടകവേദിയുണ്ട്. അതുപോലെ പ്രൊഫഷണൽ നാടകം, മോഹിനിയാട്ടം, കഥകളി തുടങ്ങിയവ കാണാനുള്ള വേദി ജില്ലകൾ കേന്ദ്രീകരിച്ച് അവിടെയുള്ള ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് പോലെയുള്ള സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് പഞ്ചായത്തിന്റെയോ, മുനിസിപ്പാലിറ്റിയുടെയോ സഹകരണത്തോടെ നടപ്പിലാക്കിയാൽ ടൂറിസം രംഗത്തെ തകർച്ചയിൽനിന്ന് കരകയറ്റാൻ സാധിക്കും. യുവത്വത്തിന്റെ പ്രതീകമായ അങ്ങേയ്ക്ക് വ്യത്യസ്തമായൊരു ടൂറിസം ശൈലി കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. എനിക്ക് ഇത്രയും സമയം അനുവദിച്ചുതന്നതിന് ചെയറിനോട് ഞാൻ നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എച്ച്. സലാം: സർ പൊതുമരാമത്ത്, ടൂറിസം, തുറമുഖം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ചർച്ച നടക്കുന്ന സമയം ഇവിടെ മറ്റുചില അംഗങ്ങൾ പറഞ്ഞതുപോലെ കുതിരാൻ തുരങ്കപാത തുറന്നുകൊടുത്ത സന്തോഷകരമായ നിമിഷത്തിലാണ് നമ്മൾ പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. രാജ്യത്തിന്റെ പുരോഗതിയുടെ അടിസ്ഥാന

ഘടകങ്ങളിലൊന്ന് കണക്ടിവിറ്റിയാണ്. ഉത്പാദനവും ഉത്പന്നങ്ങളുടെ സഞ്ചാരവും നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളാണ്. അതിന് കഴിയുന്ന തരത്തിലേക്കുള്ള റോഡ് കണക്ടിവിറ്റി അല്ലെങ്കിൽ മറ്റു തലത്തിലേക്ക് സഞ്ചാരത്തിന്റേതായിട്ടുള്ള ബന്ധം സൃഷ്ടിക്കപ്പെടുക എന്നത് പ്രധാനപ്പെട്ടതാണ്. 1952-ൽ ഗ്രാമവികസന വകുപ്പ് രൂപീകരിക്കുന്ന കാലത്ത് ഗ്രാമങ്ങൾ ഒറ്റപ്പെട്ട് നിൽക്കുന്നുവെന്നാണ് അന്നത്തെ റിപ്പോർട്ടിലുണ്ടായിരുന്നത്. ഒരു ഗ്രാമത്തിലുണ്ടാകുന്ന ഉല്പന്നം മറ്റ് ഗ്രാമങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് റോഡ് കണക്ടിവിറ്റിയുടെ കാര്യത്തിൽ കേരളത്തെ നമ്പർ വൺ ആയി മാറ്റിത്തീർക്കാൻ ഒന്നാം പിണറായി സർക്കാർ ശക്തമായി മുന്നോട്ടുപോയിട്ടുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് അതിവേഗതയിൽ മുന്നോട്ടുപോകുന്നതായി കാണാൻ കഴിയും. കുറഞ്ഞ സമയംകൊണ്ട് കൂടുതൽ നേട്ടങ്ങൾ വെട്ടിപ്പിടിക്കുവാനും മനുഷ്യൻ വേഗത്തിൽ സുരക്ഷിതമായി സഞ്ചരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നൊരു കാലമാണ്. അങ്ങനെ സുരക്ഷിതമായ വേഗതയിൽ സഞ്ചരിക്കാൻ കഴിയുന്ന മികച്ച റോഡുകൾ കഴിഞ്ഞ അഞ്ച് വർഷക്കാലം ഒന്നാം പിണറായി സർക്കാരിന് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റുണ്ടായ മേഖലയാണ് പൊതുമരാമത്ത് വകുപ്പ്. കഴിഞ്ഞ പിണറായി സർക്കാരിലെ എന്റെ മുൻഗാമികൂടിയായിരുന്ന ശ്രീ. ജി. സുധാകരൻ വളരെ മിടുക്കോടെ കൈകാര്യം ചെയ്തിട്ടുള്ള വകുപ്പാണിത്. ഇപ്പോൾ രണ്ടാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് മിടുമിടുക്കനായിട്ടുള്ള ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഈ വകുപ്പ് ഏറ്റവും മാതൃകാപരമായി കൈകാര്യം ചെയ്യുന്നതിന് തുടക്കംകുറിച്ചിരിക്കുന്നുവെന്ന് കാണാൻ കഴിയും. അരി വെന്തോ എന്നുനോക്കാൻ എല്ലാ വറ്റും ഞെക്കി നോക്കേണ്ട കാര്യമില്ല. ഒന്നോ രണ്ടോ വറ്റ് ഞെക്കി നോക്കിയാൽ മതിയാകും. അതുകൊണ്ട് ഈ സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഈ വകുപ്പിനെ എത്രമാത്രം ഭംഗിയായി കൈകാര്യം ചെയ്യുമെന്നുള്ള കാര്യം തുടക്കത്തിൽത്തന്നെ കേരളത്തിന് ബോദ്ധ്യമായതാണ്. ഈ വകുപ്പിന് ഭ്രാന്തമായ ഒരു ഭൂതകാലമുണ്ടായിരുന്നു. തീർച്ചയായും നാം അത്തരമൊരു കാലത്തെക്കൂടി ഓർമ്മിച്ചുപോകേണ്ടതാണ്. പാലാരിവട്ടം പോലെയുള്ള പാലം പണിത് അഴിമതിയിൽ മുങ്ങി ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിച്ചിരുന്ന ഒരു വകുപ്പ്, അതിൽനിന്ന് നല്ല സൗന്ദര്യവും സൗരഭ്യവും നിറഞ്ഞ്, അതിമനോഹരമായ മുഖമായി പൊതുമരാമത്ത് വകുപ്പിനെ മാറ്റിത്തീർക്കുന്ന കാര്യത്തിൽ ഇടതുപക്ഷ ഗവൺമെന്റ് വഹിച്ച പങ്കിനെ ആർക്കും തള്ളിക്കളയാൻ കഴിയില്ല. ഈ വകുപ്പിൽ ഏറ്റവും കൂടുതൽ ഇൻവെസ്റ്റ്മെന്റ് ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്താണെന്ന് വിശദീകരിക്കേണ്ടതായിട്ടില്ല. റോഡുകൾ, പാലങ്ങൾ, പൊതുകെട്ടിടങ്ങൾ, സ്കൂൾ

കെട്ടിടങ്ങൾ, ബൈപ്പാസുകൾ തുടങ്ങി വൻ വികസന പുരോഗതിയാണ് ഇക്കാലത്ത് നേടാൻ കഴിഞ്ഞത്. 15081 കിലോമീറ്റർ റോഡ് നവീകരിക്കപ്പെട്ടു. വൈറ്റില, രാമനാട്ടുകര, തൊണ്ടയാട്, പാലാരിവട്ടം, കുണ്ടന്നൂർ മേൽപ്പാലങ്ങൾ പൂർത്തീകരിക്കപ്പെട്ടു. 560 പാലങ്ങൾ പണിതുകൊണ്ടിരിക്കുകയാണ്. 4774 കോടിരൂപ മുടക്കി വിവിധ കെട്ടിടങ്ങളും പണിതുകൊണ്ടിരിക്കുന്നു. 10 റെയിൽവേ മേൽപ്പാലങ്ങളുടേയും മലയോര ഹൈവേയുടെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. നാഷണൽ ഹൈവേ വികസനം ശക്തമായി മുന്നോട്ടുപോകുന്ന സാഹചര്യം വരുന്നു. നമ്മുടെ നാടിന്റെ ചരിത്രത്തിൽ ആദ്യമായാണ് 25 ശതമാനം പണം സംസ്ഥാന ഗവൺമെന്റ് മുടക്കി എൻ.എച്ച്.-ന്റെ വികസനം സാധ്യമാക്കുന്നത്. ആ ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പ് പ്രത്യേകം മുൻകയ്യെടുക്കേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പുറക്കാട് വില്ലേജിൽ അടുത്തടുത്തുള്ള രണ്ട് സബ് ഡിവിഷനുകളിൽ വസ്തുവിന്റെ വില നേരെ പകുതിയായി കുറച്ച് നിർണ്ണയിച്ചുവച്ചിരിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇക്കാര്യങ്ങൾ ഗൗരവത്തോടെ പരിഹരിക്കപ്പെടുന്ന സാഹചര്യം കൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പുതിയ വകുപ്പിന്റെ ചുമതലയേറ്റതിനുശേഷം ജനാധിപത്യപരമായ മാർഗ്ഗത്തിലൂടെ വകുപ്പിനെ കൊണ്ടുപോകാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. വകുപ്പിലെ എല്ലാ പ്രവർത്തനത്തിനും ഏറെ ജനാധിപത്യപരമായ സമീപനം കാഴ്ചവയ്ക്കുവാൻ കഴിയുന്നുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരുമായി ചർച്ച ചെയ്തു, അതോടൊപ്പം എം.എൽ.എ.-മാരുടെ യോഗവും ചേർന്നുകഴിഞ്ഞു. എല്ലാ ജില്ലകളിലും ഒരു വർഷത്തിൽ മൂന്നുപ്രാവശ്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഉയർന്ന ഉദ്യോഗസ്ഥർക്കൊപ്പം പങ്കെടുത്ത് ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ വിലയിരുത്താനും കാര്യങ്ങൾ വേഗം മുന്നോട്ടുകൊണ്ടുപോകാനും കഴിയുന്ന ഒരു സിസ്റ്റം തുടക്കത്തിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ നേരത്തെ കുട്ടികൾ വിളിച്ച് ആവശ്യം പറഞ്ഞതിനെ ഒരു പ്രതിപക്ഷാംഗം ആക്ഷേപിക്കുന്നതുകേട്ടു. സംസ്ഥാനത്ത് ഒരു കുട്ടിക്കുപോലും ആവശ്യമായ കാര്യങ്ങൾ വിളിച്ച് അഭ്യർത്ഥിക്കാനും പരാതി പറയാനും കഴിയുന്ന സ്പേസുണ്ടായിരിക്കുന്നത് ഒരു കുറവായിട്ടാണ് പ്രതിപക്ഷാംഗങ്ങൾ കാണുന്നത്. ജനാധിപത്യത്തിന്റെ ഏറ്റവും മനോഹരമായ മുഹൂർത്തമായി സാധാരണ കൊച്ചു കുട്ടിക്കുപോലും ഭരണത്തിന്റെ ഭാഗമായി ഇടപെടാൻ കഴിയുന്ന സ്പേസുണ്ടാക്കിയ വകുപ്പായി ഇന്ന് പൊതുമരാമത്ത് വകുപ്പ് മാറിയെന്നുള്ളത് ഏറ്റവും മെച്ചമായ കാര്യമായിട്ടുതന്നെയാണ് കാണുന്നത്. ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണെന്ന മുദ്രാവാക്യം ഇതിൽ മുന്നോട്ടുവച്ചിരിക്കുകയാണ്. 'പുതിയ കാലം, പുതിയ നിർമ്മാണം' എന്ന നേരത്തെയുള്ള മുദ്രാവാക്യത്തിന്റെ കൂടെ 'ജനങ്ങൾ കാഴ്ചക്കാരല്ല

കാവൽക്കാരാണ് ' എന്ന മുദ്രാവാക്യംകൂടി ചേർത്തുവച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ടെക്നോളജി എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന പരീക്ഷണം പോലെയാണ് കൃത്യമായി കാര്യങ്ങൾ നോക്കിക്കാണുന്നത്. 'PWD 4U' എന്ന മൊബൈൽ ആപ് പുറത്തിറക്കി, ടോൾഫ്രീ നമ്പരിലൂടെ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിച്ചു. നേരിട്ട് ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ പറയാൻ കഴിയുന്ന സംവിധാനം രൂപപ്പെടുത്തിയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് പുതിയ ടെക്നോളജി ഉപയോഗിക്കാൻ ശ്രമിച്ചൊരു വകുപ്പാണിത്. അക്കാര്യം പ്രത്യേകിച്ച് വിശദീകരിച്ച് പറയേണ്ടതില്ല. കേരളത്തിന്റെ കാലാവസ്ഥപോലെ സമാന കാലാവസ്ഥയുള്ള മറ്റുരാജ്യങ്ങളിൽ നടപ്പിലാക്കപ്പെട്ട സാധ്യതകളെല്ലാം നിശ്ചയമായും നമുക്കും ഉപയോഗപ്പെടുത്താൻ കഴിയും. ജർമ്മൻ ടെക്നോളജി മെഷീൻ ഉപയോഗിച്ച് ഇവിടെ വർക്കിംഗ് നടത്തിയിട്ടുണ്ട്. ഇപ്പോൾ തുടക്കം കുറിച്ച വൈറ്റ് ടോപ്പിംഗ് കോൺക്രീറ്റ് സിസ്റ്റത്തിന്റെ ഭാഗമായി നമുക്ക് നിർമ്മാണം നടത്താൻ കഴിയുന്നു; കയർ ജിയോ ടെക്സ്റ്റൈൽ ഉപയോഗിച്ച് നിർമ്മാണം നടത്താൻ കഴിയുന്നു; ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന സാഹചര്യം വരുന്നു; റബ്ബർ ചേർത്തുള്ള ബിറ്റുമിൻ ഉണ്ടാക്കി അതിന്റെ ഭാഗമായി നിർമ്മാണം നടക്കുന്നു. ഇങ്ങനെ പരമ്പരാഗത ശൈലി മാറി വ്യത്യസ്ത നിലയിലേക്ക് നമ്മുടെ വകുപ്പിനെ കൊണ്ടുപോകാൻ, പുതിയ ടെക്നോളജി നിർമ്മാണ മേഖലയിലെ വികസനകാര്യത്തിലേയ്ക്ക് കൂടി ചേർക്കാൻ കഴിയുന്ന വ്യത്യസ്തമായ കാഴ്ചപ്പാട് വച്ചുകൊണ്ടാണ് നിശ്ചയമായും സർക്കാർ മുന്നോട്ടുപോകുന്നത്

കിഫ്ബി വഴി മാത്രം 14,700 കോടി രൂപയാണ് വ്യത്യസ്ത പദ്ധതികളുടെ ഭാഗമായി ചെലവാക്കപ്പെടുന്നത്. അതുസംബന്ധിച്ച കണക്കുകൾ ദീർഘമായതിനാൽ ഞാനിവിടെ പറയുന്നില്ല. 129 റോഡുകൾ, 9 ബൈപ്പാസുകൾ, 67 പാലങ്ങൾ, 13 മേൽപ്പാലങ്ങൾ, 37 റെയിൽവേ ഓവർ ബ്രിഡ്ജുകൾ എന്നിവയെല്ലാം ഈ സർക്കാരിന്റെ ഭരണകാലത്ത് പണിതു കൊണ്ടിരിക്കുന്നു എന്നത് നമുക്ക് കാണാൻ സാധിക്കുന്ന കാര്യമാണ്. പ്രളയത്തിന്റെ അനുഭവങ്ങൾ മുൻനിർത്തി ഇനിയുമൊരു പ്രളയമുണ്ടായാൽ നമുക്ക് പ്രയാസമുണ്ടാകാതിരിക്കാനുള്ള സ്കീമിന്റെ ഭാഗമായി 673 കോടി രൂപ മുടക്കിയാണ് ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേ പണിയുന്നത്. അതിന്റെ പണി വളരെ വേഗത്തിൽ ആരംഭിക്കാനുള്ള നടപടി പുതിയ മന്ത്രി മുൻകയ്യെടുത്ത് ആരംഭിച്ചിട്ടുണ്ട്. എന്നാൽ അവിടെ ഡിസൈനിന്റെ ഭാഗമായി വന്ന ചെറിയ പ്രശ്നങ്ങൾ നിലവിലുണ്ട്. സെമി എലിവേറ്റഡായിട്ടുള്ള ഭാഗത്തിന് ചില വ്യത്യാസങ്ങൾ സംഭവിച്ചിട്ടുണ്ട്. അതെല്ലാം ഞാനുൾപ്പെടുന്ന ചങ്ങനാശ്ശേരി, കുട്ടനാട്, അമ്പലപ്പുഴ എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

അതിൽ മാറ്റം വരുത്തിയായിരിക്കണം നിർമ്മിക്കേണ്ടത്. അതിനാവശ്യമായ മുൻകൈ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി പറയാനുണ്ട്. സംസ്ഥാനത്തെ കോൺട്രാക്ടർമാരിൽ നല്ലവരും മോശക്കാരുമുണ്ട്. വർക്ക് എടുത്ത് എഗ്രിമെന്റ് ഒപ്പുവച്ചശേഷം അത് ചെയ്യാതെ ഉപേക്ഷിച്ചുപോകുന്നവരുണ്ട്. കംപ്ലീഷൻ പിരീഡ് കഴിയാത്തതുകൊണ്ട് അവരെ പിടികൂടാൻ യാതൊരു വഴിയുമില്ലെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിൽ ചെറിയ വ്യത്യാസം വരുത്തിയാൽ നന്നായിരിക്കും. അതായത് ഒരു വർക്കിന്റെ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തി ഓരോ സമയത്തും പൂർത്തിയാകേണ്ട വർക്കുകൾ അതത് സമയത്ത് പൂർത്തിയാകുന്നോ ഇല്ലയോയെന്ന് പരിശോധിക്കാനും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയായില്ലെങ്കിൽ ആ കോൺട്രാക്ടർക്കെതിരായി കൃത്യമായ നടപടി സ്വീകരിക്കാനുമാവശ്യമായ മാറ്റം പൊതുമരാമത്ത് മാന്വലിൽ വരുത്തണം. രണ്ടാമത്തെ കാര്യം വകുപ്പുകൾക്ക് സംയോജനം വേണമെന്നതാണ്. പൊതുമരാമത്ത്, കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി എന്നിവ തമ്മിൽ പലപ്പോഴും അനേകം പ്രശ്നങ്ങളുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മിക്കുകയും ശേഷം വാട്ടർ അതോറിറ്റി അത് വെട്ടിപ്പൊളിക്കുന്ന സാഹചര്യവും നിലവിലുണ്ട്. ഉദ്യോഗസ്ഥരുടെ മനസ്സിൽ അവരവരുടെ കാര്യം മാത്രം ചെയ്താൽ മതി എന്നുള്ള തോന്നലാണ് ഇതിന്റെ കാരണം. പൊതുമരാമത്ത് ഉദ്യോഗസ്ഥർ ചിന്തിക്കുന്നത് അവർക്ക് റോഡ് മാത്രം ചെയ്താൽ മതി, വെള്ളത്തെ കുറിച്ച് ആലോചിക്കേണ്ടതില്ല എന്നാണ്. വാട്ടർ അതോറിറ്റി ജീവനക്കാർ വെള്ളത്തെക്കുറിച്ച് മാത്രം ചിന്തിക്കും. അതുപോലെ കെ.എസ്.ഇ.ബി. വൈദ്യുതിയുടെ കാര്യം മാത്രം നോക്കും, നമുക്കിത് മൂന്നും ആലോചിച്ചേ മതിയാകൂ. അതുകൊണ്ട് മന്ത്രി എന്നുള്ള നിലയിൽ നിശ്ചയമായും ഈ വകുപ്പുകളെ സംയോജിപ്പിച്ച് കൊണ്ടു പോകാൻ കഴിയുന്ന പ്രാപ്തമായ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. മറ്റൊന്ന് ഡിസൈൻ വിംഗുമായി ബന്ധപ്പെട്ടതാണ്. കൂടുതൽ പരിഷ്കാരങ്ങൾ ഡിസൈൻ വിംഗിൽ വരേണ്ടതുണ്ട്. പുറംകരാർ കൊടുത്ത് നിർമ്മിച്ച ഒരു കെട്ടിടവും പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടവും തമ്മിലുള്ള ഡിസൈനിന്റെ വ്യത്യാസം ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാകും. ഉദാഹരണത്തിന് ആശുപത്രി കെട്ടിടമാണെങ്കിൽപ്പോലും പി.ഡബ്ല്യൂ.ഡി. നിർമ്മിക്കുന്നത് ഒരു typical type ആയിരിക്കും. അതുകൊണ്ട് അതിൽ വ്യത്യാസമുണ്ടാക്കിയെടുക്കാൻ കഴിയുന്ന തരത്തിൽ ആധുനിക കാലത്തിനാവശ്യമായ ഡിസൈൻ തയ്യാറാക്കാനുള്ള കാര്യങ്ങൾ കൊണ്ടുവരണം.

ഇവിടെ പ്രതിപക്ഷം കുറച്ച് ദിവസങ്ങളായി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലവിലുള്ള കേസ്സുമായി ബന്ധപ്പെട്ട് നിരന്തരം സഭ ബഹിഷ്കരിക്കുകയും ബഹളം വയ്ക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി രാജിവയ്ക്കണമെന്ന ആവശ്യം ഇന്ന് രാവിലെയും ഇവിടെ ഉയർന്നുവന്നിരുന്നു. അന്ന് സഭയിലുണ്ടായ പ്രശ്നത്തിന്റെ എല്ലാ വശവും കാണാതെ ബഹുമാനപ്പെട്ട സ്പീക്കറുടെ പദവിയെപ്പോലും രാഷ്ട്രീയമായി ഉപയോഗപ്പെടുത്തിയതിന്റെ ഭാഗമായുണ്ടായ കേസ്സാണത്. ആ സംഭവത്തിന് ശേഷമാണ് ശ്രീ. വി. ശിവൻകുട്ടി അടക്കമുള്ളവർ ജനകീയ കോടതിയിൽ പോയി ജനങ്ങൾ വിധിയെഴുതി വീണ്ടും എം.എൽ.എ. ആയി ഇവിടെ കടന്നുവന്ന് മന്ത്രിയായത്. ഒളിച്ചുംപാത്തും വന്നയാളല്ല. ആ സഭയിലുണ്ടായ പ്രശ്നത്തെക്കുറിച്ച് ഞാൻ ചോദിക്കുന്നത്, ജീവനില്ലാത്ത കസേര യെക്കാളും മൈക്കിനേക്കാളും വിലകൽപ്പിക്കേണ്ട ഒന്നല്ലേ ഇവിടുത്തെ വനിതാ സാമാജികർക്കുണ്ടായ അനുഭവങ്ങൾ? ശ്രീമതി ജമീലാ പ്രകാശത്തെപ്പോലുള്ള ആളുകളെ അപമാനിക്കുന്ന അനുഭവം ഈ സഭയിലുണ്ടായില്ലേ; എന്തേ പ്രതിപക്ഷത്തുള്ളവർക്ക് ഒരു നാണവും തോന്നാത്തത്?

<u>മി. ചെയർമാൻ</u>: അങ്ങയുടെ പ്രസംഗത്തിന്റെ സമയം അവസാനിച്ചിരിക്കുകയാണ്.

<u>ശ്രീ. എച്ച്. സലാം</u>: സർ, ദൃശ്യഭംഗിയിൽ ഈ പറയപ്പെടുന്ന സ്പീക്കറുടെ ചേംബറുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ, അതിനേക്കാൾ ഗൗരവമായി സഭയ്ക്കകത്ത് വനിതാ അംഗങ്ങളെ ആക്ഷേപിച്ച അനുഭവത്തെക്കുറിച്ച് യാതൊന്നും മിണ്ടാതിരിക്കുന്ന പ്രതിപക്ഷം ഏത് നീതിയുടെ ഭാഗമായാണ് വർത്തമാനം പറയുന്നത്?

ടൂറിസം മേഖലയിൽ അനന്തമായ സാധ്യതകൾ നമുക്കുണ്ട്, അത് ഏറ്റവും നന്നായി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ തീർച്ചയായും കഴിയേണ്ടതുണ്ട്. നമ്മുടെ പ്രശസ്ത കവി പാലാ നാരായണൻ നായർ പറഞ്ഞിട്ടുള്ളതുപോലെ :

"ഇവിടെപ്പിറക്കുന്ന കാട്ടു പുല്ലിനുമുണ്ട്

ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും

ഇവിടെക്കിടക്കുന്ന കാട്ടുകല്ലിലുമുണ്ട്

വിവിധ സനാതന ചൈതന്യ പ്രതീകങ്ങൾ......"

നമ്മുടെ കാട്ടുപുല്ലിനും കാട്ടിലെ കല്ലിനുംപോലും സൗന്ദര്യമുണ്ടെന്ന് എഴുതിവച്ച കവിയുടെ വാക്യം പ്രധാനപ്പെട്ടതാണ്. കേരളത്തിന്റെ ഈ മനോഹാരിതയെ ടൂറിസത്തിന്റെ അനന്ത സാധ്യതയിലേയ്ക്ക് ഉപയോഗപ്പെടുത്താനാവശ്യമായ വ്യത്യസ്ത

പരിപാടികൾ നിശ്ചയമായും ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. അത് ഏറ്റവും ഫലപ്രദമായി മുന്നോട്ടുപോകാൻ കഴിയട്ടെ എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളം എന്ന പ്രകൃതിമനോഹരമായ നമ്മുടെ കൊച്ചു സംസ്ഥാനത്തിന്റെ ടൂറിസം മേഖല അതിവേഗം മുന്നോട്ടുപോവുകയാണ്. കോവിഡ് ഏറ്റവും കൂടുതൽ പ്രതിസന്ധിയിലാക്കിയത് ടൂറിസം മേഖലയെയാണെന്ന് നമുക്കറിയാം. മാർച്ച് മാസത്തിൽ ലോകാരോഗ്യ സംഘടന യാത്രാനിരോധനം ഏർപ്പെടുത്തിയ തോടുകൂടി സംസ്ഥാനത്തേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവ് നിലച്ചു എന്നതാണ് ടൂറിസം മേഖലയിൽ പ്രതിസന്ധി വരാനുള്ള സാഹചര്യം. ഇതുമായി ബന്ധപ്പെട്ട് ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ടനുസരിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ 20,000 കോടി രൂപയുടെ നഷ്ടമാണ് ടൂറിസം മേഖലയിൽ ഉണ്ടായിട്ടുള്ളത്. കേരളം പ്രകൃതിമനോഹരമായ സംസ്ഥാനമാണ് എന്നുപറയുമ്പോൾ അതുമായി ബന്ധപ്പെട്ടുള്ള പ്രധാനപ്പെട്ടൊരു ജില്ലയാണ് വയനാട്. മലകളും അരുവികളും പുഴകളും അണക്കെട്ടുകളോടും കൂടിയ പ്രകൃതി മനോഹരമായ ഒരു ഭൂപ്രദേശമാണ് വയനാട്. ബഹുമാനപ്പെട്ട മന്ത്രി രാവിലെ സൂചിപ്പിച്ചതുപോലെ വയനാട്ടിലും വിവിധ ടൂറിസം പദ്ധതികൾ നമുക്ക് ഏറ്റെടുക്കാൻ സാധിക്കും. കഴിഞ്ഞ ദിവസം അദ്ദേഹം ജില്ലയിൽ വന്നപ്പോൾ ജനപ്രതിനിധികൾ, ടൂറിസം, പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നു. 2013-ൽ കേരള നിയമസഭയിൽ ശ്രീ. എ. പി. അനിൽ കുമാർ ടൂറിസം വകുപ്പുമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ തീർത്ഥാടന ടൂറിസത്തിന് വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്. ഇന്ന് വയനാട് ജില്ലയിലെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ഏകദേശം 46 കോടി രൂപയുടെ 'രാമായണ സർക്യൂട്ട് ' എന്നുപറയുന്ന പുതിയ പദ്ധതി അങ്ങയുടെ മുന്നിൽ സമർപ്പിച്ചിരിക്കുകയാണ്. രാമായണത്തിൽ രാമൻ സീതയെ ഉപേക്ഷിച്ചതിനു ശേഷമുള്ള കഥകൾ അരങ്ങേറിയത് വയനാട്ടിലാണെന്നാണ് തലമുറകളായി വാമൊഴിയായി കൈമാറിവന്ന കഥകളിലൂടെ വിശ്വസിക്കുന്നത്. സീതാ ദേവി ക്ഷേത്രം സ്ഥിതിചെയ്യുന്നത് പ്രസിദ്ധമായ കുടിയേറ്റ മേഖലയായ പുൽപ്പള്ളിയിലാണ്. അതുമായി ബന്ധപ്പെട്ട് രാമായണം രചിച്ച വാല്മീകി മഹർഷിയുടെ ആശ്രമവും പുൽപ്പള്ളിയിലാണ്. ജഡയറ്റ കാവ്, ഇരുളം, ശ്രീ പുറക്കാടി ക്ഷേത്രം, പൊൻകുഴി ക്ഷേത്രം, എരിയപ്പള്ളി സീതാദേവി ക്ഷേത്രം, തൃശ്ശിലേരി മഹാദേവ ക്ഷേത്രം, തിരുനെല്ലി ക്ഷേത്രം ഇതൊക്കെ ഇതിന്റെ ഭാഗമായി വരുന്നതാണ്. മതസൗഹാർദ്ദത്തിന്റെ ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ കഴിയുന്നത് വയനാട് ജില്ലയിലാണ്.

പ്രസിദ്ധമായ ക്രിസ്ത്യൻ ദേവാലയങ്ങളായ ചീയമ്പം ചർച്ച്, നടവയൽ ചർച്ച്, പടമല ചർച്ച്, വള്ളിക്കുന്ന് ചർച്ച്, ബത്തേരി മലങ്കര പള്ളി എന്നിവ ക്രിസ്ത്യൻ വിശ്വാസികളുടെ തീർത്ഥാടന കേന്ദ്രമായി മാറിയിരിക്കുകയാണ്. അതുപോലെതന്നെ മുസ്ലീം ദേവാലയങ്ങളായ ബാവലി മഖാം, പീച്ചങ്കോട് മഖാം, വാരാമ്പറ്റ മഖാം, ഏറ്റവും ആദ്യം വയനാട് ജില്ലയിൽ സ്ഥാപിതമായ മുസ്ലീം ദേവാലയമായ കുഞ്ഞോം മഖാം, കോളിയാടി മഖാം ഇതൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു തീർത്ഥാടന കേന്ദ്രമാക്കാൻ കഴിയുന്ന ഏറ്റവും സാധ്യതയുള്ള ജില്ലയാണ് വയനാട്. ഇത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അങ്ങ് ഉദ്യോഗസ്ഥരോട് ഇതുമായി ബന്ധപ്പെട്ടിട്ടുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതോടൊപ്പംതന്നെ അങ്ങ് രാവിലെ സൂചിപ്പിച്ചതുപോലെ ആദിവാസി പട്ടികവർഗ്ഗ ഗോത്ര സമൂഹത്തെ കൂട്ടിയിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതിയാണ് വയനാട്ടിൽ നടപ്പാക്കേണ്ടത്. വയനാട് ജില്ലയിൽ ഏറ്റവും ആദ്യത്തെ ടൂറിസം ഗൈഡ് എന്നുപറയുന്നത് ആദിവാസി സമൂഹത്തിലെ കരിന്തണ്ടൻ മൂപ്പനായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവ് അന്തിയുറങ്ങുന്നത് ചുരത്തിന്റെ മുകളിലാണ്. അവിടെ ചുരത്തിന്റെ കവാടത്തിൽ ആദിവാസി സഹോദരങ്ങൾ ഇന്നും നിലവിളക്ക് കത്തിച്ച് രാവിലെയും വൈകിട്ടും അദ്ദേഹത്തെ ആരാധിച്ചു വരുന്നു. അദ്ദേഹത്തിന് ഒരു സ്മാരകം പണിയുന്നതിനുവേണ്ടി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേന്ദ്ര ഗവൺമെന്റ് 16 കോടിയോളം രൂപ ടൂറിസം മേഖലയ്ക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഗോത്ര വിഭാഗത്തിൽപ്പെട്ട സ്വാതന്ത്ര്യ സമരസേനാനികൾക്ക് സ്മാരകം പണിയുന്നതുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണത്.

2.00 PM]

വീരപഴശ്ശി തമ്പുരാന്റെ കഥ അങ്ങേയ്ക്ക് അറിയാം. ബ്രിട്ടീഷ് പടയാളികളെ തുരത്തുന്നതിനുവേണ്ടി വയനാടൻ മലയിടുക്കുകളിൽ വീരപഴശ്ശി തമ്പുരാന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ വലംകയ്യായി പ്രവർത്തിച്ച വിശ്വസ്തനായ പോരാളിയാണ് തലയ്ക്കൽ ചന്തു. തലയ്ക്കൽ ചന്തുവിന്റെ ആത്മാവ് അന്തിയുറങ്ങുന്നത് പനമരം ഹയർ സെക്കൻഡറി സ്കൂളിന്റെ സമീപമാണ്. ആദിവാസി സമൂഹത്തിൽപ്പെട്ട കുറച്ച് പടയാളികൾ അന്ന് വീരപഴശ്ശി തമ്പുരാന് നേതൃത്വം കൊടുത്തിരുന്നുവെന്ന് ഞാൻ ഓർക്കുന്നു. കുറിച്യർ സമുദായത്തിൽപ്പെട്ട ഇതിന്റെ സംഘാടകർ മൺമറഞ്ഞു പോയ എം. ഐ. ഷാനവാസ് എം.പി.-യോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പത്ത് ലക്ഷം രൂപ അനുവദിച്ച് അവിടെയൊരു സ്മാരകം നിർമ്മിച്ചു. ഇപ്പോൾ നമുക്കത് വികസിപ്പിക്കാൻ കഴിയും. അതോടൊപ്പംതന്നെ ഇടംകൈ പോരാളിയായി അദ്ദേഹത്തിന് നേതൃത്വം കൊടുത്തത് നായർ സമുദായത്തിൽപ്പെട്ട എടച്ചേന

കങ്കനാണ്. മാനന്തവാടിയിൽ അന്തിയുറങ്ങുന്ന വീരപഴശ്ശി തമ്പുരാന്റെ സ്മാരകവുമായി എടച്ചേന കുങ്കൻ നായരെയും തലയ്ക്കൽ ചന്തുവിനെയും കൂട്ടിയോജിപ്പിച്ച് കുങ്കിച്ചിറയുമായി ബന്ധപ്പെടുത്തി വയനാട്ടിൽ ടൂറിസം കൊണ്ടുവരാൻ നമുക്കുകഴിയും. അവർക്കാവശ്യമായ സ്മാരകങ്ങൾ നിർമ്മിച്ച് ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി അണക്കെട്ടുകളും പുഴകളും കബനി നദിയടക്കം കൂട്ടിച്ചേർത്തുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റിന് കഴിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന് പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട വളരെ വേദനാജനകമായ കാര്യമാണ്. ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. സൂചിപ്പിച്ചു. കേരളത്തിൽ ധാരാളം പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കിയിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. അത് യാഥാർത്ഥ്യമാണ്, നിഷേധിക്കാൻ ഞങ്ങൾ തയ്യാറല്ല. എന്നെയും നിങ്ങളെയും കുറ്റപ്പെടുത്തി സോഷ്യൽ മീഡിയയിലും വാട്സപ്പ് ഗ്രൂപ്പുകളിലുമൊക്കെ ഇന്ന് പ്രചരിക്കുന്ന ചില വാർത്തകളുണ്ട്. ഇന്ന് കിഫ്ബി ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ പാതിവഴിയിൽ കിടക്കുകയാണ്. അങ്ങ് സന്ദർശിച്ച മാനന്തവാടി, കൽപ്പറ്റ, സുൽത്താൻബത്തേരി എന്നീ മൂന്ന് മണ്ഡലങ്ങളെയും ബന്ധിപ്പിക്കുന്ന ബീനാച്ചി-പനമരം റോഡ് ഇന്ന് ശോചനീയാവസ്ഥയിലാണ്. കാരണം 22 കിലോമീറ്ററുള്ള റോഡിന് 55 കോടി രൂപ ഗവൺമെന്റ് അനുവദിച്ചുവെന്ന് പറഞ്ഞപ്പോൾ അവിടത്തെ ജനങ്ങളും ജനപ്രതിനിധികളുമെല്ലാം ആഹ്ലാദത്തിലായിരുന്നു. പക്ഷേ ഇന്ന് ദു:ഖത്തിലാണ്. അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് പറയുന്നത് എന്നോടും നിങ്ങളോടുമാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിച്ചു. ഇന്ന് കർഷകർ വാഴയും കാപ്പിത്തൈകളും ഫലവൃക്ഷത്തൈകളും നട്ട് പ്രതിഷേധിക്കുകയാണ്. കർഷകർ കക്ഷിരാഷ്ട്രീയത്തിനതീതമായി രംഗത്ത് വന്നിരിക്കുകയാണ്. വയനാട് വരുമ്പോൾ ആ റോഡ് സന്ദർശിക്കുമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ അങ്ങ് പറഞ്ഞതനുസരിച്ച് അവിടെ സന്ദർശിച്ചു. ആ റോഡിന്റെ പ്രവൃത്തി ഏറ്റെടുത്ത കമ്പനി അത് പൂർത്തീകരിക്കാൻ തയ്യാറാകുന്നില്ല.

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്.....അങ്ങയുടെ പ്രസംഗത്തിന്റെ സമയം കഴിഞ്ഞു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 2019-ൽ ആരംഭിച്ച വർക്ക് 2021 ആയിട്ടും പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇന്ന് റോഡ് മുഴുവനും കുഴിയും കുണ്ടുമായി മാറിയിരിക്കുകയാണ്. അങ്ങ് സന്ദർശിച്ചപ്പോൾ ഞങ്ങൾക്കൊരു പ്രതീക്ഷയുണ്ടായിരുന്നു, അത് നഷ്ടപ്പെട്ട ഒരു സാഹചര്യത്തിലേയ്ക്ക് എത്തുകയാണ്. പൊതുമരാമത്ത് വകുപ്പ് പറയുന്നത് എല്ലാം കിഫ്ബി ഏറ്റെടുത്ത് പുതിയ സംവിധാനമുണ്ടാക്കി

മുന്നോട്ടുപോകുകയാണെന്നാണ്. ഞാൻ ഇതുസംബന്ധിച്ച് സഭയിൽ പലവട്ടം സൂചിപ്പിക്കുകയും അങ്ങേയ്ക്ക് ഒരു കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതിനുമുമ്പ് ഈ റോഡുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിക്കണം. എന്നെ കൂടാതെ കൽപ്പറ്റ എം.എൽ.എ.-യും മാനന്തവാടി എം.എൽ.എ.-യും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കണം. തമിഴ്നാട്, കർണ്ണാടക എന്നിവയെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട റോഡാണിത്. കണ്ണൂർ എയർപോർട്ടിനെയും മാനന്തവാടി മെഡിക്കൽ കോളേജിനെയും ബന്ധിപ്പിക്കാൻ ഈ റോഡിന് കഴിയും. 55 കോടി രൂപ മുടക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങിയിട്ട് കരാറുകാർ ആ റോഡിന്റെ കാര്യത്തിൽ നിരുത്തരവാദപരമായ പെരുമാറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് എയർപോർട്ടോ മറ്റ് ട്രെയിൻ സൗകര്യങ്ങളോ ഇല്ല. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയെപ്പറ്റി 2013-ൽ അധികാരത്തിൽവന്ന ഗവൺമെന്റ് മുതൽ ഇങ്ങോട്ട് ചർച്ച തുടങ്ങിയതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....രണ്ട് മിനിട്ട് അധികമെടുത്തു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇത് രാഷ്ട്രീയമല്ല, വയനാടിന്റെ പൊതുവികസനമാണ്. തലശ്ശേരിയിൽനിന്ന് മാനന്തവാടി-മൈസൂരു, നഞ്ചൻകോട് നിന്നും മേപ്പാടി-കൽപ്പറ്റ-ബത്തേരി കണക്ടിവിറ്റിയെന്ന രീതിയിൽ കണ്ടുകൊണ്ട് ഒരു പ്രോജക്ട് ഇപ്പോൾ തയ്യാറാക്കുമെന്ന് അറിയാൻ കഴിഞ്ഞു. അത് നടപ്പാക്കുമോ? നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ യാഥാർത്ഥ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കണം. ശ്രീ. എം. മുകേഷ് എം.എൽ.എ. കോഴിക്കോടുനിന്നും സുൽത്താൻ ബത്തേരിക്ക് നാടകം അഭിനയിക്കാൻ പോയപ്പോൾ യാത്ര ചെയ്ത ഒരു റോഡിന്റെ കഥ സൂചിപ്പിച്ചു.

മി. സ്പീക്കർ: അടുത്ത അംഗത്തെ പ്രസംഗിക്കുന്നതിനായി വിളിക്കുകയാണ്. ശ്രീ. കെ. ആൻസലൻ....

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ആ റോഡ് ഇന്ന് എൻ.എച്ച്. 766 ആണ്. ആ റോഡിൽ വർഷങ്ങളോളമായി രാത്രികാല യാത്രാനിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ..... (മൈക്ക് ഓഫ്)......

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. "പുതിയ കാലം പുതിയ നിർമ്മാണം" എന്ന ആപ്തവാക്യത്തോടുകൂടി ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് സഖാവ് ജി. സുധാകരന്റെ നേതൃത്വത്തിൽ മുന്നോട്ടുവച്ച വിപ്ലവകരമായ മാറ്റങ്ങൾക്ക് പുതിയ

കാഴ്ചപ്പാടോടുകൂടി നല്ല തുടക്കം കുറിച്ചിരിക്കുകയാണ്. രണ്ടാം പിണറായി സർക്കാരിലെ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ ഇടപെടലുകൾ ചുരുങ്ങിയകാലം കൊണ്ടുതന്നെ ബഹുജനശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. ഒരു നാടിന്റെ സംസ്കാരം വിളിച്ചോതുന്നതാണ് അവിടത്തെ റോഡുകൾ. റോഡുകളിൽ കൂടി യാത്രചെയ്യുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കും വിദേശികൾക്കും ഈ നാടിനെ കുറിച്ചുള്ള ആദ്യാനുഭവം പകർന്നുനൽകുന്നു. ചപ്പുചവറുകൾ, കല്ലുകൾ, പാഴ്വസ്തുക്കൾ, കേടായ വാഹനങ്ങൾ എന്നിവ ഡംപ് ചെയ്യുന്ന സ്ഥലമായി നിർഭാഗ്യവശാൽ നമ്മുടെ നാട്ടിലെ റോഡുകൾ മാറിയിരുന്നു. ഈ ദുഃസ്ഥിതി മാറ്റുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ഇടപെടലുകൾ ഏറെ ശ്രദ്ധേയമായിട്ടുണ്ട്. അതൊരു പുതിയ സംസ്കാരം സൃഷ്ടിച്ചിട്ടുണ്ട്. റോഡുകളുടെ കാവലാളായി നാട് മാറണമെന്നുള്ള പുതിയ നിർദ്ദേശം ഏറ്റവും വലിയ സ്വീകാര്യതയോടുകൂടിയാണ് നമ്മുടെ നാട് ഏറ്റുവാങ്ങിയിട്ടുള്ളത്. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് പൊതുമരാമത്ത് വകുപ്പ് അഴിമതിയുടെ കേന്ദ്രമായിരുന്നു. ഉദ്യോഗസ്ഥർ, കരാറുകാർ, ഭരണനേതൃത്വം എന്നിവരടങ്ങിയ കൊടിയ തീവെട്ടിക്കൊള്ളയുടെ ഒരു ഇടത്താവളമായി പൊതുമരാമത്ത് വകുപ്പ് മാറിയതിന്റെ നേർസാക്ഷ്യമായിരുന്നു പാലാരിവട്ടം പാലം. അതൊരു ഉദാഹരണം മാത്രമാണ്. ആ ഈജിയൻ തൊഴുത്തിനെ ശുദ്ധീകരിച്ചാണ് മുൻ എൽ.ഡി.എഫ്. സർക്കാർ നവോന്മേഷത്തോടു കൂടി മുന്നോട്ട് പോയത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് 13 റോഡുകളാണ് നെയ്യാറ്റിൻകര അസംബ്ലിമണ്ഡലത്തിൽ B.M.&B.C.(Bitumen Macadam and Bitumen Concrete) പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിൽ 7690 കിലോമീറ്റർ ദൂരം ബി.എം.& ബി.സി. വർക്കുകളും 6066 കിലോമീറ്റർ ദൂരം ചിപ്പിംഗ് കാർപ്പെറ്റ് നിലവാരത്തിലുള്ള റോഡുകളുടെ പണിയും പൂർത്തീകരിച്ചു. പദ്ധതിയിനത്തിൽ 6389 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3457 കോടി രൂപയും നബാർഡുവഴി 1041 കോടി രൂപയും ശബരിമലയുടെ പ്രത്യേക പാക്കേജ് വഴി 879 കോടി രൂപയും കിഫ്ബി പദ്ധതി ആവിഷ്കരിച്ച 25,000 കോടി രൂപയുമടക്കമുള്ള പദ്ധതികളുടെ പ്രവർത്തനമാണ് പൂർത്തീകരിക്കപ്പെടുന്നത്. ടി പദ്ധതികളിൽ സാമ്പത്തികാനുമതി ലഭിച്ച 14,700 കോടി രൂപയുടെ 327 പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുകയാണ്. കേരള സംസ്ഥാന രൂപീകരണ ത്തിനുശേഷം 140 നിയോജകമണ്ഡലങ്ങളിലെയും ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് ഇത്രയേറെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നുള്ള തൃപ്തിയോടു കൂടിയാണ് ഈ ഗവൺമെന്റും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് അഴിമതിയുടെ കേന്ദ്രത്തിൽനിന്ന്

മോചനം നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും കുറേയേറെ പ്രശ്നങ്ങളുണ്ട്. ചിലർ അഴിമതിക്കാരായി നിലനിൽക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചത് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചാണ്. വകുപ്പുകളുടെ ഏകീകരണത്തിൽ ഏറ്റവും പ്രധാനം ഭൂമി ഏറ്റെടുക്കുകയെന്ന വിഷയമാണ്. നെയ്യാറ്റിൻകര ടൗണുമായി ബന്ധിപ്പിക്കുന്ന കന്നിപ്പുറം പാലവും പാറശ്ശാല-നെയ്യാറ്റിൻകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ആയയിൽ മുള്ളറവിള പാലവും നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിൽ മുൻ ഗവൺമെന്റ് ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച രണ്ട് പാലങ്ങളാണ്. ലാൻഡ് അക്വിസിഷൻ നടപടി പൂർത്തീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അഞ്ച് വർഷത്തിനുമുമ്പ് പ്രഖ്യാപിക്കപ്പെട്ട തുകയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നിർമ്മാണം തുടങ്ങുമ്പോൾ എത്രയോ കോടി രൂപയാണ് ഗവൺമെന്റിന് നഷ്ടം വരുന്നത്. ഇക്കാര്യങ്ങൾ ക്രോഡീകരിക്കുന്നതിന് ബന്ധപ്പെട്ട സ്പെഷ്യൽ ഓഫീസർമാർക്ക് ഉത്തരവാദിത്വമുണ്ട്. ഇക്കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിശ്ചയദാർഢ്യവും ഉത്തരവാദിത്വവും വകുപ്പ് മേധാവികൾക്ക് ഉണ്ടാകേണ്ടതുണ്ട്. മറ്റൊന്ന്, കരാർ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ വഴിയാണ് പ്രവൃത്തി ഏറ്റെടുക്കുന്നത്. എസ്റ്റിമേറ്റ് റേറ്റും മറ്റും പരിശോധിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കരാറുകാർ കാലതാമസം വരുത്തി വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ പണം വസൂലാക്കുന്ന ഒരു വൃത്തികെട്ട സമീപനം ചില സ്ഥലങ്ങളിലെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അക്കാര്യങ്ങൾ സംബന്ധിച്ച് വളരെ കർശനമായ ചില നിലപാടുകൾ സ്വീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഇതിനൊരു കമ്മിറ്റ്മെന്റ് എന്ന നിലയിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തുന്നതിന് പുതിയ ഒരു നിയമംകൂടി എഴുതി ചേർക്കേണ്ടതായിട്ടുണ്ട്. അനാവശ്യ കാരണങ്ങളാൽ പ്രവൃത്തികൾ ഇഴച്ചുകൊണ്ട് പോകുകയും സർക്കാരിന് നഷ്ടമുണ്ടാക്കുകയും ജനങ്ങൾക്ക് പ്രയോജനകരമല്ലാതാക്കുകയും ജനപ്രതിനിധികളെയും ഗവൺമെന്റിനെയും ആക്ഷേപിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്ന തരത്തിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥ പ്രമുഖർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയുന്ന വിധത്തിൽ നിയമത്തിലാവശ്യമായ ഭേദഗതി വരുത്തുന്നത് നല്ലതായിരിക്കും. മുൻ യു.ഡി.എഫ്. - എൽ.ഡി.എഫ്. ഗവൺമെന്റുകൾ ഭരിച്ചിരുന്നപ്പോഴുള്ള വ്യത്യാസം ഈ പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. നെയ്യാറ്റിൻകരയിൽ നിന്നും യാത്ര ചെയ്ത് തിരുവനന്തപുരത്തേയ്ക്ക് വരുന്നവർക്കും തിരുവനന്തപുരത്തു നിന്നും യാത്ര ചെയ്ത് നെയ്യാറ്റിൻകരയിലേയ്ക്ക് പോകുന്നവർക്കും പ്രാവച്ചമ്പലം കൊടിനടവരെയുള്ള അഞ്ചര കിലോമീറ്റർ ദൂരമുള്ള സംസ്ഥാന പാതയുടെ വികസനവുമായി

ബന്ധപ്പെട്ട നിർമ്മാണം പൂർത്തീകരിക്കപ്പെട്ടത് കാണാൻ കഴിയുന്നതാണ്. ആ പ്രവൃത്തി 112 കോടി രൂപയ്ക്ക് ഏറ്റെടുത്ത് നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. ധാരാളം പ്രയാസങ്ങളും പ്രതിസന്ധികളും കോടതി വ്യവഹാരങ്ങളുമൊക്കെ ഉണ്ടായിരുന്നെങ്കിലും വളരെ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടപ്പോൾ കാഴ്ചയ്ക്കുതിമനോഹര പാതയായി അത് മാറി. ലാൻഡ്സ്കേപ്പിംഗ്, ഡിവൈഡറുകൾ, ലൈറ്റുകൾ തുടങ്ങിയവയടക്കം അത്യാകർഷകമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടപ്പോൾ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് പൂർത്തീകരിക്കപ്പെട്ട കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള റോഡിനെയും പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റോഡിനെയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി റോഡിന്റെ പ്രവർത്തനങ്ങളിൽ നടത്തിയ മാറ്റങ്ങൾ നേർക്കാഴ്ചയിൽ കാണാൻ സാധിക്കും.

മറ്റൊന്ന്, ടൂറിസം സാധ്യതകളുമായി ബന്ധപ്പെട്ടുള്ളതാണ്. കേരളം പ്രകൃതിമനോഹരമായ നാടാണ്. ഒരു ഭാഗത്ത് അറേബ്യൻ കടലും മറുഭാഗത്ത് മലനിരകളും ഇടനാടുമുള്ള മനോഹരമായ ഭൂപ്രദേശം. കാലാവസ്ഥകൊണ്ട് ഏറെ അനുയോജ്യമായ ദൈവത്തിന്റെ സ്വന്തം നാട്. ടൂറിസത്തിന്റെ അനന്തസാദ്ധ്യതകൾ ഇനിയും പ്രയോജനപ്പെടുത്തേണ്ട നാടാണിത്. അതിന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തുടക്കം കുറിക്കാൻ സാധിച്ചു. അന്ന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ ടൂറിസം മേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. ടൂറിസം മേഖലയെ ഇനിയും വളരെ ശക്തമായി മുന്നോട്ടുകൊണ്ടു പോകാൻ കഴിയണം. ആഭ്യന്തര ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവവഴി കേരളത്തിനേറെ സമ്പത്ത് ലഭിക്കാൻ കഴിയുന്ന പ്രയോജനകരമായിട്ടുള്ള സാധ്യത ടൂറിസത്തിലുണ്ട്. അത് ഉപയോഗപ്പെടുത്താൻ കഴിയുന്ന രൂപത്തിൽ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനും പുതിയവ കണ്ടെത്തുന്നതിനുമാവശ്യമായ അന്വേഷണവും വകുപ്പിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ട്. അത് കൂടുതൽ ശ്രദ്ധേയമായി നടത്താൻ കഴിയണം. എന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിൽ ഈരാറ്റിൻപുറം എന്ന പ്രദേശമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലം സന്ദർശിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. നെയ്യാർ രണ്ടായി പിരിഞ്ഞുപോകുന്ന മനോഹരമായ ഭൂപ്രദേശമാണത്. അവിടെ വികസന പ്രവർത്തനങ്ങൾ നടത്തണമെന്നത് വർഷങ്ങളായുള്ള ജനങ്ങളുടെ ആവശ്യമാണ്. അതിന് മുൻഗവൺമെന്റിന്റെ ഭരണകാലത്താണ് തുടക്കം കുറിച്ചത്. എന്റെയും ശ്രീ. സി. കെ. ഹരീന്ദ്രൻ,

എം.എൽ.എ.യുടെ നിയോജകമണ്ഡലമായ പാറശ്ശാലയിലുമായാണ് അരുവിപ്പുറം സ്ഥിതി ചെയ്യുന്നത്. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലെ പ്രധാനപ്പെട്ട നാഴികക്കല്ലാണ് 1888-ലെ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ. ശ്രീനാരായണ ഗുരു കൂടുതൽ സമയം കർമ്മയോഗിയായി ചെലവഴിച്ചിട്ടുള്ള ഭൂപ്രദേശമാണത്. അതിന്റെ വികസനമുൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

തിരുവിതാംകൂർ ചരിത്രത്തിൽ സ്വാതന്ത്ര്യ സമരത്തിലെ ആദ്യ വെടിവയ്പ്പ് നടന്നത് നെയ്യാറ്റിൻകരയിലാണ്. അന്ന് സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്ന എൻ. കെ. പത്മനാഭപിള്ളയെ ബ്രിട്ടീഷ് പട്ടാളം അറസ്റ്റ് ചെയ്ത് കൊണ്ടു പോകുന്നതിനെ ചെറുത്ത എട്ടോളംവരുന്ന ധീരദേശാഭിമാനികൾ നെയ്യാറ്റിൻകര പട്ടണത്തിൽ വെടിയേറ്റ് മരിച്ചതിന്റെ ഫലമായി ഒട്ടനവധി പ്രശ്നങ്ങളുണ്ടായിട്ടുള്ള ഭൂപ്രദേശമാണ് നെയ്യാറ്റിൻകര. വൃത്താന്ത പത്രപ്രവർത്തനത്തിൽ ദൈവം തെറ്റ് ചെയ്താലും അതിനെ ചോദ്യം ചെയ്യുമെന്ന് പറഞ്ഞ് തൂലിക പടവാളാക്കിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മഗൃഹമാണ് നെയ്യാറ്റിൻകര പട്ടണം. അങ്ങനെ ഒട്ടനവധി ചരിത്ര ഭൂമികയുടെ നാടാണ് നെയ്യാറ്റിൻകര ഉൾപ്പെട്ടിട്ടുള്ള ഭൂപ്രദേശങ്ങൾ. നിരവധി ഹെറിറ്റേജ് മന്ദിരങ്ങൾ ഇവിടെയുണ്ട്. ചരിത്രത്തിന്റെ അടയാളമായി, ചരിത്രത്തിലിന്നും മങ്ങിക്കിടക്കുന്ന നിരവധി പ്രദേശങ്ങളെ തൊട്ടുണർത്തിക്കൊണ്ട് അവിടത്തെ ചരിത്രത്തിന്റെ ഭൂതകാല സംഭവങ്ങൾ വർത്തമാനകാലത്തിലെ പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുന്ന പഠന കേന്ദ്രങ്ങളായി,സന്ദർശന കേന്ദ്രങ്ങളായി മാറ്റിയെടുക്കാൻ കൂടുതൽ ചട്ടുലമായി പുരാവസ്തു, ടൂറിസം എന്നീ വകുപ്പുകളുടെ ശക്തമായ ഇടപെടലിന്റെ കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. നെയ്യാറ്റിൻകരയിൽ, നെയ്യാർ സംഗമിക്കുന്ന പൊഴിയൂർ പ്രദേശം, കോട്ടയത്തും ആലപ്പുഴയിലും നടത്തുന്ന ഹൗസ്ബോട്ട് സർവ്വീസുകളെപ്പോലെ പ്രസിദ്ധമായ സർവ്വീസ് നടത്തുന്ന ഭൂപ്രദേശമാണ്. അതിനെ ഏറെ പ്രാധാന്യത്തോടെ വികസിപ്പിച്ചെടുക്കാനും ഒട്ടനവധി സാധ്യതകൾ പ്രയോജനപ്പെടുത്താനും കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. മറ്റൊന്ന്, കൽപ്പറ്റയിലെ ഒരു ജനപ്രതിനിധി ഭൂമിയെടുക്കുന്നില്ല എന്നുള്ള ഒരു പരാമർശം നടത്തുകയുണ്ടായി. കൽപ്പറ്റയിലെ വയനാടൻ പ്രധാനമന്ത്രിയെയടക്കം 18 എം.പി.-മാരെ കേരളത്തിൽനിന്നും ജയിപ്പിച്ചു. അവരുടെ ജോലി എന്താണെന്ന് നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. പ്രധാനമന്ത്രി യാക്കുമെന്ന് പറഞ്ഞാണ് ഈ പതിനെട്ട് ആളുകൾ കേരളത്തിലെ കോടിക്കണക്കിന് ജനങ്ങളെ കബളിപ്പിച്ച് വോട്ട് നേടി വിജയിച്ച് പോയത്. അവരെല്ലാം ഉറക്കം നടിക്കുകയാണോ? കേരളത്തിലെ ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ടു കൊണ്ട് മുൻ യു.ഡി.എഫ്. ഗവൺമെന്റുകൾ മറ്റൊരു നയം സ്വീകരിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ സംസ്ഥാനത്തിന്റെ

ആവശ്യങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ച് ആവശ്യമായവ നേടിയെടുക്കുന്ന തിനുവേണ്ടി പോരാട്ടം നടത്തിയിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങൾക്കും ദേശീയപാതാ വികസനത്തിന് ഭൂമിയേറ്റെടുക്കുന്നതടക്കമുള്ള പൂർണ്ണ തുക കേന്ദ്ര ഗവൺമെന്റ് നൽകുമ്പോൾ കേരളത്തിൽനിന്നും 25 ശതമാനം തുക വാങ്ങിയാണ് ഇതെല്ലാം നേടിയെടുത്തത്.

പ്രിയപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ശ്രീ. വി. ശിവൻകുട്ടി ആരാണെന്നറിയാതെയാണ് അദ്ദേഹം സംസാരിച്ചത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ആരാണെന്ന് അദ്ദേഹം പഠിക്കണം. ഒരുപക്ഷേ അദ്ദേഹം ജനിക്കുന്നതിനുമുമ്പ് കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാന സമരത്തിന് നേതൃത്വം നൽകിയിട്ടുള്ള ആളാണ് ശ്രീ. വി. ശിവൻകുട്ടി. ഞങ്ങളെപ്പോലുള്ള പൊതു പ്രവർത്തകർ എൺപതിന്റെ മദ്ധ്യകാലഘട്ടത്തിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് ഇറങ്ങുമ്പോൾ കേരളത്തിലെ എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ സംസ്ഥാന വൈസ്പ്രസിഡന്റായും സംസ്ഥാന സെക്രട്ടറിയായും 1982-87-ലെ കരുണാകരൻ ഗവൺമെന്റിന്റെ ഭരണകാലത്ത് വിദ്യാഭ്യാസ വിരുദ്ധ നയങ്ങൾക്കെതിരായി ഉജ്ജ്വല സമരപോരാട്ടം നടത്തി പോലീസിന്റെ ഭീകരമർദ്ദനം ഏറ്റുവാങ്ങി ജയിലറകൾക്കുള്ളിൽ സമരം നടത്തിയിട്ടുള്ള ആളാണ് ശ്രീ. വി. ശിവൻകുട്ടി. അദ്ദേഹത്തെക്കുറിച്ച് നന്നായി അറിയാതെ ഈ നിയമസഭയുടെ അപമാനം എന്ന് പറയാൻ കഴിയുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നു. ഈ സഭയുടെ ആദ്യഘട്ടത്തിൽ നിങ്ങൾ ചില അടിയന്തര പ്രമേയങ്ങൾ കൊണ്ടുവന്നല്ലോ. ആദ്യത്തെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത് സ്ത്രീ സുരക്ഷയെ സംബന്ധിച്ചാണ്. സഖാവ് എം. എം. മണി അതിനെക്കുറിച്ച് സൂചിപ്പിച്ചു. സ്ത്രീ സുരക്ഷയെക്കുറിച്ച് പ്രമേയം അവതരിപ്പിച്ച പ്രമേയാവതാരകനെക്കുറിച്ച് കെ.പി.സി.സി.യുടെ മുൻപ്രസിഡന്റും വടകരയിലുള്ള ലോകസഭാംഗവും പറഞ്ഞത് എന്താണ്? രാത്രി ഒന്നരമണിക്കുശേഷം വിവാദ നായികയായിട്ടുള്ള ഒരു സ്ത്രീയെ ഇരുന്നൂറിലധികം പ്രാവശ്യം ഫോൺ ചെയ്തത് ഭഗവത്ഗീത പഠിപ്പിക്കാനാണോയെന്ന് ചോദിച്ച നാണംകെട്ട ആളുകളാണ് സ്ത്രീ സുരക്ഷയെക്കുറിച്ചും അഴിമതിയെക്കുറിച്ചും പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ പ്രസംഗം ചുരുക്കണം.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരായി പ്രതികരിക്കുമ്പോൾ, അടിയന്തരപ്രമേയം കൊണ്ടുവരുമ്പോൾ, അത്തരം കാര്യങ്ങളിൽ ഇടപെടുമ്പോൾ, നിങ്ങൾ നിങ്ങളെക്കുറിച്ച് ആലോചിക്കണ മെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി.

ശ്രീ. എ. രാജ: സർ, പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖങ്ങൾ എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രതിസന്ധികളെ അതിജീവിച്ച് വികസനത്തിന്റെ വിസ്മയം തീർത്ത മുൻ എൽ.ഡി.എഫ്. ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. പൊതുമരാമത്ത്, ടൂറിസം എന്നീ വകുപ്പുകൾ ഏറ്റെടുത്തുകൊണ്ട് രണ്ട് മാസത്തിനകം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന് വിവിധ പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കേരളം വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ഒരുപോലെ ആകർഷിക്കുന്ന പ്രദേശമാണ്. വർഷം കഴിയുന്തോറും ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ, ഇപ്പോൾ കോവിഡ് മഹാമാരി പൂർണ്ണമായും തകർത്തുകളഞ്ഞ മേഖലയായി വിനോദസഞ്ചാരം മാറി. നിപയും ഓഖിയും കോവിഡും തീർത്ത പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള ശ്രമത്തിലാണ് വിനോദസഞ്ചാരമേഖല. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മയും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇടതുപക്ഷ മുന്നണി സർക്കാർ അധികാരം ഏറ്റെടുത്തതുമുതൽ പുതിയ ടൂറിസം നയം പ്രഖ്യാപിച്ചു. വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം, മെച്ചപ്പെട്ട പശ്ചാത്തല സൗകര്യം, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ടൂറിസം കേന്ദ്രങ്ങൾ മാലിന്യരഹിതമായി സൂക്ഷിച്ചും പ്ലാസ്റ്റിക് ഉപയോഗം കുറച്ചും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചുമാണ് സർക്കാർ ഈ മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ടൂറിസം വരുമാനത്തിന്റെ വിഹിതം തദ്ദേശവാസികൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന 17,000 യൂണിറ്റുകൾ ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി 80,000 ഗുണഭോക്താക്കൾക്ക് വരുമാനം ലഭിക്കുന്നുണ്ട്. എൽ.ഡി.എഫ്.-ന്റെ തുടർഭരണം ഉത്തരവാദിത്ത ടൂറിസത്തിന് ഊന്നൽ നൽകി പ്രവർത്തിക്കുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന് ഈ രംഗത്ത് വലിയ കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുന്ന ഭിന്നശേഷിക്കാർക്കും പ്രായമായവർക്കും ആവശ്യമായ സൗകര്യം ഏർപ്പെടുത്തി ടൂറിസം ഡെസ്റ്റിനേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി ആരംഭിച്ചു. എല്ലാ പ്രധാന ടൂറിസം പദ്ധതികളിലും ഭിന്നശേഷിക്കാർക്കാവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം രംഗത്ത് കൈവരിച്ച നേട്ടത്തിന് UNWTO (United Nations World Tourism Organization) പ്രത്യേക അവാർഡ് കേരളത്തിന് നൽകിയിട്ടുണ്ട്.

പൈതൃക സംരക്ഷണത്തിലൂടെ ടൂറിസം വികസനമെന്നത് സർക്കാർ മുൻഗണന നൽകുന്നൊരു മേഖലയാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന മൂന്ന് പ്രധാന പദ്ധതികൾക്കാണ് കേരളത്തിൽ തുടക്കം കുറിച്ചത്. കൊടുങ്ങല്ലൂർ മുസിരിസ്, തലശ്ശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ മേൽപ്പറഞ്ഞ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. മാത്രമല്ല, പൈതൃക സംരക്ഷണ ടൂറിസം വികസനത്തിന്റെ ഭാഗമായി എടുത്ത മിഠായിത്തെരുവ് നവീകരണം, ചാല പൈതൃക പദ്ധതി എന്നിവയുടെ ഒന്നാംഘട്ട ഉദ്ഘാടനം കഴിഞ്ഞിരിക്കുകയാണ്. ഈ മൂന്ന് പദ്ധതികൾ നടപ്പിലാകുമ്പോൾ കേരളത്തിൽ പൈതൃക സമ്പത്ത് ടൂറിസം വികസനത്തിന് ഉപയോഗപ്പെടുത്താനും ഈ രംഗത്ത് വൻ നേട്ടമുണ്ടാക്കാനും കഴിയുന്നതാണ്. ഇന്ത്യയിൽ ആരംഭിച്ച 'ഗ്രീൻ കാർപ്പറ്റ് ' പദ്ധതി പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതും സൗന്ദര്യവൽക്കരണം ഉറപ്പുവരുത്തുന്നതുമായ പദ്ധതിയാണ്. എല്ലാ വർഷവും ടൂറിസം സീസണിന്റെ മുന്നോടിയായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ശുചിത്വം, ലൈറ്റിംഗ്, നടപ്പാത, ജലലഭ്യത, സൈൻബോർഡുകൾ, മാലിന്യസംസ്കരണ സംവിധാനം എന്നിവ നിരവധി കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നതിലൂടെ അഭിമാനപൂർവ്വമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ദേവികുളം നിയോജക മണ്ഡലം ടൂറിസവുമായി വളരെയധികം ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശമാണ്. നമ്മുടെ സംസ്ഥാനത്തെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളായ മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട, ആനക്കുളം, ആനയിറങ്ങൽ എന്നീ പ്രദേശങ്ങൾ ദേവികുളം മണ്ഡലത്തിലുൾപ്പെടുന്ന സ്ഥലങ്ങളാണ്. 2018 മുതൽ പ്രളയവും കോവിഡും അടക്കമുള്ള നിരവധി കാരണങ്ങളാൽ കടുത്ത പ്രതിസന്ധി യിലൂടെയാണ് ഈ പ്രദേശങ്ങളെല്ലാം കടന്നുപോകുന്നതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. കോവിഡിനെതിരെ അതിജീവന പദ്ധതി ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതിയിലുൾപ്പെടുത്തി സംരംഭകർക്കും തൊഴിലാളികൾക്കുംവേണ്ടി രണ്ട് സാമ്പത്തിക ഉത്തേജക പാക്കേജുകൾ നടപ്പിലാക്കിയിരുന്നു. ടൂറിസം മേഖലയിലെ തൊഴിലാ ളികളുടെ സംരക്ഷണത്തിനായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന അനേകം ആളുകൾ വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോവിഡ് ഈ മേഖലയിലുണ്ടാക്കിയ നിശ്ചലാവസ്ഥ മറികടക്കാൻ എല്ലാ പഞ്ചായത്തിലും ഒന്നിൽ കൂടുതൽ ടൂറിസം ഡെസ്റ്റിനേഷൻ, സഞ്ചാരികൾക്ക് ഉപയോഗപ്പെടുന്ന ടൂറിസം മൊബൈൽ ആപ്പ് എന്നിവ ഏർപ്പെടുത്തി. കോവിഡ് അതിജീവനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ

സഹകരണത്തോടെ ടൂറിസം മേഖലയിൽ തൊഴിൽ എടുക്കുന്നവർക്ക് മുൻഗണനാ ക്രമത്തിൽ വാക്സിനേഷൻ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. വയനാട്ടിലെ സുൽത്താൻ ബത്തേരിയടക്കമുള്ള സ്ഥലങ്ങളിൽ വാക്സിനേഷൻ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, മൂന്നാർ അടക്കമുള്ള ടൂറിസം ഡെസ്റ്റിനേഷൻ പ്രദേശത്തുകൂടി വാക്സിനേഷൻ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കെ.ടി.ഡി.സി. ഹോട്ടലുകളെ കേന്ദ്രീകരിച്ച് ആരംഭിച്ച 'ഇൻ കാർ ഡൈനിംഗ് ' യാത്രക്കാർക്ക് സ്വന്തം വാഹനത്തിൽ തന്നെ സുരക്ഷിത ഭക്ഷണം ഒരുക്കുന്ന പദ്ധതി കോവിഡ് അതിജീവനത്തിന്റെ മറ്റൊരു മാതൃകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണകാലത്ത് ഊട്ടി മാതൃകയിൽ നിർമ്മിച്ച മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ എടുത്തുപറയേണ്ട ടൂറിസം സ്പോട്ടായി മാറിയിട്ടുണ്ട്. കേരള ടൂറിസത്തിന്റെയും മൂന്നാർ ടൂറിസത്തിന്റെയുമാകെ വലിയൊരു മാറ്റത്തിന് കാരണമാകുന്ന സ്വപ്ന പദ്ധതിയാണ് മൂന്നാർ ട്രെയിൻ യാത്ര. 1924-ൽ മഹാപ്രളയം വന്നപ്പോൾ തകർന്നുപോയതാണ് പ്രസ്തുത ട്രെയിൻ യാത്ര. അത് പുനരുജ്ജീവിപ്പിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്. ഇതിനാവശ്യമായ ഭൂമി വിട്ടുതരാനുള്ള സന്നദ്ധത ടാറ്റാ എസ്റ്റേറ്റിൽ നിന്നുമുണ്ടായിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രധാന ടൂറിസം കേന്ദ്രമായ മൂന്നാറിൽ സീസൺ സമയങ്ങളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ടൗണിലെ തിരക്ക് കുറയ്ക്കുന്നതിന് മൂന്നാറിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കുന്നതിനുതകുന്ന ഒരു പദ്ധതിയാണ് മൂന്നാർ ഫ്ലൈ ഓവർ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഫണ്ട് അനുവദിച്ചതും പ്രാരംഭ പ്രവൃത്തികളെല്ലാം ആരംഭിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നാർ മേഖലയിൽ ടൂറിസത്തിന് വലിയ രീതിയിലുള്ള മാറ്റമുണ്ടാക്കാൻ കഴിയുന്നതാണ്. മൂന്നാറിലെ പാർക്കിംഗ് അസൗകര്യം പരിഹരിക്കുന്നതിനുവേണ്ടി ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ (DTPC) അഞ്ച് കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ആ വിഷയത്തിലും സർക്കാർ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറയൂർ മുനിയറകളുടെ ചരിത്രപരമായ പ്രാധാന്യം മുൻനിർത്തി ആനക്കോട്ട പാറയിലും പരിസര പ്രദേശങ്ങളിലും മുനിയറകളുടെ സംരക്ഷണം കണക്കിലെടുത്ത് ടൂറിസം ഡെസ്റ്റിനേഷനിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ആനക്കുളം, ചൊക്രമുടി, ലക്ഷ്മി ഹിൽസ്, യെല്ലപ്പെട്ടി എന്നിവിടങ്ങളിലെ ട്രക്കിംഗ്, അഡ്വഞ്ചർ ടൂറിസം എന്നിവ കൂടുതൽ വിശാലമായ സാധ്യതയുള്ളതിനാൽ ഈ വിഷയത്തിൽ സർക്കാർ ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. തകർന്ന വിനോദസഞ്ചാര മേഖലയിലെ മാർക്കറ്റിംഗിന്

വേണ്ടി ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുള്ളത് വലിയ പ്രതീക്ഷയാണ് ഈ മേഖലയ്ക്ക് നൽകുന്നത്. കൂടുതൽ സഞ്ചാരികളെ മൂന്നാർ അടക്കമുള്ള വിനോദ സഞ്ചാരമേഖലയിൽ എത്തിക്കുന്നതിന് മൂന്നാർ ഫെസ്റ്റ് നടത്തുന്നതിനും ടൂറിസം വകുപ്പ് മുൻകയ്യെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്. നേര്യമംഗലം മുതൽ വാളറ വരെ നാലര കിലോമീറ്റർ വനത്തിലൂടെയാണ് കടന്നു പോകുന്നത്. രാത്രി കാലങ്ങളിൽ നിരവധി സഞ്ചാരികൾ ആ വഴിയിലൂടെ യാത്രചെയ്യുന്നതിനാൽ റോഡിന്റെ വശങ്ങളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതാണ്. അതുപോലെ, ഫാം ടൂറിസത്തിന് ഏറെ സാദ്ധ്യതകളുള്ള പ്രദേശങ്ങളാണ് കാന്തല്ലൂർ, വട്ടവട ഉൾപ്പെടെയുള്ള പ്രദേശങ്ങൾ. നെല്ല്, തേയില, കാപ്പി, കുരുമുളക്, ഏലം തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ കൃഷിചെയ്യുന്ന ഈ മേഖലകളിൽ ടൂറിസമെന്ന ആശയമുൾപ്പെടുത്തി കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഫാം ടൂറിസത്തെ ഉപയോഗപ്പെടുത്താവുന്നതാണ്. കർഷകർക്ക് കാർഷിക വിളകൾ വിറ്റുകിട്ടുന്ന വരുമാനത്തിനുപുറമെ മറ്റൊരു വരുമാന മാർഗ്ഗമെന്ന രീതിയിൽ ഫാം ടൂറിസത്തെ പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. വിവിധ രാജ്യങ്ങളിൽനിന്നും സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന വിനോദ സഞ്ചാരികൾക്ക് അവർക്ക് ഇഷ്ടപ്പെടുന്ന ഭക്ഷണം കഴിക്കുന്നതുപോലെ ടൂറിസം സ്പോട്ടുകളിൽ ഫുഡ് കോർട്ട് സംവിധാനം ഏർപ്പെടുത്തണം. സ്ത്രീ സൗഹൃദ വിനോദസഞ്ചാര മേഖലയ്ക്കായി ഷീ-ലോഡ്ജുകൾ ആരംഭിക്കണമെന്ന് ശ്രദ്ധയിൽ പ്പെടുത്തുകയാണ്. അഡ്വഞ്ചർ ടൂറിസത്തിനായി സാഹസിക വിനോദ സാധ്യതയ്ക്കുള്ള പരിശീലനവും പ്രസ്തുത മേഖലയെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള ടൂറിസം പദ്ധതികളും ആവിഷ്ക്കരിക്കുന്നതിലൂടെ ഒട്ടനവധി യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ തുറക്കുന്നതിന് വഴിയൊരുക്കുന്നു. ആയതിനുള്ള പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കണം. വിനോദസഞ്ചാര മേഖലയെ പ്ലാസ്റ്റിക് മുക്ത മേഖലയാ ക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന ചെക്ക്പോസ്റ്റ് അടക്കം സ്ഥാപിക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം. തിരുവിതാംകൂർ ഭരണകാലത്ത് ബ്രിട്ടീഷുകാർ സഞ്ചാരത്തിനും ചരക്ക് വിനിയോഗത്തിനും ഉപയോഗിച്ചിരുന്ന ആലുവ-മൂന്നാർ രാജപാത 1924-ലെ മഹാപ്രളയത്തിൽ തകരുകയുണ്ടായി. വിനോദ സഞ്ചാരികൾക്ക് ആകർഷകമാകുന്ന പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ഈ പാത പുനർനിർമ്മിച്ചാൽ പ്രദേശവാസികളുടെ വരുമാനമാർഗ്ഗത്തിനും ടൂറിസം മേഖലയുടെ പുത്തനുണർവ്വിനും വഴിയൊരുക്കും. ഈ പാതയുടെ പുനർനിർമ്മാണത്തിന്റെ സാധ്യതകൂടി സർക്കാർ പരിശോധിക്കണം. കഴിഞ്ഞ പ്രളയ കാലത്ത് ഏറ്റവും കൂടുതൽ റോഡുകളും പാലങ്ങളും തകർന്നുപോയത് ഞാൻ പ്രതിനിധാനം ചെയ്യുന്ന ദേവികുളം നിയോജകമണ്ഡലത്തിലാണ്. എന്നാൽ, ആ റോഡുകളും പാലങ്ങളും ഇന്ന് ഉന്നത നിലവാരത്തിൽ പണി പൂർത്തീകരിക്കാൻ കഴിഞ്ഞതും ഇടതുപക്ഷ മുന്നണി

സർക്കാരിന്റെ ഭരണകാലത്താണ്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ കുറിച്ച് ഒരു കവിഞ്ജൻ എഴുതിയ വാക്കുകൾ മാത്രം പറഞ്ഞ് ഞാൻ അവസാനി പ്പിക്കുകയാണ്.

"അണൈക്കെട്ടുകളിൽ തിറക്കപ്പെട്ടും തണ്ണീർ

പള്ളങ്കളൈ ഏമാറ്റിറവിട്ട് മേട്ടുകളെ നോക്കി പായ്കിറത്

ആനാൽ ഇടതുസാരികളിൻ ആട്ചി കാലത്തിൽ

എങ്കെല്ലാം പള്ളം, മേട്ടുകളുള്ളതോ

അങ്കെയെല്ലാം ചെങ്കൊടി പറക്കും

ഇന്ത അടിപ്പടൈയിൽ എല്ലോർക്കുമാന

പൊതുവുടമൈ അരസാങ്കമാക ഉള്ളത് പാരാട്ടുക്കുറിയത്."

എൽ.ഡി.എഫ്-ന്റെ ഭരണകാലഘട്ടത്തിൽ സർക്കാരിന്റെ ആനുകൂല്യങ്ങളെല്ലാം കൃത്യമായി ആളുകളുടെ കയ്യിൽ എത്തുന്നുണ്ട്. എന്നാൽ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അങ്ങനെ അല്ലായിരുന്നുവെന്നാണ് ഈ കവിഞ്ജൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വളരെ പ്രതീക്ഷയോടുകൂടി കൊണ്ടുവന്ന ഒരു സംവിധാനമാണ് കേരള റോഡ് ഫണ്ട് ബോർഡ്. ആ റോഡ് ഫണ്ട് ബോർഡ് ബില്ലായി ഇവിടെ അവതരിപ്പിച്ചത് അന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ഞാനായിരുന്നു. റോഡ് വികസനരംഗത്ത് ഒരു വിപ്ലവമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുകൂടി വലിയ പ്രതീക്ഷയോടുകൂടിയാണ് അത് കൊണ്ടുവന്നത്. വെഹിക്കിൾ ടാക്സും ടോൾ പിരിവുമായി കിട്ടുന്ന തുകയെല്ലാം സമാഹരിച്ച് സെക്യൂരിറ്റൈസ് ചെയ്ത് അതുപയോഗിച്ച് നല്ല റോഡുകളുണ്ടാക്കാമെന്ന ഉദ്ദേശ്യത്തിലാണ് അത് കൊണ്ടുവന്നതെങ്കിലും അതിനെ തുരങ്കം വയ്ക്കുന്ന രീതിയിലാണ് പിന്നീട് കിഫ്ബിയെന്ന സംവിധാനം ഇവിടെയു ണ്ടായത്. അത് സത്യത്തിൽ ഡ്യൂപ്ലിക്കേഷനാണ്. ഇൻഫ്രാസ്ട്രക്ച്ചറും റോഡുകളടക്കമുള്ള വികസനവുമാണ് കിഫ്ബിയുടെ ജോലി. K.R.F.B. (കേരള റോഡ് ഫണ്ട് ബോർഡ്)-യുടെ ജോലിയും അതുതന്നെയാണ്. തത്വത്തിൽ കെ.ആർ.എഫ്.ബി.-ക്ക് ലഭിക്കേണ്ട വെഹിക്കിൾ ടാക്സ് അടക്കമുള്ളത് കിഫ്ബി കൊണ്ടുപോയിയെന്നു ള്ളതാണ് അതിലെ വലിയ അബദ്ധം. എന്നാൽ കിഫ്ബി കൃത്യമായി കാര്യങ്ങളൊന്നും നിർവ്വഹിക്കാത്ത സാഹചര്യമാണുള്ളത്. മാത്രമല്ല പൊതുമരാമത്തുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിലാണ് പലസമയത്തും കിഫ്ബി പ്രവർത്തിക്കുന്നത്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് പറയാനുള്ളത് അങ്ങയുടെ അവകാശം തിരിച്ചുപിടിക്കുന്നതിനുള്ള പോരാട്ടമാണ് ആദ്യമായി ഇതിൽ നടത്താനുള്ളത് എന്നാണ്. എന്റെ നിയോജകമണ്ഡലമുൾപ്പെടുന്ന കൊടുവള്ളി നഗരത്തിന്റെ നടുവിലൊരു തുരങ്കം എന്ന പദ്ധതി കിഫ്ബിയിൽ കൊണ്ടുവന്നിട്ടുണ്ട്. ആ നഗരത്തിൽ അത്തരത്തിലൊരു തുരങ്കം വന്നാൽ പിന്നെ ആ പട്ടണം ഇല്ലെന്നുള്ളതാണ് സത്യം. പ്രധാനമായും അവിടെയുള്ള കച്ചവടക്കാർ, സ്വർണ്ണ വ്യവസായികൾ, വ്യാപാരികൾ എല്ലാം തകർന്നുതരിപ്പണമാകും. ഇതുമായി ബന്ധപ്പെട്ട് അവരുടെ യാതൊരു തരത്തിലുള്ള അനുവാദവും വാങ്ങിയിട്ടില്ല. നാഷണൽ ഹൈവേ അതോറിറ്റിയുടേയോ, അവിടെയുള്ള മുനിസിപ്പാലിറ്റിയുടെയോ അനുവാദം വാങ്ങാതെയാണ് അവരിത്രയും മുന്നോട്ടുപോയത്. മാത്രമല്ല, ആദ്യം ചോദിച്ചപ്പോൾ ടെൻഡർ ആയി എന്നാണ് എനിക്ക് ലഭിച്ച മറുപടി. ഇപ്പോൾ നോക്കുമ്പോൾ അത് ടെൻഡറായിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അന്നുതന്നെ പറഞ്ഞു; അങ്ങ് അവിടെയുള്ള ജനങ്ങളുടെയും രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും മുനിസിപ്പാലിറ്റിയുടെയും നിലവിലെ എം.എൽ.എ.-യുടെയും വികാരമെന്താണെന്ന് നോക്കി ആ പദ്ധതി പുതിയ രീതിയിൽ കൊണ്ടുവരണം എന്ന്. അവിടെയുള്ളവർ വികസനത്തിനെതിരല്ല; ഭൂമി മുഴുവനും വിട്ടുതരാം, റോഡിന്റെ വീതികൂട്ടിയാൽ മതി എന്നാണവർ പറയുന്നത്. അവിടെ പരിസ്ഥിതി ആഘാത പഠനംപോലും കൃത്യമായി നടത്താത്ത സ്ഥിതി വിശേഷമുണ്ട്. പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആരോട് ചോദിച്ചിട്ട് എന്നറിയാത്ത സ്ഥിതിയാണ്. അങ്ങ് അന്ന് അനുഭാവപൂർവ്വമാണ് അതിനെ കണ്ടത്. അവിടെയുള്ള എം.എൽ.എ., ജനപ്രതിനിധികൾ, മുനിസിപ്പാലിറ്റി അധികൃതർ എന്നിവരുടെ ഒരു സംയുക്തയോഗം വിളിച്ചുചേർത്ത് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പടനിലം, നടമേൽക്കടവ് എന്നീ രണ്ട് പാലങ്ങളുമായി ബന്ധപ്പെട്ടുള്ള വിഷയം അങ്ങയോട് പറഞ്ഞിട്ടുള്ളതാണ്. മറ്റൊരു സംഭവം അവിടെയുണ്ടായിരിക്കുന്നത്, നിലവിലെ മൂന്നോ,നാലോ പി.എച്ച്.സി.-കൾക്കും Family Health Centres (FHCs)-നും തത്വത്തിൽ ഭരണാനുമതി കൊടുത്ത് അതിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചിരിക്കുകയാണ്. ഞാൻ ഇതുവരെയും 'തത്വത്തിൽ ഭരണാനുമതി' എന്നത് കേട്ടിട്ടില്ല. എന്നാൽ ശരിക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ? ഇല്ല. പി.ഡബ്ല്യൂ.ഡി.-യോട് ചോദിച്ചപ്പോൾ ' സബ്മിറ്റഡ് ഫോർ എ. എസ്.' എന്നാണ് അവർ പറയുന്നത്. എന്നാൽ 'തത്വത്തിൽ എ.എസ്.' എന്നുപറഞ്ഞ് അതിന്റെ ഉദ്ഘാടനകർമ്മവും തറക്കല്ലിടലും നിർവ്വഹിച്ചിരിക്കുന്നു. അങ്ങ് ഉടൻതന്നെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് യഥാർത്ഥത്തിലുള്ള എ.എസ്. അനുവദിച്ച് അത് ടെൻഡർ ചെയ്ത് പണി നടത്തണം. അതിന് തറക്കല്ലിടണമെന്ന് ഞങ്ങൾ പറയുന്നില്ല. പണി നടന്നുകിട്ടിയാൽ മതിയെന്നുള്ള ആഗ്രഹമാണ് ഞങ്ങൾ പ്രകടിപ്പിക്കാനാഗ്രഹിക്കുന്നത്. പൊതുമരാമത്ത്

വകുപ്പിന്റെ കരമന-കളിയിക്കാവിള റോഡ് വികസന പദ്ധതി അഞ്ച് വർഷമായിട്ടും പൂർത്തിയായിട്ടില്ല. അങ്ങ് മുൻകയ്യെടുത്ത് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പ് തീരദേശ റോഡിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നതാണ്. എന്നാൽ ആ പ്രവൃത്തി കിഫ്ബി ഏറ്റെടുത്തു. ആകാശത്തിലൂടെ ഡ്രോണുകൾ പോകുന്നത് കണ്ടിട്ടുണ്ട്, പക്ഷേ അതിപ്പോൾ ഫ്രീസറിൽ വച്ചിരിക്കുകയാണ്. തീരദേശ റോഡ് പദ്ധതി ഇനി മുന്നോട്ട് പോകുമോ ഇല്ലയോയെന്ന് അറിയാത്ത അവസ്ഥയിലാണ്. അതുപോലെയാണ് ഹിൽ ഹൈവേ പദ്ധതിയും. ഈ രണ്ട് പദ്ധതികളും അങ്ങയുടെ മുൻഗണനാ ലിസ്റ്റിലുണ്ടാകണം. അങ്ങ് വലിയ സ്വപ്നങ്ങളുള്ള ആളാണ്. അത് നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിന്റെ പൊതുതാല്പര്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഞങ്ങളുടെ എല്ലാ പിന്തുണയുമുണ്ടാകും. പക്ഷേ അങ്ങ് വിവേചന പൂർവ്വമല്ല, വളരെ നിഷ്പക്ഷമായി ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ എം.എൽ.എ.-മാർക്കും തുല്യനീതി കിട്ടുന്ന രീതിയിൽ നിർവ്വഹിക്കണമെന്നാണ് പറയാനുള്ളത്. ഒരു പദ്ധതിയുടെ പിന്നിൽ ഒരു എം.എൽ.എ. പ്രവർത്തിക്കുമ്പോൾ ആ എം.എൽ.എ.-യെത്തന്നെ പദ്ധതിയുടെ ഭാഗമാക്കി കൊണ്ടുവരണം. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ തവണ എനിക്കുണ്ടായ ഒരനുഭവം പറയാനുണ്ട്, ഞാൻ കോഴിക്കോട് സൗത്തിൽനിന്നും വീണ്ടും വിജയിച്ചു വന്നപ്പോൾ ഒരു പദ്ധതിക്കുവേണ്ടി ഞാൻ നടത്തിയ എല്ലാ പ്രയത്നവും മാറ്റിവച്ച്, വേറെയാളുകൾ ആ പദ്ധതി ഉദ്ഘാടനം ചെയ്യുകയും അതിന്റെ ഭാഗമാകുകയും ചെയ്തു. ഒരു ഡോക്ടർ പ്രസവമെടുത്തതുകൊണ്ട് അദ്ദേഹത്തെ ആരും ബാപ്പ എന്ന് വിളിക്കില്ലെന്ന് പറഞ്ഞതുപോലെ ഒരാൾ ഒരു പദ്ധതിക്ക് പിന്നാലെ പോകുന്നെങ്കിൽ ആ പദ്ധതി തയ്യാറാക്കിയ ആളാണ് ബാപ്പ. പിന്നീട് മറ്റൊരാൾ വന്ന് അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന രീതി അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇനിയെങ്കിലും അത് ആവർത്തിക്കാതിരിക്കാനാണ് പറയുന്നത്.

സംസ്ഥാനത്തെ ടൂറിസംമേഖല തകർന്ന് തരിപ്പണമായിരിക്കുന്നതിന് പ്രധാനകാരണം മഹാമാരി വന്നതാണ്. ഏകദേശം പത്തുലക്ഷത്തോളം വിദേശ ടൂറിസ്റ്റുകളും ഒന്നരക്കോടി ആഭ്യന്തര ടൂറിസ്റ്റുകളും വന്നുകൊണ്ടിരുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും 15 ലക്ഷത്തോളം ആളുകൾ ജോലി ചെയ്തുകൊണ്ടിരുന്ന ഈ മേഖല ആകെ തകർന്നുതരിപ്പണമായി. കേരളത്തിൽ എത്രയോ ഹോംസ്റ്റേകളും റിസോർട്ടുകളും ഹോട്ടലുകളും വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. ആ മേഖലയെ എങ്ങനെ വീണ്ടും സമ്പുഷ്ടമാക്കാമെന്ന് അങ്ങ് പരിശോധിക്കണമെന്നുള്ളതാണ് ഒരഭ്യർത്ഥന. ഞാൻ ഇക്കാര്യം ശ്രീ. പി. പി.

ചിത്തരഞ്ജനുകൂടി വേണ്ടിയാണ് പറയുന്നത്. ഹൗസ് ബോട്ടുകൾ നിർത്തിയതു കാരണം ഒന്നും ചെയ്യാൻ കഴിയാതെ അതുമായി ബന്ധപ്പെട്ട പതിനായിരക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ് കഴിയുന്നത്. അതുമായി ബന്ധപ്പെട്ട് സി.ഐ.ടി. യൂണിയൻ ഉണ്ടാക്കിയെന്നല്ലാതെ യാതൊന്നും അവിടെയുണ്ടായിട്ടില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് അവരുടെ വിഷയത്തിൽ ഇടപെടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അങ്ങ് ഒരു ചോദ്യത്തിന്റെ മറുപടിയായി ഫാം ടൂറിസത്തെക്കുറിച്ച് പറഞ്ഞതിന്റെ ഒരു പ്രതീക്ഷയിലിരിക്കുകയാണ് ഞങ്ങൾ. ധാരാളം ടൂറിസ്റ്റ് മേഖലകൾ ഇവിടെയുണ്ട്. കട്ടിപ്പാറ എന്ന പഞ്ചായത്ത് ടൂറിസത്തിന് വളരെ അനുയോജ്യമായ പ്രകൃതി രമണീയമായ ഒരു സ്ഥലമാണ്. അങ്ങ് പിന്നീടെപ്പോഴെങ്കിലും പ്രസ്തുത സ്ഥലം സന്ദർശിച്ച് അവിടെയുള്ള ടൂറിസ്റ്റ് സാധ്യതകളെ ഒന്ന് വിശകലനം ചെയ്യണം. ഞാൻ ആദ്യം പറഞ്ഞ വിഷയം സംബന്ധിച്ച് ഒരു ദിവസമെങ്കിലും അങ്ങ് എന്റെ നിയോജകമണ്ഡലത്തിൽ വന്ന് ജനപ്രതിനിധികളെ വിളിച്ചുചേർത്ത് അതിന്റെ ഗുണഫലങ്ങളെക്കുറിച്ച് ഒന്നുകൂടി ആരാഞ്ഞശേഷമല്ലാതെ ആ പദ്ധതിയുമായി മുന്നോട്ടുപോകരുതെന്നുള്ള ഒരഭ്യർത്ഥന കൂടി മുന്നോട്ടുവയ്ക്കുന്നു. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് വേണമെങ്കിൽ അവിടെത്തന്നെ താമസിക്കുന്ന വേറെയൊരു എം.എൽ.എ. കൂടി ഇവിടെയുണ്ട്; അദ്ദേഹത്തിന്റെ അഭിപ്രായംകൂടി ആരാഞ്ഞശേഷം അക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരള സംസ്ഥാനത്തിന്റെ ഭരണരംഗത്തെ ഐതിഹാസികമായ രാഷ്ട്രീയ തുടർച്ച ഉറപ്പാക്കിക്കൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അതിനുശേഷം നിയമസഭ സാക്ഷ്യം വഹിച്ച ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗവും നന്ദിപ്രമേയ ചർച്ചയും ബഡ്ജറ്റ് പ്രസംഗവും തുടർന്നുള്ള ധനാഭ്യർത്ഥന ചർച്ചകളുമൊക്കെ ചൂണ്ടിക്കാണിക്കുന്നത് ഈ സർക്കാരിന്റെ ഇടതുപക്ഷ നയങ്ങളിലെ വിട്ടുവീഴ്ചയില്ലായ്മയാണ്. അതോടൊപ്പം മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന നിലയിലെ ഇന്ത്യാ രാജ്യത്തിന്റെ നിലനിൽപ്പും സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്കുള്ള പ്രാധാന്യവും കേന്ദ്രീകരിച്ചുകൊണ്ടാണ് ഇതിന്റെ വിഷയങ്ങൾ മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും ചില രാഷ്ട്രീയ നിലപാടുകളെക്കുറിച്ച് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ രാഷ്ട്രീയത്തെ വൈരാഗ്യത്തോടും പുച്ഛത്തോടുംകൂടി കാണുന്നവരാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ഭൂരിപക്ഷമെങ്കിലും ഇപ്പോൾ നെഹ്റുവിനെയും സോഷ്യലിസത്തെയും പൂർണ്ണമായും തള്ളിപ്പറഞ്ഞിട്ടില്ലാത്ത കുറച്ചുപേരെങ്കിലും ബാക്കിയുണ്ട് എന്നതാണ്

പ്രതീക്ഷ നൽകുന്ന ഒരുകാര്യം. വർഗ്ഗീയതയുടെ കറുത്ത ശക്തികൾ ഭൂമിയെ കടിച്ചുകീറുന്ന ഈ സന്ദർഭത്തിൽ അതിനെക്കുറിച്ചെങ്കിലും വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടി പ്രതികരിക്കാൻ ഈ ശക്തികൾക്ക് കഴിയണം. എക്കാലവും ഈ നാടിന്റെ സംരക്ഷണത്തിനുവേണ്ടി വർഗ്ഗീയതയുടെ ശക്തികളിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി ഇവിടെ ജീവത്യാഗം ചെയ്തിട്ടുള്ള തൊഴിലാളികളെയും അധഃസ്ഥിതരെയും കർഷകരെയും തങ്ങളുടെ കർമ്മപരിപാടികളുടെ മുഖ്യസ്ഥാനത്തേയ്ക്ക് പ്രതിഷ്ഠിക്കാൻ കോൺഗ്രസ് തയ്യാറായില്ലെങ്കിൽ,

"ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന -

മൃതിയിൽ നിനക്കാത്മശാന്തി!

ഇത് നിന്റെ (എന്റെയും) ചരമ ശുശ്രൂഷയ്ക്ക്

ഹൃദയത്തിലിന്നേ കുറിച്ച ഗീതം"

എന്ന് ഒ. എൻ. വി. കുറുപ്പ് പാടിയത് ഓർക്കാനേ കഴിയൂ. 2016 മുതൽ 2021 വരെ ഇവിടെ ഭരിച്ച സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ ചരിത്രത്തിൽ ഇടം നേടിയത് പ്രതിസന്ധികൾക്കും മഹാപ്രളയങ്ങൾക്കും മഹാമാരികൾക്കും നടുവിൽ ജനങ്ങളുടെ രക്ഷകനായി എന്നതുകൊണ്ടുതന്നെയാണ്. പ്രകൃതിയും കാലവും സൃഷ്ടിച്ച പ്രതിസന്ധികൾക്കപ്പുറം ഫാസിസ്റ്റ് രാഷ്ട്രീയവും ക്യാപ്പിറ്റലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുംകൂടി രാജ്യത്തുണ്ടാക്കിയതും സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിച്ചതുമായ ഒരു സർക്കാരിന് താങ്ങാൻ കഴിയാതിരുന്ന അത്രയും വലിയ സംഭവങ്ങൾ നേരിട്ടുകൊണ്ടാണ് ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടും ചങ്കുറപ്പോടുംകൂടി അതിന്റെ തേരോട്ടം ഇതുവരെ മുന്നോട്ട് നയിച്ചതെന്ന് എല്ലാവർക്കുമറിയാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

2016-ലെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പാക്കാൻ ഉറപ്പിച്ച ഈ സർക്കാർ, ദുരന്തങ്ങളെല്ലാം വന്നിട്ടും വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പാക്കിയെന്ന് അനുഭവത്തിൽനിന്നും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ സർക്കാർ ദുരന്തങ്ങളെ അതിജീവിക്കുകയും ജനങ്ങളെ ചേർത്തുപിടിക്കുകയും ചെയ്തു. ഫെഡറൽ സംവിധാനത്തെ തെല്ലും ബഹുമാനിക്കാത്ത സംഘ്പരിവാർ നേതൃത്വം, തങ്ങൾക്ക് ഇഷ്ടമില്ലാത്ത സർക്കാരുകളെ അസ്ഥിരപ്പെടുത്താനും തകർക്കാനുമുള്ള നീക്കം തുടർന്നുകൊണ്ടേയിരുന്നു. ഒന്നിനുപിറകെ ഒന്നായിവന്ന കേന്ദ്ര ഏജൻസികൾക്കൊന്നിനും സംസ്ഥാന സർക്കാരിനെ ചവിട്ടിമെതിക്കാൻ കഴിഞ്ഞില്ല. മാത്രമല്ല പൂർവ്വാധികം ശക്തിയോടെ, ജനപിന്തുണയോടെ

എൽ.ഡി.എഫ്. സർക്കാർ മുന്നോട്ട് പോകുകതന്നെ ചെയ്യു. കേന്ദ്ര ഗവൺമെന്റിന്റെ ദുഷ്ടലാക്കോടുകൂടിയ നീക്കത്തിനെല്ലാം പ്രത്യക്ഷവും പരോക്ഷവുമായി കേരളത്തിലെ കോൺഗ്രസും യു.ഡി.എഫ്.-ഉം കുടപിടിച്ചുകൊടുത്തുവെന്നത് കേരളീയർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. അതാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നൽകിയ ജനവിധിയിലൂടെ കാണാൻ കഴിഞ്ഞത്. ക്രിയാത്മക പ്രതിപക്ഷമെന്നുള്ള നിലയിൽ ഏത് വിമർശനവും ജനാധിപത്യത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുകയേയുള്ളു. അതിൽ ഭരണകർത്താക്കളോ ഭരണകൂടമോ അസ്വസ്ഥരാകില്ല. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ പ്രതിപക്ഷം തങ്ങളുടെ ചരിത്രത്തെയും ധർമ്മത്തെയും മറന്ന് അന്തിപ്പത്രത്തിന്റെ മഞ്ഞപ്പേജിനെ നാണിപ്പിക്കുന്ന ഇല്ലാത്ത കഥകളും പൊയ്‌വെടികളുമായി രാഷ്ട്രീയരംഗത്തെ മലിനമാക്കിക്കൊണ്ടിരിക്കുന്നുവെന്ന സത്യം ആർക്കാണ് അറിയാത്തത്? സമീപകാലത്താകട്ടെ ഇച്ഛാഭംഗം സംഭവിച്ച അധോലോക വ്യാപാരകേന്ദ്രങ്ങളും അഴിമതി നടത്തിയപ്പോൾ തൊണ്ടിയോടെ പിടിക്കപ്പെട്ട ഉദ്യോഗസ്ഥരും പരിസ്ഥിതി ചൂഷണങ്ങൾ നടത്തി നാടിനെ കൊള്ളയടിക്കാൻ അവസരം കിട്ടാതെ പോയ ഭൂമാഫിയയും ഖനന മാഫിയയുമൊക്കെ ചേർന്ന് ധാർമ്മികത ചോർന്നുപോയ ചില കൂലിയെഴുത്തുകാരുടെ സഹായത്തോടെ പടച്ചുവിടുന്ന അപസർപ്പക കഥകൾക്ക് പിന്നാലെ നടക്കുകയാണ് കേരളത്തിലെ പ്രതിപക്ഷം. രാഷ്ട്രീയ രംഗത്തെ ഗൗരവമായി കാണുന്നവർക്ക് ഇപ്പോൾ സഹതാപം മാത്രമാണ് നിങ്ങളെക്കുറിച്ചുള്ളത് എന്നുമാത്രമേ ഈ സന്ദർഭത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളൂ. ഇത്തരം ഉമ്മാക്കികൾക്ക് പിന്നാലെ പോകുന്നതിന് മുമ്പ് ഇതിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്ന് പരിശോധിക്കാനെങ്കിലും നിങ്ങൾ തയ്യാറാകേണ്ടതായിരുന്നു. വർഗ്ഗീയ ശക്തികളെ രാജ്യത്തിന്റെ അധികാരത്തിൽ നിന്ന് അകറ്റിനിർത്താൻ അധികാര സ്ഥാനങ്ങളൊന്നും സ്വീകരിക്കാതെ അറുപത്തിരണ്ടിലധികം പാർലമെന്റ് അംഗങ്ങളുടെ പിന്തുണ നിരുപാധികം നേടിയ ഇടതുപക്ഷ ജനാധിപത്യ പാർട്ടികളുടെ രാഷ്ട്രീയ വിവേകം നിങ്ങൾക്ക് ഉടനെയൊന്നും ഉണ്ടാകില്ലെന്ന് എനിക്കറിയാം. നിങ്ങൾക്ക് ഈ വിവേകം ഇനിയും ഉണ്ടാകുന്നി ല്ലെങ്കിൽ നാല് വോട്ടിനുവേണ്ടി രാഷ്ട്രപിതാവിന്റെ ഘാതകരോട് കണ്ണടയ്ക്കാൻ കഴിയുന്നത് പ്രഹസനമല്ല, ക്രൂരതയായി മാത്രമേ കാണാൻ കഴിയൂ. സർക്കാരിന്റെ നയങ്ങളെയും പരിപാടികളെയും നിങ്ങൾ വിമർശിക്കുമ്പോൾ കേരളത്തിലെ സാധാരണക്കാരെ മാത്രമല്ല ഇന്ത്യാരാജ്യത്തിലെ അത്താഴപ്പട്ടിണിക്കാരും മുഴുപ്പട്ടിണിക്കാരുമായ കോടാനുകോടി സാധാരണ പൗരന്മാരെയും നിങ്ങൾ ഓർക്കണം. മഹാമാരിയുടെ കാലത്ത് കൊടുംവേനലിൽ ലക്ഷക്കണക്കിന് ഇന്ത്യൻ കുടുംബങ്ങൾ അന്നത്തിനും തണലിനുംവേണ്ടി ചുട്ടുപൊള്ളുന്ന പാതയിൽ പാദങ്ങൾ ഊന്നി പലായനം ചെയ്യേണ്ടിവന്നപ്പോൾ മറുനാടൻ തൊഴിലാളികളെയും കുടുംബങ്ങളെയും നെഞ്ചോട് ചേർത്തുനിർത്തി സംരക്ഷിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്യു

സർക്കാരിനെ നിങ്ങൾ എതിർക്കുന്നു. ഇത് എൽ.ഡി.എഫ്. സർക്കാരിന്റെ തുടർച്ചയാണ്. ഇതുപോലെ ഇനിയും ചെയ്യാനാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. അത് പക്ഷപാതിത്വമാണെങ്കിൽ ഞങ്ങൾ അത് ആവർത്തിക്കുക തന്നെ ചെയ്യുമെന്നാണ് ഈ ഗവൺമെന്റിന് ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. പ്രധാനമായും ഇവിടെ ചർച്ചചെയ്യുന്നത് ടൂറിസം, പൊതുമരാമത്ത്, തുറമുഖം ഉൾപ്പെടെയുള്ള വകുപ്പുകളെപ്പറ്റിയാണ്. പ്രത്യേകിച്ച് ഇതുമായി ബന്ധപ്പെട്ട പദ്ധതികളും പ്രവർത്തനങ്ങളും നാടിന്റെ വികസനത്തെയും സാധാരണ പൗരന്മാരുടെ ക്ഷേമത്തെയും മുൻനിർത്തിയുള്ളതാണ്. വിനോദസഞ്ചാര വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പുതന്നെ ഇത്തരം കാര്യങ്ങളിൽ ചില പ്രഖ്യാപനങ്ങൾ നടത്തിക്കഴിഞ്ഞതാണ്. കേരളത്തെ ആഗോള ടൂറിസം ഭൂപടത്തിൽ സുപ്രധാന ഇടമാക്കി മാറ്റാനും അടയാളപ്പെടുത്താനും മുൻകൈ എടുത്തത് കേരള ജനതയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്തവിധം ഭരണരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭനായ സഖാവ് ഇ. ചന്ദ്രശേഖരൻ നായർ ഈ വകുപ്പ് കൈകാര്യം ചെയ്ത ഭരണകാലം മുതലാണ്. സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ കേരളീയരുടെ സ്നേഹാദരവ് പിടിച്ചുപറ്റിയ അദ്ദേഹത്തിന്റെ രാഷ്ട്രീയ വീക്ഷണമാണ് ജനകീയ പങ്കാളിത്തത്തിലൂടെ ദൈവത്തിന്റെ സ്വന്തം നാടെന്ന ആഗോള ടൂറിസം ബ്രാൻഡിലേയ്ക്ക് ടൂറിസം മേഖലയെ മാറ്റിയത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് responsible tourism എന്ന സുസ്ഥിര ടൂറിസം സംസ്കാരത്തിന് ശക്തമായ അടിത്തറ പാകിയത് ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിലായിരുന്നു. കേരളത്തിലുടനീളം ഉത്തരവാദിത്ത വിനോദസഞ്ചാരമെന്ന ആശയം പ്രചരിപ്പിക്കാനും ഇതിന്റെ അവിഭാജ്യഘടകമായ സാമ്പത്തിക ഉത്തരവാദിത്വമെന്ന ബോധം വികസിപ്പിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്. പ്രാദേശിക സമൂഹങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ ഉത്തരവാദിത്ത ടൂറിസം സാധ്യമാകുകയുള്ളൂ. ഈ ആശയം കേരളസമൂഹവും തിരിച്ചറിഞ്ഞിരിക്കുന്നു. പതിനാലായിരത്തോളം യൂണിറ്റുകളാണ് Responsible Tourism Mission-ന് കീഴിൽ പ്രവർത്തിക്കുന്നത്. സുസ്ഥിരമായ ഈ അടിത്തറയിലാണ് സഖാവ് ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഈ സഭയിൽ അവതരിപ്പിച്ച പദ്ധതികളെ പടുത്തുയർത്താൻ പോകുന്നത്. ഈ മേഖലയിൽ സമഗ്രവും സുദീർഘവുമായ പരിപാടികളാണ് വിഭാവന ചെയ്തിട്ടുള്ളത്. സമഗ്ര ടൂറിസം വികസനത്തിനായി സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായി 13 മാസ്റ്റർപ്ലാനുകളാണ് അദ്ദേഹം തയ്യാറാക്കിയിട്ടുള്ളത്. കോവളം-പൂവാർ ടൂറിസം കോറിഡോർ, കുമരകം-പൊന്മുടി ഗോൾഡൻ വാലി, നിലമ്പൂർ, അഷ്ടമുടി, തേക്കടി, ഫോർട്ട് കൊച്ചി, കക്കയം - പെരുവണ്ണാമൂഴി, കാലടി-മലയാറ്റൂർ, തലശ്ശേരി എന്നീ പ്രത്യേക പ്രാദേശിക പദ്ധതികളാണ്

തയ്യാറാക്കിയിട്ടുള്ളത്. ദൈനംദിനം ആയിരത്തിലധികം സഞ്ചാരികൾ എത്തുന്ന കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരമുള്ള ശുചിമുറികൾ തയ്യാറാക്കുന്നതിന് പതിനെട്ട് കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. പ്രധാനപ്പെട്ടൊരു കാര്യം കാസർഗോഡ്-തിരുവനന്തപുരം ജലപാത പ്രത്യേക ടൂറിസം ഹൈവേയാക്കി മാറ്റുന്നുവെന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ ജലപാതയുടെ തീരത്ത് മനോഹരങ്ങളായ അൻപത് ടൂറിസം കേന്ദ്രങ്ങളാണ് വികസിപ്പിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കുന്നു. സംസ്ഥാനത്തെ ഒൻപത് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് എയർവാൻ സർവ്വീസ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചുകഴിഞ്ഞതാണ്. ഇതിനായി കാസർഗോഡ് പെരിയയിൽ എൺപത് ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ പൂർത്തീകരിച്ചിരിക്കുകയാണ്. ബേക്കലുമായി ബന്ധപ്പെട്ട എയർ സ്ട്രിപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. ആലപ്പുഴ, മുസിരിസ്, തലശ്ശേരി, പൈതൃക ടൂറിസം പദ്ധതിയുടെ ചുവടുപിടിച്ച് കൊല്ലം, കോഴിക്കോട്, ആറന്മുള എന്നിവിടങ്ങളിലും പൈതൃക ടൂറിസം പദ്ധതികൾ ആരംഭിക്കാൻ പോകുന്നു. കേരളത്തിലെ പുരാതന തുറമുഖങ്ങളെ യൂറോപ്പിലെയും പശ്ചിമേഷ്യയിലെയും തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന സ്പൈസ് റൂട്ട് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. അതിപുരാതനകാലംതൊട്ട് വടക്കൻ ആഫ്രിക്കയും മെഡിറ്ററേനിയൻ രാജ്യങ്ങളും പേർഷ്യയും അറേബ്യയും ദക്ഷിണ ചൈനയുമൊക്കെയായി കേരളത്തിലെ തുറമുഖങ്ങൾ വഴി സമ്പന്നമായ വ്യാപാരബന്ധങ്ങളുണ്ടായിരുന്നു. ഗൃഹാതുരത്വത്തോടെ കേരളവുമായുള്ള വ്യാപാരബന്ധങ്ങളെ ചരിത്രത്തിന്റെ ഏടുകളിൽ എഴുതി ചേർത്തിട്ടുള്ള സമൂഹങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. ടൂറിസം നമ്മുടെ ചരിത്ര സംസ്കാരവുമായി അലിഞ്ഞുചേർന്നിട്ടുള്ളതാണ്. ഈ തിളക്കത്തെ ലോകമെങ്ങും പ്രസരിപ്പിക്കാൻവേണ്ട ശ്രമങ്ങളുടെ ഭാഗമായാണ് 'ഒരു പഞ്ചായത്തിൽ ഒരു ടൂറിസം കേന്ദ്രം' എന്ന പദ്ധതി. ഇത് പ്രദേശവാസികൾക്കുകൂടി പ്രയോജനപ്പെടത്തക്ക വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സാധാരണക്കാർക്കും ചെറുപ്പക്കാർക്കും ടൂറിസം വികസനത്തിന് ആനുപാതികമായി വരുമാനമുണ്ടായാൽ മാത്രമേ ജനകീയമായി ടൂറിസം വിജയിക്കുകയുള്ളൂ.

1990 മുതൽ നാം കേരള മോഡൽ വികസിപ്പിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ ക്വാളിറ്റി ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് എന്നുകൂടി നാം കാണേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ സുസ്ഥിര മാതൃകയിലൂടെ, സമ്പൂർണ്ണ ഉത്തരവാദിത്ത ടൂറിസം എന്ന ലക്ഷ്യമാണ് ഈ പരിപാടികളിലൂടെ നടപ്പാക്കാൻ പോകുന്നത്. ടൂറിസത്തിലൂടെ ലഭിക്കുന്ന വരുമാനം തൽസമയം തന്നെ സമൂഹത്തിലെ സാധാരണക്കാർക്കും ചെറുപ്പക്കാർക്കും സാമ്പത്തികമായി

നേട്ടമുണ്ടാക്കുന്ന ഒരു മാതൃകയായി മാറേണ്ടത് നമുക്ക് ആവശ്യമാണ്. അല്ലാതെ മറ്റ് പലയിടങ്ങളിലും സംഭവിക്കുന്നതുപോലെ ടൂറിസം വ്യവസായത്തിന്റെ ലാഭം മുഴവൻ കുത്തകകളുടെ കൈകളിലേയ്ക്കെത്തുന്ന രീതിയല്ല വേണ്ടത്. ലോകത്തുള്ള 100 ശതമാനം ടൂറിസ്റ്റ് കേന്ദ്രങ്ങളും അടച്ചിട്ട സാഹചര്യമാണ് ഉണ്ടായിരുന്നത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ഇനി വരാൻ പോകുന്ന വർഷങ്ങളിൽ, 2021-22 കാലയളവിൽ 53 ശതമാനത്തോളം തൊഴിൽ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ മഹാമാരിയെ അതിജീവിച്ച് ടൂറിസം മേഖല സാവധാനം തിരികെ വരികയാണ്. ഏത് പ്രതിസന്ധിയും ഒരു അവസരം തുറന്നുതരുമെന്ന തത്വം സൂചിപ്പിക്കുന്നതുപോലെ നമ്മുടെ മുന്നിലും പ്രതീക്ഷാനിർഭരമായ ഒരു ചിത്രം തെളിഞ്ഞുവരുന്നുണ്ട്. ആ ആഗോളപ്രവണത സൂചിപ്പിക്കുന്നത് പുനർജനിക്കുന്ന ടൂറിസം മേഖലയിൽ ഉത്തരവാദിത്ത ടൂറിസമാണ് കൂടുതൽ പ്രിയം എന്നാണ്. 2019-ന് ശേഷമുള്ള സ്ഥിതിയാണ് ഇവിടെ നാം കാണേണ്ടത്. അവിടെയാണ് കേരളത്തിന്റെ സാധ്യതകളും സർക്കാരിന്റെ പുതിയ ടൂറിസം കർമ്മപരിപാടികളും പ്രസക്തമാകുന്നത്. അതുകൊണ്ട് ഇതിൽ പ്രത്യേകിച്ച് നാം കാണേണ്ട ഒരു കാര്യം, നമ്മുടെ രാജ്യത്തെ ഒരു സംസ്ഥാനത്തിൽ, സഞ്ചാരികളുടെ മുൻഗണനാക്രമങ്ങളിൽ അഞ്ചാം സ്ഥാനം സൗഹാർദ്ദ പൂർണ്ണമായ തദ്ദേശവാസികൾക്കും നാലാം സ്ഥാനം പ്രകൃതിഭംഗിക്കും മൂന്നാം സ്ഥാനം സുരക്ഷിതത്വത്തിനും രണ്ടാം സ്ഥാനം വ്യതിരിക്തമായ പ്രാദേശികാനുഭവങ്ങൾക്കും ആണെന്നാണ്. പക്ഷെ, ഒന്നാം സ്ഥാനം എന്നും നിൽക്കുന്നത് ഓരോ നാടിന്റെയും ചരിത്രത്തിലും സംസ്കാരത്തിലുമാണ്. കേരളത്തിന്റെ ചരിത്രവും സംസ്കാരവും സമ്പന്നമാണ്. സമ്പന്നമാകട്ടെ നമ്മുടെ ടൂറിസം രംഗവും എന്നാണ് ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നത്. മുൻ സർക്കാരിന്റെ നേട്ടങ്ങളുടെ തുടർച്ചയാണ് പൊതുമരാമത്ത് വകുപ്പിന്റെ നയരേഖയിലും കർമ്മപദ്ധതിയിലും കാണാൻ കഴിയുന്നത്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കാൻ നിശ്ചയിച്ച സമയം നീട്ടി നൽകില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വലിയ സന്തോഷമാണ് ജനങ്ങളിലുണ്ടാക്കിയത്. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പൊതുമരാമത്ത് വകുപ്പിനെ അഴിമതിയിൽ നിന്നും മുക്തമാക്കാൻ ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. സർക്കാർ നടത്തിയ പരിശ്രമം വിജയിക്കുകയുണ്ടായി. അഴിമതിമൂലം പ്രവൃത്തികൾക്ക് കാലതാമസം സംഭവിക്കുകയും ഗുണനിലവാരം കുറയുകയും ചെയ്ത 2011-16-ലെ സാഹചര്യത്തിൽനിന്നാണ് മുൻ സർക്കാർ പൊതുമരാമത്ത് വകുപ്പിനെ പുനഃസൃഷ്ടിച്ചത്. അതുപോലെ അഴിമതിയുടെ പഴുതുകൾ ശാസ്ത്രീയമായി അടച്ച് ഇ-ഗവേണൻസ് ശക്തിപ്പെടുത്തി അഴിമതിക്കാരോട് കർക്കശ നിലപാട് സ്വീകരിച്ചുകൊണ്ടാണ്

ഇത് സാദ്ധ്യമാക്കിയത്. നിർമ്മാണം ആരംഭിച്ച 540 പാലങ്ങളിൽ 160 പാലങ്ങൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പൂർത്തിയാക്കാനായി. എറണാകുളം ജില്ലയിലെ വൈറ്റില, കുണ്ടന്നൂർ ഫ്ളൈഓവറുകൾ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചു. പാലാരിവട്ടം പാലം ഒരു ദേശീയ ഫലിതമായിക്കഴിഞ്ഞ സ്ഥിതിക്ക് ഇനിയൊന്നും പറയുന്നില്ല. അവിടെയും എൽ.ഡി.എഫ്. സർക്കാർ അത്ഭുതകരമാംവിധം പുനർനിർമ്മാണം പൂർത്തീകരിച്ചു. പുനഃസാമ്പത്തിക നയങ്ങളുടെ ഭാഗമായി 2002-ൽ ശ്രീ. എ. കെ. ആന്റണി ആയിരക്കണക്കിന് തസ്തികകളാണ് വെട്ടിക്കുറച്ചതെങ്കിൽ മുൻ എൽ.ഡി.എഫ് സർക്കാർ 20000-ൽപ്പരം തസ്തികകൾ സൃഷ്ടിക്കുകയും പി.ഡബ്ല്യൂ.ഡി.-യിൽ മാത്രം അഞ്ഞൂറിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ച് അവിടത്തെ പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്തു. മലയോര ഹൈവേയുടെ 12 റീച്ചുകളിൽ രണ്ടെണ്ണം പൂർത്തിയായി. ലെവൽ ക്രോസ്സുകളില്ലാത്ത കേരളമെന്ന ലക്ഷ്യത്തിലേയ്ക്ക് ആദ്യഘട്ടമെന്ന നിലയിൽ 223 കോടി രൂപയുടെ 10 റെയിൽവേ മേൽപ്പാലങ്ങൾക്ക് മുൻ സർക്കാർ തുടക്കമിട്ടു. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിലെ പരമദയനീയമായിരുന്ന റോഡുകൾ ഉൾപ്പെടെയുള്ള മുഴുവൻ റോഡുകളും ലോകനിലവാരമുള്ളതായി മാറിക്കഴിഞ്ഞു. പതിനാലായിരം കിലോമീറ്റർ റോഡുകളാണ് ഉന്നതനിലവാരത്തിൽ പുനരുദ്ധരിച്ചത്. 3500-ൽപ്പരം കോടി രൂപയുടെ അറ്റകുറ്റപ്പണികളാണ് നടത്തിയത്. കിഫ്ബി വഴി 15000 കോടിരൂപയുടെ പദ്ധതികൾക്കാണ് രൂപം നൽകിയത്. 8000 കോടിരൂപയുടെ പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 9530 കിലോമീറ്റർ റോഡുകൾ പുനരുദ്ധരിച്ച് ബി.എം.&ബി.സി. നിലവാരത്തിലുള്ളതാക്കി. 4099 കിലോമീറ്റർ റോഡുകൾ പൂർത്തിയാക്കി. 2118 കിലോമീറ്റർ റോഡുകൾ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് നിർമ്മിച്ചു. 336 കിലോമീറ്റർ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചു. പൊളിഞ്ഞ റോഡുകളുടെ സാമഗ്രികൾ റീ-സൈക്കിൾ ചെയ്ത് ജർമ്മൻ സാങ്കേതികവിദ്യയോടെ പുതിയ റോഡുകൾ നിർമ്മിച്ചു. 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ തകർന്നുപോയ 18000 കിലോമീറ്റർ റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിച്ചു. കേരള ചരിത്രത്തിൽ മുമ്പൊരിക്കലുമില്ലാത്തവിധം സ്തുത്യർഹമായ വിധത്തിലാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ കാലത്തെ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ചത്. ഈ കാര്യക്ഷമതയും സുതാര്യതയും തുടരുമെന്ന ഉറച്ചവിശ്വാസമാണ് ബഹുമാന്യനായ പുതിയ മന്ത്രിയിൽനിന്ന് ജനങ്ങൾക്ക് ഇപ്പോൾ കേൾക്കാൻ കഴിയുന്നത്; നേരിട്ട് കാണാൻ കഴിയുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനമാണ് സർക്കാരിന്റെ ലക്ഷ്യമെന്നതിന് ഉദാഹരണമാണ് മലയോര ഹൈവേയ്ക്ക് എല്ലാ ജില്ലകളിൽനിന്നും കണക്ടിവിറ്റി നൽകാനുള്ള

തീരുമാനം. മലയോര ഹൈവേ വരുന്ന വഴിയിൽ വനംവകുപ്പുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ച് മുന്നോട്ടുപോകാൻ വകുപ്പിന് കഴിയുമെന്ന വിശ്വാസത്തോടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകം ശ്രദ്ധ അതിനായി ക്ഷണിക്കുകയാണ്. കാസർഗോഡ് ജില്ലയിലും കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വൈകാതെ പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം വൻപദ്ധതികൾക്ക് കൂടുതൽ ശ്രദ്ധ ലഭിക്കുമ്പോൾത്തന്നെ ഇഴഞ്ഞുനീങ്ങുന്ന ചെറുറോഡുകളുടെയും പാലങ്ങളുടെയും പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കുമെന്ന തീരുമാനവും വളരെ സ്വാഗതാർഹമാണ്. ദേശീയപാതയിലെ സ്ഥിരം ഗതാഗതക്കുരുക്കുകൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുള്ള നടപടികളും പ്രതീക്ഷ നൽകുന്നു. ദേശീയ നിലപാടിൽ നിന്നും വ്യത്യസ്തമായി ടോൾരഹിത ഗതാഗത സൗകര്യങ്ങൾ നിർമ്മിച്ച് ജനങ്ങൾക്ക് നൽകുന്ന സംസ്ഥാന സർക്കാരിന്റെ വികസന മാതൃകയെപ്പറ്റി പ്രതിപക്ഷം മൗനം പാലിക്കുന്നത് കൗതുകകരമാണ്. കഴിഞ്ഞ അഞ്ചുവർഷങ്ങളുടെ വേഗതയേറിയ തുടർച്ചയായിരിക്കും വരുന്ന അഞ്ചുവർഷങ്ങളെന്ന് ഉറപ്പാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഹോസ്ദുർഗ്-പാണത്തൂർ പാതനിർമ്മാണത്തിന്റെ കുരുക്കഴിക്കാൻ കിഫ്ബിയും പൊതുമരാമത്ത് വകുപ്പും നടത്തുന്ന ശ്രമങ്ങൾ ഏറെ സന്തോഷകരമാണ്. അതുപോലെ കിഫ്ബി സഹായത്തോടെ നടക്കുന്ന നീലേശ്വരം-ഇടത്തോട് റോഡിന്റെയും കിളിയളം-വരഞ്ഞൂർ റോഡിന്റെയും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി വേഗതയിൽ നടത്തുന്നതിനാവശ്യമായ നടപടി കൂടി പ്രതീക്ഷിക്കുന്നു. തുറമുഖവുമായി ബന്ധപ്പെട്ട് രാവിലെ ചോദ്യം വരികയും ഒട്ടേറെ വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്തതുകൊണ്ടും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സാധാരണഗതിയിൽ എപ്പോഴും വലിയ വിമർശനങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചുള്ള ചർച്ചകൾ ഈ സഭയിൽ നടന്നിട്ടുള്ളത്. പക്ഷെ ഇന്ന് നടന്ന ചർച്ചയിൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ കാര്യമായി വിമർശിക്കാനുള്ള ഒരു പ്രശ്നവും പ്രതിപക്ഷത്തിന് ഉന്നയിക്കാനായില്ലെന്നുള്ള പ്രത്യേകത നമ്മുടെ ശ്രദ്ധയിലുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ ഈ വകുപ്പിന്റെ പ്രവർത്തന മികവും ഇപ്പോഴത്തെ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ തുടർന്നുവരുന്ന രീതിയുമാണത്. വിമർശനത്തിനതീതമായി, രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി ഈ വകുപ്പിനെ കൊണ്ടുപോകാൻ കഴിഞ്ഞുവെന്നുള്ള പ്രത്യേകതയാണ് അതിന്റെ ഭാഗമായിട്ടുള്ളത്. അഴിമതി ഏറ്റവും കൂടുതലുള്ള വകുപ്പാണ് പൊതുമരാമത്ത് എന്നാണ് ഏതുകാലത്തും നാട്ടിലെ വർത്തമാനം. ഈ

ഗവൺമെന്റിന്റെയും മുൻ ഗവൺമെന്റിന്റെയും ഭരണകാലങ്ങളിൽ അതിന് അറുതി വരുത്താൻ കഴിഞ്ഞുവെന്നുള്ള പ്രത്യേകത കേരളത്തിനാകെ അഭിമാനകരമാണ്. ഇവിടെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കർശനമായി വകുപ്പുതല നടപടിക്ക് വിധേയമാക്കി. അതോടൊപ്പം, ഇ-ഗവേണൻസ്, വാക്കുകളിലല്ല, നടപ്പിലാക്കാൻ പരിശ്രമിച്ചതുകൊണ്ട് അഴിമതിക്കെതിരായിട്ടുള്ള നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചു; ഇപ്പോഴും സ്വീകരിച്ച് മുന്നോട്ടുപോകുന്നു. അഴിമതിക്കെതിരായ ഈ പോരാട്ടം കേരളത്തിലെ നിർമ്മാണ മേഖലയിലെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. കാലതാമസമുണ്ടാക്കുക, അനാവശ്യമായ വിവാദങ്ങളുണ്ടാക്കുക; ഇതിന്റെ മറവിൽ അഴിമതി നടത്തുക എന്നുള്ള പ്രവർത്തനം കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ അത്തരം വിവാദങ്ങളുണ്ടാക്കുന്നവർക്ക് സാധിച്ചില്ലെന്നുള്ളത് അതിന് മുമ്പത്തെ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതു ണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അതിന്റെ വിവാദങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇവിടെ ഏകദേശം പൊതുമരാമത്ത്, കിഫ്ബി, റീബിൽഡ് കേരള ഇനീഷ്യേറ്റീവ്, കെ.എസ്.ടി.പി., ആന്വിറ്റി സ്കീമുകളടക്കം 25,000 കോടിരൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിന് പ്രത്യേകതയുണ്ട്. കേരളത്തിലെ റോഡ് വികസനമായാലും മറ്റേത് മേഖലയിലെ വികസനമായാലും അത് കേരളത്തിന്റെ ഭാവിയെക്കണ്ടാണ് നടത്തുന്നത്. ഇന്നത്തെ നിലയിൽ കേരളം മുന്നോട്ടുപോയാൽ പോരാ. അഭിമാനകരമായ നേട്ടമുള്ള കേരളത്തിൽ നാളത്തെ ഭാവിയെക്കരുതി പുതിയ നിക്ഷേപങ്ങളുണ്ടാകണം; അതിനാവശ്യമായ ഭൗതിക പശ്ചാത്തല സൗകര്യങ്ങളുണ്ടാകണം; അതിന്റെ ഭാഗമായിട്ടാണ് റോഡ് നിർമ്മാണ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുന്ന ഈ നിക്ഷേപം വന്നത്. ഇന്ന് കിഫ്ബി ഒരു യാഥാർത്ഥ്യമാണ്.

3.00 PM]

ഡോ. എം. കെ. മുനീർ, അദ്ദേഹത്തിന്റെ ഭരണകാലത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പോയ അധികാരം തിരിച്ചുപിടിക്കാൻ സഹായം നൽകുന്നത് കണ്ടു. അധികാരമില്ലാത്ത തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നു ഞാനെന്ന് അദ്ദേഹം മുമ്പ് പറഞ്ഞത് എന്റെ ഓർമ്മയിലുണ്ട്. അത് വകുപ്പുകൾ പലതാക്കി മാറ്റിയപ്പോഴാണ്. റോഡ് ഫണ്ട് ബോർഡിനുവേണ്ടി മാത്രമുണ്ടാക്കിയ ധനകാര്യ സ്ഥാപനമാണ് കിഫ്ബി. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പ്ലാൻ ഫണ്ട് കൊണ്ടുമാത്രം നിർവ്വഹിക്കാൻ കഴിയാതെവരുമ്പോൾ ഒരു പുതിയ മാർഗ്ഗം സ്വീകരിച്ചതാണ് കിഫ്ബി. അസംബ്ലിയിൽ ചർച്ച ചെയ്ത് നിലവിലുണ്ടായിരുന്ന ആശങ്കകളൊക്കെ ഒഴിവാക്കി നമ്മൾ സ്വീകരിച്ച ഒരു സമീപനമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, തുറമുഖങ്ങൾ, ടൂറിസം, വ്യവസായ രംഗത്തും

ഇൻഡസ്ട്രിയൽ കോറിഡോറിനുവേണ്ടിയും ഭൂമി ഏറ്റെടുക്കൽ, വ്യാവസായികാവശ്യങ്ങൾക്ക് പുതിയ സ്ഥലം കണ്ടെത്തൽ, നാഷണൽ ഹൈവേയുടെ ഭൂമിയെടുക്കുന്നതിനുള്ള പണം കണ്ടെത്തൽ തുടങ്ങി എല്ലാ മേഖലകൾക്കുവേണ്ടിയും ഉണ്ടാക്കിയ ഒരു പദ്ധതി പ്രാവർത്തികമാകുകയാണ്. പതിനാലായിരം കോടി രൂപയുടെ പദ്ധതികൾക്കാണ് ഇപ്പോൾ അംഗീകാരം കൊടുത്തിട്ടുള്ളത്. അതിന്റെ പ്രായോഗിക പ്രശ്നങ്ങൾ ചിലതുണ്ടാകാം. പക്ഷേ ആ പദ്ധതി വേണ്ടെന്നുവച്ചാലോ, അതിനെതിരായി നിശിതമായ വിമർശനം വന്നാലോ, അത് നമ്മുടെ നാടിന് ഗുണം ചെയ്യുന്നതല്ല. നമ്മുടെ നാട്ടിൽ തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കാൻ കഴിയുന്ന പുതിയ ഒരു അവസ്ഥയിലേയ്ക്ക് പോകാനും പശ്ചാത്തല സൗകര്യവികസനം ഒരുക്കാനും സർക്കാരിന്റെ കയ്യിൽ പണമില്ലാത്തപ്പോൾ അത് കണ്ടെത്താൻ സ്വീകരിച്ച ധനാഗമ മാർഗ്ഗം സുതാര്യമായി ഈ സഭയുടെ പരിശോധനയ്ക്ക് വന്നതാണ്. കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ള ഇന്നത്തെ റൂളിംഗ് ഉൾപ്പെടെ അതല്ലേ? അത്തരം രീതിയിലുള്ള ഒരു സംവിധാനം കൊണ്ടുവന്നതിന് കെ.ആർ.എഫ്.ബി.-യുടെ ഫണ്ട് പിടിക്കാൻവേണ്ടി നടത്തിയ പരിശ്രമമാണെന്ന് അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ ഉന്നയിക്കാൻ പാടില്ലായിരുന്നുവെന്ന വിമർശനമാണ് എനിക്കുള്ളത്.

നമ്മുടെ നാട്ടിലെ റോഡുകളുടെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേരളത്തിലെ റോഡ് വികസനത്തിൽ പുതിയ മാറ്റം വേണമെന്ന് ശ്രീ. പി. ജെ. ജോസഫ് പറഞ്ഞു. നാഷണൽ ഹൈവേകളുടെ കാര്യത്തിൽ എട്ട് മന്ത്രിമാരും കേന്ദ്ര ഗവൺമെന്റും അപ്പുറത്തുണ്ടായിരുന്നപ്പോൾ (കേരളത്തിൽനിന്ന് എട്ട് ക്യാബിനറ്റ് റാങ്കിലുള്ള മന്ത്രിമാരും സഹമന്ത്രിമാരും ഉണ്ടായിരുന്നല്ലോ) അന്ന് കേരളത്തിന് കിട്ടിയതെന്താണ്; ഏതെങ്കിലും കാര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനായോ? ഇപ്പോൾ കേരളത്തിന്റ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിശക്തമായ ഇടപെടൽ നടത്തി. കേരളത്തിൽ ഭൂമിയുടെ ലഭ്യത കുറവാണ്. അവിടെ ഭൂമിക്ക് വില കൂടുന്നത് സ്വാഭാവികമാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി 25 ശതമാനം സംഖ്യ നൽകാൻ കേരളം തയ്യാറായി. അതിന്റെ ഭാഗമായി മുടങ്ങിക്കിടന്നിരുന്ന നാഷണൽ ഹൈവേയുടെ പ്രവർത്തനങ്ങൾ അതിവേഗത്തിൽ നടന്നുവരുന്നുവെന്നുള്ളത് കേരളത്തിന് അഭിമാനമല്ലേ? കിഫ്ബിയിൽനിന്നാണ് അതിന് പണം കണ്ടെത്തിയത്. അതൊക്കെ വേണ്ടെന്നുവയ്ക്കണോ? ഒരു ഭാഗമാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. ഏകദേശം അയ്യായിരത്തോളം കോടി രൂപ ആ ആവശ്യത്തിന് വേണ്ടിവരുമെന്നാണ് കാണുന്നത്. ഗതാഗതക്കുരുക്കാണ് നമ്മുടെ മറ്റൊരു പ്രശ്നം. ഗതാഗതക്കുരുക്കുണ്ടാക്കുന്ന എല്ലാ മേഖലയിലും മേൽപ്പാലങ്ങൾ, ബൈപ്പാസുകൾ എന്നിവ വേണമെന്ന ആവശ്യം മുൻകാലങ്ങൾ മുതലുള്ളതാണ്.

എത്ര പതിറ്റാണ്ട് പഴക്കമുള്ളതാണ് കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ. നാലര പതിറ്റാണ്ട് പഴക്കമുള്ള ബൈപ്പാസുകളുടെ വർക്ക് ആരംഭിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ്. നേരത്തെയുള്ള ആളുകളൊന്നും പരിശ്രമിച്ചില്ലെന്ന് ഞങ്ങൾ പറഞ്ഞില്ല. പക്ഷേ നിശ്ചയദാർഢ്യത്തോടെ സമയം നിശ്ചയിച്ച് അതിന്റെ പണി പൂർത്തീകരിച്ച് ഈ നാടിന് സമർപ്പിക്കാൻ കാണിച്ച ആർജ്ജവം കേരളത്തിലെ ഗവൺമെന്റിന്റെ മുഖമുദ്രയാണ്.

ജലപാതയുടെ കാര്യത്തിൽ ഇതേ നിക്ഷേപം പ്രയോജനപ്പെടുത്തുകയല്ലേ? റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ റോഡ് മാർഗ്ഗം കൂടാതെ ജലഗതാഗത മാർഗ്ഗംകൂടി പ്രയോജനപ്പെടുത്തണം. തീരദേശ ഹൈവേയും മലയോര ഹൈവേയും കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുന്നുവെന്ന് ഇവിടെ ചിലർ പറഞ്ഞു. അതിന്റെയൊക്കെ വർക്ക് നടന്നുകൊണ്ടിരിക്കുകയല്ലേ? നമ്മൾ ആഗ്രഹിക്കുന്ന വേഗത്തിൽ വർക്ക് നടക്കാത്തതിന് നിരവധി കാരണങ്ങളുണ്ട്. കേരളം എവിടെനിന്നാണ് തുടങ്ങിയതെന്ന് കാണണം. കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ രണ്ട് പ്രളയങ്ങളുണ്ടാക്കിയ ആഘാതത്തിൽനിന്ന് ഇവിടത്തെ റോഡുകൾ ഈ നിലയിലാക്കാൻ വലിയ പരിശ്രമമുണ്ടായിട്ടില്ലേ? ഒന്നരക്കൊല്ലത്തിലധികമായ കോവിഡിന്റെ പ്രശ്നം; സാമ്പത്തിക പ്രയാസം മാത്രമല്ല, ഈ മേഖലയിൽ ജോലിക്ക് ആളുകളെ കിട്ടാനുണ്ടോ; കേരളത്തിൽ നിർമ്മാണ വസ്തുക്കളുടെ പ്രശ്നങ്ങളില്ലേ? ഇത്തരം പ്രതിസന്ധികൾക്കിടയിലാണ് ഈ കാണുന്ന നേട്ടമെല്ലാം ഉണ്ടാക്കിയതെന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകത. ആ പ്രത്യേകത കാണാതിരിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. റോഡിന്റെ പ്രവർത്തനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. കെട്ടിടം നിർമ്മിച്ച് കഴിഞ്ഞതിനുശേഷമാണ് പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിംഗ് വയറിംഗിന്റെ എസ്റ്റിമേറ്റുണ്ടാക്കുന്നത്. ഈ പ്രശ്നത്തിനും പരിഹാരം കാണാൻ കഴിയുന്ന രീതിയിലുള്ള ഇടപെടലുണ്ടാകണം. പൊതുമരാമത്ത് വകുപ്പിന്റെ പുതിയ കാഴ്ചപ്പാടിനെയും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുള്ള ചടുലമായ പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ഇന്നലെ കുതിരാൻ തുരങ്കത്തിന്റെ ഒരു ടണൽ തുറന്നു. മണ്ണുത്തി - വടക്കഞ്ചേരി ദേശീയ പാതയിലുള്ള കുതിരാൻ തുരങ്കത്തിന് ഒരു പതിറ്റാണ്ടിലധികം പഴക്കമുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിലാണ് പണി ആരംഭിച്ചത്. ആ കമ്പനി ആരുടേതാണെന്നൊക്കെ ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. കൃഷ്ണമോഹൻ കൺസ്ട്രക്ഷൻ (കെ.എം.സി.) കമ്പനിയാണ്. ആന്ധ്രാ പ്രദേശിലെ പഴയ കോൺഗ്രസ് എം.പി., പിന്നീട് മന്ത്രി, ഇപ്പോൾ വൈ.എസ്.ആർ. കോൺഗ്രസ്സിന്റെ നേതാവ്. കേരള ഗവൺമെന്റ് എത്ര

ശ്രമം നടത്തി. ഒരു നിശ്ചിത സമയത്തിനകം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശക്തമായ ഇടപെടൽ, ഇപ്പോഴത്തെ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിരന്തരമായ പരിശോധന; തൃശ്ശൂർ ജില്ലാ കളക്ടറെ സ്ഥലം മാറ്റിയപ്പോഴും അദ്ദേഹത്തെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് അതിന്റെ പരിശോധന നടത്തി. ഇതെല്ലാംകൊണ്ടാണ് ഒരു ടണലെങ്കിലും ഇപ്പോൾ തുറന്നത്. കോവിഡുകാലത്ത് കുതിരാനിൽ ഓക്സിജൻ കൊണ്ടുപോകാൻ പോലും ബുദ്ധിമുട്ടനുഭവിച്ചു. നിരവധി മരണങ്ങളുണ്ടായി. അവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടായി. അദ്ദേഹത്തിന്റെ നിയോജകമണ്ഡലമാണത്. കൂടാതെ തൃശ്ശൂർ ജില്ലയിലെ മന്ത്രിമാരായ ശ്രീ. കെ. രാധാകൃഷ്ണൻ, ഡോ. ആർ. ബിന്ദു എന്നിവരുടെ ശക്തമായ പരിശ്രമവും ഇക്കാര്യത്തിലുണ്ടായി. അത് ഇപ്പോൾ തുറന്നുകൊടുത്തതിൽ അതിയായ സന്തോഷമുണ്ട്. എന്നാൽ, കേരളത്തിൽനിന്നുള്ള ഒരു കേന്ദ്ര സഹമന്ത്രിക്ക് വൈരാഗ്യം തീർക്കാൻ വേണ്ടിയുള്ളതായി ഇത്തരം ഒരു സംഭവത്തെ പ്രയോജനപ്പെടുത്തേണ്ടിയിരുന്നില്ല. ഞങ്ങൾ വിവാദങ്ങൾക്കില്ല, വികസനം നടക്കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. 2021 ജൂലൈ 31-ാം തീയതി 4 മണിക്ക് ഉപരിതല റോഡ് ഗതാഗത വകുപ്പുമന്ത്രാലയത്തിന്റെ അറിയിപ്പ് കിട്ടുകയാണ്. 5 മണിക്ക് കുതിരാൻ തുരങ്കം ഗതാഗതത്തിനായി തുറക്കുകയാണ്. തുറന്നുകൊടുക്കണമെന്ന തന്നെയാണ് കേരള ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ ഉദ്ഘാടനത്തിന് കാത്തുനിൽക്കണമെന്നല്ല, ഒരു നിമിഷംമുമ്പ് വിവാദങ്ങളില്ലാതെ അത് നടക്കണം. പക്ഷേ ഒരു സംസ്ഥാന ഗവൺമെന്റിനോട് ഇങ്ങനെയാണോ പെരുമാറേണ്ടത്; അതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണോ എന്നുള്ള കാര്യം ആലോചിക്കണം.

ടൂറിസം രംഗവും ഈ പ്രയാസങ്ങൾക്കിടയിലൂടെയാണ് കടന്നുപോയത്. പ്രളയത്തിനുശേഷം 2019-ലാണ് ടൂറിസം രംഗത്ത് ഏറ്റവും വലിയ വളർച്ചയുണ്ടായത്. 45000 കോടി രൂപയുടെ വരുമാനം. അതിലിപ്പോൾ 33000 കോടി രൂപയും കുറഞ്ഞു. 15 ലക്ഷത്തിലധികം ആളുകൾ ആശ്രയിക്കുന്നതും ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയുന്നതുമായ മേഖലയാണിത്. അതിലേയ്ക്ക് ഇനിയെന്ന് തിരിച്ചുവരാൻ കഴിയുമെന്ന് പറയാനാവില്ല. ടൂറിസവുമായി ബന്ധപ്പെട്ട ഇന്നത്തെ ചോദ്യോത്തര വേളയിൽ ആ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ബഡ്ജറ്റിന്റെ ഭാഗമായും അല്ലാതെയും നടത്തുന്ന പരിശ്രമങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ സ്വാഭാവികമായും നമുക്ക് മുന്നോട്ട് പോകാനാകുമെന്ന് കരുതുന്നു. ടൂറിസം മേഖലയിലെ എല്ലാ വിഭാഗം ആളുകൾക്കും രക്ഷയുണ്ടാകാൻ കഴിയുന്ന നടപടികളിലേയ്ക്ക് സർക്കാർ പോകുകയാണ്.

തുറമുഖം ഉൾപ്പെടെയുള്ള എല്ലാ മേഖലകളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇവിടെ ധാർമ്മികതയെക്കുറിച്ച് ചിലർ പറയുന്നു. ധാർമ്മികതയുടെ ഭാഗമായി കോടതി വിധിയുടെ മാന്യതയെക്കുറിച്ച് ദിവസങ്ങളായി ചിലർ പ്രസംഗിക്കുകയല്ലേ? ഇന്ന് ചർച്ച തുടങ്ങിയതും അങ്ങനെയാണ്. ധാർമ്മികതയെ നമ്മൾ മാനിക്കണം. പക്ഷേ ആ ധാർമ്മികത പാലിച്ച എത്രയാളുകൾ അപ്പുറത്തുണ്ട്. കോടതിവിധിയുടെ ധാർമ്മികത മാനിക്കുന്നവർ പാമോലിൻ കേസിൽ വിജിലൻസ് കോടതി ഒരു വിധി പറഞ്ഞപ്പോൾ അതിനോട് കാണിച്ച ധാർമ്മികത എന്താണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയില്ലേ; ടൈറ്റാനിയം കേസ്സിൽ ഈ ധാർമ്മികത നാം കണ്ടില്ലേ? കോൺഗ്രസ് നേതാവ് കെ. കെ. രാമചന്ദ്രൻ മാസ്റ്റർ മരിച്ചുപോയി. അദ്ദേഹം മന്ത്രിസഭയിൽനിന്ന് പുറത്തായത് എങ്ങനെയാണ്? ടൈറ്റാനിയം കേസ്സുമായി ബന്ധപ്പെട്ട കാര്യത്തിൽ അദ്ദേഹത്തെ നിർബന്ധിച്ച് ചിലർ കാര്യങ്ങൾ ചെയ്യിക്കാൻ ശ്രമിച്ചു. അത് ചെയ്യാത്തതിന്റെ പേരിൽ എന്നെ മന്ത്രിസ്ഥാനത്തുനിന്ന് ചവിട്ടി പുറത്താക്കി എന്ന് ആരാണ് പറഞ്ഞത്? അദ്ദേഹത്തിന്റെ ആത്മാവുപോലും (ആത്മാവുണ്ടെങ്കിൽ) ഇവർക്ക് മാപ്പ് കൊടുക്കുമോ? അതുപോലെ 'മനസ്സാക്ഷിയുടെ കോടതിയാണ് എന്റെ കോടതി, ഒരു കോടതിയേയും ഞാൻ വിലമതിക്കില്ല' എന്നുപറഞ്ഞയാൾ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നു. ഇവിടെ കെ. പി. വിശ്വനാഥന്റെ രാജിയെക്കുറിച്ച് ഊറ്റം കൊള്ളുന്നവർ, നിരവധി കേസ്സുകളിൽ പ്രതിയായിട്ടുള്ളവർ, ധാർമ്മികത പുലർത്താത്തവർ അപ്പുറത്തിരിക്കുകയല്ലേ? ഞാൻ വ്യക്തിപരമായി ആക്ഷേപിക്കുന്നില്ല, ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി ഒരു പരാമർശം ഉണ്ടാകാതിരിക്കുമ്പോൾ അവർ കേരള നിയമസഭയിൽ നടത്തുന്ന അപഹാസ്യമായ ഈ നാടകം അവസാനിപ്പിച്ചില്ലെങ്കിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും എങ്ങനെയാണോ ജനങ്ങൾ നിങ്ങളെ നേരത്തെ കൈകാര്യം ചെയ്തത് ആ രീതിയിൽ വീണ്ടും ചെയ്യാൻ പുറത്ത് കാത്തിരിപ്പുണ്ടെന്ന് മനസ്സി ലാക്കണം. തീർച്ചയായും ഈ വകുപ്പുകളുടെ പ്രവർത്തനം നമ്മുടെ നാടിന്റെ ഭാവി വികസനത്തിനും തൊഴിലവസരത്തിനും മുന്നോട്ടുപോകാൻ സഹായകമാകട്ടെ എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 'ദൈവത്തിന്റെ സ്വന്തം നാടായ കേരളം' ലോകത്തിൽ മറ്റൊരു പ്രദേശത്തിനും അവകാശപ്പെടാനാകാത്തവിധം ടൂറിസം സാധ്യതകളുള്ള ഒരു പ്രദേശമാണ്. എന്നാൽ കോവിഡ് പ്രതിസന്ധി ടൂറിസം മേഖലയുടെ നട്ടെല്ലൊടിച്ചിരിക്കുകയാണ്. ആസൂത്രണ ബോർഡിന്റെ പഠന പ്രകാരം 2020-21 സാമ്പത്തികവർഷത്തിൽ 20,000 കോടി രൂപയുടെ നഷ്ടമാണ് ഈ മേഖലയിൽ സംഭവിച്ചിട്ടുള്ളത്. ടൂറിസം മേഖലയിൽ ചെറുകിട, ഇടത്തരം സംരംഭങ്ങളാണ് കൂടുതലും പ്രവർത്തിക്കുന്നത്.

ചെറുകിട കച്ചവടക്കാർ, ടൂറിസ്റ്റ് ഗൈഡുകൾ, ഹോട്ടലുകളിലും റിസോർട്ടുകളിലും തൊഴിലെടുക്കുന്ന ആളുകൾ, ടൂറിസ്റ്റ് വാഹനങ്ങൾ, തൊഴിലാളികൾ, ട്രാവൽ ഏജൻസികൾ എന്നിവയെല്ലാം കടുത്ത പ്രതിസന്ധിയിലാണ്. ടൂറിസം മേഖലയ്ക്ക് ഒരു റിവോൾവിംഗ് ഫണ്ടും അതുപോലെ പലിശരഹിത വായ്പയും ലഭ്യമാക്കുമെന്ന് ചോദ്യോത്തരവേളയിൽ ബഹുമാന്യനായ മന്ത്രി പറയുകയുണ്ടായി. അത് സ്വാഗതാർഹമാണ്. നിലവിൽ വായ്പ എടുത്ത സംരംഭകരുടെ സിബിൽ സ്കോർ നിലനിർത്തുന്നതിനും അതുപോലെ നിലവിലെ ലോണുകൾക്ക് പലിശയിളവ് നൽകുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുകളുണ്ടാകണമെന്ന് ഈയവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദേശ ടൂറിസ്റ്റുകളുടെ വരവ് മുൻകാലത്തിലെന്ന പോലെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇനി പ്രതീക്ഷിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ കൂടുതലായി ആഭ്യന്തര ടൂറിസ്റ്റുകളെ ആശ്രയിക്കേണ്ടിയും പ്രോത്സാഹിപ്പിക്കേണ്ടിയും വരും. അതിലേയ്ക്കായി പ്രാദേശികമായ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കണം. ഒരു പഞ്ചായത്തിൽ ഒരു ടൂറിസം കേന്ദ്രമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ശ്രദ്ധിക്കാനിടയായി. അങ്ങനെ വികസിപ്പിച്ചെടുക്കണമെങ്കിൽ, ഒന്നല്ല, ഒന്നിലധികം സ്ഥലങ്ങൾ വിവിധ പഞ്ചായത്തുകളിൽ ലഭ്യമായിരിക്കെ അവ ഒരു ടൂറിസം സ്പോട്ടായി വികസിപ്പിച്ചെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുവാൻകൂടി സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തീർത്ഥാടന ടൂറിസത്തിലുൾപ്പെടെ ഒട്ടേറെ സാധ്യതകളുള്ള ഒരു പ്രദേശമാണ് അങ്കമാലി നിയോജകമണ്ഡലം. ശങ്കരാചാര്യരുടെ ജന്മംകൊണ്ട് പുണ്യമായ കാലടിയും യേശുക്രിസ്തുവിന്റെ ശിഷ്യനായ തോമാശ്ലീഹായുടെ പാദസ്പർശമേറ്റ മലയാറ്റൂരുമൊക്കെ ഉൾപ്പെടുന്ന നിയോജകമണ്ഡലമാണത്. സംസ്ഥാനത്ത് ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന 13 മാസ്റ്റർപ്ലാനുകളെക്കുറിച്ച് ഇന്നുരാവിലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് പദ്ധതിയും ആ മാസ്റ്റർപ്ലാനിന്റെ ഭാഗമായിട്ടുണ്ട്. അതിന് എത്രയുംവേഗം അംഗീകാരം നൽകി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കുന്നതിനും സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. 'PRASAD (Pilgrimage Rejuvenation And Spiritual Augmentation Drive)' സ്കീമിൽ മലയാറ്റൂരിന്റെ സമഗ്ര വികസനത്തിനായുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. അതിന്റെയും അനുമതി നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. ബഹുമാന്യനായ

എം.പി-യും ഞാനുമുൾപ്പെടെ കഴിഞ്ഞ ദിവസം ഡൽഹിയിൽ പോയി കേന്ദ്ര ടൂറിസം സെക്രട്ടറിയുൾപ്പെടെയുള്ളവരെ കാണുകയുണ്ടായി. നമുക്ക് മലയാറ്റൂരിന്റെയും കാലടിയുടെയും അതിരപ്പിള്ളിയുടെയും ടൂറിസം സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്താൻ സാധിക്കുന്ന തരത്തിലുള്ള പദ്ധതികളുമായി മുന്നോട്ടുപോകേണ്ടതാ യിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം പ്രവൃത്തികൾ ഏറ്റെടുക്കാൻ ആരും തയ്യാറാകുന്നില്ലെന്നതാണ്. മൂന്നും നാലും തവണ ടെണ്ടർ ചെയ്ത് ക്വട്ടേഷൻ ക്ഷണിച്ചാലും പല പ്രവൃത്തികളും ഏറ്റെടുക്കാൻ ഒരു കരാറുകാരനും തയ്യാറാകുന്നില്ല. ഡി.എസ്.ആർ. (Delhi Schedule of Rates)-ലും എൽ.എം.ആർ. (Local Market Rate)-ലും ബിറ്റുമിൻ റേറ്റിലുമുള്ള അപാകതയാണ് ഇതിന് കാരണമായി പലരും ചൂണ്ടിക്കാണിക്കുന്നത്. ഇവിടെയിരിക്കുന്ന 140 എം.എൽ.എ.-മാരുടെയും അനുഭവങ്ങളും ഇങ്ങനെയായിരിക്കുമെന്ന് എനിക്കറിയാം. ഒരു പ്രവൃത്തിക്ക് എ.എസ്. കിട്ടിയാൽ ആ വർക്ക് ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് പല കരാറുകാരുടെയും പിന്നാലെ നടക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ നിരക്കിലുള്ള വ്യത്യാസംമൂലം, പ്രത്യേകിച്ച് എൽ.എം.ആർ.-ൽ ഉൾപ്പെടെയുള്ള അപാകത കാരണം പലരും വർക്കുകൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ഒരു വർഷത്തിൽ കൂടുതൽ കാലാവധി നിശ്ചയിച്ച് നടത്തിവരുന്ന ജോലികളുടെ കരാറിന് പ്രൈസ് വേരിയേഷൻ ഫോർമുല ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളായ സി.പി.ഡബ്ല്യൂ.ഡി.(Central Public Works Department), എൻ.എച്ച്.എ.ഐ. (National Highways Authority of India), റെയിൽവേ, ഡി.എം.ആർ.സി. (Delhi Metro Rail Corporation) തുടങ്ങിയ വലിയ മരാമത്ത് ജോലികൾ കൈകാര്യം ചെയ്യുന്ന പ്രസ്ഥാനങ്ങൾ കൈക്കൊള്ളുന്ന കരാർ വ്യവസ്ഥകൾ, കേരള ഗവൺമെന്റ് നടത്തിവരുന്ന കരാർ വ്യവസ്ഥകളിലും സ്വീകരിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. അതിലൂടെ ഒരു പരിധിവരെ നമുക്ക് ഈ വിഷയങ്ങളിൽ പരിഹാരം കാണാൻ കഴിഞ്ഞേയ്ക്കും. പി.ഡബ്ല്യൂ.ഡി. മാന്വലിൽ കാലാനുസൃതമായിട്ടുള്ള മാറ്റം കൊണ്ടുവരേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇപ്പോൾ 10 ലക്ഷം രൂപയുടെ മെയിന്റനൻസ് വർക്കുപോലും ടെണ്ടർ ചെയ്താൽ അത് സിംഗിൾ ടെണ്ടറാണെന്നതിന്റെ പേരിൽ റീ-ടെണ്ടറിലേയ്ക്ക് പോകുന്ന ഒരു കാഴ്ചയാണ് നമ്മൾ കാണുന്നത്. മുൻകാലങ്ങളിൽ പത്രമാധ്യമങ്ങളിലൂടെ ദർഘാസ് പരസ്യങ്ങൾ കൊടുത്താൽ ഒരുപക്ഷെ ആരും അത് കണ്ടിട്ടില്ലായെന്ന് നമുക്ക് ചിന്തിക്കാം. ടെണ്ടറുകൾ ഓൺലൈനായിരിക്കുന്ന ഈയൊരു ഘട്ടത്തിൽ ഇതുപോലുള്ള നടപടിക്രമങ്ങൾ ഒഴിവാക്കിയെടുത്താൽ കുറെയേറെ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി

കേരളത്തിൽ പൊതുമരാമത്ത് വർക്കുകൾ പ്രത്യേകിച്ച് ടാറിംഗ് ജോലികൾ ചെയ്യാനായി ലഭിക്കുന്നത് മഴക്കാലം കഴിഞ്ഞുള്ള മൂന്നോ നാലോ മാസങ്ങൾ മാത്രമാണ്. പി.ഡബ്ല്യൂ.ഡി. നടപടിക്രമങ്ങൾ കുറേക്കൂടി സുഗമമാക്കിയാൽ ആ ചെറിയൊരു വിൻഡോ പീരിയഡിൽ ഒരു വർഷത്തിലെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കാനായി നമുക്ക് സാധിക്കും.

അതുപോലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതത് തലങ്ങളിൽ ഒരു നിശ്ചിത തുക മെയിന്റനൻസിനായി അനുവദിച്ചുകൊടുത്താൽ ഒരു റോഡിൽ ഒരു കുഴിയുണ്ടായാൽ അല്ലെങ്കിൽ അപാകതയുണ്ടായാൽ അപ്പോൾത്തന്നെ അവർക്കത് പരിഹരിക്കാൻ സാധിക്കും. അല്ലെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതി ലഭിച്ച്, ടെണ്ടർ ചെയ്ത് പ്രവൃത്തി നടത്താൻ കാലതാമസം നേരിടും. അത് ഒഴിവാക്കാൻവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ ഇതുപോലൊരു ക്രമീകരണമുണ്ടാക്കാൻ കഴിഞ്ഞാൽ ഇക്കാര്യത്തിൽ നമുക്ക് പുരോഗതി കൈവരിക്കാൻ സാധിക്കും. അങ്കമാലി, പെരുമ്പാവൂർ നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കാലടി പാലത്തിലെ ഗതാഗതക്കുരുക്ക് എം.സി റോഡിലൂടെ കടന്നുപോകുന്ന എല്ലാ ആളുകളും അനുഭവിക്കുന്നതാണ്. ബഹുമാന്യനായ മന്ത്രി പ്രസ്തുത സ്ഥലം സന്ദർശി ച്ചിട്ടുള്ളതും ഞങ്ങൾ അവിടെ വച്ചുതന്നെ അദ്ദേഹത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. കാലടി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യരായ മന്ത്രിമാരെയും ജനപ്രതിനിധികളെയും പൊതുപ്രവർത്തകരെയുമുൾപ്പെടുത്തി എത്രയുംവേഗം യോഗം വിളിച്ചുചേർത്ത് അതിന് അടിയന്തരമായി പരിഹാരം കാണാൻ അങ്ങ് തയ്യാറാകണം. ഒക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ആളുകൾ സൈക്കിൾ യാത്രയായി ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അവിടെനിന്ന് ഇങ്ങോട്ടേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. കുറേ നാളുകളായി അതൊരു ജനകീയ പ്രശ്നമായി രൂപപ്പെട്ടിരിക്കുകയാണ്. അതുപോലെ അങ്കമാലി ബൈപ്പാസിന് കിഫ്ബിയിൽ നിന്നും പണം അനുവദിച്ചിട്ടുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി എത്രയുംവേഗം അത് യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കു കയാണ്. അതോടൊപ്പം അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസിന്റെ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന അലൈൻമെന്റിൽ, ഒഴിവാക്കാൻ സാധിക്കുന്ന ജനവാസ മേഖലകളെ പരമാവധി ഒഴിവാക്കി ആ പദ്ധതി എത്രയും വേഗം നടപ്പിലാക്കി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ അങ്കമാലി-വേങ്ങൂർ-നായത്തോട് എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിനാവശ്യമായിട്ടുള്ള തുക അനുവദിച്ച് അതിന്റെ ഭൂമി ഏറ്റെടുത്ത് റോഡ് വീതികൂട്ടി നിർമ്മിക്കുവാനാ യിട്ടുള്ള നടപടിയും ഉണ്ടാകേണ്ടതാണ്.

ഈ സർക്കാരിന് എന്താണ് ഇത്ര കൺസൾട്ടൻസി പ്രണയം? പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഒരു കൺസൾട്ടൻസി, ടെണ്ടർ കഴിഞ്ഞ് പ്രവൃത്തി നിർവ്വഹണം വരുമ്പോൾ വേറൊരു കൺസൾട്ടൻസി. 2465 കോടി രൂപയുടെ റോഡുകളും പാലങ്ങളും ടെണ്ടർപോലും കൂടാതെ കൺസൾട്ടൻസി കമ്പനിയായ റൈറ്റ്സിനെ ഏൽപ്പിച്ചെന്നാണ് അറിയാൻ സാധിച്ചത്. റോഡ് നിർമ്മാണം നടന്നുവരികയാണ്. അതിന്റെ കൺസൾട്ടൻസി ടെണ്ടർ കൂടാതെ ഒരു ഏജൻസിയെ ഏൽപ്പിക്കുകയാണ്. ഏകദേശം 72.74 കോടി രൂപയാണ് ഫീസിനത്തിൽ കൺസൾട്ടൻസിക്ക് നൽകേണ്ടി വരുന്നത്. നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ, അതായത് പി.ഡബ്ല്യൂ.ഡി മേൽനോട്ടം വഹിക്കുന്ന പ്രവൃത്തികളുൾപ്പെടെ കൺസൾട്ടൻസിക്ക് ഏല്പിച്ചുകൊടുക്കുകയാണ്. 'റീബിൽഡ് കേരള' ഇനിഷ്യേറ്റീവിൽ വരുന്ന നിരവധി പദ്ധതികൾ ഇത്തരത്തിൽ പുറത്തുനിന്നുള്ള കൺസൾട്ടൻസി കൾക്ക് നൽകുകയാണ്. ഇങ്ങനെയാണെങ്കിൽ എന്തിനാണ് പി.ഡബ്ല്യൂ.ഡി-യുടെ എഞ്ചിനീയർമാർ ഇവിടെയുള്ളത്; അവർക്ക് എന്താണ് ജോലി? കെ.എസ്.ടി.പി. (Kerala State Transport Project)-യുടെയും പി.ഡബ്ല്യൂ.ഡി.-യുടെയും എൻ.എച്ച്. വിഭാഗത്തിന്റെയും എഞ്ചിനീയർമാർക്ക് ഒരു ജോലിയുമില്ലാതെയാകും. ഭീമമായ തുക കൺസൾട്ടൻസികൾക്ക് നൽകി ഈ പ്രവൃത്തി വലിയ കാലതാമസമുണ്ടാക്കി മുന്നോട്ടുപോകുകയാണ്. ഈ കൺസൾട്ടൻസി പ്രണയം ദയവുചെയ്ത് സർക്കാർ അവസാനിപ്പിക്കേണ്ടതാണ്.

തുറമുഖ വകുപ്പിനെ സംബന്ധിച്ച് ഞാൻ കൂടുതലായി പറയാൻ ആഗ്രഹിക്കുന്നില്ല. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട വിഷയം രാവിലെ ചർച്ചയ്ക്ക് വരികയുണ്ടായി. ബഹുമാന്യനായ മന്ത്രി മറുപടി പറയുമ്പോൾ വിഴിഞ്ഞം തുറമുഖം എന്ന് യാഥാർത്ഥ്യമാകുമെന്ന് പറയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ബഹുമാന്യനായ മന്ത്രിയുടെ പാർട്ടിക്കാർ വലിയ കഴിവുള്ള ആളുകളാണ്. എറണാകുളത്തെ നിരത്തുകളിൽ അവരുടെ കായികാഭ്യാസങ്ങളൊക്കെ ലോകം മുഴുവനും ലൈവായി കണ്ടതാണ്. ശ്രീ. എം. എം. മണി, എം.എൽ.എ.-യുടെ ഭാഷയിൽ പറഞ്ഞാൽ "ആഹാ, എന്ത് രസമായിരുന്നു, അത് കാണാൻ" എന്നതാണ്. വിഴിഞ്ഞം പദ്ധതി പോലെ നാടിന് അഭിമാനകരമായ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ പാർട്ടി പ്രവർത്തകരുടെ അതേ ആവേശമുൾക്കൊണ്ട് ബഹുമാന്യനായ മന്ത്രിയും പ്രവർത്തിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

ധാർമ്മികതയെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ പാർട്ടിയിലെ പ്രവർത്തകർ പൊതുനിരത്തിലുണ്ടാക്കിയ അഭ്യാസപ്രകടനത്തെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സി.പി.ഐ.(എം.)-ഉം ആ പാർട്ടിയെയും ബഹുമാനപ്പെട്ട മന്ത്രിയെയും

വലിയ അതൃപ്തി അറിയിച്ചുവെന്നാണ് പത്രമാധ്യമങ്ങളിലൂടെ വായിക്കാൻ കഴിഞ്ഞത്. ശാസിച്ചു, രാജിവയ്ക്കേണ്ടി വരുമെന്നെല്ലാം നിർദ്ദേശം കൊടുക്കും എന്നൊക്കെ വായിച്ചറിയാൻ സാധിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ പൊതുനിരത്തിൽ ഈ അഭ്യാസം കാണിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ശാസിക്കുകയും രാജിവയ്പ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയുമൊക്കെ ചെയ്യുന്ന പാർട്ടി വേറൊരു ബഹുമാനപ്പെട്ട മന്ത്രി നിയമസഭയ്ക്കകത്ത് ഇത്രയും വലിയ താണ്ഡവ നൃത്തമാടിയിട്ട്, നിയമസഭയിലെ ബഹുമാനപ്പെട്ട സ്പീക്കറുടെ കസേരയുമുൾപ്പെടെ മറിച്ചിടുകയും കമ്പ്യൂട്ടർ തല്ലിപ്പൊളിക്കുകയും ചെയ്തിട്ട്, ആ മന്ത്രിയോട് ഈ ധാർമ്മികത പറയുവാൻ എന്തുകൊണ്ട് തയ്യാറാകുന്നില്ല എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ടുതന്നെ വിചാരണ നേരിടുന്ന ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി രാജിവയ്ക്കണമെന്നുള്ള ആവശ്യം ഒരിക്കൽക്കൂടി ഉന്നയിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയിൽ 16 പേർ പങ്കെടുക്കുകയും വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ ഉന്നയിക്കുകയും ചെയ്തു. അതെല്ലാം അതേ അർത്ഥത്തിൽത്തന്നെ സ്വീകരിക്കുമെന്ന് ആദ്യംതന്നെ അറിയിക്കുകയാണ്. സ്വാഭാവികമായി ചില വിമർശനങ്ങളും ഉയർത്തിയിട്ടുണ്ട്. അവയിൽ ഉൾക്കൊള്ളേണ്ടത് ഉൾക്കൊണ്ട് തിരുത്തുകയും അല്ലാത്തവ ഉൾക്കൊള്ളാതെ മുന്നോട്ടുപോകുകയും ചെയ്യുന്ന സമീപനമായിരിക്കും സ്വീകരിക്കുന്നത്. ഇവിടെ ഉന്നയിച്ച മെറിറ്റ് അടിസ്ഥാനത്തിലുള്ള വിമർശനങ്ങളെ പരിപൂർണ്ണമായി സ്വാഗതം ചെയ്യുന്നു. പൊതുമരാമത്ത്, ടൂറിസം എന്നീ വകുപ്പുകളെ സംബന്ധിച്ചുള്ള എല്ലാവരുടെയും അഭിപ്രായങ്ങൾ കേട്ടുകൊണ്ട് മുന്നോട്ടുപോകുകയെന്നുള്ള സമീപനമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. അതിന് ചർച്ചകളും സംവാദങ്ങളും സഹായിക്കുമെന്നുതന്നെയാണ് കരുതുന്നത്. നാടിന്റെ വികസന സൂചികയിലെ പ്രധാനപ്പെട്ട ഒന്നാണ് പശ്ചാത്തല വികസനമെന്ന് നമുക്കറിയാം. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ വികസന രംഗത്തുണ്ടാക്കുന്ന മുന്നേറ്റം വളരെ വലുതാണ്. അത്തരമൊരു മുന്നേറ്റം സാധ്യമാക്കാൻ 2016-21-ലെ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചത് ഏവരും അംഗീകരിക്കുന്ന കാര്യമാണ്. നാം പതിറ്റാണ്ടുകളായി ആഗ്രഹിച്ചിരുന്ന പല പദ്ധതികളും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് 2016-21-ലെ എൽ.ഡി.എഫ്. സർക്കാരിനാണ് എന്ന കാര്യത്തിൽ സംശയമില്ല. ഇതിന്റെ ഭാഗമായി 2016-21 കാലയളവിൽ ഓരോ നിയമസഭാ മണ്ഡലങ്ങളിലും അത്തരമൊരു പദ്ധതിയെങ്കിലും ചൂണ്ടിക്കാണിക്കാൻ എല്ലാവർക്കുമുണ്ടാകുമെന്ന കാര്യത്തിലും സംശയമില്ല.

പൊതുമരാമത്ത് വകുപ്പിന്റെ കഴിഞ്ഞ അഞ്ച് വർഷമുണ്ടായ മാറ്റം നാട് അംഗീകരിച്ചതാണ്. നിലവാരമുള്ള റോഡുകളും പാലങ്ങളും ഈ നാടിന് സാധ്യമാക്കാനായി എന്നതാണ് കഴിഞ്ഞ സർക്കാരിന്റെ നേട്ടം. 7700 കിലോ മീറ്റർ റോഡാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയത്. ബഹുമാനപ്പെട്ട അംഗവും മുൻ മന്ത്രിയുമായിരുന്ന ശ്രീ. പി. ജെ. ജോസഫ് ബി.എം.& ബി.സി. റോഡുകൾ പരമാവധി ഉണ്ടാകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിരുന്നു. വളരെ പോസിറ്റീവായ ചർച്ചയായിരുന്നു അത്. ഇനിയും അത്തരം പ്രവൃത്തികൾക്ക് മുൻഗണന കൊടുത്തുപോകാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ദേശീയ-മലയോര-തീരദേശ പാതാ വികസനം തുടങ്ങി നാടിന്റെ പൊതുപുരോഗതിക്ക് ചാലകശക്തിയേകുന്ന പദ്ധതികളിലേയ്ക്ക് മുൻ സർക്കാരിന്റെ ഭരണകാലത്ത് കടക്കാനായിട്ടുണ്ട്. പശ്ചാത്തല സൗകര്യത്തിന് അടിത്തറ പാകി മുന്നോട്ടുപോയി. ആ അടിത്തറയിൽ നിന്നുള്ള മുന്നോട്ടുപോക്കാണ്, മുൻസർക്കാർ മുന്നോട്ടുവച്ച കാര്യങ്ങളുടെ തുടർന്നുപോക്കാണ് ഈ സർക്കാരും പൊതുമരാമത്ത് വകുപ്പും ഉദ്ദേശിക്കുന്നതെന്ന് ആദ്യംതന്നെ അറിയിക്കുകയാണ്. നിലവിൽ നിലവാരമുള്ള റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയവയിൽ ഊന്നിയാണ് നാം മുന്നോട്ടുപോയത്. പതിറ്റാണ്ടുകളായുള്ള ജനങ്ങളുടെ ഈ അഭിലാഷം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി തുടർന്നും പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോകുമെന്നാണ് അറിയിക്കാനുദ്ദേശിക്കുന്നത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത പലരും സാങ്കേതിക വിദ്യയെക്കുറിച്ച് സൂചിപ്പിച്ചു. പുതിയ കാലത്ത് സാങ്കേതികവിദ്യ പരമാവധി ഉപയോഗിച്ച് മുന്നോട്ടുപോവുകയെന്ന ലക്ഷ്യം വച്ചുതന്നെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി 'PWD 4u' എന്നൊരു App-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജൂൺ 7-ാം തീയതി മുതലാണ് ഈ ആപ്പിന്റെ ട്രയൽ റണ്ണിംഗ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. വളരെ പോസിറ്റീവായ സ്ഥിതിയാണ് പൊതുവെ കാണാൻ സാധിച്ചിട്ടുള്ളത്. കേരളത്തിന്റെ 331,904 കിലോമീറ്റർ റോഡിൽ 31,811 കിലോമീറ്റർ മാത്രമാണ് പി.ഡബ്ല്യൂ.ഡി. റോഡ് എന്നത് നമുക്കറിയാം. 1812 കിലോമീറ്റർ നാഷണൽ ഹൈവേയും 4341.65 കിലോമീറ്റർ സ്റ്റേറ്റ് ഹൈവേയും ബാക്കി മറ്റുറോഡുകളുമാണ്. പ്രസ്തുത ആപ്പിന്റെ ഭാഗമായി നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. 31-7-2021 വരെ ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചു. 9409 പരാതികളാണ് പ്രസ്തുത ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതായത്, ഒരു പ്രദേശത്തെ ശോചനീയാവസ്ഥയിലുള്ള റോഡിന്റെ ഫോട്ടോ എടുത്ത് പരാതി അയയ്ക്കുന്ന രീതിയിൽ ഉടനടി പരിഹരിക്കാൻ സാധിക്കുന്ന 753 പരാതികൾ പരിഹരിച്ചിട്ടുണ്ട്. രണ്ട് ദിവസം മുമ്പ് ലഭിച്ച റിപ്പോർട്ടിൽ ഒരാഴ്ചയ്ക്കുള്ളിൽ പരിഹരി

ക്കാവുന്ന 349 പരാതികളുണ്ടെന്നാണ് പറയുന്നത്. 1023 പരാതികൾ പരിഹരിക്കാൻ മൂന്ന് മാസത്തെ കാലയളവുകൂടി ആവശ്യമുണ്ട്, അത് മൂന്ന മാസത്തിനുള്ളിൽത്തന്നെ നടപ്പിലാകും. 2018 പരാതികളിന്മേൽ ദീർഘകാലാടിസ്ഥാനത്തിൽ നടപടി ആവശ്യമുണ്ട്. അതിന്റെ രീതികളൊന്നും ഞാൻ പറയുന്നില്ല. ഇതിൽ 130 പരാതികളിൽ താല്ക്കാലിക നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2346 പരാതികൾ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. റോഡുകളെല്ലാം പി.ഡബ്ല്യൂ.ഡി.-യുടേതാണെന്ന ജനങ്ങളുടെ ധാരണയുടെ ഭാഗമായി വന്നതാണത്. വിവരങ്ങൾ അതേ അർത്ഥ ത്തിൽത്തന്നെ പരാതിക്കാരെ അറിയിച്ച് ആ പരാതി അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. സാങ്കേതിക വിദ്യയുടെ ഉപയോഗം ഫലപ്രദമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് സഹായിക്കുന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ വരുന്ന പരാതികളും സ്വീകരിക്കാൻ മന്ത്രിയുടെ ഓഫീസെന്ന നിലയിൽ പ്രത്യേക ചുമതല വഹിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നുണ്ട്. അതിന്റെ കൃത്യമായ കണക്കും ഇവിടെയുണ്ട്. അതുസംബന്ധിച്ച വിവരവും പരാതിക്കാരെ അറിയിച്ചുപോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ആ പ്രവർത്തനം കുറേക്കൂടി ഫലപ്രദമായി പോകേണ്ടതുണ്ട്. നിലവിൽ പി.ഡബ്ല്യൂ.ഡി. സംവിധാനത്തിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. രണ്ട് മാസക്കാലയളവിനുള്ളിൽ അത് വിപുലീകരിക്കുന്നൊരു പ്രവർത്തനമാണ് നടത്തിയത്. ആറ് ജീവനക്കാരെ നിയോഗിച്ച് രാവിലെ പത്ത് മുതൽ വൈകുന്നേരം അഞ്ച് മണിവരെ ഒരു ടോൾ ഫ്രീ നമ്പറിൽ ജനങ്ങൾക്ക് വിളിക്കാൻ സാധ്യമാകുന്ന രീതിയിലേയ്ക്ക് കൺട്രോൾ റൂമിന്റെ പ്രവർത്തനം മാറ്റിയിട്ടുണ്ട്. അവിടെനിന്നും വന്നിട്ടുള്ള പരാതികൾ അതത് ദിവസംതന്നെ മന്ത്രിയുടെ ഓഫീസിൽ കണക്ക് ചെയ്ത് അതിന്റെ സ്ഥിതി എന്താണെന്ന് പരിശോധിക്കുന്ന രീതിയാണുള്ളത്. ഇതുവരെ ആകെ 1083 പരാതികളാണ് വന്നിട്ടുള്ളത്. ജൂൺ മാസത്തിൽ വന്ന 594-ഉം ജൂലൈ മാസത്തിൽ വന്ന 499-ഉം പരാതികൾ പരിഹരിക്കുകയും അതിന്റെ പ്രവൃത്തികൾ ഇന്ന് നടക്കുകയും ചെയ്യുന്നുവെന്നുള്ളത് ഈ സഭയെ അറിയിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ജനപ്രതിനിധികളായ നമ്മൾ ജനങ്ങളുടെ ഭാഗമായാണ് ഇവിടെ നിൽക്കുന്നത്. ജനങ്ങളും വകുപ്പും തമ്മിൽ കൂടുതൽ അടുക്കുക എന്നുള്ളതാണ്. 2016-21 കാലഘട്ടത്തിൽ അടുത്തു. ഇനിയും കൂടുതൽ അടുക്കാനുള്ള ശ്രമം നടത്തുന്നതിന്റെ ഭാഗമായി, എല്ലാ ജനപ്രതിനിധികളെയും മാനിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. ഏതെങ്കിലുമൊരു നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയെ ബൈപ്പാസ് ചെയ്യാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല, അങ്ങനെ ഉദ്ദേശിക്കുകയുമില്ല. എല്ലാവരുടെയും പരാതികൾ കേൾക്കണം. എല്ലാവരും പറയുന്നത് കേൾക്കുക

എന്ന ഉദ്ദേശ്യംവച്ച് പ്രവർത്തിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. അതിനായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മന്ത്രിസഭയിലെ എല്ലാ അംഗങ്ങളും പോസിറ്റീവായ പല നിർദ്ദേശങ്ങളും പറഞ്ഞു.

21 മുൻമന്ത്രിമാരുണ്ടെന്നതാണ് ഈ സഭയുടെ പ്രത്യേകത. ഇതിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മന്ത്രിമാരുമുണ്ട്. മന്ത്രിമാരായി ഇരുന്ന കാലയളവിലെ അവരുടെ അനുഭവങ്ങൾ കേൾക്കാൻ തയ്യാറാകുന്നു. മുൻ മുഖ്യമന്ത്രിയും മുൻ പ്രതിപക്ഷനേതാവുമുൾപ്പെടെ സീനിയറായ നിരവധിപേർ ഈ സഭയിലുണ്ട്. ഞാനുൾപ്പെടെ 140 അംഗങ്ങളുണ്ട്. ജനാധിപത്യ രീതിയുടെ ഭാഗമായി ജനങ്ങളുടെ അഭിപ്രായം കേൾക്കുക, അത് ചെറിയ കുട്ടിയാണെങ്കിലും വലിയ മനുഷ്യനാണെങ്കിലും കേൾക്കാൻ തയ്യാറാകുകയെന്ന സമീപനമാണ് പൊതുവെ സ്വീകരിച്ചിട്ടുള്ളത്. അതിനിയും തുടർന്നുപോകുന്ന സ്ഥിതിയുണ്ടാകും. മാസത്തിൽ ഒരിക്കലെങ്കിലും കൺട്രോൾ റൂമിലിരുന്ന് കേൾക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. സാങ്കേതികവിദ്യ ഇനിയും ഉപയോഗപ്പെടുത്തണം. ഇവിടെ ചർച്ച ചെയ്തതുപോലെ വാട്ടർ അതോറിറ്റിയും മറ്റും ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി റോഡ് കുഴിക്കുന്നതിന്റെ ഭാഗമായുള്ള പ്രശ്നങ്ങളുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലും ആഗസ്റ്റ് 15 വരെയുമുള്ള പ്രധാന കാലയളവിൽ റോഡ് കുഴിക്കുന്നതിന് അനുമതി കൊടുക്കരുതെന്ന നിലപാട് പി.ഡബ്ല്യൂ.ഡി. വളരെ കർക്കശമായി സ്വീകരിച്ചിട്ടുണ്ട്. അത് തുടർന്ന് പോകാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ കുടിവെള്ളം പോലെ പ്രധാനപ്പെട്ട പ്രശ്നങ്ങളുടെ ഭാഗമായി വാട്ടർ അതോറിറ്റിയും മറ്റ് വകുപ്പുകളും തമ്മിൽ ബന്ധപ്പെട്ട് വരുന്ന വിഷയങ്ങളുണ്ട്. ഇതിനും സാങ്കേതികവിദ്യയിലൂടെ മാത്രമേ പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. അതിന് പോർട്ടൽ സംവിധാനം വരേണ്ടതുണ്ട്. അക്കാര്യങ്ങളുമായി പൊതുമരാമത്ത് വകുപ്പ് മുന്നോട്ട് പോയപ്പോൾ മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിക്കേണ്ടതുണ്ട് എന്നത് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ചീഫ് സെക്രട്ടറിയെയും അറിയിച്ചു. അത്തരത്തിലുള്ള ഒരു നീക്കമുണ്ടാകുമെന്നും റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായുള്ള റോഡിന്റെ ഉദ്ഘാടന പ്രസംഗത്തിൽ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സ്വാഗതം ചെയ്യുകയാണ്. ഓരോ റോഡിന്റെയും കാര്യങ്ങളെക്കുറിച്ച് സമയക്കുറവുമൂലം ഞാൻ വിശദമായി കടക്കുന്നില്ല. ഇവിടെ ഒരുപാട് കാര്യങ്ങൾ ചർച്ചയുടെ ഭാഗമായി വന്നിട്ടുണ്ട്. അവയോരോന്നും എടുത്തു പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ 2445 കിലോമീറ്റർ റോഡുകളുടെ ബി.എം.&ബി.സി. പ്രവൃത്തിയാണ് പുരോഗമിച്ചുവരുന്നത്. 964 കിലോമീറ്റർ റോഡുകൂടി ബി.എം. & ബി.സി. പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയാണ് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ബി.എം. & ബി.സി. ഉപരിതല പ്രവൃത്തികളുടെ 50 ശതമാനവും പ്ലാസ്റ്റിക് ഉപയോഗിച്ച് പുനർനിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യയുടെ ഉപയോഗം തുടരുകയാണ്.

തീരദേശ ഹൈവേയെക്കുറിച്ച് പലരും പരാമർശിച്ചിരുന്നു. 6,500 കോടി രൂപ ചെലവിൽ 626 കിലോമീറ്റർ നീളം വരുന്ന തീരദേശപാതയുടെ നിർമ്മാണത്തിന് K.R.F.B. (Kerala Road Fund Board)-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി അതിന്റെ പ്രവൃത്തിയുമായി ആലോചിച്ച് മുന്നോട്ട് പോകുകയാണ്. 1281 കിലോമീറ്റർ നീളമുള്ള മലയോര ഹൈവേയുടെ പ്രവൃത്തികളും നടക്കുന്നുണ്ട്. 550 കിലോമീറ്റർ വരുന്ന 21 റീച്ചുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 100 കിലോമീറ്ററോളം പൂർത്തിയായിട്ടുമുണ്ട്. ദേശീയപാതയുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ചർച്ചയിൽ വന്നിട്ടുണ്ട്. N.H.A.I.-യുടെ പ്രവർത്തനം സംബന്ധിച്ച് പറഞ്ഞിരുന്നു. റോഡുകളിൽ കുഴിവരുന്ന വിഷയം ഇവിടെ മുൻമന്ത്രി ഉൾപ്പെടെ ഉന്നയിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇപ്പോൾ N.H.A.I. ശ്രദ്ധിക്കാത്ത ചില പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ രണ്ടുമാസത്തോളമായി പരിപൂർണ്ണമായി എൻ.എച്ച്.എ.ഐ.-യ്ക്ക് കൈമാറിയതിന്റെ ഭാഗമായി നേരിട്ട് പി.ഡബ്ല്യൂ.ഡി.-ക്ക് ഇടപെടാൻ പറ്റുന്നില്ല. നേരത്തെയാണെങ്കിൽ നമുക്ക് ഇടപെടാമായിരുന്നു. എന്നാൽ അതുസംബന്ധിച്ച് പിന്നീട് കത്തയച്ച് അതിന് അനുമതി കിട്ടി വരുമ്പോഴേയ്ക്കും സംഗതി കൂടുതൽ ബുദ്ധിമുട്ടിലേയ്ക്ക് പോകും. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിക്ക് ഒരു കത്ത് പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ അയച്ചിട്ടുണ്ട്. അതുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. കുതിരാൻ തുരങ്കവുമായി ബന്ധപ്പെട്ട പ്രശ്നം സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. തീർച്ചയായും അത് N.H.A.I.-യുമായി ബന്ധപ്പെട്ട പ്രവർത്തനമാണ്. പരിപൂർണ്ണമായി N.H.A.I. നടത്തേണ്ടതാണ്. കേരളത്തിൽ കുറേ കാലങ്ങളായുള്ള ഒരു പ്രശ്നമെന്ന നിലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ അവിടെ മന്ത്രിമാരുടെ ഒരു ടീം പോയി. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചു. ആ യോഗത്തിൽ N.H.A.I.-യും കരാർ കമ്പനിയും ഓഗസ്റ്റ് 1-ന് മുമ്പ് തുരങ്കം തുറക്കാമെന്ന് പറഞ്ഞു. പിന്നീട് തുടർച്ചയായ പ്രവർത്തനം ഒരു ടീം വർക്കായി നടത്തി. എല്ലാ ജനപ്രതിനിധികളും ആ ജില്ലയിലെ മന്ത്രിമാരും എം.പി.മാരും ടീമായിട്ടാണ് പ്രവർത്തനം നടത്തിയത്. തുടർച്ചയായി യോഗങ്ങൾ നടത്തി. ഈ രണ്ട് മാസത്തിനിടയിൽ 14 യോഗങ്ങൾ അവിടെ നടന്നു. 7 എണ്ണത്തിൽ മന്ത്രി എന്നുള്ള നിലയിൽ വ്യക്തിപരമായി പങ്കെടുത്തു. 14 യോഗത്തിലെയും റിപ്പോർട്ടുകൾ പരിശോധിച്ചു. അങ്ങനെ പിന്നീടത് N.H.A.I. സർട്ടിഫിക്കേഷനു വേണ്ടി വച്ചു. N.H.A.I. എപ്പോഴാണോ സർട്ടിഫൈ ചെയ്യുന്നത് അപ്പോഴത് തുറക്കാം. എട്ട് ദിവസം എന്ന് ഉദ്യോഗസ്ഥരുടെ യോഗത്തിൽത്തന്നെ പറഞ്ഞിരുന്നു. ഈ ടണൽ ഒന്ന് തുറക്കുന്നതിന് പ്രത്യേക ഉദ്ഘാടനം വേണ്ടതില്ല എന്നതാണ് കേരള സർക്കാരിന്റെ അഭിപ്രായം. അത് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെ

ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. ആ അഭിപ്രായം അറിയിച്ച് മുന്നോട്ട് പോയിട്ടുണ്ട്. പിന്നെ വരുന്ന വിവാദങ്ങളും ചർച്ചകളും സംബന്ധിച്ച് കൂടുതൽ പറയാൻ ഉദ്ദേശിക്കുന്നില്ല. പ്രത്യേകിച്ച് ജോലിയൊന്നും ഇല്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ചില പ്രസ്താവനകളൊക്കെ ഇറക്കി ലൈവായി നിൽക്കുക എന്നുള്ളതാണ് ലക്ഷ്യം. അനാവശ്യ വിവാദത്തിലേയ്ക്ക് പോകാൻ എന്തായാലും ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ മുമ്പിലുള്ള ചിന്ത, അടുത്ത ടണൽ എങ്ങനെ തുറക്കാൻ പറ്റുമെന്നുള്ളത് മാത്രമാണ്. അതിന് N.H.A.I.-യെ സാഹായിക്കാൻവേണ്ടി ആലോചനായോഗം നടക്കുന്നു. അവിടത്തെ എല്ലാ ജനപ്രതിനിധികളെയും യോജിപ്പിച്ച് ഒരു ടീമായി നിന്ന് അടുത്ത ടണൽ തുറക്കുവാനുള്ള പ്രവർത്തനം മാത്രമാണ് ഉദ്ദേശിക്കുന്നത്. ഇത് അറിയിക്കാൻ വൈകിയതും മറ്റ് പ്രശ്നവും സംബന്ധിച്ച് അഞ്ചര മണിക്ക് വിവരം കിട്ടിയപ്പോൾത്തന്നെ ഞങ്ങൾ രണ്ട് മന്ത്രിമാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പോയി കണ്ടു, സംസാരിച്ചു. അപ്പോൾത്തന്നെ അതിന് അനുമതി കൊടുത്ത് പോകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഉടനെ അവിടത്തെ എം.എൽ.എ. കൂടിയായ മന്ത്രി ശ്രീ. കെ. രാജൻ പോലീസ് കമ്മീഷണറെയും ജില്ലാ കളക്ടറെയും വിളിച്ച് വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് കാര്യങ്ങളിലേയ്ക്ക് കൂടുതൽ കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ദേശീയപാത സംബന്ധിച്ച് N.H.A.I.-യുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ പലയിടങ്ങളിലും തുടർച്ചയായി യോഗങ്ങൾ നടത്തി മുന്നോട്ട് പോകേണ്ടതുണ്ട്. അത് ആ നിലയിൽത്തന്നെ കണ്ടുകൊണ്ട് മുന്നോട്ടു പോകും. 1175 കിലോമീറ്റർ ദേശീയപാത എൻ.എച്ച്.എ.ഐ.-യുടെ കീഴിലാണുള്ളത്. ഇക്കാര്യം മുമ്പും സഭയിൽ പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതുമായി ബന്ധപ്പെട്ട് ഓരോ റോഡുകളുടെയും അതിന്റെ കണക്കുകളെയും സംബന്ധിച്ച കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ഇക്കാര്യത്തിൽ വലിയ മുന്നേറ്റം സാധ്യമാക്കാനായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഡൽഹി യാത്രയിൽ ദേശീയപാതാ വികസനം സംബന്ധിച്ച കാര്യത്തിൽ ഗൗരവമേറിയ ചർച്ചകൾ നടത്തുകയും പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കുകയും ചെയ്തുവെന്നത് പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ഓരോ റോഡുകളും അതിന്റെ പൊതുകണക്കുകളും നേരത്തെ പുറത്തുവന്നതാണ്. അതിപ്പോൾ ഞാനിവിടെ പറയുന്നില്ല.

പിന്നെ ഇവിടെ വന്നിട്ടുള്ളത് കിഫ്ബിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ്. മുൻമന്ത്രി കൂടിയായ ശ്രീ. എ. സി. മൊയ്തീൻ അത് പറഞ്ഞിട്ടുണ്ട്. അതിനെ ഞാൻ അതേപടി പിന്തുണയ്ക്കുകയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം റോഡ് എന്നത്

എത്രയുംപെട്ടെന്ന് വേണമെന്നുള്ള സ്ഥിതിയാണ്. ഒരു എം.എൽ.എ.-യെ സംബന്ധിച്ചിടത്തോളം എത്രയും പെട്ടെന്ന് റോഡുകളുണ്ടാകേണ്ടത് ഒരാവശ്യമാണ്. അതിന്റെ ഭാഗമായി ചില പ്രശ്നങ്ങൾ വരുമ്പോൾ പ്രതികരിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ കേരളത്തെ ഒരു ദീർഘകാലത്തേയ്ക്ക് കണ്ടുകൊണ്ടുള്ളതാണ് കിഫ്ബി പദ്ധതി, ആ നിലയിൽ ആ വിഷയത്തെ കാണുന്നു. എന്നാലും ചില പ്രശ്നങ്ങളുണ്ട്. ഇവിടെ എല്ലാവരും ഉന്നയിച്ചത് ഞാൻ അംഗീകരിക്കുന്നു. അത് കണ്ടുകൊണ്ടുതന്നെ, ആ പ്രശ്നങ്ങളുടെ ഭാഗമായി കിഫ്ബിയുടെ ഒരു യോഗം പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരുമായി വിളിച്ചുചേർത്തിരുന്നു. അതിൽ കുറേയേറെ കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതിൽ 44 പ്രവൃത്തികൾക്കാണ് കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളത്. അത് കിഫ്ബിയുടെ ചില കാര്യങ്ങളുമായി ഒത്തുപോകാത്ത പ്രശ്നങ്ങളാണ്. അതിൽ 14 എണ്ണം ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. ബാക്കിയുള്ളതിനുവേണ്ടി കിഫ്ബിയും KRFB-യുമായി ചില കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. അതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും യൂട്ടിലിറ്റി, ഷിഫ്റ്റിംഗ്, എസ്റ്റിമേറ്റ് ഇങ്ങനെയുള്ള കുറേ കൺഫ്യൂഷനായി നിൽക്കുന്ന വിഷയങ്ങളൊക്കെ പരിഹരിച്ചുപോകാൻ അത്തരമൊരു യോഗത്തിലൂടെ സാധിച്ചിട്ടുണ്ട്. തുടർച്ചയായി ഈ നീക്കം നടത്തിപ്പോകണമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. പിന്നീട് ഇവിടെ വന്നിട്ടുള്ള ചില വിഷയങ്ങൾ കൂടിയുണ്ട്. അതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ആ അർത്ഥത്തിൽത്തന്നെ കാണാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബിയുടെ കാര്യം പറയുമ്പോഴും സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതികൂടി നമ്മൾ പരിശോധിക്കണം. റോഡ് നിർമ്മാണത്തിന്റെ ഒരു പ്രധാന ഘടകം സുരക്ഷിത റോഡുകൾ ഒരുക്കുക എന്നുതന്നെയാണ്. NATPAC (National Transportation Planning and Research Centre)-ന്റെ പഠനമനുസരിച്ച് ഇന്ത്യയിലെ റോഡപകടങ്ങളുടെ 9.2 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. 2019-ലെ കണക്കനുസരിച്ച് റോഡപകടങ്ങളിൽ ഒരു ദിവസം 12 ജീവനുകളാണ് കേരളത്തിൽ പൊലിയുന്നത്. ഇത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. പുലർച്ചെയാണ് പല അപകടങ്ങളും നടക്കുന്നത്. ശനി, ഞായർ, തിങ്കൾ ദിവസങ്ങളിലാണ് അധികവും. ഇക്കാര്യത്തിൽ ഗൗരവമായൊരു പരിശോധന ആവശ്യമാണ്. സുരക്ഷിതയാത്ര സാധ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യും. പക്ഷേ അതിൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ട ചില കാര്യങ്ങൾകൂടി നമ്മൾ ആലോചിക്കണം. ഡ്രെയിനേജ് ഒരു പ്രധാന പ്രശ്നമാണ്. ഡ്രെയിനേജിന്റെ അപര്യാപ്തത പ്രധാന വിഷയമാണ്. റോഡിനെക്കുറിച്ച് ആലോചിക്കുമ്പോൾ ദീർഘകാല പദ്ധതി ആലോചിച്ച് മുന്നോട്ട് പോകേണ്ടത് അനിവാര്യമാണെന്നത്

ഒരു വസ്തുതയാണ്. നമ്മുടെ കാലയളവിൽ നിയോജകമണ്ഡലങ്ങളിൽ പരമാവധി റോഡുകളുടെ പണി പൂർത്തീകരിക്കണമെന്നാണ് ഓരോ ജനപ്രതിനിധിയും ആഗ്രഹിക്കുന്നത്. അതിൽ തെറ്റുപറയാൻ പറ്റില്ല. പക്ഷേ ഇങ്ങനെയുള്ള ചില വിഷയങ്ങൾകൂടി ഇതിലുണ്ട്. നമ്മൾ ബാലൻസ് ചെയ്ത് ആലോചിച്ച് പരിഹരി ക്കേണ്ടത് പരിഹരിച്ചുപോകുന്ന രീതിയുണ്ടാകുമെന്നുകൂടി ഈ സഭ മുമ്പാകെ പറയുകയാണ്.

പി.ഡബ്ല്യൂ.ഡി. ഡിസൈനുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇവിടെ വന്നിട്ടുണ്ട്. തീർച്ചയായും സംസ്ഥാനതലത്തിൽ പി.ഡബ്ല്യൂ.ഡി.-ക്ക് ഒരു ആർക്കിടെക്ട് ഡിസൈൻ പോളിസി വേണ്ടതുണ്ട് എന്നുതന്നെയാണ് പി.ഡബ്ല്യൂ.ഡി. വിഭാഗത്തിന്റെ അഭിപ്രായം. അതുമായി ബന്ധപ്പെട്ട പ്രാഥമിക ആലോചനകൾ നടത്തിയിട്ടുണ്ടെന്നുകൂടി ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. മുൻമന്ത്രി കൂടിയായ ഡോ. എം. കെ. മുനീർ, 'എല്ലാവരേയും ഒരുപോലെ കാണണം' എന്ന രീതിയിൽ ചില കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ആ രീതി അവലംബിക്കാൻ തന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അദ്ദേഹം ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. അത് പൊതുവെ പരിശോധിക്കാം. ഇപ്പോൾ ഈ രണ്ട് മാസത്തിനിടയിൽ 14 ജില്ലകളിലും പ്രവൃത്തി പരിശോധിക്കാൻ പോകുന്നൊരു അനുഭവമുണ്ടായിട്ടുണ്ട്. അതിൽ 52 നിയമസഭാ മണ്ഡലങ്ങളിൽ നേരിട്ടും അല്ലാതെ യോഗമായും വിളിച്ചിട്ടുണ്ട്. അതിൽ ഏതെങ്കിലുമൊരു പ്രത്യേക കക്ഷി, അല്ലെങ്കിൽ പ്രതിപക്ഷമാണോ ഭരണകക്ഷിയാണോ എന്നൊന്നും നോക്കിയിട്ടില്ല. എല്ലാവരുടെയും പ്രധാന പ്രശ്നമെന്ന നിലയിൽ പറയുന്നത് പോയിക്കാണുന്ന സ്ഥിതിയാണുണ്ടായത്. കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ഒരു അനുഭവം പറഞ്ഞത് തീർച്ചയായും അതൊരു വിഷയം തന്നെയാണ്. അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവേ ഇപ്പോൾ ഉണ്ടാകുന്നൊരു പ്രശ്നം, ഒരു സിറ്റിംഗ് എം.എൽ.എ. നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ ആ സിറ്റിംഗ് എം.എൽ.എ. മാറി മറ്റൊരു മുന്നണിയിലെ അംഗം അവിടെ എം.എൽ.എ.-യാവുകയോ ചെയ്താൽ പഴയ എം.എൽ.എ.-യുമായി ഒത്തുപോകാത്ത, അല്ലെങ്കിൽ ആ പദ്ധതികൾ ലാപ്സായി പോകുന്നൊരു സ്ഥിതി പല സ്ഥലത്തു മുണ്ടെന്നുള്ളത് വസ്തുതയാണ്. അതൊരു യാഥാർത്ഥ്യമാണ്. കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ മാത്രമല്ല, കൊടുവള്ളി നിയോജകമണ്ഡലത്തിലുമുണ്ട്. അങ്ങ് എം.എൽ.എ. ആയിട്ടുള്ള കൊടുവള്ളി നിയോജകമണ്ഡലത്തിലെ, തുരങ്ക വിഷയവുമായി ബന്ധപ്പെട്ട്, പഴയ എം.എൽ.എ. അതിന് എതിരാണ്. അങ്ങ് പറയുന്നത് തെറ്റിദ്ധരിക്കപ്പെട്ടു എന്നുള്ള പ്രസ്താവന അവിടെ വന്നു എന്നതാണ്. അത് എല്ലായിടത്തുമുള്ളൊരു പ്രശ്നമാണ്. അങ്ങ് പറഞ്ഞ കോഴിക്കോട് സൗത്തിലെ

കാര്യം വളരെ നല്ല കഥയാണ്. അതായത്, ഒരു കുട്ടി പ്രസവിച്ചാൽ പ്രസവമെടുക്കുന്ന ഡോക്ടറല്ല കുട്ടിയുടെ ബാപ്പ, അത് കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ മാത്രമല്ല, കൊടുവള്ളി നിയോജകമണ്ഡലത്തിലും കേരളത്തിന്റെ എല്ലാ നിയോജക മണ്ഡലങ്ങളിലും ബാധകമാണ്. അതൊരു വസ്തുതയാണ്, അത് വളരെ ശരിയാണ്. കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ ഈ പ്രശ്നം ഞാൻ നേരിട്ട് എന്തുകൊണ്ടാണ് അങ്ങനെ വന്നതെന്ന് ചോദിച്ചപ്പോൾ മുൻ എം.എൽ.എ.-മാരെ വിളിക്കാത്തൊരു പ്രശ്നം അവിടെ പറഞ്ഞിരുന്നു. എന്തായാലും അങ്ങിവിടെ ഉന്നയിച്ച വിഷയം അതേ അർത്ഥത്തിൽത്തന്നെ ഉൾക്കൊണ്ട് പോകേണ്ട വിഷയമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ വന്ന വേറൊരു പ്രധാനപ്പെട്ട പ്രശ്നം, കരിപ്പൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് കോഴിക്കോട് എയർപോർട്ട് റോഡുകളെ അവഗണിക്കുന്നു എന്നുള്ളതാണ്. 2016-21 കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാർ കരിപ്പൂരുമായി ബന്ധപ്പെട്ട് റോഡുകളെ അവഗണിച്ചുവെന്നാണ് അവിടത്തെ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത്. കരിപ്പൂർ വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകളുമായി ബന്ധപ്പെട്ട് എയർപോർട്ട് അപ്രോച്ച് റോഡുകൾ, NH 966-ൽ നിന്നും വിമാനത്താവളത്തിലേക്കുള്ള രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള നാലുവരിപ്പാത അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് 11 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. SH 65 പരപ്പനങ്ങാടി - അരീക്കോട് റോഡിൽ ചെങ്ങാനി മുതൽ കൂട്ടാലുങ്കൽ വരെയുള്ള ഭാഗത്ത് ഉപരിതലം ബി.എം.&ബി.സി. ഓവർലേ ചെയ്ത് 2021 ഏപ്രിൽ മാസം പ്രവൃത്തി പൂർത്തീകരിച്ചു. ഇങ്ങനെ ഈ നിയോജക മണ്ഡലത്തിലെ എയർപോർട്ടുമായി ബന്ധപ്പെട്ട ഓരോ പ്രവൃത്തിയും 2016-21 ഭരണകാലത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഡീറ്റെയിൽസ് മുഴുവനും വായിക്കുന്നില്ല. അങ്ങനെ പ്രത്യേക അവഗണനയുടെ പ്രശ്നം ഇതുമായി ബന്ധപ്പെട്ട് ഇല്ലെന്നുള്ളതാണ് പൊതുവേ പറയാനുള്ളത്. ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ നമുക്ക് പരിശോധിച്ച് തീർച്ചയായും പരിഹരിച്ച് പോകേണ്ടതുണ്ട്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം കോഴിക്കോട് എയർപോർട്ട് ഒരു പ്രധാനപ്പെട്ട വിമാനത്താവളം തന്നെയാണ്. അതുമായി ബന്ധപ്പെട്ട കണക്ടിവിറ്റി ഒരു പ്രധാന പ്രശ്നം തന്നെയാണ്, ആ നിലയിൽത്തന്നെ അതിനെ കാണാം. പ്രീ-മൺസൂൺ പ്രവൃത്തികളുടെ പാച്ച് വർക്ക് പെട്ടെന്ന് ചെയ്യേണ്ടത് വളരെ ന്യായമായ കാര്യമാണ്. അതിന് ചില ടെക്നോളജിയുടെ സാധ്യതകൾ കൂടി മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഒരു പ്രത്യേക മെഷീൻ ഉപയോഗിച്ച് പെട്ടെന്നുതന്നെ പാച്ച് വർക്ക് ചെയ്യുന്ന രീതി ഒരു രാജ്യത്ത് ഞങ്ങൾ കണ്ടിരുന്നു. അതിനെക്കുറിച്ച് ഇപ്പോൾ അന്വേഷിക്കുന്നുണ്ട്.

എന്താണ് സ്ഥിതിയെന്ന് നോക്കിയശേഷം ചെയ്യാം. നിലവിൽ മഴ തുടങ്ങുന്നതിനു മുമ്പായി പ്രീ-മൺസൂൺ പ്രവൃത്തികളുടെ പാച്ച് വർക്ക് നടത്താൻ പ്രത്യേക നിർദ്ദേശം നേരത്തെ തന്നെ നൽകിയിട്ടുണ്ട്. അതിന്റെ വർക്ക് പലയിടത്തും നടന്നിട്ടുണ്ട്. മുൻമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ എൻ.എച്ച്.എ.ഐ.-യുടെ റോഡുകളുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. പാച്ച് വർക്ക് വരാൻ സാധ്യതയുള്ള സ്ഥലങ്ങൾ മനസ്സിലാക്കി മുൻകൂട്ടിത്തന്നെ അതിന്റെ ഇടപെടൽ നടത്തി റിപ്പോർട്ടും വാങ്ങിയിട്ടുണ്ട്. മഴ സമയത്തുണ്ടാകുന്ന ടാപ്പ്ഹോളുകൾ, ടാർ മിശ്രിതം, വെറ്റ് മിക്സ്, മെക്കാഡം എന്നിവയുൾപ്പെടുത്തി താൽക്കാലികമായി അതിന്റെ പ്രവർത്തനം നടത്തിവരുന്നുണ്ട്. മഴ സമയം കഴിഞ്ഞാൽ പെർമെനന്റായി. തീർച്ചയായും അതിന് മുൻകൂട്ടി SLTF (State Level Task Force) ശിപാർശ പ്രകാരം നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അനുമതി നൽകി വരുന്നുണ്ട്. അതുപോലെ 8 വരി പാതയെക്കുറിച്ച് ഇവിടെ ചർച്ചയിൽ വന്നിട്ടുണ്ട്. നമുക്ക് ഉണ്ടായേക്കാവുന്ന ട്രാഫിക്ക് വോള്യം പരിഗണിച്ച് ഡിസൈൻ നടത്തിയാണ് ഇപ്പോൾ റോഡിന്റെ വീതി നിശ്ചയിക്കുന്നത്. ആയതുപ്രകാരം ഭൂമിയേറ്റെടുത്ത് പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാം. കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റ് സംബന്ധിച്ച് മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്തില്ലെന്നുള്ള പരാതിയാണ് ഇവിടെ വന്നിട്ടുള്ളത്. ഈ പാതയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചശേഷം പരിശോധിച്ച് തുടർനടപടി സ്വീകരിക്കും. അത് പരിശോധിച്ചശേഷം എം.എൽ.എ.-മാരുടെ യോഗം വിളിക്കുന്നതടക്കമുള്ള കാര്യങ്ങളിലേക്ക് നീങ്ങാം. അതിലൊരു പ്രയാസവും വരുന്നില്ല. കൊടുവള്ളിയിൽ എല്ലാവരെയും വിളിച്ച് ചേർത്തുകൊണ്ട് അടിയന്തരമായി ഒരു യോഗം വിളിക്കാം. ഇപ്പോൾ രണ്ട് അഭിപ്രായം വന്നിട്ടുണ്ട്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതിന് പ്രാധാന്യം കൊടുക്കുന്നത് നിലവിലുള്ള എം.എൽ.എ.-മാരുടെ അഭിപ്രായംകൂടി കേട്ടുകൊണ്ടായിരിക്കും എന്നുള്ളതും ഇവിടെ സൂചിപ്പിക്കുന്നു. വയനാടുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ടൂറിസവുമായി ബന്ധപ്പെട്ടുകൂടി പറയേണ്ടതാണ്. വയനാട് ചുരം റോഡ് നവീകരണം മുൻ സർക്കാരിന്റെ ഭരണകാലത്ത് പൂർത്തിയായി. ഈ റോഡിന്റെ വീതികൂട്ടുന്നതിന് 33 കോടി രൂപ ചെലവഴിച്ച്, ബദൽ പാതാ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. തുരങ്കപാത നിർമ്മിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

പി.ഡബ്ല്യു.ഡി.യുമായി വന്നിട്ടുള്ള പ്രധാന വിഷയം അഴിമതിയുമായി ബന്ധപ്പെട്ടുള്ളതാണ്. തീർച്ചയായും അതൊരു പ്രധാന വിഷയമാണ്. നിലവിലുള്ള ഇന്റേണൽ വിജിലൻസ് സിസ്റ്റത്തെ എങ്ങനെ കുറേക്കൂടി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാമെന്നുള്ളത് സംബന്ധിച്ച് എല്ലാവരുടെയും അഭിപ്രായമാരാഞ്ഞ

തിനുശേഷം നടപ്പിലാക്കാനുള്ള ആലോചനയുണ്ട്. ബിൽ കരാറുകാർക്ക് മാറി കിട്ടാത്ത പ്രശ്നമുണ്ട്. അത് പ്രൈസ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് പറയാൻ ഉദ്ദേശിക്കുന്നു. പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനും ബില്ലുകൾ അംഗീകരിക്കുന്നതിനും നിലവിൽ പ്രൈസ് സോഫ്റ്റ്‌വെയർ ഉണ്ട്. ഈ മേഖലയിലെ അഴിമതി തടയുകയെന്ന ലക്ഷ്യം സോഫ്റ്റ്‌വെയറിലൂടെ സാധിക്കും. ബിൽ യഥാസമയം പൂർത്തിയാക്കാൻ കാലതാമസം വന്നത് പ്രൈസ് സോഫ്റ്റ്‌വെയർ പുനരുദ്ധാരണത്തിലെ ചില ന്യൂനതകൾ പരിഹരിക്കേണ്ടതിനാലാണ്. അത് ശരിയാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ എൻ.ഐ.സി.-യുമായി ചേർന്ന് യോഗം നടത്തിയിട്ടുണ്ട്. നിരന്തരമായി ഇത് മോണിറ്റർ ചെയ്യുന്നുണ്ട്. സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കാൻ ജില്ലാതലത്തിൽ വിജിലൻസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അഴിമതി വച്ചുപൊറുപ്പിക്കുകയില്ല, അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയമാണ്. 2016-2021-ൽ തുടർന്നതുപോലെ ആ നയം ഈ സർക്കാർ തുടർന്നും പി.ഡബ്ല്യു.ഡി.-യിൽ മുന്നോട്ട് കൊണ്ടുപോകും. ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നതിന് അനുകൂല സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ശക്തമായ മോണിറ്ററിംഗ് സംവിധാനം, മന്ത്രിയുടെ ഓഫീസിൽത്തന്നെ നേരിട്ട് ലഭ്യമാക്കുന്ന തരത്തിൽ നടത്തി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഞാൻ നേരത്തെ സൂചിപ്പിച്ച, പരിചയസമ്പന്നരായ ഒരുപാട് പേരുണ്ട്, നിലവിൽ മന്ത്രിസഭയിലുള്ളവരുടെ അഭിപ്രായം, 21 മുൻ മന്ത്രിമാർ, മുൻ മുഖ്യമന്ത്രി, മുൻ പ്രതിപക്ഷനേതാവ്, നിലവിലുള്ള പ്രതിപക്ഷനേതാവ് അങ്ങനെ എല്ലാവരുടേയും അഭിപ്രായങ്ങൾ കേൾക്കുന്നുണ്ട്. എല്ലാ എം.എൽ.എ.-മാരോടും എല്ലാ പ്രദേശങ്ങളോടും വകുപ്പ് എന്ന നിലയിൽ പൊതുവേ കാര്യങ്ങൾ ആലോചിച്ച് പോകാനാണുദ്ദേശിക്കുന്നത്. വളരെ പോസിറ്റീവായി നമുക്ക് സമീപനങ്ങളെടുത്ത് പോകാം. അതിൽ മറ്റ് താൽപ്പര്യങ്ങളോ, മറ്റ് രീതികളോ ഒന്നും അവലംബിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതിൽ നമുക്ക് ആശയപരമായും രാഷ്ട്രീയപരമായും പല അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള റോഡുകളുടെ വികസനം, കെട്ടിടങ്ങളുടെ വികസനം എന്നിവ സംബന്ധിച്ച് നമുക്ക് ഒരുമിച്ച് ചർച്ച ചെയ്ത് മുന്നോട്ടുപോകാം. 187 പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുണ്ട്. ഈ റസ്റ്റ് ഹൗസുകളുടെ സാധ്യതയ്ക്കനുസരിച്ച് സൗകര്യങ്ങളില്ലെന്ന് എനിക്കും നിങ്ങൾക്കും അറിയാവുന്ന കാര്യമാണ്. റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി പ്രവർത്തനം ആരംഭിച്ചുവെന്ന കാര്യം കൂടി നിങ്ങളെ അറിയിക്കുകയാണ്. ജനങ്ങൾക്ക് റസ്റ്റ് ഹൗസിൽ എത്തുവാൻ ഓൺലൈൻ ബുക്കിംഗ് സംവിധാനവും പരീക്ഷ എഴുതാൻ വരുന്നവർക്ക് ജില്ലാ കേന്ദ്രങ്ങളിൽ അതിന്റെ സൗകര്യവും ഏർപ്പെടുത്തും. ടൂറിസ്റ്റ് സ്പോട്ടുകളെ പ്രത്യേകം കാണുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ്

പൊതുമരാമത്ത് വകുപ്പ് മുന്നോട്ട് പോകാനുദ്ദേശിക്കുന്നത്. ടൂറിസവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ചില നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊക്കെ നേരിട്ട് പോകേണ്ടത് നേരിട്ട് പോകുകയും യോഗം നടത്തേണ്ടത് യോഗം നടത്തുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. വയനാടിന്റെ വിഷയം ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അത് പറയുമ്പോൾ വയനാട്ടിൽ ടൂറിസം വകുപ്പ് ചെയ്ത കാര്യങ്ങൾ കൂടി പറയേണ്ടതായിരുന്നു. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി. ജെ. ജോസഫ് ഇവിടെ ക്രൊയേഷ്യൻ ടൂറിസത്തിന്റെ കാര്യം പറഞ്ഞു. ക്രൊയേഷ്യൻ ടൂറിസത്തിൽ ഏറ്റവും വലിയ വിജയം അവിടത്തെ ഡെസ്റ്റിനേഷനുകളിൽ 100 ശതമാനം വാക്സിനേഷൻ ചെയ്തുവെന്നുള്ളതാണ്. ഇന്ത്യയുടെ കോവിഡ് കാലഘട്ടത്തിൽ ഒരു ഡെസ്റ്റിനേഷൻ നൂറ് ശതമാനവും വാക്സിനേറ്റ് ചെയ്യപ്പെട്ടത് വയനാട് ജില്ലയിലാണെന്നുള്ളത് ബഹുമാനപ്പെട്ട അംഗം പറയണമായിരുന്നുവെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതിന്റെ ഭാഗമായി എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും അതാത് ജില്ലയിലെ എം.എൽ.എ. മാരുടെയും യോഗം വിളിച്ചുചേർത്തു. ഇവിടെ ടൂറിസവുമായി ബന്ധപ്പെട്ട് പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾക്കൊണ്ട് മുന്നോട്ട് പോകാം. ടൂറിസവുമായി ബന്ധപ്പെട്ട് ഞാനൊരു കാര്യംകൂടി പറയാനുദ്ദേശിക്കുന്നു. അത് ട്രാവൽ ബബ്ൾ ആണ്. നിലവിൽ വാക്സിനേറ്റ് ചെയ്യപ്പെട്ട ടൂറിസ്റ്റുകൾക്ക് നേരിട്ട് ഡെസ്റ്റിനേഷനുകളിൽ വരുന്ന ഒരു രീതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗം പൊതുവെ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വാക്സിനേറ്റ് ചെയ്ത ടൂറിസ്റ്റുകൾക്ക് ഡെസ്റ്റിനേഷനുകളിൽ വരാനും ആ ഡെസ്റ്റിനേഷനുകളാകെ വാക്സിനേറ്റ് ചെയ്യപ്പെടുന്ന സ്ഥിതിയുണ്ടാകുമ്പോൾ കേരളത്തിന്റെ ടൂറിസം ഇതിന്റെ ഭാഗമായി, ഓപ്പൺ ചെയ്യുന്നതിന് തുല്യമായി ഈ ഓണക്കാലത്ത് മാറുമെന്നുള്ളതുകൂടി ഇവിടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട്, ഇതുമായി ബന്ധപ്പെട്ട് വന്ന എല്ലാ നിർദ്ദേശങ്ങളുമുൾക്കൊണ്ട് അംഗീകരിക്കേണ്ടവ അംഗീകരിച്ച് മുന്നോട്ട് പോകും. ഇതുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വലിയ വികസനരേഖ മുന്നോട്ട് വച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. ആ പ്രവർത്തനങ്ങളുമായി എല്ലാ വിഭാഗവും ഒന്നിച്ച് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ഏക മേജർ പോർട്ടായ കൊച്ചി തുറമുഖത്തിന്റെ നിയന്ത്രണവും പരിപാലനവും കേന്ദ്ര സർക്കാരിനാണ്. അതേ സമയം സംസ്ഥാനത്തെ 19 ചെറുകിട തുറമുഖങ്ങളുടെ നിയന്ത്രണവും പരിപാലനവുമാണ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇതിനുവേണ്ടി മുൻസർക്കാർ മാരിടൈം ബോർഡ് രൂപീകരിച്ച്

പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ഒരു പുതിയ സംരംഭമെന്ന നിലയിൽ കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനത്തിന് ചില സാങ്കേതിക തടസ്സങ്ങളുണ്ടായിരുന്നു. ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരികയാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെറുകിട തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ മേജർ തുറമുഖമായ കൊച്ചി തുറമുഖത്തിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേയ്ക്ക് ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കൊച്ചി തുറമുഖത്തിൽ സന്ദർശനം നടത്തുകയും പോർട്ട് ട്രസ്റ്റ് ചെയർപേഴ്സണുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേയ്ക്കുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് അവർ എല്ലാ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്ക് കണ്ടെയ്നർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതിന് ഉദ്യോഗസ്ഥ തലത്തിലും ബിസിനസ്സ് സമൂഹവുമായും ചർച്ചകൾ നടത്തി യിട്ടുണ്ട്. ഇത് കൊല്ലത്തേയ്ക്ക് നീട്ടാൻ ചർച്ച നടത്തിവരികയാണ്. ഈ മാസം അവസാനം കൊല്ലത്തും ചരക്ക് കപ്പൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കപ്പൽ ഗതാഗതം വികസിപ്പിക്കേണ്ടത് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ആവശ്യമാണ്. റോഡുവഴിയുള്ള ചരക്ക് ഗതാഗതം പരമാവധി കുറയ്ക്കാനും തദ്വാര സാമ്പത്തികവും പാരിസ്ഥിതികവുമായ നേട്ടങ്ങളുണ്ടാക്കുവാനും കഴിയും. ഇതിനുവേണ്ടി അഴീക്കൽ, ബേപ്പൂർ, കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു റോ-റോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിനാവശ്യമായ സഹായം നൽകാമെന്ന് കൊച്ചി തുറമുഖം വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പായാൽ സംസ്ഥാനത്തെ റോഡുകളിലെ തിരക്ക് ഗണ്യമായി കുറയ്ക്കാനാകും. സംസ്ഥാനത്ത് ക്രൂ ചേഞ്ചിംഗ് ആരംഭിച്ചിട്ട് ഒരുവർഷം കഴിഞ്ഞു. ലോകത്തിലെ വിവിധ ഷിപ്പിംഗ് ലൈനുകളിൽ ജോലിചെയ്യുന്ന നൂറുകണക്കിന് മലയാളികൾക്ക് ഈ സംവിധാനം ഉപകാരപ്രദമായിട്ടുണ്ട്.

മി. സ്പീക്കർ: മന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അംഗങ്ങൾ വ്യാപകമായി സഭയിൽ എഴുന്നേറ്റ് നടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം തുടർന്നോളൂ.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, പ്രധാനപ്പെട്ട ചെറുകിട തുറമുഖങ്ങൾക്ക് ISPS രജിസ്ട്രേഷൻ നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ അധികം വൈകാതെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുമെന്നാണ് കരുതുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ഒരു പോരായ്മയായി ഈ സർക്കാർ കാണുന്നു. എന്നാലിത്

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയല്ല. നമ്മളേർപ്പെട്ട കരാറനുസരിച്ച് നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് കരാർ കമ്പനിയായിരുന്നു. എന്നാൽ അവർക്കതിന് കഴിഞ്ഞില്ല. ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിവരികയാണ്. 19 ക്വാറികൾക്ക് അവർ അപേക്ഷ നൽകി യെങ്കിലും ഇതുവരെ പാരിസ്ഥിതികാനുമതി ലഭ്യമായത് 3 ക്വാറികൾക്ക് മാത്രമാണ്. ഈ വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും അയൽ സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കാൻ കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എത്രയുംവേഗം ഇതുസംബന്ധിച്ച നടപടി പൂർത്തീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അയൽ സംസ്ഥാന ങ്ങളിൽ നിന്നും പാറ കൊണ്ടുവരുന്നതിന് ചില തടസ്സങ്ങൾ ഇടക്കാലത്ത് രൂപപ്പെട്ടതായി ശ്രദ്ധയിൽപ്പെടുകയും അവ പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരികയുമാണ്. അഴീക്കലിൽ പുതിയ തുറമുഖം നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടുത്ത വർഷം ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ചലനാത്മകമാക്കുന്നതിന് ഈ വർഷം ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കൂടുതൽ തുക ആവശ്യമുണ്ടെങ്കിൽ മാരിടൈം ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ഒരു കാര്യം സൂചിപ്പിക്കുകയാണ്, വരുന്ന സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കാസർഗോഡ് ജില്ലയിൽ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു യൂണിറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. മുംബൈയുമായും മംഗലാപുരവുമായും വലിയതോതിൽ ബന്ധങ്ങളുള്ള ആളുകൾ ജീവിക്കുന്ന പ്രദേശമാണ് കാസർഗോഡ്. മർച്ചന്റ് നേവിയിൽ വർഷങ്ങളായി ജോലിചെയ്യുന്ന ധാരാളമാളുകൾ അവിടെയുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കാസർഗോഡ് ജില്ലയിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ തീരുമാനിച്ചതായി അങ്ങ് പറഞ്ഞു. കൊടുങ്ങല്ലൂരിലെ അഴീക്കോട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം പൂർത്തിയായെങ്കിലും പ്രവർത്തനക്ഷമ മായിട്ടില്ല.

മി. സ്പീക്കർ: രാവിലെ ഉപചോദ്യമായി ചോദിച്ചത് ഇതേ വിഷയമല്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇത് മറ്റൊരു ചോദ്യമാണ്. കൊല്ലം ജില്ലയിലെ മാരിടൈം അക്കാഡമി കഴിഞ്ഞ അഞ്ചുവർഷമായി പ്രവർത്തിക്കുന്നില്ല. കൊല്ലത്തും കൊടുങ്ങല്ലൂരിലും നിലവിലുള്ള മാരിടൈം അക്കാഡമിയും ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പുതിയ ഒരു ഇൻസ്റ്റിറ്റ്യൂട്ടുകൂടി തുടങ്ങുന്നത് അഭികാമ്യമാണോ; ഇവ പ്രവർത്തിപ്പിക്കാൻ സ്വീകരിക്കുന്ന നടപടി എന്തൊക്കെയാണ്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, നേരത്തെ മറുപടി പറഞ്ഞ കാര്യം തന്നെയാണ് വീണ്ടും ചോദിക്കുന്നത്. എങ്കിലും ഒന്നുകൂടി പറയാം. മന്ത്രിയെന്ന നിലയിൽ കൊല്ലം ജില്ലയിലെ നീണ്ടകരയിൽ സന്ദർശനം നടത്തുകയും നിലവിൽ അവിടെയുള്ള പ്രശ്നങ്ങൾ പരിശോധിക്കുകയും ചെയ്തിരുന്നു. നിർമ്മാണം ഏറ്റെടുത്ത കരാർ കമ്പനിയും ആർക്കിടെക്ടും തമ്മിൽ നിലനിൽക്കുന്ന കേസിൽ ഇപ്പോൾ കോടതി വിധിയായിട്ടുണ്ട്. അതിനുശേഷം തർക്കമുള്ള വിഭാഗങ്ങളെ ഒരുമിച്ചിരുത്തി ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രൊപ്പോസലുകൾ നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തനങ്ങൾക്കാവശ്യമായ പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ഈ വർഷം തന്നെ ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കി ഏറ്റവും നല്ല ഇൻസ്റ്റിറ്റ്യൂട്ടാക്കി പ്രവർത്തിപ്പിക്കാനുള്ള സംവിധാനങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. കാസർഗോഡ് ജില്ലയിൽനിന്നുള്ള എം.എൽ.എ.-മാരുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം ഹാർബറുകൾ പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധാരാളമാളുകളുള്ള പ്രദേശങ്ങളാണ്. അതുകൊണ്ടുതന്നെ അവർക്ക് ഈ മേഖലയിൽ പ്രാവീണ്യം നേടാനുള്ള കോഴ്സുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പലഭാഗത്തുനിന്നും വന്നതിന്റെ അടിസ്ഥാനത്തിലാണ്, പലപ്പോഴും അവഗണിക്കപ്പെട്ടുവെന്ന് നമ്മൾ പറയുന്ന കാസർഗോഡ് ഇത്തരമൊരു സ്ഥാപനം തുടങ്ങാനുള്ള തീരുമാനമെടുത്തത്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് ഇപ്പോഴും സർക്കാരിന് വ്യക്തതയില്ല. വിഴിഞ്ഞം തുറമുഖം ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ റെയിൽ കണക്ടിവിറ്റികൂടി യാഥാർത്ഥ്യമാകണം. റെയിൽവേ ലൈനിന്റെ ഡി.പി.ആർ. ആയോ; ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുവരെയായി; പോർട്ട് ഉദ്ഘാടനം ചെയ്യുന്നതിന് അത്യാവശ്യമായ റെയിൽ കണക്ടിവിറ്റിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, എല്ലാ ചോദ്യങ്ങൾക്കും വഴങ്ങി ക്കൊടുത്താൽ സമയം വളരെ വൈകും.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ചോദ്യങ്ങൾക്കുള്ള മറുപടി നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, കെ. ബാബു (തൃപ്പൂണിത്തുറ), കുറുക്കോളി മൊയ്തീൻ, പി. കെ. ബഷീർ, സജീവ് ജോസഫ്, സി. ആർ. മഹേഷ്, സനീഷ് കുമാർ ജോസഫ്, കെ. പി. എ. മജീദ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ്, നജീബ് കാന്തപുരം, പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ,

ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, ടി. സിദ്ദിഖ്, എ. പി. അനിൽ കുമാർ, റോജി എം. ജോൺ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ.എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. പി. ബാലചന്ദ്രൻ
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദെലീമ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. ലിന്റോ ജോസഫ്

33. ശ്രീ. ടി. ഐ. മധുസൂദനൻ
34. ശ്രീ. പി. മമ്മിക്കുട്ടി
35. ശ്രീ. എം. എം. മണി
36. ശ്രീ. മാത്യു ടി. തോമസ്
37. ശ്രീ. കെ. ജെ. മാക്സി
38. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
39. ശ്രീ. കെ. പി. മോഹനൻ
40. ശ്രീ. എ. സി. മൊയ്തീൻ
41. ശ്രീ. മുഹമ്മദ് മുഹസിൻ
42. ശ്രീ. എം. മുകേഷ്
43. ശ്രീ. സി. സി. മുകുന്ദൻ
44. ശ്രീ. ഡി. കെ. മുരളി
45. ശ്രീ. മുരളി പെരുനെല്ലി
46. ശ്രീ. പി. നന്ദകുമാർ
47. ശ്രീ. എം. നൗഷാദ്
48. ശ്രീ. എ. പ്രഭാകരൻ
49. ശ്രീ. പ്രമോദ് നാരായൺ
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. വി. കെ. പ്രശാന്ത്
52. ശ്രീ. കെ. ഡി. പ്രസേനൻ
53. ശ്രീമതി യു. പ്രതിഭ
54. ശ്രീ. കെ. പ്രേംകുമാർ
55. ശ്രീ. കെ. രാധാകൃഷ്ണൻ
56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ
58. ശ്രീ. എം. രാജഗോപാലൻ
59. ശ്രീ. കെ. രാജൻ
60. ശ്രീ. പി. രാജീവ്
61. ശ്രീ. കെ. കെ. രാമചന്ദ്രൻ
62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
63. ശ്രീ. ടി. പി. രാമകൃഷ്ണൻ
64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
65. ശ്രീ. റോഷി അഗസ്റ്റിൻ
66. ശ്രീ. കെ. എം. സച്ചിൻദേവ്
67. ശ്രീ. സജി ചെറിയാൻ
68. ശ്രീ. എച്ച്. സലാം
69. ശ്രീമതി ശാന്തകുമാരി കെ.
70. ശ്രീ. വി. ശശി
71. ശ്രീ. ഐ. ബി. സതീഷ്
72. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. എ. എൻ. ഷംസീർ
75. ശ്രീ. വി. ശിവൻകുട്ടി
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്

81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
86. ശ്രീ. വി. എൻ. വാസവൻ
87. ശ്രീമതി വീണാ ജോർജ്ജ്
88. ശ്രീ. ഇ. കെ. വിജയൻ
89. ശ്രീ. പിണറായി വിജയൻ
90. ശ്രീ. എം. വിജിൻ
91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി.അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്

13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. സി. ആർ. മഹേഷ്
15. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. വിൻസെന്റ്
36. ശ്രീ. ടി. ജെ. വിനോദ്
37. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 91

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, റോജി എം. ജോൺ, അനൂപ് ജേക്കബ്, എൻ. എ. നെല്ലിക്കുന്ന്, കെ. പി. എ. മജീദ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പി. കെ. ബഷീർ, പി. ഉബൈദുള്ള, കെ. ബാബു (തൃപ്പൂണിത്തുറ), സി. ആർ. മഹേഷ്, സനീഷ് കുമാർ ജോസഫ്, ശ്രീ. സജീവ് ജോസഫ്, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ.എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. പി. ബാലചന്ദ്രൻ
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദെലീമ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ

24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. ലിന്റോ ജോസഫ്
33. ശ്രീ. ടി. ഐ. മധുസൂദനൻ
34. ശ്രീ. പി. മമ്മിക്കുട്ടി
35. ശ്രീ. എം. എം. മണി
36. ശ്രീ. മാത്യു ടി. തോമസ്
37. ശ്രീ. കെ. ജെ. മാക്സി
38. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
39. ശ്രീ. കെ. പി. മോഹനൻ
40. ശ്രീ. എ. സി. മൊയ്തീൻ
41. ശ്രീ. മുഹമ്മദ് മുഹസിൻ
42. ശ്രീ. എം. മുകേഷ്
43. ശ്രീ. സി. സി. മുകുന്ദൻ
44. ശ്രീ. ഡി. കെ. മുരളി
45. ശ്രീ. മുരളി പെരുനെല്ലി
46. ശ്രീ. പി. നന്ദകുമാർ
47. ശ്രീ. എം. നൗഷാദ്

48. ശ്രീ. എ. പ്രഭാകരൻ
49. ശ്രീ. പ്രമോദ് നാരായൺ
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. വി. കെ. പ്രശാന്ത്
52. ശ്രീ. കെ. ഡി. പ്രസേനൻ
53. ശ്രീമതി യു. പ്രതിഭ
54. ശ്രീ. കെ. പ്രേംകുമാർ
55. ശ്രീ. കെ. രാധാകൃഷ്ണൻ
56. ശ്രീ. പി. ടി. എ. റഹീം
57. ശ്രീ. എ. രാജ
58. ശ്രീ. എം. രാജഗോപാലൻ
59. ശ്രീ. കെ. രാജൻ
60. ശ്രീ. പി. രാജീവ്
61. ശ്രീ. കെ. കെ. രാമചന്ദ്രൻ
62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
63. ശ്രീ. ടി. പി. രാമകൃഷ്ണൻ
64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
65. ശ്രീ. റോഷി അഗസ്റ്റിൻ
66. ശ്രീ. കെ. എം. സച്ചിൻദേവ്
67. ശ്രീ. സജി ചെറിയാൻ
68. ശ്രീ. എച്ച്. സലാം
69. ശ്രീമതി ശാന്തകുമാരി കെ.
70. ശ്രീ. വി. ശശി
71. ശ്രീ. ഐ. ബി. സതീഷ്

72. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. എ. എൻ. ഷംസീർ
75. ശ്രീ. വി. ശിവൻകുട്ടി
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
86. ശ്രീ. വി. എൻ. വാസവൻ
87. ശ്രീമതി വീണാ ജോർജ്ജ്
88. ശ്രീ. ഇ. കെ. വിജയൻ
89. ശ്രീ. പിണറായി വിജയൻ
90. ശ്രീ. എം. വിജിൻ
91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. സി. ആർ. മഹേഷ്
15. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. സനീഷ്കുമാർ ജോസഫ്

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. ഷാഫി പറമ്പിൽ

32. ശ്രീ. ടി. സിദ്ദിഖ്

33. ശ്രീ. സണ്ണി ജോസഫ്

34. ശ്രീ. പി. ഉബൈദുള്ള

35. ശ്രീ. എം. വിൻസെന്റ്

36. ശ്രീ. ടി. ജെ. വിനോദ്

37. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 91

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, മഞ്ഞളാംകുഴി അലി, നജീബ് കാന്തപുരം, പി.അബ്ദുൽ ഹമീദ്, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, പി. കെ. ബഷീർ, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, ടി. സിദ്ദിഖ്, കെ. പി. എ. മജീദ്, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, അനൂപ് ജേക്കബ്, സജീവ് ജോസഫ്, റോജി എം. ജോൺ, സനീഷ് കുമാർ ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. പി. ബാലചന്ദ്രൻ
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ

16. ശ്രീമതി ദെലീമ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. ലിന്റോ ജോസഫ്
33. ശ്രീ. ടി. ഐ. മധുസൂദനൻ
34. ശ്രീ. പി. മമ്മിക്കുട്ടി
35. ശ്രീ. എം. എം. മണി
36. ശ്രീ. മാത്യു ടി. തോമസ്
37. ശ്രീ. കെ. ജെ. മാക്സി
38. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
39. ശ്രീ. കെ. പി. മോഹനൻ

40. ശ്രീ. എ. സി. മൊയ്തീൻ

41. ശ്രീ. മുഹമ്മദ് മുഹസിൻ

42. ശ്രീ. എം. മുകേഷ്

43. ശ്രീ. സി. സി. മുകുന്ദൻ

44. ശ്രീ. ഡി. കെ. മുരളി

45. ശ്രീ. മുരളി പെരുനെല്ലി

46. ശ്രീ. പി. നന്ദകുമാർ

47. ശ്രീ. എം. നൗഷാദ്

48. ശ്രീ. എ. പ്രഭാകരൻ

49. ശ്രീ. പ്രമോദ് നാരായൺ

50. ശ്രീ. പി. പ്രസാദ്

51. ശ്രീ. വി. കെ. പ്രശാന്ത്

52. ശ്രീ. കെ. ഡി. പ്രസേനൻ

53. ശ്രീമതി യു. പ്രതിഭ

54. ശ്രീ. കെ. പ്രേംകുമാർ

55. ശ്രീ. കെ. രാധാകൃഷ്ണൻ

56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ

58. ശ്രീ. എം. രാജഗോപാലൻ

59. ശ്രീ. കെ. രാജൻ

60. ശ്രീ. പി. രാജീവ്

61. ശ്രീ. കെ. കെ. രാമചന്ദ്രൻ

62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

63. ശ്രീ. ടി. പി. രാമകൃഷ്ണൻ

64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
65. ശ്രീ. റോഷി അഗസ്റ്റിൻ
66. ശ്രീ. കെ. എം. സച്ചിൻദേവ്
67. ശ്രീ. സജി ചെറിയാൻ
68. ശ്രീ. എച്ച്. സലാം
69. ശ്രീമതി ശാന്തകുമാരി കെ.
70. ശ്രീ. വി. ശശി
71. ശ്രീ. ഐ. ബി. സതീഷ്
72. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
73. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
74. ശ്രീ. എ. എൻ. ഷംസീർ
75. ശ്രീ. വി. ശിവൻകുട്ടി
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ശ്രീ. ജി. സ്റ്റീഫൻ
78. ഡോ. സുജിത് വിജയൻപിള്ള
79. ശ്രീ. കെ. വി. സുമേഷ്
80. ശ്രീ. പി. പി. സുമോദ്
81. ശ്രീ. വി. ആർ. സുനിൽ കുമാർ
82. ശ്രീ. പി. എസ്. സുപാൽ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
86. ശ്രീ. വി. എൻ. വാസവൻ
87. ശ്രീമതി വീണാ ജോർജ്ജ്
88. ശ്രീ. ഇ. കെ. വിജയൻ

89. ശ്രീ. പിണറായി വിജയൻ

90. ശ്രീ. എം. വിജിൻ

91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. സി. ആർ. മഹേഷ്
15. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. വിൻസെന്റ്
36. ശ്രീ. ടി. ജെ. വിനോദ്
37. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 91

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ് .

(2021 ആഗസ്റ്റ് മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.01-ന് പിരിഞ്ഞു.)